# كنز الأطفال

# കൻസുൽ അത്യ്ഫാൽ

# كنز الأطفال

ألفية ميسرة في تعليم الأطفال على طريقة السؤال والجواب

# കൻസുൽ അത്വ്ഫാൽ

ചോദ്യോത്തര മാർഗത്തിൽ കുട്ടികൾക്ക് ഇസ്ലാമിക
വിജ്ഞാനം നൽകുന്നതിനുള്ള ലളിതമാക്കപ്പെട്ട അൽഫിയ്യ

**ഡോക്ടർ ഫൈസൽ ബ്നു മിസ്ഫിർ ബ്നി മഅ്‌വദ് അസ്സിനാമീ അൽ വാദിഈ** حفظه الله

വിവർത്തനം:
അബൂ അബ്ദിറഹ്മാൻ അബ്ദുല്ലാഹ് غفر الله له و هدى والديه

# വിവർത്തകന്റെ കുറിപ്പ്

بسم الله الرحمن الرحيم

الحمد لله الذي أعزنا بالإسلام فمهما ابتغينا العزة بغيره أذلنا الله، وأشهد أن لا إله إلا الله وحده لا شريك له في ربوبيته وألوهيته وأسمائه وصفاته ولا نعبد إلا إياه، وأشهد أن محمدًا عبده ورسوله ومصطفاه، صلى الله وعلى آله وأصحابه ومن والاه وسلم تسليمًا كثيرًا. أما بعد:

ഇസ്ലാമിനും സുന്നത്തിനും ശേഷം ത്വലബുൽ ഇൽമ് എന്ന ഏറ്റവും വലിയ അനുഗ്രഹത്തിന് തൗഫീഖ് നൽകുമാറാകിയ അല്ലാഹുവിന്നാകുന്നു സർവ്വ സ്തുതിയും, ഡോക്ടർ ഫൈസൽ ബ്നു മിസ്ഫിർ ബ്നി മഅ്‌വദ് حفظه الله -യുടെ ഈ അൽഫിയ്യയിലെ ചില ചോദ്യോത്തരങ്ങൾക്ക് മനസ്സിലാക്കാൻ എളുപ്പത്തിനായി ആശയവിവർത്തനമാണ് അവലംബിച്ചിട്ടുള്ളത്*, വിവർത്തനം പരിശോധിച്ച അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതന്മാരുടെ നസ്വീഹത്തിൽ പ്രബോധനം ചെയ്യുന്നതും ഇസ്ലാമിക വിജ്ഞാനം തേടുന്നതുമായ ഇന്ത്യയിലും യമനിലുമുള്ള സഹോദരന്മാർക്ക് وفقهم الله ഞാൻ നന്ദി അറിയിച്ചുകൊള്ളുന്നു.

وفق الله الجميع لمرضاته

---

*إن شاء الله تعالى തിരുത്തേണ്ടതായി വല്ലതും ശ്രദ്ധയിൽ പെട്ടാൽ നസ്വീഹത്തോടെ ഉണർത്തുമെന്ന് പ്രതീക്ഷിക്കുന്നു.

# ഉള്ളടക്കം


| | |
|---|---|
| كتاب التوحيد والعقيدة [1]<br>**അഖീദയുടെയും തൗഹീദിന്റെയും പുസ്തകം** | **1** |
| (I) باب الإيمان و مراتب الدين<br>ഈമാനിന്റെയും ദീനിന്റെ തലങ്ങളുടെയും അദ്ധ്യായം | **2** |
| (II) فصل الإيمان بالله<br>അല്ലാഹുവിലുള്ള ഈമാനിന്റെ അദ്ധ്യായം | **14** |
| (III) فصل الإيمان بالملائك<br>മലക്കുകളിലുള്ള ഈമാനിന്റെ അദ്ധ്യായം | **55** |
| (IV) فصل الإيمان بالكتب<br>കിതാബുകളിൽ (വേദ ഗ്രന്ഥങ്ങളിൽ) ഉള്ള ഈമാനിന്റെ അദ്ധ്യായം | **80** |
| (V) فصل الإيمان بالرسل<br>റസൂലുകളിലുള്ള ഈമാനിന്റെ അദ്ധ്യായം | **85** |
| (VI) فصل الإيمان باليوم الآخر<br>അന്ത്യനാളിലുള്ള ഈമാനിന്റെ അദ്ധ്യായം | **126** |
| (VII) فصل الإيمان بالقدر<br>ഖദറിലുള്ള ഈമാനിന്റെ അദ്ധ്യായം | **170** |

[2] كتاب السيرة
**ജീവചരിത്രത്തിന്റെ പുസ്തകം** 178

(I) ذكر ما يتعلق بنبينا ﷺ
നമ്മുടെ നബിയെ ﷺ സംബന്ധിച്ചുള്ള പരാമർശം 179

(II) باب الصحابة
സ്വഹാബിമാരുടെ അദ്ധ്യായം 206

(III) باب الغزوات
യുദ്ധങ്ങളുടെ അദ്ധ്യായം 268

[3] كتاب القرآن وعلومه
**ഖുർആനിന്റെയും അതുമായി ബന്ധപ്പെട്ട അറിവുകളുടെയും പുസ്തകം** 288

(I) القرآنُ و علومه
ഖുർആനും അതുമായി ബന്ധപ്പെട്ട അറിവുകളും 289

(II) باب التفسير
തഫ്സീറിന്റെ അദ്ധ്യായം 319

(III) باب التجويد
തജ്‌വീദിന്റെ അദ്ധ്യായം 330

[4] كتاب اللغة العربية
(ചുരുക്ക രൂപത്തിലുള്ള) അറബി ഭാഷയുടെ പുസ്തകം 341

(I) كتاب اللغة العربية
(ചുരുക്ക രൂപത്തിലുള്ള) അറബി ഭാഷയുടെ പുസ്തകം 342

[5] كتاب الفقه
ഫിഖ്ഹിന്റെ പുസ്തകം 355

(I) باب الطهارة
ശുദ്ധിയുടെ അദ്ധ്യായം 356

(II) باب الصلاة
നിസ്കാരത്തിന്റെ അദ്ധ്യായം 367

(III) باب الزكاة
സകാത്തിന്റെ അദ്ധ്യായം 435

(IV) باب الصيام
നോമ്പിന്റെ അദ്ധ്യായം 444

(V) باب الحج
ഹജ്ജിന്റെ അദ്ധ്യായം 454

(VI) باب متفرقات في الفقه
ഫിഖ്ഹിലെ (കർമ്മശാസ്ത്രത്തിലെ) വ്യത്യസ്തമായ (വിഷയങ്ങളുടെ) അദ്ധ്യായം 474

[6] كتاب معلومات متفرقة
**വ്യത്യസ്തമായ വിജ്ഞാനങ്ങളുടെ പുസ്തകം** **484**

(I) معلومات متفرقة
വ്യത്യസ്തമായ വിജ്ഞാനങ്ങൾ **485**

(II) كتب و مؤلفات و علماء ورجال
കിതാബുകളും ഗ്രന്ഥങ്ങളും പണ്ഡിതന്മാരും നിവേദകരും **530**

(III) باب أقوال السلف
സലഫുകളുടെ (പൂർവ്വികരുടെ) ഉദ്ധരണികളുടെ അദ്ധ്യായം **548**

[7] كتاب الآداب
**നല്ല മര്യാദകളുടെ പുസ്തകം** **555**

(I) باب العلم
വിജ്ഞാനത്തിന്റെ അദ്ധ്യായം **556**

(II) باب عمل المسلم في اليوم والليلة
ഒരു ദിവസത്തിലെയും രാത്രയിലെയും (അനുഷ്ഠിക്കപ്പെടുന്ന) ഒരു മുസ്ലിമിന്റെ കർമ്മങ്ങളുടെ അദ്ധ്യായം **563**

# [1] كتاب التوحيد والعقيدة

# അഖീദയുടെയും തൗഹീദിന്റെയും പുസ്തകം

# باب الإيمان و مراتب الدين

# (1) ഈമാനിന്റെയും ദീനിന്റെ തലങ്ങളുടെയും അദ്ധ്യായം

١ .ما هي مراتب الدين؟

1) എന്തൊക്കെയാണ് ദീനിന്റെ തലങ്ങൾ?

الجواب :

ثلاثة :

❖ الإسلام.

❖ والإيمان.

❖ والإحسان.

ഉത്തരം :

ദീനിന്റെ തലങ്ങൾ മൂന്നാകുന്നു

❖ അൽ ഇസ്ലാം.

❖ അൽ ഈമാൻ .

❖ അൽ ഇഹ്സാൻ.



٢. ما هي الأربع المسائل التي يجب علينا تعلمها ؟

2) എന്തൊക്കെയാണ് നമ്മുടെ മേൽ പഠിക്കൽ നിർബന്ധമായ നാല് വിഷയങ്ങൾ?

الجواب:

الأولى: العلم، والثانية: العمل به، والثالثة: الدعوة إليه، والرابعة: الصبر على الأذى فيه .

ഉത്തരം:

(അവയിൽ)

ആദ്യത്തേത്: (ദീനിനെ സംബന്ധിച്ചുള്ള) അറിവ്, രണ്ടാമത്തേത്: ആ അറിവ് മുഖേനയുള്ള പ്രവർത്തനം, മൂന്നാമത്തേത്: അതിലേക്കുള്ള (ദീനിലേക്കുള്ള) ദഅ്വത്ത്, നാലാമത്തേത്: ആ ദഅ്വത്തിലുള്ള പ്രായാസങ്ങൾക്കുമേൽ ക്ഷമ കൈകൊള്ളൽ.



٣ .ما هي الأصول الثلاثة التي يجب على المسلم معرفتها ؟

3) ഒരു മുസ്ലിം നിർബന്ധമായും അറിഞ്ഞിരിക്കേണ്ട മൂന്നു അടിസ്ഥാനങ്ങൾ എന്തൊക്കെയാണ്?

الجواب:

معرفة الله ، ومعرفة نبيّه، ومعرفة دين الإسلام، وهي الأسئلة الثلاثة التي يُسأل عنها الإنسان في قبره .

ഉത്തരം:

അവ, അല്ലാഹുവിനെ കുറിച്ചുള്ള അറിവും അവന്റെ നബിയെ കുറിച്ചുള്ള അറിവും ദീനുൽ ഇസ്ലാം – നെ കുറിച്ചുള്ള അറിവുമാകുന്നു, അവ ഒരു മനുഷ്യൻ അവന്റെ ഖബറിൽ ചോദിക്കപ്പെടുന്ന മൂന്നു ചോദ്യങ്ങളാകുന്നു.

٤ .من ربك؟

4) നിന്റെ റബ്ബ് ആരാണ്?

الجواب:

ربّي الله .

ഉത്തരം:

എന്റെ റബ്ബ് അല്ലാഹുവാകുന്നു.



٥ .من نبيّك؟

5) നിന്റെ നബി ആരാണ്?

الجواب:

نبيّي محمد ﷺ.

ഉത്തരം:

എന്റെ നബി മുഹമ്മദാകുന്നു ﷺ.

٦ .ما دينك؟

6) നിന്റെ ദീൻ എന്താണ്?

الجواب:

ديني الإسلام.

ഉത്തരം:

എന്റെ ദീൻ ഇസ്ലാമാകുന്നു.

٧ .من خلقك؟

7) നിന്നെ സൃഷ്ടിച്ചത് ആരാണ്?

الجواب:

الله خلقني وخلق جميع المخلوقات.

ഉത്തരം:

അല്ലാഹുവാകുന്നു എന്നെയും സർവ്വ പടപ്പുകളെയും സൃഷ്ടിച്ചത്.

٨ .لماذا خلقنا الله؟

8) എന്തിനാണ് അല്ലാഹു നമ്മെ സൃഷ്ടിച്ചത്?

الجواب:

خلقنا لعبادته.

ഉത്തരം:

അവന് ഇബാദത്ത് ചെയ്യുവാൻ വേണ്ടിയാണ് അവൻ നമ്മെ സൃഷ്ടിച്ചത്.

٩ .ما هي العبادة ؟

9) ഇബാദത്ത് എന്നാൽ എന്താണ്?

الجواب:

اسم جامع لكلّ ما يحبّه الله ويرضاه من: الأقوال، والأعمال الظاهرة والباطنة.

ഉത്തരം:

അല്ലാഹു ഇഷ്ട്ടപ്പെടുന്നതും തൃപ്തിപ്പെടുന്നതുമായ ബാഹ്യവും ആന്തരികവുമായ എല്ലാ വാക്കുകളും പ്രവർത്തികളും ഉൾക്കൊള്ളുന്ന ഒരു നാമമാകുന്നു ഇബാദത്ത്.



١٠ .ما هو الإسلام ؟

10) ഇസ്ലാം എന്നാൽ എന്താണ്?

الجواب:

هو: الاستسلام لله بـالتوحيد، والانقياد له بـالطاعة، والخلوص، والبراءة من الشرك، وأهله.

ഉത്തരം:

അല്ലാഹുവിന് തൗഹീദുകൊണ്ട് സമർപ്പിക്കലും അനുസരണകൊണ്ട് അവന് കീഴൊതുങ്ങലും ശിർക്കിൽ നിന്നും അതിന്റെ ആളുകളിൽ നിന്നുമുള്ള (സ്വയം) മുക്തമാകലും ബന്ധ വിച്ഛേദനവുമാകുന്നു ഇസ്ലാം.

١١ .كم أركان الإسلام ؟

11) ഇസ്ലാമിന്റെ റുക്നുകൾ (സ്തംഭങ്ങൾ) എത്രയാണ്?

الجواب:

خمسة، هي :

- شهادة أن لا اله إلا لله ، وأن محمدًا رسول الله
- وإقام الصلاة.
- وإيتاء الزكاة .
- وصوم رمضان .
- وحج البيت لمن استطاع إليه سبيلًا .



ഉത്തരം:

ഇസ്ലാമിന്റെ സ്തംഭങ്ങൾ അഞ്ചാകുന്നു, അവ:

- ❖ യഥാർത്ഥത്തിൽ ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദ് ﷺ അവന്റെ റസൂലാണെന്നും സാക്ഷ്യം വഹിക്കൽ.
- ❖ നിസ്കാരം നിർവ്വഹിക്കൽ.
- ❖ സക്കാത്ത് കൊടുക്കൽ.
- ❖ റമദാനിൽ നോമ്പനുഷ്ഠിക്കൽ.
- ❖ കഴിവുള്ളവർ ഹജ്ജ് നിർവ്വഹിക്കൽ.

١٢ .ما هو الدين الذي لا يقبل الله غيره ؟

12) അതിനു പുറമേയുള്ളവ അല്ലാഹു സ്വീകരിക്കാത്ത (അവൻ സ്വീകരിക്കുന്ന ഒരേയൊരു) ദീൻ ഏതാണ്?

الجواب:

هو: الإسلام

ഉത്തരം: അത് ഇസ്ലാം ആകുന്നു.

١٣ .على أي ملة يولد المولود؟

13) ഏതു മില്ലത്തിലായാണ് (മതത്തിലായാണ്) ഒരു കുട്ടി പിറക്കപ്പെടുക?

الجواب:

على ملة الإسلام.

ഉത്തരം:

ഇസ്ലാം മില്ലത്തിലായി.

١٤ .اذكر أربعًا من ملل الكفر ؟

14) കുഫ്റിന്റെ മില്ലത്തുകളിൽ നിന്നും നാലെണ്ണം പരാമർശിക്കുക?

الجواب:

اليهودية – النصرانية – الصابئة – المجوسية.

ഉത്തരം:

അൽയഹൂദിയ്യ – അന്നസ്റാണിയ്യ –അസ്സ്വാബിഅ – അൽമജൂസിയ്യ.

١٥ .هل اليهود والنصارى راضون عن المسلمين ؟

15) യഹൂദികളും നസ്റാണികളും മുസ്ലീങ്ങളെ തൊട്ട് തൃപ്തിപ്പെടുന്നവരാണോ?

الجواب :

لا، قَالَ تَعالَى: ﴿وَلَنْ تَرْضَىٰ عَنْكَ الْيَهُودُ وَلَا النَّصَارَىٰ حَتَّىٰ تَتَّبِعَ مِلَّتَهُمْ ۗ قُلْ إِنَّ هُدَى اللَّهِ هُوَ الْهُدَىٰ ۗ﴾ [البقرة: ١٢٠]

ഉത്തരം: അല്ല,

അല്ലാഹു تعالى പറഞ്ഞു:

{യഹൂദർക്കോ നസ്റാണികൾക്കോ ഒരിക്കലും നിന്നെപ്പറ്റി തൃപ്തിവരികയില്ല; നീ അവരുടെ മില്ലത്ത് പിൻപറ്റുന്നത് വരെ. പറയുക: അല്ലാഹുവിന്റെ മാർഗദർശനമാണ് യഥാർത്ഥ മാർഗദർശനം.} [അൽ ബഖറ: 12]



١٦ .من هم شر البرية، ومن هم خير البرية ؟

16) സൃഷ്ടികളിൽ ഏറ്റവും മോശപ്പെട്ടവർ ആരാണ്? , സൃഷ്ടികളിൽ ഏറ്റവും ഉത്തമർ ആരാണ്?

الجواب:

شر البرية الكفار، وخير البرية المؤمنون.

ഉത്തരം:

സൃഷ്ടികളിൽ ഏറ്റവും മോശപ്പെട്ടവർ കാഫിറുകളാകുന്നു, സൃഷ്ടികളിൽ ഏറ്റവും ഉത്തമർ മുഅ്മിനുകളാകുന്നു.

١٧ .هل الكافر يعيش في حياة طيبة؟

17) ഒരു കാഫിർ നല്ലൊരു ജീവിതം നയിക്കുന്നവനാണോ?

الجواب:

لا.

ഉത്തരം:

അല്ല.

١٨ .من هم أهل الكتاب ؟

18) ആരാണ് അഹ്ലുൽ കിതാബ്?

الجواب:

هم اليهود، والنصارى.

ഉത്തരം:

അവർ യഹൂദികളും നസ്റാണികളുമാകുന്നു.

١٩ .هل دين الإسلام كامل أم يحتاج إلى تكميل ؟

19) ദീനുൽ ഇസ്ലാം പൂർണ്ണമാണോ അതോ പൂർത്തീകരണത്തിന്റെ ആവശ്യമുണ്ടോ അതിന്?

الجواب:

دين الإسلام كامل.

ഉത്തരം:

ദീനുൽ ഇസ്ലാം പൂർണ്ണമാണ്.

٢٠ .من أين يأخذ المسلم دينه ؟

20) ഒരു മുസ്ലിം എവിടെ നിന്നാണ് അവന്റെ ദീൻ അവലംബിക്കുക?

الجواب:

من الكتاب والسنة.

ഉത്തരം:

അല്ലാഹുവിന്റെ കിതാബിൽ നിന്നും നബിയുടെ ﷺ സുന്നത്തിൽ നിന്നും.

٢١ .ما عقيدتك؟

21) എന്താണ് നിന്റെ അഖീദ?

الجواب:

سني سلفي.

ഉത്തരം:

സുന്നീ സലഫീ അഖീദയാണെന്റേത്.

٢٢ .ما هي الجاهلية ؟

22) ജാഹിലിയ്യത്ത് എന്നാൽ എന്താണ്?

الجواب:

هي كل ما خالف الكتاب والسنة.

ഉത്തരം:

അല്ലാഹുവിന്റെ കിതാബിനും നബിയുടെ صلى الله عليه وسلم സുന്നതിനും വിയോജിച്ച സർവ്വതും ജാഹിലിയ്യത്താകുന്നു.

٢٣ .ما أول عروة من عرى الإسلام تنقض؟ وما آخرهن؟

23) ഇസ്ലാമിന്റെ കയറുകളിൽ ആദ്യം ബലമറ്റുപോകപ്പെടുക (ക്ഷയിച്ചു പോകപ്പെടുക) ഏതാണ്? അവയിലെ അവസാനത്തേത് ഏതാണ്?

الجواب:

أولهن نقضا الحكم، وآخرهن نقضًا الصلاة.

ഉത്തരം:

ബലമറ്റുപോകുന്ന (ബലമറ്റുപോകപ്പെടുന്ന) അവയിലെ ആദ്യത്തേത് (അല്ലാഹുവിന്റെ നിയമമനുസരിച്ചുള്ള) വിധികൽപ്പിക്കലാകുന്നു അവയിലെ അവസാനത്തേത് നിസ്കാരവും.



٢٤ .ما هو الإحسان ؟

24) ഇഹ്സാൻ എന്നാൽ എന്താണ്?

الجواب:

أن تعبد الله كأنك تراه، فإن لم تكن تراه، فإنه يراك.

ഉത്തരം:

അത് അല്ലാഹുവിനെ നീ കാണുന്നുണ്ട് എന്ന പ്രകാരം നീ അവന് ഇബാദത്തു ചെയ്യലാകുന്നു, (ഇനി) അവനെ നീ കണ്ടിട്ടില്ലെങ്കിലും തീർച്ചയായും അവൻ നിന്നെ കാണുന്നുണ്ട്.

٢٥ .في أي سورة قوله تعالى: {إِنَّ اللَّهَ يَأْمُرُ بِالْعَدْلِ وَالْإِحْسَانِ وَإِيتَاءِ ذِي الْقُرْبَىٰ وَيَنْهَىٰ عَنِ الْفَحْشَاءِ وَالْمُنْكَرِ وَالْبَغْيِ ۚ يَعِظُكُمْ لَعَلَّكُمْ تَذَكَّرُونَ}

25) ഏതു സൂറത്തിലാണ് അല്ലാഹു تعالى യുടെ (ഈ) വചനം:

﴿തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നൻമചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്. നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്കു ഉപദേശം നൽകുന്നു﴾.

الجواب:

في سور النحل.

ഉത്തരം:

സൂറത്തുന്നഹ്ൽ –ൽ.

# فصل الإيمان بالله

# (2) അല്ലാഹുവിലുള്ള ഈമാനിന്റെ അദ്ധ്യായം

٢٦. ما هو الإيمان ؟

26) ഈമാൻ എന്നാൽ എന്താണ്?

الجواب:

قول باللسان، واعتقاد بالقلب، وعمل بالجوارح، يزيد بالطاعة، وينقص بالمعصية.

ഉത്തരം :

ഈമാൻ എന്നത് നാവുകൊണ്ടുള്ള മൊഴിയലും ഹൃദയം കൊണ്ടുള്ള വിശ്വസിക്കലും (അംഗീകരിക്കലും) അവയവങ്ങൾകൊണ്ടുള്ള പ്രവർത്തനവുമാകുന്നു, അത് സൽക്കർമ്മങ്ങൾക്കനുസരിച്ച് കൂടുകയും പാപങ്ങൾക്കനുസരിച്ച് കുറയുകയും ചെയ്യും.

٢٧ .كم أركان الإيمان ؟

27) ഈമാനിന്റെ റുക്‌നുകൾ എത്രയാണ്?

الجواب:

ستة:



- الإيمان بالله.
- وملائكته.
- وكتبه.
- ورسله.
- واليوم الآخر.
- والقدر خيره وشره.

ഉത്തരം:

അവ ആറാകുന്നു:

- അല്ലാഹുവിലുള്ള വിശ്വാസം.
- അവന്റെ മലക്കുകളിലുള്ള വിശ്വാസം.
- അവന്റെ കിതാബുകളിലുള്ള വിശ്വാസം.
- അവന്റെ റസൂലുകളിലുള്ള വിശ്വാസം.
- അന്ത്യനാളിലുള്ള വിശ്വാസം.
- ഖദറിലുള്ള അതിന്റെ നന്മയിലും തിന്മയിലുമുള്ള വിശ്വാസം.

٢٨ .هل الإيمان يزيد وينقص ؟

28) ഈമാൻ കൂടുകയും കുറയുകയും ചെയ്യുമോ?

الجواب :

نعم؛ يزيد بـ: (الطاعة)، وينقص بـ: (المعصية).

ഉത്തരം:

അതെ, അത് (അല്ലാഹുവിനുള്ള) അനുസരണക്കനുസരിച്ച് കൂടുകയും, പാപങ്ങൾക്കനുസരിച്ച് കുറയുകയും ചെയ്യും.

٢٩ .كم شعب الإيمان ؟

29) ഈമാനിൻ്റെ ശാഖകൾ എത്രയാണ്?

الجواب:

بضع وستون، أو بضع وسبعون شعبة.

ഉത്തരം:

അറുപതും ഏതാനുമോ അല്ലെങ്കിൽ എഴുപതും ഏതാനുമോ ശാഖകൾ.

٣٠ .ما أعلى شعب الإيمان ؟

30) ഈമാനിൻ്റെ ശാഖകളിൽ ഏറ്റവും ഉയർന്നതേതാണ്?

الجواب:

أعلاها قول: (لا اله إلا الله).

ഉത്തരം:

അതിന്റെ ശാഖയിൽ ഏറ്റവും ഉയർന്നത്"ലാ ഇലാഹ ഇല്ലള്ളാഹ്" എന്ന വാക്കാകുന്നു.

٣١ .ما أدنى شعب الإيمان ؟

31) ഈമാനിന്റെ ശാഖകളിൽ ഏറ്റവും താഴ്ന്നതേതാണ്?

الجواب:

أدناها: إماطة الأذى عن الطريق.

ഉത്തരം:

അതിന്റെ ശാഖയിൽ ഏറ്റവും താഴ്ന്നത് ഒരു വഴിയിലെ ഉപദ്രവം നീക്കലാകുന്നു.

٣٢ .اذكر بعض شعب الإيمان؟

32) ഈമാനിന്റെ ചില ശാഖകൾ പരാമർശിക്കുക?

الجواب:

الإيمان بالله، وملائكته، وكتبه، ورسله، واليوم الآخر، والقدر خيره وشره، وإقام الصلاة، وإيتاء الزكاة، وصوم رمضان، والحج، والجهاد، والعدل، وبر الوالدين، وصلة الرحم، والصدق، والصبر، والأمانة، وطلب العلم، وأكل الحلال، والحياء، وإماطة الأذى عن الطريق.

ഉത്തരം:

അല്ലാഹുവിലുള്ള വിശ്വാസം, അവന്റെ മലക്കുകളിലുള്ള വിശ്വാസം, അവന്റെ കിതാബുകളിലുള്ള വിശ്വാസം, അവന്റെ റസൂലുകളിലുള്ള വിശ്വാസം, അന്ത്യനാളിലുള്ള

വിശ്വാസം, ഖദറിലുള്ള അതിന്റെ നന്മയിലും തിന്മയിലുമുള്ള വിശ്വാസം, നിസ്കാരം നിർവ്വഹിക്കൽ, സക്കാത്ത് കൊടുക്കൽ, റമദാനിൽ നോമ്പനുഷ്ഠിക്കൽ, ഹജ്ജ് നിർവ്വഹിക്കൽ, അള്ളാഹ്ഹുവിന്റെ മാർഗത്തിൽ ജിഹാദ്ദ ചെയ്യൽ, നീതി പാലിക്കൽ, മാതാപിതാക്കൾക്ക് പുണ്യം ചെയ്യൽ, രക്തബന്ധം പുലർത്തൽ, സത്യസന്ധത കാണിക്കൽ, ക്ഷമ കൈകൊള്ളൽ, അമാനത്ത് പാലിക്കൽ, ത്വലബുൽ ഇൽമ് (ഇസ്ലാമിക വിജ്ഞാനം തേടൽ), ഹലാലായത് (അനുവദനീയമായത്) ഭക്ഷിക്കൽ, ലജ്ജ, ഒരു വഴിയിലെ ഉപദ്രവം നീക്കൽ.

٣٣. ما هي أوثق عرى الإيمان؟

33) ഈമാനിന്റെ ഇഴകളിൽ ഏറ്റവും ബലമുള്ളതേതാണ്?

الجواب:

الحب في الله، والبغض في الله .

والموالاة في الله، والمعاداة في الله.

ഉത്തരം:

അത് അല്ലാഹ്ഹുവിനു വേണ്ടിയുള്ള സ്നേഹവും, അല്ലാഹ്ഹുവിനു വേണ്ടിയുള്ള വെറുക്കലുമാകുന്നു.

അല്ലാഹ്ഹുവിനു വേണ്ടിയുള്ള സൗഹൃദവും, അള്ളാഹ്ഹുവിനു വേണ്ടിയുള്ള ശത്രുത കാണിക്കലുമാകുന്നു.



٣٤ .أيهما أحب إلى الله المؤمن الضعيف أم القوي ؟

34) ആരെയാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടം, ദുർബലനായ മുഅ്മിനെയാണോ അതോ ശക്തനായ മുഅ്മിനെയാണോ?

الجواب:

المؤمن القوي أحب إلى الله.

ഉത്തരം:

അല്ലാഹുവിന് ഏറ്റവും ഇഷ്ടം ശക്തനായ മുഅ്മിനെയാകുന്നു.

٣٥ .ما هو أول واجب على العبيد ؟

35) അടിമകളുടെ മുകളിലെ ആദ്യ നിർബന്ധം എന്താണ്?

الجواب:

توحيد الله تعالى.

ഉത്തരം:

അല്ലാഹുവിനെ تعالى (അവന് മാത്രം പ്രത്യേകമാക്കപ്പെട്ട കാര്യങ്ങളിൽ) ഏകനാക്കൽ.

٣٦ .ما هو الشيء الذي دعت إليه جميع الأنبياء ؟

36) ഏതു കാര്യത്തിലേക്കാണ് എല്ലാ നബിമാരും (അവരുടെ ജനതയെ) ക്ഷണിച്ചത്?

الجواب:

عبادة الله وحده، واجتناب الطاغوت.

ഉത്തരം:

അല്ലാഹുവിനുമാത്രം ഇബാദത്ത് ചെയ്യുന്നതിലേക്കും ത്വാഗൂത്തുകളെ വർജ്ജിക്കുന്നതിലേക്കും.

٣٧. من هم أولياء الله ؟

37) ആരാണ് അല്ലാഹുവിന്റെ ഔലിയാക്കൾ?

الجواب:

هم : ﴿الَّذِينَ آمَنُوا وَكَانُوا يَتَّقُونَ﴾ [يونس:63]

ഉത്തരം:

﴿വിശ്വസിക്കുകയും തഖ്‌വ കാണിക്കുകയും ചെയ്യുന്നവരത്രെ അവർ﴾ [യൂനുസ്:63]

٣٨. ما هو حق الله على العباد ؟

38) അടിമകൾക്ക് മുകളിൽ അല്ലാഹുവിനുള്ള അവകാശം എന്താണ്?

الجواب: أن يعبدوه، ولا يشركوا به شيئًا.

ഉത്തരം:

അതവർ അവന് ഇബാദത്ത് ചെയ്യലും അവനിൽ യാതൊന്നും പങ്കു ചേർക്കാതിരിക്കലുമാകുന്നു.

٣٩ .ما هو حق العباد على الله ؟

39) അല്ലാഹുവിന് മുകളിൽ അടിമകൾക്കുള്ള അവകാശം എന്താണ്?

الجواب : أن لا يعذِّب من لا يشرك به شيئًا.

ഉത്തരം :

അത് അവനിൽ യാതൊന്നും പങ്കു ചേർക്കാത്ത ഒരുവനെ ശിക്ഷിക്കാതിരിക്കുക എന്നതാകുന്നു.

٤٠ .كم أقسام توحيد الله ؟

40) തൗഹീദിന്റെ (അല്ലാഹുവിനെ അവന് മാത്രം പ്രത്യേകമാക്കപ്പെട്ട കാര്യങ്ങളിൽ ഏകനാക്കുന്നതിലെ) ഇനങ്ങൾ എത്രയാണ്?

الجواب:

ثلاثة أقسام هي:

توحيد الربوبية.

توحيد الألوهية.

توحيد  الأسماء والصفات.

ഉത്തരം:

അവ മൂന്ന് ഇനങ്ങളാകുന്നു:

തൗഹീദു അർറുബൂബിയ്യ.

തൗഹീദുൽ അൽഉലൂഹിയ്യ.

തൗഹീദുൽ അസ്മാ വസ്സിഫാത്ത്.

٤١ .ما هو توحيد الربوبية ؟

41) എന്താണ് തൗഹീദ് അർറുബൂബിയ?

الجواب:

هو: إفراد الله في أفعاله: من الخلق، والملك والرزق، والتدبير.

ഉത്തരം:

അത് സൃഷ്ടി, ആധിപത്യം, ഉപജീവനം നൽകൽ, നിയന്ത്രണം പോലെ അല്ലാഹുവിന്റെ പ്രവർത്തനങ്ങളിൽ അവനെ ഏകനാക്കലാകുന്നു.

٤٢ .ما هو توحيد الألوهية ؟

42) എന്താണ് തൗഹീദുൽ ഉലൂഹിയ?

الجواب:

هو: إفراد الله بالعبادة.

ഉത്തരം:

അത് ഇബാദത്തിൽ അല്ലാഹുവിനെ ഏകനാക്കലാകുന്നു.

٤٣ .ما هو توحيد الأسماء والصفات؟

43) എന്താണ് തൗഹീദുൽ അസ്മാ വസ്സ്വിഫാത്ത്?

الجواب:

هو: إثبات ما أثبته الله لنفسه، أو أثبته له رسوله: من الأسماء والصفات من غير تكييف، ولا تمثيل، ولا تعطيل.

ഉത്തരം:

അത്: അല്ലാഹു അവന് സ്ഥിരീകരിച്ചതോ അല്ലെങ്കിൽ അവന്റെ റസൂൽ അവന് (അല്ലാഹുവിന്) സ്ഥിരീകരിച്ചതോ ആയ നാമങ്ങളും വിശേഷണങ്ങളും തക്‌യീഫോ (അവയുടെ വിധം എങ്ങനെയെന്ന് ചോദിക്കുകയോ) തമ്സീലോ (അവ മറ്റൊന്നിനോട് താരതമ്യപ്പെടുത്തുകയോ) തഅ്ത്വീലോ (നിരാകരണമോ) കൂടാതെ സ്ഥിരീകരിക്കലാകുന്നു.

٤٤. ما هي كلمة التوحيد ؟

44) എന്താണ് തൗഹീദിന്റെ വചനം?

الجواب:

لا إله إلا الله.

ഉത്തരം:

ലാ ഇലാഹ ഇല്ലല്ലാഹ്.

٤٥. ما معنى لا إله إلا الله ؟

45) എന്താണ് "ലാ ഇലാഹ ഇല്ലല്ലാഹ്" എന്നതിന്റെ അർത്ഥം?

الجواب:

لا معبود حقٌّ إلا الله.

ഉത്തരം:

യഥാർത്ഥത്തിൽ ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല എന്നാകുന്നു അതിനർത്ഥം.

٤٦ .في أي سورة قوله تعالى: ﴿أَلَمْ تَرَ كَيْفَ ضَرَبَ اللَّهُ مَثَلًا كَلِمَةً طَيِّبَةً
كَشَجَرَةٍ طَيِّبَةٍ أَصْلُهَا ثَابِتٌ وَفَرْعُهَا فِي السَّمَاءِ * تُؤْتِي أُكُلَهَا كُلَّ حِينٍ
بِإِذْنِ رَبِّهَا ۗ وَيَضْرِبُ اللَّهُ الْأَمْثَالَ لِلنَّاسِ لَعَلَّهُمْ يَتَذَكَّرُونَ﴾.

46) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ ഈ വചനം:

﴿അല്ലാഹു നല്ല വചനത്തിന് എങ്ങനെയാണ് ഉപമ നൽകിയിരിക്കുന്നത് എന്ന് നീ കണ്ടില്ലേ? (അത്) ഒരു നല്ല മരം പോലെയാകുന്നു. അതിൻറെ മുരട് ഉറച്ചുനിൽക്കുന്നതും അതിൻറെ ശാഖകൾ ആകാശത്തേക്ക് ഉയർന്ന് നിൽക്കുന്നതുമാകുന്നു * അതിൻറെ റബ്ബിൻറെ ഉത്തരവനുസരിച്ച് അത് എല്ലാ കാലത്തും അതിൻറെ ഫലം നൽകിക്കൊണ്ടിരിക്കും. മനുഷ്യർക്ക് അവർ ആലോചിച്ച് മനസ്സിലാക്കുന്നതിനായി അല്ലാഹു ഉപമകൾ വിവരിച്ചുകൊടുക്കുന്നു﴿

الجواب :في سورة إبراهيم.

ഉത്തരം:

സൂറത്തു ഇബ്റാഹീം – ൽ.



٤٧ .ما هي شروط شهادة لا إله الا الله، وأن محمدًا رسول الله ؟

47) "ലാ ഇലാഹ ഇല്ലല്ലാഹ് വ അന്ന മുഹമ്മദൻ റസൂലുല്ലാഹ്" എന്ന സാക്ഷ്യവചനത്തിന്റെ നിബന്ധനകൾ എന്തെല്ലാമാണ്?

الجواب:

[1]العلم [2] اليقين [3] الانقياد [4] القبول [5] الإخلاص [6] الصدق

[7] المحبة [8] الكفر بالطاغوت.

ഉത്തരം:

[1] അറിവ്

[2] ദൃഢവിശ്വാസം

[3] കീഴൊതുങ്ങൽ

[4] സ്വീകരണം

[5] ഇഖ്ലാസ് (നിഷ്കളങ്കത)

[6] സത്യസന്ധത

[7] സ്നേഹം

[8] ത്വാഗൂത്തുകളിൽ അവിശ്വസിക്കൽ.



٤٨ .ما هي أركان لا إله إلا الله ؟

48) "ലാ ഇലാഹ ഇല്ലല്ലാഹ്" – യുടെ സ്തംഭങ്ങൾ ഏവ?

الجواب:

[1]النفي (لا إله) [2] الإثبات (إلا الله).

ഉത്തരം:

[1] നിഷേധം (ലാ ഇലാഹ)

[2] സ്ഥിരീകരണം (ഇല്ലല്ലാഹ്).

٤٩ .أين الله، وما الدليل ؟

49) അല്ലാഹു എവിടെയാണ്, എന്താണ് (അതിനുള്ള) തെളിവ്?

الجواب:

في السماء، والدليل قوله تعالى: ﴿الرَّحْمَٰنُ عَلَى الْعَرْشِ اسْتَوَىٰ﴾

[طه: ٥].

ഉത്തരം:

അല്ലാഹു ആകാശത്തിനു മുകളിലാകുന്നു, അതിനുള്ള തെളിവ് അല്ലാഹുവിന്റെ വചനം: ﴿പരമകാരുണികൻ അർശിന്മേൽ ആരോഹിതനായിരിക്കുന്നു﴾. [ത്വാഹ:5]

٥٠ .هل الله معنا؟

50) അല്ലാഹു നമ്മുടെ കൂടെയാണോ?

الجواب:

معنا بعلمه، وإحاطته، وسمعه، ورؤيته.

ഉത്തരം:

അവന്റെ അറിവുകൊണ്ടും വലയം ചെയ്യലുകൊണ്ടും കേൾവികൊണ്ടും കാഴ്ചകൊണ്ടും (അവൻ) നമ്മുടെ കൂടെയാകുന്നു.

٥١. هل أحد يعلم الغيب غير الله ؟

51) അല്ലാഹുവെ കൂടാതെ ആർക്കെങ്കിലും അദൃശ്യകാര്യം അറിയുമോ?

الجواب:

لا يعلم الغيب إلا الله.

ഉത്തരം:

അല്ലാഹുവിനല്ലാതെ മറ്റാർക്കും അദൃശ്യകാര്യം അറിയില്ല.

٥٢. ما أصدق كلمة قالها شاعرٌ ؟

52) ഒരു കവി പറഞ്ഞ ഏറ്റവും സത്യസന്ധമായ വാക്കെന്താണ്?

الجواب:

كلمة لبيد : ألا كل شيء ما خلا الله باطل.

ഉത്തരം:

അത് ലബീദിന്റെ വാചകമാകുന്നു: അറിയുക അല്ലാഹു ഒഴികെയുള്ള ഏതൊരു വസ്തുവും നശ്വരമാകുന്നു.

٥٣. ما أعظم حسنة ؟

53) ഏറ്റവും വലിയ നന്മ എന്താണ്?

الجواب:

توحيد الله تعالى.

ഉത്തരം:

അല്ലാഹുവിനുള്ള തൗഹീദ് (അല്ലാഹുവിന് മാത്രം പ്രത്യേകമാക്കപ്പെട്ട കാര്യങ്ങളിൽ അവനെ ഏകനാക്കൽ).

٥٤. ما أعظم سيئة ؟

54) ഏറ്റവും വലിയ തിന്മ എന്താണ്?

الجواب:

الشرك بالله تعالى.

ഉത്തരം:

(അല്ലാഹുവിന് മാത്രം പ്രത്യേകമാക്കപ്പെട്ട കാര്യങ്ങളിൽ) അല്ലാഹുവിൽ പങ്കു ചേർക്കൽ.

٥٥. ما هو الشرك ؟

55) എന്താണ് ശിർക്ക്?

الجواب:

هو: عبادة غير الله.

ഉത്തരം:

അത്: അല്ലാഹു അല്ലാത്തവർക്കുള്ള ഇബാദത്താകുന്നു.



٥٦. ما هي أكبر الكبائر ؟

56) വൻപാപങ്ങളിൽ ഏറ്റവും വലിയവ (ഗൗരവമേറിയവ) എന്തെല്ലാമാണ്?

الجواب:

الشرك بالله، وعقوق الوالدين، شهادة الزور.

ഉത്തരം:

(അല്ലാഹുവിന് മാത്രം പ്രത്യേകമാക്കപ്പെട്ട കാര്യങ്ങളിൽ) അല്ലാഹുവിൽ പങ്കു ചേർക്കൽ, മാതാപിതാക്കളെ പ്രയാസപ്പെടുത്തൽ, കള്ള സാക്ഷ്യം (വഹിക്കൽ).

٥٧. ما هي السبع الموبقات ؟

57) എന്തൊക്കെയാണ് (ഒരുവനെ) തകർത്തുകളയുന്ന ഏഴ് കാര്യങ്ങൾ?

الجواب:

الشِّرْكُ بِاللهِ، وَالسِّحْرُ، وَقَتْلُ النَّفْسِ الَّتِي حَرَّمَ اللهُ إِلَّا بِالْحَقِّ، وَأَكْلُ مَالِ الْيَتِيمِ وَأَكْلُ الرِّبَا، وَالتَّوَلِّي يَوْمَ الزَّحْفِ، وَقَذْفُ الْمُحْصِنَاتِ الْغَافِلَاتِ الْمُؤْمِنَاتِ.

ഉത്തരം:

(അല്ലാഹുവിന് മാത്രം പ്രത്യേകമാക്കപ്പെട്ട കാര്യങ്ങളിൽ) അല്ലാഹുവിൽ പങ്കു ചേർക്കൽ, സിഹ്ർ, അല്ലാഹു നിഷിദ്ധമാക്കിയ ഒരു നഫ്സിനെ ന്യായപ്രകാരമല്ലാതെ ഹനിച്ചുകളയൽ, യതീമിന്റെ മുതൽ ഭക്ഷിക്കൽ, പലിശ തിന്നൽ, (ശത്രുക്കളുടെ മുമ്പിൽ നിന്ന് അവർ)

പടയണിയായി വരുന്ന ദിവസം പിന്തിരിഞ്ഞ് കളയൽ, പതിവ്രതകളും (ദുർവൃത്തിയെപ്പറ്റി) ഓർക്കുക പോലും ചെയ്യാത്തവരുമായ സത്യവിശ്വാസിനികളെപ്പറ്റി ദുരാരോപണം നടത്തൽ.

٥٨. هل ينفع العمل مع الشرك ؟

58) ശിർക്കിനോടൊപ്പം (ഒരുവന് തന്റെ) കർമ്മങ്ങൾ പ്രയോജനപ്പെടുമോ?

الجواب:

لا ينفع؛ لأن الشرك يحبط العمل.

ഉത്തരം:

പ്രയോജനം ചെയ്യില്ല, എന്തെന്നാൽ ശിർക്ക് കർമ്മത്തെ തകർത്തുകളയുന്നതാണ്.

٥٩. هل يجوز الذبح لغير الله؟

59) അല്ലാഹുവല്ലാത്തവർക്ക് അറവു നടത്തൽ അനുവദനീയമാണോ?

الجواب:

لا يجوز؛ لحديث: (لعن الله من ذبح لغير الله)

ഉത്തരം:

അനുവദനീയമല്ല, «അല്ലാഹുവല്ലാത്തവർക്ക് അറവു നടത്തിയവനെ അല്ലാഹു ശപിച്ചിരിക്കുന്നു» എന്ന ഹദീസ് പ്രകാരം.

٦٠ .ما أهمية الدعاء ؟

60) എന്താണ് ദുആ–യുടെ (പ്രാർത്ഥനയുടെ) പ്രാധാന്യത?

الجواب:

الدعاء هو العبادة.

ഉത്തരം:
പ്രാർത്ഥന അതുതന്നെയാകുന്നു ഇബാദത്ത്.

٦١ .ما حكم دعاء الأموات والغائبين ؟

61) മരിച്ചവരോടും അസന്നഹിതരായവരോടും ഉള്ള തേട്ടത്തിന്റെ (പ്രാർത്ഥനയുടെ) വിധിയെന്താണ്?

الجواب:

شرك أكبر.

ഉത്തരം:
അത് വലിയ ശിർക്കാകുന്നു.

٦٢ .هل يجوز أن نقول يا رسول الله في الدعاء ؟

62) പ്രാർത്ഥനയിൽ നമുക്ക്"യാ റസൂലല്ലാഹ്" എന്നു പറയൽ അനുവദനീയമാണോ?

الجواب:

لا يجوز دعاء غير الله.

ഉത്തരം:
അല്ലാഹുവിനു പുറമേയുള്ളവരോടുള്ള ദുആ അനുവദനീയമല്ല.



٦٣ .هل يجوز أن نسمي (عبد الكعبة، عبد النبي، عبد الرسول، عبد الحسين) ؟

63) അബ്ദുൽ കഅ്ബ, അബ്ദുന്നബി, അബ്ദുർറസൂൽ, അബ്ദുൽ ഹുസൈൻ എന്ന് നാം പേരിടൽ (നമുക്ക്) അനുവദനീയമാണോ?

الجواب:

لا يجوز؛ لأنه من الشرك.

ഉത്തരം:

അനുവദനീയമല്ല, കാരണം അത് ശിർക്കിൽ (അതിന്റെ ഇനങ്ങളിൽ) പെട്ടതാകുന്നു.

٦٤ .ما عقوبة من أتى كاهنًا أو عرافًا ؟

64) ജ്യോത്സ്യന്റെയോ മഷിനോട്ടക്കാരന്റെയോ അടുക്കൽ പോയവനുള്ള ശിക്ഷയെന്താണ്?

الجواب:

لا تقبل له صلاة أربعين ليلة، وإذا صدقه فقد كفر بما أنزل على محمد ﷺ.

ഉത്തരം:

അവന്റെ നാൽപതു രാത്രികളിലെ നിസ്കാരം സ്വീകരിക്കപ്പെടുകയില്ല, അവൻ അവനെ (ജ്യോത്സ്യനേയോ മഷിനോട്ടക്കാരനെയോ) സത്യപ്പെടുത്തിയാൽ മുഹമ്മദിന് ﷺ ഇറക്കപ്പെട്ടതിൽ അവൻ അവിശ്വസിച്ചിരിക്കുന്നു.

٦٥. ما حكم السحر ؟

65) എന്താണ് സിഹ്റിന്റെ വിധി?

الجواب:

السحر كفر.

ഉത്തരം:

സിഹ്ർ കുഫ്റാകുന്നു.

٦٦. ما هي النشرة ؟

66) എന്താണ് അന്നുഷ്റ?

الجواب:

حل السحر عن المسحور.

ഉത്തരം:

അത് സിഹ്ർ ബാധിതനിൽ നിന്നും സിഹ്ർ നീക്കം ചെയ്യലാകുന്നു.

٦٧. ما حكم النشرة ؟

67) അന്നുഷ്റ – യുടെ വിധിയെന്താണ്?

الجواب:

إذا كانت بسحر فلا يجوز، وإن كانت بالرقية الشرعية فتجوز.

ഉത്തരം :

അത് സിഹ്റുകൊണ്ടാണെങ്കിൽ അനുവദനീയമല്ല, (എന്നാൽ) അത് അർറുഖ്‌യ അശ്ശറഇയ്യ കൊണ്ടാണെങ്കിൽ അനുവദനീയമാണ്.

٦٨ .اذكر بعض الأدعية الصحيحة للرقية الشرعية ؟

68) അർറുഖ്‌യ അശ്ശറഇയ്യ-യുടെ ചില ശരിയായ ദുആഉകൾ പരാമർശിക്കുക?

الجواب:

اللهم رب الناس أذهب البأس، واشف أنت الشافي لا شفاء إلا شفاؤك شفاءً لا يغادر سقمًا. بسم الله أرقيك من كل شيءٍ يؤذيك، من شر كل نفس أو عين حاسد الله يشفيك.

ഉത്തരം:

"അല്ലാഹുമ്മ റബന്നാസ് അദ്ഹിബിൽ ബഅ്സ, വശ്ഫി അൻത അശ്ശാഫി ലാ ശിഫാഅ ഇല്ലാ ശിഫാഉക ശിഫാഅൻ ലാ യുഗാദിറു സഖമാ.

ബിസ്മില്ലാഹി അർഖീക മിൻ കുല്ലി ഷയ്ഇൻ യുദീക മിൻ ശർറി കുല്ലി നഫ്സിൻ അവ് അയ്നിൻ ഹാസിദിൻ അല്ലാഹു യശ്ഫീക."

(അല്ലാഹുവേ, ജനങ്ങളുടെ റബ്ബേ, നീ വിപത്തിനെ നീക്കേണമേ, നീ ശമനമുണ്ടാക്കേണമേ, നീ മാത്രമാകുന്നു ശമനമേകുന്നവൻ, നിൻ്റെ ശമനമല്ലാതെ വേറെയൊരു ശമനവുമില്ല, ഒരു രോഗത്തേയും ബാക്കിവെക്കാത്ത ശമനം.

അല്ലാഹുവിന്റെ നാമത്തിൽ ഞാൻ നിങ്ങൾക്ക് റുഖ്‌യ ചെയ്യുന്നു (മന്ത്രിക്കുന്നു), നിനക്ക് ഉപദ്രവമുണ്ടാക്കുന്ന എല്ലാ വസ്തുക്കളിൽ നിന്നും എല്ലാ നഫ്സുകളുടെ തിന്മയിൽ നിന്നും എല്ലാ അസൂയക്കാരന്റെ കണ്ണേറിൽ നിന്നും അല്ലാഹു നിനക്ക് ശമനം നൽകട്ടെ).

٦٩. هل يجوز تعليق التمائم؟

69) ഏലസ്സ് കെട്ടൽ അനുവദനീയമാണോ?

الجواب:

لا يجوز؛ لأنه من الشرك .

ഉത്തരം:

അനുവദനീയമല്ല, കാരണം അത് ശിർക്കിൽ (അതിന്റെ ഇനങ്ങളിൽ) പെട്ടതാകുന്നു.

٧٠. ما حكم ذبيحة الكافر غير الكتابي ؟

70) അഹ്‌ലുൽ കിതാബുകാരനല്ലാത്ത കാഫിർ അറുത്തതിന്റെ (അറുത്തത് ഭക്ഷിക്കുന്നതിന്റെ) വിധിയെന്ത്?

الجواب:

لا تجوز.

ഉത്തരം:

അനുവദനീയമല്ല.

٧١ .ما هو التوكل ؟

71) എന്താണ് തവക്കുൽ?

الجواب:

صدق اعتماد القلب على الله في جلب المنافع، ودفع المضار ،مع فعل الأسباب الشرعية.

ഉത്തരം:

ഉപകാരങ്ങൾ കൊണ്ടുവരുന്നതിലോ ഉപദ്രവം തടുക്കുന്നതിലോ ദീനിൽ നിയമമാക്കപ്പെട്ട വഴികൾ പ്രവർത്തിക്കുന്നതോടൊപ്പം ഹൃദയത്തെ അല്ലാഹുവിൽ സത്യസന്ധതമായി അവലംബിക്കലാകുന്നു അത്.

٧٢ .هل يجوز أن نقول توكلت على الله ثم عليك ؟

72) ഞാൻ അല്ലാഹുവിൽ തവക്കുൽ ചെയ്തിരിക്കുന്നു എന്നിട്ട് നിന്നിലും (തവക്കുൽ ചെയ്തിരിക്കുന്നു) എന്ന് നാം പറയൽ (നമുക്ക്) അനുവദനീയമാണോ?

الجواب:

لا يجوز ذلك.

ഉത്തരം:

അത് അനുവദനീയമല്ല.



٧٣. بماذا نحلف ؟

73) എന്തുകൊണ്ടാണ് നമ്മൾ സത്യം ചെയ്യുക?

الجواب:

باسم من أسماء الله، أو صفة من صفاته.

ഉത്തരം :

അല്ലാഹുവിന്റെ നാമങ്ങളിൽപ്പെട്ട നാമംകൊണ്ടോ അല്ലെങ്കിൽ അവന്റെ വിശേഷണങ്ങളിൽപ്പെട്ട വിശേഷണം കൊണ്ടോ.

٧٤. اذكر بعض الحلف المحرم ؟

74) നിഷിദ്ധമാക്കപ്പെട്ട സത്യം ചെയ്യലുകളിൽ ചിലത് പരാമർശിക്കുക?

الجواب:

الحلف بالآباء، والشرف، والأمانة، وكل حلف بغير الله.

ഉത്തരം:

പിതാക്കന്മാരെ കൊണ്ടും സ്ഥാനം കൊണ്ടും അമാനത്തു കൊണ്ടും സത്യം ചെയ്യൽ, അല്ലാഹു ഒഴികെയുള്ളവകൊണ്ടുള്ള എല്ലാ സത്യം ചെയ്യലുകളും.

٧٥. هل الله يقسم بما شاء ؟

75) അല്ലാഹു ഉദ്ദേശിച്ചതുകൊണ്ട് അവൻ സത്യം ചെയ്യുമോ?

الجواب:

نعم؛ لأنه خالق كل شيء.

ഉത്തരം:

അതെ, കാരണം അവൻ സർവ്വതിന്റെയും സ്രഷ്ടാവാകുന്നു.

٧٦. ما حكم سب الله، وسب رسوله، ودينه ؟

76) അല്ലാഹുവെയും അവന്റെ റസൂലിനെയും അവന്റെ ദീനിനെയും അധിക്ഷേപിക്കുന്നതിന്റെ വിധിയെന്താണ്?

الجواب:

كفر أكبر.

ഉത്തരം :

അത് വലിയ കുഫ്റാകുന്നു.

٧٧. بماذا يحكم المسلمون ؟

77) മുസ്ലീങ്ങൾ എന്തുകൊണ്ടാണ് വിധിക്കുക?

الجواب:

بالكتاب والسنة.

ഉത്തരം :

അല്ലാഹുവിന്റെ കിതാബു കൊണ്ടും നബിയുടെ ﷺ സുന്നത്തു കൊണ്ടും.

٧٨ .ما هو الطاغوت ؟

78) ത്വാഗൂത്ത് എന്നാൽ എന്താണ്?

الجواب:

هو ما تجاوز به العبد حده من معبود، أو متبوع، أو مطاع.

ഉത്തരം:

ഇബാദത്ത് നൽകപ്പെടുന്നതോ, പിന്തുടരപ്പെടുന്നതോ, അനുസരണ നൽകപ്പെടുന്നതോ ആയവയുടെ കാര്യത്തിൽ ഒരടിമ പരിധി ലംഘിച്ചവയാണ് ത്വാഗൂത്ത്.

٧٩ .كم رؤوس الطواغيت ؟

79) ത്വാഗൂത്തുകളിലെ തലവന്മാർ എത്രയാണ്?

الجواب:

خمسة:

1) إبليس لعنة الله عليه

2) من عُبد من دون الله وهو راض

3) من دعا الناس إلى عبادة نفسه

4) من ادعى علم الغيب

5) من حكم بغير ما أنزل الله.



ഉത്തരം :

അവർ അഞ്ചാകുന്നു:

1) ഇബ്‌ലീസ് لعنة الله عليه.

2) അല്ലാഹുവിനു പുറമെ ഇബാദത്ത് നൽകപ്പെടുകയും (അതിൽ) തൃപ്തിപ്പെടുന്നവനുമായ ഒരുവൻ.

3) തന്നെ ഇബാദത്ത് ചെയ്യുന്നതിലേക്ക് ആളുകളെ ക്ഷണിച്ചവൻ.

4) അദൃശ്യജ്ഞാനം അവകാശപ്പെട്ടവൻ.

5) അല്ലാഹു ഇറക്കിയതുകൊണ്ടല്ലാതെ വിധിച്ചവൻ.

٨٠. ما هي اللات، والعزى، ومناة ؟

80) എന്താണ് അൽ ലാത്ത്, അൽ ഉസ്സ, മനാത്ത്?

الجواب:

هي أوثان كانت تعبد في الجاهلية من دون الله.

ഉത്തരം :

അവ ജാഹിലിയ്യത്തിൽ അല്ലാഹുവിനു പുറമെ ആരാധിക്കപ്പെട്ടിരുന്ന ബിംബങ്ങളായിരുന്നു.

٨١. ما حكم إنكار وجود الجن ؟

81) ജിന്നുകളുടെ അസ്തിത്വത്തെ നിഷേധിക്കുന്നതിന്റെ വിധിയെന്താണ്?

الجواب:

إنكار وجود الجن كفرٌ.

ഉത്തരം :

ജിന്നുകളുടെ അസ്തിത്വത്തെ നിഷേധിക്കുന്നത് കുഫ്റാകുന്നു.

٨٢. ما حكم ترك الصلاة ؟

82) നമസ്കാരം ഉപേക്ഷിക്കുന്നതിന്റെ വിധിയെന്താണ്?

الجواب:

كفرٌ.

ഉത്തരം :

അത് കുഫ്റാകുന്നു.

٨٣. ما حكم سب الصحابة أو لعنهم ؟

83) സ്വഹാബിമാരെ ചീത്ത വിളിക്കുന്നതിന്റേയോ ശപിക്കുന്നതിന്റേയോ വിധിയെന്താണ്?

الجواب:

كفرٌ.

ഉത്തരം:

അത് കുഫ്റാകുന്നു.



٨٤ .في أي سورة قوله تعالى: ﴿وَالسَّابِقُونَ الْأَوَّلُونَ مِنَ الْمُهَاجِرِينَ وَالْأَنْصَارِ وَالَّذِينَ اتَّبَعُوهُمْ بِإِحْسَانٍ رَضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ وَأَعَدَّ لَهُمْ جَنَّاتٍ تَجْرِي تَحْتَهَا الْأَنْهَارُ خَالِدِينَ فِيهَا أَبَدًا ۚ ذَٰلِكَ الْفَوْزُ الْعَظِيمُ﴾.

84) ഏത് സൂറത്തിലാണ് അല്ലാഹുവിന്റെ ഈ വചനം:

﴾മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം﴿

الجواب:

في سورة التوبة.

ഉത്തരം:
സൂറത്തു അത്തൗബ – യിൽ.

٨٥ .من هم الذين يسبون الصحابة ؟

85) സ്വഹാബിമാരെ ചീത്ത വിളിക്കുന്നവർ ആരാണ്?

الجواب:

الرافضة.

ഉത്തരം:

റാഫിദ.

٨٦ .من أضل الفرق التي تدعي الإسلام ؟

86) ഇസ്ലാം അവകാശപ്പെടുന്ന ഏറ്റവും വഴിപിഴച്ച കക്ഷികൾ ആരൊക്കെയാണ്?

الجواب:

أ) الباطنية ب) الرافضة ج) الجهمية د) غلاة الصوفية.

ഉത്തരം:

1) അൽ ബാഥിനിയ്യ.

2) അർറാഫിദ.

3) അൽ ജഹ്മിയ്യ.

4) സ്വൂഫിസത്തിൽ അതിരുവിട്ടവർ.

٨٧ .ما هي الديمقراطية ؟

87) എന്താണ് ജനാധിപത്യം?

الجواب:

حكم الشعب نفسه بنفسه.

ഉത്തരം :

അത് ജനങ്ങളെ ജനങ്ങളാൽ തന്നെ (തിരഞ്ഞെടുത്ത്) ഭരിക്കലാകുന്നു.

٨٨ .ما حكم الديمقراطية ؟

88) ജനാധിപത്യത്തിന്റെ വിധിയെന്താണ്?

الجواب:

شرك أكبرٌ.

ഉത്തരം:

അത് വലിയ ശിർക്കാകുന്നു.

٨٩ .ما حكم الحزبية ؟

89) ഹിസ്ബിയ്യത്തിന്റെ (കക്ഷിത്വത്തിന്റെ) വിധിയെന്താണ്?

الجواب:

حرام.

ഉത്തരം:

അത് ഹറാം ആകുന്നു.

٩٠ .هل لله أسماء وصفات ؟

90) അല്ലാഹുവിന് നാമങ്ങളും വിശേഷണങ്ങളും ഉണ്ടോ?

الجواب:

نعم، له أسماء، وصفات تليق بجلاله.

ഉത്തരം:

അതെ, അവന്റെ ഔന്നത്യത്തിനു യോജിക്കുന്ന നാമങ്ങളും വിശേഷണങ്ങളും അവനുണ്ട്.

٩١ .اكتب سورة الإخلاص ؟

91) സൂറത്തുൽ ഇഖ്ലാസ് എഴുതുക?

الجواب:

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

{قُلْ هُوَ اللَّهُ أَحَدٌ * اللَّهُ الصَّمَدُ * لَمْ يَلِدْ وَلَمْ يُولَدْ * وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ} [الإخلاص:1-4].

ഉത്തരം:

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

{قُلْ هُوَ اللَّهُ أَحَدٌ * اللَّهُ الصَّمَدُ * لَمْ يَلِدْ وَلَمْ يُولَدْ * وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ} [الإخلاص:1-4].

٩٢ .كم أسماء الله ؟

92) അല്ലാഹുവിന് എത്ര നാമങ്ങളുണ്ട്?

الجواب:

كثيرة لا نعلم عددها، ومنها تسعة وتسعون اسمًا من أحصاها دخل الجنة.

ഉത്തരം:

അവ ധാരാളമാണ് അവയുടെ എണ്ണം നമുക്ക് അറിയില്ല, അവയിലെ തൊണ്ണൂറ്റി ഒൻപതു പേരുകൾ ആരാണോ

അവ ഹൃദ്യസ്ഥമാക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തുത് അവൻ സ്വർഗത്തിൽ പ്രവേശിക്കും.

٩٣. اذكر عشرة من أسماء الله ؟

93) അല്ലാഹുവിന്റെ നാമങ്ങളിൽ നിന്നും പത്തെണ്ണം പരാമർശിക്കുക?

الجواب:

الرحمن – الرحيم – الملك – القدوس _ السلام – المؤمن – المهيمن –

العزيز – الجبار – المتكبر.

ഉത്തരം:

അർറഹ്മാൻ – അർറഹീം – അൽ മലിക് – അൽ ഖുദ്ദൂസ് – അസ്സലാം –അൽ മുഅ്മിൻ – അൽ മുഹയ്മിൻ –അൽ അസീസ് – അൽ ജബ്ബാർ – അൽ മുതകബ്ബിർ.

٩٤. ماذا تُسمى أسماء الله ؟

94) അല്ലാഹുവിന്റെ നാമങ്ങളെ എന്താണ് വിളിക്കപ്പെടുക?

الجواب:

الأسماء الحسنى، قَالَ تَعَالَى:﴿وَلِلَّهِ ٱلْأَسْمَآءُ ٱلْحُسْنَىٰ فَٱدْعُوهُ بِهَا ۖ وَذَرُوا۟ ٱلَّذِينَ يُلْحِدُونَ فِىٓ أَسْمَٰٓئِهِۦ ۚ سَيُجْزَوْنَ مَا كَانُوا۟ يَعْمَلُونَ﴾ [الأعراف: ١٨٠].

ഉത്തരം:

അസ്മാഉൽ ഹുസ്നാ (ഏറ്റവും നല്ല നാമങ്ങൾ), അല്ലാഹു പറഞ്ഞു :﴿അല്ലാഹുവിന് ഏറ്റവും നല്ല നാമങ്ങളുണ്ട്. അതിനാൽ ആ നാമങ്ങകളിൽ അവനെ നിങ്ങൾ

വിളിച്ചുകൊള്ളുക, അവൻറെ നാമങ്ങളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തു വരുന്നതിൻറെ ഫലം അവർക്കു വഴിയെ നൽകപ്പെടും﴿ [അൽ അഅ്റാഫ്:180]

٩٥. أيهما أكثر أسماء الله أم صفاته ؟

95) ഏതാണ് ഏറ്റവും കൂടുതൽ അല്ലാഹുവിന്റെ നാമങ്ങളാണോ അതോ വിശേഷണങ്ങളാണോ?

الجواب:

صفاته أكثر.

ഉത്തരം:

അവന്റെ വിശേഷണങ്ങളാണ് ഏറ്റവും കൂടുതൽ.

٩٦. اذكر عشرًا من صفاته ؟

96) അവന്റെ വിശേഷണങ്ങളിൽ നിന്നും പത്തെണ്ണം പരാമർശിക്കുക?

الجواب:

الرحمة - العلم – القدرة – العزة – الكبر – الهيمنة – الخلق – السمع – البصر – الإرادة.

ഉത്തരം:

കാരുണ്യം – അറിവ് – കഴിവ് – പ്രതാപം – മഹത്വം – മേൽനോട്ടം വഹിക്കൽ – സൃഷ്ടിപ്പ്– കേൾവി – കാഴ്ച – ഉദ്ദേശം.

٩٧. ماذا تُسمى صفات الله ؟

97) അല്ലാഹുവിന്റെ വിശേഷണങ്ങളെ എന്താണ് വിളിക്കപ്പെടുക?

الجواب:

صفاته العليا، ﴿وَلَهُ ٱلْمَثَلُ ٱلْأَعْلَىٰ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ﴾ [الروم:27]

﴿وَلِلَّهِ ٱلْمَثَلُ ٱلْأَعْلَىٰ ۚ﴾ [النحل:60].

ഉത്തരം:

അവന്റെ അത്യുന്നതമായ വിശേഷണങ്ങൾ, ﴾ആകാശങ്ങളിലും ഭൂമിയിലും ഏറ്റവും ഉന്നതമായ വിശേഷണമുള്ളത് അവന്നാകുന്നു﴿ [അർറൂം:27].

﴾അല്ലാഹുവിന്നാകുന്നു അത്യുന്നതമായ വിശേഷണം﴿ [അന്നഹ്ൽ:60].

٩٨. من هم الذين قالوا يد الله مغلولة؟ وبماذا رد الله عليهم ؟

98) അല്ലാഹുവിന്റെ കൈകൾ ബന്ധിക്കപ്പെട്ടവയാണെന്ന് പറഞ്ഞവർ ആരാണ്? അല്ലാഹു എന്താണ് അവർക്ക് മറുപടി നൽകിയത്?

الجواب:

هم اليهود، ورد الله عليهم بقوله: ﴿غُلَّتْ أَيْدِيهِمْ وَلُعِنُوا۟ بِمَا قَالُوا۟ ۘ بَلْ يَدَاهُ مَبْسُوطَتَانِ يُنفِقُ كَيْفَ يَشَآءُ﴾ [المائدة: ٦٤].

ഉത്തരം :

അവർ യഹൂദികളാകുന്നു, അല്ലാഹു അവർക്ക് അവന്റെ (ഈ) വചനം കൊണ്ട് മറുപടി നൽകി:

﴿അവരുടെ കൈകൾ ബന്ധിതമാകട്ടെ. അവർ പറഞ്ഞ വാക്ക് കാരണം അവർ ശപിക്കപ്പെട്ടിരിക്കുന്നു. അല്ല, അവൻറെ ഇരു കൈകളും നിവർത്തപ്പെട്ടവയാകുന്നു. അവൻ എങ്ങനെ ഉദ്ദേശിക്കുന്നുവോ അങ്ങനെ ചെലവഴിക്കുന്നു﴾ [അൽ മാഇദഃ:64]

٩٩ .كم الرحمة التي خلقها الله ؟

99) അല്ലാഹു സൃഷ്ടിച്ച റഹ്മത്ത് (കാരുണ്യം) എത്രയാണ്?

الجواب:

مائة رحمة.

ഉത്തരം : നൂറ് റഹ്മത്തുകൾ.

١٠٠ .كم وضع في الأرض منها ؟

100) അതിൽ എത്രയാണ് ഭൂമിയിൽ വെച്ചത് (ഇറക്കിയത്)?

الجواب:

رحمة واحدة.

ഉത്തരം : ഒരു റഹ്മത്ത്.



١٠١ .أيهما سبق رحمة الله أم غضبه ؟

101) ഏതാണ് മുൻകടന്നത് അല്ലാഹുവിന്റെ റഹ്മത്താണോ (കാരുണ്യമാണോ) അതോ അവന്റെ ഗദബാണോ (കോപമാണോ)?

الجواب:

رحمته سبقت غضبه.

ഉത്തരം :

അവന്റെ റഹ്മത്ത് അവന്റെ ഗദബിനെ മുൻകടന്നിരിക്കുന്നു.

١٠٢ .بماذا نتوسل إلى الله ؟

102) എന്ത് മുഖേനയാണ് നമ്മൾ അല്ലാഹുവിലേക്ക് തവസ്സുൽ ചെയ്യുക?

الجواب:

أ- بأسمائه وصفاته .ب- بالعمل الصالح . ج- بدعاء الرجل الصالح.

1) അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും മുഖേന.

2) സൽകർമ്മം മുഖേന.

3) സച്ചരിതനായ വ്യക്തിയുടെ ദുആ മുഖേന.

١٠٣ .ما معنى محمد رسول الله؟

103) എന്താണ് "മുഹമ്മദുൻ റസൂലുല്ലാഹ്" എന്നതിന്റെ അർത്ഥം?

الجواب:

أنه رسول الله إلى الناس كافة من الجن والأنس.

ഉത്തരം:

അതിനർത്ഥം അദ്ദേഹം മനുഷ്യരിലും ജിന്നുകളിലും പെട്ട മുഴുവൻ ആളുകളിലേക്കുമുള്ള അല്ലാഹുവിന്റെ റസൂലാണെന്നാകുന്നു.

١٠٤ .من هو الذي يجب أن نحبه أكثر من جميع الناس؟

104) എല്ലാ ജനങ്ങളേക്കാളും നമ്മൾ നിർബന്ധമായും സ്നേഹിക്കേണ്ടത്  ആരെയാണ്?

الجواب:

محمد رسول الله ﷺ.

ഉത്തരം :

അല്ലാഹുവിന്റെ റസൂൽ മുഹമ്മദ് ﷺ.

١٠٥ .ما هي شروط قبول العمل ؟

105) കർമ്മങ്ങൾ സ്വീകാര്യമാകുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാം?

الجواب:

1- الإخلاص لله تعالى   2- المتابعة لرسول الله ﷺ.

ഉത്തരം :

1) അല്ലാഹുവിനു വേണ്ടി മാത്രം നിഷ്കളങ്കമാകലും.

2) അല്ലാഹുവിന്റെ റസൂലിനെ ﷺ പിൻപറ്റലും (തന്റെ കർമ്മങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിന്റെ ﷺ മാർഗനിർദ്ദേശം ഉണ്ടാവലും).

١٠٦. ماذا نسمي العمل إذا لم يكن على هدي النبي ﷺ؟

106) നബിയുടെ ﷺ മാർഗനിർദ്ദേശം ഇല്ലാത്ത ഒരു കർമ്മത്തെ നാം എന്തു വിളിക്കും?

الجواب:

يسمى بدعة.

ഉത്തരം :

അതിനെ ബിദ്അത്ത് (പുത്തനാചാരം) എന്ന് വിളിക്കപ്പെടും.

١٠٧. في أي سورة قوله تعالى: ﴿أَمْ لَهُمْ شُرَكَٰٓؤُاْ شَرَعُواْ لَهُم مِّنَ ٱلدِّينِ مَا لَمْ يَأْذَنۢ بِهِ ٱللَّهُ ۚ وَلَوْلَا كَلِمَةُ ٱلْفَصْلِ لَقُضِىَ بَيْنَهُمْ ۗ وَإِنَّ ٱلظَّٰلِمِينَ لَهُمْ عَذَابٌ أَلِيمٌ﴾.

107) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ ഈ വചനം:

﴿അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം ദീനായി അവർക്ക് നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ? നിർണായക വിധിയെ പറ്റിയുള്ള കൽപന നിലവിലില്ലായിരുന്നെങ്കിൽ അവർക്കിടയിൽ ഉടനെ വിധികൽപിക്കപ്പെടുമായിരുന്നു. അക്രമികളാരോ അവർക്ക് തീർച്ചയായും വേദനയേറിയ ശിക്ഷയുണ്ട്.﴾

الجواب:

في سورة الشورى.

ഉത്തരം :

സൂറത്തു അശ്ശൂറാ -യിൽ.

١٠٨. هل البدعة شر وضلالة ؟

108) ബിദ്അത്ത് തിന്മയും വഴികേടുമാണോ?

الجواب:

نعم.

ഉത്തരം :

അതെ.

١٠٩. هل البدعة تُقبل أو ترد ؟

109) ബിദ്അത്ത് സ്വീകരിക്കപ്പെടുമോ അതോ തള്ളപ്പെടുമോ?

الجواب:

البدعة ترد، ولا يقبلها الله.

ഉത്തരം :

ബിദ്അത്ത് തള്ളപ്പെടും, അല്ലാഹു അത് സ്വീകരിക്കുകയില്ല.

١١٠. هل في الدين بدعة حسنة ؟

110) ദീനിൽ നല്ല ബിദ്അത്ത് (എന്ന ഒന്ന്) ഉണ്ടോ?

الجواب:

ليس في الدين بدعة حسنة، بل كل بدعة ضلالة.

ഉത്തരം :
ദീനിൽ നല്ല ബിദ്അത്ത് (എന്ന ഒന്ന്) ഇല്ല, മറിച്ച് എല്ലാ ബിദ്അത്തുകളും വഴികേടാകുന്നു.

١١١. في أي سورة قوله تعالى: ﴿لَّقَدْ كَانَ لَكُمْ فِى رَسُولِ ٱللَّهِ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُوا۟ ٱللَّهَ وَٱلْيَوْمَ ٱلْءَاخِرَ وَذَكَرَ ٱللَّهَ كَثِيرًا﴾.

111) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ ഈ വചനം:

﴿തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിൻറെ റസൂലിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ച് കൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്﴾

الجواب:

في سورة الأحزاب.

ഉത്തരം :
സൂറത്തു അൽ അഹ്സാബ് – ൽ.

# فصل الإيمان بالملائكة

# (3) മലക്കുകളിലുള്ള ഈമാനിന്റെ അദ്ധ്യായം

١١٢ .ماذا يسمى الإيمان بالملائكة، والجنة، والنار، والحوض، والصراط، وجميع الأشياء التي لم نرها بأعيننا ؟

112) മലക്കുകളിലും, സ്വർഗ്ഗത്തിലും നരകത്തിലും, ഹൗദിലും, സ്വിറാത്തിലും നമ്മുടെ കണ്ണുകൾ കൊണ്ട് നാം കണ്ടിട്ടില്ലാത്തതായ എല്ലാ വസ്തുക്കളിലും ഉള്ള വിശ്വാസത്തെ എന്താണ് വിളിക്കപ്പെടുക?

الجواب:

الإيمان بالغيب.

ഉത്തരം :

അദൃശ്യകാര്യങ്ങളിലുള്ള വിശ്വാസം.

١١٣ .ممَّ خلقت الملائكة ؟

113) എന്തിൽ നിന്നാണ് മലക്കുകൾ സൃഷ്ടിക്കപ്പെട്ടത്?

الجواب:

من نور.

ഉത്തരം : പ്രകാശത്തിൽ നിന്ന്.

١١٤. من هو أفضل الملائكة ؟

114) മലക്കുകളിൽ ഏറ്റവും ശ്രേഷ്ഠൻ ആരാണ്?

الجواب:

جبريل عليه السلام.

ഉത്തരം :

ജിബ്‌രീൽ عليه السلام.

١١٥. من هو روح القدس ؟

115) ആരാണ് റൂഹുൽ ഖുദ്സ്?

الجواب:

جبريل عليه السلام.

ഉത്തരം :

ജിബ്‌രീൽ عليه السلام.

١١٦. من هو الذي شق صدر النبي ﷺ وغسله بماء زمزم ؟

116) നബി ﷺ യുടെ നെഞ്ചു പിളർത്തിയതും അതിനെ സംസം വെള്ളം കൊണ്ട് കഴുകിയതും ആരാണ്?

الجواب:

جبريل عليه السلام.

ഉത്തരം :

ജിബ്‌രീൽ عليه السلام.

١١٧ .من هو الروح الأمين ؟

117) ആരാണ് റൂഹുൽ അമീൻ?

الجواب:

جبريل عليه السلام.

ഉത്തരം :

ജിബ്‌രീൽ عليه السلام.

١١٨ .من هو الذي نزل بالوحي على الأنبياء من الله عز وجل ؟

118) അല്ലാഹുവിൽ عز وجل നിന്നും നബിമാരിലേക്ക് വഹിയുമായി ഇറങ്ങിയത് ആരാണ്?

الجواب:

جبريل عليه السلام.

ഉത്തരം :

ജിബ്‌രീൽ عليه السلام.

١١٩ .هل للملائكة أجنحة ؟

119) മലക്കുകൾക്ക് ചിറകുകൾ ഉണ്ടോ?

الجواب:

نعم.

ഉത്തരം :

ഉണ്ട്.

١٢٠ .كم جناحًا لجبريل عليه السلام ؟

120) ജിബ്‌രീലിന് عليه السلام എത്ര ചിറകുകളുണ്ട്?

الجواب:

ستمائة جناح.

ഉത്തരം :

അറുന്നൂറ് ചിറകുകൾ.

١٢١ .كم مرة رأى النبي ﷺ جبريل على صورته؟

121) നബി ﷺ ജിബ്‌രീലിനെ അദ്ദേഹത്തിന്റെ സ്വരൂപത്തിൽ എത്ര തവണ കണ്ടിട്ടുണ്ട്?

الجواب:

مرتين.

ഉത്തരം : രണ്ട് തവണ.

١٢٢ .لمن تضع الملائكة أجنحتها ؟

122) മലക്കുകൾ അവരുടെ ചിറകുകൾ താഴ്ത്തിക്കൊടുക്കുന്നത് ആർക്കാണ്?

الجواب:

لطالب العلم.

ഉത്തരം :

ത്വാലിബുൽ ഇൽമ് – ന് (മതവിജ്ഞാനം തേടുന്നവന്).

١٢٣ .من هو الملَك الموكل بالقطر(المطر) والنبات ؟

123) മഴയുടെയും സസ്യങ്ങളുടെയും ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ട മലക്ക് ആരാണ്?

الجواب:

ميكائيل عليه السلام.

ഉത്തരം :

മീകാഈൽ عليه السلام.

١٢٤ .من هو الملَك الموكل بالنفخ في الصور ؟

124) സൂറിൽ (കാഹളത്തിൽ) ഊതാനായി ഏൽപ്പിക്കപ്പെട്ട മലക്ക് ആരാണ്?

الجواب:

إسرافيل عليه السلام.

ഉത്തരം :

ഇസ്റാഫീൽ عليه السلام.



١٢٥ .من هو خازن النار ؟

125) നരകത്തിന്റെ കാവൽക്കാരൻ ആരാണ്?

الجواب:

مالك عليه السلام.

ഉത്തരം :

മാലിക് عليه السلام.

١٢٦ .من هما الملَكان الموكلان بالسؤال في القبر ؟

126) ഖബറിലെ ചോദ്യം ചെയ്യലിനായി നിയോഗിക്കപ്പെട്ട രണ്ട് മലക്കുകൾ ആരൊക്കെയാണ്?

الجواب:

منكر ونكير عليهما السلام.

ഉത്തരം :

മുൻകറും നകീറും عليهما السلام.

١٢٧ .كم هم حملة العرش يوم القيامة ؟

127) ഉയർത്തെഴുന്നേൽപ്പിന്റെ നാളിൽ (അല്ലാഹുവിന്റെ) അർശ് വഹിക്കുന്നവർ എത്രയാണ്?

الجواب:

ثمانية.

ഉത്തരം :

എട്ട്.

١٢٨ .اذكر بعض أعمال الملائكة ؟

128) മലക്കുകളുടെ പ്രവർത്തനങ്ങളിൽ ചിലത് പരാമർശിക്കുക?

الجواب:

[1]ملائكة سيارة [2] حفظة الإعمال [3]حفظة الأبدان [4]حملة العرش [5] خزنة الجنة [6] خزنة جهنم [7]ملائكة القبر.

ഉത്തരം :

[1] (ഭൂമിയിൽ) സഞ്ചരിക്കുന്ന (അല്ലാഹുവിനെ സ്മരിക്കുന്ന ഇടങ്ങളിൽ സന്നിഹിതരാകുന്ന) മലക്കുകൾ.

[2] കർമ്മങ്ങൾ രേഖപ്പെടുത്തി വെക്കുന്നവർ.

[3] (ആദം സന്തതികളുടെ) ശരീരങ്ങളെ സംരക്ഷിക്കുന്നവർ.

[4] അർശ് വഹിക്കുന്നവർ.

[5] സ്വർഗ്ഗത്തിന്റെ കാവൽക്കാർ.

[6] നരകത്തിന്റെ കാവൽക്കാർ.

[7] ഖബറിലെ (ചോദ്യം ചെയ്യലിനായി നിയോഗിക്കപ്പെട്ട) മലക്കുകൾ.

١٢٩ .ما هي أسماء ملائكة العذاب التي ذكرت في سورة العلق ؟

129)സൂറത്തുൽ അലഖ് – ൽ പരാമർശിക്കപ്പെട്ട (നരകവാസികളുടെ) ശിക്ഷക്കായി (നിയോഗിക്കപ്പെട്ട) മലക്കുകളുടെ പേരെന്താണ്?

الجواب:

الزبانية.

ഉത്തരം :

അസ്സബാനിയ.

١٣٠. من هو الملَك الموكل بقبض الأرواح ؟

130) റൂഹുകളെ പിടിച്ചെടുക്കലുമായി നിയോഗിക്കപ്പെട്ട മലക്ക് ആരാണ്?

الجواب:

مَلَك الموت.

ഉത്തരം :

മലക്കുൽ മൗത്.

١٣١. هل ثبت إن اسم ملَك الموت عزرائيل ؟

131) മലക്കുൽ മൗതിന്റെ പേര് അസ്റാഈൽ ആണെന്ന് സ്ഥിരപ്പെട്ടിട്ടുണ്ടോ?

الجواب:

لا يثبت.

ഉത്തരം :

അത് സ്ഥിരപ്പെട്ടതല്ല.



١٣٢. هل الملائكة يأكلون ويشربون ؟

132) മലക്കുകൾ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുമോ?

الجواب:

لا، قال الله تعالى: ﴿فَلَمَّا رَءَآ أَيْدِيَهُمْ لَا تَصِلُ إِلَيْهِ نَكِرَهُمْ﴾ [هود:70].

ഉത്തരം :

ഇല്ല, അല്ലാഹു تعالى പറഞ്ഞു :

﴿എന്നിട്ട് അവരുടെ കൈകൾ അതിലേക്ക് (അദ്ദേഹം കൊണ്ടു വന്ന പൊരിച്ച മൂരിക്കുട്ടിയിലേക്ക്) നീളുന്നില്ലെന്ന് കണ്ടപ്പോൾ അദ്ദേഹത്തിന് അവരുടെ കാര്യത്തിൽ പന്തികേട് തോന്നി﴾ [ഹൂദ്:70]

١٣٣. ما اسم البيت الذي في السماء السابعة، وكم يدخله كل يوم من الملائكة ؟

133) ഏഴാം ആകാശത്തിലുള്ള ഭവനത്തിന്റെ പേരെന്താണ്, മലക്കുകളിൽ നിന്നും എത്ര പേർ അതിൽ എല്ലാ ദിവസവും പ്രവേശിക്കുന്നുണ്ട്?

الجواب:

البيت المعمور، ويدخله كل يوم سبعون ألف مَلَك، لا يعودون إليه آخر ما عليهم.

ഉത്തരം :

അൽ ബയ്തുൽ മഅ്മൂർ, അതിൽ എല്ലാ ദിവസവും എഴുപതിനായിരം മലക്കുകൾ പ്രവേശിക്കുന്നുണ്ട്, ഒരു പ്രാവശ്യം വന്നവർ അതിലേക്ക് പിന്നെ മടങ്ങുകയില്ല.

١٣٤ .هل من الملائكة من يعصي الله ؟

134) മലക്കുകളിൽ ആരെങ്കിലും അല്ലാഹുവോട് അനുസരണക്കേട് കാണിക്കുമോ?

الجواب:

لا قال الله تعالى : ﴿لَّا يَعْصُونَ ٱللَّهَ مَآ أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ﴾ [التحريم:6].

ഉത്തരം :

ഇല്ല, അല്ലാഹു تعالى പറഞ്ഞു :

﴿അല്ലാഹു അവരോട് കൽപിച്ചകാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും﴾. [അത്തഹ്രീം:6].

١٣٥ .أين تَكتُب الملائكة أعمال بني آدم ؟

135) ആദം സന്തതിയുടെ കർമ്മങ്ങൾ മലക്കുകൾ എവിടെയാണ് രേഖപ്പെടുത്തുക?

الجواب:

في صحائف الأعمال.

ഉത്തരം :

കർമ്മങ്ങളുടെ ഏടുകളിൽ.



١٣٦. هل عدد الملائكة كثير ؟

136) മലക്കുകളുടെ എണ്ണം ഒരുപാടാണോ?

الجواب:

نعم، ولا يحصيهم إلا الله؛ ﴿وَمَا يَعْلَمُ جُنُودَ رَبِّكَ إِلَّا هُوَ﴾ [المدَّثر:31].

وحديث: [وما في السماء موضع أربع أصابع إلا ملك راكعٌ أو ساجدٌ]

ഉത്തരം :

അതെ, അല്ലാഹുവല്ലാതെ മറ്റാരും അവരെ എണ്ണി തിട്ടപ്പെടുത്തുകയില്ല;

﴿നിൻ്റെ റബ്ബിൻ്റെ സൈന്യങ്ങളെ അവനല്ലാതെ മറ്റാരും അറിയുകയില്ല﴾ [അൽ മുദ്ദസിർ:31].

ഹദീസിൽ (വന്ന പ്രകാരം) :

«ആകാശത്ത് നാല് വിരലുകൾ വെക്കപ്പെടുന്നിടത്ത് ഒരു മലക്ക് റുകൂഅ് ചെയ്യുന്നതായോ സുജൂദ് ചെയ്യുന്നതായോ അല്ലാതെയില്ല»

١٣٧. هل في الملائكة شر ؟

137) മലക്കുകളിൽ മോശപ്പെട്ടവർ ഉണ്ടോ?

الجواب:

لا.

ഉത്തരം : ഇല്ല.

١٣٨ .أيهما خُلِقَ أولًا الجن أم الأنس ؟

138) ജിന്നാണോ മനുഷ്യനാണോ ആദ്യം സൃഷ്ടിക്കപ്പെട്ടത്?

الجواب:

الجن أولًا.

ഉത്തരം :

ജിന്നാണ് ആദ്യം സൃഷ്ടിക്കപ്പെട്ടത്.

١٣٩ .هل نرى الجن والشياطين على هيئتهم ؟

139) ജിന്നുകളെയും ശൈത്വാന്മാരെയും അവരുടെ പ്രകൃതിയിൽ (രൂപത്തിൽ) നാം കാണുമോ?

الجواب:

لا.

ഉത്തരം :

ഇല്ല.

١٤٠ .هل نخاف من الجن والشياطين ؟

140) ജിന്നുകളെയും ശൈത്വാന്മാരെയും നാം പേടിക്കാമോ?

الجواب:

لا، إنما نخاف من الله وحده.

ഉത്തരം :

ഇല്ല, അല്ലാഹുവെ മാത്രമേ നാം ഭയപ്പെടുകയുള്ളൂ.

١٤١. هل الجن كلهم كفار ؟

141) ജിന്നുകൾ മുഴുവനും കാഫിറുകളാണോ?

الجواب:

لا: منهم المسلم، ومنهم الكافر.

ഉത്തരം :

അല്ല: അവരിൽ മുസ്ലിമും ഉണ്ട് കാഫിറും ഉണ്ട്.

١٤٢. ما مصير مؤمن الجن وكافرهم ؟

142) ജിന്നുകളിലെ മുഅ്മിനിന്റെ സങ്കേതം (ചെന്നെത്തിപ്പെടുന്നിടം) എന്താണ്? അവരിലെ കാഫിറിന്റെയോ?

الجواب:

مؤمنهم يدخل الجنة، وكافرهم يدخل النار.

ഉത്തരം :

അവരിലെ മുഅ്മിൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും, അവരിലെ കാഫിർ നരകത്തിലും പ്രവേശിക്കും.

١٤٣. ما هي الحيوانات التي ممكن أن ترى الجن ؟

143) ജിന്നുകളെ കാണാൻ സാധ്യതയുള്ള മൃഗങ്ങൾ ഏവയാണ്?

الجواب:

الحمير، والكلاب.

ഉത്തരം :

കഴുതകളും പട്ടികളും.

١٤٤ .هل الجن يأكلون ويشربون ؟

144) ജിന്നുകൾ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുമോ?

الجواب:

نعم.

ഉത്തരം :

അതെ.

١٤٥ .أين يسكن الجن ؟

145) ജിന്നുകൾ വസിക്കുന്നത് എവിടെയാണ്?

الجواب:

في الخرابات، والصحاري، ومواضع النجاسة كالحمامات، والحشوش، والمزابل، والمقابر، والأسواق.

ഉത്തരം :

ഇടിഞ്ഞുപൊളിഞ്ഞ ഇടങ്ങളിൽ, മരുഭൂമികളിൽ, ശൗചാലയങ്ങൾ പോലെ നജസുള്ള ഇടങ്ങളിൽ, ഉദ്യാനങ്ങളിൽ, മാലിന്യം നിക്ഷേപിക്കുന്ന ഇടങ്ങളിൽ, മഖ്ബറകളിൽ, അങ്ങാടികളിൽ.

١٤٦ .ماذا يقول الشيطان لأتباعه إذا دخل الرجل بيته فقال بسم الله وإذا أكل فقال بسم الله ؟

146) ഒരു വ്യക്തി അവന്റെ വീട്ടിൽ പ്രവേശിച്ചാൽ തുടർന്ന് "ബിസ്മില്ലാഹ്" എന്നും, അയാൾ ഭക്ഷിക്കുകയാണെങ്കിൽ തുടർന്ന് "ബിസ്മില്ലാഹ്" എന്നും പറഞ്ഞാൽ ശൈത്വാൻ തന്റെ അനുയായികളോട് എന്താണ് പറയുക?

الجواب:

يقول لهم: لا مبيت لكم ولا عشاء.

ഉത്തരം :

അവൻ അവരോട് പറയും : നിങ്ങൾക്ക് വാസസ്ഥലമോ അത്താഴമോ ഇല്ല.

١٤٧ .هل للجن ذرية ؟

147) ജിന്നുകൾക്ക് സന്തതികളുണ്ടോ?

الجواب:

نعم.

ഉത്തരം :

ഉണ്ട്.

١٤٨ .هل الجن يموتون ؟

148) ജിന്നുകൾ മരിച്ചുപോകുമോ?

الجواب:

نعم.

ഉത്തരം :

അതെ.

١٤٩ .هل تسكن الشياطين في البيوت التي يسكنها الناس؟ وكيف تطرد منها ؟

149) ജനങ്ങൾ താമസിക്കുന്ന വീടുകളിൽ ശൈത്വാന്മാർ വസിക്കുമോ? അവയിൽ നിന്നും അവർ ആട്ടിയകറ്റപ്പെടുന്നത് എങ്ങനെ?

الجواب:

نعم، وتطرد بالتسمية، وذكر الله، وقراءة القرآن خاصة سورة البقرة.

ഉത്തരം :

അതെ, തസ്മിയ ("ബിസ്മില്ലാഹ്" എന്ന് പറയൽ) മുഖേനയും, അല്ലാഹുവിന്റെ ദിക്ർ മുഖേനയും, ഖുർആൻ പാരായണം പ്രത്യേകിച്ച് അൽ ബഖറ മുഖേനയും അവർ ആട്ടിയകറ്റപ്പെടും.



١٥٠ .ما هو الشيء الذي يهرب منه الشيطان ولا يطيق سماعه ؟

150) ശൈത്വാൻ കേട്ടാൽ വിരണ്ടോടുന്നതും അതിന്റെ കേൾവിക്ക് ത്രാണിയില്ലാത്തതുമായ കാര്യമെന്താണ്?

الجواب:

الأذان.

ഉത്തരം :

അദാൻ(ബാങ്ക്).

١٥١ .متى تُقَيَّد مردة الشياطين ؟

151) എപ്പോഴാണ് ശൈത്വാന്മാരുടെ ധിക്കാരത ബന്ധിക്കപ്പെടുക?

الجواب:

في رمضان.

ഉത്തരം :

റമദാനിൽ.

١٥٢ .هل للشيطان قرون ؟

152) ശൈത്വാന് കൊമ്പുകൾ ഉണ്ടോ?

الجواب:

نعم، فالشمس تطلع، وتغرب بين قرني شيطان.

ഉത്തരം :
ഉണ്ട്, സൂര്യൻ ഉദിക്കുന്നതും അസ്തമിക്കുന്നതും ശൈത്വാന്റെ രണ്ട് കൊമ്പുകൾക്കിടയിലാണ്.

١٥٣ .ما مكان الشيطان من ابن آدم ؟

153) ആദം സന്തതിയിലെ പൈശാചിന്റെ സ്ഥാനം എന്താണ്?

الجواب:

يجري منه مجرى الدم.

ഉത്തരം :

അവന്റെ രക്തം ഒഴുകുന്നിടത്ത് അവൻ ഓടും (ചരിക്കും).

١٥٤ .من هم الذين لا سلطان للشيطان عليهم ؟

154) പൈശാചിന് ഒരു മേൽക്കോയ്മയും ഇല്ലാത്തവർ ആരാണ്?

الجواب:

هم عباد الله المخلصين.

ഉത്തരം :

അവർ അല്ലാഹുവിന്റെ നിഷ്കളങ്കരായ അടിമകളാകുന്നു.



١٥٥. هل للإنسان شيطان يلازمه ؟

155) മനുഷ്യന് (അവനോടൊപ്പം) അവനെ വിട്ടുപിരിയാത്ത ഒരു ശൈത്വാൻ ഉണ്ടോ?

الجواب:

نعم، وهو القرين.

ഉത്തരം :

ഉണ്ട്, അവനാകുന്നു ഖരീൻ.

١٥٦. من هو الذي أسلم قرينه ؟

156) ആരുടെ ഖരീനാണ് ഇസ്ലാം സ്വീകരിച്ചത്?

الجواب:

النبي ﷺ.

ഉത്തരം : നബിയുടെ ﷺ.

١٥٧. هل الجن يتشكلون ؟

157) ജിന്നുകൾ രൂപം മാറുമോ?

الجواب:

نعم، في صور كثيرة كالآدميين، والحيوانات، خصوصًا الأسود منها.

ഉത്തരം :

അതെ, മനുഷ്യന്മാർ മൃഗങ്ങൾ പ്രത്യേകിച്ച് അവയിലെ (മൃഗങ്ങളിലെ) കറുത്തത് പോലെ ഒരുപാട് രൂപങ്ങളിൽ.

١٥٨ .هل يستطيع الشيطان التمثل في صورة النبي ﷺ ؟

158) പൈശാചിന് നബിയുടെ ﷺ രൂപത്തിൽ വേഷം മാറാൻ സാധിക്കുമോ?

الجواب:

لا.

ഉത്തരം :

ഇല്ല.

١٥٩ .هل الجن مكلفون ؟

159) ജിന്നുകൾ (അവരുടെ പ്രവർത്തനങ്ങൾക്ക്) ഉത്തരം പറയാൻ ബാധ്യസ്ഥരാണോ?

الجواب:

نعم.

ഉത്തരം :

അതെ.

١٦٠ .هل من الجن رسل ؟

160) ജിന്നുകളിൽ റസൂലുകൾ ഉണ്ടോ?

الجواب:

لا، ولكن منهم نُذُر.

ഉത്തരം :

ഇല്ല, പക്ഷെ അവരിൽ മുന്നറിയിപ്പുകാരുണ്ട്.

١٦١. هل الشيطان عدو لنا ؟

161) ശൈത്വാൻ നമ്മുടെ ശത്രുവാണോ?

الجواب:

نعم.

ഉത്തരം :

അതെ.

١٦٢. ما هو الهدف الكبير الذي يسعى الشيطان لتحقيقه ؟

162) ശൈത്വാൻ സാക്ഷാത്കരിക്കാൻ പരിശ്രമിക്കുന്ന വലിയ ലക്ഷ്യം എന്താണ്?

الجواب:

هدفه أن يُلقي الإنسان في نار جهنم.

ഉത്തരം :

മനുഷ്യനെ നരകതീയിൽ എറിയുക എന്നതാണ് അവന്റെ ലക്ഷ്യം.



١٦٣ .اذكر بعض وسائل الشيطان لتحقيق ذلك الهدف ؟

163) ആ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള ശൈത്വാന്റെ മാർഗങ്ങൾ ചിലത് പരാമർശിക്കുക?

الجواب:

- ❖ إيقاع الناس في الشرك والكفر
- ❖ إيقاعهم في الذنوب
- ❖ إيقاعهم في البدع
- ❖ صدهم عن الطاعة
- ❖ غرس العداوة بينهم
- ❖ الوسوسة لإفساد الطاعات
- ❖ مشاركتهم في طعامهم وشرابهم ومساكنهم إذا لم يذكر اسم الله
- ❖ إعانته بعض الفواسق كالفأرة على إحراق المنازل
- ❖ تخبطه للإنسان عند الموت
- ❖ المس (الصرع).

ഉത്തരം :

- ❖ ജനങ്ങളെ ശിർക്കിലും കുഫ്റിലും വീഴ്ത്തൽ.
- ❖ അവരെ പാപങ്ങളിൽ വീഴ്ത്തൽ.
- ❖ അവരെ ബിദ്അത്തുകളിൽ വീഴ്ത്തൽ.
- ❖ അവരെ (അല്ലാഹുവിനുള്ള) അനുസരണയിൽ നിന്നും തടയൽ.
- ❖ അവർക്കിടയിൽ ശത്രുതയുണ്ടാക്കൽ.

- ❖ (അല്ലാഹുവിനുള്ള) അനുസരണകൾ നശിപ്പിക്കാനായി വസ്‌വാസ് ഉണ്ടാക്കൽ.
- ❖ അവർ "ബിസ്മില്ലാഹ്" ഉച്ചരിച്ചിട്ടില്ലെങ്കിൽ അവരോടൊപ്പം അവരുടെ ഭക്ഷണത്തിലും പാനീയത്തിലും വാസസ്ഥലങ്ങളിലും പങ്കുചേരൽ.
- ❖ എലിയെ പോലെ ഉള്ള ഫവാസിഖുകളിൽ ചിലതിനെ ഭവനങ്ങൾ കത്തിക്കാൻ സഹായിക്കൽ.
- ❖ ഒരു വ്യക്തിയെ മരണ സമയത്തുള്ള അവനെ ആശയക്കുഴപ്പത്തിലാക്കൽ.
- ❖ ജിന്ന് ബാധയും അപസ്മാരവും.

١٦٤. اذكر بعض وسائل الحماية من الشيطان ؟

164) ശൈത്വാനെ പ്രതിരോധിക്കുന്ന മാർഗങ്ങളിൽ ചിലത് പരാമർശിക്കുക?

الجواب:

- ❖ الالتجاء إلى الله
- ❖ الإخلاص لله
- ❖ الالتزام بالكتاب والسنة وعدم الابتداع في الدين
- ❖ الاستعاذة عند دخول الخلاء، وعند الغضب، وعند الجماع، وعند نهيق الحمير، وعند قراءة القرآن،.......
- ❖ تعويذ الأبناء والأهل
- ❖ الإكثار من ذكر الله
- ❖ لزوم جماعة المسلمين

❖ التوبة والاستغفار.

ഉത്തരം :

- ❖ അല്ലാഹുവിനോട് രക്ഷതേടൽ.
- ❖ അല്ലാഹുവിന് നിഷ്കളങ്കമാകൽ.
- ❖ ഖുർആനിലും സുന്നത്തിലും മുറുകെ പിടിക്കൽ ദീനിൽ പുത്തനാചാരം കൊണ്ടുവരാതിരിക്കൽ.
- ❖ വിസർജനത്തിനായി പ്രവേശിക്കുമ്പോളും ദേഷ്യം വരുമ്പോളും ലൈംഗികബന്ധത്തിൽ ഏർപ്പെടുമ്പോളും കഴുതകൾ കരയുമ്പോളും ഖുർആൻ പാരായണം ചെയ്യുമ്പോളും അല്ലാഹുവിനോട് ശൈത്വാനിൽ നിന്ന് അഭയം തേടൽ ("അഊദു ബില്ലാഹി മിനശ്ശൈത്വാനിർറജീം" എന്ന് പറയൽ).
- ❖ മക്കളെയും വീട്ടുകാരെയും തഅ്‌വീദ് ചെയ്യൽ.
- ❖ അല്ലാഹുവിലുള്ള സ്മരണ അധികരിപ്പിക്കൽ.
- ❖ മുസ്ലീങ്ങളുടെ ഐക്യത്തെ മുറുകെ പിടിക്കൽ.
- ❖ തൗബയും ഇസ്തിഗ്ഫാറും (വർദ്ധിപ്പിക്കൽ).

١٦٥. ما هو خير ما يتعوذ به من القرآن ؟

165) തഅ്‌വീദ് ചെയ്യുന്നതിൽ ഖുർആനിൽ നിന്നും ഏറ്റവും ഉത്തമമായത് എന്താണ് (ഏതെല്ലാം സൂറത്തുകളാണ്) ?

الجواب:

قل أعوذ برب الفلق، وقل أعوذ برب الناس.

ഉത്തരം :

"ഖുൽ അഊദു ബിറബ്ബിൽ ഫലഖ് (സൂറത്തുൽ ഫലഖ്) , ഖുൽ അഊദു ബിറബ്ബിന്നാസ് (സൂറത്തു അന്നാസ്)"

١٦٦ .هل الجن يعلمون الغيب ؟

166) ജിന്നുകൾക്ക് അദൃശ്യകാര്യം അറിയുമോ?

الجواب:

لا.

ഉത്തരം :

ഇല്ല.

١٦٧ .أين يضع الشيطان عرشه ؟

167) ശൈത്വാൻ അവന്റെ അർശ് എവിടെയാണ് വെക്കുക?

الجواب:

على الماء.

ഉത്തരം :

വെള്ളത്തിനു മുകളിൽ.

## فصل الإيمان بالكتب

## (4) കിതാബുകളിൽ (വേദ ഗ്രന്ഥങ്ങളിൽ) ഉള്ള ഈമാനിന്റെ അദ്ധ്യായം

١٦٨. اذكر أربعة من الكتب المنزلة ؟

168) (അല്ലാഹുവിൽ നിന്നും) ഇറക്കപ്പെട്ട കിതാബുകളിൽ നാലെണ്ണം പരാമർശിക്കുക?

الجواب:

القران، والتوراة، والإنجيل، والزبور.

ഉത്തരം :

അൽ ഖുർആൻ, അത്തൗറാത്ത്, അൽ ഇൻജീൽ, അസ്സബൂർ.

١٦٩. اذكر على من نزل كل كتاب منها ؟

169) അവയിൽ ഓരോ കിതാബും ആർക്കാണ് ഇറങ്ങിയത് എന്ന് പരാമർശിക്കുക?

الجواب:

القرآن على محمد، والتوراة على موسى، والإنجيل على عيسى، والزبور على داود صلى الله عليهم وسلم أجمعين.

ഉത്തരം :

ഖുർആൻ മുഹമ്മദ് നബിക്കും ﷺ, തൗറാത്ത് മൂസാ നബിക്കും عليه السلام, ഇൻജീൽ ഈസാ നബിക്കും عليه السلام, സബൂർ ദാവൂദ് നബിക്കും عليه السلام ആകുന്നു ഇറക്കപ്പെട്ടത്.

١٧٠ .أي الكتب المنزلة كتبه الله بيده ؟

170) (അല്ലാഹുവിൽ നിന്നും) ഇറക്കപ്പെട്ട കിതാബുകളിൽ അല്ലാഹു തന്റെ കൈകൊണ്ട് എഴുതിയത് ഏതാണ്?

الجواب:

التوراة.

ഉത്തരം :

അത്തൗറാത്ത്.

١٧١ .هل يجوز أن نقرأ في التوراة أو الإنجيل الآن ؟

171) തൗറാത്തോ ഇൻജീലോ ഇപ്പോൾ നാം വായിക്കൽ (നമുക്ക്) അനുവദനീയമാണോ?

الجواب:

لا يجوز؛ لأنها قد حرفت، وقد نسخت بالقرآن.

ഉത്തരം :

അനുവദനീയമല്ല; കാരണം അവ മാറ്റവിധേയമാക്കപ്പെട്ടു കഴിഞ്ഞവയാണ്, (മാത്രമല്ല) അവ ഖുർആൻ മുഖേന ദുർബലപ്പെടുത്തപ്പെട്ട് കഴിഞ്ഞവയുമാണ്.

١٧٢ .ما هو أفضل هذه الكتب ؟

172) ഈ കിതാബുകളിൽ ഏറ്റവും ശ്രേഷ്ഠമായത് ഏതാണ്?

الجواب:

القرآن.

ഉത്തരം :

ഖുർആൻ.

١٧٣ .ماذا تعتقد في القرآن ؟

173) നീ ഖുർആനിനെ കുറിച്ച് എന്താണ് വിശ്വസിക്കുന്നത്?

الجواب:

أنه كلام الله مُنَزَّلٌ، غير مخلوق.

ഉത്തരം :

അത് (അല്ലാഹുവിൽ നിന്നും) ഇറക്കപ്പെട്ട അല്ലാഹുവിന്റെ വചനമാകുന്നു, അത് സൃഷ്ടിയല്ല.

١٧٤ .إلى كم تنقسم آيات الله؟

174) അല്ലാഹുവിന്റെ ആയത്തുകൾ എത്രയായി തരം തിരിഞ്ഞിരിക്കുന്നു?

الجواب:

إلى آيات كونية، وشرعية.



ഉത്തരം :

പ്രാപഞ്ചികമായ ആയത്തുകളായും, (അല്ലാഹ്ഹുവിൽ നിന്നുമുള്ള) നിയമാനുസൃതമായ ആയത്തുകളായും അവ തരംതിരിഞ്ഞിരിക്കുന്നു.

١٧٥. اذكر بعض آيات الله الشرعية؟

175) നിയമാനുസൃതമായ അല്ലാഹുവിന്റെ ആയത്തുകളിൽ ചിലത് പരാമർശിക്കുക?

الجواب:

مثالها آيات القران التي نقرأها.

ഉത്തരം :

അതിനുള്ള ഉദാഹരണം നമ്മൾ പാരായണം ചെയ്യുന്ന ഖുർആൻ ആകുന്നു.

١٧٦. اذكر بعض آيات الله الكونية؟

176) പ്രാപഞ്ചികമായ അല്ലാഹുവിന്റെ ആയത്തുകളിൽ ചിലത് പരാമർശിക്കുക?

الجواب:

الشمس، والقمر، والنجوم، والجبال، والشجر، والدواب،.....

ഉത്തരം :

സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, പർവ്വതങ്ങൾ, മരങ്ങൾ, ജന്തുക്കൾ,.....



١٧٧. في أي سورة قوله تعالى: ﴿أَفَلَا يَنظُرُونَ إِلَى ٱلْإِبِلِ كَيْفَ خُلِقَتْ * وَإِلَى ٱلسَّمَآءِ كَيْفَ رُفِعَتْ * وَإِلَى ٱلْجِبَالِ كَيْفَ نُصِبَتْ * وَإِلَى ٱلْأَرْضِ كَيْفَ سُطِحَتْ﴾ ؟

177) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം:

﴾ഒട്ടകത്തിൻറെ നേർക്ക് അവർ നോക്കുന്നില്ലേ? അത് എങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന് * ആകാശത്തേക്ക് (അവർ നോക്കുന്നില്ലേ?) അത് എങ്ങനെ ഉയർത്തപ്പെട്ടിരിക്കുന്നു എന്ന് * പർവ്വതങ്ങളിലേക്ക് (അവർ നോക്കുന്നില്ലേ?) അവ എങ്ങനെ നാട്ടിനിർത്തപ്പെട്ടിരിക്കുന്നു വെന്ന് * ഭൂമിയിലേക്ക് (അവർ നോക്കുന്നില്ലേ?) അത് എങ്ങനെ പരത്തപ്പെട്ടിരിക്കുന്നുവെന്ന്﴿

الجواب:

في سورة الغاشية.

ഉത്തരം :

സൂറത്തു അൽ ഗാശിയ – യിൽ.

١٧٨. هل القرآن عربي أم أعجمي ؟

178) ഖുർആൻ അറബിയിലാണോ അതോ അനറബിയിലാണോ?

الجواب:

القرآنُ عربي.

ഉത്തരം : ഖുർആൻ അറബിയിലാണ്.

## فصل الإيمان بالرسل

## (5) റസൂലുകളിലുള്ള ഈമാനിന്റെ അദ്ധ്യായം

١٧٩ .من هو أبو البشر ؟

179) മനുഷ്യപിതാവ് ആരാണ്?

الجواب:

آدم عليه السلام.

ഉത്തരം :

ആദം عليه السلام.

١٨٠ .في أي سورة قوله تعالى: ﴿وَإِذْ أَخَذَ رَبُّكَ مِنۢ بَنِىٓ ءَادَمَ مِن ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ عَلَىٰٓ أَنفُسِهِمْ أَلَسْتُ بِرَبِّكُمْ ۖ قَالُوا۟ بَلَىٰ ۛ شَهِدْنَآ ۛ أَن تَقُولُوا۟ يَوْمَ ٱلْقِيَـٰمَةِ إِنَّا كُنَّا عَنْ هَـٰذَا غَـٰفِلِينَ﴾ ؟

180) ഏത് സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം:

﴿നിൻറെ റബ്ബ് ആദം സന്തതികളിൽ നിന്ന്, അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താനങ്ങളെ പുറത്ത് കൊണ്ട് വരികയും, അവരുടെ കാര്യത്തിൽ അവരെ തന്നെ അവൻ സാക്ഷി നിർത്തുകയും ചെയ്ത സന്ദർഭം (ഓർക്കുക.) (അവൻ ചോദിച്ചു:) ഞാൻ നിങ്ങളുടെ റബ്ബല്ലയോ? അവർ പറഞ്ഞു: അതെ, ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു. തീർച്ചയായും ഞങ്ങൾ ഇതിനെപ്പറ്റി

ശ്രദ്ധയില്ലാത്തവരായിരുന്നു. എന്ന് ഉയിർത്തെഴുന്നേൽപിൻറെ നാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതിനാലാണ് (അങ്ങനെ ചെയ്തത്.)﴿

الجواب:

في سورة الاعراف.

ഉത്തരം :

സൂറത്തു അൽ അഅ്റാഫ് – ൽ.

١٨١ .مم خلق آدم ؟

181) എന്തിൽ നിന്നാണ് ആദം സൃഷ്ടിക്കപ്പെട്ടത്?

الجواب:

من طين.

ഉത്തരം :

കളിമണ്ണിൽ നിന്നും.

١٨٢ .من ماذا خلقت حواء ؟

182) എന്തിൽ നിന്നാണ് ഹവ്വാ സൃഷ്ടിക്കപ്പെട്ടത്?

الجواب:

من ضِلَع آدم.

ഉത്തരം :

ആദമിന്റെ വാരിയെല്ലിൽ നിന്നും.

١٨٣ .ما هي المعصية التي عصى بها آدم عليه السلام وحواء ربهما ؟

183) ആദമും ഹവ്വയും عليهما السلام അവരുടെ റബ്ബിനെ ധിക്കരിച്ചു ചെയ്ത പാപം എന്താണ്?

الجواب:

أكلا من الشجرة التي نهاهما الله عز وجل عنها.

ഉത്തരം :

അല്ലാഹു عز وجل അവരെ തൊട്ട് വിലക്കിയ വൃക്ഷത്തിൽ നിന്നും അവർ രണ്ടു പേരും ഭക്ഷിച്ചു.

١٨٤ .ماذا فعل آدم، وحواء بعد المعصية ؟

184) പാപം ചെയ്തതിനു ശേഷം ആദമും ഹവ്വയും عليهما السلام എന്താണ് ചെയ്തത്?

الجواب:

تابا إلى الله، فتاب الله عليهما.

ഉത്തരം :

അവർ രണ്ടു പേരും അല്ലാഹുവിലേക്ക് തൗബ ചെയ്തു മടങ്ങി, അപ്പോൾ അല്ലാഹു അവരുടെ രണ്ടു പേരുടെയും തൗബ സ്വീകരിച്ചു.



١٨٥ .لماذا غضب الله على إبليس، ولعنه، وأخرجه من الجنة ؟

185) എന്തുകൊണ്ടാണ് അല്ലാഹു ഇബ്‌ലീസിനോട് കുപിതനായതും അവനെ ശപിച്ചതും അവനെ സ്വർഗത്തിൽ നിന്നും പുറത്താക്കിയതും?

الجواب:

لأنه عصى الله، و أبى السجود لآدم.

ഉത്തരം :
കാരണം അവൻ അല്ലാഹുവിനെ ധിക്കരിച്ചു, ആദമിനുള്ള സുജൂദ് അവൻ നിരസിക്കുകയും ചെയ്തു.

١٨٦ .من هو أول الأنبياء ؟

186) നബിമാരിലെ ഒന്നാമത്തെയാൾ ആരാണ്?

الجواب:

آدم عليه السلام.

ഉത്തരം :

ആദം عليه السلام.

١٨٧ .من هو آخر الأنبياء ؟

187) നബിമാരിലെ അവസാനത്തെയാൾ ആരാണ്?

الجواب:

محمد ﷺ.

ഉത്തരം :
മുഹമ്മദ് ﷺ.

١٨٨ .ما معنى خاتم النبيين ؟

188) എന്താണ് "ഖാതമു അന്നബിയ്യീൻ" എന്നതിനർത്ഥം?

الجواب:

آخِرُهُم.

ഉത്തരം :

നബിമാരിലെ അവസാനത്തെയാൾ.

١٨٩ .من هم أولو العزم من الرسل ؟

189) റസൂലുകളിലെ "ഉലുൽ അസ്മ്(ദൃഢമനസ്കർ)" ആരെല്ലാമാണ്?

الجواب:

نوح، وإبراهيم، وموسى، وعيسى، ومحمد صلى الله عليهم وسلم أجمعين.

ഉത്തരം :

നൂഹ് عليه السلام, ഇബ്റാഹീം عليه السلام,

മൂസ عليه السلام,ഈസ عليه السلام, മുഹമ്മദ് ﷺ.

١٩٠. من هو أفضل الرسل ؟

190) റസൂലുകളിൽ ഏറ്റവും ശ്രേഷ്ഠൻ ആരാണ്?

الجواب:

محمد ﷺ.

ഉത്തരം :

മുഹമ്മദ് ﷺ.

١٩١. هل الأنبياء رعوا الغنم ؟

191) നബിമാർ ആടുമേച്ചിരുന്നോ?

الجواب:

نعم، وكان النبي ﷺ يرعاها على قراريط لأهل مكة.

ഉത്തരം :

അതെ, നബി ﷺ അവയെ മക്കക്കാർക്കുവേണ്ടി (ഏതാനും) ഖീറാത്തുകൾക്ക് മേച്ചിരുന്നു.

١٩٢. هل الأنبياء يورثون ؟

192) നബിമാർ അനന്തരാവകാശം നൽകുമോ?

الجواب:

لا، فما تركوه فهو صدقة.

ഉത്തരം :

ഇല്ല, (അവർ) എന്തെങ്കിലും വിട്ടേച്ചു പോയാൽ അത് സ്വദഖയാണ്.

١٩٣ .هل الأنبياء ينامون ؟

193) നബിമാർ ഉറങ്ങുമോ?

الجواب:

تنام أعينهم، ولا تنام قلوبهم.

ഉത്തരം :

അവരുടെ കണ്ണുകൾ ഉറങ്ങും അവരുടെ ഹൃദയങ്ങൾ ഉറങ്ങില്ല.

١٩٤ .هل الأرض تأكل أجساد الأنبياء ؟

194) നബിമാരുടെ ശരീരങ്ങളെ ഭൂമി തിന്നുമോ?

الجواب:

لا.

ഉത്തരം :

ഇല്ല.

١٩٥ .هل في النساء نبيات ؟

195) സ്ത്രീകളിൽ നിന്നും നബിമാർ ഉണ്ടോ?

الجواب:

لا، فالنبوة خاصة بالرجال.

ഉത്തരം :

ഇല്ല, നുബുവ്വത്ത് പുരുഷന്മാർക്ക് മാത്രമുള്ളതാണ്.

١٩٦ .هل قص الله علينا قصص جميع الرسل ؟

196) എല്ലാ റസൂലുകളുടെയും കഥകൾ അല്ലാഹു നമുക്ക് വിവരിച്ചു തന്നിട്ടുണ്ടോ?

الجواب:

لا.

ഉത്തരം :

ഇല്ല.

١٩٧ .من هم الأنبياء الذين أسماؤهم عربية ؟

197) അറബി പേരുള്ള നബിമാർ ആരൊക്കെയാണ്?

الجواب:

هود، وصالح، وشعيب، ومحمد صلى الله عليهم وسلم أجمعين.

ഉത്തരം :

ഹൂദ് عليه السلام, സ്വാലിഹ് عليه السلام, ശുഅയ്ബ് عليه السلام, മുഹമ്മദ് ﷺ.



١٩٨. من هو الذي أمر الله الملائكة أن تسجد له ؟

198) അല്ലാഹു മലക്കുകളോട് സുജൂദ് ചെയ്യാൻ കൽപ്പിച്ചത് ആർക്കാണ്?

الجواب:

آدم عليه السلام.

ഉത്തരം :

ആദം عليه السلام.

١٩٩. هل سجد إبليس لآدم ؟

199) ഇബ്‌ലീസ് ആദമിന് സുജൂദ് ചെയ്തോ?

الجواب:

لا، لم يسجد بل استكبر، وكان من الكافرين.

ഉത്തരം :
ഇല്ല, അവൻ സുജൂദ് ചെയ്തില്ല മറിച്ചവൻ അഹംഭാവം കാണിച്ചു, അവൻ കാഫിറുകളിൽ പെട്ടവനായിരുന്നു.

٢٠٠. هل إبليس من الملائكة أم من الجن ؟

200) ഇബ്‌ലീസ് മലക്കുകളിൽ പെട്ടവനാണോ അതോ ജിന്നുകളിൽ പെട്ടവനാണോ?

الجواب:

من الجن.

ഉത്തരം :

ജിന്നുകളിൽ പെട്ടവനാണ്.

٢٠١ .من أول الرسل إلى أهل الأرض ؟

201) ഭൂമിയിലുള്ളവരിലേക്ക് വന്ന റസൂലുകളിൽ ഒന്നാമത്തെയാൾ ആരാണ്?

الجواب:

نوح عليه السلام.

ഉത്തരം :

നൂഹ് عليه السلام.

٢٠٢ .كم لبث نوحٌ في قومه ؟

202) നൂഹ് عليه السلام അദ്ദേഹത്തിന്റെ ജനതയുടെ കൂടെ എത്ര കാലം ജീവിച്ചു?

الجواب:

ألف سنة إلا خمسين عامًا.

ഉത്തരം :

തൊള്ളായിരത്തി അൻപതു വർഷം.

٢٠٣ .كيف نجى الله نوحًا ومن اتبعه ؟

203) നൂഹിനെയും عليه السلام അദ്ദേഹത്തെ പിൻപറ്റിയവരെയും അല്ലാഹു എങ്ങനെയാണ് രക്ഷിച്ചത്?

الجواب:

في السفينة.

ഉത്തരം : കപ്പലിൽ.

٢٠٤ .بماذا أهلك الله قوم نوح ؟

204) നൂഹിന്റെ عليه السلام ജനതയെ എന്തു മുഖേനയാണ് അല്ലാഹു നശിപ്പിച്ചത്?

الجواب:

بالطوفان.

ഉത്തരം :

പ്രളയം മുഖേന.

٢٠٥ .اذكر نبيًا ولده كافر ؟

205) തന്റെ മകൻ കാഫിറായ ഒരു നബിയെ പരാമർശിക്കുക?

الجواب:

نوح عليه السلام.

ഉത്തരം :

നൂഹ് عليه السلام.

٢٠٦ .اذكر نبيًا أبوه كافر ؟

206) തന്റെ പിതാവ് കാഫിറായ ഒരു നബിയെ പരാമർശിക്കുക?

الجواب:

إبراهيم عليه السلام.

ഉത്തരം :

ഇബ്രാഹിം عليه السلام.

٢٠٧ .اذكر نبيين زوجتاهما كافرتين ؟

207) തങ്ങളുടെ ഭാര്യമാർ കാഫിറത്തുകളായ രണ്ടു നബിമാരെ പരാമർശിക്കുക?

الجواب:

نوح، ولوط عليهما الصلاة والسلام.

ഉത്തരം :

നൂഹ് عليه السلام, ലൂത്വ് عليه السلام.



٢٠٨ .من هو أبو الأنبياء ؟

208) നബിമാരുടെ പിതാവ് (എന്ന് വിശേഷിപ്പിക്കപ്പെട്ടത്) ആരാണ്?

الجواب:

إبراهيم عليه السلام.

ഉത്തരം :

ഇബ്റാഹീം عليه السلام.

٢٠٩ .من أول الخلائق يكسى يوم القيامة ؟

209) അന്ത്യനാളിൽ ആദ്യമായി വസ്ത്രം ധരിപ്പിക്കപ്പെടുന്ന സൃഷ്ടി ആരാണ്?

الجواب:

إبراهيم عليه السلام.

ഉത്തരം :

ഇബ്റാഹീം عليه السلام.

٢١٠ .من أول من أضاف الضيف؟

210) ആദ്യമായി അതിഥിയെ സൽക്കരിച്ചത് ആരാണ്?

الجواب:

إبراهيم عليه السلام.

ഉത്തരം :

ഇബ്റാഹീം عليه السلام.

٢١١. من هو الذي قال ﴿رَبِّ هَبْ لِى حُكْمًا وَأَلْحِقْنِى بِٱلصَّٰلِحِينَ * وَٱجْعَل لِّى لِسَانَ صِدْقٍ فِى ٱلْءَاخِرِينَ﴾

211) ﴿എൻ്റെ റബ്ബേ, എനിക്ക് നീ തത്വജ്ഞാനം നൽകുകയും എന്നെ നീ സജ്ജനങ്ങളോടൊപ്പം ചേർക്കുകയും ചെയ്യേണമേ * പിൽക്കാലക്കാർക്കിടയിൽ എനിക്ക് നീ സൽകീർത്തി ഉണ്ടാക്കേണമേ﴿ എന്ന് പറഞ്ഞത് ആരാണ്?

الجواب:

إبراهيم عليه السلام.

ഉത്തരം :

ഇബ്റാഹീം عليه السلام.

٢١٢. متى اختتن إبراهيم عليه السلام ؟

212) ഇബ്റാഹീം عليه السلام എപ്പോഴാണ് ചേലാകർമ്മം ചെയ്തത്?

الجواب:

وهو ابن ثمانين سنة.

ഉത്തരം :

അദ്ദേഹത്തിന് എൺപത് വയസ്സുള്ളപ്പോൾ.

٢١٣ .من هي أم إسماعيل عليه السلام ؟

213) ഇസ്മാഈലിന്റെ عليه السلام ഉമ്മ ആരാണ്?

الجواب:

هاجر عليها السلام.

ഉത്തരം :

ഹാജർ عليها السلام.

٢١٤ .ما هي البئر التي نبعت لأم إسماعيل ؟

214) ഇസ്മാഈലിന്റെ ഉമ്മക്കായി ഉത്ഭവിപ്പിച്ച കിണർ ഏതാണ്?

الجواب:

زمزم.

ഉത്തരം :

സംസം.

٢١٥ .ماذا حدث عندما أَلقي إبراهيم في النار ؟

215) ഇബ്റാഹീമിനെ തീയിൽ എറിഞ്ഞപ്പോൾ എന്താണ് സംഭവിച്ചത്?

الجواب:

كانت عليه بردًا وسلامًا.

ഉത്തരം :

തീ അദ്ദേഹത്തിന് തണുപ്പും സമാധാനവുമായി (മാറി).

٢١٦ .أي أولاد إبراهيم الذي أمر الله بذبحه ؟

216) ഇബ്റാഹീമിന്റെ മക്കളിൽ ആരെയാണ് അല്ലാഹു ബലി നൽകാൻ കൽപ്പിച്ചത്?

الجواب:

هو إسماعيل عليه السلام.

ഉത്തരം :

ഇസ്മാഈൽ عليه السلام ആകുന്നു അദ്ദേഹം.

٢١٧ .بماذا فدى الله إسماعيل ؟

217) അല്ലാഹു ഇസ്മാഈലിന് പകരം നൽകിയത് എന്താണ്?

الجواب:

فداه بذبح عظيم وهو الكبش.

ഉത്തരം :

അല്ലാഹു അദ്ദേഹത്തിന് മഹത്തായ ഒരു ബലിമൃഗത്തെ നൽകി, അത് ഒരു ആടായിരുന്നു.

٢١٨ .من هو والد إبراهيم ؟

218) ഇബ്റാഹീമിന്റെ عليه السلام ഉപ്പ ആരാണ്?

الجواب:

آزر وهو من أهل النار.

ഉത്തരം :

ആസർ, അയാൾ നരകക്കാരിൽ പെട്ടവനാണ്.

٢١٩ .من هم المؤتفكة، أو المؤتفكات؟

219) ആരാണ് അൽ മുഅ്തഫിക അല്ലെങ്കിൽ അൽ മുഅ്തഫികാത്ത്?

الجواب:

هم قوم لوط عليه السلام.

ഉത്തരം :

അവർ ലൂഥ്വ് – ന്റെ عليه السلام ജനതയാണ്.

٢٢٠ .من هو الذي حاج إبراهيم في ربه ؟

220) ഇബ്റാഹീമിനോട് അദ്ദേഹത്തിന്റെ റബ്ബിൻറെ കാര്യത്തിൽ തർക്കിച്ചവനാരാണ്?

الجواب:

هو النمرود.

ഉത്തരം :

അവനാകുന്നു നംറൂദ്.

٢٢١ .هل كان إبراهيم يهوديا، أو نصرانيا ؟

221) ഇബ്റാഹീം عليه السلام യഹൂദിയോ നസ്റാണിയോ ആയിരുന്നോ?

الجواب:

لا، ولكنه كان حنيفا مسلمًا، ولم تكن اليهودية والنصرانية إلا من بعده.

ഉത്തരം :

അല്ല, മറിച്ച് അദ്ദേഹം ശുദ്ധമനസ്ഥിതിക്കാരനായ മുസ്ലിമായിരുന്നു, ജൂതമതവും ക്രിസ്തുമതവും അദ്ദേഹത്തിനു ശേഷമല്ലാതെ ഉണ്ടായിട്ടില്ല.

٢٢٢ .من هو الذي رفع بناء البيت الحرام ؟

222) വിശുദ്ധ മന്ദിരത്തിന്റെ (കഅ്ബയുടെ) നിർമ്മിതിയെ പടുത്തുയർത്തിയത് ആരാണ്?

الجواب:

إبراهيم، وولده إسماعيل عليهما الصلاة والسلام.

ഉത്തരം :

ഇബ്റാഹീമും عليه الصلاة والسلام അദ്ദേഹത്തിന്റെ മകൻ ഇസ്മാഈലും عليه الصلاة والسلام.

٢٢٣ .في أي سورة قوله تعالى ·﴿إِنَّ أَوَّلَ بَيْتٍ وُضِعَ لِلنَّاسِ لَلَّذِى بِبَكَّةَ مُبَارَكًا وَهُدًى لِّلْعَٰلَمِينَ﴾·

223) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം

﴿തീർച്ചയായും മനുഷ്യർക്ക് വേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ (ആരാധനാ) മന്ദിരം ബക്കയിൽ(മക്കയിൽ) ഉള്ളതത്രെ. (അത്) അനുഗൃഹീതമായും ലോകർക്ക് മാർഗദർശകമായും (നിലകൊള്ളുന്നു.)﴾

الجواب:

في سورة آل عمران.

ഉത്തരം :

സൂറത്തു ആലു ഇംറാൻ – ൽ.

٢٢٤ .ما هي البلدة التي دعا لها إبراهيم عليه الصلاة والسلام ؟

224) ഇബ്റാഹീം عليه الصلاة والسلام ഏത് നാടിനുവേണ്ടിയാണ് പ്രാർത്ഥിച്ചത്?

الجواب:

مكة.

ഉത്തരം :

മക്ക.



٢٢٥ .ما هي البلدة التي دعا لها النبي ﷺ كما دعا إبراهيم لمكة ؟

225) ഇബ്രാഹീം عليه السلام മക്കക്കുവേണ്ടി പ്രാർത്ഥിച്ചതു പോലെ നബി صلى الله عليه وسلم പ്രാർത്ഥിച്ചത് ഏത് നാടിനുവേണ്ടിയാണ്?

الجواب:

المدينة.

ഉത്തരം :

മദീന.

٢٢٦ .ما هي عقوبة من أراد أهل مدينة رسول الله ﷺ بسوء؟

226) അല്ലാഹുവിന്റെ റസൂലിന്റെ മദീനക്കാർക്ക് പ്രയാസമുണ്ടാക്കാൻ ഉദ്ദേശിച്ചവനുള്ള ശിക്ഷയെന്താണ്?

الجواب:

يذيبه الله كما يذيب الملح في الماء.

ഉത്തരം :

ഉപ്പ് വെള്ളത്തിൽ അലിയിക്കുന്നപോലെ അല്ലാഹു അവനെ അലിയിച്ചുകളയും.

٢٢٧ .ما فضل الموت بالمدينة؟

227) മദീനയിൽ വച്ചുള്ള മരണത്തിന്റെ ശ്രേഷ്ഠത എന്താണ്?

الجواب:

من مات بها حلت له شفاعة النبي ﷺ.

ഉത്തരം :

ആരാണോ അവിടെ വച്ച് മരിച്ചത് അവന് നബിയുടെ ﷺ ശഫാഅത്ത് ലഭിക്കും.

٢٢٨ .من هو إسرائيل ؟

228) ഇസ്റാഈൽ ആരാണ്?

الجواب:

يعقوب عليه السلام.

ഉത്തരം :

യഅ്ഖൂബ് عليه السلام.

٢٢٩ .من هو أكبر أنبياء بني إسرائيل ؟

229) ഇസ്റാഈൽ സന്തതികളിലെ നബിമാരിൽ ഏറ്റവും വലിയവൻ (ശ്രേഷ്ഠൻ) ആരാണ്?

الجواب:

موسى عليه السلام.

ഉത്തരം :

മൂസ عليه السلام.

٢٣٠ .من هو النبي الذي رآه النبي ﷺ قائما يصلي في قبره؟

230) സ്വന്തം ഖബ്റിൽ നിന്നുകൊണ്ട് നിസ്കരിക്കുന്നതായി നബി ﷺ കണ്ട നബി ആരാണ്?

الجواب:

موسى عليه السلام.

ഉത്തരം:

മൂസ عليه السلام.

٢٣١ .إلى من أرسل الله موسى ؟

231) അല്ലാഹു മൂസയെ عليه السلام ആരിലേക്കാണ് അയച്ചത് (നിയോഗിച്ചത്)?

الجواب:

إلى فرعون وقومه.

ഉത്തരം :

ഫിർഔനിലേക്കും അവന്റെ ജനതയിലേക്കും.

٢٣٢ .بماذا أمر الله أم موسى ؟

232) അല്ലാഹു മൂസയുടെ عليه السلام ഉമ്മയോട് കല്പിച്ചതെന്താണ്?

الجواب:

أمرها أن ترضع ولدها موسى، فإذا خافت عليه وضعته في التابوت، فتلقيه في اليم.

ഉത്തരം :

അവളോട് അവളുടെ മകൻ മൂസയെ മുലയൂട്ടാൻ അവൻ (അല്ലാഹ്) കല്പിച്ചു, ഇനി അവൾ അദ്ദേഹത്തിന്റെ (മൂസയുടെ) കാര്യത്തിൽ ഭയപ്പെടുകയാണെങ്കിൽ ഒരു പെട്ടിയിൽ അവനെ വെക്കാനും എന്നിട്ട് അവനെ നദിയിൽ ഇടാനും (അല്ലാഹ് അവളോട് കല്പിച്ചു)

٢٣٣ .من هو كليم الله ؟

233) അല്ലാഹുവിന്റെ കലീം ആരാണ്?

الجواب:

موسى عليه السلام.

ഉത്തരം :

മൂസ عليه السلام.



٢٣٤ .ما هي الآيات التسع التي آتاها الله موسى ؟

234) അല്ലാഹു മൂസക്ക് عليه السلام നൽകിയ ഒൻപതു ആയത്തുകൾ എന്തൊക്കെയാണ്?

الجواب:

[1]العصا [2] السنة (القحط) [3] الجراد [4] القمل [5] الضفادع

[6] الدم [7] الطوفان [8] اليد [9] البحر.

ഉത്തരം :

[1] വടി, [2] വരൾച്ച, [3] വെട്ടുകിളി, [4] പേൻ, [5] തവളകൾ

[6] രക്തം, [7] വെള്ളപ്പൊക്കം, [8] കൈ, [9] കടൽ

٢٣٥ .من الذي قال أنا ربكم الأعلى ؟ وكيف أهلكه الله ؟

235) ഞാൻ നിങ്ങളുടെ അത്യുന്നതനായ റബ്ബാകുന്നു എന്ന് പറഞ്ഞതാരാണ്, അല്ലാഹു എങ്ങിനെയാണ് അവനെ നശിപ്പിച്ചത്?

الجواب:

فرعون لعنه الله، وأهلكه الله بالغرق.

ഉത്തരം :

ഫിർഔൻ لعنه الله, അല്ലാഹു അവനെ (കടലിൽ) മുക്കി നശിപ്പിച്ചു.

٢٣٦ .من هو وزير فرعون ؟

236) ഫിർഔനിന്റെ മന്ത്രി ആരായിരുന്നു?

الجواب:

هامان لعنه الله.

ഉത്തരം :

ഹാമാൻ لعنه الله.

٢٣٧ .من هو الذي نصح قومه باتباع موسى عليه السلام؟ وفي أي سورة ذكرت قصته ؟

237) മൂസയെ عليه السلام പിൻപറ്റാൻ തന്റെ ജനതയെ ഉപദേശിച്ചത് ആരാണ്? ഏത് സൂറത്തിലാണ് അദ്ദേഹത്തിന്റെ കഥ പരാമർശിക്കപ്പെട്ടിട്ടുള്ളത്?

الجواب:

مؤمن آل فرعون، وذكرت قصته في سورة غافر.

ഉത്തരം :

ഫിർഔനിന്റെ കുടുംബത്തിൽ നിന്നും വിശ്വാസിയായ ഒരാൾ, സൂറത്തു ഗാഫിർ – ൽ അദ്ദേഹത്തിന്റെ കഥ പരാമർശിക്കപ്പെട്ടിട്ടുണ്ട്.

٢٣٨ .ما اسم امرأة فرعون ؟

238) ഫിർഔനിന്റെ ഭാര്യയുടെ പേരെന്താണ്?

الجواب:

آسية بنت مزاحم، وهي من أهل الجنة.

ഉത്തരം :

ആസിയ ബിൻത് മുസാഹിം, അവർ സ്വർഗ്ഗക്കാരിൽ പെട്ടവളാണ്.

٢٣٩ .من هو الرجل من قوم موسى الذي بغى وافتخر بماله فخسف الله به ؟

239) സ്വന്തം സമ്പത്ത് കൊണ്ട് അതിക്രമം കാണിക്കുകയും പൊങ്ങച്ചം നടിക്കുകയും തൻനിമിത്തം അല്ലാഹു അവനെ (ഭൂമിയിൽ) ആഴ്ത്തികളഞ്ഞ മൂസയുടെ عليه السلام ജനതയിൽപെട്ടയാൾ ആരാണ്?

الجواب:

قارون ، وهو من أهل النار.

ഉത്തരം :

ഖാറൂൻ, അവൻ നരകക്കാരിൽ പെട്ടവനാണ്.

٢٤٠ .بماذا أهلك الله قارون ؟

240)എങ്ങനെയാണ് അല്ലാഹു ഖാറൂനിനെ നശിപ്പിച്ചത്?

الجواب:

بالخسف.

ഉത്തരം :

(ഭൂമിയിൽ) ആഴ്ത്തികൊണ്ട്.

٢٤١ .من هو الذي ذهب إليه نبي الله موسى عليه السلام ليطلب العلم عنده؟

241) അല്ലാഹ്ഹുവിന്റെ നബി മൂസ عليه السلام അറിവ് തേടാനായി പോയത് ആരുടെ അടുത്തേക്കാണ്?

الجواب:

هو نبي الله خضر عليه السلام.

ഉത്തരം :

അദ്ദേഹമാകുന്നു അല്ലാഹ്ഹുവിന്റെ നബി ഖദിർ عليه السلام.

٢٤٢ .ما اسم الفتى الذي كان صاحب موسى ثم أصبح نبيا بعد ذلك؟

242) മൂസയുടെ عليه السلام സഹചാരിയായിരുന്ന പിന്നീട് അതിനു ശേഷം നബിയായി മാറിയ യുവാവിന്റെ പേരെന്താണ്?

الجواب:

يوشع بن نون عليه السلام.

ഉത്തരം :

യൂശഅ് ബ്നു നൂൻ عليه السلام.

٢٤٣ .هل حبست الشمس لأحد من الناس؟

243) ജനങ്ങളിൽ ആർക്കെങ്കിലും വേണ്ടി സൂര്യൻ പിടിച്ചുവെക്കപ്പെട്ടിട്ടുണ്ടോ?

الجواب:

نعم لنبي الله يوشع بن نون عليه السلام

ഉത്തരം :

ഉണ്ട് അല്ലാഹുവിന്റെ നബി യൂശഅ് ബ്നു നൂൻ-ന് عليه السلام വേണ്ടി.

٢٤٤ .من هو الرسول إلى قوم ثمود ؟

244) സമൂദ് ജനതയിലേക്ക് നിയോഗിക്കപ്പെട്ട റസൂൽ ആരാണ്?

الجواب:

صالح عليه السلام.

ഉത്തരം :

സ്വാലിഹ് عليه السلام.

٢٤٥ .ما هي الآية التي أرسلها الله إلى قوم ثمود ؟

245) അല്ലാഹു സമൂദ് ജനതയിലേക്ക് അയച്ച ആയത്ത് എന്താണ്?

الجواب:

الناقة.

ഉത്തരം :

ഒരു പെണ്ണൊട്ടകം.

٢٤٦ .بماذا أهلك الله قوم ثمود ؟

246) എങ്ങനെയാണ് അല്ലാഹു സമൂദ് ജനതയെ നശിപ്പിച്ചത്?

الجواب:

بالصيحة.

ഉത്തരം :

ഘോരശബ്ദം മുഖേന.

٢٤٧ .من هو الرسول الذي أرسله الله لقوم عاد ؟

247) അല്ലാഹു ആദ് സമുദായത്തിലേക്ക് അയച്ച (നിയോഗിച്ച) റസൂൽ ആരാണ്?

الجواب:

هود عليه السلام.

ഉത്തരം :

ഹൂദ് عليه السلام.

٢٤٨ .أين سكن قوم هود عليه السلام؟

248) ഹൂദിന്റെ عليه السلام ജനത വസിച്ചത് എവിടെയാണ്?

الجواب:

في الأحقاف باليمن.

ഉത്തരം :

യമനിലെ അഹ്ഖാഫിൽ.

٢٤٩ .بماذا اهلك الله قوم عاد ؟

249) എങ്ങനെയാണ് അല്ലാഹു ആദ് സമുദായത്തെ നശിപ്പിച്ചത്?

الجواب:

بالريح الباردة الشديدة.

ഉത്തരം : തീവ്രമായ തണുത്ത കാറ്റ് മുഖേന.

٢٥٠ .من هو النبي الذي سخر الله له الجن والأنس و الطير والريح ؟

250) ജിന്നുകളെയും മനുഷ്യരെയും പറവകളെയും കാറ്റിനെയും അല്ലാഹു കീഴ്പെടുത്തികൊടുത്ത നബി ആരാണ്?

الجواب:

سليمان عليه السلام.

ഉത്തരം :

സുലൈമാൻ عليه السلام.

٢٥١ .من هو النبي الذي كلم الهدهد والنملة ؟

251) മരംകൊത്തിയോടും ഉറുമ്പിനോടും സംസാരിച്ച നബി ആരാണ്?

الجواب:

سليمان عليه السلام.

ഉത്തരം :

സുലൈമാൻ عليه السلام.

٢٥٢ .ماذا كتب سليمان عليه السلام في رسالته لملكة اليمن ؟

252) യമനിലെ രാജ്ഞിക്കുള്ള തന്റെ സന്ദേശത്തിൽ സുലൈമാൻ عليه السلام എഴുതിയത് എന്താണ്?

الجواب:

بسم الله الرحمن الرحيم: ألا تعلوا عليَّ وأتوني مسلمين.

ഉത്തരം :

ബിസ്മില്ലാഹി അർറഹ്മാനി അർറഹീം: എനിക്കെതിരിൽ നിങ്ങൾ അഹങ്കാരം കാണിക്കാതിരിക്കുകയും, മുസ്ലിമീങ്ങളായിക്കൊണ്ട് നിങ്ങൾ എൻറെ അടുത്ത് വരികയും ചെയ്യുക.

٢٥٣ .من هو النبي الذي كان لا يأكل إلا من عمل يده ؟

253) സ്വന്തം കൈകൊണ്ട് പണിയെടുത്തതിൽ നിന്നല്ലാതെ ഭക്ഷിക്കില്ലായിരുന്ന നബി ആരാണ്?

الجواب:

داود عليه السلام.

ഉത്തരം :

ദാവൂദ് عليه السلام.

٢٥٤ .من هو النبي الذي قتل جالوت الكافر ؟

254) കാഫിറായ ജാലൂത്തിനെ വധിച്ച നബി ആരാണ്?

الجواب:

داود عليه السلام

ഉത്തരം : ദാവൂദ് عليه السلام.

٢٥٥ .من هو النبي الذي ابتلي بالمرض فصبر وشكر ؟

255) രോഗം കൊണ്ട് പരീക്ഷിക്കപ്പെടുകയും തുടർന്ന് ക്ഷമിച്ചതും (അല്ലാഹുവോട്) നന്ദി കാണിച്ചതുമായ നബി ആരാണ്?

الجواب:

نبي الله أيوب عليه السلام.

ഉത്തരം :

അല്ലാഹുവിന്റെ നബി അയ്യൂബ് عليه السلام.

٢٥٦ .من هو النبي الذي كان يعمل نجارًا ؟

256) ആശാരിയായി പണിയെടുത്തിരുന്ന നബി ആരാണ്?

الجواب:

زكريا عليه السلام.

ഉത്തരം :

സകരിയ്യാ عليه السلام.

٢٥٧ .من هو النبي الذي أمره الله أن يأخذ الكتاب بقوة ؟

257) വേദഗ്രന്ഥം ബലമായി പിടിക്കാൻ (സ്വീകരിക്കാൻ) അല്ലാഹു കല്പിച്ച നബി  ആരാണ്?

الجواب:

يحيى بن زكريا عليهما السلام.

ഉത്തരം :

യഹ്‌യ ബ്നു സകരിയ്യാ عليهما السلام.

٢٥٨ .من هو ذو النون؟

258) ദുന്നൂൻ (നൂനിന്റെയാൾ) ആരാണ്?

الجواب:

هو نبي الله يونس عليه السلام.

ഉത്തരം :

അദ്ദേഹമാകുന്നു അല്ലാഹുവിന്റെ നബി യൂനുസ് عليه السلام.

٢٥٩ .ما معنى النون؟

259) അന്നൂൻ എന്നതിനർത്ഥം എന്താണ്?

الجواب:

هو الحوت.

ഉത്തരം :

(വലിയ) മത്സ്യം.

٢٦٠ .لماذا سمي نبي الله يونس عليه السلام بذي النون ؟

260) അല്ലാഹ്വിന്റെ നബി യൂനുസ് عليه السلام ദുന്നൂൻ എന്ന് വിളിക്കപ്പെട്ടത് എന്തുകൊണ്ട്?

الجواب:

لأن الحوت التقمه عند ما  ألقي في البحر.

ഉത്തരം :

അദ്ദേഹം കടലിൽ എറിയപ്പെട്ടപ്പോൾ അദ്ദേഹത്തെ മത്സ്യം വിഴുങ്ങുകയുണ്ടായതിനാൽ.

٢٦١ .بماذا دعا يونس عليه السلام في بطن الحوت ؟

261) മത്സ്യത്തിന്റെ വയറ്റിൽ (ആയിരിക്കെ) എന്താണ് യൂനുസ് عليه السلام (അല്ലാഹ്വോട്) ദുആ ചെയ്തത്?

الجواب:

لاَ إِلَهَ إلاَّ أَنْتَ سُبْحَا نَكَ إِنِّي كُنْتُ مِنَ الظَّالِمِيْنَ.

ഉത്തരം :

"ലാ ഇലാഹ ഇല്ലാ അൻത സുബ്ഹാനക ഇന്നീ കുൻതു മിനള്ളാലിമീൻ"

(യഥാർത്ഥത്തിൽ ആരാധനക്കർഹനായി നീയല്ലാതെ മറ്റാരുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു.)

٢٦٢ .ما هي الشجرة التي أنبتها الله عليه ؟

262) അല്ലാഹു അദ്ദേഹത്തിന്റെ (യൂനുസ് عليه السلام) മേൽ  മുളപ്പിച്ച വൃക്ഷം ഏതാണ്?

الجواب:

شجره اليقطين ( الدباء ).

ഉത്തരം :

യഖ്തീൻ വൃക്ഷം.

٢٦٣ .من هم أصحاب الأيكة ؟

263) അയ്ക്കത്തിന്റെ ആളുകൾ ആരാണ്?

الجواب:

قوم شعيب عليه السلام.

ഉത്തരം :

ശുഅയ്ബിന്റെ عليه السلام ജനത.

٢٦٤ .من هو النبي الذي بُعِث إلى أهل مدين ؟

264) മദ്യൻകാരിലേക്ക് നിയോഗിക്കപ്പെട്ട നബി ആരാണ്?

الجواب:

شعيب عليه السلام.

ഉത്തരം :

ശുഅയ്ബ് عليه السلام.

٢٦٥ .من هو الكريم ابن الكريم ابن الكريم  ابن الكريم؟

265) അൽ കരീം ബ്നുൽ കരീം ബ്നിൽ കരീം ബ്നിൽ കരീം (മാന്യന്റെ പുത്രനായ മാന്യന്റെ പുത്രനായ മാന്യന്റെ പുത്രനായ മാന്യൻ) ആരാണ്?

الجواب:

يوسف بن يعقوب بن إسحاق بن إبراهيم عليهم الصلاة والسلام.

ഉത്തരം :

യൂസുഫ് ബ്നു യഅ്ഖൂബ് ബ്നി ഇസ്ഹാഖ് ബ്നി ഇബ്രാഹീം عليهم الصلاة والسلام.

٢٦٦ .من هو النبي الذي أعطاه الله شطر الحسن ؟

266) അല്ലാഹു ഭംഗിയുടെ പകുതി നൽകിയ നബി ആരാണ്?

الجواب:

يوسف عليه السلام.

ഉത്തരം :

യൂസുഫ് عليه السلام.

٢٦٧ .أيهما أجمل آدم أم يوسف عليهما الصلاة والسلام ؟

267) ആരാണ് ഏറ്റവും ഭംഗിയുള്ളവൻ ആദമാണോ യൂസുഫാണോ عليهما الصلاة والسلام?

الجواب:

آدم عليه السلام؛ لأن أهل الجنة على صورته.

ഉത്തരം :

ആദം عليه السلام, കാരണം സ്വർഗ്ഗക്കാർ അദ്ദേഹത്തിന്റെ രൂപത്തിലാണ്.

٢٦٨ .اذكر ثلاثة من الأنبياء آتاهم الله النبوة وهم صغار ؟

268) ചെറുതായിരിക്കെ അല്ലാഹു നുബുവ്വത്ത് നൽകിയ നബിമാരിൽ നിന്നും മൂന്ന് പേരെ പരാമർശിക്കുക?

الجواب:

[1]يوسف [2] عيسى [3] يحيى عليهم الصلاة والسلام.

ഉത്തരം :

[1] യൂസുഫ് عليه السلام, [2] ഈസ عليه السلام,
[3] യഹ്യ عليه السلام.

٢٦٩ .كم مكث أهل الكهف نيامًا ؟

269) ഗുഹാവാസികൾ ഉറങ്ങുന്നവരായിക്കൊണ്ട് എത്രകാലം കഴിച്ചുകൂട്ടി?

الجواب:

ثلاثمائة وتسع سنوات.

ഉത്തരം :

മുന്നൂറ്റി ഒൻപതു വർഷം.

٢٧٠ .من هو الذي لم يمسه الشيطان عند ولادته ؟

270) പ്രസവസമയത്ത് ശൈത്വാൻ സ്പർശിച്ചിട്ടില്ലാത്ത വ്യക്തി ആരാണ്?

الجواب:

عيسى عليه السلام ، وأمه مريم.

ഉത്തരം :

ഈസാ عليه السلام, അദ്ദേഹത്തിന്റെ ഉമ്മ മർയമാകുന്നു.



٢٧١ .من هو النبي الذي رفعه الله إليه ولا يزال حيًا ؟

271) അല്ലാഹു അവനിലേക്ക് ഉയർത്തിയതും ജീവനോടെ (ഇപ്പോഴും) ഉള്ളതുമായ നബി ആരാണ്?

الجواب:

عيسى عليه السلام.

ഉത്തരം :

ഈസാ عليه السلام.

٢٧٢ .ماذا تعتقد النصارى في عيسى ابن مريم عليه السلام؟

272) നസ്റാണികൾ മർയമിന്റെ മകൻ ഈസയുടെ عليه السلام കാര്യത്തിൽ വിശ്വസിക്കുന്നത് എന്താണ്?

الجواب:

يقول بعضهم: أنه الله، وبعضهم يقول: ابن الله، وبعضهم يقول: أنه ثالث ثلاثة.

ഉത്തരം :

(അവരിൽ) ചിലർ പറയുന്നു: അദ്ദേഹം അല്ലാഹുവാണെന്ന്, ചിലർ പറയുന്നു: അദ്ദേഹം അല്ലാഹുവിന്റെ മകനാണെന്ന്, ചിലർ പറയുന്നു: അദ്ദേഹം മൂവരിൽ ഒരാളാണെന്ന്.

٢٧٣ .ما هي العقيدة الصحيحة في عيسى ابن مريم عليه السلام؟

273) മർയമിന്റെ മകൻ ഈസയുടെ عليه السلام കാര്യത്തിലെ ശരിയായ വിശ്വാസം എന്താണ്?

الجواب:

أنه عبد الله، ورسوله، وكلمته ألقاها إلى مريم، وروح منه.

ഉത്തരം :

അദ്ദേഹം അല്ലാഹുവിന്റെ അടിമയും, അവന്റെ റസൂലും, മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവൻറെ കലിമത്തും, അവങ്കൽ നിന്നുള്ള ഒരു റൂഹും ആകുന്നു.

٢٧٤ .من هم الحواريون ؟

274) ഹവാരിയ്യാക്കൾ  ആരാണ്?

الجواب:

هم أصحاب عيسى عليه السلام.

ഉത്തരം :

അവർ ഈസയുടെ عليه السلام സഹചാരികളാണ്.

٢٧٥ .كم بين عيسى ومحمد عليهما الصلاة والسلام ؟

275) ഈസാ നബിക്കും മുഹമ്മദ് നബിക്കും عليهما الصلاة والسلام ഇടയിൽ എത്രകാലത്തെ വിടവുണ്ട്?

الجواب:

ستمائة سنة.

ഉത്തരം :
അറുനൂറു വർഷം.

٢٧٦. ما هي الآية التي أعطيها عيسى عليه السلام؟

276) ഈസക്ക് عليه السلام നൽകപ്പെട്ട ആയത്ത് എന്താണ്?

الجواب:

كان يبرئ الأكمه، والأبرص، ويحيى الموتى بإذن الله.

ഉത്തരം :
അല്ലാഹുവിൻറെ അനുവാദപ്രകാരം അദ്ദേഹം ജൻമനാ കാഴ്ചയില്ലാത്തവനെയും പാണ്ഡുരോഗിയെയും സുഖപ്പെടുത്തുകയും, മരിച്ചവരെ ജീവിപ്പിക്കുകയും ചെയ്തിരുന്നു.

٢٧٧. امرأة لم يذكر في القران اسم امرأة إلا هي ؟

277) സ്ത്രീയുടെ പേരായി ഖുർആനിൽ അവരെയല്ലാതെ പരാമർശിച്ചിട്ടില്ല?

الجواب:

مريم عليها السلام.

ഉത്തരം :
മർയം عليها السلام.

## فصل الإيمان باليوم الآخر

## (6) അന്ത്യനാളിലുള്ള ഈമാനിന്റെ അദ്ധ്യായം

٢٧٨. كم عدد الدور ؟

278) ഭവനങ്ങളുടെ എണ്ണം എത്രയാണ്?

الجواب:

ثلاثة  1- الدار الدنيا  2- البرزخ  3- الدار الآخرة.

ഉത്തരം : മൂന്ന്,

1– ഐഹിക ഭവനം (ഐഹിക ജീവിതം).
2– ബർസഖ് (ഖബ്റിലെ ജീവിതം).
3– പാരത്രിക ഭവനം (പരലോക ജീവിതം).

٢٧٩. اذكر ثلاثة من أسماء القبر ؟

279) ഖബ്റിന്റെ പേരുകളിൽ നിന്നും മൂന്നെണ്ണം പരാമർശിക്കുക?

الجواب:

القبر، البيت، الجدث.

ഉത്തരം :

അൽ ഖബ്ർ, അൽ ബയ്ത്ത്, അൽ ജദസ്.

٢٨٠ .ما هي أول منازل الآخرة ؟

280) പാരത്രിക ജീവിതത്തിലെ ആദ്യ ഭവനം എന്താണ്?

الجواب:

القبر.

ഉത്തരം :

ഖബ്ർ.

٢٨١ .هل في القبر نعيم وعذاب ؟

281) ഖബ്റിൽ സുഖാനുഭവങ്ങളും ശിക്ഷയും ഉണ്ടോ?

الجواب:

نعم في القبر نعيم، وعذاب لمن كان له أهلٌ.

ഉത്തരം :

അതെ ഉണ്ട്, ഖബ്റിൽ സുഖാനുഭവങ്ങളുമുണ്ട്, ശിക്ഷയുമുണ്ട് അതിനർഹനായവന്.



٢٨٢ .في أي سورة قوله: ﴿ٱلنَّارُ يُعۡرَضُونَ عَلَيۡهَا غُدُوّٗا وَعَشِيّٗاۚ وَيَوۡمَ تَقُومُ ٱلسَّاعَةُ أَدۡخِلُوٓاْ ءَالَ فِرۡعَوۡنَ أَشَدَّ ٱلۡعَذَابِ﴾.

282) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം :

﴿നരകം! രാവിലെയും വൈകുന്നേരവും അവര്‍ അതിനുമുമ്പില്‍ പ്രദര്‍ശിപ്പിക്കപ്പെടും. ആ അന്ത്യസമയം നിലവില്‍ വരുന്ന ദിവസം ഫിര്‍ഔന്‍റെ ആളുകളെ ഏറ്റവും കഠിനമായ ശിക്ഷയില്‍ നിങ്ങള്‍ പ്രവേശിപ്പിക്കുക. (എന്ന് കല്‍പിക്കപ്പെടും)﴾

الجواب:

في سورة غافر.

ഉത്തരം :

സൂറത്തു ഗാഫിര്‍-ല്‍.

٢٨٣ .ما هي الأشياء التي تتبع الميت ؟ وما الشيء الذي يبقى معه؟

283) ഒരു മയ്യിത്തിനെ പിന്‍തുടരുന്ന കാര്യങ്ങള്‍ എന്തെല്ലാം? (അവയില്‍) അദ്ദേഹത്തോടൊപ്പം അവശേഷിക്കുന്ന കാര്യം എന്താണ്?

الجواب:

يتبعه أهله، وماله، وعمله، يرجع أهله وماله، ويبقى عمله.

ഉത്തരം :

അദ്ദേഹത്തെ അദ്ദേഹത്തിന്‍റെ കുടുംബവും, സമ്പത്തും, കര്‍മ്മവും പിന്‍തുടരും, അദ്ദേഹത്തിന്‍റെ കുടുംബവും സമ്പത്തും തിരിച്ചുപോകും കര്‍മ്മം അവശേഷിക്കുകയും ചെയ്യും.

٢٨٤ .اذكر ثلاثة أشياء تلحق الميت بعد موته؟

284) മരണശേഷം ഒരു മയ്യിത്തിനെ തുടരുന്ന മൂന്ന് കാര്യങ്ങൾ പരാമർശിക്കുക?

الجواب:

علم ينتفع به، وصدقة جارية، وولد صالح يدعو له.

ഉത്തരം :

ഉപകാരപ്രദമായ അറിവ്, നിലനിൽക്കുന്ന സ്വദഖ, അദ്ദേഹത്തിന് വേണ്ടി ദുആ ചെയ്യുന്ന സദ്വൃത്തനായ മകൻ.

٢٨٥ .ما هي المسائل التي يسأل عنها العبد في القبر ؟

285) ഒരു അടിമ ഖബ്റിൽ ചോദിക്കപ്പെടുന്ന ചോദ്യങ്ങൾ ഏവ?

الجواب:

من ربك ؟ وما دينك ؟ ومن نبيك ؟.

ഉത്തരം :

നിന്റെ റബ്ബ് ആരാണ്?

നിന്റെ ദീൻ എന്താണ്?

നിന്റെ നബി ആരാണ്?



٢٨٦ .بماذا يجيب المسلم ؟

286) ഒരു മുസ്ലിം എന്താണ് (അവയ്ക്ക്) മറുപടി പറയുക?

الجواب:

يقول ربي الله، وديني الإسلام، ونبيي محمد ﷺ.

ഉത്തരം :

അവൻ പറയും എന്റെ റബ്ബ് അല്ലാഹുവാകുന്നു, എന്റെ ദീൻ ഇസ്ലാമാകുന്നു, എന്റെ നബി മുഹമ്മദാകുന്നു ﷺ.

٢٨٧ .بماذا يجيب الكافر والمنافق ؟

287) ഒരു കാഫിറും മുനാഫിഖും (കപടവിശ്വാസി) എന്താണ് മറുപടി പറയുക?

الجواب:

ها، ها، لا أدري.

ഉത്തരം :

ഹാ, ഹാ,എനിക്ക് അറിയില്ല.

٢٨٨ .اذكر بعض أشراط الساعة؟

288) അന്ത്യനാളിന്റെ  അടയാളങ്ങളിൽ ചിലത് പരാമർശിക്കുക?

الجواب:

(1)رفع العلم (2) ظهور الجهل (3) فشو الزنا (4) شرب الخمر (5) كثرة النساء وقلة الرجال (6) كثرة القتل (7) كثرة الفتن (8) كثرة موت الفجأة (9) تخوين الأمين (10) ظهور الرويبضة (11) التباهي في المساجد.

ഉത്തരം :

(1) അറിവ് ഉയർത്തപ്പെടൽ.

(2) (ദീനിലുള്ള) അജ്ഞത പ്രകടമാകൽ.

(3) വ്യഭിചാരം വ്യാപകമാകൽ.

(4) മദ്യപാനം.

(5) സ്ത്രീകളുടെ വർദ്ധനവും പുരുഷന്മാരുടെ കുറവും.

(6) കൊലപാതകങ്ങൾ വർദ്ധിക്കൽ.

(7) ഫിത്നയുടെ വർദ്ധന.

(8) (ഹൃദയസ്തംഭനം പോലുള്ള) പെട്ടെന്നുള്ള മരണത്തിന്റെ വർദ്ധന.

(9) വിശ്വസ്തന്റെ വഞ്ചന.

(10) റുവൈബിള പ്രകടമാകൽ.

(11) പള്ളികൾ അലങ്കരിക്കുന്നതിൽ മത്സരിക്കൽ.



٢٨٩. ما هي العشر العلامات الكبرى للساعة ؟

289) അന്ത്യനാളിന്റെ പത്ത് വലിയ അടയാളങ്ങൾ ഏവ?

الجواب:

[1] الدجال [2] نزول عيسى ابن مريم [3] خروج يأجوج ومأجوج [4] الدخان [5] الدابة [6] طلوع الشمس من مغربها [7] خسف بالمشرق [8] خسف بالمغرب [9] خسف بجزيرة العرب [10] نار تخرج من قعر عدن تحشر الناس إلى أرض المحشر.

ഉത്തരം :

[1] ദജ്ജാൽ (ദജ്ജാലിന്റെ വരവ്).

[2] മർയമിന്റെ മകൻ ഈസയുടെ عليه السلام ഇറക്കം.

[3] യഅ്ജൂജിന്റെയും മഅ്ജൂജിന്റെയും  പുറത്തുവരവ്.

[4] (അന്ത്യനാളിനു മുൻപായി പുറപ്പെടുവിക്കപ്പെടുന്ന) പുക.

[5] ഭൂമിയിൽ നിന്നും പുറപ്പെടുവിക്കപ്പെടുന്ന ഒരു ജന്തു.

[6] പടിഞ്ഞാറു നിന്നുള്ള സൂര്യോദയം.

[7] കിഴക്ക്(സംഭവിക്കപ്പെടുന്ന) ആഴ്ന്നുപോകൽ.

[8] പടിഞ്ഞാറ്(സംഭവിക്കപ്പെടുന്ന) ആഴ്ന്നുപോകൽ.

[9] അറബ് ഉപഭൂഖണ്ഡത്തിൽ (സംഭവിക്കപ്പെടുന്ന) ആഴ്ന്നുപോകൽ.

[10] അദനിന്റെ താഴെനിന്നും തീ പുറത്തുവരലും, ജനങ്ങളെ മഹ്ശറിന്റെ ഭൂമിയിലേക്ക് ഒരുമിച്ചുകൂട്ടലും.

٢٩٠ .اذكر بعض أسماء القيامة ؟

290) ഉയിർത്തെഴുന്നേൽപ്പിന്റെ പേരുകളിൽ ചിലത് പരാമർശിക്കുക?

الجواب:

1– الحاقة 2- القارعة 3- الغاشية 4- الصاخة 5- الطامة الكبرى

6- الواقعة.

ഉത്തരം :

1– അൽ ഹാഖ (ആ യഥാർത്ഥ സംഭവം)

2– അൽ ഖാരിഅ (ഭയങ്കരമായ ആ സംഭവം)

3– അൽ ഗാഷിയ (ആ മൂടുന്ന സംഭവം)

4– അസ്സ്വാഖ (ചെകിടടപ്പിക്കുന്ന ആ ശബ്ദം)

5– അത്വാമത്തുൽ കുബ്റാ (ആ മഹാ വിപത്ത്)

6– അൽ വാഖിഅ (ആ സംഭവം)

٢٩١ .في أي يوم تقوم الساعة ؟

291) ഏത് ദിവസമാണ് അന്ത്യസമയം നിലവിൽ വരുക?

الجواب:

في يوم الجمعة.

ഉത്തരം :

ജുമുഅ ദിവസം.

٢٩٢ .ما هي العلامة التي إذا ظهرت أغلق باب التوبة ؟

292) തൗബയുടെ കവാടം അടക്കപ്പെടുക (അന്ത്യനാളിന്റെ) ഏത് അടയാളം പ്രകടമായാലാണ്?

الجواب:

طلوع الشمس من مغربها.

ഉത്തരം :

പടിഞ്ഞാറു നിന്നുള്ള സൂര്യോദയം.

٢٩٣ .أين تغرب الشمس ؟

293) സൂര്യൻ അസ്തമിക്കുന്നത് എവിടെയാണ്?

الجواب:

تذهب وتسجد تحت العرش، ثم تستأذن ربها أن تعود من حيث طلعت.

ഉത്തരം :

സൂര്യൻ പോകുകയും അല്ലാഹുവിന്റെ അർശിനു താഴെ സുജൂദ് ചെയ്യുകയും ചെയ്യും, എന്നിട്ട് എവിടെ നിന്നാണോ ഉദിച്ചത് അങ്ങോട്ട് തിരിച്ചു പോകുന്നതിന് അതിന്റെ റബ്ബിനോട് അനുവാദം ചോദിക്കും.

٢٩٤ .ما مصير الشمس والقمر يوم القيامة؟

294) അന്ത്യനാളിൽ സൂര്യനും ചന്ദ്രനും ചെന്നു ചേരാനുള്ള സങ്കേതം എന്താണ്?

الجواب:

يكوران في النار.

ഉത്തരം :

നരകത്തിൽ അവ രണ്ടും ചുറ്റിപ്പൊതിയപ്പെടും.

٢٩٥ .ما هي أعظم فتنة إلى قيام الساعة ؟

295) അന്ത്യനാൾ വരെ ഉള്ളതിൽ ഏറ്റവും വലിയ ഫിത്ന എന്താണ്?

الجواب:

فتنة الدجال.

ഉത്തരം :

ദജ്ജാലിന്റെ ഫിത്ന.

٢٩٦ .ماذا كتب بين عيني الدجال ؟

296) ദജ്ജാലിന്റെ രണ്ടു കണ്ണുകൾക്കിടയിൽ എഴുതപ്പെട്ടത് എന്താണ്?

الجواب:

كافر.

ഉത്തരം :

കാഫിർ.

٢٩٧ .ما هي البلاد التي لا يستطيع الدجال دخولها ؟

297) ദജ്ജാലിന് പ്രവേശനം സാധ്യമല്ലാത്ത നാട്ടുകൾ ഏതൊക്കെയാണ്?

الجواب:

مكة، والمدينة.

ഉത്തരം:

മക്കയും, മദീനയും.

٢٩٨ .كيف تكون سرعة الدجال ؟

298) ദജ്ജാലിന്റെ വേഗത എങ്ങനെയായിരിക്കും?

الجواب:

كالغيث استدبرته الريح.

ഉത്തരം :

ഒരു കാറ്റ് (അതിനു പിന്നിൽ) കൊണ്ടുവരുന്ന മഴപോലെ.

٢٩٩ .من هو الذي يقتل الدجال ؟

299) ആരാണ് ദജ്ജാലിനെ കൊല്ലുക?

الجواب:

عيسى ابن مريم عليه السلام.

ഉത്തരം :

മർയമിന്റെ മകൻ ഈസാ عليه السلام.

٣٠٠ .هل يأجوج ومأجوج من ولد ادم ؟

300)യഅ്ജൂജും മഅ്ജൂജും ആദമിന്റെ സന്തതിയിൽ പെട്ടതാണോ?

الجواب:

نعم.

ഉത്തരം : അതെ.

٣٠١ .من هو الذي بنى السد على يأجوج ومأجوج ؟

301) യഅ്ജൂജിനും മഅ്ജൂജിനും മുകളിൽ മതിൽകെട്ട് നിർമ്മിച്ചത് ആരാണ്?

الجواب:

هو ذو القرنين.

ഉത്തരം :

അദ്ദേഹമാകുന്നു ദുൽ ഖർനൈൻ.

٣٠٢ .هل يأجوج ومأجوج كثير ؟

302) യഅ്ജൂജ് മഅ്ജൂജ് (എണ്ണംകൊണ്ട്) ഒരുപാടാണോ

الجواب:

نعم يملئون الأرض.

ഉത്തരം :

അതെ അവർ (അവരെകൊണ്ട്) ഭൂമി നിറക്കും.

٣٠٣ .كيف يهلكون ؟

303) അവർ നശിപ്പിക്കപ്പെടുന്നത് എങ്ങനെയാണ്?

الجواب:

يرسل الله عليهم دود النغف في رقابهم فيموتون.

ഉത്തരം :

അല്ലാഹു അവരുടെ പിരടിയിലേക്ക് പുഴുക്കളെ അയക്കുകയും അങ്ങനെ അവർ മരിക്കുകയും ചെയ്യും.

٣٠٤ .ما هي أرض المحشر ؟

304) മഹ്ശറിന്റെ ഭൂമി ഏതാണ്?

الجواب:

أرض الشام.

ഉത്തരം :

അത് ശാമിന്റെ ഭൂമിയാകുന്നു.

٣٠٥ .هل يحكم عيسى عليه السلام عند نزوله آخر الزمان بشريعة محمد ﷺ أم بالإنجيل ؟

305) അവസാന കാലഘട്ടത്തിൽ ഈസയുടെ عليه السلام ഇറക്കത്തിൽ അദ്ദേഹം മുഹമ്മദ് നബി ﷺ – യുടെ ശരീഅത്തുകൊണ്ടാണോ വിധികൽപ്പിക്കുക അതോ ഇൻജീലുകൊണ്ടോ?

الجواب:

بشريعة محمد ﷺ.

ഉത്തരം :

മുഹമ്മദ് നബി ﷺ – യുടെ ശരീഅത്തുകൊണ്ട്.

٣٠٦ .هل إبليس حي الآن أم قد مات ؟

306) ഇബ്‌ലീസ് ഇപ്പോൾ ജീവിച്ചിരിക്കുന്നവനാണോ അതോ അവൻ മരണപ്പെട്ടു കഴിഞ്ഞോ?

الجواب:

هو حي إلى اليوم المعلوم الذي أنظره الله له.

ഉത്തരം :

അല്ലാഹു അവന് അവധി നൽകിയ ഒരു നിശ്ചിത ദിവസം വരെ അവൻ ജീവിച്ചിരിക്കുന്നവനാകുന്നു.

٣٠٧ .ما هو الصور ؟

307) എന്താണ് അസ്സൂർ?

الجواب:

هو قرن ينفخ فيه.

ഉത്തരം :

ഊതപ്പെടുന്ന ഒരു കൊമ്പാകുന്നു അത്.

٣٠٨ .كم النفخات ؟

308) (അതിലുള്ള) ഊത്തുകൾ എത്രയാണ്?

الجواب:

نفختان:

❖ نفخة الفزع والصعق.

❖ نفخة البعث.

ഉത്തരം :

രണ്ട് ഊത്തുകൾ:

❖ ഭയവിഹ്വലതയുടെയും ചലനമറ്റതായിത്തീരുന്നതിന്റെയും ഊത്ത്.
❖ ഉയിർത്തെഴുന്നേൽപ്പിന്റെ ഊത്ത്.

٣٠٩ .ما حكم من كذب بالبعث ؟

309) ഉയിർത്തെഴുന്നേൽപ്പിനെ കളവാക്കിയവന്റെ വിധിയെന്താണ്?

الجواب:

كافر.

ഉത്തരം :

അവൻ കാഫിറാകുന്നു.



٣١٠ .من هو أول من تنشق عنه الأرض ؟

310) ഭൂമി ആദ്യം ആരെ തൊട്ടാണ് പിളരുക?

الجواب:

هو النبي ﷺ.

ഉത്തരം :

അദ്ദേഹമാകുന്നു നബി ﷺ.

٣١١ .كيف يحشر الناس ؟

311) ജനങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുക എങ്ങനെയാണ്?

الجواب:

حفاة عراة غرلًا.

ഉത്തരം :

നഗ്നപാദരും നഗ്നരും ചേലാകർമ്മം ചെയ്യാത്തവരുമായിക്കൊണ്ട്.

٣١٢ .ما معنى غرلًا ؟

312) "ഗുർലൻ" എന്നതിന്റെ അർത്ഥം എന്താണ്?

الجواب:

غير مختونين.

ഉത്തരം :

ചേലാകർമ്മം ചെയ്യാത്തവർ.

٣١٣ .كيف يعرف النبي ﷺ أمته في المحشر؟

313) നബി ﷺ അദ്ദേഹത്തിന്റെ ഉമ്മത്തിനെ മഹ്ശറിൽ (വെച്ച്) തിരിച്ചറിയുന്നത് എങ്ങനെയാണ്?

الجواب:

غرًا محجلين من آثار الوضوء.

ഉത്തരം :

വുദുവിന്റെ അടയാളങ്ങളിൽ കൈകാലുകൾ വെളുത്തവരായികൊണ്ട്.

٣١٤ .مم ينبت الناس بعد أن كانوا ترابًا ؟

314) മണ്ണായിരുന്നതിനു ശേഷം  എന്തിൽ നിന്നാണ് ജനങ്ങൾ ഉയിർത്തെഴുന്നേല്പിക്കപ്പെടുക?

الجواب:

من عجب الذنب.

ഉത്തരം :

നട്ടെല്ലിന്റെ താഴെ അറ്റത്തെ അസ്ഥിയിൽ നിന്നും.

٣١٥ .كم طول يوم القيامة ؟

315) അന്ത്യനാളിന്റെ ദൈർഘ്യം എത്രയാണ്?

الجواب:

على الكافر خمسون ألف سنة، وعلى المؤمن ألف سنة.

ഉത്തരം :

ഒരു കാഫിറിന് അൻപതിനായിരം വർഷം, ഒരു മുഅ്മിന് ആയിരം വർഷം.

٣١٦ .ما مقدار قرب الشمس من الناس يوم القيامة ؟

316) അന്ത്യനാളിൽ ജനങ്ങളിൽ നിന്നുമുള്ള സൂര്യന്റെ അടുപ്പത്തിന്റെ അളവ് എന്തായിരിക്കും?

الجواب:

تدنو حتى تكون على قدر ميل من الناس.

ഉത്തരം :

അത് താഴും, ജനങ്ങളിൽ നിന്നും ഒരു മൈൽ അളവ് ആകുംവരെ.

٣١٧ .ماذا يتمنى الكافر يوم القيامة ؟

317) അന്ത്യനാളിൽ ഒരു കാഫിർ ആഗ്രഹിച്ചുപോകുന്നത് എന്താണ്?

الجواب:

أن يكون ترابًا.

ഉത്തരം :

അവൻ മണ്ണാകാൻ.

٣١٨ .ما أول ما يتكلم من الإنسان يوم القيامة، ويشهد عليه ؟

318) ഒരു മനുഷ്യനിൽ നിന്ന് അന്ത്യനാളിൽ ആദ്യം സംസാരിക്കുന്നത് എന്താണ്, അവനു മേൽ സാക്ഷ്യം വഹിക്കുന്നതും?

الجواب:

الفخذ، والكف

ഉത്തരം :

തുടയും കൈപ്പത്തിയും.

٣١٩ .ما هي الشفاعة العظمى ؟

319)ഏറ്റവും ശ്രേഷ്ഠമായ (മുഖ്യമായ) ശഫാഅത്ത് എന്നാൽ എന്താണ്?

الجواب:

هي الشفاعة لأهل الموقف جميعًا في بدء الحساب.

ഉത്തരം :

അന്ത്യനാളിൽ ഒരുമിച്ചുകൂട്ടപ്പെട്ട എല്ലാവർക്കും വേണ്ടി വിചാരണ തുടങ്ങുന്നതിനുള്ള ശഫാഅത്ത്.

٣٢٠ .من هو صاحب الشفاعة العظمى ؟

320) ഏറ്റവും ശ്രേഷ്ഠമായ (മുഖ്യമായ) ശഫാഅത്തിന്റെ ഉടമ ആരാണ്?

الجواب:

هو النبي ﷺ.

ഉത്തരം :

അദ്ദേഹമാകുന്നു നബി ﷺ.

٣٢١. من أسعد الناس بشفاعة النبي ﷺ ؟

321) നബിയുടെ ﷺ ശഫാഅത്തുകൊണ്ട് ജനങ്ങളിൽ ഏറ്റവും സൗഭാഗ്യവാൻ ആരാണ്?

الجواب:

من قال لا إله إلا الله خالصًا من قلبه.

ഉത്തരം :

"ലാ ഇലാഹ ഇല്ലല്ലാഹ്" എന്ന് അവന്റെ ഹൃദയത്തിൽ നിന്നും ആത്മാർത്ഥമായി പറഞ്ഞവൻ.

٣٢٢. بِمَ يأخذ المؤمن كتابه يوم القيامة ؟

322) അന്ത്യനാളിൽ ഒരു മുഅ്മിൻ അവന്റെ (കർമ്മങ്ങളുടെ രേഖ അടങ്ങിയ) ഗ്രന്ഥം എന്തുകൊണ്ടാണ് എടുക്കുക?

الجواب:

بيمينه.

ഉത്തരം :

അവൻറെ വലതുകൈകൊണ്ട്.

٣٢٣ .بِمَ يأخذ الكافر كتابه يوم القيامة ؟

323) ഒരു കാഫിർ അവന്റെ (കർമ്മങ്ങളുടെ രേഖ അടങ്ങിയ) ഗ്രന്ഥം എന്തുകൊണ്ടാണ് എടുക്കുക?

الجواب:

بشماله من وراء ظهره.

ഉത്തരം :

അവൻ്റെ ഇടതു കൈകൊണ്ട് മുതുകിൻ്റെ പിന്നിലൂടെ.

٣٢٤ .في أي سورة قوله تعالى ﴿فَكَيْفَ إِذَا جِئْنَا مِن كُلِّ أُمَّةٍ بِشَهِيدٍ وَجِئْنَا بِكَ عَلَىٰ هَٰٓؤُلَآءِ شَهِيدًا﴾.

324) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം :

﴿എന്നാൽ ഓരോ സമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ നാം കൊണ്ട് വരികയും ഇക്കൂട്ടർക്കെതിരിൽ നിന്നെ നാം സാക്ഷിയായി കൊണ്ട് വരികയും ചെയ്യുമ്പോൾ എന്തായിരിക്കും അവസ്ഥ!﴾

الجواب:

في سورة النساء.

ഉത്തരം :

സൂറത്തു അന്നിസാഅ് – ൽ.

٣٢٥ .اذكر صفة حوض النبي ﷺ ؟

325) നബിയുടെ ﷺ ഹൗദ്വിന്റെ വിശേഷണം പരാമർശിക്കുക?

الجواب:

طوله مسافة شهر، وعرضه كذلك، ماؤه أبيض من اللبن، وأحلى من العسل، كيزانه عدد نجوم السماء، من شرب منه لا يظمأ بعده أبدًا.

ഉത്തരം :

അതിന്റെ നീളം ഒരുമാസത്തെ വഴിദൂരമാകുന്നു, അതിന്റെ വീതിയും അതുപോലെ തന്നെ, അതിന്റെ വെള്ളം പാലിനെക്കാൾ വെളുത്തതും തേനിനേക്കാൾ മധുരമുള്ളതുമാണ്, അതിന്റെ (അതിൽ നിന്നും കുടിക്കാനുള്ള) പാത്രങ്ങൾ ആകാശത്തിലെ നക്ഷത്രങ്ങളുടെ എണ്ണമാണ്, ആരാണോ അതിൽ നിന്നും കുടിച്ചത് അതിനു ശേഷം അവൻ ഒരിക്കലും ദാഹിക്കുകയില്ല.

٣٢٦ .بماذا توزن الأعمال يوم القيامة ؟

326) അന്ത്യനാളിൽ കർമ്മങ്ങൾ എന്തുകൊണ്ടാണ് തുലനം ചെയ്യപ്പെടുക?

الجواب:

بالميزان.

ഉത്തരം :

തുലാസുകൊണ്ട്.

٣٢٧. ما هو الصراط ؟

327) എന്താണ് സ്വിറാത്ത്?

الجواب:

هو جسر يُضْرَب على جهنم.

ഉത്തരം :

അത് നരകത്തിനു മുകളിൽ സ്ഥാപിക്കപ്പെടുന്ന പാലമാണ്.

٣٢٨. كيف تكون سرعة الناس على الصراط ؟

328) സ്വിറാത്തിനു മുകളിൽ (കടന്നു പോകുമ്പോൾ) ജനങ്ങളുടെ വേഗത എങ്ങനെയായിരിക്കും?

الجواب:

بحسب أعمالهم: (منهم كطرف العين، وكالبرق، وكالريح، وكالطير، وكأجاويد الخيل والركاب، ومنهم من يزحف زحفً.)

ഉത്തരം :

അവരുടെ കർമ്മങ്ങൾക്ക് അനുസരിച്ച്: അവരിൽ കണ്ണിമ വെട്ടുന്നപോലെ (സഞ്ചാര) വേഗതയുള്ളവർ ഉണ്ടാകും, മിന്നൽ പോലെയും, കാറ്റുപോലെയും, പറവപോലെയും, വിശിഷ്ടമായ കുതിരയുടെ മുകളിൽ സവാരി ചെയ്യുന്നവനെ പോലെയും, അവരിൽ ഇഴഞ്ഞു നീങ്ങുന്നവനും ഉണ്ടാകും.



٣٢٩ .أين يقف المؤمنون بعد العبور على الصراط ؟

329) സ്വിറാത്ത് കടന്നതിനുശേഷം സത്യവിശ്വാസികൾ എവിടെയാണ് നിൽക്കുക?

الجواب:

يقفون على قنطرة بين الجنة والنار قبل دخول الجنة يقتص لبعضهم من بعض.

ഉത്തരം :

സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനു മുൻപ് അവരിൽ ചിലർ ചിലരിൽ നിന്നും പ്രതിക്രിയ ചെയ്യാനായി സ്വർഗ്ഗത്തിനും നരകത്തിനും ഇടയിലെ ഖൻഥ്വറയിൽ നിൽക്കും.

٣٣٠ .في أي سورة قوله تعالى :﴿وَإِن مِّنكُمْ إِلَّا وَارِدُهَا ۚ كَانَ عَلَىٰ رَبِّكَ حَتْمًا مَّقْضِيًّا﴾.

330) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം :﴿അതിനടുത്ത് (നരകത്തിനടുത്ത്) വരാത്തവരായി നിങ്ങളിൽ ആരും തന്നെയില്ല. നിൻറെ റബ്ബിൻറെ ഖണ്ഡിതവും നടപ്പിലാക്കപ്പെടുന്നതുമായ ഒരു തീരുമാനമാകുന്നു അത്.﴾

الجواب:

في سورة مريم.

ഉത്തരം :

സൂറത്തു മർയം-മിൽ.

٣٣١ .ما جزاء المؤمنين، وما جزاء الكافرين يوم القيامة ؟

331) അന്ത്യനാളിൽ മുഅ്മിനുകൾക്കുള്ള പ്രതിഫലം എന്താണ്? കാഫിറുകൾക്കുള്ള പ്രതിഫലം എന്താണ്?

الجواب:

جزاء المؤمنين الجنة، وجزاء الكافرين النار.

ഉത്തരം :

മുഅ്മിനുകൾക്കുള്ള പ്രതിഫലം സ്വർഗ്ഗവും കാഫിറുകൾക്കുള്ള പ്രതിഫലം നരകവുമാകുന്നു.

٣٣٢ .هل الجنة والنار موجودتان الآن ؟

332) സ്വർഗ്ഗവും നരകവും ഇപ്പോൾ (നിലവിൽ) ഉള്ളവയാണോ?

الجواب:

نعم.

ഉത്തരം :

അതെ.



٣٣٣ .أين الجنة ؟ وأين النار ؟

333) സ്വർഗ്ഗം എവിടെയാണ്? നരകം എവിടെയാണ്?

الجواب:

الجنة في أعلى عليين في السماء، والنار في أسفل سافلين في الأرض السفلى.

ഉത്തരം :

സ്വർഗ്ഗം ആകാശത്തിലെ ഇല്ലിയ്യൂനിന്റെ ഉന്നതിയിലാകുന്നു, നരകം താഴെയുള്ള ഭൂമിയുടെ ഏറ്റവും അടിത്തട്ടിലാകുന്നു.

٣٣٤ .كم أبواب الجنة وأبواب النار ؟

334) സ്വർഗ്ഗത്തിന്റെ വാതിലുകൾ എത്രയാണ്? നരകത്തിന്റെ വാതിലുകൾ എത്രയാണ്?

الجواب:

أبواب الجنة ثمانية، وأبواب النار سبعة.

ഉത്തരം :

സ്വർഗ്ഗത്തിന്റെ വാതിലുകൾ എട്ടാകുന്നു, നരകത്തിന്റെ വാതിലുകൾ ഏഴും.

٣٣٥ .من أين تُفجَّر أنهار الجنة ؟

335) സർഗ്ഗത്തിലെ നദികൾ പൊട്ടിയൊഴുക്കപ്പെടുന്നത് എവിടെ നിന്നാണ്?

الجواب:

من الفردوس.

ഉത്തരം :

ഫിർദൗസിൽ നിന്നും.

٣٣٦ .اذكر أسماء بعض أنهار الجنة من أنهار الدنيا ؟

336) ഇഹലോകത്തെ നദികളിൽ നിന്നും സ്വർഗ്ഗത്തിലെ നദികളിൽ ചിലതിൻറെ പേരുകൾ പരാമർശിക്കുക?

الجواب:

سيحان – جيحان – النيل – الفرات.

ഉത്തരം :

സൈഹാൻ –ജൈഹാൻ–അന്നൈൽ–അൽ ഫുറാത്ത്.

٣٣٧ .ما هي الأنهار التي في الجنة ؟

337) സ്വർഗ്ഗത്തിലുള്ള നദികൾ ഏവയാണ്?

الجواب:

1–أنهار من ماء غير آسن 2- أنهار من عسل مصفى

3- أنهار من خمر 4- أنهار من لبن

ഉത്തരം :

1- പകർച്ച വരാത്ത വെള്ളത്തിൻറെ അരുവികൾ.
2- ശുദ്ധീകരിക്കപ്പെട്ട തേനിൻറെ അരുവികൾ.
3- (ആസ്വാദ്യമായ) മദ്യത്തിൻറെ അരുവികൾ.
4- (രുചിഭേദം വരാത്ത) പാലിൻറെ അരുവികൾ.

٣٣٨. ما هو الكوثر ؟

338) അൽ കൗസർ എന്നാൽ എന്താണ്?

الجواب:

نهر في الجنة للنبي ﷺ.

ഉത്തരം :

അത് നബിക്കുള്ള ﷺ സ്വർഗ്ഗത്തിലെ നദിയാകുന്നു.

٣٣٩. أين يصب الكوثر ؟

339) അൽ കൗസർ ചൊരിയപ്പെടുന്നത് എവിടെയാണ്?

الجواب:

في حوض النبي ﷺ.

ഉത്തരം :

നബിയുടെ ﷺ ഹൗദിൽ.



٣٤٠ .هل في الجنة موت ؟

340) സ്വർഗ്ഗത്തിൽ മരണമുണ്ടോ?

الجواب:

لا : ليس في الجنة موت.

ഉത്തരം :

ഇല്ല, സ്വർഗ്ഗത്തിൽ മരണമില്ല.

٣٤١ .من هم عامة أهل الجنة ؟

341) സ്വർഗ്ഗക്കാരിലെ ഭൂരിപക്ഷം ആരെല്ലാമാണ്?

الجواب:

الضعفاء، والمساكين.

ഉത്തരം :

ദുർബലരും, പാവപ്പെട്ടവരും.

٣٤٢ .من هم عامة أهل النار ؟

342) നരകക്കാരിലെ ഭൂരിപക്ഷം ആരാണ്?

الجواب:

النساء.

ഉത്തരം :

സ്ത്രീകൾ.

٣٤٣ .من هم وقود النار ؟

343) നരകത്തിലെ ഇന്ധനം ആരെല്ലാമാണ്?

الجواب:

الناس، والحجارة.

ഉത്തരം :

ജനങ്ങളും കല്ലുകളും.

٣٤٤ .هل الكافر يدخل الجنة إن كان من المحسنين ؟

344)ഒരു കാഫിർ സ്വർഗ്ഗത്തിൽ പ്രവേശിക്കുമോ അവൻ സൽപ്രവൃത്തികൾ ചെയ്യുന്നവരിൽ പെട്ടവനാണെങ്കിൽ?

الجواب:

لا، فإن الكافر لا يدخل الجنة بحال.

ഉത്തരം :

ഇല്ല, ഒരു കാഫിർ ഒരു അവസ്ഥയിലും തന്നെ സ്വർഗ്ഗത്തിൽ പ്രവേശിക്കില്ല.

٣٤٥ .هل يُخلَّد أصحاب التوحيد في النار ؟

345) തൗഹീദുള്ളവർ നരകത്തിൽ നിത്യവാസികളാകുമോ ?

الجواب:

لا.

ഉത്തരം :

ഇല്ല.

٣٤٦ .هل اليهود يؤمنون بالنار ؟

347) യഹൂദികൾ നരകത്തിൽ വിശ്വസിക്കുന്നുണ്ടോ?

الجواب:

يقولون إنهم سيدخلونها أياما معدودة، ثم يخلفهم فيها المسلمون.

ഉത്തരം :

അവർ പറയുന്നു എണ്ണപ്പെട്ട ദിവസങ്ങൾ (മാത്രം) അവരതിൽ പ്രവേശിക്കും, പിന്നീട് മുസ്ലീങ്ങൾ അവരുടെ നരകത്തിലെ സ്ഥാനങ്ങളിലേക്ക് വരും.

٣٤٧ .من أول الأمم دخولًا الجنة ؟

348) ഉമ്മത്തുകളിൽ ആദ്യം സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവർ ആരാണ്?

الجواب:

أمة النبي ﷺ.

ഉത്തരം :

നബിയുടെ ﷺ ഉമ്മത്ത്.



٣٤٨ .من هو الذي يستفتح باب الجنة ، وأول من يدخلها ؟

348) സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കാൻ ആവശ്യപ്പെടുന്നതും ആദ്യം അതിൽ പ്രവേശിക്കുന്നതും ആരാണ്?

الجواب:

النبي ﷺ.

ഉത്തരം :

നബി ﷺ.

٣٤٩ .اذكر بعض أسماء الجنة ؟

349) സ്വർഗ്ഗത്തിന്റെ പേരുകളിൽ ചിലത് പരാമർശിക്കുക?

الجواب:

دار السلام_ الحسنى_ دار المقامة_ دار القرار.

ഉത്തരം :
ദാറുസ്സലാം – അൽ ഹുസ്നാ – ദാറുൽ മുഖാമ– ദാറുൽ ഖറാർ.

٣٥٠ .ما أعلى درجات الجنة ؟

350) സ്വർഗ്ഗത്തിലെ ഏറ്റവും ഉയർന്ന തലം ഏതാണ്?

الجواب:

الفردوس، وسقفه عرش الرحمن.

ഉത്തരം :
അൽ ഫിർദൗസ്, അതിന്റെ മേൽത്തട്ട് പരമകാരുണികന്റെ അർശാകുന്നു.

٣٥١ .ما أعلى مقام في الفردوس الأعلى ؟

351) അത്യുന്നമായ ഫിർദൗസിലെ ഏറ്റവും ഉയർന്ന സ്ഥാനം എന്താണ്?

الجواب:

الوسيلة، وهي لنبينا محمد ﷺ فقط.

ഉത്തരം :

അൽ വസീല, അത് നമ്മുടെ നബി മുഹമ്മദിന് ﷺ മാത്രമുള്ളതാണ്.

٣٥٢ .هل في الجنة غل، وحسد ؟

352) സ്വർഗ്ഗത്തിൽ ഉൾപകയും അസൂയയും ഉണ്ടോ?

الجواب:

لا، ليس في الجنة غل وحسد.

ഉത്തരം :

ഇല്ല, സ്വർഗ്ഗത്തിൽ ഉൾപകയും അസൂയയും ഇല്ല.



٣٥٣. كم صفوف أهل الجنة ؟

353) സ്വർഗ്ഗക്കാരുടെ സ്വഫ്ഫുകൾ എത്രയാണ്?

الجواب:

عشرون ومائة صف.

ഉത്തരം :

നൂറ്റി ഇരുപത് സ്വഫ്.

٣٥٤. كم صفًا من هذه الأمة ؟

354) അതിൽ ഈ ഉമ്മത്തിൽ നിന്നും എത്ര സ്വഫ്ഫാണ്?

الجواب:

ثمانون صفًا.

ഉത്തരം :

എൺപത് സ്വഫ്.

٣٥٥. بكم يدخل الفقراء الجنة قبل الأغنياء ؟

355) സമ്പന്നർക്കു എത്ര (വർഷം) മുൻപ് ദരിദ്രർ സ്വർഗ്ഗത്തിൽ പ്രവേശിക്കും?

الجواب:

بخمسمائة سنة (نصف يوم ).

ഉത്തരം :

അഞ്ഞൂറ് വർഷം (ഒരു ദിവസത്തിന്റെ പകുതി).

٣٥٦ .كم اليوم عند الله ؟

356) അല്ലാഹുവിങ്കൽ ദിവസത്തിന്റെ ദൈർഘ്യം എത്രയാണ്?

الجواب:

بألف سنة من أيامنا.

ഉത്തരം :

(നാം എണ്ണിത്തിട്ടപ്പെടുത്തുന്ന) നമ്മുടെ ദിവസങ്ങളെപ്പോലുള്ള ആയിരം വർഷം.

٣٥٧ .ما هي الشجرة في الجنة التي يسير الراكب في ظلها مائة عام لا يقطعها ؟

357) ഒരു സഞ്ചാരി അതിന്റെ നിഴലിലൂടെ നൂറു വർഷം സഞ്ചരിച്ചാലും അതിന്റെ നിഴലിനെ മുറിച്ചു കടക്കാൻ കഴിയാത്ത നിഴലുള്ള സ്വർഗ്ഗത്തിലെ വൃക്ഷം ഏതാണ്?

الجواب:

شجرة طوبى.

ഉത്തരം :

തുബാ വൃക്ഷം.



٣٥٨. كيف تكون صورة أهل الجنة ؟

358) സ്വർഗ്ഗക്കാരുടെ രൂപം എങ്ങനെയായിരിക്കും?

الجواب:

على صورة أبيهم آدم ستون ذراعًا في السماء.

ഉത്തരം :

ആകാശത്ത് (ഉയരത്തിൽ) അറുപതടിയിൽ അവരുടെ പിതാവ് ആദമിന്റെ രൂപത്തിൽ.

٣٥٩. ما هو أول طعام أهل الجنة ؟

359) സ്വർഗ്ഗക്കാരുടെ ആദ്യ ഭക്ഷണം എന്താണ്?

الجواب:

زيادة كبد الحوت

ഉത്തരം :

മത്സ്യക്കരളിന്റെ ഭാഗം (അനുബന്ധം).

٣٦٠. ما الفرق بين السندس، والإستبرق ؟

360) അസ്സുൻദുസിനും അൽ ഇസ്തബ്റഖിനും ഇടയിലുള്ള വ്യത്യാസം എന്ത്?

الجواب:

السندس: رقيق الديباج، والحرير.

والإستبرق: غليظ الديباج، والحرير.

ഉത്തരം :

അസ്സൻദുസ്: നേരിയ കസവുകൊണ്ടുള്ള അലങ്കാരപ്പണിയും പട്ടും.

അൽ ഇസ്തബ്റഖ്: കനം കൂടിയ കസവുകൊണ്ടുള്ള അലങ്കാരപ്പണിയും പട്ടും.



٣٦١ .كم هم الذين يدخلون الجنة بغير حساب ولا عذاب ؟

361)  വിചാരണയും ശിക്ഷയും കൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവർ എത്രയാണ്?

الجواب:

سبعون ألفًا، مع كل ألف سبعون ألفًا، وفي رواية مع كل  واحد سبعون ألفًا.

ഉത്തരം :

എഴുപതിനായിരം, ഓരോ ആയിരത്തിനോടൊപ്പവും എഴുപതിനായിരം ആളുകൾ , (മറ്റൊരു) നിവേദനത്തിൽ ഓരോരുത്തരോടൊപ്പവും എഴുപതിനായിരം ആളുകൾ എന്നാകുന്നു.

٣٦٢ .ما هي أوصافهم ؟

362) അവരുടെ വിശേഷണങ്ങൾ എന്തൊക്കെയാണ്?

الجواب:

هم الذين 1- لا يسترقون 2- ولا يكتوون 3- ولا يتطيرون 4- وعلى ربهم يتوكلون.

ഉത്തരം :

അവരാകുന്നു

1– അർറുഖിയ്യ അശ്ശറഇയ്യ ആവശ്യപ്പെടാത്തവർ.

2– (ചികിത്സക്കായി) കയ് (തീ കൊണ്ടുള്ള ചികിത്സ) ചെയ്യാത്തവർ.

3– ശകുനം നോക്കാത്തവർ.

4– അവരുടെ റബ്ബിൽ മാത്രം തവക്കുൽ ചെയ്യുന്നവർ.

٣٦٣ .من هو الصحابي الذي قال له النبي ﷺ : «أنت منهم» ؟

363) നീ അവരിൽ പെട്ടവനാണ് എന്ന് നബി ﷺ പറഞ്ഞ സ്വഹാബി ആരാണ്?

الجواب:

عكاشة بن محصن رضي الله عنه

ഉത്തരം:

ഉക്കാശ ബ്നു മിഹ്സ്വൻ رضي الله عنه.

٣٦٤ .هل يرى المؤمنون ربهم يوم القيامة ؟

364) അന്ത്യനാളിൽ മുഅ്മിനുകൾ അവരുടെ റബ്ബിനെ കാണുമോ?

الجواب

نعم في عرصات القيامة، وفي الجنة.

ഉത്തരം :

അതെ, (അവർ) വിചാരണയുടെ ശൂന്യവും സമതലവുമായ ഇടത്തുവച്ചും, സ്വർഗ്ഗത്തിൽ വച്ചും അവരുടെ റബ്ബിനെ കാണും.

٣٦٥ .في أي سورة قوله تعالى:﴿وُجُوهٌ يَوْمَئِذٍ نَّاضِرَةٌ إِلَىٰ رَبِّهَا نَاظِرَةٌ﴾؟

365) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം

﴾ചില മുഖങ്ങൾ അന്ന് പ്രസന്നതയുള്ളതും * അവയുടെ റബ്ബിൻറെ നേർക്ക് ദൃഷ്ടി തിരിച്ചവയുമായിരിക്കും﴿

الجواب:

في سورة القيامة.

ഉത്തരം :

സൂറത്തുൽ ഖിയാമ – യിൽ.

٣٦٦ .ما هي الزيادة في قوله تعالى: ﴿لِّلَّذِينَ أَحۡسَنُواْ ٱلۡحُسۡنَىٰ وَزِيَادَةٞۖ﴾.

366) അല്ലാഹുവിന്റെ (ഈ) വചനത്തിലെ:

﴾സുകൃതം ചെയ്തവർക്ക് ഏറ്റവും ഉത്തമമായ പ്രതിഫലവും കൂടുതൽ നേട്ടവുമുണ്ട്﴿ "കൂടുതൽ (നേട്ടം)" എന്താണ്?

الجواب:

النظر إلى وجه الله الكريم.

ഉത്തരം :

അൽ കരീം ആയ അല്ലാഹുവിന്റെ മുഖത്തേക്കുള്ള നോട്ടം.

٣٦٧ .من هم أصحاب الدرك الأسفل من النار ؟

367) നരകത്തിന്റെ അടിത്തട്ടിലെ ആളുകൾ ആരാണ്?

الجواب:

هم المنافقون .

ഉത്തരം :

കപടവിശ്വാസികൾ.

٣٦٨ .كم زمامًا مع جهنم ؟

368) നരകത്തിന് എത്ര കടിഞ്ഞാണുകളുണ്ട്?

الجواب:

سبعون ألف زمام، مع كل زمام سبعون ألف ملك يجرونها.

ഉത്തരം :

എഴുപതിനായിരം കടിഞ്ഞാണുകൾ, ഓരോ കടിഞ്ഞാണിലും അതിനെ (നരകത്തെ) വലിച്ചുകൊണ്ട് എഴുപതിനായിരം മലക്കുകൾ.

٣٦٩ .ما هي الشجرة التي تنبت في وسط النار ويأكل منها أهل النار ؟

369) നരകത്തിന്റെ മദ്ധ്യത്തിൽ മുളയ്ക്കപ്പെടുന്നതും അതിൽ നിന്ന് നരകക്കാർ ഭക്ഷിക്കുന്നതുമായ വൃക്ഷം എന്താണ്?

الجواب:

شجرة الزقوم.

ഉത്തരം :

സഖ്വൂം വൃക്ഷം.

٣٧٠ .هل في النار برد ؟

370) നരകത്തിൽ തണുപ്പുണ്ടോ?

الجواب:

نعم، فشدة البرد في الدنيا من زمهرير جهنم، وشدة الحر في الدنيا من فيح جهنم.

ഉത്തരം :

ഉണ്ട്, ഇഹലോകത്തെ കടുത്ത തണുപ്പ് നരകത്തിന്റെ സംഹരീർ (കൊടും തണുപ്പ്) –ൽ നിന്നുമാകുന്നു, ഇഹലോകത്തെ കടുത്ത ചൂട് നരകത്തിന്റെ ഫയ്ഹ് (ആളുന്ന കൊടും ചൂട്) –ൽ നിന്നുമാകുന്നു.

٣٧١ .اذكر بعض أسماء جهنم ؟

371) നരകത്തിന്റെ പേരുകളിൽ ചിലത് പരാമർശിക്കുക?

الجواب:

الحطمة - لظى - سقر - الهاوية - السعير .

ഉത്തരം :

അൽ ഹുത്വമ – ലള്വാ – സഖർ – അൽ ഹാവിയ – അസ്സഈർ.

٣٧٢ .هل الجنة والنار تفنيان وتبيدان ؟

372) സ്വർഗ്ഗവും നരകവും നശിച്ചു പോകുകയും നാമാവശേഷമാകുകയും ചെയ്യുമോ ?

الجواب:

لا، بل أهلهما مخلدون فيهما أبدًا.

ഉത്തരം :

ഇല്ല, മറിച്ച് അവരണ്ടിന്റെയും ആളുകൾ അവരണ്ടിലും എന്നെന്നേക്കും സ്ഥിരവാസികളാകുന്നു

٣٧٣ .هل ستمتلئ الجنة والنار ؟

373) സ്വർഗ്ഗവും നരകവും നിറയുമോ?

الجواب : نعم.

ഉത്തരം :

അതെ, നിറയും.

٣٧٤. كم عِظَم جلد الكافر في النار وضرسه ؟

374) നരകത്തിൽ ഒരു കാഫിറിന്റെ തൊലിയുടെ ഭീമം (വലിപ്പം) എത്രയാണ് അവന്റെ അണപ്പല്ലിന്റെയോ?

الجواب:

عِظَم جلده مسيرة ثلاث أيام، وضرسه مثل جبل أُحد.

ഉത്തരം :

അവന്റെ തൊലിയുടെ വലിപ്പം (കട്ടി) മൂന്നുദിവസത്തെ വഴിദൂരമാകുന്നു, അവന്റെ അണപ്പല്ല് ഉഹ്ദ് മലയോളവും.

٣٧٥. من هم أهل الأعراف ؟

375) അഅ്റാഫിൽ ഉള്ളവർ ആരാണ്

الجواب:

قوم استوت حسناتهم وسيئاتهم.

ഉത്തരം :

(തങ്ങളുടെ) നന്മകളും തിൻമകളും തുല്യമായ ജനവിഭാഗം.



٣٧٦. ما هو مصيرهم ؟

376) അവരുടെ ചെന്നടങ്കം എന്താണ് (എവിടെയാണ്) ?

الجواب:

يوقفون بين الجنة والنار، ثم يكون مصيرهم إلى الجنة.

ഉത്തരം :

അവർ സ്വർഗ്ഗത്തന്റെയും നരകത്തിന്റെയും ഇടയിൽ നിൽക്കും, പിന്നീട് അവരുടെ ചെന്നടങ്കം സ്വർഗ്ഗത്തിലേക്കായിരിക്കും.

## فصل الإيمان بالقدر

## (7) ഖദറിലുള്ള ഈമാനിന്റെ അദ്ധ്യായം

٣٧٧. ماذا كتب القلم أول ما خلقه الله؟

377) അല്ലാഹു പേനയെ സൃഷ്ടിച്ചതിനു ശേഷം ആദ്യമായി അത് എഴുതിയത് എന്താണ്?

الجواب:

كتب كل ما هو كائن إلى يوم القيامة.

ഉത്തരം :

അന്ത്യനാൾ വരെ നടക്കാനുള്ള സർവ്വതും അത് എഴുതി.

٣٧٨. أين كتب الله مقادير الخلق ؟

378) സൃഷ്ടികളുടെ വിധികൾ അല്ലാഹു എഴുതിയത് എവിടെയാണ്?

الجواب:

في اللوح المحفوظ.

ഉത്തരം :

അല്ലൗഹുൽ മഹ്ഫൂള് – ൽ.

٣٧٩ .أين اللوح المحفوظ ؟

379) അല്ലൗഹുൽ മഹ്ഫൂഥ് എവിടെയാണ്?

الجواب:

هو عند الله فوق العرش.

ഉത്തരം :

അത് അർശിനു മുകളിൽ അല്ലാഹുവിന്റെ അടുക്കലാകുന്നു.

٣٨٠ .كم مراتب القدر ؟

380) ഖദറിന്റെ തലങ്ങൾ എത്രയാണ്?

الجواب:

أربعة:

[1]العلم [2]الكتابة [3]المشيئة [4]الخلق.

ഉത്തരം :

നാല്:

[1] അൽ ഇൽമ് (അല്ലാഹുവിന്റെ അറിവ്)

[2] അൽ കിതാബ (എഴുത്ത്)

[3] അൽ മശീഅ (അല്ലാഹുവിന്റെ ഉദ്ദേശം)

[4] അൽ ഖൽഖ് (സൃഷ്ടി)



٣٨١ .هل المصائب التي تقع هي بإذن الله ؟

381) വിപത്തുകൾ സംഭവിക്കുന്നത് അല്ലാഹുവിന്റെ അനുമതിയോടു കൂടിയാണോ?

الجواب:

نعم.

ഉത്തരം :

അതെ.

٣٨٢ .ماذا يقول من حصلت عليه مصيبة ؟

382) ആപത്ത് ബാധിച്ചവൻ എന്താണ് പറയുക?

الجواب:

يقول إنا لله وإنا إليه راجعون، اللهم آجرني في مصيبتي، واخلف لي خيرًا منها.

ഉത്തരം :

അവൻ പറയും :

"ഇന്നാ ലില്ലാഹ് വ ഇന്നാ ഇലൈഹി റാജിഊൻ, അല്ലാഹുമ്മ ആജിർനീ ഫീ മുസീബതീ, വഖ്‌ലുഫ് ലീ ഖൈറൻ മിൻഹാ "

(ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ്, അല്ലാഹുവേ എൻറെ ഈ വിപത്തിൽ എനിക്ക് പ്രതിഫലം നൽകേണമേ. അതിന് പകരം അതിലും ഉത്തമമായത് എനിക്ക് നൽകേണമേ).

٣٨٣ .هل في القدر خير وشر ؟

383) ഖദറിൽ നന്മയും തിന്മയും ഉണ്ടോ?

الجواب:

نعم.

ഉത്തരം :

ഉണ്ട്.

٣٨٤ .قال تعالى (وكل شيء أحصيناه في إمام مبين) فما معنى (إمام مبين) ؟

384) അല്ലാഹു تعالى പറഞ്ഞു :

﴿എല്ലാകാര്യങ്ങളും വ്യക്തമായ ഒരു രേഖയിൽ നാം നിജപ്പെടുത്തി വെച്ചിരിക്കുന്നു.﴾ "വ്യക്തമായ ഒരു രേഖ" എന്നതിന് അർത്ഥം (ഉദ്ദേശം) എന്താണ്?

الجواب:

هو اللوح المحفوظ.

ഉത്തരം :

അത് അല്ലൗഹിൽ മഹ്ഫൂഥ് ആകുന്നു.

٣٨٥. ما هي مفاتيح الغيب التي لا يعلمها إلا الله ؟

385) അല്ലാഹുവല്ലാതെ വേറാരും അറിയാത്ത അദൃശ്യകാര്യത്തിൻറെ താക്കോലുകൾ ഏതൊക്കെയാണ്?

الجواب:

مذكورة في قول الله تعالى ﴿إِنَّ ٱللَّهَ عِندَهُۥ عِلۡمُ ٱلسَّاعَةِ وَيُنَزِّلُ ٱلۡغَيۡثَ وَيَعۡلَمُ مَا فِي ٱلۡأَرۡحَامِۖ وَمَا تَدۡرِي نَفۡسٞ مَّاذَا تَكۡسِبُ غَدٗاۖ وَمَا تَدۡرِي نَفۡسُۢ بِأَيِّ أَرۡضٖ تَمُوتُۚ إِنَّ ٱللَّهَ عَلِيمٌ خَبِيرُۢ﴾ [لقمان: ٣٤].

ഉത്തരം :

(അവ) അല്ലാഹുവിന്റെ (ഈ) വചനത്തിൽ പരാമർശിക്കപ്പെട്ടവയാണ്

﴿തീർച്ചയായും അല്ലാഹുവിൻറെ പക്കലാണ് അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ്. അവൻ മഴപെയ്യിക്കുന്നു. ഗർഭാശയത്തിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു. നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു﴾

[ലുഖ്മാൻ :34]

٣٨٦. اذكر آية تدل على سعة علم الله ؟

386) അല്ലാഹുവിന്റെ അറിവിന്റെ വ്യാപ്തിയെ സൂചിപ്പിക്കുന്ന ആയത്ത് പരാമർശിക്കുക?

الجواب:

قَالَ تَعَالَى: ﴿عَٰلِمِ ٱلْغَيْبِ ۖ لَا يَعْزُبُ عَنْهُ مِثْقَالُ ذَرَّةٍ فِى ٱلسَّمَٰوَٰتِ وَلَا فِى
ٱلْأَرْضِ وَلَآ أَصْغَرُ مِن ذَٰلِكَ وَلَآ أَكْبَرُ إِلَّا فِى كِتَٰبٍ مُّبِينٍ﴾ [سبأ: ٣].

ഉത്തരം :

അല്ലാഹു പറഞ്ഞു :

﴿അദൃശ്യകാര്യങ്ങൾ അറിയുന്നവനായ (റബ്ബ്). ആകാശങ്ങളിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണുവിൻറെ തൂക്കമുള്ളതോ അതിനെക്കാൾ ചെറുതോ വലുതോ ആയ യാതൊന്നും അവനിൽ നിന്ന് മറഞ്ഞ് പോകുകയില്ല. സ്പഷ്ടമായ ഒരു രേഖയിൽ ഉൾപെടാത്തതായി യാതൊന്നുമില്ല.﴿ [സബഅ്:3]

٣٨٧. هل علم الله أهل الجنة وأهل النار قبل أن يخلقهم ؟

387) സ്വർഗ്ഗക്കാരെയും നരകക്കാരെയും അവരെ സൃഷ്ടിക്കുന്നതിനു മുൻപ് അല്ലാഹു അറിഞ്ഞിട്ടുണ്ടോ?

الجواب:

نعم.

ഉത്തരം :

അതെ.



٣٨٨ .كم أنواع التقادير ؟

388) തഖ്ദീറുകളുടെ ഇനം എത്രയാണ്?

الجواب:

تقدير أزلي: قبل خلق السموات والأرض بخمسين ألف سنة.

تقدير عمري: حين أخذ الميثاق، وعند تخليق النطفة في الرحم .

التقدير الحولي: في ليلة القدر

التقدير اليومي.

ഉത്തരം :

തഖ്ദീർ അസലീ: ആകാശഭൂമികളുടെ സൃഷ്ടിപ്പിന് അൻപതിനായിരം വർഷം മുൻപുള്ളത്.

തഖ്ദീർ ഉമ്രീ: മനുഷ്യനോട് അല്ലാഹു ഉടമ്പടി എടുത്തപ്പോളും ഗർഭാശയത്തിൽ ബീജകണം സൃഷ്ടിച്ചപ്പോളും (ആയുസ്സ് മുഴുവനുമുള്ള).

തഖ്ദീർ അൽ ഹൗലീ: ലൈലത്തുൽ ഖദ്ർ – ൽ (ഒരു വർഷത്തെ).

തഖ്ദീർ യൗമീ (ഒരു ദിവസത്തെ).

٣٨٩. ما هي الأربع الكلمات التي يكتبها الملك للجنين في بطن أمه ؟

389) മാതാവിന്റെ വയറ്റിലെ ജനീനിന് (റൂഹ് ഊതപ്പെട്ട മാംസക്കട്ടക്ക്) ഒരു മലക്ക് എഴുതുന്ന നാല് കലിമത്തുകൾ ഏവ?

الجواب :

رزقه، وأجله، وعمله، وشقي أم سعيد.

ഉത്തരം :

അതിന്റെ ഉപജീവനം, അതിന്റെ ജീവിതാവധിയും, അതിന്റെ പ്രവർത്തനവും, (അത്) നിർഭാഗ്യവാനാണോ സൗഭാഗ്യവാനാണോ എന്നും.

٣٩٠. إذا جاء الموت فهل ممكن أن يتقدم أو يتأخر ؟

390) മരണം വന്നാൽ (അതിനെ) മുന്നോട്ടാക്കാനോ പിന്നോട്ടാക്കാനോ സാധിക്കുമോ?

الجواب :

لا.

ഉത്തരം :

ഇല്ല.

# [2] كتاب السيرة

# ജീവചരിത്രത്തിന്റെ പുസ്തകം

# ذكر ما يتعلق بنبينا ﷺ

# (1) നമ്മുടെ നബിയെ ﷺ സംബന്ധിച്ചുള്ള പരാമർശം

598) ഉഹ്ദ് ദിവസം നബി ﷺ അമ്പെയ്ത്തുകാർക്കായി അവരുടെ മലയിൽ ഏർപ്പെടുത്തിയ പടത്തലവൻ ആരായിരുന്നു ?

الجواب:

عبد الله بن جبير رضي الله عنـه.

ഉത്തരം :

അബ്ദുല്ലാഹ് ബ്നു ജുബൈർ رضي الله عنه.

٥٩٩ .بماذا أمر النبي ﷺ هؤلاء الرماة؟

599) നബി ﷺ അമ്പെയ്ത്തുകാരോട്  കല്പിച്ചതെന്താണ്?

الجواب:

أمرهم أن لا يبرحوا أماكنهم بأي حالٍ من الأحوال.

ഉത്തരം :

ഏതൊരു അവസ്ഥയിലും നിങ്ങൾ നിങ്ങളുടെ സ്ഥലം ഉപേക്ഷിക്കരുതെന്ന് അദ്ദേഹം ﷺ അവരോട് കല്പിച്ചു.

٦٠٠. ماذا فعل الرماة بعد ذلك؟

600) അതിനു ശേഷം അമ്പെയ്ത്തുകാർ എന്താണ് ചെയ്തത്?

الجواب:

حين رأوا هزيمة المشركين أول الأمر تركوا أماكنهم، وقالوا: الغنيمة الغنيمة، إلا عبد الله بن جبير رضي الله عنه ومعه تسعة.

ഉത്തരം :

മുശ്രികീങ്ങളുടെ തോൽവി (പിന്തിരിഞ്ഞോട്ടം) കണ്ട ആദ്യഘട്ടത്തിൽ തന്നെ അവർ അവരുടെ സ്ഥലങ്ങൾ ഉപേക്ഷിച്ചു, അവർ പറഞ്ഞു : ഗനീമത്.. ഗനീമത് അബ്ദുല്ല ബ്നു ജുബൈറും رضي الله عنه അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന ഒൻപതുപേരും ഒഴികെ.

٦٠١. ماذا فعل خالد بن الوليد عندما ترك الرماة أماكنهم؟

601) അമ്പെയ്ത്തുകാർ അവരുടെ സ്ഥലങ്ങൾ ഉപേക്ഷിച്ചപ്പോൾ ഖാലിദ് ബ്നു വലീദ് ചെയ്തത് എന്താണ്?

الجواب:

التف على المسلمين من خلفهم، وقتل عبد الله بن جبير رضي الله عنه ومن معه، ثم انقض على المسلمين من الخلف.

ഉത്തരം :

അയാൾ മുസ്ലിംങ്ങളുടെ നേരെ അവരുടെ പിറകിലൂടെ തിരിഞ്ഞു, അബ്ദുല്ല ബ്നു ജുബൈറിനെയും رضي الله عنه അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നവരെയും വധിച്ചു, അതിനു ശേഷം മുസ്ലിംങ്ങളെ അവരുടെ പിന്നിലൂടെ ആക്രമിച്ചു.

٦٠٢ .كم عدد الشهداء من المسلمين في غزوة أحد؟

602) ഉഹ്ദ് യുദ്ധത്തിൽ മുസ്ലിംങ്ങളിലെ ശുഹദാക്കളുടെ എണ്ണം എത്രയായിരുന്നു?

الجواب:

سبعون شهيدًا.

ഉത്തരം :

എഴുപത് ശുഹദാക്കൾ.



٦٠٣ .من هو سيد الشهداء ؟

603) ശുഹദാക്കളുടെ നേതാവ് ആരാണ്?

الجواب:

حمزة بن عبد المطلب رضي الله عنـه.

ഉത്തരം :

ഹംസ ബ്നു അബ്ദിൽ മുത്വലിബ് رضي الله عنه.

٦٠٤ .من هو قاتل حمزة؟

604) ഹംസയെ വധിച്ചയാൾ ആരാണ്?

الجواب:

وحشي بن حرب رضي الله عنـه قبل أن يسلم.

ഉത്തരം :

വഹ്ശീ ബ്നു ഹർബ് رضي الله عنه, അദ്ദേഹം ഇസ്ലാം സ്വീകരിക്കുന്നതിന് മുൻപാകുന്നു അത്.

٦٠٥ .من الصحابي الذي قاتل دون الرسول ﷺ يوم أحد حتى شلت يده؟

605) ഉഹ്ദ് ദിവസം റസൂലിന് ﷺ ചാരെ (അദ്ദേഹത്തെ സംരക്ഷിച്ചുകൊണ്ട്) തന്റെ കൈ മരവിക്കും വരെ യുദ്ധം ചെയ്ത സ്വഹാബി ആരാണ്?

الجواب:

طلحة بن عبيد الله رضي الله عنـه.

ഉത്തരം :

ത്വൽഹ ബ്നു ഉബൈദില്ലാഹ് رضي الله عنه.

٦٠٦ .ما هو الجبل الذي قال النبي ﷺ إنه يحبنا ونحبه ؟

606) ((തീർച്ചയായും അത് നമ്മെ ഇഷ്ടപ്പെടുന്നു നാം അതിനെയും ഇഷ്ടപ്പെടുന്നു)) എന്ന് നബി ﷺ പറഞ്ഞത് ഏത് മലയെ കുറിച്ചാണ്?

الجواب:

جبل أحد.

ഉത്തരം :

ഉഹ്ദ് മല.

٦٠٧ .من هو الصحابي الذي استشهد في أحد ولم تعرفه إلا أخته ببنانه؟

607) ഏത് സ്വഹാബിയാണ് ഉഹ്ദ് ദിവസം ശഹീദായതും (എന്നിട്ട്) അദ്ദേഹത്തെ അദ്ദേഹത്തിന്റെ വിരൽ തുമ്പുകളിലൂടെ അദ്ദേഹത്തിന്റെ സഹോദരി മാത്രം തിരിച്ചറിയുകയുണ്ടായതും?

الجواب:

أنس بن النضر رضي الله عنـه.

ഉത്തരം :

അനസ് ബ്നു അന്നദ്ർ رضي الله عنه.

٦٠٨ .ماذا فعل المسلمون حين علموا بخروج الأحزاب لحربهم؟

608) യുദ്ധത്തിനായുള്ള സംഘടിതകക്ഷികളുടെ (മദീനയിലേക്കുള്ള) വരവ് അറിഞ്ഞപ്പോൾ മുസ്ലീങ്ങൾ എന്താണ് ചെയ്തത്?

الجواب:

حفروا الخندق.

ഉത്തരം :

അവർ കിടങ്ങ് കുഴിച്ചു.

٦٠٩ .كم كان عدد المسلمين في غزوة الأحزاب؟

609) അഹ്സാബ് യുദ്ധത്തിൽ മുസ്ലീങ്ങളുടെ എണ്ണം എത്രയായിരുന്നു?

الجواب:

ثلاثة آلاف.

ഉത്തരം :

മൂവായിരം.



٦١٠ .كم كان عدد المشركين في غزوة الأحزاب ؟

610) അഹ്സാബ് യുദ്ധത്തിൽ മുശ്‌രികീങ്ങളുടെ എണ്ണം എത്രയായിരുന്നു?

الجواب:

عشرة الاف.

ഉത്തരം :

പതിനായിരം.

٦١١ .ماذا كان شعار المسلمين يوم الخندق؟

611) ഖൻദഖ് യുദ്ധദിവസം മുസ്ലീങ്ങൾക്ക് പരസ്പരം തിരിച്ചറിയാനുള്ള പരസ്യവാക്യം എന്തായിരുന്നു?

الجواب:

حم لا ينصرون.

ഉത്തരം :

"ഹാം മീം ലാ യുൻസ്വറൂൻ" (ഹാം മീം അവർക്ക് സഹായം ലഭിക്കുകയില്ല).

٦١٢ .من الذي بعثه النبي ﷺ لينظر حال المشركين يوم الخندق؟

612) ഖൻദഖ് ദിവസം മുശ്‌രികീങ്ങളുടെ അവസ്ഥ അറിയാൻ നബി ﷺ അയച്ചത് ആരെയാണ്?

الجواب:

حذيفة بن اليمان رضي الله عنـه.

ഉത്തരം :

ഹുദൈഫത്തു ബ്നുൽ യമാൻ رضي الله عنه.

٦١٣. ما هي الغزوة التي حاصر فيها المشركون المدينة ؟

613) ഏത് യുദ്ധത്തിലാണ് മുശ്‌രികീങ്ങൾ മദീന വളഞ്ഞത്?

الجواب:

الأحزاب.

ഉത്തരം :

അഹ്സാബ് യുദ്ധം.

٦١٤. كم مدة حصار النبي ﷺ لبني قريظة؟

614) യഹൂദി ഗോത്രമായ ബനൂ ഖുറൈദ്വയോടുള്ള നബിയുടെ ﷺ ഉപരോധകാലം എത്രയായിരുന്നു?

الجواب:

خمسًا وعشرين ليلة.

ഉത്തരം :

ഇരുപത്തിയഞ്ച് രാത്രി.

٦١٥ .من الذي حكم في بني قريظة؟ وبماذا حكم؟

615) ബനൂ ഖുറൈള ഗോത്രത്തിന്റെ കാര്യത്തിൽ തീർപ്പുകൽപിച്ചത് ആരാണ്? എങ്ങനെയാണ് അദ്ദേഹം തീർപ്പുകൽപിച്ചത്?

الجواب:

سعد بن معاذ رضي الله عنه. وحكم بأن تقتل رجالهم، وتسبى ذراريهم وتقسم أموالهم.

ഉത്തരം :

സഅദ് ബ്നു മുആദ് رضي الله عنه ,അവരിലെ പുരുഷന്മാർ വധിക്കപ്പെടണമെന്നും അവരുടെ സന്തതികൾ (സ്ത്രീകളും) പിടിച്ചെടുക്കപ്പെടണമെന്നും അവരുടെ സമ്പാദ്യം വീതിക്കപ്പെടണമെന്നും അദ്ദേഹം വിധിച്ചു.

٦١٦ .ما اسم البيعة التي بايع الصحابة النبي ﷺ فيها تحت الشجرة؟

616) ആ മരത്തിൻറെ ചുവട്ടിൽ വെച്ച് സ്വഹാബിമാർ നബിയോട് ﷺ ചെയ്ത ബയ്അത്തിന്റെ പേരെന്താണ്?

الجواب:

بيعة الرضوان.

ഉത്തരം :

ബയ്അത്തുർറിദ്‌വാൻ.

٦١٧ .في أي سورة قوله تعالى : ﴿لَّقَدْ رَضِىَ ٱللَّهُ عَنِ ٱلْمُؤْمِنِينَ إِذْ يُبَايِعُونَكَ تَحْتَ ٱلشَّجَرَةِ فَعَلِمَ مَا فِى قُلُوبِهِمْ فَأَنزَلَ ٱلسَّكِينَةَ عَلَيْهِمْ وَأَثَٰبَهُمْ فَتْحًا قَرِيبًا﴾ ؟

617) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം: (ആ മരത്തിൻറെ ചുവട്ടിൽ വെച്ച് സത്യവിശ്വാസികൾ നിന്നോട് ബയ്അത്ത് ചെയ്തിരുന്ന സന്ദർഭത്തിൽ തീർച്ചയായും അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവരുടെ ഹൃദയങ്ങളിലുള്ളത് അവൻ അറിയുകയും, അങ്ങനെ അവർക്ക് മനസ്സമാധാനം ഇറക്കികൊടുക്കുകയും, ആസന്നമായ വിജയം അവർക്ക് പ്രതിഫലമായി നൽകുകയും ചെയ്തു.)

الجواب :

في سورة الفتح .

ഉത്തരം:

സൂറത്തുൽ ഫത്ഹ് – ൽ.

٦١٨. من هو الصحابي الذي قام بكتابة صلح الحديبية؟

618) ഹുദൈബിയ സന്ധിയുടെ എഴുത്ത് ഏറ്റെടുത്ത സ്വഹാബി ആരാണ്?

الجواب :

علي بن أبي طالب رضي الله عنه.

ഉത്തരം:

അലി ബ്നു അബീ ത്വാലിബ് رضي الله عنه.

٦١٩. متى كانت غزوة خيبر؟

619) ഖൈബർ യുദ്ധം എപ്പോഴായിരുന്നു ?

الجواب :

في السنة السابعة للهجرة .

ഉത്തരം:

ഹിജ്റ ഏഴാം വർഷം.

٦٢٠. متى كانت غزوة مؤته؟

620) മുഅ്ത യുദ്ധം എപ്പോഴായിരുന്നു ?

الجواب :

في شهر جماد أول من السنة الثامنة للهجرة .

ഉത്തരം:

ഹിജ്റ എട്ടാം വർഷം ജമാദ് അവ്വൽ മാസത്തിൽ.

٦٢١. ما هي الغزوة التي أُعجب فيها المسلمون بكثرتهم فضاقت عليهم الأرض بما رحبت وبلغت القلوب الحناجر ؟

621) ഏത് യുദ്ധത്തിലാണ് മുസ്ലീങ്ങളുടെ എണ്ണപ്പെരുപ്പത്താൽ അവർ ആഹ്ലാദം കൊള്ളിക്കപ്പെടുകയും എന്നാൽ ഭൂമിവിശാലമായിട്ടും അവർക്ക് (അത്) ഇടുങ്ങിയതാവുകയും, (അവരുടെ) ഹൃദയങ്ങൾ തൊണ്ടയിലെത്തുകയും ഉണ്ടായത്?

الجواب :

غزوة حنين .

ഉത്തരം:

ഹുനൈൻ യുദ്ധത്തി.

٦٢٢. متى كانت غزوة حنين ؟

622) ഹുനൈൻ യുദ്ധം എപ്പോഴായിരുന്നു ?

الجواب :

في شهر شوال من السنة الثامنة للهجرة .

ഉത്തരം:

ഹിജ്റ എട്ടാം വർഷം ശവ്വാൽ മാസത്തിൽ.

٦٢٣. متى كانت غزوة تبوك؟ ومع من كانت؟

623) തബൂക്ക് യുദ്ധം എപ്പോഴായിരുന്നു?
ആർക്കിടയിലായിരുന്നു അത്?

الجواب :

في السنة التاسعة للهجرة. وكانت بين المسلمين والروم .

ഉത്തരം:

ഹിജ്റ ഒൻപതാം വർഷത്തിൽ, അത് മുസ്ലീങ്ങൾക്കും
റോമക്കും ഇടയിലായിരുന്നു.

٦٢٤. ما هي السرية التي أخرج الله للمسلمين فيها حوتًا عظيمًا ليأكلوا منه فأكلوا منه نحوًا من شهر ؟

624) മുസ്ലീങ്ങൾക്ക് ഭക്ഷിക്കാനായി ഏതു (ചെറു) സൈന്യവ്യൂഹത്തിന് വേണ്ടിയാണ് ഏകദേശം ഒരു മാസം അവർ അതിൽ നിന്ന് ഭക്ഷിക്കുകയുണ്ടായ ഭീമമായ മത്സ്യത്തെ അല്ലാഹു (കടലിൽ നിന്നും) പുറത്തുകൊണ്ടുവന്നത്?

الجواب :

سرية سيف البحر .

ഉത്തരം:

സൈഫുൽ ബഹ്ർ (ചെറു) സൈന്യവ്യൂഹം.

٦٢٥. ما أول معركة وقعت بين المسلمين والروم ؟

625) മുസ്ലീങ്ങൾക്കും റോമക്കും ഇടയിൽ ഉണ്ടായ ആദ്യയുദ്ധം ഏതാണ്?

الجواب :

أجنادين، وقائدها عمرو بن العاص رضي الله عنـه.

ഉത്തരം:

അജ്നാദൈൻ, അതിന്റെ പടത്തലവൻ അമ്ർ ബ്നുൽ ആസ് رضي الله عنه ആയിരുന്നു.

٦٢٦. ما اسم المعركة الفاصلة بين المسلمين والفرس ؟

626) മുസ്ലീങ്ങൾക്കും പേർഷ്യക്കാർക്കും ഇടയിലുണ്ടായ നിർണ്ണായകമായ യുദ്ധത്തിന്റെ പേരെന്താണ്?

الجواب :

القادسية .

ഉത്തരം:

അൽ ഖാദിസിയ.

٦٢٧. في عهد أي خليفة كانت معركة ذات الصواري ؟

627) ഏതു ഖലീഫയുടെ കാലത്തായിരുന്നു ദാത്തുസ്സവാരീ യുദ്ധം (കപ്പൽപായ്മര യുദ്ധം) ?

الجواب :

عثمان بن عفان رضي الله عنه.

ഉത്തരം:

ഉസ്മാൻ ബ്നു അഫ്ഫാൻ رضي الله عنه.



٦٢٨. من هو أول والٍ مسلم على الأندلس ؟

628) അൽ ഉന്തുലുസ് –ന്റെ (സ്പെയിനിന്റെ) ആദ്യമുസ്ലിം ഭരണാധികാരി ആരായിരുന്നു ?

الجواب :

موسى بن نصير .

ഉത്തരം:

മൂസ ബ്നു നസ്വീർ.

٦٢٩. من هو الخليفة الأموي الذي كان مغرمًا بالبناء ؟

629) നിർമ്മാണത്തിൽ മോഹിതനായ ഉമവികളുടെ ഖലീഫ ആരാണ്?

الجواب :

الوليد بن عبد الملك.

ഉത്തരം:

അൽ വലീദ് ബ്നു അബ്ദിൽ മലിക്.



٦٣٠. خليفة عباسي كان زمانه زمان خير وجهاد في سبيل الله ؟

630) അബ്ബാസികളുടെ ഏത് ഖലീഫയുടെ ഭരണകാലമായിരുന്നു നന്മയുടെയും അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ജിഹാദിന്റെയും കാലം ?

الجواب :

هارون الرشيد .

ഉത്തരം:

ഹാറൂൻ അർറശീദ.

٦٣١. من هو آخر خليفة عباسي ؟

631) അബ്ബാസികളുടെ അവസാനത്തെ ഖലീഫ ആരായിരുന്നു ?

الجواب :

المعتصم بالله .

ഉത്തരം:

അൽ മുഅ്തസ്വിം ബില്ലാഹ്.

# كتاب القرآن وعلومه

# (ഖുർആനിന്റെയും അതുമായി ബന്ധപ്പെട്ട അറിവുകളുടെയും പുസ്തകം)

# القرآنُ وعلومه

# (1) ഖുർആനും അതുമായി ബന്ധപ്പെട്ട അറിവുകളും

٦٣٢. هل القرآن مخلوق ؟

632) ഖുർആൻ സൃഷ്ടിയാണോ?

الجواب:

لا، بل هو كلام الله، منزل، غير مخلوق.

ഉത്തരം :

അല്ല, മറിച്ചത് (അല്ലാഹുവിൽ നിന്നും) ഇറക്കപ്പെട്ട അല്ലാഹുവിന്റെ വചനമാകുന്നു, അത് സൃഷ്ടിയല്ല.



٦٣٣ .في أي سورة قوله تعالى: (وَإِنْ أَحَدٌ مِّنَ ٱلْمُشْرِكِينَ ٱسْتَجَارَكَ فَأَجِرْهُ حَتَّى يَسْمَعَ كَلَٰمَ ٱللَّهِ ثُمَّ أَبْلِغْهُ مَأْمَنَهُۥ ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَعْلَمُونَ)؟

633) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം: {മുശ് രികീങ്ങളിൽ വല്ലവനും നിൻറെ അടുക്കൽ അഭയം തേടി വന്നാൽ അല്ലാഹുവിൻറെ വചനം അവൻ കേട്ടു ഗ്രഹിക്കാൻ വേണ്ടി അവന്ന് അഭയം നൽകുക. എന്നിട്ട് അവന്ന് സുരക്ഷിതത്വമുള്ള സ്ഥലത്ത് അവനെ എത്തിച്ചുകൊടുക്കുകയും ചെയ്യുക. അവർ അറിവില്ലാത്ത ഒരു ജനവിഭാഗമാണ് എന്നതു കൊണ്ടാണത്}

الجواب:

في سورة التوبة.

ഉത്തരം :

സൂറത്തു അത്തൗബ – യിൽ.

٦٣٤ .من هي الفرقة التي أثارت فتنة خلق القرآن ؟

634) ഖുർആൻ സൃഷ്ടിയാണെന്ന തെറ്റായ വിശ്വാസം കൊണ്ട് കുഴപ്പം ഇളക്കിവിട്ട കക്ഷി ഏതാണ്?

الجواب:

المعتزلة.

ഉത്തരം :

അൽ മുഅ്തസില.

٦٣٥. من هو العالم الذي رفض القول بخلق القرآن وأوذي بسبب ذلك ؟

635) ഖുർആൻ സൃഷ്ടിയാണെന്ന് പറയാൻ വിസമ്മതിച്ചതും അക്കാരണത്താൽ മർദ്ദിക്കപ്പെട്ടതും ഏത് പണ്ഡിതനാണ്?

الجواب:

الإمام أحمد بن حنبل رحمه الله.

ഉത്തരം :

ഇമാം അഹ്മദ് ബ്നു ഹൻബൽ رحمه الله.

٦٣٦. في أي سورة قوله تعالى ﴿وَإِذَا قُرِئَ ٱلْقُرْءَانُ فَٱسْتَمِعُوا۟ لَهُۥ وَأَنصِتُوا۟ لَعَلَّكُمْ تُرْحَمُونَ﴾ ؟

636) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം (ഖുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങളത് ശ്രദ്ധിച്ച് കേൾക്കുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് (അല്ലാഹുവിൽ നിന്നുമുള്ള) കാരുണ്യം ലഭിച്ചേക്കാം)

الجواب:

في سورة الاعراف.

ഉത്തരം :

സൂറത്തുൽ അഅ്റാഫ് – ൽ.

٦٣٧ .من هم أهل القرآن ؟

637) ഖുർആനിന്റെ ആളുകൾ ആരാണ്?

الجواب:

هم أهل الله وخاصته، الذين يعملون به في الدنيا.

ഉത്തരം :

അവർ അല്ലാഹുവിന്റെ ആളുകളും ഇഹലോകത്ത് ഖുർആൻ അനുസരിച്ച് പ്രവർത്തിക്കുന്നവരായ അല്ലാഹു പ്രത്യേകം തിരഞ്ഞെടുത്തവരുമാകുന്നു.

٦٣٨ .كيف نزل القرآن ؟

638) ഖുർആൻ ഇറങ്ങിയത് എങ്ങനെയാണ്?

الجواب:

نزل دفعة واحدة إلى بيت العزة في السماء الدنيا، ثم نزل مفرقًا حسب الحوادث على النبي ﷺ في مدة ثلاث وعشرين سنة.

ഉത്തരം :

ദുനിയാവിനോട് അടുത്ത ആകാശത്തിലെ ബയ്ത്തുൽ ഇസ്സ – യിലേക്ക് ഒറ്റത്തവണയായി ഇറങ്ങുകയുണ്ടായി, പിന്നീട് ഇരുപത്തിമൂന്ന് വർഷകാലത്തിനുള്ളിൽ സന്ദർഭങ്ങൾക്കനുസരിച്ച് പല ഭാഗങ്ങളായി നബിക്ക് ﷺ അവതരിച്ചു.

٦٣٩. في أي ليلة نزل القرآن ؟

639) ഏതു രാത്രിയാണ് ഖുർആൻ ഇറങ്ങിയത്?

الجواب:

في ليلة القدر في شهر رمضان.

ഉത്തരം :

റമദാൻ മാസത്തിലെ ലൈലത്തുൽ ഖദ്ർ–ൽ (നിർണയത്തിൻറെ രാത്രിയിൽ).

٦٤٠. ما هو أول ما نزل من القرآن ؟

640) ഖുർആനിലെ ആദ്യം ഇറങ്ങിയ ആയത്തുകൾ ഏതൊക്കെയാണ്?

الجواب:

الخمس الآيات الأولى من سورة العلق.

ഉത്തരം :

സൂറത്തുൽ അലഖ്– ലെ ആദ്യ അഞ്ചു ആയത്തുകൾ.

٦٤١. هل القرآن عربي أم أعجمي ؟

641) ഖുർആൻ അറബിയിലാണോ അതോ അനറബിയിലാണോ?

الجواب:

القرآن عربي.

ഉത്തരം :
ഖുർആൻ അറബിയിലാണ്.

٦٤٢ .كم عدد سور القرآن ؟

642) ഖുർആനിലെ സൂറത്തുകളുടെ എണ്ണം എത്രയാണ്?

الجواب:

114 سورة.

ഉത്തരം :

114 സൂറത്തുകൾ.

٦٤٣ .ما تعريف المكي، والمدني من السور ؟

643) എന്താണ് മക്കിയായ സൂറത്തുകളുടെയും മദനിയായ സൂറത്തുകളുടെയും നിർവ്വചനം?

الجواب:

المكي: ما نزل قبل الهجرة.

المدني: ما نزل بعد الهجرة.

ഉത്തരം :

മക്കിയായ സൂറത്തുകൾ : ഹിജ്റക്ക് മുൻപ് അവതരിച്ചതെന്തോ അവയാകുന്നു.

മദനിയായ സൂറത്തുകൾ : ഹിജ്റക്ക് ശേഷം അവതരിച്ചതെന്തോ അവയാകുന്നു.

٦٤٤. كم عدد السور المكية ؟

644) മക്കിയായ സൂറത്തുകളുടെ എണ്ണം എത്രയാണ്?

الجواب:

82سورة.

ഉത്തരം :

82 സൂറത്തുകൾ.

٦٤٥. كم عدد السور المدنية ؟

645) മദനിയായ സൂറത്തുകളുടെ എണ്ണം എത്രയാണ്?

الجواب:

32سورة.

ഉത്തരം :

32 സൂറത്തുകൾ.

٦٤٦. ما هي أقسام السور ؟

646) സൂറത്തുകളുടെ ഇനങ്ങൾ ഏതൊക്കെയാണ്?

الجواب:

السبع الطوال، والمئون، والمثاني، والمفصل.

ഉത്തരം :

അസ്സബഉത്തിവാൽ (ദീർഘമായ ഏഴ് സൂറത്തുകൾ), അൽ മിഊൻ, അൽ മസാനി, അൽ മുഫസ്സ്വൽ.

٦٤٧ .ما هي السبع الطوال ؟

647) അസ്സബഉത്ത്വിവാൽ ഏതൊക്കെയാണ്?

الجواب:

البقرة – آل عمران – النساء – المائدة – الأنعام – الأعراف – التوبة

ഉത്തരം :

അൽ ബഖറ – ആലു ഇമ്റാൻ – അന്നിസാഅ് – അൽ മാഇദ – അൽ അൻആം – അൽ അഅ്റാഫ് – അത്തൗബ.

٦٤٨ .ما هي المئون ؟

648) അൽ മിഊൻ ഏതൊക്കയാണ്?

الجواب:

هي السور التي تشتمل كل واحدة منها على مائة آية، أو أكثر بقليل.

ഉത്തരം :

നൂറോ നൂറിനേക്കാൾ അൽപം അധികം ആയത്തുകളോ ഉൾക്കൊള്ളുന്ന സൂറത്തുകളാകുന്നു അവ.



٦٤٩. ما هي المثاني ؟

649) അൽ മസാനീ ഏതൊക്കെയാണ്?

الجواب:

هي ما بعد المئين حتى سورة (ق).

ഉത്തരം:

അൽ മിഊൻ – നിന്ന ശേഷം മുതൽ സൂറത്തു ഖാഫ് വരെയുള്ള സൂറത്തുകളാകുന്നു അവ.

٦٥٠. ما هو المفصل ؟

650) അൽ മുഫസ്സ്വൽ ഏതൊക്കെയാണ്?

الجواب:

من سورة (ق) إلى آخر المصحف.

ഉത്തരം :

സൂറത്തു ഖാഫ് മുതൽ മുസ്ഹഫിന്റെ അവസാനം വരെയുള്ള സൂറത്തുകൾ.

٦٥١. ما أطول سورة في القرآن ؟

651) ഖുർആനിലെ ഏറ്റവും ദീർഘമായ സൂറത്ത് ഏതാണ്?

الجواب:

سورة البقرة.

ഉത്തരം :

സൂറത്തുൽ ബഖറ.

٦٥٢. اذكر خمسة أسماء للقرآن ؟

652) ഖുർആനിനുള്ള അഞ്ചു പേരുകൾ പരാമർശിക്കുക?

الجواب:

الكتاب، والنور، والفرقان، والهدى، والروح.

ഉത്തരം :

അൽ കിതാബ്, അന്നൂർ, അൽ ഫുർഖാൻ, അൽ ഹുദാ, അർറൂഹ്.

٦٥٣. ما أطول آية من القرآن ؟

653) ഖുർആനിലെ ഏറ്റവും ദീർഘമായ ആയത്ത് ഏതാണ്?

الجواب:

آية الدين في سورة البقرة.

ഉത്തരം :

സൂറത്തുൽ ബഖറ-യിലെ ആയത്തുദ്ദൈൻ (കടത്തിന്റെ ആയത്ത്).

٦٥٤. ما أقصر سورة من القرآن ؟

654) ഖുർആനിലെ ഏറ്റവും ഹ്രസ്വമായ സൂറത്ത് ഏതാണ്?

الجواب:

سورة الكوثر.

ഉത്തരം :

സൂറത്തുൽ കൗസർ.

٦٥٥. ما أعظم سورة من القرآن ؟

655) ഖുർആനിലെ ഏറ്റവും ശ്രേഷ്ഠമായ സൂറത്ത് ഏതാണ്?

الجواب:

سورة الفاتحة.

ഉത്തരം :

സൂറത്തുൽ ഫാതിഹ.

٦٥٦. ما أعظم آية من القرآن ؟

656) ഖുർആനിലെ ഏറ്റവും ശ്രേഷ്ഠമായ ആയത്ത് ഏതാണ്?

الجواب:

آية الكرسي.

ഉത്തരം :

ആയത്തുൽ കുർസി.

٦٥٧. ما هي السبع المثاني والقرآن العظيم ؟

657) ഏഴ് വചനങ്ങളും മഹത്തായ ഖുർആനും ഏതാണ്?

الجواب:

هي سورة الفاتحة.

ഉത്തരം :

അതാകുന്നു സൂറത്തുൽ ഫാതിഹ.

٦٥٨. ما هي أم القرآن ؟

658) ഉമ്മുൽ ഖുർആൻ ഏതാണ്?

الجواب:

هي سورة الفاتحة.

ഉത്തരം :

അതാകുന്നു സൂറത്തുൽ ഫാതിഹ.

٦٥٩. ما هما الزهراوان ؟

659) അസ്സഹ്റാവാൻ (രണ്ടു പുഷ്പങ്ങൾ) ഏവ?

الجواب:

هما : سورتا البقرة، وآل عمران.

ഉത്തരം :

അവരണ്ടുമാകുന്നു സൂറത്തുൽ ബഖറ – യും സൂറത്തു ആലു ഇമ്റാൻ – നും.



٦٦٠ .ما هي الآية التي إذا قرأها المسلم قبل نومه لا يقربه شيطان ؟

660) ഒരു മുസ്ലിം ഉറങ്ങുന്നതിനു മുമ്പ് ഏത് ആയത്ത് പാരായണം ചെയ്താലാണ് ശൈത്വാൻ അവനോട് അകന്നു നിൽക്കുക?

الجواب:

آية الكرسي.

ഉത്തരം :

ആയത്തുൽ കുർസീ.

٦٦١ .اكتب آية الكرسي ؟

661) ആയത്തുൽ കുർസീ എഴുക?

الجواب:

قَالَ تَعَالَى:{ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلْحَىُّ ٱلْقَيُّومُ ۚ لَا تَأْخُذُهُۥ سِنَةٌ وَلَا نَوْمٌ ۚ لَّهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ ۚ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ ۖ وَلَا يُحِيطُونَ بِشَىْءٍ مِّنْ عِلْمِهِۦٓ إِلَّا بِمَا شَآءَ ۚ وَسِعَ كُرْسِيُّهُ ٱلسَّمَٰوَٰتِ وَٱلْأَرْضَ ۖ وَلَا يَـُٔودُهُۥ حِفْظُهُمَا ۚ وَهُوَ ٱلْعَلِىُّ ٱلْعَظِيمُ}.

[البقرة: ٢٥٥].



ഉത്തരം :

അല്ലാഹു تعالى പറഞ്ഞു:

( ٱللَّهُ لَآ إِلَـٰهَ إِلَّا هُوَ ٱلْحَىُّ ٱلْقَيُّومُ ۚ لَا تَأْخُذُهُۥ سِنَةٌ وَلَا نَوْمٌ ۚ لَّهُۥ مَا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ ۗ مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ ۚ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ ۖ وَلَا يُحِيطُونَ بِشَىْءٍ مِّنْ عِلْمِهِۦٓ إِلَّا بِمَا شَآءَ ۚ وَسِعَ كُرْسِيُّهُ ٱلسَّمَـٰوَٰتِ وَٱلْأَرْضَ ۖ وَلَا يَـُٔودُهُۥ حِفْظُهُمَا ۚ وَهُوَ ٱلْعَلِىُّ ٱلْعَظِيمُ)

[അൽ ബഖറ: 255].

٦٦٢. ما هما الآيتان اللتانِ من قرأهما في ليلة كفتاه ؟

662) ആരാണോ അവരണ്ടും രാത്രിയിൽ പാരായണം ചെയ്തത് അവ രണ്ടും അവന് മതിയാകുന്നതാണ് ഏതൊക്കെയാണ് ആ ആയത്തുകൾ?

الجواب:

الآيتان الأخيرتان من سورة البقرة.

ഉത്തരം :

സൂറത്തുൽ ബഖറ-യിലെ അവസാനത്തെ രണ്ട് ആയത്തുകൾ.

٦٦٣. ما هي السورة التي هي ثلاثون آية شفعت لصاحبها حتى غُفِرَ له؟

663) അതിന്റെ ഉടമയ്ക്ക് (അത് പാരായണം ചെയ്തവന്) പൊറുത്തുകൊടുക്കപ്പെടും വരെ ശഫാഅത്ത് ചെയ്യുന്ന മുപ്പത് ആയത്തുകളാകുന്ന സൂറത്ത് ഏതാണ്?

الجواب:

سورة الملك.

ഉത്തരം :

സൂറത്തുൽ മുൽക്.

٦٦٤ .ما هي السورة التي لم تبتدأ بالبسملة ؟

664) ബസ്മല (ബിസ്മില്ലാഹി അർറഹ്മാനി അർറഹീം) കൊണ്ട് ആരംഭിച്ചിട്ടില്ലാത്ത സൂറത്ത് ഏതാണ്?

الجواب:

سورة براءة (التوبة ).

ഉത്തരം :

സൂറത്തു ബറാഅത്ത് (അത്തൗബ).

٦٦٥ .ما هي سورة الفاضحة ؟

665) സൂറത്തു അൽ ഫാദിഹ (വെളിപ്പെടുത്തൽ) ഏതാണ്?

الجواب:

سورة براءة (التوبة)؛ لأنها فضحت المنافقين بأوصافهم .

ഉത്തരം :

സൂറത്തു ബറാഅത്ത് (അത്തൗബ); കപടവിശ്വാസികളെ അവരുടെ ലക്ഷണങ്ങൾ മുഖേന വെളിപ്പെടുത്തിയതിനാലാകുന്നു അതങ്ങനെ വിളിക്കപ്പെട്ടത്.

٦٦٦ .ما هي سورة القتال؟

666) സൂറത്തുൽ ഖിതാൽ ഏതാണ്?

الجواب:

سورة محمد.

ഉത്തരം :

സൂറത്തു മുഹമ്മദ്.

٦٦٧ .ما هي الآيات التي من حفظها عُصِمَ من الدجال ؟

667) ഒരുവൻ ഏതൊക്കെ ആയത്തുകൾ മനപാഠമാക്കിയാലാണ് ദജ്ജാലിൽ നിന്നും സംരക്ഷിക്കപ്പെടുക?

الجواب:

العشر الآيات الأولى من سورة الكهف.

ഉത്തരം :

സൂറത്തു കഹ്ഫ് – ലെ ആദ്യ പത്തു ആയത്തുകൾ.



٦٦٨ .عَدِّد خمس سور مطلعها (حم )؟

668) "ഹാംമീം" ആരംഭമായുള്ള അഞ്ച് സൂറത്തുകൾ പരാമർശിക്കുക ?

الجواب:

غافر، فصلت، الشورى، الزخرف، الدخان.

ഉത്തരം :

ഗാഫിർ, ഫുസ്സിലത്ത്, അശ്ശൂറാ, അസ്സുഖ്റുഫ്, അദ്ദുഖാൻ.

٦٦٩ .عَدِّد خمس سور مطلعها (الر)؟

669) "അലിഫ് ലാം റ" ആരംഭമായുള്ള അഞ്ച് സൂറത്തുകൾ പരാമർശിക്കുക?

الجواب:

يونس، الحجر، يوسف، هود، إبراهيم.

ഉത്തരം :

യൂനുസ്, അൽ ഹിജ്ർ, യൂസുഫ്, ഹൂദ്, ഇബ്രാഹീം.

٦٧٠ .عَدِّد خمس سور مطلعها (الم ) ؟

670) "അലിഫ് ലാം മീം" ആരംഭമായുള്ള അഞ്ച് സൂറത്തുകൾ പരാമർശിക്കുക?

الجواب:

البقرة، آل عمران، السجدة، لقمان، العنكبوت.

ഉത്തരം :

അൽ ബഖറ, ആലു ഇമ്റാൻ, അസ്സജദ, ലുഖ്മാൻ, അൽ അൻകബൂത്ത്.

٦٧١. كم عدد سور جزء تبارك ؟

671) തബാറക ജുസ്അ്‌ – ലെ  സൂറത്തുകളുടെ എണ്ണം എത്രയാണ്?

الجواب:

(11)سورة.

ഉത്തരം :

11 സൂറത്തുകൾ.

٦٧٢. كم عدد سور جزء عم ؟

672) അമ്മാ ജുസ്അ്‌ – ലെ  സൂറത്തുകളുടെ എണ്ണം എത്രയാണ്?

الجواب:

(37)سورة.

ഉത്തരം :

37 സൂറത്തുകൾ.

٦٧٣. ما هي السورة التي بدأت باسم ثمرتين ؟

673) രണ്ടു കായ്കനികളുടെ പേരാൽ ആരംഭിക്കുന്ന സൂറത്ത് ഏതാണ്?

الجواب:

سورة التين.

ഉത്തരം :

സൂറത്തുത്തീൻ.

٦٧٤. ذكر لفظ (الأنف) في القران مرة واحدة في أي سورة ؟

674) "മൂക്ക്" എന്ന പദത്തിന്റെ ഒരു തവണയുള്ള സ്മരണ ഖുർആനിലെ ഏതു സൂറത്തിലാണ്?

الجواب:

المائدة. ﴿وَكَتَبۡنَا عَلَيۡهِمۡ فِيهَآ أَنَّ ٱلنَّفۡسَ بِٱلنَّفۡسِ وَٱلۡعَيۡنَ بِٱلۡعَيۡنِ وَٱلۡأَنفَ بِٱلۡأَنفِ وَٱلۡأُذُنَ بِٱلۡأُذُنِ وَٱلسِّنَّ بِٱلسِّنِّ وَٱلۡجُرُوحَ قِصَاصٞۚ﴾ [المائدة: ٤٥]

ഉത്തരം :

അൽ മാഇദ: {ജീവന് ജീവൻ, കണ്ണിന് കണ്ണ്, മൂക്കിന് മൂക്ക്, ചെവിക്ക് ചെവി, പല്ലിന് പല്ല്, മുറിവുകൾക്ക് തത്തുല്യമായ പ്രതിക്രിയ} [അൽ മാഇദ :45]

٦٧٥. ما هي السورة التي ورد لفظ الجلالة في كل آية من آياتها ؟

675) ലഫ്ളുൽ ജലാല ("അല്ലാഹു" എന്ന്) എല്ലാ ആയത്തുകളിലും വന്ന സൂറത്ത് ഏതാണ്?

الجواب:

سورة المجادلة.

ഉത്തരം :

സൂറത്തുൽ മുജാദല.

٦٧٦. ما هي أطول كلمة في القرآن ؟

676) ഖുർആനിലെ ഏറ്റവും നീണ്ട പദം ഏതാണ്?

الجواب:

فأسقيناكموه.

ഉത്തരം :

فأسقيناكموه.

٦٧٧. ما هي الآية التي جاء فيها ذكر الدينار ؟

677 ദീനാറിന്റെ സ്മരണ വന്ന ആയത്ത് ഏതാണ്?

الجواب:

{وَمِنْ أَهْلِ ٱلْكِتَٰبِ مَنْ إِن تَأْمَنْهُ بِقِنطَارٍ يُؤَدِّهِۦٓ إِلَيْكَ وَمِنْهُم مَّنْ إِن تَأْمَنْهُ بِدِينَارٍ لَّا يُؤَدِّهِۦٓ إِلَيْكَ إِلَّا مَا دُمْتَ عَلَيْهِ قَآئِمًا ۗ ذَٰلِكَ بِأَنَّهُمْ قَالُوا۟ لَيْسَ عَلَيْنَا فِى ٱلْأُمِّيِّۦنَ سَبِيلٌ وَيَقُولُونَ عَلَى ٱللَّهِ ٱلْكَذِبَ وَهُمْ يَعْلَمُونَ}

[آل عمران: ٧٥].

ഉത്തരം :

{ഒരു സ്വർണക്കൂമ്പാരം തന്നെ വിശ്വസിച്ചേൽപിച്ചാലും അത് നിനക്ക് തിരിച്ചുനൽകുന്ന ചിലർ കിതാബിന്റെ ആൾക്കാരിലുണ്ട്. അവരിൽ തന്നെ മറ്റൊരു തരക്കാരുമുണ്ട്. അവരെ ഒരു ദീനാർ നീ വിശ്വസിച്ചേൽപിച്ചാൽ പോലും നിരന്തരം (ചോദിച്ചു കൊണ്ട്) നിന്നെങ്കിലല്ലാതെ അവരത് നിനക്ക് തിരിച്ചുതരികയില്ല. അക്ഷരജ്ഞാനമില്ലാത്ത ആളുകളുടെ കാര്യത്തിൽ

(അവരെ വഞ്ചിക്കുന്നതിൽ) ഞങ്ങൾക്ക് കുറ്റമുണ്ടാകാൻ വഴിയില്ലെന്ന് അവർ പറഞ്ഞതിനാലത്രെ അത്. അവർ അല്ലാഹുവിൻറെ പേരിൽ അറിഞ്ഞ് കൊണ്ട് കള്ളം പറയുകയാകുന്നു.} [ആലു ഇമ്റാൻ :75]

٦٧٨. ما هي الآية التي جاء فيها ذكر الدرهم ؟

678) ദിർഹമിൻ്റെ സ്മരണ വന്ന ആയത്ത് ഏതാണ്?

الجواب:

{وَشَرَوۡهُ بِثَمَنٍۭ بَخۡسٖ دَرَٰهِمَ مَعۡدُودَةٖ وَكَانُواْ فِيهِ مِنَ ٱلزَّٰهِدِينَ}

[يوسف: ٢٠].

ഉത്തരം :

{അവർ അവനെ തുച്ഛമായ ഒരു വിലയ്ക്ക്- ഏതാനും ദിർഹമിന് - വിൽക്കുകയും ചെയ്തു. അവർ അവൻറെ കാര്യത്തിൽ താൽപര്യമില്ലാത്തവരുടെ കൂട്ടത്തിലായിരുന്നു}

[യൂസുഫ്:20]

٦٧٩. ما هي الآية التي فيها ذكر الحروف كلها ؟

679) എല്ലാ (അറബി) അക്ഷരങ്ങളുടെയും സ്മരണയുള്ള ആയത്ത് ഏതാണ്?

الجواب:

{مُّحَمَّدٞ رَّسُولُ ٱللَّهِۚ وَٱلَّذِينَ مَعَهُۥٓ أَشِدَّآءُ عَلَى ٱلۡكُفَّارِ رُحَمَآءُ بَيۡنَهُمۡۖ تَرَىٰهُمۡ رُكَّعٗا سُجَّدٗا يَبۡتَغُونَ فَضۡلٗا مِّنَ ٱللَّهِ وَرِضۡوَٰنٗاۖ سِيمَاهُمۡ فِي وُجُوهِهِم مِّنۡ أَثَرِ ٱلسُّجُودِۚ ذَٰلِكَ مَثَلُهُمۡ فِي ٱلتَّوۡرَىٰةِۚ وَمَثَلُهُمۡ فِي ٱلۡإِنجِيلِ كَزَرۡعٍ أَخۡرَجَ

شَطْـَٔهُۥ فَـَٔازَرَهُۥ فَٱسْتَغْلَظَ فَٱسْتَوَىٰ عَلَىٰ سُوقِهِۦ يُعْجِبُ ٱلزُّرَّاعَ لِيَغِيظَ بِهِمُ ٱلْكُفَّارَ ۗ وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ مِنْهُم مَّغْفِرَةً وَأَجْرًا عَظِيمًۢا﴾. [الفتح: ٢٩]

﴿ثُمَّ أَنزَلَ عَلَيْكُم مِّنۢ بَعْدِ ٱلْغَمِّ أَمَنَةً نُّعَاسًا يَغْشَىٰ طَآئِفَةً مِّنكُمْ ۖ وَطَآئِفَةٌ قَدْ أَهَمَّتْهُمْ أَنفُسُهُمْ يَظُنُّونَ بِٱللَّهِ غَيْرَ ٱلْحَقِّ ظَنَّ ٱلْجَـٰهِلِيَّةِ ۖ يَقُولُونَ هَل لَّنَا مِنَ ٱلْأَمْرِ مِن شَىْءٍ ۗ قُلْ إِنَّ ٱلْأَمْرَ كُلَّهُۥ لِلَّهِ ۗ يُخْفُونَ فِىٓ أَنفُسِهِم مَّا لَا يُبْدُونَ لَكَ ۖ يَقُولُونَ لَوْ كَانَ لَنَا مِنَ ٱلْأَمْرِ شَىْءٌ مَّا قُتِلْنَا هَـٰهُنَا ۗ قُل لَّوْ كُنتُمْ فِى بُيُوتِكُمْ لَبَرَزَ ٱلَّذِينَ كُتِبَ عَلَيْهِمُ ٱلْقَتْلُ إِلَىٰ مَضَاجِعِهِمْ ۖ وَلِيَبْتَلِىَ ٱللَّهُ مَا فِى صُدُورِكُمْ وَلِيُمَحِّصَ مَا فِى قُلُوبِكُمْ ۗ وَٱللَّهُ عَلِيمٌۢ بِذَاتِ ٱلصُّدُورِ﴾.
[آل عمران: ١٥٤].

ഉത്തരം :

﴿مُّحَمَّدٌ رَّسُولُ ٱللَّهِ ۚ وَٱلَّذِينَ مَعَهُۥٓ أَشِدَّآءُ عَلَى ٱلْكُفَّارِ رُحَمَآءُ بَيْنَهُمْ ۖ تَرَىٰهُمْ رُكَّعًا سُجَّدًا يَبْتَغُونَ فَضْلًا مِّنَ ٱللَّهِ وَرِضْوَٰنًا ۖ سِيمَاهُمْ فِى وُجُوهِهِم مِّنْ أَثَرِ ٱلسُّجُودِ ۚ ذَٰلِكَ مَثَلُهُمْ فِى ٱلتَّوْرَىٰةِ ۚ وَمَثَلُهُمْ فِى ٱلْإِنجِيلِ كَزَرْعٍ أَخْرَجَ شَطْـَٔهُۥ فَـَٔازَرَهُۥ فَٱسْتَغْلَظَ فَٱسْتَوَىٰ عَلَىٰ سُوقِهِۦ يُعْجِبُ ٱلزُّرَّاعَ لِيَغِيظَ بِهِمُ ٱلْكُفَّارَ ۗ وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ مِنْهُم مَّغْفِرَةً وَأَجْرًا عَظِيمًۢا﴾.

[അൽ ഫത്ഹ്:29]

﴿ثُمَّ أَنزَلَ عَلَيۡكُم مِّنۢ بَعۡدِ ٱلۡغَمِّ أَمَنَةٗ نُّعَاسٗا يَغۡشَىٰ طَآئِفَةٗ مِّنكُمۡۖ وَطَآئِفَةٞ
قَدۡ أَهَمَّتۡهُمۡ أَنفُسُهُمۡ يَظُنُّونَ بِٱللَّهِ غَيۡرَ ٱلۡحَقِّ ظَنَّ ٱلۡجَٰهِلِيَّةِۖ يَقُولُونَ هَل لَّنَا
مِنَ ٱلۡأَمۡرِ مِن شَيۡءٖۗ قُلۡ إِنَّ ٱلۡأَمۡرَ كُلَّهُۥ لِلَّهِۗ يُخۡفُونَ فِيٓ أَنفُسِهِم مَّا لَا
يُبۡدُونَ لَكَۖ يَقُولُونَ لَوۡ كَانَ لَنَا مِنَ ٱلۡأَمۡرِ شَيۡءٞ مَّا قُتِلۡنَا هَٰهُنَاۗ قُل لَّوۡ كُنتُمۡ
فِي بُيُوتِكُمۡ لَبَرَزَ ٱلَّذِينَ كُتِبَ عَلَيۡهِمُ ٱلۡقَتۡلُ إِلَىٰ مَضَاجِعِهِمۡۖ وَلِيَبۡتَلِيَ ٱللَّهُ مَا
فِي صُدُورِكُمۡ وَلِيُمَحِّصَ مَا فِي قُلُوبِكُمۡۚ وَٱللَّهُ عَلِيمُۢ بِذَاتِ ٱلصُّدُورِ﴾

[ആലു ഇമ്റാൻ :154] .

٦٨٠ .ما هي السورة التي نزلت في شأن بني النضير ؟

680) ബനൂ അന്നദ്വീർ – ന്റെ കാര്യത്തെ സംബന്ധിച്ച് ഇറങ്ങിയ സൂറത്ത് ഏതാണ്?

الجواب:

سورة الحشر.

ഉത്തരം :

സൂറത്തുൽ ഹശ്ർ.

٦٨١ .ما هي السورة التي تعدل ثلث القرآن ؟

681) ഖുർആനിന്റെ മൂന്നിലൊന്നിന് തുല്ല്യമാകുന്ന സൂറത്ത് ഏതാണ്?

الجواب:

قل هو الله أحد.

ഉത്തരം :

قل هو الله أحد (സൂറത്തുൽ ഇഖ്ലാസ്).

٦٨٢ .ما هي المعوذتان ؟

682) രണ്ട് മുഅവ്വിദത്തുകൾ ഏതൊക്കെയാണ്?

الجواب:

قل أعوذ برب الفلق، وقل أعوذ برب الناس.

ഉത്തരം :

قل أعوذ برب الفلق (സൂറത്തുൽ ഫലഖ്)

وقل أعوذ برب الناس (സൂറത്തുന്നാസ്).



٦٨٣. ما هي الكلمة التي موضعها منتصف القرآن ؟

683) ഏത് പദത്തിന്റെ സ്ഥാനമാണ് ഖുർആനിന്റെ നേർ പകുതിയിൽ ?

الجواب:

(وليتلطف ) في سورة الكهف.

ഉത്തരം :

സൂറത്തുൽ കഹ്ഫ് - ലെ "وليتلطف" (എന്ന പദത്തിന്റെ).

٦٨٤. ما هي آخر سورة نزلت كاملة ؟

684) ഏറ്റവും അവസാനം പൂർണ്ണമായി ഇറങ്ങിയ സൂറത്ത് ഏതാണ്?

الجواب:

سورة النصر.

ഉത്തരം :

സൂറത്തു അന്നസ്ർ.

٦٨٥. ما هي آخر آية نزلت ؟

685) ഏറ്റവും അവസാനം ഇറങ്ങിയ ആയത്ത് ഏതാണ്?

الجواب:

{وَٱتَّقُواْ يَوۡمًا تُرۡجَعُونَ فِيهِ إِلَى ٱللَّهِۖ ثُمَّ تُوَفَّىٰ كُلُّ نَفۡسٍ مَّا كَسَبَتۡ وَهُمۡ لَا يُظۡلَمُونَ} [البقرة: ٢٨١].

ഉത്തരം :

{നിങ്ങൾ അല്ലാഹുവിങ്കലേക്ക് മടക്കപ്പെടുന്ന ഒരു ദിവസത്തെ സൂക്ഷിച്ചുകൊള്ളുക. എന്നിട്ട് ഓരോരുത്തർക്കും അവരവർ പ്രവർത്തിച്ചതിന്റെ ഫലം പൂർണ്ണമായി നൽകപ്പെടുന്നതാണ്. അവരോട് (ഒട്ടും) അനീതി കാണിക്കപ്പെടുകയില്ല.} [അൽ ബഖറ:281]

٦٨٦. هل للقراءة في المصحف أجر ؟

686) മുസ്ഹഫിൽ നിന്ന് പാരായണം ചെയ്യുന്നതിന് പ്രതിഫലം ഉണ്ടോ?

الجواب:

نعم، قال رَسُولِ اللَّهِ ﷺ: «مَنْ سَرَّهُ أَنْ يُحِبَّهُ اللَّهُ وَرَسُولُهُ فَلْيَقْرَأْ فِي الْمُصْحَفِ» عن ابن مسعود، وهو في السلسلة الصحيحة للألباني رحمه الله.

ഉത്തരം:

ഉണ്ട്, അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു : <<അല്ലാഹുവും അവന്റെ റസൂലും തന്നെ ഇഷ്ടപ്പെടുക എന്നത് ആരെയാണോ ആഹ്ളാദം കൊള്ളിക്കുന്നത് അവൻ മുസ്ഹഫിൽ നിന്ന് പാരായണം ചെയ്തു കൊള്ളട്ടെ>> ഇബ്നു മസ്ഊദ് رضي الله عنه – ൽ നിന്നുമുള്ള നിവേദനം, അൽ അൽബാനി رحمه الله.

٦٨٧. في أي سورة قوله تعالى: {وَقَالَتِ ٱلْيَهُودُ لَيْسَتِ ٱلنَّصَٰرَىٰ عَلَىٰ شَيْءٍ وَقَالَتِ ٱلنَّصَٰرَىٰ لَيْسَتِ ٱلْيَهُودُ عَلَىٰ شَيْءٍ وَهُمْ يَتْلُونَ ٱلْكِتَٰبَ ۗ كَذَٰلِكَ قَالَ ٱلَّذِينَ لَا يَعْلَمُونَ مِثْلَ قَوْلِهِمْ ۚ فَٱللَّهُ يَحْكُمُ بَيْنَهُمْ يَوْمَ ٱلْقِيَٰمَةِ فِيمَا كَانُوا۟ فِيهِ يَخْتَلِفُونَ}؟

687) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം :

{യഹൂദൻമാർ പറഞ്ഞു; ക്രിസ്ത്യാനികൾക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന്. നസ്റാണികൾ (ക്രിസ്ത്യാനികൾ) പറഞ്ഞു; യഹൂദൻമാർക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന്. അവരെല്ലാവരും വേദഗ്രന്ഥം പാരായണം ചെയ്യുന്നവരാണ് താനും. അങ്ങനെ ഇവർ പറഞ്ഞത് പോലെ തന്നെ വിവരമില്ലാത്ത ചിലരൊക്കെ പറഞ്ഞിട്ടുണ്ട്. എന്നാൽ അവർ തമ്മിൽ ഭിന്നിക്കുന്ന വിഷയങ്ങളിൽ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അല്ലാഹു അവർക്കിടയിൽ തീർപ്പുകൽപിക്കുന്നതാണ്.}

الجواب:

في سورة البقرة.

ഉത്തരം :

സൂറത്തുൽ ബഖറ – യിൽ.

٦٨٨. في أي سورة قوله تعالى: {ٱلْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِى وَرَضِيتُ لَكُمُ ٱلْإِسْلَٰمَ دِينًا ۚ فَمَنِ ٱضْطُرَّ فِى مَخْمَصَةٍ غَيْرَ مُتَجَانِفٍ لِّإِثْمٍ ۙ فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ}؟

688) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം :

{ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എൻറെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു. വല്ലവനും പട്ടിണി കാരണം (നിഷിദ്ധമായത്) തിന്നുവാൻ നിർബന്ധിതനാകുന്ന പക്ഷം അവൻ അധർമ്മത്തിലേക്ക് ചായ്വുള്ളവനല്ലെങ്കിൽ തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണ കാണിക്കുന്നവനുമാകുന്നു}

الجواب:

في سورة المائدة.

ഉത്തരം :

സൂറത്തുൽ മാഇദ - യിൽ.

٦٨٩. في أي سورة قوله تعالى: {إِنَّ ٱللَّهَ فَالِقُ ٱلْحَبِّ وَٱلنَّوَىٰ ۖ يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَمُخْرِجُ ٱلْمَيِّتِ مِنَ ٱلْحَىِّ ۚ ذَٰلِكُمُ ٱللَّهُ ۖ فَأَنَّىٰ تُؤْفَكُونَ} ؟

689) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം :

{തീർച്ചയായും ധാന്യമണികളും ഈന്തപ്പഴക്കുരുവും പിളർക്കുന്നവനാകുന്നു അല്ലാഹു നിർജീവമായതിൽ നിന്ന് ജീവനുള്ളതിനെ അവൻ പുറത്ത് വരുത്തുന്നു. ജീവനുള്ളതിൽ നിന്ന് നിർജീവമായതിനെയും അവൻ പുറത്ത് വരുത്തുന്നതാണ്. അങ്ങനെയുള്ളവനത്രെ അല്ലാഹു. എന്നിരിക്കെ നിങ്ങൾ എങ്ങനെയാണ് തെറ്റിക്കപ്പെടുന്നത്}

الجواب:

في سورة الانعام.

ഉത്തരം :

സൂറത്തുൽ അൻആം – ൽ.

٦٩٠ .في أي سورة قوله تعالى: {ٱللَّهُ نُورُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ مَثَلُ نُورِهِۦ كَمِشْكَوٰةٍ فِيهَا مِصْبَاحٌ ۖ ٱلْمِصْبَاحُ فِى زُجَاجَةٍ ۖ ٱلزُّجَاجَةُ كَأَنَّهَا كَوْكَبٌ دُرِّىٌّ يُوقَدُ مِن شَجَرَةٍ مُّبَٰرَكَةٍ زَيْتُونَةٍ لَّا شَرْقِيَّةٍ وَلَا غَرْبِيَّةٍ يَكَادُ زَيْتُهَا يُضِىٓءُ وَلَوْ لَمْ تَمْسَسْهُ نَارٌ ۚ نُّورٌ عَلَىٰ نُورٍ ۗ يَهْدِى ٱللَّهُ لِنُورِهِۦ مَن يَشَآءُ ۚ وَيَضْرِبُ ٱللَّهُ ٱلْأَمْثَٰلَ لِلنَّاسِ ۗ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌ} ؟

690) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം :

{അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു. അവൻറെ പ്രകാശത്തിൻറെ ഉപമയിതാ: (ചുമരിൽ വിളക്ക് വെക്കാനുള്ള) ഒരു മാടം അതിൽ ഒരു വിളക്ക്. വിളക്ക് ഒരു സ്ഫടികത്തിനകത്ത് . സ്ഫടികം ഒരു ജ്വലിക്കുന്ന നക്ഷത്രം പോലെയിരിക്കുന്നു. അനുഗൃഹീതമായ ഒരു വൃക്ഷത്തിൽ നിന്നാണ് അതിന് (വിളക്കിന്) ഇന്ധനം നൽകപ്പെടുന്നത്. അതായത് കിഴക്ക് ഭാഗത്തുള്ളതോ പടിഞ്ഞാറ് ഭാഗത്തുള്ളതോ അല്ലാത്ത ഒലീവ് വൃക്ഷത്തിൽ നിന്ന്. അതിൻറെ എണ്ണ തീ തട്ടിയില്ലെങ്കിൽ പോലും പ്രകാശിക്കുമാറാകുന്നു. (അങ്ങനെ) പ്രകാശത്തിൻമേൽ പ്രകാശം. അല്ലാഹു തൻറെ പ്രകാശത്തിലേക്ക് താൻ ഉദ്ദേശിക്കുന്നവരെ നയിക്കുന്നു. അല്ലാഹു ജനങ്ങൾക്ക് വേണ്ടി ഉപമകൾ വിവരിച്ചുകൊടുക്കുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനത്രെ.}

الجواب:

في سورة النور.

ഉത്തരം :

സൂറത്തു അന്നൂർ – ൽ.

٦٩١ .في أي سورة قوله تعالى :{ظَهَرَ ٱلْفَسَادُ فِى ٱلْبَرِّ وَٱلْبَحْرِ بِمَا كَسَبَتْ أَيْدِى ٱلنَّاسِ لِيُذِيقَهُم بَعْضَ ٱلَّذِى عَمِلُوا۟ لَعَلَّهُمْ يَرْجِعُونَ}: ؟

691)ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം:

{മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിൻറെ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരു വേള മടങ്ങിയേക്കാം.}

الجواب:

في سورة الروم.

ഉത്തരം :

സൂറത്തു അർറൂം – ൽ.

# باب التفسير

# (2) തഫ്സീറിന്റെ അദ്ധ്യായം

٦٩٢ .بماذا يفسر القرآن ؟

692) എന്ത് മുഖേനയാണ് ഖുർആൻ വ്യാഖ്യാനിക്കപ്പെടുക?

الجواب:

يفسر:

القرآن بالقرآن, القرآن بالسنة, القرآن بكلام الصحابة والتابعين, القرآن باللغة العربية.

ഉത്തരം :

ഖുർആൻ വ്യാഖ്യാനിക്കപ്പെടുക:

ഖുർആനിനെ ഖുർആൻ കൊണ്ട്.

ഖുർആനിനെ സുന്നത്തുകൊണ്ട്

ഖുർആനിനെ സ്വഹാബിമാരുടെയും താബിഈങ്ങളുടെയും വാക്കുകൾകൊണ്ട്.

ഖുർആനിനെ അറബി ഭാഷകൊണ്ട്.



٦٩٣ .اذكر ثلاثة من التفاسير المفيدة ؟

693) ഖുർആനിനുള്ള ഉപകാരപ്രദമായ വ്യാഖ്യാനങ്ങളിൽ നിന്നും മൂന്ന് എണ്ണം പരാമർശിക്കുക?

الجواب:

- ❖ تفسير ابن جرير الطبري.
- ❖ تفسير ابن كثير.
- ❖ تفسير البغوي.

ഉത്തരം :

- ❖ തഫ്സീർ ബ്നി ജരീർ അത്ത്വബരി
- ❖ തഫ്സീർ ബ്നി കസീർ
- ❖ തഫ്സീർ അൽ ഭഗവി

٦٩٤ .ما أحسن التفاسير ؟

694) തഫ്സീറുകളിൽ ഏറ്റവും നല്ലത് ഏതാണ്?

الجواب:

تفسير ابن كثير.

ഉത്തരം :

തഫ്സീർ ബ്നി കസീർ.

٦٩٥ .اذكر معاني هذه الكلمات ؟

695) ഈ പദങ്ങളുടെ അർത്ഥങ്ങൾ പരാമർശിക്കുക?

- ❖ المن : ماده صمغية مثل العسل.
- ❖ السلوى: طائر.
- ❖ القثاء : الخيار.
- ❖ الفوم : الثوم.
- ❖ الأسباط : القبائل في بني إسرائيل.

ഉത്തരം :

- ❖ അൽ മന്നാ: തേൻപോലുള്ള  പശയായ വസ്തു
- ❖ അസ്സൽവാ: ഒരിനം പക്ഷി
- ❖ അൽ ഖസാ: കക്കരിക്ക
- ❖ അസ്സൂം: വെളുത്തുള്ളി
- ❖ അൽ അസ്ബാഥ്: ഇസ്റാഈൽ സന്തതികളിലെ ഗോത്രങ്ങൾ.

٦٩٦ .ما معنى {وردا} في قوله تعالى {وَنَسُوقُ الْمُجْرِمِينَ إِلَىٰ جَهَنَّمَ وِرْدًا} ؟

696) അല്ലാഹുവിന്റെ تعالى വചനം { وَنَسُوقُ الْمُجْرِمِينَ إِلَىٰ جَهَنَّمَ وِرْدًا} എന്നതിലെ "{وِرْدًا}" എന്നതിന്റെ അർത്ഥം എന്താണ്?

الجواب:

معناها : عطاشًا.

ഉത്തരം :

അതിനർത്ഥം : ദാഹിച്ചവരായിക്കൊണ്ട്.

٦٩٧. جاء لفظ (الأمة) في القرآن لأربعة معانٍ ما هي ؟

698) " ഉമ്മത്ത് " എന്ന പദം നാലു (വ്യത്യസ്ത) അർത്ഥങ്ങളിലായി ഖുർആനിൽ വന്നിട്ടുണ്ട് അവ ഏതൊക്കെയാണ്?

الجواب:

جاء لفظ (الأمة) في القرآن بمعنى:

- ❖ الجماعة من الناس : (كنتم خير أمة).
- ❖ الإمام المقتدى به : (إن إبراهيم كان أمة ).
- ❖ الفترة من الزمن : ( وأذكر بعد أمة ).
- ❖ الملة : (إنا وجدنا آباءَنا على أمة).

ഉത്തരം :

"ഉമ്മത്ത് " എന്ന പദം ഖുർആനിൽ പല അർത്ഥങ്ങളിൽ വന്നിട്ടുണ്ട്:

- ❖ ജനങ്ങളിൽ നിന്നുമുള്ള ഒരു സമുദായം {മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ.} [ആലു ഇമ്റാൻ :110]
- ❖ പിൻതുടരപ്പെടുന്ന ഇമാം {തീർച്ചയായും ഇബ്രാഹീം അല്ലാഹുവിന്ന് കീഴ്പെട്ട് ജീവിക്കുന്ന, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്ന ഒരു ഇമാം തന്നെയായിരുന്നു.} [അന്നഹ്ൽ:120]

- ❖ കാലഘട്ടത്തിൽ നിന്നും ഒരു നീണ്ടകാലയളവ് {ഒരു നീണ്ടകാലയളവിന് ശേഷം (യൂസുഫിൻ്റെ കാര്യം) ഓർമിച്ച് കൊണ്ട് പറഞ്ഞു} [യൂസുഫ്:45]
- ❖ മാർഗം (മതം) {അല്ല, ഞങ്ങളുടെ പിതാക്കൾ ഒരു മാർഗത്തിൽ നിലകൊള്ളുന്നതായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു.} [അസ്സുഖ്റുഫ്:22]

٦٩٨. ما هي السورة التي قرأها أبو سعيد الخدري على الملدوغ وكانت رقية ؟

698) അബൂ സഈദ് അൽ ഖുദ്'രീ رضي الله عنه (വിഷജന്തുവാൽ) കുത്തേൽക്കപ്പെട്ട ആൾക്ക് ഓതിയ സൂറത്ത് ഏതാണ്, അതയാൾക്ക് റുഖ്'യ ആയിരുന്നു?

الجواب:

الفاتحة.

ഉത്തരം :

അൽ ഫാതിഹ.

٦٩٩. ما هي السورة التي تسمى الصلاة ؟

699) "അസ്സ്വലാഹ്" എന്നറിയപ്പെടുന്ന സൂറത്ത് ഏതാണ്?

الجواب:

الفاتحة.

ഉത്തരം :

അൽ ഫാതിഹ.

٧٠٠ .في أي سورة قوله تعالى ·{وَنُنَزِّلُ مِنَ ٱلْقُرْءَانِ مَا هُوَ شِفَآءٌ وَرَحْمَةٌ لِّلْمُؤْمِنِينَ ۙ وَلَا يَزِيدُ ٱلظَّٰلِمِينَ إِلَّا خَسَارًا}· ؟

700) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം:

{സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ഖുർആനിലൂടെ നാം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. അക്രമികൾക്ക് അത് നഷ്ടമല്ലാതെ (മറ്റൊന്നും) വർദ്ധിപ്പിക്കുന്നില്ല.}

الجواب:

في سورة الاسراء.

ഉത്തരം :

സൂറത്തു അൽ ഇസ്റാ –ൽ.

٧٠١ .ما هي السورة التي تسمى سورة النساء الصغرى ؟

701) ചെറിയ സൂറത്തുന്നിസാ എന്നറിയപ്പെടുന്ന സൂറത്ത് ഏതാണ്?

الجواب:

الطلاق.

ഉത്തരം :

അത്ത്വലാഖ്.



٧٠٢ .اذكر معاني هذه الكلمات ؟

702) ഈ പദങ്ങളുടെ അർത്ഥങ്ങൾ പരാമർശിക്കുക?

- ❖ أمة وسطًا : عدلًا خيارًا.
- ❖ الفلك : السفن.
- ❖ ابن السبيل: المسافر المنقطع .
- ❖ الأميين : العرب .
- ❖ عاقر : لا تلد .
- ❖ النسك : الذبح.

ഉത്തരം :

- ❖ ഉമ്മത്തൻ വസത്വൻ :
  നീതിനിഷ്ഠമായ തിരഞ്ഞെടുക്കപ്പെട്ട സമുദായം
- ❖ അൽ ഫുൽക്:കപ്പലുകൾ.
- ❖ ഇബ്നുസ്സബീൽ : അടക്കമില്ലാത്ത വഴിയാത്രക്കാരൻ
- ❖ അൽ ഉമ്മിയീൻ : എഴുതാനോ എഴുതിയത്.
  വായിക്കാനോ കഴിയാത്ത അറബികൾ.
- ❖ ആഖിർ : പ്രസവിക്കാത്ത സ്ത്രീ.
- ❖ അന്നുസുക്: ബലികർമ്മം.



٧٠٣ .اذكر معاني هذه الكلمات ؟

703) ഈ പദങ്ങളുടെ അർത്ഥങ്ങൾ പരാമർശിക്കുക?

- ❖ المنخنقة : التي تموت خنقًا
- ❖ الموقوذة : التي تموت ضربًا .
- ❖ المتردية : التي تسقط من أعلى إلى أسفل فتموت.
- ❖ النطيحة : التي تموت بنطح أخرى لها.

ഉത്തരം :

- ❖ അൽ മുൻഖനിഖ : (മൃഗങ്ങളിൽ നിന്നും) ശ്വാസം മുട്ടി ചാവുന്നത്.
- ❖ അൽ മൗഖൂദ : (മൃഗങ്ങളിൽ നിന്നും) അടിച്ചുകൊല്ലപ്പെടുന്നത്.
- ❖ അൽ മുതറദ്ദിയ : (മൃഗങ്ങളിൽ നിന്നും) ഉയരത്തിൽ നിന്നും താഴ്ചയിലേക്ക് വീഴുകയും തന്നിമിത്തം ചാവുകയും ചെയ്യുന്നത്.
- ❖ അന്നത്വീഹ : (മൃഗങ്ങളിൽ നിന്നും) വേറൊന്നിന്റെ കുത്തേറ്റ് ചാവുന്നത്.

٧٠٤ .من هم الأحبار والرهبان ؟

704) അൽ അഹ്ബാർ, അർറുഹ്ബാർ എന്നിവർ ആരൊക്കെയാണ്?

الجواب:

الأحبار علماء اليهود، والرهبان عُبَّاد النصارى.

ഉത്തരം :

അൽ അഹ്ബാർ യഹൂദികളിലെ പണ്ഡിതന്മാരാകുന്നു, അർറുഹ്ബാൻ നസ്റാണികളിലെ പുരോഹിതന്മാരാകുന്നു.

٧٠٥. ما هو الأكمه ؟

705) അൽ അക്മഹ ആരാണ്?

الجواب:

من ولد وهو أعمى.

ഉത്തരം :

അന്ധനായി ജനിച്ചവൻ.

٧٠٦. ما معنى (صرصر) ؟

706) "സ്വർസ്വർ" എന്നതിനർത്ഥം എന്താണ്?

الجواب:

باردة شديدة.

ഉത്തരം :

കഠിനമായ തണുപ്പ്.

٧٠٧. ما معنى (سائحات) ؟

707) "സാഇഹാത്ത്" എന്നതിനർത്ഥം എന്താണ്?

الجواب:

صائمات.

ഉത്തരം :

നോമ്പനുഷ്ഠിക്കുന്ന സ്ത്രീകൾ.

٧٠٨. ما معنى (الخنس) ؟

708) "അൽ ഖുന്നസ്" എന്നതിർത്ഥം എന്താണ്?

الجواب:

الكواكب التي تخنس بالنهار، فتختفي تحت ضوء الشمس.

ഉത്തരം :

പകൽ ഗോപ്യമായ നക്ഷത്രങ്ങൾ, അവ സൂര്യപ്രകാശത്തെ തുടർന്ന് അപ്രത്യക്ഷമായിരിക്കും.

٧٠٩. والعاديات ضبحا ما معنى (ضبحا) ؟

709) "والعاديات ضبحا" എന്താണ് "ضَبْحا" എന്നതിനർത്ഥം?

الجواب:

صوت أنفاس الخيل إذا عدت.

ഉത്തരം :

കുതിച്ചോട്ടുകയാണെങ്കിലുള്ള കുതിരയുടെ നെടുവീർപ്പിന്റെ ശബ്ദം.



٧١٠. ما هو الغرور في قولة تعالى (وغركم بالله الغرور) ؟

710) {وغركم بالله الغرور} എന്ന അല്ലാഹു تعالى വിന്റെ വചനത്തിലെ "الغرور" ആരാണ്?

الجواب:

هو الشيطان.

ഉത്തരം :

അവനാകുന്നു ശൈത്വാൻ.

٧١١. ما هي الموؤدة ؟

711) "അൽ മൗഊദ" എന്നതിർത്ഥം എന്താണ്?

الجواب:

هي البنت الصغيرة تدفن حية كان أهل الجاهلية يفعلون ذلك خشية العار.

ഉത്തരം :

അവൾ ജീവനോടെ കുഴിച്ചുമൂടപ്പെടുന്ന ചെറിയ പെൺകുട്ടിയാകുന്നു, ജാഹിലിയ്യത്തിൽ ഉണ്ടായിരുന്നവർ നാണക്കേട് ഭയന്ന് അങ്ങനെ ചെയ്യുമായിരുന്നു.

## باب التجويد

## (3) തജ്‌വീദിന്റെ അദ്ധ്യായം

٧١٢. ما أحكام النون الساكنة والتنوين ؟

712) സാകിനത്തായ (ഹറക്കത്തുകൾ  ഇല്ലാത്ത) നൂനിന്റെയും തൻവീനിന്റെയും നിയമങ്ങൾ ഏവ?

الجواب:

الإظهار- الإدغام - الإقلاب – الإخفاء.

ഉത്തരം :

അൽ ഇദ്ഹാർ – അൽ ഇദ്ഗാം – അൽ ഇഖ്‌ലാബ് – അൽ ഇഖ്ഫാഅ്.

٧١٣. ما هي حروف الإظهار ؟

713) ഇദ്ഹാർ – ന്റെ അക്ഷരങ്ങൾ ഏതൊക്കെയാണ്?

الجواب:

الهمزة، والهاء، والعين، والحاء، والغين، والخاء.

ഉത്തരം :

അൽ ഹമ്സ (ء),അൽ ഹാ (ه), അൽ അയ്ൻ (ع), അൽ ഹാ(ح), അൽ ഗൈൻ(غ), അൽ ഖാ (خ).

٧١٤. ما هي حروف الإدغام ؟

714) ഇദ്ഗാം – ന്റെ അക്ഷരങ്ങൾ ഏതൊക്കെയാണ്?

الجواب:

مجموعة في كلمة (يرملون).

ഉത്തരം :

അവ "يَرْمَلون" എന്ന പദത്തിൽ സംയോജിക്കപ്പെട്ടതാകുന്നു (അവ ي, ر , م, ل, و, ن ആകുന്നു).

٧١٥. كم أنواع الإدغام ؟

715) ഇദ്ഗാം – ന്റെ ഇനങ്ങൾ എത്രയാണ്?

الجواب:

نوعان :

[1]إدغام بغنة (ناقص) وحروفه مجموعة في كلمة (ينمو)

[2]إدغام بغير غنة (كامل) وحروفه (ل ر)

ഉത്തരം:

രണ്ടു ഇനങ്ങൾ:

[1] (നാഖിസ്(ഭാഗികമായ))ഗുന്ന മുഖേനയുള്ള ഇദ്ഗാം , അതിന്റെ അക്ഷരങ്ങൾ "يَنْمو" എന്ന പദത്തിൽ സംയോജിക്കപ്പെട്ടതാകുന്നു.

[2] (കാമിൽ (പൂർണ്ണമായ))ഉന്ന മുഖേനയല്ലാതെയുള്ള ഇദ്ഗാം, അതിന്റെ അക്ഷരങ്ങൾ ലാം(ل), റാ (ر) എന്നിവയാകുന്നു.

٧١٦. ما هي حروف الإقلاب ؟

716) ഇഖ്ലാബ് – ന്റെ അക്ഷരങ്ങൾ ഏതൊക്കെയാണ്?

الجواب:

حرف واحد وهو (الباء).

ഉത്തരം :

ഒരക്ഷരമാകുന്നു, അതാകുന്നു ബാ (ب).

٧١٧. ما هي حروف الإخفاء ؟

717) ഇഖ്ഫാഅ് – ന്റെ അക്ഷരങ്ങൾ ഏതൊക്കെയാണ്?

الجواب:

هي مجموعة في أوائل البيت:

صف ذا ثنا كم جاد شخص قد سما

دم طيبا زد في تقى ضع ظالما

ഉത്തരം :

അവ:

”صف ذا ثنا كم جاد شخص قد سما

دم طيبا زد في تقى ضع ظالما“

എന്ന കവിതയിലെ ഒരോ പദങ്ങളിലെയും ആദ്യാക്ഷരങ്ങൾ സംയോജിക്കപ്പെട്ടതാകുന്നു, (അവ س, ق, ش, ج, ك, ث,ذ, ص ظ, ض, ت, ف, ز, ط, د ആകുന്നു)

٧١٨. ما أحكام الميم الساكنة ؟

718) സാകിനത്തായ മീമിന്റെ നിയമങ്ങൾ ഏവ?

الجواب:

ثلاثة:

الإدغام، والإخفاء، والإظهار.

ഉത്തരം :

അവ മൂന്നാകുന്നു : അൽ ഇദ്ഗാം, അൽ ഇഖ്ഫാഅ്, അൽ ഇഥ്ഹാർ.

٧١٩. ما هي حروف الإدغام عند الميم الساكنة ؟

719) സാകിനത്തായ മീമിനോടൊപ്പം ഇദ്ഗാം ചെയ്യപ്പെടുന്ന അക്ഷരങ്ങൾ ഏവ?

الجواب:

حرف واحد هو (الميم).

ഉത്തരം :

ഒരക്ഷരമാകുന്നു, അതാകുന്നു മീമ് (م).

٧٢٠. ما هي حروف الإخفاء عند الميم الساكنة ؟

720) സാകിനത്തായ മീമിനോടൊപ്പം ഇഖ്ഫാഅ് ചെയ്യപ്പെടുന്ന അക്ഷരങ്ങൾ ഏവ?

الجواب:

حرف واحد وهو (الباء).

ഉത്തരം :

ഒരക്ഷരമാകുന്നു, അതാകുന്നു ബാ (ب).

٧٢١. كم حروف الإظهار عند الميم الساكنة ؟

721) സാകിനത്തായ മീമിനോടൊപ്പം ഇള്ഹാർ ചെയ്യപ്പെടുന്ന അക്ഷരങ്ങൾ എത്രയാണ്?

الجواب:

هي باقي الحروف ما عدا (الميم، والباء).

ഉത്തരം :

മീമും ബാഉം ഒഴികെയുള്ള അക്ഷരങ്ങളാകുന്നു അവ.

٧٢٢. كم حروف القلقلة ؟

722) ഖൽഖല – യുടെ അക്ഷരങ്ങൾ എത്രയാണ്?

الجواب:

قطب جد.

ഉത്തരം :

قطب جد, ق, ط, ب, ج, د അവ ആകുന്നു.

٧٢٣. ما هي الغنة ؟

723) എന്താണ് ഗുന്ന?

الجواب:

صوت يخرج من الخيشوم يمد بمقدار حركتين.

ഉത്തരം :

അത് രണ്ട് അക്ഷരങ്ങളുടെ ഉച്ചാരണ ദൈർഘ്യത്തിൽ നീളുന്ന മൂക്കിലെ ദ്വാരത്തിൽ നിന്നും പുറപ്പെടുന്ന ശബ്ദമാകുന്നു.

٧٢٤. كم أنواع المد ؟

724) മദ്ദിന്റെ ഇനങ്ങൾ എത്രയാണ്?

الجواب:

نوعان:

أصلي، وفرعي.

ഉത്തരം :

രണ്ടിനങ്ങളാകുന്നു: അസ്‌ലി, ഫർഈ.



٧٢٥ .كم أنواع المد الفرعي ؟

725) മദ്ദ് ഫർഈ – യുടെ ഇനങ്ങൾ എത്രയാണ്?

الجواب:

نوعان : ما كان سببه الهمز، وما كان سببه السكون.

ഉത്തരം :

രണ്ടിനങ്ങളാകുന്നു: ഹമ്സ (ء) – യുടെ കാരണം കൊണ്ടുള്ളത്, സുകൂനിന്റെ കാരണം കൊണ്ടുള്ളത്.

٧٢٦ .كم أنواع المد الذي سببه الهمز ؟

726) ഹമ്സ (ء) – യുടെ കാരണം കൊണ്ടുള്ള മദ്ദിന്റെ ഇനങ്ങൾ എത്രയാണ്?

الجواب:

نوعان:

مد واجب متصل، ومد جائز منفصل.

ഉത്തരം :

രണ്ടിനങ്ങളാകുന്നു: മദ്ദ് വാജിബ് മുത്തസ്വിൽ , മദ്ദ് ജാഇസ് മുൻഫസ്വിൽ.



٧٢٧. كم أنواع المد الذي سببه السكون ؟

727) സുകൂനിന്റെ കാരണം കൊണ്ടുള്ള മദ്ദിന്റെ ഇനങ്ങൾ എത്രയാണ്?

الجواب:

نوعان : مد عارض للسكون، ومد لازم.

ഉത്തരം :

രണ്ടിനങ്ങളാകുന്നു: മദ്ദ് ആരിദ് ലിസ്സുകൂൻ, മദ്ദ് ലാസിം.

٧٢٨. كم أنواع المد اللازم ؟

728) മദ്ദ് ലാസിം – ന്റെ ഇനങ്ങൾ എത്രയാണ്?

الجواب:

نوعان :

مد لازم كلمي، ومد لازم حرفي.

وكل منهما ينقسم إلى: مخفف، ومثقل.

ഉത്തരം :

രണ്ടിനങ്ങളാകുന്നു: മദ്ദ് ലാസിം കലിമീ, മദ്ദ് ലാസിം ഹർഫീ.

ഈ രണ്ടിനങ്ങളും "മുഖഫഫ്, സഖീൽ" എന്നിവയായി തരം തിരിഞ്ഞിരിക്കുന്നു.

٧٢٩. كم مخارج الحروف العامة ؟

729) (അറബി) അക്ഷരങ്ങളുടെ മുഖ്യമായ മഖ്റജുകൾ എത്രയാണ്?

الجواب:

خمسة : الجوف، والحلق، واللسان، والشفتان، والخيشوم.

ഉത്തരം :

അവ അഞ്ചാകുന്നു:

അൽ ജവ്ഫ്, അൽ ഖൽഖ് (തൊണ്ട), അല്ലിസാൻ (നാവ്), അശ്ശഫതാൻ (രണ്ട് ചുണ്ടുകൾ), അൽ ഖൈയ്ശ്ശും (മൂക്കിലെ ദ്വാരം).

٧٣٠. ماذا تسمى الحروف التي تأتي في أوائل السور ؟

730) സൂറത്തുകളുടെ തുടക്കത്തിൽ വരുന്ന അക്ഷരങ്ങളെ വിളിക്കപ്പെടുന്നത് എന്താണ്?

الجواب:

تسمى الحروف المقطعة.

ഉത്തരം :

അവ "അൽ ഹുറൂഫുൽ മുഖത്തഅ" (വിയോജിപ്പിക്കപ്പെട്ട അക്ഷരങ്ങൾ) എന്ന് വിളിക്കപ്പെടുന്നു.

٧٣١ .كم عددها ؟

731) അവയുടെ എണ്ണം എത്രയാണ്?

الجواب:

أربعة عشر مجموعة في قولك (صله سحيرًا من قطعك).

ഉത്തരം :

അവ "صِلْهُ سَحِيْرَاً مَنْ قَطَعَكَ" എന്ന നിന്റെ വാക്കിൽ സംയോജിക്കപ്പെട്ടതായ പതിനാലെണ്ണമാകുന്നു.

٧٣٢ .كم أقسام الوقف ؟

732) വഖ്ഫ് – ന്റെ  ഇനങ്ങൾ എത്രയാണ്?

الجواب:

أربعة : الاضطراري، والانتظاري، والاختباري، والاختياري.

ഉത്തരം :

അവ നാലാകുന്നു: അൽ ഇഥ്വിറാറീ, അൽ ഇൻതിദാരീ, അൽ ഇഖ്തിബാരീ, അൽ ഇഖ്തിയാരീ.



٧٣٣. كم أقسام الوقف الاختياري ؟

733) വഖ്ഫ് ഇഖ്തിയാരീ – യുടെ ഇനങ്ങൾ എത്രയാണ്?

الجواب:

أربعة وهي:

وقف تام، وقف كاف، وقف حسن، وقف قبيح.

ഉത്തരം :

നാലെണ്ണമാകുന്നു

അവ: വഖ്ഫ് താം, വഖ്ഫ് കാഫിൻ, വഖ്ഫ് ഹസൻ, വഖ്ഫ് ഖബീഹ്.

# كتاب اللغة العربية

# (4) (ഹ്രസ്വരൂപത്തിലുള്ള) അറബി ഭാഷയുടെ പുസ്തകം

٧٣٤. إلى كم ينقسم كلام العرب ؟

734) അറബികളുടെ സംസാരം (അഥവാ അർത്ഥവത്തായ വാക്യം) എത്രയായി തരം തിരിച്ചിരിക്കുന്നു?

الجواب:

إلى: اسم، وفعل، وحرف.

ഉത്തരം :

ഇസ്മ്(നാമം), ഫിഅ്ൽ (ക്രിയ), ഹർഫ് എന്നിവയായി തരം തിരിച്ചിരിക്കുന്നു.

٧٣٥. إلى كم تنقسم الجمل؟

735) ഒരു അർത്ഥവത്തായ വാക്യം എത്രയായി തരം തിരിച്ചിരിക്കുന്നു?

الجواب:

إلى جملة اسمية، وفعلية.

ഉത്തരം :

ജുമ്‌ല ഇസ്മിയ്യ (നാമവാക്യം), ജുമ്‌ല ഫിഅ്ലിയ്യ (ക്രിയാവാക്യം) എന്നിവയായി തരം തിരിച്ചിരിക്കുന്നു.

٧٣٦. ما هي الجملة الاسمية؟

736) ജുമ്‌ല ഇസ്മിയ്യ എന്നാൽ എന്താണ്?

الجواب:

هي التي تبدأ باسم.

ഉത്തരം :

അത് ഇസ്മ് – കൊണ്ട് ആരംഭിക്കുന്നതാകുന്നു.

٧٣٧. ما هي الجملة الفعلية؟

737) ജുമ്‌ല ഫിഅ്‌ലിയ്യ എന്നാൽ എന്താണ്?

الجواب:

هي التي تبدأ بفعل.

ഉത്തരം :

അത് ഫിഅ്‌ൽ – കൊണ്ട് ആരംഭിക്കുന്നതാകുന്നു.

٧٣٨. ما هو الاسم ؟

738) ഇസ്മ് എന്നാൽ എന്താണ്?

الجواب:

كلمة دلت على مسمى ولم تقترن بزمن.

ഉത്തരം :

അത് പേരിടപ്പെട്ട ഒന്നിനെ കുറിക്കുന്നതും കാലവുമായി ബന്ധമില്ലാത്തതുമായ പദമാകുന്നു.

٧٣٩. ما هو الفعل ؟

739) ഫിഅ്ൽ എന്നാൽ എന്താണ്?

الجواب:

كلمة دلت على حدث واقترنت بزمن.

ഉത്തരം :

അത് ഒരു സംഭവത്തെ കുറിക്കുന്നതും കാവലുമായി ബന്ധമുള്ളതുമായ പദമാകുന്നു.

٧٤٠. ما هو الحرف ؟

740) ഹർഫ് എന്നാൽ എന്താണ്?

الجواب:

كلمة دلت على معنى في غيرها.

ഉത്തരം :

അത് ഇസ്മോ ഫിഅ്ലോ പോലുള്ളവയിൽ പ്രവേശിക്കുമ്പോൾ അർത്ഥം നൽകുന്ന പദമാകുന്നു.

٧٤١. إلى كم ينقسم الفعل ؟

741) ഫിഅ്ൽ എത്രയായി തരം തിരിയുന്നു?

الجواب:

إلى: ماضي، ومضارع، وأمر.

ഉത്തരം :

മാദി, മുദാരിഅ്, അമ്ർ എന്നിവയായി തരം തിരിയുന്നു.

٧٤٢. ما هو الفعل الماضي ؟

742) അൽ ഫിഅ്ൽ അൽ മാദി (ഭൂതകാല ക്രിയ) എന്നാൽ എന്താണ്?

الجواب:

ما دل على حدث وقع قبل زمن التكلم.

ഉത്തരം :

സംസാരം നടക്കുന്ന സമയത്തിന് മുമ്പ് സംഭവിച്ച പ്രവൃത്തിയെ കുറിക്കുന്നതെന്തോ അതാകുന്നു അൽ ഫിഅ്ൽ അൽ മാദി.

٧٤٣. ما هو الفعل المضارع ؟

743) അൽ ഫിഅ്ൽ അൽ മുദാരിഅ് (വർത്തമാനകാല ക്രിയ) എന്നാൽ എന്താണ്?

الجواب:

ما دل على حدث يقع في زمن التكلم أو بعده.

ഉത്തരം :

സംസാരം നടക്കുന്ന സമയത്തിൽ നടക്കുന്ന പ്രവൃത്തിയേയോ അല്ലെങ്കിൽ അതിനു ശേഷമുള്ളതിനേയോ കുറിക്കുന്നതാകുന്നു അൽ ഫിഅ്ൽ അൽ മുദാരിഅ്.

٧٤٤. ما هو الفعل الأمر ؟

744) ഫിഅ്ൽ അമ്ർ (കല്പന /അപേക്ഷ ക്രിയ) എന്നാൽ എന്താണ്?

الجواب:

ما دل على حدث يطلب حصوله.

ഉത്തരം :

പ്രാവർത്തികമാക്കാൻ ആവശ്യപ്പെടുന്ന ഒരു പ്രവൃത്തിയെ കുറിക്കുന്നതെന്തോ അതാകുന്നു ഫിഅ്ൽ അമ്ർ.

٧٤٥. ميز الفعل الماضي من المضارع من الأمر من هذه الكلمات (سافَرَ، يُسَافِرُ، سَافِرْ، ذَهَبَ، يَذْهَبُ، اذْهَبْ) ؟

745) (യാത്ര പോയി–سافَرَ, അവൻ യാത്ര പോയി– يُسَافِرُ, നീ യാത്ര പോകുക (കല്പന രൂപത്തിൽ)–سَافِرْ, പോയി – ذَهَبَ, പോകുന്നു–يَذْهَبُ, നീ പോകുക (കല്പന രൂപത്തിൽ)–اذْهَبْ)

ഈ പദങ്ങളിൽ നിന്നും ഫിഅ്ൽ മാദി – യെ ഫിഅ്ൽ മുദാരിഅ് – ൽ നിന്നും ഫിഅ്ൽ അമ്ർ – ൽ നിന്നും വേർതിരിക്കുക?

الجواب:

[سَافَرَ]: فعل ماضٍ، [يُسَافِرُ]: فعل مضارع، [سَافِرْ] فعل أمر . [ذَهَبَ]: فعل ماضٍ، [يَذْهَبُ]: فعل مضارع، [اذْهَبْ] فعل أمر.

ഉത്തരം :

[سَافَرَ]: ഫിഅ്ൽ മാദിൻ,

[يُسَافِرُ]: ഫിഅ്ൽ മുദാരി,

[سَافِرْ] : ഫിഅ്ൽ അമ്ർ,

[ذَهَبَ]: ഫിഅ്ൽ മാദിൻ,

[يَذْهَبُ]: ഫിഅ്ൽ മുദാരി,

[اذْهَبْ] :ഫിഅ്ൽ അമ്ർ.

٧٤٦. اقرأ سورة الفيل واستخرج ثلاثة أسماء ؟ وثلاثة حروف ؟

746) സൂറത്തുൽ ഫീൽ ഓതുക, (തുടർന്ന് അതിൽ നിന്നും) മൂന്ന ഇസ്മുകളും മൂന്ന ഹർഫുകളും പുറത്തുകൊണ്ടുവരിക?

الجواب:

الأسماء: الفيل- طيرًا- حجارة.

الحروف: الباء في كلمة بأصحاب – في – من.

ഉത്തരം :

ഇസ്മുകൾ:

الفيل (ആന), طيرا (പക്ഷികൾ), حجارة (കളിമൺകല്ലുകൾ)

ഹർഫുകൾ:

"بأصحاب" എന്ന് വാക്യത്തിലെ "ബ" (ب), ഫീ(في), മിൻ(من).

٧٤٧. اقرأ سورة الكوثر واستخرج ثلاثة أفعال ؟

747) സൂറത്തുൽ കൗസർ ഓതുക, (തുടർന്ന് അതിൽ നിന്നും) മൂന്നു ഫിഅ്ലുകൾ പുറത്തുകൊണ്ടുവരിക?

الجواب:

أعطى (ماض)- صلِّ (أمر)- انحر (أمر).

ഉത്തരം :

أعطى (നൽകി) – (മാദിൻ)

صلِّ (നിസ്കരിക്കുക) – (അമ്ര്)

انحر (ബലിയർപ്പിക്കുക) – (അമ്ര്).

٧٤٨. إلى كم ينقسم الاسم ؟

748) ഇസ്മ് എത്രയായി തരംതിരിഞ്ഞിരിക്കുന്നു?

الجواب:

إلى: مفرد، ومثنى، وجمع. مثال: رجل – رجلان - رجال.

ഉത്തരം :

മുഫ്റദ് (ഏകവചനം), മുസന്നാ (ദ്വിവചനം), ജമ്അ്(ബഹുവചനം) എന്നിവയായി തരംതിരിഞ്ഞിരിക്കുന്നു.

ഉദാഹരണം: رجل (പുരുഷൻ)– رجلان (രണ്ടുപുരുഷന്മാർ)– رجال (പുരുഷന്മാർ).

٧٤٩. ما هو المفرد ؟

749) മുഫ്റദ് എന്നാൽ എന്താണ്?

الجواب:

ما دل على واحد مثل(رجل)، أو واحدة مثل(امرأة).

ഉത്തരം :

അത് "رجل" (പുരുഷൻ) പോലെ പുല്ലിംഗമായ ഒന്നിനെയോ അല്ലെങ്കിൽ "امرأة" (സ്ത്രീ) പോലെ സ്ത്രീലിംഗമായ ഒന്നിനെയോ കുറിച്ചതെന്തോ അതാകുന്നു.

٧٥٠. ما هو المثنى ؟

750) മുസന്നാ (ദ്വിവചനം) എന്നാൽ എന്ത്?

الجواب:

ما دل على اثنين(رجلان)، أو اثنتين(امرأتان)

ഉത്തരം :

അത് "رجلان" (രണ്ടു പുരുഷന്മാർ) പോലെ പുല്ലിംഗമായ രണ്ടെണ്ണത്തേയോ അല്ലെങ്കിൽ "امرأتان" (രണ്ടു സ്ത്രീകൾ) പോലെ സ്ത്രീലിംഗമായ രണ്ടെണ്ണത്തേയോ കുറിച്ചതെന്തോ അതാകുന്നു.



٧٥١. ما هو الجمع ؟

751) ജമ്അ്(ബഹുവചനം) എന്നാൽ എന്ത്?

الجواب:

ما دل على أكثر من اثنين أو اثنتين.

ഉത്തരം :

അത് രണ്ടെണ്ണത്തിലേറെയുള്ള പുല്ലിംഗമായവയോ അല്ലെങ്കിൽ രണ്ടെണ്ണത്തിലേറെയുള്ള സ്ത്രീലിംഗമായവയോ കുറിച്ചതെന്തോ അതാകുന്നു.

٧٥٢. كم انواع الجمع ؟

752) ജമ്അ് –ന്റെ (ബഹുവചനത്തിന്റെ) ഇനങ്ങൾ എത്രയാണ്?

الجواب:

جمع مذكر سالم (مسلمون) - جمع مؤنث سالم (مسلمات) _ جمع تكسير (رجال).

ഉത്തരം :

(مسلمون) جمع مذكر سالم – ജമ്അ് മുദക്കർ സാലിം (മുസ്ലിമൂൻ (മുസ്ലിം പുരുഷന്മാർ))

(مسلمات) جمع مؤنث سالم – ജമ്അ് മുഅന്നസ് സാലിം (മുസ്ലിമാത്ത് (മുസ്ലിം സ്ത്രീകൾ))

(رجال) جمع تكسير – ജമ്അ് തക്സീർ (റിജാൽ(ആണുങ്ങൾ)).

٧٥٣. ما هي الأسماء الخمسة ؟

753) അൽ അസ്മാഉൽ ഖമ്സ (അഞ്ചു നാമങ്ങൾ എന്നറിയപ്പെടുന്നവ) ഏതൊക്കെയാണ്?

الجواب:

هي أبوك، وأخوك، وحموك، وفوك، وذو مال.

ഉത്തരം :

അവയാകുന്നു:

أبوك (അബൂക) – നിന്റെ ഉപ്പാ,

وأخوك (അഖൂക) – നിന്റെ സഹോദരൻ,

وحموك (ഹമൂക) – നിന്റെ ഭർത്താവിന്റ ബന്ധുക്കളിലെ ആണുങ്ങൾ,

وفوك (ഫൂക) – നിന്റെ വായ,

وذو مال (ദൂ മാലിൻ) – സമ്പന്നൻ.

٧٥٤. ما هو الفرق بين المبني والمعرب ؟

754) "അൽ മബ്നീ" "അൽ മുഅ്റബ്" എന്നിവയ്ക്കിടയിലുള്ള വ്യത്യാസം എന്താണ്?

الجواب:

المبني :يلزم آخره حالة واحدة.

والمعرب: يتغير أحوال أواخره باختلاف موقعه في الجملة.

ഉത്തരം :

അൽ മബ്നീ: പദത്തിന്റെ അവസാനം ഒരൊറ്റ അവസ്ഥ(രൂപം) നിലനിർത്തും

അൽ മുഅ്റബ്: വാക്യത്തിലെ പദത്തിന്റെ സ്ഥാനത്തിനനുസരിച്ച് അതിന്റെ അവസാനത്തിന് രൂപഭേദമുണ്ടാകും.

٧٥٥. ما هي أقسام الإعراب ؟

755) ഇഅ്റാബ് – ന്റെ ഇനങ്ങൾ ഏതൊക്കെയാണ്?

الجواب:

الرفع، والنصب، والخفض، والجزم.

ഉത്തരം :

അർറഫ്അ്, അന്നസ്ബ്, അൽ ഖഫ്ദ്, അൽ ജസ്മ്.

٧٥٦. ما هي العلامة الاصلية للرفع ؟

756) റഫ്അ് – ന്റെ അടിസ്ഥാനപരമായ അടയാളം ഏതാണ്?

الجواب:

هي الضمة.

ഉത്തരം :

അതാകുന്നു ദ്വമ്മ.

٧٥٧. ما هي العلامة الاصلية للنصب ؟

757) നസ്ബ് – ന്റെ അടിസ്ഥാനപരമായ  അടയാളം ഏതാണ്?

الجواب:

هي الفتحة.

ഉത്തരം :

അതാകുന്നു ഫത്ഹ.

٧٥٨. ما هي العلامة الاصلية للخفض ؟

758) ഖഫ്ദ് – ന്റെ അടിസ്ഥാനപരമായ  അടയാളം ഏതാണ്?

الجواب:

هي الكسرة.

ഉത്തരം :

അതാകുന്നു കസ്റ.

٧٥٩. ما هي العلامة الاصلية للجزم ؟

759) ജസ്മ് – ന്റെ അടിസ്ഥാനപരമായ അടയാളം ഏതാണ്?

الجواب:

هي السكون.

ഉത്തരം :

അതാകുന്നു സുകൂൻ.

٧٦٠. اذكر ثلاثة من المرفوعات ؟

760) മർഫൂആത്തുകളിൽ നിന്നും മൂന്നെണ്ണം പരാമർശിക്കുക?

الجواب:

المبتدأ - الخبر - الفاعل.

ഉത്തരം :

അൽ മുബ്തദഅ – അൽ ഖബർ – അൽ ഫാഇൽ.

٧٦١. اذكر ثلاثة من المنصوبات ؟

761) മൻസൂബാത്തുകളിൽ നിന്നും മൂന്നെണ്ണം പരാമർശിക്കുക?

الجواب:

المفعول به - الحال - الظرف.

ഉത്തരം :

അൽ മഫ്ഊൽ ബിഹി – അൽ ഹാൽ – അള്ളർഫ്.

# [5] كتاب الفقه
# ഫിഖ്ഹിന്റെ പുസ്തകം

# باب الطهارة
# (1) ശുദ്ധിയുടെ അദ്ധ്യായം

٧٦٢ .ما حكم ماء البحر ؟

762) കടൽവെള്ളത്തിന്റെ വിധിയെന്താണ്?

الجواب:

البحر هو الطهور ماؤه، الحل ميتته.

ഉത്തരം :

കടൽ അതിന്റെ വെള്ളം ശുദ്ധമാകുന്നു, അതിലെ ചത്തത് ഹലാലാകുന്നു (ഭക്ഷ്യയോഗ്യമാകുന്നു).

٧٦٣ .متى يصبح الماء نجسًا ؟

763) വെള്ളം നജസായിത്തീരുന്നത് എപ്പോഴാണ്?

الجواب:

إذا تغير لونه، أو ريحه، أو طعمه؛ بنجاسة تحدث فيه.

ഉത്തരം :

അതിന്റെ നിറത്തിനോ മണത്തിനോ രുചിക്കോ അതിൽ കലർന്ന അശുദ്ധിയാൽ മാറ്റം സംഭവിച്ചാൽ.

٧٦٤. ما حكم بول ما يؤكل لحمه ؟

764) മൃഗങ്ങളിൽ നിന്നും അവയിലെ മാംസം ഭക്ഷിക്കപ്പെടുന്നവയുടെ  മൂത്രത്തിന്റെ വിധിയെന്താണ്?

الجواب:

طاهر.

ഉത്തരം :

അവയുടെ മൂത്രം ശുദ്ധമാകുന്നു.

٧٦٥. الاستجمار بكم يكون من الحجارة ؟

765) എത്ര കല്ലുകൾകൊണ്ടാകണം അൽ ഇസ്തിജ്മാർ (മലമൂത്രവിസർജ്ജനത്തിന് ശേഷം കല്ല് കൊണ്ടോ മറ്റോ ഉള്ള ശുദ്ധീകരിക്കൽ)?

الجواب:

إذا استجمر فليوتر، ولا يكون أقل من ثلاث يعني بثلاث أو خمس أو سبع  وهكذا.

ഉത്തരം :

മലമൂത്രവിസർജ്ജനത്തിന് ശേഷം കല്ലുകൊണ്ട് ശുദ്ധീകരിക്കുകയാണെങ്കിൽ അവയുടെ എണ്ണം ഒറ്റയാക്കട്ടെ, മൂന്നിൽ കുറവാകരുത് അതായത് മൂന്നുകൊണ്ടോ അഞ്ചുകൊണ്ടോ ഏഴുകൊണ്ടോ പോലെ.



٧٦٦. إذا ولغ الكلب في الأناء فما الحكم ؟

766) ഒരു പാത്രത്തിൽ പട്ടി നക്കിയാലുള്ള വിധിയെന്താണ്?

الجواب:

يُغسَل سبع مرات أولاهن بالتراب.

ഉത്തരം :

അത് ഏഴു പ്രാവശ്യം കഴുകപ്പെടണം അവയിൽ ആദ്യത്തേത് മണ്ണുകൊണ്ടും.

٧٦٧. هل الهرة نجسة ؟

767) പൂച്ച നജസാണോ?

الجواب:

لا، إنما هي من الطوافين عليكم.

ഉത്തരം :

അല്ല, മറിച്ചത് നിങ്ങൾക്കിടയിൽ ചുറ്റിപ്പറ്റി ജീവിക്കുന്നവയിൽ പെട്ടത് മാത്രമാകുന്നു.

٧٦٨. ماذا نفعل إذا وقع الذباب في الشراب ؟

768) ഒരു പാനീയത്തിൽ ഈച്ച വീണാൽ നാം എന്താണ് ചെയ്യുക?

الجواب:

نغمسه، ثم ننزعه، فإن في أحد جناحيه داءً ،وفي الآخر شفاءً

ഉത്തരം :

നാം (അതിൽ) അതിനെ മുക്കും എന്നിട്ട് അതിനെ എടുത്തുകളയും, എന്തെന്നാൽ തീർച്ചയായും അതിന്റെ രണ്ടു ചിറകുകളിൽ ഒന്നിൽ രോഗവും മറ്റേതിൽ അതിനുള്ള ശമനവും ഉണ്ട്.

٧٦٩ .كيف يطهر جلد الميتة ؟

769) (മൃഗങ്ങളിൽ നിന്നും) ചത്തതിന്റെ തോൽ ശുദ്ധീകരിക്കപ്പെടുന്നത് എങ്ങനെ?

الجواب:

بالدباغ بالماء والقرظ أو نحوه.

ഉത്തരം :

വെള്ളവും ഖറളും ('സലം' വൃക്ഷത്തിന്റെ ഇലകളും കായ്കളും) ഉപയോഗിച്ച് ഊറയ്ക്കിടൽ മുഖേന.

٧٧٠ .ما حكم الصلاة بغير وضوء ؟

770) വുദൂഅ് ഇല്ലാതെ നിസ്കരിക്കുന്നതിന്റെ വിധിയെന്താണ്?

الجواب:

صلاة باطلة.

ഉത്തരം :

(അങ്ങനെ നിസ്കരിക്കുന്ന ഒരുവന്റെ) നിസ്കാരം നിഷ്ഫലമാകുന്നു.

٧٧١ .اذكر حديثًا في فضل الوضوء ؟

771) വുദൂഇന്റെ ശ്രേഷ്ഠതയെ സംബന്ധിച്ച ഒരു ഹദീസ് പരാമർശിക്കുക?

الجواب:

عَنْ أَبِي هُرَيْرَةَ ا، أَنَّ رَسُولَ اللهِ ﷺ قَالَ: «إِذَا تَوَضَّأَ الْعَبْدُ الْمُسْلِمُ - أَوِ الْمُؤْمِنُ - فَغَسَلَ وَجْهَهُ خَرَجَ مِنْ وَجْهِهِ كُلُّ خَطِيئَةٍ نَظَرَ إِلَيْهَا بِعَيْنَيْهِ مَعَ الْمَاءِ - أَوْ مَعَ آخِرِ قَطْرِ الْمَاءِ -، فَإِذَا غَسَلَ يَدَيْهِ خَرَجَ مِنْ يَدَيْهِ كُلُّ خَطِيئَةٍ كَانَ بَطَشَتْهَا يَدَاهُ مَعَ الْمَاءِ أَوْ مَعَ آخِرِ قَطْرِ الْمَاءِ -، فَإِذَا غَسَلَ رِجْلَيْهِ خَرَجَتْ كُلُّ خَطِيئَةٍ مَشَتْهَا رِجْلَاهُ مَعَ الْمَاءِ - أَوْ مَعَ آخِرِ قَطْرِ الْمَاءِ - حَتَّى يَخْرُجَ نَقِيًّا مِنَ الذُّنُوبِ». رواه مسلم.

ഉത്തരം :

അബൂ ഹുറൈറ رضي الله عنه –ൽ നിന്നും, അല്ലാഹുവിന്റെ റസൂൽ ﷺ അരുളി :

<<ഒരു മുസ്ലിം അടിമ – അല്ലെങ്കിൽ ഒരു മുഅ്മിൻ – വുദൂഅ് എടുത്താൽ തുടർന്ന് (വുദുവിന്റെ ഗതിയിൽ) മുഖം കഴുകിയാൽ, അവന്റെ കണ്ണുകളാൽ അവൻ ചെയ്ത എല്ലാ പാപങ്ങളും അവന്റെ മുഖത്തു നിന്നും വെള്ളത്തോടൊപ്പം പുറത്തു പോകും, അല്ലെങ്കിൽ അവസാന തുള്ളി വെള്ളത്തോടൊപ്പം (പുറത്ത് പോകും); തുടർന്ന് തന്റെ കൈകൾ കഴുകിയാൽ അവന്റെ കൈകളാൽ അവൻ ചെയ്ത എല്ലാ പാപങ്ങളും അവന്റെ കൈകളിൽ നിന്നും പുറത്ത് പോകും , അല്ലെങ്കിൽ അവസാന തുള്ളി വെള്ളത്തോടൊപ്പം (പുറത്ത് പോകും);

തുടർന്ന് തന്റെ കാലുകൾ കഴുകിയാൽ  അവന്റെ കാലുകളാൽ അവൻ ചെയ്ത എല്ലാ പാപങ്ങളും അവന്റെ കാലുകളിൽ നിന്നും പുറത്തുപോകും അല്ലെങ്കിൽ അവസാന തുള്ളി വെള്ളത്തോടൊപ്പം (പുറത്ത് പോകും); (അങ്ങനെ) പാപങ്ങളിൽ നിന്നെല്ലാം  ശുദ്ധീകരിക്കപ്പെട്ടവനായി അവൻ പുറത്തുവരും വരേക്കും >>.

(മുസ്ലിം നിവേദനം ചെയ്തത്)

٧٧٢ .اذكر كيفية الوضوء باختصار ؟

772) വുദൂഇന്റെ രൂപം ചുരുക്ക രൂപത്തിൽ പരാമർശിക്കുക?

الجواب:

يسمي الله .

ثم يغسل كفيه إلى الرسغين ثلاث مرات .

ثم يتمضمض ويستنشق ويستنثر ثلاثًا.

ثم يغسل وجهه ثلاثًا.

ثم يغسل يديه إلى المرفقين ثلاثًا.

ثم  يمسح رأسه مرة واحدة.

ثم يغسل رجليه إلى الكعبين ثلاثًا.



ഉത്തരം :

(വുദൂഅ് എടുക്കുന്നവൻ)

- "ബിസ്മില്ലാഹ്" എന്ന് പറയുക.
- എന്നിട്ട് മൂന്നു പ്രാവശ്യം തന്റെ കൈപ്പത്തികൾ കണങ്കൈവരെ കഴുകുക.
- എന്നിട്ട് മൂന്നു പ്രാവശ്യം (അൽപസമയം) വായ കഴുകുകയും മൂക്കിലേക്ക് വെള്ളം കയറ്റുകയും ചീറ്റുകയും ചെയ്യുക.
- എന്നിട്ട് മൂന്ന് പ്രാവശ്യം തന്റെ മുഖം കഴുകുക.
- എന്നിട്ട് മൂന്ന് പ്രാവശ്യം തന്റെ  കൈകൾ കൈമുട്ടുവരെ കഴുകുക.
- എന്നിട്ട് ഒരു പ്രാവശ്യം തന്റെ തല തടവുക (ചെവിയും).
- എന്നിട്ട് മൂന്ന് പ്രാവശ്യം തന്റെ  കാലുകൾ നെരിയാണിവരെ കഴുകുക.

٧٧٣. إلى أين تبلغ الحلية من المؤمن؟

773) (സ്വർഗ്ഗത്തിൽ) ഒരു വിശ്വാസിയുടെ ആഭരണങ്ങൾ എവിടെവരെയാണ് എത്തുക?

الجواب:

حيث يبلغ الوَضوء.

ഉത്തരം :

വുദൂഇന്റെ വെള്ളം എത്തുന്നത് എവിടെ വരെയോ അവിടെ വരെ.



٧٧٤. كيف يعرف النبي ﷺ أمته يوم القيامة ؟

774) ഉയർത്തെഴുന്നേൽപ്പിന്റെ നാളിൽ നബി ﷺ അദ്ദേഹത്തിന്റെ ഉമ്മത്തിനെ തിരിച്ചറിയുന്നത് എങ്ങനെ?

الجواب:

غرًا محجلين من آثار الوضوء.

ഉത്തരം :

വുദൂഇന്റെ ഫലമായി കൈകാൽ വെളുത്തവരായികൊണ്ട് (അവരെ തിരിച്ചറിയും).

٧٧٥. ما هي نواقض الوضوء ؟

775) വുദൂഇനെ നിഷ്ഫലമാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

الجواب:

الخارج من القبل والدبر, النوم المستغرق, أكل لحم الإبل, مس الذكر ,

الردة, زوال العقل, الجنابة.

ഉത്തരം :

- ഗുഹ്യാവയവങ്ങളിൽ നിന്നും മലദ്വാരത്തിൽ നിന്നുമുള്ള വിസർജ്ജനം.
- അഗാധമായ നിദ്ര.
- ഒട്ടകത്തിൻറെ ഇറച്ചി ഭക്ഷിക്കൽ.
- ഗുഹ്യാവയവം തൊടൽ.
- മതപരിത്യാഗം (ഇസ്ലാമിൽ നിന്നും പുറത്തുപോകൽ).
- വിവേകം (ഓർമ്മ) നഷ്ടപ്പെടൽ.
- അൽ ജനാപ (വലിയ അശുദ്ധി ബാധിക്കൽ).

٧٧٦ .إذا أسلم الكافر فهل يغتسل؟

776) ഒരു കാഫിർ ഇസ്ലാം സ്വീകരിച്ചാൽ അവൻ കുളിക്കണോ?

الجواب:

نعم.

ഉത്തരം :

അതെ.

٧٧٧ .ماذا يفعل إذا لم يجد الماء أو كان استعمال الماء يضره؟

777) വുദൂഅ് എടുക്കാൻ വെള്ളം കിട്ടിയില്ലെങ്കിലോ അല്ലെങ്കിൽ വെള്ളം ഉപയോഗിക്കൽ ഒരുവന് ദോഷകരമാകുമെങ്കിലോ അവൻ എന്താണ് ചെയ്യുക ?

الجواب:

يتيمم بالتراب.

ഉത്തരം :

അവൻ മണ്ണുകൊണ്ട് തയമ്മുമ് ചെയ്യുക.

٧٧٨ .اذكر كيفية التيمم ؟

778) തയമ്മുമിന്റെ രൂപം പരാമർശിക്കുക?

الجواب:

يضرب يديه بالأرض ضربة واحدة، ثم ينفخ فيهما، ويمسح الشمال على اليمين، وظاهر كفيه، ووجهه.

ഉത്തരം :

(തയമ്മുമ് ചെയ്യുന്നയാൾ) തന്റെ രണ്ടു കൈകൊണ്ടും (ഉള്ളംകൈകൊണ്ടും) ഭൂമിയിൽ ഒരു പ്രാവശ്യം അടിക്കുക, എന്നിട്ട് അവയിൽ ഊതുക, (തുടർന്ന്) ഇടതുകൈകൊണ്ടു വലതുകൈയ്യും വലതുകൈകൊണ്ട് ഇടതുകൈയ്യും, തന്റെ രണ്ടുകൈപ്പത്തികളുടെ മുകൾഭാഗവും മുഖവും തടവുക.

٧٧٩. ما حكم المسح على الخفين؟

779) (വുദൂഅ് എടുക്കുമ്പോൾ) കാലുറകൾക്ക് മേലേ തടവുന്നതിന്റെ വിധിയെന്താണ്?

الجواب:

سنة إذا أدخلهما طاهرتين.

ഉത്തരം :

അത് സുന്നത്താകുന്നു, അവരണ്ടും ശുദ്ധിയുള്ളവയായി കാലിൽ പ്രവേശിപ്പിച്ചതാണെങ്കിൽ.

٧٨٠. كم يمسح المسافر والمقيم؟

780) എത്ര ദിവസമാണ് ഒരു യാത്രക്കാരനും ഒരു (സ്ഥലത്ത്) സ്ഥിരവാസിയായിട്ടുള്ളവനും കാലുറകൾക്ക് മേലേ തടവുക ?

الجواب:

المسافر ثلاثة أيام بلياليهن، والمقيم يومًا وليلة.

ഉത്തരം :

യാത്രക്കാരൻ മൂന്നുദിവസങ്ങൾ അവയുടെ രാവുകൾ ഉൾപ്പെടെയും, സ്ഥിരവാസിയായിട്ടുള്ളവൻ ഒരു ദിവസവും ഒരു രാത്രിയും

٧٨١ .من هم الذين ينكرون المسح على الخفين؟

781) കാലുറകൾക്ക് മേലുള്ള തടവലിനെ നിരാകരിക്കുന്നവർ ആരാണ്?

الجواب:

الشيعة.

ഉത്തരം :

ശിയാക്കൾ.

٧٨٢ .ما حكم الصلاة في النعال الطاهرة ؟

782) ശുദ്ധിയുള്ള ചെരുപ്പുകളിൽ നിസ്കരിക്കുന്നതിന്റെ വിധിയെന്താണ്?

الجواب:

مستحبة.

ഉത്തരം :

അത് സുന്നത്ത് ആകുന്നു.

# باب الصلاة

# (2) നിസ്കാരത്തിന്റെ അദ്ധ്യായം

٧٨٣ .كيف ينادى للصلاة ؟

783) നിസ്കാരത്തിലേക്ക് വിളിക്കപ്പെടുന്നത് എങ്ങനെ?

الجواب:

بالأذان.

ഉത്തരം :

അദാൻ (ബാങ്ക്) മുഖേന.

٧٨٤ .اذكر صيغة الأذان ؟

784) അദാനിന്റെ വിധം പരാമർശിക്കുക?

الجواب:

الله أكبر الله أكبر الله أكبر الله أكبر، أشهد أن لا إله إلا الله  أشهد أن لا إله إلا الله، أشهد أن محمدًا رسول الله أشهد أن محمدًا رسول الله، حيَّ على الصلاة حيَّ على الصلاة ، حيَّ على الفلاح  حيَّ على الفلاح، الله أكبر الله أكبر، لا إله إلا  الله.

ഉത്തരം :

അല്ലാഹു അക്ബർ  അല്ലാഹു അക്ബർ അല്ലാഹു
അക്ബർ അല്ലാഹു അക്ബർ.
(അല്ലാഹു ഏറ്റവും വലിയവനും മഹാനുമാകുന്നു)

അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹ്
അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹ്
(യഥാർത്ഥത്തിൽ ആരാധനക്കർഹനായി അല്ലാഹുവല്ലാത
മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു)

അശ്ഹദു അന്ന മുഹമദ റസൂലുല്ലാഹ്
അശ്ഹദു അന്ന മുഹമദ റസൂലുല്ലാഹ്
(തീർച്ചയായും മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണെന്നും
ഞാൻ സാക്ഷ്യം വഹിക്കുന്നു)

ഹയ്യ അലസ്സ്വലാഹ്
ഹയ്യ അലസ്സ്വലാഹ്
(നിസ്കാരത്തിലേക്ക് വരിക)

ഹയ്യ അലൽ ഫലാഹ്
ഹയ്യ അലൽ ഫലാഹ്
(വിജയത്തിലേക്ക് വരിക)



അല്ലാഹു അക്ബർ  അല്ലാഹു അക്ബർ
ലാ ഇലാഹ ഇല്ലള്ളാഹ്
(അല്ലാഹു ഏറ്റവും വലിയവനും മഹാനുമാകുന്നു,
യഥാർത്ഥത്തിൽ ആരാധനക്കർഹനായി
അല്ലാഹുവല്ലാതെ മറ്റാരുമില്ല).

٧٨٥. ماذا نزيد في الأذان الأول لصلاة الصبح ؟

785) സുബ്ഹ് നിസ്കാരത്തിന്റെ ഒന്നാം അദാനിൽ നാം എന്താണ് അധികം പറയുക ?

الجواب:

الصلاة خير من النوم [مرتين] بعد حيَّ على الفلاح.

ഉത്തരം :

"ഹയ്യ അലസ്സ്വലാഹ്" എന്നതിന് ശേഷം "അസ്സ്വലാത്തു ഖൈറും മിനന്നൗം (നിസ്കാരമാകുന്നു ഉറക്കത്തേക്കാൾ ഉത്തമം)" എന്ന് [രണ്ടുതവണ] അധികം പറയും.

٧٨٦. ماذا يقول المؤذن إذا نزل المطر وشق على الناس الخروج للصلاة؟

786) മഴ പെയ്യുകയും ജങ്ങൾക്ക് നിസ്കാരത്തിലേക്കുള്ള ഇറക്കം ദുഷ്കരമാകുകയും ചെയ്താൽ ഒരു മുഅദ്ദിൻ എന്താണ് പറയുക?

الجواب:

صلوا في رحالكم،  أو صلوا في بيوتكم.

ഉത്തരം :

"സ്വല്ലൂ ഫീ രിഹാലികും" അല്ലെങ്കിൽ "സ്വല്ലൂ ഫീ ബുയൂതികും (നിങ്ങൾ നിങ്ങളുടെ വീടുകളിൽ നിസ്കരിക്കുക)".

٧٨٧. ما حكم قول حيَّ على خير العمل في الأذان ؟

787) അദാനിൽ "ഹയ്യ അലാ ഖൈറിൽ അമൽ" എന്ന വാക്ക് പറയുന്നതിന്റെ വിധിയെന്താണ്?

الجواب:

بدعة من بدع الشيعة.

ഉത്തരം :

അത് ശിയാക്കളുടെ പുത്തനാചാരങ്ങളിൽപെട്ട പുത്തനാചാരമാകുന്നു.

٧٨٨. ما هو عمود الإسلام ؟

788) ഇസ്ലാമിന്റെ തൂണ് എന്നറിയപ്പെടുന്നത് എന്താണ്?

الجواب:

الصلاة.

ഉത്തരം :

നിസ്കാരം.

٧٨٩. ما حكم تَرك الصلاة ؟

789) നിസ്കാരം ഉപേക്ഷിക്കുന്നതിന്റെ വിധിയെന്താണ്?

الجواب:

تَرك الصلاة كفر.

ഉത്തരം :

നിസ്കാരം ഉപേക്ഷിക്കൽ കുഫ്റാകുന്നു.

٧٩٠ .متى فرض الله على نبيه ﷺ الصلاة؟

790) എപ്പോഴാണ് അല്ലാഹു നബിക്ക് ﷺ നിസ്കാരം നിർബന്ധമാക്കിയത് ?

الجواب:

ليلة الإسراء.

ഉത്തരം :

ഇസ്റാഅ് – ന്റെ രാത്രിയിൽ.

٧٩١ .كم عدد الصلوات المفروضة ؟

791) നിർബന്ധ നിസ്കാരങ്ങളുടെ എണ്ണം എത്രയാണ്?

الجواب:

خمس صلوات في كل يوم وليلة.

ഉത്തരം :

ഓരോ പകലിലും രാത്രിയിലുമായി അഞ്ചു നിസ്കാരങ്ങൾ.

٧٩٢ .اذكر عدد ركعات كل  صلاة ؟

792) ഒരോ നിസ്കാരത്തിലെയും റക്അത്തുകളുടെ എണ്ണം പരാമർശിക്കുക?

الجواب:

الفجر: ركعتان.

الظهر: أربع ركعات .

العصر: أربع ركعات .

المغرب: ثلاث ركعات  .

العشاء: أربع ركعات.

ഉത്തരം :

അൽ ഫജ്ർ: രണ്ടു റക്അത്ത്.

അള്ളുഹ്ർ: നാലു റക്അത്തുകൾ.

അൽ അസ്ർ: നാലു റക്അത്തുകൾ.

അൽ മഗ്രിബ്: മൂന്നു റക്അത്തുകൾ.

അൽ ഇശാഅ്: നാലു റക്അത്തുകൾ.

٧٩٣ .ما حكم من صلى الصلاة في غير وقتها ؟

793) ഒരു നിസ്കാരം അതിന്റെ സമയത്തിൽ അല്ലാതെ നിസ്കരിച്ചവന്റെ വിധിയെന്താണ്?

الجواب:

صلاته باطلة.

ഉത്തരം :

അവന്റെ (ആ) നിസ്കാരം നിഷ്ഫലമാകുന്നു.

٧٩٤. ما الدليل على أن كل صلاة تصلى في وقتها؟

794) ഓരോ നിസ്കാരവും അതിന്റെ സമയത്ത് നിസ്കരിക്കപ്പെടണം എന്നതിനുള്ള തെളിവെന്താണ്?

الجواب:

﴿إِنَّ ٱلصَّلَوٰةَ كَانَتْ عَلَى ٱلْمُؤْمِنِينَ كِتَٰبًا مَّوْقُوتًا﴾ [النساء:١٠٣].

ഉത്തരം :

{തീർച്ചയായും നിസ്കാരം മുഅ്മിനീങ്ങൾക്ക് സമയം നിർണയിക്കപ്പെട്ട ഒരു നിർബന്ധബാധ്യതയാകുന്നു}

[അന്നിസാഅ്:103]

٧٩٥. في أي سورة قوله تعالى ﴿إِنَّا عَرَضْنَا الْأَمَانَةَ عَلَى السَّمَاوَاتِ وَالْأَرْضِ وَالْجِبَالِ فَأَبَيْنَ أَن يَحْمِلْنَهَا وَأَشْفَقْنَ مِنْهَا وَحَمَلَهَا الْإِنسَانُ إِنَّهُ كَانَ ظَلُومًا جَهُولًا﴾ ؟

795) ഏത് സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം:

{തീർച്ചയായും നാം ആ വിശ്വസ്ത ദൌത്യം (ഉത്തരവാദിത്തം) ആകാശങ്ങളുടെയും ഭൂമിയുടെയും പർവ്വതങ്ങളുടെയും മുമ്പാകെ എടുത്തുകാട്ടുകയുണ്ടായി. എന്നാൽ അത് ഏറ്റെടുക്കുന്നതിന് അവ വിസമ്മതിക്കുകയും അതിനെപ്പറ്റി അവയ്ക്ക് പേടി തോന്നുകയും ചെയ്തു. മനുഷ്യൻ അത് ഏറ്റെടുത്തു. തീർച്ചയായും അവൻ കടുത്ത അക്രമിയും അവിവേകിയുമായിരിക്കുന്നു.}

الجواب:

في سورة الأحزاب.

ഉത്തരം :

സൂറത്തു അൽ അഹ്സാബ് – ൽ.

٧٩٦. متى يبدأ وقت صلاة الفجر، ومتى ينتهي ؟

796) എപ്പോഴാണ് ഫജ്ർ നിസ്കാരത്തിന്റെ സമയം ആരംഭിക്കുന്നത്?, എപ്പോഴാണ് അത് അവസാനിക്കുന്നത്?

الجواب:

يبدأ من طلوع الفجر الصادق، وينتهي بطلوع الشمس.

ഉത്തരം :

അൽ ഫജ്ർ അസ്സ്വാദിഖ് – ന്റെ ഉദയത്തോടെ ആരംഭിക്കുന്നു, സൂര്യോദയത്തോടെ അവസാനിക്കുകയും ചെയ്യുന്നു.

٧٩٧. متى يبدأ وقت صلاة الظهر، ومتى ينتهي ؟

797) എപ്പോഴാണ് ള്വുഹ്ർ നിസ്കാരത്തിന്റെ സമയം ആരംഭിക്കുന്നത് ?, എപ്പോഴാണ് അത് അവസാനിക്കുന്നത്?

الجواب:

يبدأ بعد زوال الشمس، وينتهي حين يصير ظل كل شيء مثله.

ഉത്തരം :

അത്, സൂര്യൻ നേരെ മുകൾ ഭാഗത്ത് നിന്നും നീങ്ങിയതിനു ശേഷം മുതൽ ആരംഭിക്കുന്നു, ഓരോ വസ്തുവിന്റെയും നിഴൽ അതിന്റെ നീളത്തിന് തുല്യമായിമാറുമ്പോൾ അവസാനിക്കുകയും ചെയ്യുന്നു.

٧٩٨. متى يبدأ وقت صلاة العصر، ومتى ينتهي ؟

798) എപ്പോഴാണ് അസ്ർ നിസ്കാരത്തിന്റെ സമയം ആരംഭിക്കുന്നത്? എപ്പോഴാണ് അത് അവസാനിക്കുന്നത്?

الجواب:

يبدأ حين يصير ظل كل شيء مثله، وينتهي عند غروب الشمس.

ഉത്തരം :

ഓരോ വസ്തുവിന്റെയും നിഴൽ അതിന്റെ നീളത്തിന് തുല്യമായിമാറുമ്പോൾ മുതൽ ആരംഭിക്കുന്നു, സൂര്യാസ്തമയത്തോടെ അവസാനിക്കുകയും ചെയ്യുന്നു.



٧٩٩. متى يبدأ وقت صلاة المغرب، ومتى ينتهي ؟

799) എപ്പോഴാണ് മഗ്‌രിബ് നിസ്കാരത്തിന്റെ സമയം ആരംഭിക്കുന്നത്? എപ്പോഴാണ് അത് അവസാനിക്കുന്നത്?

الجواب:

يبدأ من غروب الشمس، وينتهي بغياب الشفق الأحمر.

ഉത്തരം :

സൂര്യാസ്തമയം മുതൽ ആരംഭിക്കുന്നു, ചുവന്ന അസ്‌തമയശോഭയുടെ അപ്രത്യക്ഷമാകലോടെ അവസാനിക്കുകയും ചെയ്യുന്നു.

٨٠٠. متى يبدأ وقت صلاة العشاء، ومتى ينتهي ؟

800) എപ്പോഴാണ് ഇശാഅ് നിസ്കാരത്തിന്റെ സമയം ആരംഭിക്കുന്നത്?, എപ്പോഴാണ് അത് അവസാനിക്കുന്നത്?

الجواب:

يبدأ من غياب الشفق الأحمر، وينتهي في نصف الليل.

ഉത്തരം :

ചുവന്ന അസ്‌തമയശോഭയുടെ അപ്രത്യക്ഷമാകലോടെ ആരംഭിക്കുന്നു, അർദ്ധരാത്രിയോടെ അവസാനിക്കുകയും ചെയ്യുന്നു.

٨٠١ .في أي سورة قوله تعالى ﴿حَٰفِظُواْ عَلَى ٱلصَّلَوَٰتِ وَٱلصَّلَوٰةِ ٱلۡوُسۡطَىٰ وَقُومُواْ لِلَّهِ قَٰنِتِينَ﴾ ؟

801) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം :

{പ്രാർത്ഥനകൾ (അഥവാ നിസ്കാരങ്ങൾ) നിങ്ങൾ സൂക്ഷ്മതയോടെ നിർവഹിച്ചു പോരേണ്ടതാണ്. പ്രത്യേകിച്ചും മധ്യേയുള്ള (ഉൽകൃഷ്ടമായ അസ്ർ) നിസ്കാരം. അല്ലാഹുവിന്റെ മുമ്പിൽ ഭയഭക്തിയോടു കൂടി നിന്നുകൊണ്ടാകണം നിങ്ങൾ പ്രാർത്ഥിക്കുന്നത്.}

الجواب:

في سورة البقرة.

ഉത്തരം :

സൂറത്തുൽ ബഖറ – യിൽ.

٨٠٢ .ما هي الصلاة الوسطى ؟

802) ഏതാണ് മധ്യേയുള്ള (അഥവാ ഉൽകൃഷ്ടമായ) നിസ്കാരം ?

الجواب:

صلاة العصر.

ഉത്തരം :

അസ്ർ നിസ്കാരം.

٨٠٣ .ما هما البردان في قوله ﷺ من صلى البردين دخل الجنة؟

803) "ആരാണോ രണ്ടു തണുത്ത നിസ്കാരങ്ങൾ നിസ്കരിച്ചത് അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു" എന്ന നബിയുടെ ﷺ വാക്കിലെ രണ്ടു തണുത്ത നിസ്കാരങ്ങൾ ഏതൊക്കെയാണ്?

الجواب:

الفجر، والعصر.

ഉത്തരം :

അൽ ഫജ്ർ, അൽ അസ്ർ.

٨٠٤ .ما هي الصلاة التي من تركها فقد حبط عمله ؟

804) ഏത് നിസ്കാരം ഒരുവൻ ഉപേക്ഷിച്ചാലാണ് അവന്റെ കർമ്മം നിഷ്ഫലമായിത്തീരുക ?

الجواب:

صلاة العصر.

ഉത്തരം :

അസ്ർ നിസ്കാരം.

٨٠٥ .ما هي أثقل الصلاة على المنافقين ؟

805) കപടവിശ്വാസികൾക്ക് ഏറ്റവും ഭാരമേറിയ നിസ്കാരം ഏതാണ്?

الجواب:

صلاة العشاء، وصلاة الفجر.

ഉത്തരം :

ഇശാഅ് നിസ്കാരവും ഫജ്ർ നിസ്കാരവും.

٨٠٦ .ما هي أطول الصلوات الخمس قراءةً ؟

806) അഞ്ചു നിസ്കാരങ്ങളിൽ പാരായണത്തിൽ വച്ച് ഏറ്റവും നീണ്ടത് ഏതാണ്?

الجواب:

صلاة الصبح.

ഉത്തരം :

സുബ്ഹ് നിസ്കാരം.

٨٠٧ .ما هي صلاة الغداة ؟

807) "സ്വലാത്തുൽ ഗദാഹ്" (പ്രഭാത നിസ്കാരം) ഏതാണ്?

الجواب:

صلاة الصبح.

ഉത്തരം :

സുബ്ഹ് നിസ്കാരം.

٨٠٨ .من هم الذين رفع عنهم القلم؟

808) ആരെയെല്ലാം തൊട്ടാണ് പേന ഉയർത്തപ്പെട്ടിട്ടുള്ളത്?

الجواب:

عن المجنون حتى يعقل، وعن النائم حتى يستيقظ، وعن الصبي حتى يحتلم.

ഉത്തരം :

ഒരു ഭ്രാന്തനിൽ നിന്നും അവന് വിവേകം (ഓർമ്മ) വരും വരേക്കും, ഉറങ്ങുന്ന ഒരുവനിൽ നിന്നും അവൻ ഉറക്കമുണരും വരേക്കും, ഒരു ബാലനിൽ നിന്നും അവൻ വളർച്ചയെത്തും വരേക്കും.

٨٠٩ .ماذا على من نسي صلاة أو نام عنها ؟

809) നിസ്കാരം മറന്നുപോയവനോ അല്ലെങ്കിൽ നിസ്കാര സമയത്ത് ഉറങ്ങിപ്പോയവനോ ചെയ്യേണ്ടത് എന്താണ്?

الجواب:

يصليها إذا ذكرها، أو إذا استيقظ.

ഉത്തരം :

അത് ഓർമ്മവരുമ്പോൾ നിസ്കരിക്കുക, ഉറങ്ങിപ്പോയവൻ ഉറക്കമുണർന്നാൽ നിസ്കരിക്കുക.

٨١٠ .ما هي عورة الرجل ؟

810) ഒരു പുരുഷൻ്റെ ഔറത്ത് (മറക്കേണ്ട നഗ്നത) എന്താണ്?

الجواب:

من السرة إلى الركبة.

ഉത്തരം :

പൊക്കിൾ മുതൽ കാൽമുട്ടുവരെ.

٨١١ .ما هي عورة المرأة ؟

811) ഒരു സ്ത്രീയുടെ ഔറത്ത് എന്താണ്?

الجواب:

المرأة كلها عورة.

ഉത്തരം :

ഒരു സ്ത്രീ മുഴുവനും ഔറത്താകുന്നു.

٨١٢ .هل تجوز الصلاة في مرابض الإبل والغنم ؟

812) ഒട്ടകത്തിനെയും ആടിനെയും (വിശ്രമിക്കാനായി) കെട്ടിയിടുന്ന സ്ഥലങ്ങളിൽ നിസ്കരിക്കൽ അനുവദനീയമാണോ?

الجواب:

تجوز في مرابض الغنم، ولا تجوز في مرابض الإبل.

ഉത്തരം :

ആടിനെ കെട്ടിയിടുന്ന സ്ഥലങ്ങളിൽ അനുവദനീയമാണ്, ഒട്ടകത്തിനെ കെട്ടിയിടുന്ന സ്ഥലങ്ങളിൽ അനുവദനീയമല്ല.

٨١٣ .هل يجوز الصلاة في المقبرة والحمام؟

813) മഖ്ബറയിലും ശൗചാലയത്തിലും നിസ്കരിക്കൽ അനുവദനീയമാണോ?

الجواب:

لا يجوز.

ഉത്തരം :

അനുവദനീയമല്ല.

٨١٤. ماذا يتخذ المصلي أمامه إذا أراد الصلاة ؟

814) ഒരുവൻ നിസ്കാരം ഉദ്ദേശിച്ചാൽ (അതിനുവേണ്ടി നിന്നാൽ) അവന്റെ മുമ്പിൽ എന്താണ് സ്വീകരിക്കുക?

الجواب:

يتخذ له سترة يصلي إليها.

ഉത്തരം :

സുത്റ(മറ) – യുടെ നേരെ നിസ്കരിക്കാൻ തന്റെ മുൻപിലത് സ്വീകരിക്കും (വയ്ക്കും).

٨١٥ .ماذا يفعل المصلي إذا أراد أحد أن يمر بينه وبين السترة؟

815) തന്റെയും സുത്റ – യുടെയും ഇടയിലൂടെ ഒരുവൻ കടന്നുപോകാൻ ശ്രമിച്ചാൽ നിസ്കരിക്കുന്നവൻ എന്താണ് ചെയ്യുക?

الجواب:

يرده.

ഉത്തരം :

നിസ്കരിക്കുന്നവൻ അവനെ തടയുക.

٨١٦ .كم مقدار السترة ؟

816) സുത്റ-യുടെ അളവ് (നീളം) എത്രയാണ്?

الجواب:

مثل مؤخرة الرحل: أي ما يقارب ثلثا ذراع.

ഉത്തരം :

(മൃഗങ്ങളിൽ നിന്നുമുള്ള) ഒരു വാഹനത്തിന്റെ മുകളിൽ വെക്കപ്പെടുന്നതിന്റെ ഉയരം: അതായത് ഏകദേശം ഒരടിയുടെ മൂന്നിലൊന്ന്.

٨١٧ .ما هي الأشياء التي تقطع الصلاة ؟

817) നിസ്കരിക്കുന്ന ഒരുവന്റെയും സുത്റ-യുടെയും ഇടയിലൂടെ കടന്നുപോകൽ മുഖേന നിസ്കാരത്തെ മുറിച്ചുകളയുന്ന കാര്യങ്ങൾ ഏതൊക്കെയാണ്?

الجواب:

المرأة البالغ، الحمار، الكلب الأسود.

ഉത്തരം :

പ്രായപൂർത്തിയായ സ്ത്രീ, കഴുത, കറുത്ത പട്ടി.

٨١٨ .إلى أين يتوجه المصلي؟

818) നിസ്കരിക്കുന്ന ഒരുവൻ എങ്ങോട്ടാണ് അഭിമുഖീകരിക്കുക?

الجواب:

إلى الكعبة قَالَ تَعَالَى: ﴿فَوَلِّ وَجْهَكَ شَطْرَ الْمَسْجِدِ الْحَرَامِ وَحَيْثُ مَا كُنتُمْ فَوَلُّواْ وُجُوهَكُمْ شَطْرَهُ﴾ [البقرة: ١٤٤].

ഉത്തരം :

കഅബയുടെ ദിശയിലേക്ക്,

അല്ലാഹു تَعَالَى പറഞ്ഞു: {ഇനി മേൽ നീ നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്ക് തിരിക്കുക. നിങ്ങൾ എവിടെയായിരുന്നാലും അതിന്റെ നേർക്കാണ് നിങ്ങൾ മുഖം തിരിക്കേണ്ടത്.} [അൽ ബഖറ:144]

٨١٩ .من هو راوي حديث ( صلوا كما رأيتموني أصلي )؟

819) (ഞാൻ നിസ്കരിക്കുന്നതായി നിങ്ങൾ എന്ന എപ്രകാരമാണോ കണ്ടത് അപ്രകാരം നിങ്ങൾ നിസ്കരിക്കുക) എന്ന ഹദീസിന്റെ നിവേദകൻ ആരാണ്?

الجواب:

رواه البخاري عن مالك بن الحويرث رضي الله عنه.

ഉത്തരം :

മാലിക് ബ്നുൽ ഹുവൈരിസ് رضي الله عنه – നിന്നും അൽ ബുഖാരി നിവേദനം ചെയ്തത്.

٨٢٠. ما هي شروط الصلاة ؟

820) നിസ്കാരത്തിന്റെ നിബന്ധനകൾ ഏതൊക്കെയാണ്?

الجواب:

- الإسلام, العقل, التمييز, رفع الحدث, إزالة النجاسة, ستر العورة, دخول الوقت, استقبال القبلة, النية.

ഉത്തരം :

- ഇസ്ലാം (മുസ്ലിമായിരിക്കുക)
- വിവേകം (ഓർമ്മയുള്ളവനായിരിക്കുക)
- വേർതിരിവ് (വേർതിരിച്ച് അറിയുന്നവനായിരിക്കുക)
- അശുദ്ധി നീക്കൽ (ശുദ്ധിയുള്ളവനായിരിക്കുക)
- അഴുക്ക് നീക്കം ചെയ്യൽ
- ഔറത്ത് മറക്കൽ
- (അതതു നിസ്കാരത്തിന്റെ) സമയത്തിൽ പ്രവേശിക്കൽ
- ഖിബ്ലയെ അഭിമുഖീകരിക്കൽ
- നിയ്യത്ത്.

٨٢١ .ما هي أركان الصلاة ؟

821) നിസ്കാരത്തിന്റെ സ്തംഭങ്ങൾ ഏതൊക്കെയാണ്?

الجواب:

القيام مع القدرة ,تكبيرة الإحرام ,قراءة الفاتحة ,الركوع ,الرفع من الركوع ,الاعتدال بعد الركوع ,السجود على الأعضاء السبعة ,الرفع منه ,الجلسة بين السجدتين ,الطمأنينة في جميع الأفعال ,التشهد الأخير ,الجلوس له ,الصلاة على النبي ﷺ ,التسليمتان.

ഉത്തരം :

- ❖ ശേഷിയുണ്ടെങ്കിൽ നിൽക്കൽ
- ❖ ഇഹ്റാം – ന്റെ (നിസ്കാരത്തിന്റെ പ്രാരംഭത്തിലെ) തക്ബീർ
- ❖ ഫാത്തിഹ ഓതൽ
- ❖ റുകൂഅ് – ലേക്ക് പോകൽ
- ❖ റുകൂഅ് – ൽ നിന്നും ഉയരൽ
- ❖ റുകൂഅ് – ന ശേഷം നേരെ നിൽക്കൽ
- ❖ ഏഴ് അവയവങ്ങളിൽ സുജൂദ് ചെയ്യൽ
- ❖ അതിൽ നിന്നും ഉയരൽ
- ❖ രണ്ടു സുജൂദുകൾക്കിടയിലുള്ള ഇരുത്തം
- ❖ എല്ലാ പ്രവർത്തികളിലും അടക്കം പാലിക്കൽ
- ❖ അവസാനത്തെ തശഹ്ഹുദ്
- ❖ അതിനുവേണ്ടിയുള്ള ഇരുത്തം
- ❖ നബിക്കുമേൽ സ്വലാത്ത് ചൊല്ലൽ
- ❖ രണ്ടു സലാം വീട്ടലുകൾ.

٨٢٢. ما هي واجبات الصلاة ؟

822) നിസ്കാരത്തിലെ വാജിബുകൾ ഏതൊക്കെയാണ്?

الجواب:

جميع التكبيرات غير تكبيرة الإحرام ,قول سمع الله لمن حمده للإمام والمنفرد ,قول ربنا ولك الحمد للكل ,قول سبحان ربي العظيم في الركوع ,قول سبحان ربي الأعلى في السجود ,قول رب اغفر لي بين السجدتين ,التشهد الأول ,والجلوس له.

ഉത്തരം :

- ഇഹ്റാം – ന്റെ തക്ബീർ ഒഴികെയുള്ള മറ്റെല്ലാ തക്ബീറുകളും
- ഇമാമിനും ഒറ്റക്ക് നിസ്കരിക്കുന്നവനും "സമിഅല്ലാഹു ലിമൻ ഹമിദഹ് " എന്ന് പറയൽ
- എല്ലാവർക്കും "റബ്ബനാ വലക്കൽ ഹമ്ദ് " എന്ന് പറയൽ
- റുകൂഅ് – ൽ "സുബ്ഹാന റബ്ബിയൽ അളീം" എന്ന് പറയൽ
- സുജൂദിൽ "സുബ്ഹാനാ റബ്ബിയൽ അഅ്ലാ" എന്ന് പറയൽ
- രണ്ടു സുജൂദുകൾക്കിടയിൽ "റബ്ബിഗ്ഫിർ ലീ" എന്ന് പറയൽ
- ഒന്നാമത്തെ തശഹ്ഹുദ്
- അതിനുവേണ്ടിയുള്ള ഇരുത്തം.

٨٢٣. ما هي مبطلات الصلاة ؟

823) നിസ്കാരത്തെ നിഷ്ഫലമാക്കുന്ന കാര്യങ്ങൾ ഏതൊക്കെയാണ്?

الجواب:

الكلام العمد مع الذكر والعلم, الضحك, الأكل, الشرب, انكشاف العورة ,

الالتفات الكثير عن جهة القبلة, العبث الكثير المتوالي في الصلاة ,

انتقاض الطهارة.

ഉത്തരം :

- ❖ മനഃപൂർവ്വമുള്ള സംസാരം
- ❖ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടുള്ള ചിരി
- ❖ ഭക്ഷിക്കൽ
- ❖ കുടിക്കൽ
- ❖ ഔറത്ത് വെളിവാകൽ
- ❖ ഖിബ്‌ലയുടെ ദിശയിൽ നിന്നുമുള്ള അമിതമായ വ്യതിചലനം
- ❖ നിസ്കാരത്തിലെ തുടർച്ചയായതും അമിതമായതുമായ അനാവശ്യ അനക്കങ്ങൾ
- ❖ ശുദ്ധി മുറിയൽ.

٨٢٤. هل يلزم النية للصلاة ؟

824) നിസ്കാരത്തിന് നിയ്യത്ത് നിർബന്ധമാണോ?

الجواب:

نعم، بل كل عمل لا بد فيه من نية لحديث: (إنما الأعمال بالنيات).

ഉത്തരം :

അതെ, മറിച്ച് എല്ലാ പ്രവർത്തനത്തിനും നിയ്യത്ത് നിർബന്ധമാണ് ((എല്ലാ പ്രവർത്തനങ്ങളും നിയ്യത്തിന്റെ അടിസ്ഥാനത്തിലാകുന്നു)) എന്ന ഹദീസ് പ്രകാരം.

٨٢٥ .ماذا قال النبي ﷺ لمن سأله عن كيفية الصلاة في السفينة؟

825) കപ്പലിലുള്ള നിസ്കാരത്തിന്റെ രൂപം ചോദിച്ചവനോട് നബി ﷺ പറഞ്ഞത് എന്താണ്?

الجواب:

قال: صل قائما، إلا أن تخاف الغرق.

ഉത്തരം :

അദ്ദേഹം ﷺ പറഞ്ഞു : നീ മുങ്ങിപ്പോകുന്നത് ഭയപ്പെടുന്നില്ലെങ്കിൽ നിന്നുകൊണ്ട് നിസ്കരിക്കുക.

٨٢٦ .كيف يصلي المريض ؟

826) ഒരു രോഗി നിസ്കരിക്കുന്നത് എങ്ങനെ?

الجواب:

قائمًا، فإن لم يستطع فقاعدًا، فإن لم يستطع فعلى جنب.

ഉത്തരം :

നിന്നുകൊണ്ട്, അതിന് സാധിക്കില്ലെങ്കിൽ ഇരുന്നുകൊണ്ട്, അതിനും സാധിക്കില്ലെങ്കിൽ (ഒരു വശത്തേക്ക്) ചരിഞ്ഞുകൊണ്ട്.

٨٢٧. ما هو مفتاح الصلاة ؟

827) നിസ്കാരത്തിന്റെ താക്കോൽ എന്നാൽ എന്താണ്?

الجواب

الطهور.

ഉത്തരം :

അത് ശുദ്ധീകരണമാകുന്നു.

٨٢٨. ما هو تحريمها ؟

828) (നിസ്കാരത്തിന് പുറമെയുള്ളതെല്ലാം) നിഷിദ്ധമാക്കുന്ന ഉച്ചാരണം എന്താണ്?

الجواب:

التكبير.

ഉത്തരം :

(നിസ്കാരത്തിന്റെ ആരംഭത്തിലെ) തക്ബീർ.

٨٢٩. ما هو تحليلها؟

829) (നിസ്കാരത്തിന് പുറമെയുള്ളതെല്ലാം) അനുവദനീയമാക്കുന്ന ഉച്ചാരണം എന്താണ്?

الجواب:

التسليم.

ഉത്തരം :

"സലാം" വീട്ടൽ.

٨٣٠ .ماذا يفعل المصلي حين يكبر ؟

830) നിസ്കരിക്കുന്നവൻ അല്ലാഹു അക്ബർ എന്ന് പറയുമ്പോൾ എന്താണ് ചെയ്യുക?

الجواب:

يرفع يديه إلى حذو منكبيه.

ഉത്തരം :

അവന്റെ കൈകൾ അവന്റെ രണ്ടു തോളിനു മുൻപുവരെ ഉയർത്തുക.

٨٣١ .أين يضع المصلي يديه ؟

831) നിസ്കരിക്കുന്നവൻ തന്റെ കൈകൾ വെക്കുന്നത് എവിടെയാണ്?

الجواب:

يضع يده اليمنى على يده اليسرى، على صدره.

ഉത്തരം :

അവൻ തന്റെ വലതുകൈ തന്റെ ഇടതുകൈയുടെ മുകളിൽ വെക്കുക, അവന്റെ നെഞ്ചിന്മേലായി.



٨٣٢ .ماذا يقول بعد تكبيرة الإحرام؟

832) ഇഹ്റാമിന്റെ തക്ബീറിനു ശേഷം എന്താണ് പറയുക?

الجواب:

يقرأ دعاء الاستفتاح.

ഉത്തരം :

ദുആ ഉൽ ഇസ്തിഫ്താഹ് (പ്രാരംഭ പ്രാർത്ഥന) പറയുക.

٨٣٣ .اذكر دعاء من أدعية الاستفتاح ؟

833) പ്രാരംഭ പ്രാർത്ഥനകളിൽ നിന്നും ചിലത് പരാമർശിക്കുക?

الجواب:

اللَّهُمَّ بَاعِدْ بَيْنِي وَبَيْنَ خَطَايَايَ، كَمَا بَاعَدْتَ بَيْنَ المَشْرِقِ وَالمَغْرِبِ، اللَّهُمَّ نَقِّنِي مِنَ الخَطَايَا كَمَا يُنَقَّى الثَّوْبُ الأَبْيَضُ مِنَ الدَّنَسِ، اللَّهُمَّ اغْسِلْ خَطَايَايَ بِالْمَاءِ وَالثَّلْجِ وَالبَرَدِ.

ഉത്തരം :

അല്ലാഹുമ്മ ബാഇദ് ബയ്നീ വബയ്ന ഖത്വായയായ കമാ ബാഅദ്ത ബയ്നൽ മശ്‌രിഖി വൽമഗ്‌രിബി, അല്ലാഹുമ്മ നഖ്ഖിനീ മിനൽ ഖത്വായാ കമാ യുനഖ്ഖ സ്സൗബുൽ അബ്‌യദു മിനദ്ദനസി, അല്ലാഹുമ്മഗ്സിൽ ഖത്വായയായ ബിൽമാഇ വസ്സൽജി വൽബറദ്.

(അല്ലാഹുവേ കിഴക്കിനെയും പടിഞ്ഞാറിനെയും നീ വിദൂരമാക്കിയപോലെ എന്നെയും എൻറെ പാപങ്ങളെയും നീ വിദൂരമാക്കേണമേ. അല്ലാഹുവേ വെള്ളവസ്ത്രം

അഴുക്കിൽ നിന്ന് ശുദ്ധീകരിക്കപ്പെടുന്നതുപോലെ എന്നെ എൻ്റെ പാപങ്ങളിൽ നിന്ന്  നീ ശുദ്ധിയാക്കേണമേ. അല്ലാഹുവേ  വെള്ളം, ആലിപ്പഴം, മഞ്ഞ് എന്നിവകൊണ്ട് എൻ്റെ പാപങ്ങളിൽ നിന്ന് എന്നെ ശുദ്ധിയാക്കേണമേ)

٨٣٤. ماذا تقرأ بعد الاستفتاح ؟

834) പ്രാരംഭ പ്രാർത്ഥനക്ക് ശേഷം എന്താണ് പറയുക?

الجواب:

الاستعاذة ( أعوذ بالله من الشيطان الرجيم ).

ഉത്തരം :

ഇസ്തിആദ (അഊദുബില്ലാഹി മിനശ്ശെയ്ത്വാനിർറജീം).

٨٣٥. ماذا تقرأ بعد الاستعاذة ؟

835) ഇസ്തിആദ –ക്ക് ശേഷം എന്താണ് പറയുക?

الجواب:

البسملة (بسم الله الرحمن الرحيم).

ഉത്തരം :

ബസ്മല (ബിസ്മില്ലാഹി അർറഹ്മാനി അർറഹീം).

٨٣٦. هل تكون الاستعاذة والبسملة سرًا أم جهرًا ؟

836) ഇസ്തിആദ –യും ബസ്മല –യും ശബ്ദം താഴ്ത്തിക്കൊണ്ടാണോ അതോ ശബ്ദം ഉയർത്തിക്കൊണ്ടാണോ പറയുക?

الجواب:

سرًا.

ഉത്തരം :

ശബ്ദം താഴ്ത്തിക്കൊണ്ട്.

٨٣٧. ماذا يقرأ بعد البسملة ؟

837) ബസ്മല – ക്ക് ("ബിസ്മില്ലാഹി അർറഹ്മാനി അർറഹീം" എന്ന് പറഞ്ഞതിനു) ശേഷം എന്താണ് ഓതുക?

الجواب:

يقرأ الفاتحة، وما تيسر من القرآن.

ഉത്തരം :

ഫാതിഹയും , ഖുർആനിൽ നിന്ന് സൗകര്യപ്പെട്ടതെന്തോ അതും.

٨٣٨. ماذا يقول بعد الفاتحة ؟

838) ഫാതിഹ – ക്ക് ശേഷം എന്താണ് പറയുക ?

الجواب:

يقول آمين.

ഉത്തരം : ആമീൻ എന്ന് പറയുക.

٨٣٩. ما هو الأجر المترتب على قول آمين بعد الفاتحة في الصلاة ؟

839) നിസ്കാരത്തിൽ ഫാതിഹക്ക് ശേഷം ആമീൻ പറയുന്നതിന് നിർദ്ദേശിക്കപ്പെട്ട പ്രതിഫലം എന്താണ്?

الجواب:

إذا وافق تأمينه تأمين الملائكة غفر له ما تقدم من ذنبه.

ഉത്തരം :

ഒരുവന്റെ ആമീൻ പറയൽ മലക്കുകളുടെ ആമീൻ പറയലിനോട് ഒരുമിച്ചു വന്നാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ അവന് പൊറുത്തുനൽകപ്പെടും.

٨٤٠ .ما أشد شيء تحسدنا عليه اليهود؟

840) യഹൂദികൾക്ക് നമ്മളോട് ഏറ്റവും കടുത്ത അസൂയ തോന്നുന്ന കാര്യമെന്താണ്?

الجواب:

التأمين، والسلام.

ഉത്തരം :

ആമീൻ പറയലും, സലാം പറയലും.

٨٤١ .ما حكم من لم يقرأ بفاتحة الكتاب ؟

841)" ഫാതിഹത്തുൽ കിതാബ്" (സുറത്തുൽ ഫാതിഹ) ഓതാത്ത ഒരുവന്റെ നിസ്കാരത്തിന്റെ വിധിയെന്താണ്?

الجواب:

صلاته باطلة.

ഉത്തരം :

അവന്റെ നിസ്കാരം നിഷ്ഫലമാകുന്നു.

٨٤٢ .ما هي السجدات التي سجدها النبي ﷺ؟

842) നബി ﷺ പാരായണത്തിന്റെ സുജൂദ് ചെയ്ത "അസ്-സജദാത്" (പാരായണത്തിന്റെ സുജൂദുകളുള്ള സൂറത്തുകൾ) ഏതൊക്കെയാണ്?

الجواب:

1) ص 2) النجم 3) الانشقاق 4) العلق.

ഉത്തരം :

1) സ്വാദ് 2) അന്നജ്മ് 3) അൽ ഇൻശിഖാഖ് 4) അൽ അലഖ്.

٨٤٣ .ما حكم رفع البصر إلى السماء في الصلاة ؟

843) നിസ്കാരത്തിൽ ആകാശത്തേക്ക് കണ്ണുകൾ ഉയർത്തുന്നതിന്റെ വിധിയെന്താണ്?

الجواب:

لا يجوز.

ഉത്തരം :

അനുവദനീയമല്ല.



٨٤٤. ماذا يخشى على من فعل ذلك ؟

844) അങ്ങനെ ചെയ്യുന്നവൻ എന്താണ് ഭയപ്പെടേണ്ടത്?

الجواب:

يُخشَى عليه أن يخطف بصره.

ഉത്തരം :

അവൻ അവന്റെ കണ്ണുകൾ റാഞ്ചിയെടുക്കപ്പെടുന്നത് ഭയപ്പെടണം.

٨٤٥. اذكر بعض ما يقال في الركوع، والرفع من الركوع ؟

845) റുകൂഅ് - ലും റുകൂഅ് - ൽ നിന്നുള്ള ഉയർച്ചയിലും പറയപ്പെടുന്നതിൽ ചിലത് പരാമർശിക്കുക?

الجواب:

في الركوع (سبحان ربي العظيم) ثلاثًا، (سبوح قدوس رب الملائكة والروح)، (سبحانك اللهم وبحمدك اللهم اغفر لي)، وفي الرفع من الركوع (سمع الله لمن حمده، ربنا ولك الحمد).

ഉത്തരം :

റുകൂഅ് - ൽ "സുബ്ഹാന റബ്ബിയൽ അളീം" (മഹത്വപൂർണ്ണനായ എന്റെ റബ്ബ് എത്രയധികം പരിശുദ്ധനാന) മൂന്നു തവണ,

"സുബ്ബൂഹുൻ, ഖുദ്ദൂസുൻ, റബ്ബുൽ മലാഇകതി വർറൂഹ്"

(മലക്കുകളുടേയും,റൂഹ് ജിബ്‌രീലിന്റേയും റബ്ബ് എത്രയധികം പരിശുദ്ധൻ),

"സുബ്ഹാനകല്ലാഹുമ്മ വബിഹംദിക, അല്ലാഹുമ്മഗ്ഫിർലീ" (അല്ലാഹുവേ നീ എത്രയധികം പരിശുദ്ധാൻ നിനക്ക് ഞാൻ എല്ലാ സ്തുതിയും നന്ദിയും അർപ്പിക്കുന്നു; അല്ലാഹുവേ എനിക്ക് നീ പൊറുത്തുതരേണമേ),

റുകൂഅ് – ൽ നിന്നും ഉയരുമ്പോൾ "സമിഅല്ലാഹു ലിമൻ ഹമിദഹ്,റബ്ബനാ വലകൽഹംദ്"

(അല്ലാഹുവെ സ്തുതിക്കുന്ന ഒരുവനെ അവൻ കേട്ടു കഴിഞ്ഞിരിക്കുന്നു, ഞങ്ങളുടെ റബ്ബേ നിനക്കാണ് എല്ലാ സ്തുതിയും).

٨٤٦ .ما هي أعضاء السجود ؟

846) സുജൂദിന്റെ അവയവങ്ങൾ ഏതൊക്കെയാണ്?

الجواب:

سبعة : اليدان، والركبتان، والجبهة مع الأنف، وأطراف القدمين.

ഉത്തരം :

അവ ഏഴാകുന്നു: കൈകൾ (കൈപ്പത്തികൾ) , കാൽമുട്ടുകൾ, നെറ്റി മൂക്ക് ഉൾപ്പെടെ, കാൽ വിരലുകളുടെ അറ്റം.

٨٤٧ .ماذا يُخشى على من ركع أو سجد قبل الإمام؟

847) ഇമാമിനു മുൻപ് റുകൂഅ് ചെയ്യുവന്റേയോ സുജൂദ് ചെയ്യുവന്റേയോ മേൽ എന്താണ് ഭയപ്പെടേണ്ടത്?

الجواب:

يُخشى عليه أن يحول الله صورته صورة حمار، أو رأسه رأس حمار.

ഉത്തരം :

അല്ലാഹു അവന്റെ രൂപത്തെ കഴുതയുടെ രൂപമാക്കി മാറ്റുകയോ അല്ലെങ്കിൽ അവന്റെ തല കഴുതയുടെ തലയാക്കി മാറ്റുകയോ ചെയ്യുന്നത് അവൻ ഭയപ്പെടണം.

٨٤٨ .متى يكون أقرب ما يكون  المؤمن من ربه؟

848) എപ്പോളാണ് ഒരു മുഅ്മിൻ തന്റെ റബ്ബിനോട് ഏറ്റവും അടുത്താകുന്നത്?

الجواب:

وهو ساجد.

ഉത്തരം :

അവൻ സുജൂദ് ചെയ്യുന്നവനായിരിക്കുമ്പോൾ.

٨٤٩ .اذكر بعض ما يقال  في السجود ؟

849) സുജൂദിൽ പറയപ്പെടുന്നവയിൽ ചിലത് പരാമർശിക്കുക?

الجواب:

( سبحان ربي الأعلى) ثلاثًا ،(اللهم اغفر لي ذنبي كله، دقه وجله، اوله واخره، وعلانيته وسره)، (اللهم يا مقلب القلوب ثبت قلبي على دينك).

ഉത്തരം :

"സുബ്ഹാന റബ്ബി അൽ അഅ്ലാ" (അത്യുന്നതനായ എന്റെ റബ്ബ് എത്രയധികം പരിശുദ്ധൻ ) മൂന്ന് തവണ,

"അല്ലാഹുമ്മഗ്ഫിർലീ ദൻബീ കുല്ലഹു, ദിക്കഹു വ ജില്ലഹു, വ അവ്വലഹു വ ആഖിറഹു, വ അലാനിയ്യതഹു വ സിർറഹു" (അല്ലാഹുവേ എന്റെ എല്ലാ പാപങ്ങളും നീ എനിക്ക് പൊറുത്തുതരേണമേ. അതിലെ ചെറുതും വലുതും ആദ്യംചെയ്തതും ഭാവിയിൽ ചെയ്യാവുന്നതും, പരസ്യമായി ചെയ്തതും രഹസ്യമായി ചെയ്തതുമായ എല്ലാ പാപങ്ങളും),

"അല്ലാഹുമ്മ യാ മുഖല്ലിബൽ ഖുലൂബ് സബ്ബിത് ഖൽബീ അലാ ദീനിക" (അല്ലാഹുവേ ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനേ എന്റെ ഹൃദയത്തെ നിന്റെ ദീനിൽ ഉറപ്പിച്ചു നിർത്തേണമേ).

٨٥٠. ماذا نقول بين السجدتين ؟

850) രണ്ടു സുജൂദുകൾക്കിടയിൽ നാം എന്താണ് പറയുക?

الجواب:

رب اغفر لي، رب اغفر لي.

ഉത്തരം :

"റബ്ബി-ഗ്ഫിർലീ, റബ്ബി-ഗ്ഫിർലീ" (എൻറെ റബ്ബേ എനിക്ക് പൊറുത്തു തരേണമേ, എൻറെ റബ്ബേ എനിക്ക് പൊറുത്ത് തരേണമേ).



٨٥١ .ما هي هيئات الحيوانات التي نهينا عن التشبه بها في الصلاة ؟

851) നിസ്കാരത്തിൽ അവ അനുകരിക്കുന്നതിനെ തൊട്ട് നാം വിലക്കപ്പെട്ട ജീവികളുടെ വ്യവഹാരങ്ങൾ ഏവ?

الجواب:

التفاتٌ كالتفات الثعلب ,إقعاءٌ كإقعاء الكلب ,نقرٌ كنقر الديك ,افتراشٌ كافتراش السَّبُع.

ഉത്തരം :

- കുറുക്കന്റെ തിരിയൽ പോലുള്ള തിരിയൽ.
- നായ ഇരിക്കുന്നപോലുള്ള ഇരിക്കൽ.
- കോഴി കൊത്തുന്നപോലുള്ള കൊത്തൽ.
- വന്യമൃഗങ്ങളുടെ കുത്തിയിരുപ്പുപോലുള്ള കുത്തിയിരിപ്പ്.

٨٥٢ .أين يضع المصلي كفيه في التشهد؟ وبماذا يشير ؟

852) നിസ്കരിക്കുന്നവൻ തശഹ്ഹുദ് – ൽ തന്റെ കൈകൾ എവിടെയാണ് വെക്കുക? എന്തുകൊണ്ടാണ് അവൻ (അവിടെ) ചൂണ്ടുക?

الجواب:

يضعهما على فخذيه، أو ركبتيه، ويشير بسبابة اليمنى، ويعقد الإبهام والتي تلي السبابة.

ഉത്തരം :

അവ അവന്റെ ഇരുതുടകളുടെ മുകളിലോ അല്ലെങ്കിൽ കാൽമുട്ടുകളുടെ മുകളിലോ വെക്കുക, വലതുകൈയുടെ

ചൂണ്ടുവിരൽ കൊണ്ട് (അവിടെ) ചൂണ്ടുക, തള്ളവിരൽ നടുവിരലിൽ (വൃത്താകൃതിയിൽ) മുട്ടിക്കുക.

٨٥٣. اذكر التشهد ؟

853) തശഹ്ഹുദ് പരാമർശിക്കുക?

الجواب:

التحيات لله، والصلوات، والطيبات، السلام عليك أيها النبي ورحمة الله وبركاته، السلام علينا، وعلى عباد الله الصالحين، أشهد أن لا إله إلا الله، وأشهد أن محمدًا عبده ورسوله.

ഉത്തരം :

"അത്തഹിയ്യാത്തു ലില്ലാഹി വസ്സ്വലവാത്തു വ-ത്വയ്യിബാത്തു, അസ്സലാമു അലൈക്ക അയ്യുഹന്നാബിയ്യു വറഹ്മത്തുല്ലാഹി വബറകാത്തുഹു, അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹി  സ്സ്വാലിഹീൻ. അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വ റസൂലുഹു"

(എല്ലാ തഹിയ്യത്തുകളും അല്ലാഹുവിനാണ്, എല്ലാ ആരാധനകളും സൽക്കർമ്മങ്ങളും അല്ലാഹുവിനാണ്. നബിയേ  അങ്ങേയ്ക്ക് അല്ലാഹുവിൻറെ  സമാധാനവും കാരുണ്യവും അനുഗ്രഹവവും  ഉണ്ടാകട്ടെ. ഞങ്ങൾക്കും അല്ലാഹുവിൻറെ സദ്വൃത്തരായ അടിമകൾക്കും അല്ലാഹുവിൻറെ സമാധാനവും കാരുണ്യവും ഉണ്ടാകട്ടെ. യഥാർത്ഥത്തിൽ ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. തീർച്ചയായും മുഹമ്മദ് ﷺ അല്ലാഹുവിൻറെ റസൂലും അടിമയുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു).

٨٥٤ .اذكر الصلاة الإبراهيمية ؟

854) "അസ്സ്വലാത്തുൽ ഇബ്റാഹീമിയ്യ" പരാമർശിക്കുക?

الجواب:

اللهم صل على محمد وعلى آل محمد، كما صليت على إبراهيم وعلى آل إبراهيم إنك حميد مجيد، اللهم بارك على محمد وعلى آل محمد كما باركت على إبراهيم وعلى آل إبراهيم إنك حميد مجيد.

ഉത്തരം :

"അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്. അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ കമാ ബാറക്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്"

(അല്ലാഹുവേ ഇബ്റാഹീമിനും عليه السلام അദ്ദേഹത്തിന്റെ കുടുംബത്തെയും നീ മലക്കുകളുടെ അടുക്കൽ വാഴ്ത്തിയതുപോലെ മുഹമ്മദിനും ﷺ അദ്ദേഹത്തിന്റെ കുടുംബത്തെയും നീ മലക്കുകളുടെ അടുക്കൽ വാഴ്ത്തേണമേ, തീർച്ചയായും, നീ വളരെയധികം സ്തുതിക്കപ്പെടുന്നവനും അതിമഹത്വമുള്ളവനുമാണ്, അല്ലാഹുവേ ഇബ്റാഹീം – നേയും عليه السلام അദ്ദേഹത്തിന്റെ കുടുംബത്തേയും നീ അനുഗ്രഹിച്ചതു പോലെ മുഹമ്മദിനെയും ﷺ അദ്ദേഹത്തിന്റെ കുടുംബത്തേയും നീ അനുഗ്രഹിക്കേണമേ. തീർച്ചയായും നീ വളരെ അധികം സ്തുതിക്കപ്പെടുന്നവനും, അതിമഹത്വമുള്ളവനുമാണ്)

٨٥٥ .ماذا يقول بعد الصلاة الإبراهيمية ؟

855) അസ്സ്വലാത്തുൽ ഇബ്റാഹീമിയ്യ - ക്ക് ശേഷം എന്താണ് പറയുക?

الجواب:

يستعيذ بالله من أربع: من عذاب القبر، و من عذاب جهنم، ومن فتنة المحيا والممات، و من فتنة المسيح الدجال.

ഉത്തരം :

നാലുകാര്യങ്ങളിൽ നിന്നും അല്ലാഹുവോട് രക്ഷ തേടുക:

ഖബ്ർ ശിക്ഷയിൽ നിന്ന് , നരക ശിക്ഷയിൽ നിന്ന്, ജീവിതത്തിലെയും മരണത്തിലെയും പരീക്ഷണത്തിൽ നിന്ന്, മസീഹു ദജ്ജാലിന്റെ പരീക്ഷണത്തിൽ നിന്ന്.

٨٥٦ .ما حكم الاطمئنان في الصلاة ؟

856) നിസ്കാരത്തിലുള്ള അടക്കം പാലിക്കലിന്റെ വിധിയെന്താണ്?

الجواب:

ركن من أركان الصلاة.

ഉത്തരം :

അത് നിസ്കാരത്തിന്റെ സ്തംഭങ്ങളിൽ പെട്ട ഒരു സ്തംഭമാകുന്നു.

٨٥٧. ما حكم الذي يضحك في صلاته ؟

857) നിസ്കാരത്തിൽ ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് ചിരിക്കുന്ന ഒരുവന്റെ നിസ്കാരത്തിന്റെ വിധിയെന്താണ്?

الجواب:

صلاته باطلة.

ഉത്തരം :

അവന്റെ നിസ്കാരം നിഷ്ഫലമാകുന്നു.

٨٥٨. ما اسم الشيطان الذي يوسوس في الصلاة ؟

858) നിസ്കാരത്തിൽ വസ്‌വാസ്‌ ഉണ്ടാക്കുന്ന ശൈയ്ത്വാന്റെ പേരെന്താണ്?

الجواب:

خِنزب.

ഉത്തരം :

ഖിൻസബ്.

٨٥٩. ماذا يعمل المسلم إذا كثرت عليه الوسوسة في الصلاة ؟

859) നിസ്കാരത്തിൽ വസ്‌വാസ്‌ അധികരിച്ച ഒരു മുസ്ലിം എന്താണ് ചെയ്യുക?

الجواب:

ينفث عن يساره ثلاث مرات، ويستعيذ بالله من الشيطان الرجيم.

ഉത്തരം :

അവന്റെ ഇടതുഭാഗത്തേക്ക് മൂന്നു പ്രാവശ്യം തുപ്പുക, "ആഊദു ബില്ലാഹി മിനശ്ശൈയ്ത്വാനിർറജീം" എന്ന് പറയുകയും ചെയ്യുക.

٨٦٠ .ماذا يفعل من سها في الصلاة ؟

860) നിസ്കാരത്തിൽ മറവി സംഭവിച്ചവൻ എന്താണ് ചെയ്യുക?

الجواب:

يسجد سجود السهو.

ഉത്തരം :

മറവിയുടെ സുജൂദ് ചെയ്യുക.

٨٦١ .ماذا يفعل المأموم إذا سها الإمام ؟

861) ഇമാമിന് മറവി സംഭവിച്ചാൽ (അദ്ദേഹത്തെ) തുടർന്നു നിസ്കരിക്കുന്നവൻ എന്താണ് ചെയ്യുക?

الجواب:

يقول : (سبحان الله).

ഉത്തരം :

"സുബ്ഹാനല്ലാഹ്" എന്ന് പറയുക.



٨٦٢ .ماذا تفعل المرأة إذا سها الإمام ؟

862) ഇമാമിന് മറവി സംഭവിച്ചാൽ (തുടർന്നു നിസ്കരിക്കുന്ന) ഒരു സ്ത്രീ എന്താണ് ചെയ്യുക?

الجواب:

تصفق؛ لأن التسبيح للرجال، والتصفيق للنساء.

ഉത്തരം :

കൈയകിക്കുക, കാരണം തസ്ബീഹ് (സുബ്ഹാനല്ലാഹ് എന്ന് പറയൽ) ആണുങ്ങൾക്ക് മാത്രമാകുന്നു.

٨٦٣ .ما هما الأسودان اللذان أمر النبي ﷺ بقتلهما في الصلاة ؟

863) നിസ്കാരത്തിൽ (പോലും) നബി ﷺ കൊല്ലാൻ കല്പിച്ച രണ്ടു കറുത്തവ ഏതൊക്കെയാണ്?

الجواب:

الحية والعقرب.

ഉത്തരം :

പാമ്പും തേളും.



٨٦٤ .ماذا يفعل إذا أراد أن يبصق وهو يصلي ؟

864) ഒരുവന് നിസ്കരിക്കുന്നതിനിടയിൽ തുപ്പണമെന്ന് തോന്നിയാൽ എന്താണ് ചെയ്യുക?

الجواب:

لا يبصق قِبَل وجهه، ولا عن يمينه، وإنما عن يساره في منديل، أو في ثوبه.

ഉത്തരം :

ഖിബ്‌ലയുടെ നേരെ തുപ്പരുത്, അവന്റെ വലതു വശത്തേക്കും അരുത്, അവന്റെ ഇടത്തേക്ക് മാത്രം തുവാലയിലോ അല്ലെങ്കിൽ അവന്റെ വസ്ത്രത്തിലോ തുപ്പുക.

٨٦٥ .ماذا يقول بعد الصلاة ؟

865) നിസ്കാരശേഷം എന്താണ് പറയുക?

الجواب:

يقول :

- ❖ استغفر الله ثلاث مرات، اللهم أنت السلام ومنك السلام تباركت ياذا الجلال والإكرام.
- ❖ سبحان الله (33) مرة، والحمد لله (33) مرة، والله اكبر (33) مرة، ثم يقول تمام المائة (لا إله إلا الله وحده لا شريك له، له الملك وله الحمد وهو على كل شيء قدير ).
- ❖ اللهم اعني على ذكرك، وشكرك، وحسن عبادتك.

❖ يقرأ آية الكرسي.

ഉത്തരം :

പറയുക:

- ❖ "അസ്തഗ്ഫിറുല്ലാഹ്" മൂന്നു തവണ, "അല്ലാഹുമ്മ അൻതസ്സലാം വമിൻകസ്സലാം തബാറക്ത യാ ദൽ ജലാലി വൽ ഇക്റാം".
- ❖ "സുബ്ഹാനല്ലാഹ്" 33 തവണ, "വൽ ഹമ്ദു ലില്ലാഹ്" 33 തവണ, "വല്ലാഹു അക്ബർ" 33 തവണ, പിന്നീട് "ലാ ഇല്ലള്ളാഹു വഹ്ദഹു ലാ ശരീക്കലഹു ലഹുൽ മുൽക്കു വലഹുൽ ഹംമ്ദു വഹുവ അലാ കുല്ലി ശയ്ഇൻ ഖദീർ" എന്ന് നൂറുതവണ പൂർണമായി പറയുക.
- ❖ അല്ലഹുമ്മ അഇന്നീ അലാ ദിക്രിക വ ശുക്രിക വ ഹുസ്നി ഇബാദത്തിക.
- ❖ ആയത്തുകൽ കുർസീ ഓതുക.

٨٦٦ .كم الصلوات الرواتب ؟

866) നിർബന്ധ നിസ്കാരങ്ങൾക്ക് മുമ്പും പിമ്പും ഉള്ള സുന്നത്തു നിസ്കാരങ്ങളുടെ എത്രയാണ്?

الجواب:

ركعتان قبل صلاة الصبح, أربع قبل الظهر وركعتان بعدها, ركعتان بعد المغرب, ركعتان بعد العشاء.



ഉത്തരം :

സുബ്ഹ് നിസ്കാരത്തിനു മുമ്പ് രണ്ട് റക്അത്തുകൾ, ളുഹ്ർ നിസ്കാരത്തിനു മുമ്പ് നാലും ശേഷം രണ്ടും റക്അത്തുകൾ, മഗ്രിബ് നിസ്കാരത്തിനു ശേഷം രണ്ടു റക്അത്തുകൾ, ഇശാഅ് നിസ്കാരത്തിനു ശേഷം രണ്ടു റക്അത്തുകൾ.

٨٦٧. ما هو الأجر المترتب على من حافظ على هذه الرواتب كل يوم؟

867) എല്ലാ ദിവസവും ഈ സുന്നത്ത് നിസ്കാരങ്ങൾ സൂക്ഷ്മതയോടെ നിർവഹിച്ചു പോരുന്നവന് നിർദ്ദേശിക്കപ്പെട്ട പ്രതിഫലം എന്താണ്?

الجواب:

يبنى له كل يوم بيت في الجنة.

ഉത്തരം :

ഓരോ ദിവസവും അവന് ഒരു വീട് സ്വർഗ്ഗത്തിൽ നിർമ്മിക്കപ്പെടും.

٨٦٨. أيهما أفضل في النوافل أن تصلى في المسجد أم في البيت؟

868) സുന്നത്തു നിസ്കാരങ്ങളുടെ കാര്യത്തിൽ ഏതാണ് ഉത്തമം, അവ പള്ളിയിൽ നിസ്കരിക്കപ്പെടുന്നതാണോ അതോ വീട്ടിൽ നിസ്കരിക്കപ്പെടുന്നതാണോ?

الجواب:

في البيت.

ഉത്തരം :

വീട്ടിൽ നിസ്കരിക്കപ്പെടുന്നത്.

٨٦٩ .أين تُصلى الفرائض ؟

869) എവിടെയാണ് നിർബന്ധ നിസ്കാരങ്ങൾ നിസ്കരിക്കപ്പെടേണ്ടത്?

الجواب:

تُصلى في المسجد مع الجماعة.

ഉത്തരം :

ജമാഅത്തിനോടൊപ്പം പള്ളിയിൽ.

٨٧٠ .ما هي أفضل الصلاة بعد الفريضة ؟

870) നിർബന്ധ നിസ്കാരങ്ങൾ കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠമായ നിസ്കാരം ഏതാണ്?

الجواب:

صلاة الليل.

ഉത്തരം :

രാത്രിയിലെ നിസ്കാരം.

٨٧١ .ما هي الصلاة التي حث عليها النبي ﷺ وأخبر أن الله يحبها ؟

871) നബി ﷺ നിസ്കരിക്കാനായി പ്രോത്സാഹിപ്പിച്ചതും അല്ലാഹു അതിനെ ഇഷ്ട്ടപെടുന്നു എന്ന് അറിയിച്ചതുമായ നിസ്കാരം ഏതാണ്?

الجواب:

صلاة الوتر.

ഉത്തരം :

വിത്ർ നിസ്കാരം.

٨٧٢ .ما أفضل وقت لصلاة الوتر ؟

872) വിത്ർ നിസ്കാരത്തിന് ഏറ്റവും ഉത്തമമായ സമയം ഏതാണ്?

الجواب:

ثلث الليل الأخير.

ഉത്തരം :

രാത്രിയുടെ അവസാനത്തെ മൂന്നിലൊന്ന്.

٨٧٣ .ما هي وتر النهار؟

873) പകലിലെ വിത്ർ എന്നറിയപ്പെടുന്നത് ഏതാണ്?

الجواب:

صلاة المغرب.

ഉത്തരം :

മഗ്‌രിബ് നിസ്കാരം.



٨٧٤. ما هي الصلاة التي يجتمع فيها الملائكة المتعاقبون؟

874) തുടർന്നുവരുന്നവരായ മലക്കുകൾ ഒരുമിച്ചുകൂടുന്ന നിസ്കാരം ഏതാണ്?

الجواب:

صلاة الفجر، وصلاة العصر.

ഉത്തരം :

ഫജ്ർ നിസ്കാരവും അസ്ർ നിസ്കാരവും.

٨٧٥. هل يجوز أن يصلى الوتر في أول الليل ؟

875) രാത്രിയുടെ തുടക്കത്തിൽ വിത്ർ നിസ്കരിക്കപ്പെടുന്നത് അനുവദനീയമാണോ?

الجواب:

نعم، يجوز أن يصلي بعد صلاة العشاء، في أول الليل، وفي وسطه، وفي آخره.

ഉത്തരം :

അതെ, ഇശാഅ് നിസ്കാരത്തിനു ശേഷം വിത്ർ നിസ്കരിക്കുന്നത് അനുവദനീയമാണ്,

രാത്രിയുടെ തുടക്കത്തിലും, അതിന്റെ മധ്യത്തിലും, അതിന്റെ അവസാനത്തിലും എല്ലാം തന്നെ അനുവദനീയമാകുന്നു.

٨٧٦ .ما هما الركعتان اللتان هما خير من الدنيا وما فيها؟

876) ഇഹലോകവും അതിലുള്ള സർവ്വതിനേക്കാളും ഉത്തമമായ രണ്ടു റക്അത്തുകൾ ഏവ?

الجواب:

سنة الصبح.

ഉത്തരം :

സുബ്ഹ് നിസ്കാരത്തിനു മുമ്പുള്ള രണ്ട് റക്അത്ത് സുന്നത്ത് നിസ്കാരം.

٨٧٧ .كم صلاة الضحى ؟

877) ദുഹാ നിസ്കാരം എത്ര റക്അത്തുകളാണ്?

الجواب:

أقلها ركعتان، وله أن يزيد ما شاء الله.

ഉത്തരം :

അത് ഏറ്റവും കുറഞ്ഞത് രണ്ട് റക്അത്തുകളാകുന്നു, ദുഹാ നിസ്കരിക്കുന്ന ഒരുവന് രണ്ട് റക്അത്തിന് മേൽ അധികരിപ്പിക്കാം.

٨٧٨ .بكم تفضل صلاة الجماعة على صلاة الفرد ؟

878) ഒറ്റക്കുള്ള നിസ്കാരത്തിനേക്കാൾ ജമാഅത്തായുള്ള നിസ്കാരം പ്രതിഫലത്തിൽ എത്ര പടി അധികമാകും?

الجواب:

بسبع وعشرين درجة.

ഉത്തരം :

ഇരുപത്തിയേഴ് പടി.

٨٧٩. ما هي أفضل صفوف الرجال ؟

879) (നിസ്കാരത്തിൽ) ആണുങ്ങളുടെ സ്വഫ്ഫുകളിൽ ഏറ്റവും ശ്രേഷ്ഠമായത് ഏതാണ്?

الجواب:

أولها.

ഉത്തരം:

ആദ്യത്തേത്.

٨٨٠. ما هي أفضل صفوف النساء ؟

880) സ്ത്രീകളുടെ സ്വഫ്ഫുകളിൽ ഏറ്റവും ശ്രേഷ്ഠമായത് ഏതാണ്?

الجواب:

آخرها.

ഉത്തരം :

അവസാനത്തേത്.

٨٨١ .ما أجر من وصل صفًا؟

881) സ്വഫ്ഫു ബന്ധിപ്പിച്ചവന്നുള്ള (സ്വഫ്ഫിലെ വിടവ് ഇല്ലാതാക്കിയവന്നുള്ള) പ്രതിഫലം എന്താണ്?

الجواب:

من وصل صفًا وصله الله.

ഉത്തരം :

ആരാണോ സ്വഫ്ഫു ബന്ധിപ്പിച്ചത് അവനെ അല്ലാഹു (അവന്റെ റഹ്മത്തുകൊണ്ട്) ബന്ധിപ്പിക്കും.

٨٨٢ .من الذي يؤم الناس ؟

882) ജനങ്ങൾക്ക് ഇമാമാവുക ആരാണ്?

الجواب:

أقرؤهم لكتاب الله.

ഉത്തരം :

അവരിൽ ഏറ്റവും അധികം അല്ലാഹുവിന്റെ കിതാബ് പാരായണം ചെയ്യുന്നവൻ (അതിൽ അറിവുള്ളവനും)

٨٨٣ .هل يجوز أن تؤم المرأة الرجال ؟

883) പുരുഷന്മാർക്ക് ഒരു സ്ത്രീ ഇമാമാകുന്നത് (അവൾ അവരെ കൊണ്ട് നിസ്കരിക്കൽ) അനുവദനീയമാണോ?

الجواب:

لا يجوز ذلك.

ഉത്തരം :

അത് അനുവദനീയമല്ല.

٨٨٤ .ماذا يقول إذا سمع رجلًا ينشد ضالة في المسجد؟

884) പള്ളിയിൽ ഒരു പുരുഷൻ നഷ്ടപ്പെട്ട വസ്തു വിളിച്ചു ചോദിക്കുന്നത് കേട്ടാൽ എന്താണ് (അവനോട്) പറയുക?

الجواب:

لا ردها الله عليك.

ഉത്തരം :

"അല്ലാഹു അത് നിനക്ക് തിരിച്ചു നൽകാതിരിക്കട്ടെ".

٨٨٥ .أين يصلي  من أكل ثومًا أو بصلًا أو كراثًا ؟

885) വെളുത്തുള്ളിയോ ഉള്ളിയോ കർറാസോ (അപ്രിയമായ ഗന്ധമുള്ള ഒരിനം ചെടി) ഭക്ഷിച്ചവൻ എവിടെയാണ് നിസ്കരിക്കുക?

الجواب:

يصلي في بيته، و لا يقرب المسجد.

ഉത്തരം :

അവൻ അവന്റെ വീട്ടിൽ നിസ്കരിക്കുക, പള്ളിയോടവൻ അടുക്കരുത്.

٨٨٦ .هل يجوز أخذ كتاب أو مصحف من المسجد ؟

886) പള്ളിയിൽ നിന്നും  പുസ്തകമോ മുസ്ഹഫോ എടുക്കൽ (കൈവശപ്പെടുത്തൽ) അനുവദനീയമാണോ?

الجواب:

لا يجوز، لأنها وقف للمسجد.

ഉത്തരം :

അനുവദനീയമല്ല, കാരണം അവ പള്ളിക്ക് ദാനം ചെയ്യപ്പെട്ടവയാണ്.

٨٨٧. هل يجوز البيع والشراء في المسجد ؟

887) പള്ളിയിൽ വച്ച് വിൽക്കലും വാങ്ങലും അനുവദനീയമാണോ?

الجواب:

لا يجوز؛ وإنما بنيت المساجد لذكر الله.

ഉത്തരം :

അനുവദനീയമല്ല, പള്ളികൾ പടുത്തുയർക്കപ്പെട്ടത് അല്ലാഹുവെ സ്മരിക്കാൻ വേണ്ടി മാത്രമാകുന്നു

٨٨٨. هل يجوز رفع الأصوات في المساجد في غير الذكر ؟

888) ദിക്റിന് ഒഴികെ പള്ളികളിൽ ശബ്ദങ്ങൾ ഉയർത്തൽ അനുവദനീയമാണോ?

الجواب:

لا يجوز.

ഉത്തരം :

അനുവദനീയമല്ല.

٨٨٩ .كيف نصلي في السفر؟

889) യാത്രയിൽ നാം നിസ്കരിക്കുന്നത് എങ്ങനെ?

الجواب:

الرباعية: كالظهر، والعصر، والعشاء تقصر فتصلى ركعتين، والمغرب، والفجر لا تقصران.

ഉത്തരം :

നാലു റക്അത്തുകളുള്ള നിസ്കാരങ്ങൾ :

ളുഹ്ർ അസ്ർ ഇശാഅ് പോലുള്ളവ ചുരുക്കപ്പെടും തുടർന്ന് അവ രണ്ടു റക്അത്തുകളായി നിസ്കരിക്കപ്പെടും, മഗ്‌രിബും ഫജ്റും ചുരുക്കപ്പെടില്ല.

٨٩٠ .هل تجوز الصلاة في المساجد التي فيها قبور ؟

890) ഖബ്റുകളുള്ള പള്ളികളിൽ നിസ്കാരം അനുവദനീയമാണോ?

الجواب:

لا تجوز.

ഉത്തരം :

അനുവദനീയമല്ല.



٨٩١ .اذكر أوقات الصلوات المكروهة ؟

891) നിസ്കാരങ്ങൾക്ക് വെറുക്കപ്പെട്ടതായ സമയങ്ങൾ പരാമർശിക്കുക?

الجواب:

كراهة شديدة: عند طلوع الشمس حتى ترتفع، وحين يقوم قائم الظهيرة حتى تميل، وعند غروب الشمس حتى تغيب.

وكراهة مخففة: من بعد صلاة الفجر إلى طلوع الشمس، ومن بعد صلاة العصر حتى تغرب الشمس.

ഉത്തരം :

കടുത്ത വെറുപ്പ് ഉളവാക്കപ്പെടുക :

സൂര്യൻ ഉദിക്കുമ്പോൾ അത് ഉയരുന്നതുവരെക്കും, അത് നേരെ മദ്ധ്യത്തിൽ നിൽക്കുമ്പോഴും, അസ്തമിക്കുമ്പോൾ അത് (പൂർണ്ണമായി) അസ്തമിക്കും വരേയും.

കുറഞ്ഞ വെറുപ്പ് ഉളവാക്കപ്പെടുക :

ഫജ്ർ നിസ്കാരത്തിനു ശേഷം മുതൽ സൂര്യൻ ഉദിക്കുന്നതു വരേക്കും, അസ്ർ നിസ്കാരത്തിനു ശേഷം മുതൽ സൂര്യൻ അസ്തമിക്കുന്നതു വരേക്കും.

٨٩٢ .ما حكم من ترك ثلاث جُمَعٍ تهاونًا ؟

892) അലക്ഷ്യമായി മൂന്നു ജുമുഅ ഉപേക്ഷിച്ചവന്റെ വിധിയെന്താണ്?

الجواب:

يطبع على قلبه.

ഉത്തരം :

അവൻ്റെ ഹൃദയത്തിൽ മുദ്ര വെക്കപ്പെടും.

٨٩٣. من هم الذين لا تجب عليهم صلاة الجمعة ؟

893) ജുമുഅ നിസ്കാരം നിർബന്ധമല്ലാത്തവർ ആരെല്ലാം?

الجواب:

العبد، والمريض، والمسافر، والصبي، والمرأة.

ഉത്തരം :

അടിമ, രോഗി, യാത്രക്കാരൻ, ബാലൻ, സ്ത്രീ.

٨٩٤. هل يجوز البيع والشراء يوم الجمعة بعد الأذان ؟

894) ജുമുഅ ദിവസം ബാങ്കിനു ശേഷം വിൽക്കലും വാങ്ങലും (കച്ചവടം) അനുവദനീയമാണോ?

الجواب:

لا يجوز.

ഉത്തരം:

അനുവദനീയമല്ല.

٨٩٥. كم للجمعة خطب ؟

895) ജുമുഅക്ക് എത്ര ഖുതുബകളാണ്?

الجواب:

خطبتان يفصل بينهما بجلوس.

ഉത്തരം :

രണ്ടു ഖുതുബകൾ, ഇമാമിന്റെ ഇരുത്തം അവ രണ്ടിനെയും വിഭജിക്കുന്നു.

٨٩٦. ما هي خطبة الحاجة ؟

896) എന്താണ് ഖുതുബത്തുൽ ഹാജ?

الجواب:

إِنَّ الْحَمْدَ لِلَّهِ نَحْمَدُهُ، وَنَسْتَعِينُهُ، وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا، وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ، فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إِلَهَ إِلَّا اللَّهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ» ثُمَّ يَقْرَأُ ثَلَاثَ آيَاتٍ: {يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ، وَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ} ، {يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُمْ مِنْ نَفْسٍ وَاحِدَةٍ، وَخَلَقَ مِنْهَا زَوْجَهَا، وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً، وَاتَّقُوا اللَّهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ، إِنَّ اللَّهَ كَانَ عَلَيْكُمْ رَقِيبًا}، {يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا، يُصْلِحْ لَكُمْ أَعْمَالَكُمْ، وَيَغْفِرْ لَكُمْ ذُنُوبَكُمْ، وَمَنْ يُطِعِ اللَّهَ وَرَسُولَهُ، فَقَدْ فَازَ فَوْزًا عَظِيمًا}.

ഉത്തരം :

إنَّ الْحَمْدَ لِلَّهِ نَحْمَدُهُ، وَنَسْتَعِينُهُ، وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا، وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ، فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إِلَهَ إِلَّا اللَّهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ »

പിന്നീട് (തുടർന്നു വരുന്ന) മൂന്ന് ആയത്തുകൾ ഓതുക :

{يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ، وَلَا تَمُوتُنَّ إِلَّا وَأَنْتُم مُسْلِمُونَ} ،{يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُمْ مِنْ نَفْسٍ وَاحِدَةٍ، وَخَلَقَ مِنْهَا زَوْجَهَا، وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً، وَاتَّقُوا اللَّهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ، إِنَّ اللَّهَ كَانَ عَلَيْكُمْ رَقِيبًا}، {يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا، يُصْلِحْ لَكُمْ أَعْمَالَكُمْ، وَيَغْفِرْ لَكُمْ ذُنُوبَكُمْ، وَمَنْ يُطِعِ اللَّهَ وَرَسُولَهُ، فَقَدْ فَازَ فَوْزًا عَظِيمًا}.

٨٩٧ .بماذا شبه النبي ﷺ الخطبة التي ليس فيها تشهد ؟

897) തശഹ്ഹുദ് ഇല്ലാത്ത ഖുതുബയെ നബി ﷺ എന്തിനോടാണ് ഉപമിച്ചത്?

الجواب:

باليد الجذماء.

ഉത്തരം :

മുറിഞ്ഞ (ഉപകരിക്കാത്ത) കൈയ്യിനോട്.

٨٩٨. هل يجوز رد السلام أثناء خطبة الجمعة ؟

898) ജുമുഅ ഖുതുബക്ക് ഇടയിൽ സലാം മടക്കൽ അനുവദനീയമാണോ?

الجواب:

لا يجوز، ومن تكلم فقد لغا، ومن لغا فلا جمعة له.

ഉത്തരം :

അനുവദനീയമല്ല, ആരോണോ (അതിനിടയിൽ) സംസാരിച്ചത് അവൻ അനാവശ്യമായി സംസാരിച്ചിരിക്കുന്നു, ആരാണോ അനാവശ്യമായി സംസാരിച്ചത് അവന് ജുമുഅ ഇല്ല (അതിൻറെ പ്രതിഫലം നഷ്ടപ്പെട്ടു).

٨٩٩. هل تصلى تحية المسجد والإمام يخطب يوم الجمعة ؟

899) ജുമുഅ ദിവസം ഇമാം ഖുതുബ പറയുമ്പോൾ തഹിയ്യത്തുൽ മസ്ജിദ് (പള്ളിയിൽ കയറി ഇരിക്കുന്നതിനു മുൻപുള്ള രണ്ട് റക്അത്ത്) നിസ്കരിക്കപ്പെടാമോ?

الجواب:

نعم، يصلي ركعتين ويخففهما.

ഉത്തരം :

അതെ, രണ്ട് റക്അത്ത് നിസ്കരിക്കുക, (ദീർഘിപ്പിക്കാതെ) അവ ലഘുവാക്കുക.

٩٠٠. ما حكم من تكلم والإمام يخطب يوم الجمعة ؟

900) ഇമാം ഖുതുബ പറയുമ്പോൾ സംസാരിച്ചവന്റെ വിധിയെന്താണ്?

الجواب:

لا جمعة له.

ഉത്തരം :

അവന് ജുമുഅ ഇല്ല (അതിന്റെ പ്രതിഫലം ഇല്ല).

٩٠١. ماذا يقرأ في صلاة الجمعة بعد الفاتحة ؟

901) ജുമുഅ നിസ്കാരത്തിൽ ഫാതിഹക്ക് ശേഷം എന്താണ് ഓതുക?

الجواب:

الركعة الأولى: سبح اسم ربك الأعلى، وفي الثانية هل أتاك حديث الغاشية.

ഉത്തരം :

ആദ്യത്തെ റക്അത്തിൽ : സബ്ബിഹ്സ്മ റബ്ബികൽ അഅ്ലാ (സൂറത്തുൽ അഅ്ലാ), രണ്ടാമത്തെ റക്അത്തിൽ ഹൽ അതാക ഹദീസുൽ ഗാശിയഹ് (സൂറത്തുൽ ഗാശിയഹ്).

٩٠٢ .هل في صلاة العيد أذان وإقامة ؟

902) ഈദ് നിസ്കാരത്തിന് ബാങ്കും ഇഖാമത്തും ഉണ്ടോ?

الجواب:

لا.

ഉത്തരം :

ഇല്ല.

٩٠٣ .هل يخرج المنبر في صلاة العيد ؟

903) ഈദ് നിസ്കാരത്തിന് മിൻബർ പുറത്തിറക്കപ്പെടുമോ?

الجواب:

لا.

ഉത്തരം :

ഇല്ല.

٩٠٤ .هل يخرج النساء في صلاة العيد ؟

904) ഈദ് നിസ്കാരത്തിന് സ്ത്രീകളെ പുറത്തിറക്കുമോ?

الجواب:

نعم، يخرج النساء في صلاة العيد حتى الحيض، والعواتق.

ഉത്തരം :

അതെ, ഈദ് നിസ്കാരത്തിന് സ്ത്രീകളെ പുറത്തിറക്കും, ആർത്തവത്തവമുള്ള സ്ത്രീകളെയും കന്യകയായയവരെ പോലും.

٩٠٥ .ما هي الصلاة التي تصلى إذا كسفت الشمس أو القمر؟

905) സൂര്യനോ ചന്ദ്രനോ ഗ്രഹണം ബാധിച്ചാൽ നിസ്കരിക്കപ്പെടുന്ന നിസ്കാരം ഏതാണ്?

الجواب:

نصلي صلاة الكسوف.

ഉത്തരം :
(ആ സന്ദർഭത്തിൽ) നാം ഗ്രഹണ നിസ്കാരം നിസ്കരിക്കും.

٩٠٦ .ماذا نفعل إذا أجدبت الأرض ؟

906) ഭൂമി തരിശായാൽ (അതിനെ വരൾച്ച ബാധിച്ചാൽ) നാം എന്താണ് ചെയ്യുക?

الجواب:

نصلي صلاة الاستسقاء.

ഉത്തരം :

നാം "സ്വലാത്തുൽ ഇസ്തിസ്ഖാ" (മഴക്ക് വേണ്ടിയുള്ള നിസ്കാരം) നിസ്കരിക്കും.

٩٠٧ .في أي سورة قوله تعالى ﴿وَأَلَّوِ ٱسْتَقَٰمُوا۟ عَلَى ٱلطَّرِيقَةِ لَأَسْقَيْنَٰهُم مَّآءً غَدَقًا﴾ ؟

907) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം:

{ആ മാർഗത്തിൽ (ഇസ്ലാമിൽ) അവർ നേരെ നിലകൊള്ളുകയാണെങ്കിൽ നാം അവർക്ക് ധാരാളമായി വെള്ളം കുടിക്കാൻ നൽകുന്നതാണ്.}

الجواب:

في سورة الجن.

ഉത്തരം :

സൂറത്തുൽ ജിന്നിൽ.

٩٠٨ .هل يخرج المنبر في الاستسقاء ؟

908) മഴക്ക് വേണ്ടിയുള്ള നിസ്കാരത്തിൽ മിൻബർ പുറത്തിറക്കപ്പെടുമോ?

الجواب:

نعم.

ഉത്തരം :

അതെ.

٩٠٩ .ما هي أحسن الثياب ؟

909) ഏറ്റവും നല്ല വസ്ത്രം ഏതാണ്?

الجواب:

الثياب البيض.

ഉത്തരം :

വെള്ള വസ്ത്രം.

٩١٠ .ما هي السنة في المشي بالجنازة ؟

910) മയ്യിത്ത് കൊണ്ട് നടക്കുന്നതിലെ സുന്നത്ത് എന്താണ്?

الجواب:

الإسراع بها.

ഉത്തരം :

അതുകൊണ്ട് തിടുക്കം കൂട്ടലാകുന്നു.

٩١١ .اذكر كيفية صلاة الجنازة ؟

911) മയ്യിത്ത് നിസ്കാരത്തിന്റെ രൂപം പരാമർശിക്കുക?

الجواب:

أربع تكبيرات، يقرأ بعد الأولى فاتحة الكتاب وسورة، وبعد الثانية الصلاة الإبراهيمية، وبعد الثالثة يدعو للميت، وبعد الرابعة التسليم.

ഉത്തരം :

നാലു തക്ബീറുകൾ (ഉൾക്കൊള്ളുന്നതാകുന്നു), ആദ്യ തക്ബീറിനു ശേഷം ഫാതിഹയും ഒരു സൂറത്തും ഓതുക, രണ്ടാമത്തെ തക്ബീറിനു ശേഷം "സ്വലാത്തുൽ ഇബ്രാഹീമിയ്യ", മൂന്നാമത്തെ തക്ബീറിനു ശേഷം മയ്യിത്തിനുവേണ്ടി ദുആ ചെയ്യുക, നാലാമത്തെ തക്ബീറിനു ശേഷം സലാം വീട്ടൽ.

٩١٢ .ما هو الأجر المترتب على الصلاة على الجنازة ؟

912) മയ്യിത്ത് നിസ്കാരത്തിന് നിർദ്ദേശിക്കപ്പെട്ട പ്രതിഫലം എന്താണ്?

الجواب:

من صلى عليها فله قيراط.

ഉത്തരം :

ആരാണോ മയ്യിത്ത് നിസ്കാരം നിസ്കരിച്ചത് അവന് (പ്രതിഫലമായി) ഖീറാത്ത് ഉണ്ട്.

٩١٣. ما هو الأجر المترتب على إتباع الجنازة ؟

913) മയ്യിത്തിനെ അനുഗമിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട പ്രതിഫലം എന്താണ്?

الجواب:

من تبعها فله قيراط.

ഉത്തരം :

ആരാണോ മയ്യിത്തിനെ അനുഗമിച്ചത് അവന് ഖീറാത്ത് ഉണ്ട്.

٩١٤. كم مقدار هذا القيراط ؟

914) ഈ ഖീറാത്തിന്റെ അളവ് എത്രയാണ്?

الجواب:

كل قيراط مثل جبل أحد.

ഉത്തരം :

ഓരോ ഖീറാത്തും ഉഹ്ദ് മലയോളമാകുന്നു.

٩١٥ .ماذا يقال عند وضع الميت في القبر؟

915) മയ്യിത്തിനെ ഖബ്റിൽ വെക്കുമ്പോൾ എന്താണ് പറയപ്പെടുക?

الجواب:

بسم الله، وعلى ملة رسول الله.

ഉത്തരം :

ബിസ്മില്ലാഹ്, അലാ മില്ലത്തി റസൂലില്ലാഹ്.

٩١٦ .ما هي السنة بعد دفن الميت ؟

916) മയ്യിത്തിനെ മറവു ചെയ്തതിനു ശേഷമുള്ള സുന്നത്ത് എന്താണ്?

الجواب:

أن يقول اللهم اغفر له وثبته.

ഉത്തരം :

"അല്ലാഹുമ്മഗ്ഫിർ ലഹു വസബ്ബിത്ഹു" (അല്ലാഹുവേ ഇവന് പൊറുത്തുകൊടുക്കേണമേ, ഇവന് (ഖബറിലെ ചോദ്യത്തിന് ഉത്തരം നൽകാൻ) സ്ഥൈര്യവും നൽകേണമേ) എന്ന് പറയൽ.



٩١٧. ما حكم قراءة يس على الميت ؟

917) മയ്യിത്തിന് വേണ്ടിയുള്ള "യാസീൻ" ഓതലിന്റെ വിധിയെന്താണ്?

الجواب:

بدعة، لعدم ثبوت دليل على ذلك، وحديث " اقرؤوا على موتاكم يس" ضعيف.

ഉത്തരം :

അതിനുള്ള തെളിവ് സ്ഥിരപ്പെടാത്തതിനാൽ അത് ബിദ്അത്താകുന്നു, "നിങ്ങളിലെ മരിച്ച പോയവർക്കു വേണ്ടി നിങ്ങൾ യാസീൻ ഓതുക" എന്ന ഹദീസ് ദുർബലവുമാകുന്നു.

٩١٨. ما حكم قراءة الفاتحة على روح الميت ؟

918) മരിച്ചയാളുടെ റൂഹിനു വേണ്ടിയുള്ള " ഫാതിഹ " ഓതലിന്റെ വിധിയെന്താണ്?

الجواب:

بدعة.

ഉത്തരം :

അത് ബിദ്അത്താകുന്നു.



٩١٩ .هل يجوز البكاء على الميت؟

919) മയ്യിത്തിന് വേണ്ടി കരയൽ അനുവദനീയമാണോ?

الجواب:

نعم، ولا يجوز النياحة.

ഉത്തരം :

അതെ, (പക്ഷെ) അലമുറയിട്ട് കരയൽ അനുവദനീയമല്ല.

٩٢٠ .هل يجوز تجصيص القبور والكتابة عليها؟

920) ഖബറുകൾക്ക് കുമ്മായമിടലും അതിന്മേലുള്ള എഴുതലും അനുവദനീയമാണോ?

الجواب:

لا يجوز ذلك.

ഉത്തരം :

അത് അനുവദനീയമല്ല.

٩٢١ .هل يجوز نبش قبور المشركين ؟

921) മുശ്‌രികീങ്ങളുടെ ഖബ്റുകൾ തോണ്ടൽ അനുവദനീയമാണോ?

الجواب:

نعم، للحاجة.

ഉത്തരം :

അതെ, ആവശ്യത്തിനായി.

٩٢٢. كيف تعزي أهل الميت؟

922) മയ്യിത്തിന്റെ കുടുംബത്തെ ആശ്വസിപ്പിക്കുന്നത് എങ്ങനെ?

الجواب:

نقول لهم: إن لله ما أخذ، وله ما أعطى، وكل شيء عنده بأجل مسمى، فاصبروا واحتسبوا.

ഉത്തരം :

നമ്മൾ അവരോട് പറയും : "ഇന്ന ലില്ലാഹി മാ അഖദ, വലഹൂ മാ അഅ്ത്വാ, വകുല്ലു ശൈഇൻ ഇൻദഹൂ ബിഅജലിൻ മുസമ്മാ, ഫസ്ബിറൂ വഹ്തസിബൂ"

(തീർച്ചയായും അല്ലാഹു എടുത്തതെന്തോ അതവൻറേതാണ്, അവൻ നൽകിയതും അവൻറേതുതന്നെ, എല്ലാ വസ്തുവിനും അവൻറെയടുത്ത് ഒരു അവധിയുണ്ട്, അതിനാൽ നിങ്ങൾ ക്ഷമിക്കുക, അല്ലാഹുവിൻറെ പ്രതിഫലം പ്രതീക്ഷിക്കുക)

٩٢٣. هل للتعزية فضل؟

923) ഈ ആശ്വസിപ്പിക്കലിന് ശ്രേഷ്ഠതയുണ്ടോ?

الجواب:

من عزى أخاه يكسى من حلل الكرامة يوم القيامة.

ഉത്തരം :

ആരാണോ തന്റെ സഹോദരനെ ആശ്വസിപ്പിച്ചത് അന്ത്യനാളിൽ ആദരണീയമായ അലങ്കരണ വസ്തുക്കളിൽ നിന്നും അവൻ അണിയിക്കപ്പെടും.

# باب الزكاة

# (3) സകാത്തിന്റെ അദ്ധ്യായം

٩٢٤ .اذكر مصارف الزكاة ؟

924) സകാത്ത് നൽകപ്പെടേണ്ടവരെ പരാമർശിക്കുക?

الجواب:

الفقراء، والمساكين، والعاملون عليها، والمؤلفةُ قلوبهم، وفي الرقاب، والغارمون، وفي سبيل الله، وابن السبيل.

ഉത്തരം :

ദരിദ്രൻമാർ, അഗതികൾ, അതിൻറെ (സകാത്തിന്റെ) കാര്യത്തിൽ പ്രവർത്തിക്കുന്നവർ, (ഇസ്ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർ, അടിമകളുടെ (മോചനത്തിൻറെ) കാര്യത്തിൽ, കടം കൊണ്ട് വിഷമിക്കുന്നവർ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ, വഴിപോക്കൻ.



٩٢٥ .من هو المسكين الحقيقي؟

925) യഥാർത്ഥ മിസ്കീൻ ആരാണ്?

الجواب:

هو الذي لا يجد غنى يغنيه، ولا يفطن له فيتصدق عليه، ولا يقوم فيسأل الناس.

ഉത്തരം :

അവനാകുന്നു അവന് മതിയായത് കണ്ടെത്താത്തവനും, സ്വദഖ നൽകപ്പെടാൻ അർഹനാണെന്ന് (ജനങ്ങൾക്കിടയിൽ) തിരിച്ചറിയപ്പെടാത്തവനും, (അവരുടെ) മുമ്പിൽ നിന്ന് ജനങ്ങളോട് ചോദിക്കാത്തവനും.

٩٢٦ .هل تجوز الزكاة لآل النبي ﷺ؟

926) നബിയുടെ കുടുംബത്തിന് സകാത്ത് അനുവദനീയമാണോ?

الجواب:

لا يجوز ذلك.

ഉത്തരം :

(അവർക്ക്) അത് അനുവദനീയമല്ല.

٩٢٧ .من هم آل النبي ﷺ الذين لا تجوز لهم الزكاة ؟

927) സകാത്ത് അനുവദനീയമല്ലാത്ത നബിയുടെ ﷺ കുടുംബക്കാർ ആരെല്ലാം?

الجواب:

هم: بنو هاشم، وبنو المطلب . وبنو هاشم هم: (آل علي، وآل عقيل، وآل جعفر، وآل العباس، وآل الحارث).

ഉത്തരം :

അവരാകുന്നു: ഹാശിമിന്റെ സന്തതികളും, അൽ മുത്ത്വലിബിന്റെ സന്തതികളും.

ഹാശിമിന്റെ സന്തതികൾ :

അലിയുടെ കുടുംബം,
അഖീലിന്റെ കുടുംബം,
ജഅ്ഫറിന്റെ കുടുംബം,
അബ്ബാസിന്റെ കുടുംബം,
ഹാരിസിന്റെ കുടുംബം
എന്നിവരാകുന്നു.

٩٢٨ .ماذا قال النبي ﷺ للحسن عندما أكل من تمر الصدقة؟

928) ഹസൻ സ്വദഖയുടെ ഈത്തപ്പഴത്തിൽ നിന്നും ഭക്ഷിച്ചപ്പോൾ നബി ﷺ എന്താണ് അവനോട് പറഞ്ഞത്?

الجواب:

قال له: كخ كخ، ارم بها؛ أما شعرت أنا لا نأكل الصدقة.

ഉത്തരം :

അദ്ദേഹം അവനോട് പറഞ്ഞു : അത് വലിച്ചെറിയ്; നിനക്കറിയില്ലേ നമ്മൾ സ്വദഖ ഭക്ഷിക്കില്ല എന്ന്.

٩٢٩ .ما هي الحيوانات التي فيها زكاة ؟

929) സകാത്തുള്ള മൃഗങ്ങൾ ഏവ?

الجواب:

الإبل، والبقر، والغنم ويشمل الضأن والماعز.

ഉത്തരം :

ഒട്ടകം, പശു, ആട്(ചെമ്മരിയാടും കോലാടും ഉൾപ്പെടുന്നു).

٩٣٠ .هل تجب الزكاة في الذهب، والفضة؟

930) സ്വർണ്ണത്തിലും വെള്ളിയിലും സകാത്ത് നിർബന്ധമാണോ?

الجواب:

نعم.

ഉത്തരം :

അതെ.

٩٣١ .كم نصاب الذهب، والفضة؟

931) സ്വർണ്ണത്തിലെയും വെള്ളിയിലെയും നിസ്വാബ് (സകാത്ത് പുറത്തിറക്കൽ നിർബന്ധമാക്കുന്ന അവയുടെ ഏറ്റവും കുറഞ്ഞ മൂല്യം) എത്രയാണ്?

الجواب:

الذهب: عشرون دينارًا ويساوي(85 جرام).

الفضة: مائتا درهم ويساوي(595 جرام).

ഉത്തരം :

സ്വർണ്ണത്തിന്റെ നിസ്വാബ്: ഇരുപത് ദീനാർ, അത് 85 ഗ്രാമിന് തുല്ല്യമാകുന്നു.

വെള്ളിയുടെ നിസ്വാബ്: ഇരുന്നൂറ് ദിർഹം, അത് 595 ഗ്രാമിന് തുല്ല്യമാകുന്നു.

٩٣٢ .كم مقدار زكاة الذهب، والفضة؟

932) സ്വർണ്ണത്തിലും വെള്ളിയിലും പുറത്തിറക്കേണ്ട സകാത്തിന്റെ അളവ് എത്രയാണ്?

الجواب:

ربع العشر

ഉത്തരം :

പത്തിലൊന്നിന്റെ നാലിലൊന്ന്.

٩٣٣ .ماهي الاشياء التي يشترط لزكاتها ان يحول عليها الحول؟

933) സകാത്തിന് ഒരു (ഹിജ്റ)വർഷം മിച്ചാമാവുക എന്ന നിബന്ധനയുള്ള വസ്തുക്കൾ ഏതൊക്കെയാണ്?

الجواب:

بهيمة الأنعام، والذهب، والفضة.

ഉത്തരം :

ആടുമാടുകൾ, സ്വർണ്ണം, വെള്ളി.



٩٣٤ .ماهي الأصناف من المزروعات، والثمار التي يجب فيها الزكاة؟

934) കൃഷി ഉൽപന്നങ്ങളിലും കായ്കനികളിലും സകാത്ത് നിർബന്ധമായ ഇനങ്ങൾ ഏതൊക്കെയാണ്?

الجواب:

أربعة أصناف وهي: التمر، والزبيب، والحنطة ،والشعير.

ഉത്തരം :

നാലിനങ്ങൾ അവ: ഈത്തപ്പഴം, ഉണക്കമുന്തിരി, ഗോതമ്പ്, ബാർളി എന്നിവയാകുന്നു.

٩٣٥ .كم نصاب هذه المزروعات، والثمار؟

935) ഈ കൃഷി ഉൽപന്നങ്ങളിലെയും കായ്കനികളിലെയും നിസ്വാബ് എത്രയാണ്?

الجواب:

خمسة أوسق.

ഉത്തരം :

അഞ്ച് അവ്സഖ് (വസ്ഖുകൾ).



٩٣٦ .كم الوسق؟

936) ഒരു വസ്ഖ് എത്രയാണ്?

الجواب:

الوسق: ستون صاعاً، والصاع: أربعة أمداد.

ഉത്തരം :

ഒരു വസ്ഖ് : അറുപതു സ്വാഅ്, ഒരു സ്വാഅ് : നാലു മുദ്ദ് (ഒരു മുദ്ദ് : രണ്ടു കൈനിറയെ കൊള്ളുന്നത്).

٩٣٧ .كم مقدار زكاة المزروعات، والثمار؟

937) കൃഷി ഉൽപന്നങ്ങളിലും കായ്കനികളിലും പുറത്തിറക്കേണ്ട സകാത്തിന്റെ അളവ് എത്രയാണ്?

الجواب:

ماكان يسقى بالسماء، أو العيون، أو بدون مؤنة فيه العشر.

وما كان يسقى بمؤنة، وكلفة ففيه نصف العشر.

ഉത്തരം :

മഴയാലോ അരുവികളിൽ നിന്നോ (ചിലവുകളോട്ടു കൂടിയ) സജ്ജീകരണം കൂടാതെയോ നനയ്ക്കപ്പെടുന്നവയിൽ പത്തിലൊന്ന്.

(ചിലവുകളോട്ടു കൂടിയ) സജ്ജീകരണം മുഖേനയും ധനവ്യയം മുഖേനയും  നനയ്ക്കപ്പെടുന്നവയിൽ പത്തിലൊന്നിന്റെ പകുതി.

٩٣٨ .من هو الذي يمثل له يوم القيامة شجاع أقرع (ثعبان) له زبيبتان يطوقه ويلزمه؟

938) ആർക്കുവേണ്ടിയാണ് ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ രണ്ട് കൊമ്പല്ലുകളുള്ള വിഷപ്പാമ്പ് (അവന്റെ കഴുത്തിൽ) ചുറ്റിപ്പിടിച്ചുകൊണ്ടും മുറുക്കികൊണ്ടും രൂപപ്പെടുത്തപ്പെടുക ?

الجواب:

تارك الزكاة.

ഉത്തരം :

സകാത്ത് കൊടുക്കാത്തവന്.

٩٣٩ .ما اسم الصدقة التي تعطى في آخر رمضان ؟

939) റമദാനിന്റെ അവസാനത്തിൽ കൊടുക്കപ്പെടുന്ന സ്വദഖയുടെ പേരെന്താണ്?

الجواب:

صدقة الفطر.

ഉത്തരം :

സ്വദഖത്തുൽ ഫിത്വ്ർ.

٩٤٠ .كم مقدار زكاة الفطر؟ ومتى وقتها؟

940) ഫിത്വ്ർ സകാതിന്റെ അളവ് എത്രയാണ്, അതിന്റെ സമയം എപ്പോഴാണ്?

الجواب:

صاعا من بر، أو شعير، أو زبيب، أو تمر، أو طعام، على الكبير، والصغير، والذكر، والأنثى، والحر، والعبد. وتخرج قبل صلاة العيد.

ഉത്തരം :

വലിയവനും, ചെറിയവനും (കുട്ടികൾക്കും), ആണിനും, പെണ്ണിനും, സ്വതന്ത്രനും, അടിമക്കും ഗോതമ്പിൽ നിന്നോ ബാർലിയിൽ നിന്നോ, ഉണക്കമുന്തിരിയിൽ നിന്നോ, ഈത്തപ്പഴത്തിൽ നിന്നോ, അല്ലെങ്കിൽ ഏതെങ്കിലും ഭക്ഷണ ഇനങ്ങളിൽ നിന്നോ ഒരു സ്വാഅ്. ഈദ് നിസ്കാരത്തിനു മുമ്പ് അത് പുറത്തിറക്കപ്പെടണം.

# باب الصيام

# (4) നോമ്പിന്റെ അദ്ധ്യായം

٩٤١ .ما حكم صيام رمضان ؟

941) റമദാനിലെ നോമ്പനുഷ്ഠാനത്തിന്റെ വിധിയെന്താണ്?

الجواب:

ركن من أركان الإسلام.

ഉത്തരം :

അത് ഇസ്ലാമിന്റെ സ്തംഭങ്ങളിൽപെട്ട ഒരു സ്തംഭമാകുന്നു.

٩٤٢ .في أي سورة قوله تعالى ·﴿يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُتِبَ عَلَيْكُمُ ٱلصِّيَامُ كَمَا كُتِبَ عَلَى ٱلَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ﴾· ؟

942) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം : {സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്.}

الجواب:

في سورة البقرة.

ഉത്തരം :

സൂറത്തുൽ ബഖറ – യിൽ.

٩٤٣ .كم صام النبي ﷺ رمضانات ؟

943) നബി ﷺ എത്ര റമദാനുകൾ നോമ്പ് അനുഷ്ഠിച്ചു?

الجواب:

تسعة رمضانات.

ഉത്തരം :

ഒൻപതു റമദാൻ.

٩٤٤ .ما هو العمل الذي قال الله فيه ( إنه لي وأنا أجزي به )؟

944) "നിശ്ചയമായും അത് എനിക്കാകുന്നു ഞാൻ അതിന് തദനുസൃതമായി പ്രതിഫലം നൽകുന്നതാണ്" എന്ന് അല്ലാഹു പറഞ്ഞത് ഏത് കർമ്മത്തെ കുറിച്ചാണ്?

الجواب:

الصيام.

ഉത്തരം :

നോമ്പ്.



٩٤٥ .ما هي الفرحتان للصائم؟

945) ഒരു നോമ്പുകാരന്റെ രണ്ട് സന്തോഷങ്ങൾ ഏതൊക്കെയാണ്?

الجواب:

فرحة عند فطره، وفرحة عند لقاء ربه.

ഉത്തരം :

നോമ്പ് തുറക്കുമ്പോൾ ഉള്ള സന്തോഷവും, അവന്റെ റബ്ബിനെ കണ്ടുമുട്ടുമ്പോൾ ഉള്ള സന്തോഷവും.

٩٤٦ .ما اسم الباب من أبواب الجنة الذي لا يدخل منه إلا الصائمون؟

946) നോമ്പുകാർ മാത്രം അതിലൂടെ പ്രവേശിക്കുന്ന സ്വർഗ്ഗത്തിന്റെ വാതിലുകളിൽപെട്ട വാതിലിന്റെ പേരെന്താണ്?

الجواب:

باب الريان.

ഉത്തരം :

അർറയ്യാൻ.

٩٤٧ .ما هي الغنيمة الباردة؟

947) തണുത്ത ഗനീമത്ത് എന്താണ്?

الجواب:

الصوم في الشتاء.

ഉത്തരം :

അത് ശൈത്യകാലത്തിലെ നോമ്പാകുന്നു.

٩٤٨. متى نصوم رمضان؟

948) എപ്പോഴാണ് നാം റമദാൻ നോമ്പ് അനുഷ്ഠിക്കുക ?

الجواب:

إذا ظهر هلال رمضان.

ഉത്തരം :

റമദാനിന്റെ ഹിലാൽ വെളിവായാൽ (മാസപ്പിറവി കണ്ടാൽ).

٩٤٩. ماذا نقول عند رؤية الهلال؟

949) ഹിലാലിനെ കാണുമ്പോൾ നാം എന്താണ് പറയുക?

الجواب:

اللهم أهله علينا بالأمن والإيمان، والسلامة والإسلام، ربي وربك الله.

ഉത്തരം :

അല്ലാഹുമ്മ അഹില്ലഹു അലൈനാ ബിൽ അമ്നി വൽഈമാനി, വസ്സലാമതി വൽഇസ്ലാമി, റബ്ബീ വ റബ്ബുക്കല്ലാഹ്.

(അല്ലാഹുവേ നീ ഞങ്ങളുടെ മീതെ ഈ ചന്ദ്രമാസത്തെ അനുഗ്രഹവും ഈമാനും സമാധാനവും ഇസ്‌ലാമും കൊണ്ടാക്കേണമേ. എന്റെ റബ്ബും നിന്റെ (ഈ ചന്ദ്രന്റെ) റബ്ബും അല്ലാഹുതന്നെയാകുന്നു).

٩٥٠ .ما العمل إذا لم يظهر الهلال بسبب الغيم؟

950) മൂടൽമേഘങ്ങൾ കാരണം ഹിലാൽ വെളിവായിട്ടില്ലെങ്കിൽ എന്താണ് ചെയ്യുക?

الجواب:

نكمل عدة شعبان ثلاثين يومًا

ഉത്തരം :

നാം ശഅ്ബാൻ മാസത്തിന്റെ എണ്ണം മുപ്പതു ദിവസങ്ങളായി പൂർത്തീയാക്കും.

٩٥١ .ما حكم من نسي وهو صائم فأكل أو شرب ؟

951) നോമ്പുകാരനായിരിക്കെ (അത്) മറക്കുകയും തുടർന്ന് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്ത ഒരുവന്റെ വിധിയെന്താണ്?

الجواب:

يتم صومه، وليس عليه شيء.

ഉത്തരം :

അവൻ അവന്റെ നോമ്പ് പൂർത്തിയാക്കുക, അവന്റെ മേൽ ഒരു കുറ്റവുമില്ല.

٩٥٢ .متى يفطر الصائم؟

952) നോമ്പുകാരൻ നോമ്പുതുറക്കുക എപ്പോഴാണ്?

الجواب:

إذا أقبل الليل من المشرق، وأدبر النهار من المغرب، وغربت الشمس.

ഉത്തരം :

കിഴക്കു നിന്നും രാത്രി വരികയും പടിഞ്ഞാറു നിന്നും പകൽ പോകുകയും സൂര്യൻ അസ്തമിക്കുകയും ചെയ്താൽ.

٩٥٣. ما السنة في الفطور ؟

953) നോമ്പു തുറയുടെ ഭക്ഷണത്തിന്റെ കാര്യത്തിലെ സുന്നത്ത് എന്താണ്?

الجواب:

التعجيل عند غروب الشمس.

ഉത്തരം :

സൂര്യാസ്തമയത്തിൽ അതിന് ധൃതികാണിക്കൽ.

٩٥٤. ما السنة في السحور؟

954) അത്താഴത്തിന്റെ കാര്യത്തിലെ സുന്നത്ത് എന്താണ്?

الجواب:

التأخير.

ഉത്തരം :

അത് വൈകിപ്പിക്കൽ.



٩٥٥. ما هي الأيام التي يحرم صيامها ؟

955) ഏതു ദിവസങ്ങളിലാണ് നോമ്പനുഷ്ഠാനം ഹറാമാകപ്പെടുക?

الجواب:

- العيدين.
- يوم الشك.
- أيام التشريق لغير الحاج الذي لم يجد الهدي.
- إفراد الجمعة.

ഉത്തരം :

- രണ്ട് ഈദുകൾ
- യൗമുശ്ശക്ക് (ശഅ്ബാൻ 30)
- ബലിമൃഗത്തെ കിട്ടിയിട്ടില്ലാത്ത (ബലിയറുക്കാൻ കഴിയാത്തതിനുള്ള പ്രായശ്ചിത്ത നോമ്പ് അനുഷ്ഠിക്കേണ്ട) ഹാജിക്ക് ഒഴികെ മറ്റുള്ളവർക്ക് തശ്‌രീഖിന്റെ ദിവസങ്ങളിൽ (ദുൽഹിജ്ജ പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് തിയ്യതികളിൽ)
- ജുമുഅ ദിവസത്തെ ഒറ്റപ്പെടുത്തിക്കൊണ്ട് (നോമ്പ് അനുഷ്ഠിക്കൽ)

٩٥٦. ماذا على من مات وعليه صوم ؟

956) (നോറ്റു വീട്ടേണ്ട) നോമ്പ് ഉണ്ടായിരിക്കെ മരണപ്പെട്ട ഒരുവന്റെ കാര്യത്തിൽ എന്താണ് ചെയ്യേണ്ടത്?

الجواب:

يصوم عنه وليه.

ഉത്തരം :

അവനു വേണ്ടി അവന്റെ വലിയ്യ് നോമ്പ് നോൽക്കുക.

٩٥٧. ما هي الثلاث البيض ؟

957) മൂന്നു വെളുത്ത ദിവസങ്ങൾ ഏതൊക്കെയാണ്?

الجواب:

الثالث عشر، والرابع عشر، والخامس عشر من الشهر.

ഉത്തരം :

ചന്ദ്രമാസത്തിലെ പതിമൂന്നും പതിനാലും പതിനഞ്ചും തിയ്യതികൾ.

٩٥٨. متى كان ﷺ يعتكف ؟

958) നബി ﷺ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നത് എപ്പോഴായിരുന്നു ?

الجواب:

في العشر الأواخر من رمضان.

ഉത്തരം :

റമദാനിലെ അവസാന പത്തിൽ.

٩٥٩ .ما أعظم ليلة في السنة ؟

959) വർഷത്തിലെ ഏറ്റവും ശ്രേഷ്ഠമായ രാത്രി ഏതാണ്?

الجواب:

ليلة القدر في رمضان.

ഉത്തരം :

റമദാനിലെ ലൈലത്തുൽ ഖദ്ർ.

٩٦٠ .متى تكون ليلة القدر؟

960) എപ്പോഴാണ് ലൈലത്തുൽ ഖദ്ർ?

الجواب:

أرجى ما تكون في الوتر من العشر الأواخر من رمضان.

ഉത്തരം :

അത് റമദാനിലെ അവസാന പത്തിലെ ഒറ്റപ്പെട്ട രാത്രികളിൽ (ഒന്നിൽ) ആണെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

٩٦١ .ما فضل ليلة القدر؟ وقيامها؟

961) എന്താണ് ലൈലത്തുൽ ഖദ്റിന്റെയും അതിലെ നിസ്കാരത്തിന്റെയും ശ്രേഷ്ഠത?

الجواب:

هي خير من ألف شهر. ومن قامها إيمانًا واحتسابًا غفر له ما تقدم من ذنبه.

ഉത്തരം :

അത് ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു. ആരാണോ അതിൽ ഈമാനോടു കൂടിയും അല്ലാഹുവിൽ നിന്നുമാത്രം പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടും (നിസ്കരിക്കാനായി) നിന്നത് അവന് മുൻകഴിഞ്ഞുപോയ പാപങ്ങൾ പൊറുത്തുനൽകപ്പെടും.

٩٦٢. من أفطر لعذر في رمضان ماذا يفعل ؟

962) റമദാനിൽ ഏതെങ്കിലും ഒരു ഒഴികഴിവിന് ഒരുവൻ നോമ്പ് മുറിച്ചാൽ അവൻ എന്താണ് ചെയ്യേണ്ടത്?

الجواب

يقضي ما أفطر في أيام أخر.

ഉത്തരം :

മുറിച്ച നോമ്പ് മറ്റു ദിവസങ്ങളിൽ നോറ്റു വീട്ടുക.

٩٦٣. اذكر بعض الأعذار المبيحة للفطر؟

963) നോമ്പ് ഒഴിവാക്കൽ അനുവദിക്കുന്നവയായ ഒഴികഴിവുകളിൽ ചിലത് പരാമർശിക്കുക?

الجواب:

السفر, المرض, الحمل والرضاعة في ما إذا كان سيتضرر الطفل.

ഉത്തരം :

യാത്ര, രോഗം, ഗർഭവും മുലയൂട്ടലും കുട്ടിക്ക് (മാതാവിനും) ദോഷം ഉണ്ടാകുമെങ്കിൽ.

# باب الحج

# (5) ഹജ്ജിന്റെ അദ്ധ്യായം

٩٦٤. كم يجب الحج في العمر؟

964) ആയുസ്സിൽ ഹജ്ജ് ചെയ്യൽ ഏത്ര പ്രാവശ്യം നിർബന്ധമാണ്?

الجواب:

مرة واحدة.

ഉത്തരം :

ഒരു തവണ.

٩٦٥. متى حج النبي ﷺ؟

965) എപ്പോഴാണ് നബി ﷺ ഹജ്ജ് ചെയ്തത്?

الجواب:

في السنة العاشرة من الهجرة.

ഉത്തരം :

ഹിജ്റ പത്താം വർഷത്തിൽ.

٩٦٦ .كم حج النبي ﷺ وكم اعتمر بعد البعثة ؟

966) നിയോഗത്തിനു ശേഷം നബി ﷺ എത്ര ഹജ്ജും ഉമ്റയും ചെയ്തു?

الجواب:

حج مرة واحدة، واعتمر أربع عُمَر.

ഉത്തരം :

ഒരു തവണ ഹജ്ജും നാലു തവണ ഉംറയും ചെയ്തു.

٩٦٧ .اذكر ثلاثة من الأشياء تهدم الذنوب التي قبلها؟

967) കഴിഞ്ഞുപോയ പാപങ്ങളെ ഉടച്ചുകളയുന്ന മൂന്നു കാര്യങ്ങൾ  പരാമർശിക്കുക?

الجواب:

الإسلام، الهجرة، الحج.

ഉത്തരം :

ഇസ്ലാം, ഹിജ്റ, ഹജ്ജ്.

٩٦٨ .اذكر مواقيت الحج المكانية ؟

968) ഹജ്ജിന്റെ മീഖാത്തുകളായ (ഹജ്ജിന് പോകുന്നവൻ ഇഹ്റാമിൽ പ്രവേശിച്ചുകൊണ്ടു കടന്നുപോകേണ്ട) സ്ഥാനങ്ങൾ പരാമർശിക്കുക?

الجواب:

- ❖ لأهل المدينة: ذو الحليفة.
- ❖ لأهل الشام: الجحفة.
- ❖ لأهل نجد: قرن المنازل .
- ❖ لأهل اليمن: يلملم.
- ❖ لأهل العراق: ذات عرق.

ഉത്തരം :

- ❖ മദീന നിവാസികൾക്ക്: ദുൽ ഹുലൈഫ
- ❖ ശാം നിവാസികൾക്ക്: ജഹ്ഫ
- ❖ നജ്ദ് നിവാസികൾക്ക്: ഖർനുൽ മനാസിൽ
- ❖ യമൻ നിവാസികൾക്ക്: യലമംലം
- ❖ ഇറാഖ് നിവാസികൾക്ക്: ദാത്തു ഇർഖ്.



٩٦٩ .هل الحجر الأسود يضر وينفع ؟ وهل في استلامه وتقبيله أجر ؟

969) അൽ ഹജറുൽ അസ്‌വദ്‌ ഉപദ്രവം ഉണ്ടാക്കുയോ ഉപകാരം ചെയ്യുകയോ ചെയ്യുമോ? , അതിനെ സ്പർശിക്കുന്നതിലോ ചുംബിക്കുന്നതിലോ പ്രതിഫലം ഉണ്ടോ?

الجواب:

لا يضر ولا ينفع، ولكنه يشهد يوم القيامة لمن استلمه بحق

ഉത്തരം :

അത് ഉപദ്രവം ഉണ്ടാക്കുയോ ഉപകാരം ചെയ്യുകയോ ചെയ്യില്ല, എന്നാൽ അതിനെ ഹഖ്ഖായി സ്പർശിച്ചവന് അത് അന്ത്യനാളിൽ സാക്ഷ്യം വഹിക്കും.

٩٧٠ .اذكر شيئا في الأرض وهو من الجنة؟

970) സ്വർഗ്ഗത്തിൽ നിന്നുമുള്ള ഭൂമിയിലെ ഒരു കാര്യം പരാമർശിക്കുക?

الجواب:

الحجر الأسود.

ഉത്തരം :

അൽ ഹജറുൽ അസ്‌വദ്.



٩٧١ .ما هو المشعر الحرام ؟ والمشعر الحلال ؟

971) എന്താണ് അൽ മശ്അരുൽ ഹറാം – ഉം അൽ മശ്അരുൽ ഹലാൽ – ഉം?

الجواب:

المشعر الحرام مزدلفة، والمشعر الحلال عرفة.

ഉത്തരം :

അൽ മശ്അറുൽ ഹറാം മുസ്ദലിഫ – യും അൽ മശ്അറുൽ ഹലാൽ അറഫ – യും ആകുന്നു.

٩٧٢ .عن كم تجزئ البقرة والبدنة في الأضحية ؟

972) ബലിയറുക്കുന്നതിൽ ഒരു പശുവും ഒരു ഒട്ടകവും എത്ര പേർക്ക് പര്യാപ്തമാകും (ഒരു പശുവിലോ അല്ലെങ്കിൽ ഒരു ഒട്ടകത്തിലോ എത്ര പേർക്ക് പങ്കുചേരാം)?

الجواب:

تجزئ عن سبعة.

ഉത്തരം :

ഏഴുപേർക്ക് പര്യാപ്തമാകും

٩٧٣ .كيف تنحر الإبل ؟

973) ഒരു ഒട്ടകം ബലിയറുക്കപ്പെടുന്നത് എങ്ങനെ?

الجواب:

قيامًا مقيدة.

ഉത്തരം : കെട്ടിയിടപ്പെട്ടുകൊണ്ട് നിവർന്നു നിന്നതായി.

٩٧٤. ما هي التلبية ؟

974) എന്താണ് തൽബിയ?

الجواب:

لبيك اللهم لبيك، لبيك لا شريك لك لبيك، إن الحمد والنعمة لك والملك لا شريك لك.

ഉത്തരം :

ലബ്ബൈയ്ക്കല്ലാഹുമ്മ ലബ്ബൈയ്ക്ക, ലബ്ബൈയ്ക്ക ലാ ശരീക ലക ലബ്ബൈയ്ക്ക , ഇന്നൽ-ഹംദ, വന്നിഅ്മത്ത ലക വൽ-മുൽക, ലാ ശരീക ലക.

(അല്ലാഹുവേ, ഞാനിതാ നിന്റെ വിളിക്ക് ഉത്തരം ചെയ്തിരിക്കുന്നു. ഞാനിതാ ഉത്തരം ചെയ്തിരിക്കുന്നു, ഞാനിതാ ഉത്തരം ചെയ്തിരിക്കുന്നു, നിനക്ക് ഒരു പങ്കുകാരനുമില്ല, ഞാനിതാ ഉത്തരം ചെയ്തിരിക്കുന്നു, സർവ സ്തുതിയും നിനക്ക് മാത്രമാകുന്നു, എല്ലാ അനുഗ്രഹവും നിന്റേതാണ്, എല്ലാ അധികാരവും നിനക്കു മാത്രമാണ്, നിനക്ക് ഒരു പങ്കുകാരനുമില്ല).

٩٧٥. ما حكم الصيد للمحرم ؟

975) ഇഹ്റാമിൽ പ്രവേശിച്ച ഒരുവന് വേട്ടജന്തുക്കളെ ഭക്ഷിക്കുന്നതിലെ വിധിയെന്താണ്?

الجواب:

يحرم عليه صيد البر، ويحل له صيد البحر بالإجماع.

ഉത്തരം :

ഇജ്മാഅ് പ്രകാരം കരയിലെ വേട്ട ജന്തുക്കൾ അവന് നിഷിദ്ധമാകപ്പെടുകയും, കടലിലെ വേട്ട ജന്തുക്കൾ അവന് അനുവദിക്കപ്പെടുകയും ചെയ്യുന്നു.

٩٧٦. من أين يبدأ الطواف بالبيت ؟

976) കഅ്ബയെ ത്വവാഫ് ചെയ്യൽ എവിടെ നിന്നാണ് ആരംഭിക്കുക ?

الجواب:

من عند الحجر الأسود أو محاذاته.

ഉത്തരം :
ഹജറുൽ അസ്‌വദ് മുതലോ അല്ലെങ്കിൽ അതിന്റെ വശത്തു നിന്നോ.

٩٧٧. إذا لم يستطع تقبيله أثناء الطواف ؟

977) ത്വവാഫിനിടയിൽ ഹജറുൽ അസ്‌വദിൽ ചുംബിക്കാൻ സാധിച്ചില്ലെങ്കിലോ?

الجواب:

يستلمه بيده أو عصا ثم يقبلها أو يشير إليه من بعيد ولا يقبل يده عند ذلك.

ഉത്തരം :

തന്റെ കൈകൊണ്ടോ വടികൊണ്ടോ അതിനെ സ്പർശിക്കുക എന്നിട്ട് അത് (കൈ അല്ലെങ്കിൽ വടി) ചുംബിക്കുക, അല്ലെങ്കിൽ ദൂരെനിന്ന് അതിലേക്ക് ആഗ്യം കാണിക്കുക അന്നേരം അവൻ തന്റെ കൈ ചുംബിക്കരുത്.

٩٧٨. كم للبيت أركان ؟

978) എത്ര മൂലകളുണ്ട് കഅ്ബക്ക്?

الجواب:

أربعة: الركن اليماني، والركن الذي فيه الحجر الأسود، والركنين الشاميين.

ഉത്തരം :

നാല്: യമനീ കോൺ, ഹജറുൽ അസ്‌വദ് ഉള്ള കോൺ, രണ്ട് ശാമീ കോണുകൾ.

٩٧٩. ماذا يقول وهو يطوف ؟

979) ത്വവാഫ് ചെയ്യുമ്പോൾ എന്താണ് ഒരുവൻ പറയുക?

الجواب:

يذكر الله، ويقرأ القرآن، ويدعو.

ഉത്തരം :

എപ്പോഴും അല്ലാഹുവെ സ്മരിക്കുന്നതിൽ ആയിരിക്കുക , ഖുർആൻ പാരായണം ചെയ്യുകയും ദുആ ചെയ്യുകയും ചെയ്യുക.



٩٨٠ .ما هو الاضطباع ؟

980) അൽ ഇദ്ത്വിബാഅ് എന്താണ്?

الجواب:

أن يجعل وسط الرداء تحت كتفه اليمنى، ويرد طرفيه على كتفه اليسرى، وبقية كتفه اليمنى مكشوفة، وهذا يكون في طواف القدوم.

ഉത്തരം :

അത് ഒരുവൻ തൻ്റെ വലതു തോളിനു താഴെ വസ്ത്രത്തിൻ്റെ മധ്യഭാഗമാക്കലും അതിൻ്റെ രണ്ടറ്റങ്ങൾ അവൻ്റെ ഇടതുതോളിൽ ഇടലുമാകുന്നു, (അപ്പോൾ) അവൻ്റെ വലതുതോൾ തുറന്നിടപ്പെട്ടതായി അവശേഷിക്കുന്നതാണ്, ഇത് ത്വവാഫുൽ ഖുദൂമിൽ ആയിരിക്കും.

٩٨١ .ماذا يفعل بعد الطواف ؟

981) ത്വവാഫിനു ശേഷം എന്താണ് ചെയ്യുക?

الجواب:

يصلي ركعتين: يقرأ في الأولى الفاتحة، وقل يا أيها الكافرون، وفي الثانية الفاتحة، وقل هو الله أحد.

ഉത്തരം :

രണ്ട് റക്അത്ത് നിസ്കരിക്കുക: ആദ്യ റക്അത്തിൽ ഫാതിഹയും {ഖുൽ യാ അയ്യുഹൽ കാഫിറൂൻ} - നും രണ്ടാമത്തെ റക്അത്തിൽ ഫാതിഹയും {ഖുൽഹുവല്ലാഹു അഹദ്} - ഉം ഓതുക.

٩٨٢ .كم شوطا يكون الطواف ؟

982) ത്വവാഫ് എത്ര ചുറ്റാണ്?

الجواب:

سبعة أشواط.

ഉത്തരം :

ഏഴ് ചുറ്റ്.

٩٨٣ .كم شوطا يكون السعي بين الصفا والمروة ؟

983) സഫാ മർവ മലകൾക്ക് ഇടയിലുള്ള നടത്തം എത്ര പ്രദക്ഷിണമാണ്?

الجواب:

سبعة أشواط

ഉത്തരം :

ഏഴ് പ്രദക്ഷിണം.

٩٨٤ .بأيهما يبدأ ؟

984) അവയിൽ ഏതിൽ നിന്നാണ് പ്രദക്ഷിണം ആരംഭിക്കുക?

الجواب:

يبدأ بالصفا.

ഉത്തരം :

സഫായിൽ നിന്നും.

٩٨٥ .أيمها أفضل الحلق أو التقصير ؟

985) തല വടിക്കലാണോ അതോ മുടി ചെറുതാക്കലാണോ ഉത്തമം?

الجواب:

الحلق أفضل.

ഉത്തരം :

തല വടിക്കലാകുന്നു ഉത്തമം.

٩٨٦ .كم أنواع الحج ؟ وما الأفضل ؟

986) ഹജ്ജ് എത്ര ഇനമുണ്ട്? അവയിൽ ഏറ്റവും ഉത്തമം ഏതാണ്?

الجواب:

تمتع، وقران، وإفراد والتمتع أفضلها.

ഉത്തരം :

തമത്തുഅ്, ഖിറാൻ, ഇഫ്റാദ്. അവയിൽ ഏറ്റവും ഉത്തമം തമത്തുഅ് ആകുന്നു.

٩٨٧ .ما ذا يسمى يوم الثامن من ذي الحجة ؟

987) ദുൽ ഹിജ്ജ എട്ടാം തിയ്യതിയെ വിളിക്കപ്പെടുന്നതെന്താണ്?

الجواب:

يسمى يوم التروية.

ഉത്തരം : യൗമുത്തർവിയ.

٩٨٨ .إلى أين يتوجه الحجاج في ذلك اليوم ؟

988) ആ ദിവസത്തിൽ ഹാജിമാർ എങ്ങോട്ടാണ് പുറപ്പെടുക?

الجواب:

إلى منى، ويصلون فيها الظهر، والعصر، والمغرب، والعشاء، والفجر قصرًا بدون جمع.

ഉത്തരം :

മിനാ – യിലേക്ക്, അവിടെ അവർ ജമ്അ് ചെയ്യാതെ ഖസ്റ് ചെയ്തുകൊണ്ട് ളുഹ്റും അസ്റും മഗ്രിബും ഇശാഉം ഫജ്റും നിസ്കരിക്കും.

٩٨٩ .ما ذا يسمى يوم التاسع من ذي الحجة ؟

989) ദുൽ ഹിജ്ജ ഒൻപതാം തിയ്യതിയെ വിളിക്കപ്പെടുന്നതെന്താണ്?

الجواب:

يوم عرفة.

ഉത്തരം :

അറഫ ദിവസം.



٩٩٠ .إلى أين يتوجه الحجاج في ذلك اليوم ؟

990) ആ ദിവസത്തിൽ ഹാജിമാർ എങ്ങോട്ടാണ് പുറപ്പെടുക?

الجواب:

إلى عرفة، ويصلون فيها الظهر، والعصر جمع تقديم.

ഉത്തരം :

അറഫ – യിലേക്ക്, അവിടെ അവർ ളുഹ്റും അസ്റും ളുഹ്ർ – ന്റെ സമയത്ത് ജമ്അ് ചെയ്തുകൊണ്ട് നിസ്കരിക്കും.

٩٩١ .هل ليوم عرفة فضل؟

991) അറഫ ദിവസത്തിന് ശ്രേഷ്ഠതയുണ്ടോ?

الجواب:

نعم، فهو أكثر يوم يعتق الله فيه عبادًا من النار.

ഉത്തരം :

അതെ, നരകത്തിൽ നിന്നും അല്ലാഹു ഏറ്റവും അധികം അടിമകളെ മോചിപ്പിക്കുന്ന ദിവസമാകുന്നു അത്

٩٩٢ .هل للدعاء يوم عرفة فضل ؟

992) അറഫ ദിവസത്തിലെ ദുആക്ക് ശ്രേഷ്ഠതയുണ്ടോ?

الجواب:

هو أفضل الدعاء.

ഉത്തരം : അത് ഏറ്റവും ശ്രേഷ്ഠമായ ദുആ ആകുന്നു.

٩٩٣ .ما حكم الوقوف بعرفة ؟

993) അറഫയിൽ നിൽക്കലിന്റെ വിധിയെന്താണ്?

الجواب:

ركن من أركان الحج.

ഉത്തരം :

അത് ഹജ്ജിന്റെ സ്തംഭങ്ങളിൽപെട്ട സ്തംഭമാകുന്നു.

٩٩٤ .إلى أين يتوجه الحجاج بعد غروب شمس يوم عرفة ؟

994) അറഫ ദിവസത്തിലെ സൂര്യാസ്തമയത്തിനു ശേഷം ഹാജിമാർ എങ്ങോട്ടാണ് പുറപ്പെടുക?

الجواب:

إلى مزدلفة، ويصلون بها المغرب، والعشاء، والفجر.

ഉത്തരം :

മുസ്ദലിഫ – യിലേക്ക്, അവിടെ അവർ മഗ്‌രിബും ഇശാഉം ഫജ്റും നിസ്കരിക്കും.



٩٩٥. هل لمزدلفة اسم آخر ؟

995) മുസ്ദലിഫക്ക് വേറെ പേരുണ്ടോ?

الجواب:

نعم تسمى جمعًا، وتسمى المشعر الحرام.

ഉത്തരം :

അതെ, അതിനെ ജമ്അന്‍ എന്നും അല്‍ മശ്അരുല്‍ ഹറാം എന്നും വിളിക്കപ്പെടും.

٩٩٦. كم عدد الجمرات ؟

996) ജംറാത്ത് – ന്റെ (കല്ലെറിയപ്പെടുന്ന ഇടത്തിന്റെ) എണ്ണം എത്രയാണ്?

الجواب:

ثلاث جمرات: الصغرى، والوسطى، والعقبة (الكبرى).

ഉത്തരം :

മൂന്ന് ജംറാത്തുകള്‍: ചെറുത്, മദ്ധ്യേയുള്ളത്, അല്‍ അഖബ (വലുത്).

٩٩٧. بكم حصيات ترمى الجمرات ؟

997) ജംറാത്തില്‍ എറിയപ്പെടുന്ന കല്ലുകളുടെ എണ്ണം എത്രയാണ്?

الجواب الجواب:

بسبع حصيات.

ഉത്തരം : ഏഴു കല്ലുകള്‍.

٩٩٨ .ما هي الجمرة التي ترمى يوم النحر ؟

998) ബലി ദിവസം ഏത് ജംറയിലാണ് എറിയപ്പെടുക ?

الجواب:

جمرة العقبة، وترمى ضحى.

ഉത്തരം :

ജംറത്തുൽ അഖബയിൽ, (അവിടെ) രാവിലെ എറിയപ്പെടും.

٩٩٩ .ما هي الجمرات التي ترمى أيام التشريق ؟

999) അയ്യാമുത്തശ്‌രീഖിൽ എറിയപ്പെടുന്ന ജമ്‌റത്തുകൾ ഏതൊക്കെയാണ്?

الجواب:

ترمى الثلاث جميعا كل يوم بعد الزوال.

ഉത്തരം :

എല്ലാ ദിവസവും സൂര്യൻ നേർ മുകൾ ഭാഗത്ത് നിന്നും നീങ്ങിയതിനു ശേഷം മുഴുവനായി മൂന്നു ജമ്‌റത്തുകളെയും എറിയപ്പെടും.

١٠٠٠ .أين يبيت الحاج أيام التشريق ؟

1000) ഒരു ഹാജി അയ്യാമുത്തശ്‌രീഖി ൽ എവിടെയാണ് രാപ്പാർക്കുക ?

الجواب:

يبيت بمنى.

ഉത്തരം : മിനായിൽ രാപ്പാർക്കും.

١٠٠١ .اذكر بعض أنواع الطواف في الحج ؟

1001) ഹജ്ജിലുള്ള ത്വവാഫിന്റെ ഇനങ്ങളിൽ ചിലതിനെ പരാമർശിക്കുക?

الجواب:

طواف القدوم، وطواف الإفاضة، و طواف الوداع.

ഉത്തരം :

ത്വവാഫുൽ ഖുദൂം, ത്വവാഫുൽ ഇഫാദ (അറഫ – യിൽ നിന്നും തിരിച്ചു വന്നതിന് ശേഷമുള്ള ത്വവാഫ്), ത്വവാഫുൽ വദാഅ്.

١٠٠٢ .بكم تعدل العمرة في رمضان ؟

1002) റമദാനിലെ ഉംറ സമമാകുന്നത് എന്തിനോട്?

الجواب:

كحجة مع النبي ﷺ.

ഉത്തരം:

അത് നബിയോടൊത്തുള്ള ﷺ ഹജ്ജിന് സമമാകുന്നു.



١٠٠٣ .أين ينحر الحاج هديه ؟

1003) ഒരു ഹാജി തന്റെ ബലിമൃഗത്തെ ബലിനൽകുന്നത് എവിടെ വച്ചാണ്?

الجواب:

في منى.

.

ഉത്തരം :

മിനായിൽ വച്ച്.

١٠٠٤ .ما هي الأعمال التي يقوم بها الحاج يوم النحر ؟

1004) ഒരു ഹാജി ബലി ദിവസം അനുഷ്ഠിക്കുന്ന കർമ്മങ്ങൾ ഏതൊക്കെയാണ്?

الجواب:

يرمي جمرة العقبة، ثم ينحر، ثم يحلق أو يقصر، ثم يطوف طواف الإفاضة.

ഉത്തരം :

ജമ്റത്തുൽ അഖബയെ എറിയുക, ശേഷം ബലി നൽകുക, ശേഷം തല വടിക്കുകയോ മുടി ചെറുതാക്കുകയോ ചെയ്യുക, ശേഷം ത്വവാഫുൽ  ഇഫാദ ചെയ്യുക.

١٠٠٥ .ماذا سميت حجة النبي ﷺ؟

1005) നബിയുടെ ﷺ ഹജ്ജ് അറിയപ്പെട്ടതെങ്ങനെ ?

الجواب:

حجة الوداع.

ഉത്തരം :

ഹജ്ജത്തുൽ വദാഅ് (വിടവാങ്ങൽ ഹജ്ജ്).

١٠٠٦ .ما هي أركان العمرة ؟

1006) ഉംറയുടെ സ്തംഭങ്ങൾ ഏതൊക്കെയാണ്?

الجواب:

الإحرام، والطواف بالبيت، والسعي بين الصفا والمروة.

ഉത്തരം :

ഇഹ്റാം, കഅ്ബയെ ത്വവാഫ് ചെയ്യൽ, സഫാ മർവ
മലകൾക്ക് ഇടയിലുള്ള പ്രദക്ഷിണം.



١٠٠٧ .كم عدد العمر التي اعتمرها النبي ﷺ؟

1007) നബി ﷺ ചെയ്ത ഉംറകളുടെ എണ്ണം എത്രയാണ്?

الجواب:

[4 عمر] كلها في ذي القعدة، سوى التي مع حجته.

ഉത്തരം :

നാല് ഉംറകൾ, അവയെല്ലാം ദുൽ ഖഅ്ദ - യിൽ ആയിരുന്നു, അദ്ദേഹത്തിന്റെ ഹജ്ജിനോടൊപ്പമുള്ളത് ഒഴികെ.

## باب متفرقات في الفقه

## (6) ഫിഖ്ഹിലെ (കർമ്മശാസ്ത്രത്തിലെ) വ്യത്യസ്തമായ വിഷയങ്ങളുടെ അദ്ധ്യായം

١٠٠٨. ما حكم من بدل دين الإسلام بدين آخر ؟

1008) വേറെ മതം കൊണ്ട് (തന്റെ) ഇസ്ലാം മതത്തെ മാറ്റിമറിച്ച ഒരുവന്റെ വിധിയെന്താണ്?

الجواب:

كافر مرتد، وحَدُّه القتل؛ لقول رسول الله ﷺ: (من بدل دينه فاقتلوه).

ഉത്തരം :

അവൻ മതപരിത്യാഗിയായ കാഫിറാകുന്നു, അവനുള്ള ഹദ്ദ് (അല്ലാഹുവിന്റെ നിയമമനുസരിച്ച് അവനുള്ള ശിക്ഷാനടപടി) വധമാകുന്നു, (ആരാണോ തന്റെ ദീനിനെ മാറ്റിമറിച്ചത് നിങ്ങൾ അവനെ വധിച്ചുകളയുക) എന്ന അല്ലാഹുവിന്റെ റസൂലിന്റെ ﷺ ഉദ്ധരണി പ്രകാരം.

١٠٠٩ .هل يشترط رضا المرأة في نكاحها؟

1009) തന്റെ നികാഹിന് ഒരു സ്ത്രീയുടെ തൃപ്തി നിബന്ധനയാണോ?

الجواب:

نعم.

ഉത്തരം :

അതെ.

١٠١٠ .ما حد الزاني المحصن ؟

1010) മുഹ്സ്വനായ (വൈവാഹിക ജീവിതം അനുഭവിച്ചവനായ) ഒരു വ്യഭിചാരകന് ഉള്ള ഹദ്ദ് എന്താണ്?

الجواب:

يرجم بالحجارة حتى يموت.

ഉത്തരം :

അവൻ മരിക്കുന്നതുവരെ കല്ലെറിയപ്പെടുക.

١٠١١ .ما حد الزاني غير المحصن؟

1011) മുഹ്സ്വനല്ലാത്ത ഒരു വ്യഭിചാരകനുള്ള ഹദ്ദ് എന്താണ്?

الجواب:

يجلد مائة جلدة ، ويُغَرَّبُ عامًا.

ഉത്തരം :

അവൻ നൂറ് അടി അടിക്കപ്പെടുക, ഒരു വർഷം നാട്ടുകടത്തപ്പെടുകയും ചെയ്യുക.

١٠١٢. ما حد السارق ؟

1012) ഒരു മോഷ്ടാവിനുള്ള ഹദ്ദ് എന്താണ്?

الجواب:

تقطع يده.

ഉത്തരം :

അവന്റെ കൈമുറിക്കപ്പെടുക.

١٠١٣. ما حد شارب الخمر؟

1013) മദ്യപാനിക്കുള്ള ഹദ്ദ് എന്താണ്?

الجواب:

يجلد أربعين جلدة.

ഉത്തരം :

അവൻ നാൽപതു അടി അടിക്കപ്പെടുക

١٠١٤. هل يجوز أكل الجراد ؟

1014) വെട്ടുകിളിയെ ഭക്ഷിക്കൽ അനുവദനീയമാണോ?

الجواب:

نعم، فقد أكله الصحابة في بعض الغزوات.

ഉത്തരം :

അതെ, ചില യുദ്ധങ്ങൾക്കിടയിൽ സ്വഹാബിമാർ അത് ഭക്ഷിച്ചിട്ടുണ്ട്.

١٠١٥. هل يجوز أكل الضبع ؟

1015) കഴുതപ്പുലിയെ ഭക്ഷിക്കൽ അനുവദനീയമാണോ?

الجواب:

نعم؛ لحديث (الضبع صيد).

ഉത്തരം :

അതെ, "(കഴുതപ്പുലി വേട്ടമൃഗമാകുന്നു)" എന്ന ഹദീസ് പ്രകാരം.

١٠١٦. هل يجوز أكل ذبيحة الذي لا يسمى الله ؟

1016) അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെടാതെ അറുത്തതിൽ നിന്നും ഭക്ഷിക്കൽ അനുവദനീയമാണോ?

الجواب:

لا، لقوله تعالى ﴿وَلَا تَأْكُلُوا۟ مِمَّا لَمْ يُذْكَرِ ٱسْمُ ٱللَّهِ عَلَيْهِ وَإِنَّهُۥ لَفِسْقٌ﴾

[الأنعام: ١٢١].

ഉത്തരം :

അല്ല, {അല്ലാഹുവിൻറെ നാമം ഉച്ചരിക്കപ്പെടാത്തതിൽ നിന്ന് നിങ്ങൾ തിന്നരുത്. തീർച്ചയായും അത് അധർമ്മമാണ്.} [അൽ അൻആം:121] എന്ന അല്ലാഹുവിന്റെ (ഈ) വചനം പ്രകാരം.

١٠١٧. ما حكم أكل لحم الحمارُ الوحشي؟

1017) കാട്ടുകഴുതയുടെ മാംസം ഭക്ഷിക്കുന്നതിന്റെ വിധിയെന്താണ്?

الجواب:

أكله حلال.

ഉത്തരം :

അത് ഭക്ഷിക്കൽ ഹലാലാകുന്നു.

١٠١٨. ما حكم أكل لحم الحمارُ الأهلي؟

1018) വളർത്തു കഴുതയുടെ മാംസം ഭക്ഷിക്കുന്നതിന്റെ വിധിയെന്താണ്?

الجواب:

أكله حرام.

ഉത്തരം :

അത് ഭക്ഷിക്കൽ ഹറാമാകുന്നു.

١٠١٩. ما هي الجلالة ؟

1019) ജലാലത്ത് എന്നാൽ എന്താണ് ?

الجواب:

هي: التي تأكل النجاسات والقاذورات.

ഉത്തരം :

അവ : അഴുക്കും മാലിന്യവും തിന്നുന്നവയാകുന്നു.

١٠٢٠ .ما حكم أكلها ؟

1020) അവയുടെ (ജലാലത്ത്) മാംസം ഭക്ഷിക്കുന്നതിന്റെ വിധിയെന്താണ്?

الجواب:

حرام، ولكن تحبس مدة من الزمن حتى يصفو لحمها، ثم تؤكل

ഉത്തരം :

അത് ഹറാമാകുന്നു, എന്നാൽ അവയുടെ മാംസം ശുദ്ധമാകപ്പെടുന്നവരേക്കും ഒരു നിശ്ചിതകാലം തടഞ്ഞുവെക്കപ്പെടുകയും പിന്നീട് അവയുടെ മാംസം ഭക്ഷിക്കപ്പെടുകയും ആവാം.

١٠٢١ .متى تذبح العقيقة ؟

1021) എപ്പോളാണ് അഖീഖ അറുക്കപ്പെടുക ?

الجواب:

في اليوم السابع من الولادة.

ഉത്തരം :

പ്രസവത്തിന് ശേഷം ഏഴാം ദിവസം.

١٠٢٢ .ما هي الكلالة ؟

1022) കലാലത്ത് എന്നാൽ എന്താണ്?

الجواب:

هو من مات وليس له ولد ولا والد يرثه.

ഉത്തരം :

അവൻ തനിക്ക് അനന്തരാവകാശിയായി സന്താനമോ മാതാപിതാക്കളോ ഇല്ലാതെ മരിച്ചവനാകുന്നു.

١٠٢٣ .كم الضيافة الواجبة ؟

1023) നിർബന്ധമായ അതിഥി സൽക്കാരം എത്ര ദിവസമാണ്?

الجواب:

يوم وليلة، والمستحب ثلاثة أيام.

ഉത്തരം :

ഒരു ദിവസവും ഒരു രാത്രിയും, സുന്നത്ത് മൂന്നു ദിവസമാകുന്നു.

١٠٢٤ .كيف يأتي جرح من جرح في سبيل الله يوم القيامة؟

1024) അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മുറിവേൽക്കപ്പെട്ട ഒരുവന്റെ മുറിവ് അന്ത്യനാളിൽ എങ്ങനെയായിരിക്കും?

الجواب:

يكون جرحه يدمى اللون لون الدم، والريح ريح المسك.

ഉത്തരം :

അവന്റെ മുറിവ് രക്തമൊലിക്കപ്പെടുന്നതായിരിക്കും, അതിന്റെ നിറം രക്തത്തിന്റെ നിറവും അതിന്റെ മണം കസ്തൂരിയുടെ മണവും ആയിരിക്കും.

١٠٢٥ .ماذا تُحَرِّمُ الرضاعةُ ؟

1025) എന്താണ് മുലയൂട്ടൽ നിഷിദ്ധമാക്കുക?

الجواب:

تحرم ما يحرم من النسب.

ഉത്തരം :

രക്തബന്ധത്താൽ നിഷിദ്ധമാകപ്പെടുന്നത് എന്തോ അത് മുലയൂട്ടൽ നിഷിദ്ധമാക്കും.

١٠٢٦ .كم عدد الرضعات المُحَرِّمَة ؟

1026) (അത്തരത്തിൽ) നിഷിദ്ധമാക്കുന്ന മുലയൂട്ടലിന്റെ എണ്ണം എത്രയാണ്?

الجواب:

خمس رضعات.

ഉത്തരം :

അഞ്ചു മുലയൂട്ടൽ.

١٠٢٧ .كم الرضاعة التامة ؟

1027) പൂർണ്ണമായ മുലയൂട്ടൽ എത്ര കാലമാണ്?

الجواب:

حولين كاملين.

ഉത്തരം :

പൂർണ്ണമായ രണ്ടു വർഷം.

١٠٢٨ .كم عدة المطلقة غير الحامل ؟

1028) ത്വലാഖ് ചെയ്യപ്പെട്ട ഗർഭിണിയല്ലാത്തവൾ ആചരിക്കേണ്ട ഇദ്ദത്ത് എത്രയാണ്?

الجواب:

ثلاثة قروء، وإن كانت يائسة أو صغيرة فثلاثة أشهر.

ഉത്തരം :

മൂന്നു മാസമുറകൾ കഴിയും വരെ, അവൾ ആർത്തവത്തിന്റെ പ്രായം കഴിഞ്ഞുപോയവളോ അല്ലെങ്കിൽ ആർത്തവത്തിന്റെ വളർച്ചയിൽ എത്താത്തവളോ ആണെങ്കിൽ മൂന്നു മാസം കാത്തിരിക്കേണ്ടതാകുന്നു.

١٠٢٩ .كم عدة المتوفى عنها زوجها غير الحامل ؟

1029) ഗർഭിണിയല്ലാത്ത തന്റെ ഭർത്താവ് മരണപ്പെട്ട ഒരുവൾ (അവളുടെ കാര്യത്തിൽ) കാത്തിരിക്കേണ്ട ഇദ്ദത്ത് എത്രയാണ്?

الجواب:

أربعة أشهر وعشرًا.

ഉത്തരം :

നാലുമാസവും പത്തു ദിവസവും.

١٠٣٠ .كم عدة الحامل ؟

1030) ഒരു ഗർഭിണിയുടെ  ഇദ്ദത്ത് എത്രയാണ്?

الجواب:

إلى أن تضع حملها.

ഉത്തരം :

അവൾ തന്റെ ഗർഭം പ്രസവിക്കുന്നവരെ.

# [6] كتاب معلومات متفرقة

# വ്യത്യസ്തമായ അറിവുകളുടെ പുസ്തകം

## معلومات متفرقة

## (1) വ്യത്യസ്തമായ അറിവുകൾ

١٠٣١. كيف كانت عمامته ﷺ عندما دخل مكة ؟

1031) മക്കയിൽ പ്രവേശിച്ചപ്പോൾ നബിയുടെ ﷺ തലക്കെട്ടിന്റെ നിറം എങ്ങനെയായിരുന്നു ?

الجواب:

سوداء.

ഉത്തരം :

കറുപ്പ്.

١٠٣٢. ما حكم لِبْس الحرير والذهب ؟

1032) സ്വർണ്ണവും പട്ടും ധരിക്കുന്നതിന്റെ വിധിയെന്താണ്?

الجواب:

حلال للإناث، وحرام على الذكور.

ഉത്തരം :

പെണ്ണുങ്ങൾക്ക് അനുവദനീയമാകുന്നു, ആണുങ്ങൾക്ക് ഹറാം ആകുന്നു.

١٠٣٣ .ما هي البركة ؟

1033) ബറകത്ത് എന്നാൽ എന്താണ്?

الجواب:

ثبوت الخير الإلهي في الشيء.

ഉത്തരം :

ഒരു കാര്യത്തിലെ ഇലാഹിയായ (**അല്ലാഹുവിൽ നിന്നുള്ളതായ**) അനുഗ്രഹത്തിന്റെ സ്ഥിരതയാകുന്നു അത്.

١٠٣٤ .كم القرن ؟

1034) ഒരു ഖർൻ എന്നാൽ എത്രയാണ്?

الجواب:

مائة سنة.

ഉത്തരം :

നൂറു വർഷം.

١٠٣٥ .هل الخبائث تستوي مع الطيبات ؟

1035) ചീത്ത വസ്തുക്കൾ നല്ല വസ്തുക്കളോട് തുല്യമാകുമോ?

الجواب:

لا تستوي.

ഉത്തരം :

തുല്യമാകുകയില്ല.

١٠٣٦. ما هي أم الخبائث؟

1036) ചീത്ത വസ്തുക്കളുടെ മാതാവ് എന്നറിയപ്പെടുന്നത് എന്താണ്?

الجواب:

هي الخمر.

ഉത്തരം :

അത് മദ്യമാകുന്നു.

١٠٣٧. ما هي الآية التي نزلت بتحريم الخمر تحريمًا قاطعًا ؟

1037) മദ്യത്തെ പൂർണ്ണമായി നിഷിദ്ധമാക്കികൊണ്ട് ഇറങ്ങിയ ആയത്ത് ഏതാണ്?

الجواب:

﴿يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِنَّمَا ٱلْخَمْرُ وَٱلْمَيْسِرُ وَٱلْأَنصَابُ وَٱلْأَزْلَـٰمُ رِجْسٌ مِّنْ عَمَلِ ٱلشَّيْطَـٰنِ فَٱجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ﴾ [المائدة: ٩٠].

ഉത്തരം :

{സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം}

[അൽ മാഇദ :90]

١٠٣٨. ما هو الرقوب ؟

1038) അർറുഖൂബ് എന്നാൽ ആരാണ്?

الجواب:

هو الذي لم يمت أحد من أولاده قبله.

ഉത്തരം :

അവൻ അവന് മുമ്പേ തന്റെ സന്താനങ്ങളിൽ ആരും തന്നെ മരണപ്പെട്ടിട്ടില്ലാത്തവനാകുന്നു.

١٠٣٩. ما هي أم ملدم ؟

1039) എന്താണ് ഉമ്മു മിൽദാം?

الجواب:

هي حمى تكون بين اللحم والجلد.

ഉത്തരം :

അത് തൊലിക്കും മാംസത്തിനും ഇടയിൽ ഉണ്ടാകുന്ന ഒരു തരം പനിയാകുന്നു.

١٠٤٠. من هو الأمي ؟

1040) അൽ ഉമ്മിയ് ആരാണ്?

الجواب:

هو الذي لا يكتب، ولا يقرأ المكتوب.

ഉത്തരം :
അവനാകുന്നു എഴുതാനോ എഴുതിയത് വായിക്കാനോ കഴിയാത്തവൻ.

١٠٤١ .ما هو سلاح المؤمن ؟

1041) എന്താണ് ഒരു മുഅ്മിന്റെ ആയുധം?

الجواب:

الدعاء.

ഉത്തരം :

പ്രാർത്ഥന.

١٠٤٢ .ما معنى آمين ؟

1042) എന്താണ് ആമീൻ എന്നതിന്റെ അർത്ഥം?

الجواب:

اللهم استجب.

ഉത്തരം :

അല്ലാഹുവേ നീ ഉത്തരം നൽകേണമേ.



١٠٤٣ .ماذا يقال لِمَلِك كل من: فارس، والحبشة، والروم، ومصر، واليمن؟

1043) ഫാരിസ് (പേർഷ്യ), അൽ ഹബശ, അർറൂം (റോമ), മിസ്ർ (ഈജിപ്ത്), അൽ യമൻ പോലുള്ള ഓരോ രാജ്യത്തിന്റെയും രാജാവിനെ വിളിക്കപ്പെടുന്നത് എന്താണ്?

الجواب:

يقال:

- ❖ لملك فارس: كسرى.
- ❖ ولملك الحبشة: نجاشي.
- ❖ ولملك الروم: قيصر.
- ❖ ولملك مصر: مقوقس.
- ❖ ولملك اليمن: تبع.

ഉത്തരം :

(അവരിൽ ഓരോ രാജ്യത്തിന്റെയും രാജാവിനെ) വിളിക്കപ്പെടുന്നത്:

- ❖ ഫാരിസിന്റെ രാജാവിനെ: കിസ്റാ
- ❖ ഹബശയുടെ രാജാവിനെ: നജാശീ
- ❖ റോമിന്റെ രാജാവിനെ: ഖയ്സർ
- ❖ മിസ്റിന്റെ രാജാവിനെ: മഖൗഖസ്
- ❖ യമൻ – ന്റെ രാജാവിനെ: തുബ്ബ.

١٠٤٤. في أي سورة ذكرت قصة أصحاب الأخدود ؟

1044) കിടങ്ങിൻ്റെ ആൾക്കാരുടെ കഥ പരാമർശിക്കപ്പെട്ടത് ഏത് സൂറത്തിലാണ്?

الجواب:

في سورة البروج.

ഉത്തരം :

സൂറത്തുൽ ബുറൂജിൽ.

١٠٤٥. بماذا يصلح آخر هذه الأمة ؟

1045) എന്തുകൊണ്ടാണ് ഈ ഉമ്മത്തിലെ അവസാന തലമുറക്കാർ ശരിയാകപ്പെടുക?

الجواب:

بما صلح به أولها.

ഉത്തരം :

എന്തുകൊണ്ടാണോ ഈ ഉമ്മത്തിലെ ആദ്യ തലമുറക്കാർ ശരിയാകപ്പെട്ടത് അതുകൊണ്ടാകുന്നു ഈ ഉമ്മത്തിലെ അവസാന തലമുറക്കാർ ശരിയാകപ്പെടുക.

١٠٤٦. ما أركان الحزبية ؟

1046) ഹിസ്ബിയ്യത്തിന്റെ സ്തംഭങ്ങൾ ഏതൊക്കെയാണ്?

الجواب:

الكذب، والتلبيس، والخداع.

ഉത്തരം:

നുണ, സത്യവും അസത്യവും കൂട്ടിക്കുഴക്കൽ, വഞ്ചന.

١٠٤٧. ما هو شر ما في الرجل ؟

1047) ഒരു മനുഷ്യനുള്ളിലുള്ള ഏറ്റവും മോശമായ കാര്യം എന്താണ്?

الجواب:

شح هالع، وجبن خالع.

ഉത്തരം :

അങ്ങേയറ്റത്തെ പിശുക്കും അനിയന്ത്രിതമായ ഭീരുത്വവും.

١٠٤٨. ما هو يوم المزيد؟

1048) യൗമുൽ മസീദ് എന്നാൽ എന്താണ് ?

الجواب:

يوم الجمعة.

ഉത്തരം :

ജുമുഅ ദിവസം.

١٠٤٩. ما هي الشجرة التي مثلها مثل المسلم لا يسقط ورقها ؟

1049) ഇലകൾ കൊഴിയാത്തതും അതിന്റെ ഉപമ ഒരു മുസ്ലിമിനോടെന്ന പോലെയുമുള്ള വൃക്ഷം ഏതാണ്?

الجواب:

النخلة.

ഉത്തരം :

ഈന്തപ്പന.

١٠٥٠. أين يبيت الشيطان مع الإنسان ؟

1050) ഒരു മനുഷ്യനിൽ പൈശാചിക രാപാർക്കുന്നത് എവിടെ?

الجواب:

على خيشومه.

ഉത്തരം :

അവന്റെ മൂക്കിലെ ദ്വാരത്തിൽ.

١٠٥١. ما هو أول بيت وضع للناس ؟

1051) മനുഷ്യർക്ക് വേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ആരാധനാ മന്ദിരം ഏതാണ്?

الجواب:

البيت الحرام بمكة.

ഉത്തരം :

മക്കയിലുള്ള പവിത്രമായ മന്ദിരം.



١٠٥٢ .اذكر بعض الآيات البينات في البيت الحرام ؟

1052) പവിത്രമായ മന്ദിരത്തിലെ ചില വ്യക്തമായ ആയത്തുകൾ (ദൃഷ്ടാന്തങ്ങൾ) പരാമർശിക്കുക?

الجواب:

مقام إبراهيم، ومن دخله كان آمنًا.

ഉത്തരം :

ഇബ്റാഹീം عليه السلام നിന്ന സ്ഥലം, ആർ അവിടെ പ്രവേശിക്കുന്നുവോ അവൻ നിർഭയനായിരിക്കുന്നതാണ്.

١٠٥٣ .ما هي المساجد الثلاثة ؟

1053) മൂന്ന് പവിത്രമായ പള്ളികൾ ഏതൊക്കെയാണ്?

الجواب:

- ❖ المسجد الحرام
- ❖ مسجد رسول الله ﷺ
- ❖ المسجد الأقصى.

ഉത്തരം :

- ❖ അൽമസ്ജിദുൽ ഹറാം (മക്ക).
- ❖ അല്ലാഹുവിന്റെ റസൂലിന്റെ ﷺ പള്ളി (മസ്ജിദുന്നബവി).
- ❖ അൽമസ്ജിദുൽ അഖ്സാ.

١٠٥٤ .ما أعظم يوم في الأسبوع ؟

1054) ആഴ്ചയിലെ ഏറ്റവും ശ്രേഷ്ഠമായ ദിവസം ഏതാണ്?

الجواب:

يوم الجمعة.

ഉത്തരം :

ജുമുഅ ദിവസം.

١٠٥٥ .ما هو أطيب الطيب؟

1055) ഏറ്റവും നല്ല സുഗന്ധം ഏതാണ്?

الجواب:

المسك.

ഉത്തരം :

കസ്തൂരി.

١٠٥٦ .اذكر أعياد المسلمين ؟

1056) മുസ്ലീങ്ങളുടെ ഈദുകൾ (ആഘോഷങ്ങൾ) പരാമർശിക്കുക?

الجواب:

عيد الأضحى, أيام التشريق, يوم الجمعة, عيد الفطر.

ഉത്തരം :

ഈദുൽ അദ്ഹാ, അയ്യാമുത്തശ്‌രീഖ്, ജുമുഅ ദിവസം, ഈദുൽ ഫിത്ർ.

١٠٥٧ .ما هي بهيمة الأنعام ؟

1057) (ബലിനൽകപ്പെടുന്ന) വളർത്തുമൃഗങ്ങൾ ഏതൊക്കെയാണ്?

الجواب:

الإبل، والبقر، والغنم

ഉത്തരം :

ഒട്ടകം, പശു (മാട്), ആട്.

١٠٥٨ .متى تقوم الساعة ؟

1058) എപ്പോഴാണ് അന്ത്യസമയം നിലവിൽ വരിക ?

الجواب:

لا يعلم ذلك إلا الله.

ഉത്തരം :

അല്ലാഹുവിനല്ലാതെ മറ്റാർക്കും തന്നെ അത് അറിയില്ല.

١٠٥٩ .في أي سورة قوله تعالى ﴿إِنَّ ٱللَّهَ عِندَهُۥ عِلۡمُ ٱلسَّاعَةِ وَيُنَزِّلُ ٱلۡغَيۡثَ وَيَعۡلَمُ مَا فِي ٱلۡأَرۡحَامِۖ وَمَا تَدۡرِي نَفۡسٞ مَّاذَا تَكۡسِبُ غَدٗاۖ وَمَا تَدۡرِي نَفۡسُۢ بِأَيِّ أَرۡضٖ تَمُوتُۚ إِنَّ ٱللَّهَ عَلِيمٌ خَبِيرُۢ﴾ ؟

1059) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം

{തീർച്ചയായും അല്ലാഹുവിൻറെ പക്കലാണ് അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ്. അവൻ മഴപെയ്യിക്കുന്നു. ഗർഭാശയത്തിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു. നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു}

الجواب:

في سورة لقمان.

ഉത്തരം :

സൂറത്തു ലുഖ്മാൻ – ൽ.

١٠٦٠ .ما هو السراج الوهاج ؟

1060) അസ്സിറാജുൽ വഹ്ഹാജ് എന്നാൽ എന്താണ്?

الجواب

الشمس.

ഉത്തരം:

സൂര്യൻ.

١٠٦١ .من هم المغضوب عليهم؟ ومن هم الضالون في سورة الفاتحة ؟

1061) സൂറത്തുൽ ഫാതിഹ – യിൽ പരാമർശിക്കപ്പെട്ട കോപത്തിന്ന് ഇരയായവരും പിഴച്ചുപോയവരും ആരൊക്കെയാണ്?

الجواب:

- ❖ المغضوب عليهم: اليهود
- ❖ والضالون: النصارى

ഉത്തരം :

- ❖ കോപത്തിന്ന് ഇരയായവർ : യഹൂദികൾ.
- ❖ പിഴച്ചുപോയവർ: നസ്റാണികൾ.

١٠٦٢ .بماذا ثبت الله الأرض ؟

1062) എന്ത് മുഖേനയാണ് അല്ലാഹു ഭൂമിയെ ഉറപ്പിച്ചു നിർത്തിയത് ?

الجواب:

بالجبال.

ഉത്തരം :

പർവ്വതങ്ങൾ മുഖേന.

١٠٦٣ .كم مقدار اليوم عند الله ؟

1063) അല്ലാഹുവിന്റെ അടുക്കൽ ഒരു ദിവസത്തിന്റെ അളവ് എത്രയാണ്?

الجواب:

بألف سنة مما نعد.

ഉത്തരം :

നാം എണ്ണിവരുന്ന തരത്തിലുള്ള ആയിരം വർഷം.

١٠٦٤. ما هو أضعف البيوت ؟

1064) വീടുകളിൽ വെച്ച് ഏറ്റവും ദുർബലമായ വീട് ഏതാണ്?

الجواب:

بيت العنكبوت.

ഉത്തരം :

എട്ടുകാലിയുടെ വീട്.

١٠٦٥. ما هي البلدة التي حرمها الله ؟

1065) അല്ലാഹു പവിത്രമാക്കിയ നാട് ഏതാണ്?

الجواب:

هي مكة.

ഉത്തരം :

അത് മക്കയാകുന്നു.

١٠٦٦ .ما هي أم القرى ؟

1066) ഉമ്മുൽഖുറാ എന്നാൽ ഏതാണ്?

الجواب:

هي مكة.

ഉത്തരം :

അത് മക്കയാകുന്നു.

١٠٦٧ .ما هي طيبة وطابة ؟

1067) ത്വയ്ബത് – ഉം ത്വാബത് – ഉം ആയ നാട് ഏതാണ് ?

الجواب :

هي المدينة.

ഉത്തരം :

അത് മദീനയാകുന്നു.

١٠٦٨ .من القائل: (لو أن رجلا أراد فيه بإلحاد بظلم وهو بعدن أبين لأذاقه الله من العذاب الأليم) أي في البيت الحرام؟

1068) ("ഒരു പുരുഷൻ അവൻ അദനിലോ അബ്‌യനിലോ ഇരിക്കെ അവിടെ വെച്ച് (അതായത് അൽ ബയ്ത്തുൽ ഹറാം – ൽ) അന്യായമായി ധർമ്മവിരുദ്ധമായ വല്ലതും ചെയ്യാൻ ഉദ്ദേശിക്കുന്ന പക്ഷം അവന്ന് വേദനയേറിയ ശിക്ഷയിൽ നിന്നും അല്ലാഹു ആസ്വദിപ്പിക്കുകതന്നെ ചെയ്യുന്നതാണ് ") എന്ന് പറഞ്ഞത് ആരാണ്?

الجواب:

عبدالله بن مسعود رضي الله عنـه.

ഉത്തരം :

അബ്ദുല്ലാഹ് ബ്നു മസ്ഊദ് رضي الله عنه.

١٠٦٩ .ما هما الثقلان، والعمران، والقبلتان، والحرمان، والصحيحان، والقمران، والأصغران، والأسودان ؟

1069) അസ്സഖലാൻ, അൽ ഉമറാൻ, അൽ ഖിബ്‌ലത്താൻ, അൽ ഹറമാൻ, അസ്സ്വഹീഹാൻ, അൽ ഖമറാൻ, അൽ അസ്ഗറാൻ, അൽ അസ്‌വദാൻ എന്നാൽ ആരൊക്കെയാണ്?

الجواب:

- ❖ الثقلان: الأنس، والجن.
- ❖ العمران: أبو بكر، وعمر.
- ❖ القبلتان: الكعبة، والمسجد الأقصى.
- ❖ الحرمان: مكة، والمدينة.
- ❖ الصحيحان: البخاري، ومسلم.
- ❖ القمران: الشمس، والقمر.
- ❖ الأصغران: القلب، واللسان.
- ❖ الأسودان: التمر، والماء مما يطعم. والحية، والعقرب من ذوات السم.

ഉത്തരം :

- ❖ അസ്സഖലാൻ : മനുഷ്യനും, ജിന്നും
- ❖ അൽ ഉമറാൻ : അബൂ ബക്കറും, ഉമറും
- ❖ അൽ ഖിബ്ലത്താൻ : കഅ്ബയും, അൽമസ്ജിദുൽ അഖ്സാ – യും
- ❖ അൽ ഹറമാൻ : മക്കയും, അൽ മദീനയും
- ❖ അസ്സ്വഹീഹാൻ : അൽ ബുഖാരിയും, മുസ്ലിമും
- ❖ അൽ ഖമറാൻ : സൂര്യനും, ചന്ദ്രനും
- ❖ അൽ അസ്ഗറാൻ : ഹൃദയവും, നാവും
- ❖ അൽ അസ്വദാൻ : ഭക്ഷിക്കപ്പെടുന്നവയിൽ നിന്ന് ഈത്തപ്പഴവും, വെള്ളവും. വിഷജന്തുക്കളിൽ നിന്ന് പാമ്പും, തേളും.

١٠٧٠. كم أقسام الناس في أول سورة البقرة ؟.

1070) സൂറത്തുൽ ബഖറ – യിലെ തുടക്കത്തിൽ എത്രയിനം മനുഷ്യരെ പരാമർശിക്കുന്നുണ്ട്?

الجواب:

مؤمن، وكافر، ومنافق.

ഉത്തരം :

മുഅ്മിൻ, കാഫിർ, മുനാഫിഖ്.



١٠٧١ .ما هي أحب بلدة إلى الله ورسوله ﷺ؟

1071) അല്ലാഹുവിനും അവന്റെ റസൂലിനും ﷺ ഏറ്റവും ഇഷ്ടമുള്ള നാട് ഏതാണ്?

الجواب:

مكة.

ഉത്തരം :

മക്ക.

١٠٧٢ .ما هي أحب البقاع إلى الله؟

1072) അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട സ്ഥലം ഏതാണ്?

الجواب:

المساجد.

ഉത്തരം :

പള്ളികൾ.

١٠٧٣ .ما هي أبغض البقاع إلى الله ؟

1073) അല്ലാഹുവിന് ഏറ്റവും വെറുപ്പുള്ള സ്ഥലം ഏതാണ്?

الجواب:

الأسواق.

ഉത്തരം :

അങ്ങാടികൾ.

١٠٧٤ .كم مفاصل الإنسان ؟

1074) ഒരു മനുഷ്യന് എത്ര സന്ധികളുണ്ട്?

الجواب:

ستون وثلاثمائة مفصل.

ഉത്തരം :
മുന്നൂറ്റി അറുപത് സന്ധികൾ.

١٠٧٥ .كم عدد الشهور ؟

1075) മാസങ്ങളുടെ എണ്ണം എത്രയാണ്?

الجواب:

اثنا عشر شهرًا.

ഉത്തരം :
പന്ത്രണ്ടു മാസങ്ങൾ.

١٠٧٦ .ما أسماء الأشهر ؟

1076) മാസങ്ങളുടെ പേരുകൾ എന്തൊക്കെയാണ്?

الجواب:

محرم، صفر، ربيع الأول، ربيع الثاني، جمادى الأول، جمادى الثاني، رجب، شعبان، رمضان، شوال، ذو القعدة، ذو الحجة.

ഉത്തരം :

മുഹർറം, സ്വഫർ, റബീഅ് അൽ അവ്വൽ, റബീഅ് അസ്സാനീ, ജമാദാ അൽ അവ്വൽ, ജമാദാ അസ്സാനീ (അൽ ആഖിർ), റജബ്, ശഅ്ബാൻ, റമദാൻ, ശവ്വാൽ, ദുൽ ഖഅ്ദ, ദുൽ ഹിജ്ജ.

١٠٧٧. ما هي الأشهر الحرم ؟

1077) ഏതൊക്കെയാണ് വിലക്കപ്പെട്ടമാസങ്ങൾ ?

الجواب:

ذو القعدة، ذو الحجة، محرم، رجب.

ഉത്തരം :

ദുൽ ഖഅ്ദ, ദുൽ ഹിജ്ജ, മുഹർറം, റജബ്.

١٠٧٨. من هو اليتيم ؟

1078) യതീം എന്നാൽ ആരാണ്?

الجواب:

هو الذي مات أبوه وهو دون البلوغ.

ഉത്തരം :

അവൻ പ്രായപൂർത്തിയാകും മുമ്പേ തന്റെ ഉപ്പ മരണപ്പെട്ടവനാകുന്നു.

١٠٧٩ .من هما الضعيفان في قول النبي ﷺ: (اللهم إني أحرج حق الضعيفين ؟)

1079) ((അല്ലാഹുവേ നിശ്ചയമായും ഞാൻ രണ്ടു ദുർബലരുടെ അവകാശത്തെ ജനങ്ങൾക്ക് (അവരതിൽ വീഴ്ച വരുത്താതിരിക്കാൻ) ഞെരുങ്ങിയതാക്കുന്നു)) എന്ന നബിയുടെ ﷺ വാക്കുകളിലെ രണ്ടു ദുർബലർ ആരൊക്കെയാണ്?

الجواب:

هما اليتيم، والمرأة.

ഉത്തരം :

അവരാകുന്നു യതീമും, സ്ത്രീയും.

١٠٨٠ .ما الفرق بين صيامنا وصيام أهل الكتاب ؟

1080) നമ്മുടെ നോമ്പിനും വേദക്കാരുടെ (യഹൂദികളുടെയും നസ്റാണികളുടെയും) നോമ്പിനുമിടയിലുള്ള വ്യത്യാസം എന്താണ്?

الجواب:

أكلة السحور.

ഉത്തരം :

അത്താഴം കഴിക്കൽ.

١٠٨١ .متى يكون يوم عرفة ؟

1081) എന്നാണ് അറഫ ദിവസം?

الجواب:

هو اليوم التاسع من ذي الحجة.

ഉത്തരം :

ദുൽ ഹിജ്ജ – യിലെ ഒൻപതാം തിയ്യതി.

١٠٨٢ .ما هو أكثر يوم يعتق الله فيه أناسا من النار؟

1082) നരകത്തിൽ നിന്നും അല്ലാഹു ഏറ്റവും അധികം മനുഷ്യരെ മോചിപ്പിക്കുന്ന ദിവസം ഏതാണ്?

الجواب:

يوم عرفة.

ഉത്തരം :

അറഫ ദിവസം.

١٠٨٣ .متى يكون يوم عاشوراء؟

1083) എന്നാണ് ആശൂറാ ദിവസം?

الجواب:

هو اليوم العاشر من محرم.

ഉത്തരം :

അത് മുഹർറം (മാസത്തിലെ) പത്താം തിയ്യതിയാകുന്നു.

١٠٨٤ .كم نحر النبي ﷺ بيده من الهدي في حجته ؟

1084) തന്റെ ഹജ്ജിൽ സ്വന്തം കൈകൊണ്ട് നബി ﷺ എത്ര ബലിമൃഗങ്ങളെ ബലിനൽകി?

الجواب:

ثلاثًا وستين بدنه.

ഉത്തരം :

തന്റെ കൈകൊണ്ട് ﷺ അറുപത്തിമൂന്ന് ബലിമൃഗങ്ങളെ ബലിനൽകി.

١٠٨٥ .من نحر الباقي ؟

1085) അവശേഷിച്ചവയെ ബലിനൽകിയത് ആരാണ്?

الجواب:

علي بن أبي طالب رضي الله عنـه.

ഉത്തരം :

അലി ബ്നു അബീ ത്വാലിബ് رضي الله عنه.



١٠٨٦ .ما أول ما يقضى بين الناس يوم القيامة ؟

1086) ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മനുഷ്യർക്കിടയിൽ ആദ്യം വിധിക്കപ്പെടുക ഏതു കാര്യത്തെ സംബന്ധിച്ചാണ്?

الجواب:

من حقوق الله أول ما يحاسبون عليه (الصلاة)، ومن الحقوق المتعلقة بالمخلوقين (الدماء).

ഉത്തരം :

അല്ലാഹുവിന്റെ അവകാശങ്ങളിൽ നിന്നും (അവന്റെ അടിമകൾ) ആദ്യം കണക്കുനോക്കപ്പെടുക നിസ്കാരമാകുന്നു, സൃഷ്ടികളുടെ അവകാശങ്ങളിൽ നിന്നും രക്തവും (രക്തം ചിന്തലിനെ സംബന്ധിച്ചും).

١٠٨٧ .اذكر خمسًا من الفواسق ؟

1087) ഫവാസിഖുകളിൽ (ഉപദ്രവകാരികളായ ജീവികളിൽ) നിന്നും അഞ്ചെണ്ണത്തെ പരാമർശിക്കുക?

الجواب:

الكلب العقور، الغراب، العقرب، الفأرة، الحية.

ഉത്തരം :

ക്രൂരനായ പട്ടി, കാക്ക, തേൾ, എലി, വിഷപ്പാമ്പ്.

١٠٨٨. ما حكم هذه الخمس ؟

1088) ഈ അഞ്ചെണ്ണത്തിന്റെ കാര്യത്തിലെ വിധിയെന്താണ്?

الجواب:

تقتل في الحل والحرم.

ഉത്തരം :

(ഒരുവൻ) ഇഹ്റാമിൽ അല്ലെങ്കിലും ഇഹ്റാമിൽ ആണെങ്കിലും അവയെ കൊല്ലണം.

١٠٨٩. اذكر أربعًا من الدواب نهى النبي ﷺ عن قتلها ؟

1089) നബി ﷺ കൊല്ലുന്നതിനെ തൊട്ട് വിലക്കിയ ജീവികളിൽ നിന്നും നാലെണ്ണം പരാമർശിക്കുക?

الجواب:

النملة، النحلة، الهدهد، الصرد.

ഉത്തരം :

ഉറുമ്പ്, തേനീച്ച, മരംകൊത്തി, സർദ് (ഒരിനം പക്ഷി).

١٠٩٠. ما هو الحيوان الذي قال النبي ﷺ أنه من دواب الجنة؟

1090) ഏത് മൃഗത്തെ കുറിച്ചാണ് നബി ﷺ അത് സ്വർഗ്ഗത്തിലെ മൃഗങ്ങളിൽ നിന്നുള്ളതാണ് എന്ന് പറഞ്ഞത്?

الجواب:

الغنم.

ഉത്തരം :

ആട്.

١٠٩١ .اذكر مراحل الجنين في بطن أمه ؟

1091) ഉമ്മയുടെ ഉദരത്തിലുള്ള ഭ്രൂണത്തിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ പരാമർശിക്കുക?

الجواب:

أربعون يومًا نطفة، ثم أربعون يومًا علقة، ثم أربعون يومًا مضغة، ثم عظامًا، ثم يكسى العظام لحمًا.

ഉത്തരം :

നാൽപതു ദിവസം ബീജകണമായും, പിന്നീട് നാൽപതു ദിവസം ആ ബീജകണം ഭ്രൂണമായും, പിന്നീട് നാൽപതു ദിവസം ആ ഭ്രൂണം മാംസപിണ്ഡമായും, പിന്നീട് ആ മാംസപിണ്ഡം അസ്ഥികൂടമായും, പിന്നീട് ആ അസ്ഥികൂടത്തെ മാംസം കൊണ്ട് പൊതിയപ്പെടും.

١٠٩٢ .من هم أطول الناس أعناقا يوم القيامة ؟

1092) ഉയർത്തെഴുന്നേൽപ്പിന്റെ നാളിൽ മനുഷ്യരിൽ ഏറ്റവും നീണ്ട കഴുത്തുള്ളവർ ആരായിരിക്കും?

الجواب:

المؤذنون.

ഉത്തരം :

മുഅദ്ദിന്മാർ (ബാങ്ക് കൊടുക്കുന്നവർ).

١٠٩٣. ما هو خير يوم طلعت عليه الشمس ؟

1093) സൂര്യൻ ഉദിച്ച ഏറ്റവും നല്ല  ദിവസം ഏതാണ്?

الجواب:

يوم الجمعة.

ഉത്തരം :

ജുമുഅ ദിവസം.

١٠٩٤. في أي يوم تعرض الأعمال على الله ؟

1094) അല്ലാഹുവിന് അവന്റെ അടിമകളുടെ കർമ്മങ്ങൾ കാണിക്കപ്പെടുക ഏതു ദിവസത്തിലാണ്?

الجواب:

يوم الاثنين، ويوم الخميس.

ഉത്തരം :

തിങ്കളാഴ്ച്ചയും, വ്യാഴാഴ്ച്ചയും.

١٠٩٥. ما هو يوم الحج الأكبر ؟

1095) മഹത്തായ ഹജ്ജിൻറെ ദിവസം ഏതാണ്?

الجواب:

هو يوم النحر.

ഉത്തരം :

അത് യൗമുന്നഹ്ർ ആകുന്നു (ബലിയർപ്പണ ദിവസം).

١٠٩٦ .ما هي السُنَّة عند الصعود في السفر ؟

1096) യാത്രയിൽ ഉയർന്നയിടങ്ങളിലൂടെ കയറുമ്പോൾ ഉള്ള സുന്നത്ത് എന്താണ്?

الجواب:

التكبير.

ഉത്തരം :

അല്ലാഹു അക്ബർ എന്ന് പറയൽ.

١٠٩٧ .ما هي السُنَّة عند النزول في السفر ؟

1097) യാത്രയിൽ താഴ്ന്നയിടങ്ങളിലൂടെ ഇറങ്ങുമ്പോൾ ഉള്ള സുന്നത്ത് എന്താണ് ?

الجواب:

التسبيح.

ഉത്തരം :
"സുബ്ഹാനല്ലാഹ്" എന്ന് പറയൽ.



١٠٩٨ .في أي يوم كان النبي ﷺ يستحب السفر ؟

1098) ഏതു ദിവസമാണ് നബി ﷺ യാത്ര തിരഞ്ഞെടുത്തിരുന്നത്?

الجواب:

في يوم الخميس.

ഉത്തരം :

വ്യാഴാഴ്ച.

١٠٩٩ .كيف تودع المسافر؟ وكيف يرد؟

1099) ഒരു യാത്രക്കാരന് യാത്രയയപ്പ് നൽകേണ്ടതെങ്ങനെ? അവൻ അതിന് മറുപടി നൽകേണ്ടതെങ്ങനെ?

الجواب:

أقول له: (أستودع الله دينك، وأمانتك، وخواتيم عملك)

ويرد بقوله: ( أَسْتَـوْدِعُكُمُ الله الَّذي لا تَضِيعُ وَدائِعُـهُ ).

ഉത്തരം :

ഞാൻ അവനോട് പറയും:

"അസ്തൗവ്ദിഉല്ലാഹ ദീനക്ക വ അമാനതക്ക, വ ഖവാതീമ അമലിക്ക."

(താങ്കളുടെ മതനിഷ്ഠയും സത്യസന്ധതയും കർമ്മഫലവും ഞാൻ അല്ലാഹുവിൽ വിശ്വസിച്ചേൽപിക്കുന്നു)

അവൻ മറുപടിയായികൊണ്ട് തന്റെ (ഈ) വാക്കുകൾ പറയണം :

"അസ്തൗവ്ദിഉകുമുല്ലാഹല്ലദീ ലാ തദ്വീഉ വദാഇഉഹു"

(ഞാൻ നിങ്ങളെ അല്ലാഹുവിൽ വിശ്വസിച്ചേൽപിക്കുന്നു. അവനിൽ വിശ്വസിച്ചേൽപ്പിക്കപ്പെടുന്നവ പാഴായിപ്പോകുകയില്ല).

١١٠٠ .ما هو دعاء الركوب ؟

1100) എന്താണ് വാഹനത്തിൽ കയറുമ്പോഴുള്ള ദുആ?

الجواب :

سبحان الذي سخر لنا هذا، وما كنا له مقرنين، وإنا إلى ربنا لمنقلبون.

ഉത്തരം :

"സുബ്ഹാനല്ലദീ സഖ്ഖറ ലനാ ഹാദാ വമാ കുന്നാ ലഹു മുഖ്രിനീൻ, വഇന്നാ ഇലാ റബ്ബിനാ ലമുൻകലിബൂൻ"

(ഞങ്ങൾക്ക് വേണ്ടി ഇതിനെ വിധേയമാക്കിത്തന്നവൻ എത്ര പരിശുദ്ധൻ ഞങ്ങൾക്കതിനെ ഇണക്കുവാൻ കഴിയുമായിരുന്നില്ല, തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ റബ്ബിലേക്ക് തിരിച്ചെത്തുന്നവർ തന്നെയാകുന്നു.)

١١٠١ .ما هي الشجرة التي ماؤها شفاءٌ للعين ؟

1101) കണ്ണിലെ അസുഖങ്ങൾക്ക് ശമനമായ നീര് ഏത് വൃക്ഷത്തിന്റേതാണ്?

الجواب:

الكمأة.

ഉത്തരം :

ഭക്ഷ്യകൂൺ.

١١٠٢. ما هي الريح التي نُصِرَ بها النبي ﷺ؟

1102) ഏത് കാറ്റ് മുഖേനയാണ് നബി ﷺ സഹായിക്കപ്പെട്ടത്?

الجواب:

الصبا.

ഉത്തരം :

അസ്സ്വബാ.

١١٠٣. ما هي الريح التي أُهْلِكَ بها قوم عاد ؟

1103) ഏതു കാറ്റ് മുഖേനയാണ് ആദ് സമൂഹം നശിപ്പിക്കപ്പെട്ടത് ?

الجواب:

الدبور.

ഉത്തരം :

അദ്ദബൂർ.

١١٠٤. ما هي الصَّبا ؟

1104) അസ്സ്വബാ എന്നാൽ എന്താണ്?

الجواب:

الريح تأتي من المشرق.

ഉത്തരം :

കിഴക്കുനിന്നും വരുന്ന കാറ്റാകുന്നു അത്.

١١٠٥ .ما هي الدبور ؟

1105) അദ്ദബൂർ എന്നാൽ എന്താണ്?

الجواب:

الريح تأتي من المغرب.

ഉത്തരം :

പടിഞ്ഞാറുനിന്നും വരുന്ന കാറ്റാകുന്നു അത്.

١١٠٦ .من هو الذي يخرب الكعبة آخر الزمان ؟

1107) അവസാന കാലത്ത് കഅ്ബ തകർക്കുന്നത് ആരായിരിക്കും?

الجواب:

ذو السويقتين من الحبشة.

ഉത്തരം :

ഹബശയിൽ നിന്നുമുള്ള ദുസ്സുവയ്ഖതയ്ൻ.

١١٠٧ .إلى أين كانت رحلة الشتاء لأهل قريش ؟

1107) ഖുറൈശുകാരുടെ ശൈത്യകാലത്തെ യാത്ര എങ്ങോട്ടായിരുന്നു?

الجواب:

إلى اليمن.

ഉത്തരം :

യമനിലേക്ക്.

١١٠٨ .إلى أين كانت رحلة الصيف لأهل قريش ؟

1108) ഖുറൈശുകാരുടെ ഉഷ്ണകാലത്തെ യാത്ര എങ്ങോട്ടായിരുന്നു?

الجواب:

إلى الشام.

ഉത്തരം :

ശാമിലേക്ക്.

١١٠٩ .عدد الأصابع ابتداء من الإصبع الكبيرة ؟

1109) വലിയ വിരൽ മുതൽ വിരലുകളെ അവയുടെ പേരുകൾ പരാമർശിച്ചുകൊണ്ട് എണ്ണുക?

الجواب:

الإبهام, السبابة, الوسطى, البنصر, الخنصر.

ഉത്തരം :

- ❖ അൽ ഇബ്ഹാം (തള്ളവിരൽ)
- ❖ അസ്സബ്ബാബ (ചൂണ്ടുവിരൽ)
- ❖ അൽ വുസ്ഥാ (നടുവിരൽ)
- ❖ അൽ ബിൻസിർ (മോതിര വിരൽ)
- ❖ അൽ ഖിൻസിർ (ചെറുവിരൽ)

١١١٠ .ما هو الحنيف ؟

1110) അൽ ഹനീഫ് എന്നതിന്റെ നിർവചനം എന്താണ്?

الجواب:

المقبل على الله المعرض عما سواه.

ഉത്തരം :

അവനാകുന്നു അല്ലാഹുവെ മാത്രം അഭിമുഖീകരിച്ചവനും അവനൊഴികെയുള്ള സർവ്വതിനെ തൊട്ട് തിരിഞ്ഞു കളഞ്ഞവനും.

١١١١. من هو أشد الناس خشية لله ؟

1111) ജനങ്ങളിൽ വെച്ച് ഏറ്റവും ശക്തമായ നിലയിൽ അല്ലാഹുവെ ഭയപ്പെടുന്നത് ആരാണ്?

الجواب:

العلماء، وذروتهم الأنبياء.

ഉത്തരം :

പണ്ഡിതന്മാർ, അവരിൽ ഏറ്റവും ഉയർന്ന തലത്തിലുള്ളത് നബിമാരാകുന്നു.

١١١٢. هل الجمادات تخشى الله عز وجل ؟

1112) (അനക്കമില്ലാത്ത) നിർജീവമായ വസ്തുക്കൾ അല്ലാഹുവെ ഭയപ്പെടുന്നുണ്ടോ?

الجواب:

نعم.

ഉത്തരം :

അതെ.

١١١٣ .ما اسم الحيوان الذي كان ينفخ النار على إبراهيم عليه السلام؟

1113) ഇബ്റാഹീം عليه السلام –ന് മേൽ (ആളിക്കത്താൻ) തീയിൽ ഊതിയിരുന്ന ജീവിയുടെ പേരെന്താണ്?

الجواب:

الوزغة.

ഉത്തരം :

പല്ലി.

١١١٤ .ما أجر من قتل وزغة ؟

1114) പല്ലിയെ കൊന്നവനുള്ള പ്രതിഫലം എന്താണ്?

الجواب:

من قتلها في الضربة الأولى فله مائة حسنة.

ഉത്തരം :

ആരാണോ അതിനെ ആദ്യ അടിയിൽ കൊന്നത് അവന് പ്രതിഫലമായി നൂറ് നന്മകളുണ്ട്.

١١١٥ .اذكر بعض الأشياء التي كان النبي ﷺ يحبها في الأكل؟

1115) നബി ﷺ ഇഷ്ട്ടപ്പെട്ടിരുന്ന  ഭക്ഷണങ്ങളിൽ ചിലതിനെ പരാമർശിക്കുക?

الجواب:

الحلوى، والعسل، والقثاء بالرطب، الدباء، الزبد والتمر.

ഉത്തരം :

ഹൽവാ, തേൻ, വെള്ളരിക്കയും പാകമായ ഈന്തപ്പഴവും ചേർത്തുണ്ടാക്കിയത്, ചുരങ്ങ, വെണ്ണയും ഈന്തപ്പഴവും.

١١١٦. ما هو الثريد ؟

1116) അസ്സരിദ് എന്നാൽ എന്താണ്?

الجواب:

الخبز مع اللحم

ഉത്തരം :

ഖുബ്സും ഇറച്ചിയും ചേർത്തുണ്ടാക്കിയത്.

١١١٧. ما هي الشجرة التي كان النبي ﷺ يحبها ويتبعها في الصحفة ؟

1117) നബി ﷺ ഇഷ്ട്ടപ്പെട്ടിരുന്നതും ഭക്ഷണ തളികയിൽ തിരെഞ്ഞെടുത്തിരുന്നതുമായ സസ്യം ഏതാണ്?

الجواب:

شجرة الدباء.

ഉത്തരം :

ചുരങ്ങ.



١١١٨ .ما فوائد شجرة الدباء ؟

1118) എന്തൊക്കെയാണ് ചുരങ്ങയുടെ ഗുണങ്ങൾ ?

الجواب:

- ❖ سرعة نباته.
- ❖ تظليل ورقه لكبرها.
- ❖ لا يقربها الذباب.
- ❖ جودة أغذية ثمره.
- ❖ يؤكل نيئًا ومطبوخًا بلبه وقشره.

ഉത്തരം :

- ❖ അതിന്റെ പെട്ടെന്നുള്ള വളർച്ച.
- ❖ അതിന്റെ ഇലകളുടെ പരപ്പുകൊണ്ടത് തണൽ നൽകുന്നു എന്നത്.
- ❖ ഈച്ച അതിനെ സമീപിക്കുകയില്ല.
- ❖ അതിന്റെ പോഷണ നിലവാരം
- ❖ അതിന്റെ തോലിയും കാമ്പും പച്ചക്കോ വേവിച്ചോ ഭക്ഷിക്കപ്പെടാം എന്നത്.

١١١٩ .لماذا خلق الله النجوم ؟

1119) അല്ലാഹു നക്ഷത്രങ്ങളെ സൃഷ്ടിച്ചത് എന്തിനാണ്?

الجواب:

لثلاث : زينة للسماء, رجومًا للشياطين, علامات يهتدى بها.

ഉത്തരം :

മൂന്നു കാര്യങ്ങൾക്കാകുന്നു:

- ❖ ആകാശത്തിന് അലങ്കാരമായിക്കൊണ്ട്.
- ❖ പൈശാചിന്മാരെ എറിഞ്ഞോടിക്കാൻ.
- ❖ വഴിയറിയപ്പെടാൻ അടയാളങ്ങളായികൊണ്ട്.

١١٢٠. لماذا خلق الله الأنعام ؟

1120) അല്ലാഹു കന്നുകാലികളെ സൃഷ്ടിച്ചത് എന്തിനാണ്?

الجواب:

منها للركوب، ومنها لأكل لحومها وشرب ألبانها، ومنها لحمل الأثقال إلى البلاد البعيدة، والانتفاع من جلودها وأصوافها وغير ذلك من المنافع.

ഉത്തരം :

അവയിൽ നിന്നും വാഹനത്തിനു വേണ്ടിയും, അവയുടെ മാംസം ഭക്ഷിക്കാനും പാലു കുടിക്കാനും, വിദൂരമായ നാട്ടുകളിലേക്ക് ചുമടുകൾ വഹിക്കാനും, അവയുടെ തൊലികളിൽ നിന്നും രോമത്തിൽ നിന്നും ഉപകാരമെടുക്കാനും തുടങ്ങി മറ്റു പ്രയോജനകരമായ കാര്യങ്ങൾക്ക് വേണ്ടിയുമാകുന്നു അല്ലാഹു അവയെ സൃഷ്ടിച്ചത്.

١١٢١ .ماذا يسمى الأنثى من الخيل؟

1121) കുതിരയിലെ പെൺ വർഗ്ഗത്തെ വിളിക്കപ്പെടുന്നത് എന്താണ്?

الجواب:

فرسًا.

ഉത്തരം :

ഫറസ്.

١١٢٢ .قال الله تعالى: ((يخلقكم في بطون أُمهاتكم خلقًا من بعد خلق في ظلمات ثلاث)) ماهي الظلمات الثلاث ؟

1122) അല്ലാഹു تعالى പറഞ്ഞു :

((നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ നിങ്ങളെ അവൻ സൃഷ്ടിക്കുന്നു. മൂന്ന് തരം അന്ധകാരങ്ങൾക്കുള്ളിൽ സൃഷ്ടിയുടെ ഒരു ഘട്ടത്തിന് ശേഷം മറ്റൊരു ഘട്ടമായിക്കൊണ്ട്.)) ഏതൊക്കെയാണ് മൂന്ന് തരം അന്ധകാരങ്ങൾ ?

الجواب:

ظلمة الرحم, ظلمة المشيمة, ظلمة البطن.

ഉത്തരം :

- ഗർഭാശയത്തിന്റെ അന്ധകാരം.
- മറുപിള്ളയുടെ അന്ധകാരം.
- വയറിന്റെ അന്ധകാരം.

١١٢٣ .ما هي الشجرة التي يحتمي خلفها اليهود أثناء حربهم مع المسلمين آخر الزمان ؟

1123) അവസാനകാലത്ത് മുസ്ലീങ്ങളോടുള്ള യുദ്ധത്തിനിടയിൽ യഹൂദികൾ അഭയം തേടികൊണ്ട് മറഞ്ഞിരിക്കുക ഏത് വൃക്ഷത്തിന് പിറകിലാണ്?

الجواب:

شجرة الغرقد.

ഉത്തരം :

ഗർഖദ് വൃക്ഷം.

١١٢٤ .كم ارتفاع الكعبة ؟

1124) കഅ്ബയുടെ ഉയരം എത്രയാണ്?

الجواب:

ثلاثة عشر مترًا.

ഉത്തരം :

പതിമൂന്ന് മീറ്റർ.

١١٢٥ .ذَكَرَ الله عز وجل في القرآن في نواة التمر ثلاثة أشياء فما هي ؟

1125) അല്ലാഹു عز وجل ഖുർആനിൽ ഈന്തപ്പഴക്കുരുവിനെ കുറിച്ച് മൂന്ന് കാര്യങ്ങൾ പരാമർശിച്ചിട്ടുണ്ട് അവ എന്തൊക്കെയാണ്?

الجواب:

- ❖ النقير: النقرة في ظهر نواة التمر.
- ❖ الفتيل: الخيط في وسط نواة التمر.
- ❖ القطمير: هو اللفافة حول نواة التمر.

ഉത്തരം :

- ❖ അന്നഖീർ: അത് ഈന്തപ്പഴക്കുരുവിന്റെ പുറം ഭാഗത്തുള്ള ചെറിയ ദ്വാരമാകുന്നു.
- ❖ അൽ ഫതീൽ: അത് ഈന്തപ്പഴക്കുരുവിന്റെ നടുവിലുള്ള നാരാകുന്നു.
- ❖ അൽ ഖിഥ്മീർ: അത് ഈന്തപ്പഴക്കുരുവിന്റെ ചുറ്റുമുള്ള പാടയാകുന്നു.

١١٢٦. بماذا وصف النبي ﷺ البيت الذي ليس فيه تمر؟

1126) ഈന്തപ്പഴം ഇല്ലാത്ത ഒരു വീടിനെ നബി ﷺ ആവിഷ്കരിച്ചതെങ്ങനെ ?

الجواب:

جياع أهله، أو كالبيت الذي لا طعام فيه.

ഉത്തരം :

അതിലെ ആളുകൾ വിശന്നവരോ അല്ലെങ്കിൽ അത് ഒരു ഭക്ഷണവും ഇല്ലാത്ത ഒരു വീടുപോലെയോ ആകുന്നു.

١١٢٧ .من هم الذين أنعم الله عليهم ؟

1127) അല്ലാഹു അനുഗ്രഹിച്ചവർ ആരെല്ലാം?

الجواب:

الأنبياء، و الصديقون، و الشهداء، و الصالحون.

ഉത്തരം :

നബിമാർ, സ്വിദ്ദീഖീങ്ങൾ (സത്യസന്ധൻമാർ) , ശുഹദാക്കൾ (രക്തസാക്ഷികൾ) , സ്വാലിഹീങ്ങൾ (സച്ചരിതൻമാർ).

١١٢٨ .من هو البعل ؟

1128) ബഅ്ൽ എന്നാൽ ആരാണ്?

الجواب:

الزوج.

ഉത്തരം :

ഭർത്താവ്.

١١٢٩ .أين العقل ؟

1129) ചിന്ത എവിടെയാണ്?

الجواب:

في القلب.

ഉത്തരം :

ഹൃദയത്തിൽ.

١١٣٠. مع من كان خاتم النبي ﷺ بعد موته ؟

1130) നബിയുടെ ﷺ മരണശേഷം അദ്ദേഹത്തിന്റെ മോതിരം ആരുടെ അടുക്കലായിരുന്നു?

الجواب:

كان مع أبي بكر رضي الله عنه، ثم مع عمر رضي الله عنه، ثم مع عثمان رضي الله عنه، وسقط عليه في بئر أريس.

ഉത്തരം :

അത് അബൂ ബക്കറിന്റെ رضي الله عنه അടുക്കലായിരുന്നു, അതിനുശേഷം ഉമറിന്റെ رضي الله عنه അടുക്കൽ, അതിനുശേഷം ഉസ്മാന്റെ رضي الله عنه അടുക്കൽ, തുടർന്ന് അരീസ് കിണറിൽ അദ്ദേഹത്തിനത് വീണുപോയി.

١١٣١. هل يمكن أن يكون للشخص قلبين ؟

1131) ഒരു വ്യക്തിക്ക് രണ്ടു ഹൃദയമുണ്ടാകുക എന്നത് സംഭവ്യമാണോ?

الجواب:

لا، قال الله تعالى: ((ما جعل الله لرجل من قلبين في جوفه )).

ഉത്തരം :

അല്ല, അല്ലാഹു تعالى പറഞ്ഞു : (യാതൊരു മനുഷ്യന്നും അവൻറെ ഉള്ളിൽ അല്ലാഹു രണ്ടു ഹൃദങ്ങളുണ്ടാക്കിയിട്ടില്ല).

١١٣٢ .اذكر بعض الأشياء التي وردت (سبعا) ؟

1132) ഏഴായി വന്നിട്ടുള്ള ചില കാര്യങ്ങൾ പരാമർശിക്കുക?

الجواب:

السموات سبع, الأرضون سبع, سبعة يظلهم الله في ظله, الفاتحة سبع آيات, الطواف سبعة أشواط, السعي سبعة أشواط, وفي رمي الجمار سبع حصيات, وأعضاء السجود سبعة.

ഉത്തരം :

- ❖ ആകാശങ്ങൾ ഏഴാകുന്നു.
- ❖ ഭൂമികൾ ഏഴാകുന്നു.
- ❖ അല്ലാഹു നൽകുന്ന തണലല്ലാതെ മറ്റൊരുതണലും ലഭിക്കാത്ത ദിവസത്തിൽ അല്ലാഹു തണൽ നൽകുന്നവർ ഏഴു വിഭാഗമാളുകളാകുന്നു.
- ❖ അൽ ഫാതിഹ ഏഴു ആയത്തുകളാകുന്നു.
- ❖ ത്വവാഫ് ഏഴു ചുറ്റാകുന്നു.
- ❖ സഫാ മർവ മലകൾക്ക് ഇടയിലുള്ള നടത്തം ഏഴു പ്രദക്ഷിണമാകുന്നു.
- ❖ ജമ്റ – യിലുള്ള ഏറിൽ ഏഴു കല്ലുകളാകുന്നു.
- ❖ സുജൂദിന്റെ അവയവങ്ങൾ ഏഴാകുന്നു.
- ❖

## كتب و مؤلفات و علماء ورجال

## (2) കിതാബുകളും ഗ്രന്ഥങ്ങളും പണ്ഡിതന്മാരും നിവേദകരും

١١٣٣. اذكر سبعة تفاسير سلفية ؟

1133) ഏഴ് സലഫി തഫ്സീറുകളെ പരാമർശിക്കുക?

الجواب:

تفسير ابن كثير, تفسير ابن أبي حاتم ,تفسير ابن جرير ,تفسير البغوي ,

تفسير ابن تيمية ,تفسير الشنقيطي ,تفسير السعدي رحمهم الله.

ഉത്തരം :

- തഫ്സീർ ബ്നി കസീർ
- തഫ്സീർ ബ്നി അബീ ഹാതിം
- തഫ്സീർ ബ്നി ജരീർ
- തഫ്സീർ അൽ ബഗവീ
- തഫ്സീർ ബ്നി തയ്മിയ്യ
- തഫ്സീർ അശ്ശിൻഖീത്വീ
- തഫ്സീർ അസ്സഅ്ദീ رحمهم الله.



١١٣٤. ما هو أحسن التفاسير ؟

1134) തഫ്സീറുകളിൽ ഏറ്റവും മികച്ചത് ഏതാണ്?

الجواب:

تفسير ابن كثير رحمه الله.

ഉത്തരം :

തഫ്സീർ ബ്നി കസീർ رحمه الله.

١١٣٥. اذكر ثلاثة من التفاسير المبتدعة؟

1135) ബിദ്അത്തുകാരുടെ തഫ്സീറുകളിൽ നിന്നും മൂന്നെണ്ണം പരാമർശിക്കുക?

الجواب:

الكشاف: للزمخشري، ومختصر ابن كثير: للصابوني، وفي ظلال القرآن: لسيد قطب.

ഉത്തരം :

സമഖ്ശരിയുടെ: അൽ കാശിഫ്, സ്വാബൂനിയുടെ: മുഖ്തസ്വർ ബ്നി കസീർ, സയ്യിദ് ഖുഥുബിന്റെ: ഫീ ളിലാലിൽ ഖുർആൻ.

١١٣٦. ما أحسن كتاب في الكبائر ؟

1136) വൻ പാപങ്ങളെ സംബന്ധിച്ചുള്ളതിൽ ഏറ്റവും മികച്ച കിതാബ് ഏതാണ്?

الجواب:

الزواجر عن اقتراف الكبائر لابن حجر الهيتمي رحمه الله.

ഉത്തരം :

ഇബ്നു ഹജർ അൽ ഹയ്തമീ – യുടെ رحمه الله അസ്സവാജിർ അനിഖ്തിറാഫിൽ കബാഇർ.

١١٣٧. ما أحسن كتاب في التاريخ ؟

1137) ചരിത്രത്തെ സംബന്ധിച്ചുള്ളതിൽ ഏറ്റവും മികച്ച കിതാബ് ഏതാണ്?

الجواب:

البداية والنهاية لأبن كثير رحمه الله.

ഉത്തരം :

ഇബ്നു കസീറിന്റെ رحمه الله അൽ ബിദായ വന്നിഹായ.

١١٣٨. ما هي أصح الكتب المصنفة؟

1138) രചിക്കപ്പെട്ട ഗ്രന്ഥങ്ങളിൽ ഏറ്റവും വിശ്വാസ്യയോഗ്യമായവ ഏതൊക്കെയാണ്?

الجواب:

صحيح البخاري وصحيح مسلم.

ഉത്തരം :

സ്വഹീഹുൽ ബുഖാരീ – യും സ്വഹീഹ് മുസ്ലിം – മും.

١١٣٩. ما هي الأمهات الست ؟

1139) അൽ ഉമ്മുഹാത്തുസ്സിത്ത എന്നറിയപ്പെടുന്ന ഗ്രന്ഥങ്ങൾ ഏതൊക്കെയാണ്?

الجواب:

صحيح البخاري ,صحيح مسلم ,سنن أبي داود, سنن ابن ماجه, سنن النسائي, سنن الترمذي رحمهم الله.

ഉത്തരം :

- ❖ സ്വഹീഹുൽ ബുഖാരീ
- ❖ സ്വഹീഹ് മുസ്ലിം
- ❖ സുനനു അബീ ദാവൂദ്
- ❖ സുനനു ബ്നി മാജ
- ❖ സുനനുന്നസാഇൗ
- ❖ സുനനുത്തിർമിദീ رحمهم الله.

١١٤٠. ما هي السنن الأربع ؟

1140) നാലു സുനനുകൾ എന്നറിയപ്പെടുന്ന ഗ്രന്ഥങ്ങൾ ഏതൊക്കെയാണ്?

الجواب:

هي: سنن أبي داود ,سنن ابن ماجه ,سنن النسائي ,سنن الترمذي رحمهم الله.

ഉത്തരം :

അവ: സുനനു അബീ ദാവൂദ്, സുനനു ബ്നി മാജ, സുനനുന്നസാഇൗ, സുനനുത്തിർമിദീ.

١١٤١ .اذكر أسماء أصحاب الأمهات الست ؟

1141) അൽ ഉമ്മുഹാത്തുസ്സിത്ത – യുടെ രചയിതാക്കളുടെ പേരുകൾ പരാമർശിക്കുക?

الجواب:

- ❖ البخاري: هو محمد بن إسماعيل.
- ❖ مسلم: هو مسلم بن الحجاج.
- ❖ أبو داود: هو سليمان بن الأشعث.
- ❖ ابن ماجه: هو محمد بن يزيد القزويني.
- ❖ الترمذي: هو محمد بن عيسى.
- ❖ النسائي: هو أحمد بن شعيب رحمهم الله.

ഉത്തരം :

- ❖ അൽ ബുഖാരീ: അദ്ദേഹമാകുന്നു മുഹമ്മദ് ബ്നു ഇസ്മാഈൽ
- ❖ മുസ്ലിം: അദ്ദേഹമാകുന്നു മുസ്ലിം ബ്നുൽ ഹജ്ജാജ്
- ❖ അബൂ ദാവൂദ്: അദ്ദേഹമാകുന്നു സുലൈമാൻ ബ്നുൽ അശ്അസ്
- ❖ ഇബ്നു മാജ : അദ്ദേഹമാകുന്നു മുഹമ്മദ് ബ്നു യസീദ് അൽ ഖസ്വീനീ
- ❖ അത്തിർമിദീ : അദ്ദേഹമാകുന്നു മുഹമ്മദ് ബ്നു ഈസ
- ❖ അന്നസാഈ : അദ്ദേഹമാകുന്നു അഹ്മദ് ബ്നു ശുഅയ്ബ് رحمهم الله.

١١٤٢ .اذكر بعض أمراء المؤمنين في الحديث ؟

1142) ഹദീസ് നിവേദനത്തിലെ മുഅ്മിനീങ്ങളുടെ നേതാക്കന്മാരിൽ ചിലരെ പരാമർശിക്കുക?

الجواب:

أبو الزناد، وشعبة، والبخاري، وأحمد، والدار قطني رحمهم الله

ഉത്തരം :

അബുസ്സിനാദ്, ശുഅ്ബ, അൽ ബുഖാരീ, അഹ്മദ്, അദ്ദാറഖുഥ്നീ رحمهم الله.

١١٤٣ .من هم دهاة العرب؟

1143) അറബികളിലെ ബുദ്ധിജീവികൾ എന്നറിയപ്പെടുന്നത് ആരൊക്കെയാണ്?

الجواب:

عمرو بن العاص, المغيرة بن شعبة, معاوية بن أبي سفيان, زياد بن أبيه رضي الله عنهم.

ഉത്തരം :

- ❖ അമ്ർ ബ്നുൽ ആസ്
- ❖ അൽ മുഗീറത്തു ബ്നു ശുഅ്ബ
- ❖ മുആവിയത്തു ബ്നു അബീ സുഫിയാൻ
- ❖ സിയാദ് ബ്നു അബീഹി رضي الله عنهم.

١١٤٤. اذكر بعض زنادقة الإسلام ؟

1144) സിൻദീഖുകളിൽ (കപടവിശ്വാസികളിൽ) ചിലരെ പരാമർശിക്കുക?

الجواب:

أبو حيان التوحيدي, أبو العلاء المعري, ابن الراوندي.

ഉത്തരം :

- ❖ അബൂ ഹയ്യാൻ അത്തൗഹീദീ.
- ❖ അബുൽ അലാ മഅ്ർരീ.
- ❖ ഇബ്നുർറാവൻദീ.

١١٤٥. اذكر ثلاثة من مدعي النبوة ؟

1145) പ്രവാചകത്വം അവകാശപ്പെട്ടവരിൽ നിന്നും മൂന്നുപേരെ പരാമർശിക്കുക?

الجواب:

مسيلمة الكذاب, الأسود العنسي, طليحة الأسدي.

ഉത്തരം :

- ❖ മുസൈലിമ അൽ കദ്ദാബ്.
- ❖ അൽ അസ്‌വദ് അൽ അൻസീ.
- ❖ ത്വുലൈഹ അൽ അസദീ.

١١٤٦ .من هي المرأة التي ادعت النبوة من بني تميم ؟

1146) ബനൂ തമീം ഗോത്രത്തിൽ നിന്നും പ്രവാചകത്വം അവകാശപ്പെട്ട സ്ത്രീ ആരാണ്?

الجواب:

سجاح.

ഉത്തരം :

സജാഹ്.

١١٤٧ .اذكر أربعة من أبرز علماء اليمن المتقدمين ؟

1147) യമനിലെ മുൻകഴിഞ്ഞുപോയവരായ പണ്ഡിതന്മാരിൽ നിന്നും ഏറ്റവും മികച്ച നാലുപേരെ പരാമർശിക്കുക?

الجواب:

عبد الرزاق بن همام الصنعاني, محمد بن إبراهيم الوزير, محمد بن إسماعيل الأمير, محمد بن علي الشوكاني رحمهم الله.

ഉത്തരം :

- അബ്ദുർറസ്സാഖ് ബ്നു ഹമ്മാം അസ്സൻആനീ
- മുഹമ്മദ് ബ്നു ഇബ്റാഹീം അൽ വസീർ
- മുഹമ്മദ് ബ്നു ഇസ്മാഈൽ അൽ അമീർ
- മുഹമ്മദ് ബ്നു അലി അശ്ശൗകാനീ رحمهم الله.

١١٤٨ .اذكر أربعة من مجددي هذا العصر ؟

1148) ഈ കാലഘട്ടത്തിലെ പുനഃസ്ഥാപകരിൽ നിന്നും നാലുപേരെ പരാമർശിക്കുക?

الجواب:

ابن باز، و الألباني، والعثيمين، والوادعي رحمهم الله.

ഉത്തരം :

ഇബ്നു ബാസ്, അൽ അൽബാനീ, അൽ ഉസൈമീൻ, അൽ വാദിഇൗ رحمهم الله.

١١٤٩ .من هو الذي قال فيه الشيخ مقبل: (إنه رجل يحبه الحل والحرم)؟

1149) (തീർച്ചയായും എല്ലാവരും ഇഷ്ടപ്പെടുന്ന ഒരു പുരുഷനാകുന്നു അദ്ദേഹം) എന്ന് അശ്ശെയ്ഖ് മുഖ്ബിൽ പറഞ്ഞത് ആരെകുറിച്ചാണ് ?

الجواب:

الشيخ ابن باز رحمه الله.

ഉത്തരം :

അശ്ശെയ്ഖ് ബ്നു ബാസ് رحمه الله – നെ കുറിച്ച്.

١١٥٠ .من هو الذي قال فيه الشيخ العثيمين : (أنه واسع الاطلاع طويل الباع شديد الإقناع) ؟

1150) (തീർച്ചയായും അദ്ദേഹം വിശാലമായ അറിവും കാര്യക്ഷമതയും സമർത്ഥമായ (ആളുകളെ) ബോധ്യപ്പെടുത്തലുള്ളവനും ആകുന്നു) എന്ന് അശ്ശൈയ്ഖ് അൽ ഉസൈമീൻ പറഞ്ഞത് ആരെകുറിച്ചാണ്?

الجواب:

الشيخ الألباني رحمه الله.

ഉത്തരം :

അശ്ശൈയ്ഖ് അൽ അൽബാനി رحمه الله.

١١٥١ .من القائل (مكتبة ليس فيها كتب الألباني : مكتبة فقيرة) ؟

1151) (അൽ അൽബാനിയുടെ ഗ്രന്ഥങ്ങൾ ഇല്ലാത്ത ഗ്രന്ഥശാല ദരിദ്രമായ ഗ്രന്ഥശാലയാകുന്നു) എന്ന് പറഞ്ഞത് ആരാണ്?

الجواب:

الشيخ مقبل بن هادي الو ادعي رحمه الله.

ഉത്തരം :

അശ്ശൈയ്ഖ് മുഖ്ബിൽ ബ്നു ഹാദി അൽ വാദിഈ رحمه الله.

١١٥٢ .اذكر خمسة مؤلفات للشيخ العثيمين : ؟

1152) അശ്ശൈയ്ഖ് അൽ ഉസൈമീൻ – ന്റെ അഞ്ചു ഗ്രന്ഥങ്ങൾ പരാമർശിക്കുക?

الجواب:

الشرح الممتع على زاد المستقنع, والقول المفيد شرح كتاب التوحيد , وشرح العقيدة الواسطية, وشرح العقيدة السفارينية, والأصول من علم الأصول.

ഉത്തരം :

- ❖ അശ്ശർഹുൽ മുമ്തിഅ് അലാ സാദ് അൽ മുസ്തഖ്നിഅ്
- ❖ അൽ ഖൗലുൽ മുഫീദ് ശർഹു കിതാബിത്തൗഹീദ്
- ❖ ശർഹുൽ അഖീദത്തിൽ വാസിത്വിയ്യ
- ❖ ശർഹുൽ അഖീദത്തിസ്സഫാരീനീയ്യ
- ❖ അൽ ഉസൂൽ മിൻ ഇൽമിൽ ഉസൂൽ

١١٥٣ .اذكر خمسة مؤلفات للشيخ مقبل بن هادي الوادعي : ؟

1153) അശ്ശൈയ്ഖ് മുഖ്ബിൽ ബ്നു ഹാദി അൽ വാദിഇൗ – യുടെ അഞ്ചു ഗ്രന്ഥങ്ങൾ പരാമർശിക്കുക?

الجواب:

الصحيح المسند مما ليس في الصحيحين, الشفاعة, رياض الجنة في الرد على أعداء السنة ,صعقة الزلزال لنسف أباطيل الرفض والإعتزال , المخرج من الفتنة.

ഉത്തരം :

- ❖ അസ്സ്വഹീഹുൽ മുസ്നദ് മിമ്മാ ലൈസ ഫീസ്സ്വഹീഹൈൻ.
- ❖ അശ്ശുഫാഅ.
- ❖ റിയാദുൽ ജന്ന ഫീ റദ്ദി അലാ അഅ്ദാഇസ്സുന്ന.
- ❖ സ്വഅ്ഖത്തുൽ സിൽസാൽ ലി നസ്ഫി അബാത്വീലിർറഫ്ദി വൽ ഇഅ്തിസാൽ.
- ❖ അൽ മഖ്റജ് മിനൽ ഫിത്ന.

١١٥٤. اذكر اسم المؤلف لكل من هذه الكتب: زاد المعاد، منهاج السنة، حادي الأرواح، العقيدة الواسطية، الأصول الثلاثة، السلسلة الصحيحة، السلسلة الضعيفة، الجامع الصحيح مما ليس في الصحيحين، بلوغ المرام، فتح الباري شرح صحيح البخاري، لمعة الاعتقاد، عمدة الأحكام، نيل الأوطار، الدراري المضيئة، سبل السلام، رياض الصالحين ؟

1154) ഈ ഗ്രന്ഥങ്ങളിൽ ഓരോന്നിന്റെയും ഗ്രന്ഥകാരന്റെ പേര് പരാമർശിക്കുക :

സാദ് അൽ മആദ്, മിൻഹാജുസ്സുന്ന, ഹാദീ അൽ അർവാഹ്, അൽ അഖീദത്തുൽ വാസിത്വിയ്യ,

അൽ ഉസൂലുസ്സലാസ, അസ്സിൽസിലതുസ്സ്വഹീഹ, അസ്സിൽസിലതുദ്ദ്വയീഫ, അൽ ജാമിഅ അസ്സ്വഹീഹ് മിമ്മാ ലൈസ ഫീ അസ്സ്വഹീഹൈൻ, ബുലൂഗ് അൽ മറാം, ഫത്ഹുൽ ബാരീ ശർഹ സ്വഹീഹിൽ ബുഖാരീ, ലുമ്അത്തുൽ ഇഅ്തിഖാദ്, ഉമ്ദത്തുൽ അഹ്കാം, നൈൽ അൽ അവ്ത്വാർ, അദ്ദറാറീ അൽ മുദീഅ, സുബുലുസ്സലാം, റിയാദുസ്സ്വാലിഹീൻ?

الجواب:

زاد المعاد، و حادي الأرواح: ابن القيم محمد بن أبي بكر بن أيوب الزرعي.

منهاج السنة، والعقيدة الواسطية: شيخ الإسلام ابن تيمية أحمد بن عبد الحليم الحراني.

الأصول الثلاثة: محمد بن عبد الوهاب التميمي النجدي.

لمعة الاعتقاد: موفق الدين المقدسي عبد الله بن أحمد بن قدامة.

عمدة الأحكام: عبد الغني بن عبد الواحد المقدسي ابن خالة موفق الدين

السلسلة الصحيحة، و الضعيفة: الألباني محمد بن الحاج نوح بن نجاتي"

الجامع الصحيح مما ليس في الصحيحين: مقبل بن هادي الوادعي.

بلوغ المرام، وفتح الباري شرح صحيح البخاري: ابن حجر العسقلاني أحمد بن علي بن حجر.

سبل السلام: ابن الأمير الصنعاني محمد بن إسماعيل الأمير.

نيل الأوطار، و الدراري المضيئة: الشوكاني محمد بن علي.

رياض الصالحين: النووي يحيى بن شرف بن مري رحمهم الله.

ഉത്തരം :

സാദ് അൽ മആദ്, ഹാദീ അൽ അർവാഹ്: ഇബ്നുൽ ഖയ്യിം (മുഹമ്മദ് ബ്നു അബീ ബക്കർ ബ്നി അയ്യൂബ് അസ്സർഈ)

മിൻഹാജ് അസ്സുന്ന, അൽ അഖീദത്തുൽ വാസിതിയ്യ : ശെയ്ഖുൽ ഇസ്ലാം ഇബ്നു തയ്മിയ്യ (അഹ്മദ് ബ്നു അബ്ദിൽ ഹലീം അൽ ഹർറാനീ)

അൽ ഉസൂലുസ്സലാസഃ മുഹമ്മദ് ബ്നു അബ്ദിൽ വഹ്ഹാബ് അത്തമീമീ അന്നജ്ദീ

ലുമ്അത്തുൽ ഇഅ്തിഖാദ്: മുവഫ്ഫഖുദ്ദീൻ അൽ മഖ്ദിസീ (അബ്ദുല്ലാഹ് ബ്നു അഹ്മദ് ബ്നി ഖുദാമ)

ഉംദത്തുൽ അഹ്കാംഃ മുവഫ്ഫഖുദ്ദീൻ – ന്റെ മാതൃസഹോദരിയുടെ മകൻ അബ്ദുൽ ഗനീ ബ്നു അബ്ദിൽ വാഹിദ് അൽ മഖ്ദിസീ

അസ്സിൽസിലതുസ്സ്വഹീഹ, അസ്സിൽസിലതുദ്ദ്വയീഫഃ അൽ അൽബാനി (മുഹമ്മദ് ബ്നുൽ ഹാജ്ജ് നൂഹ് ബ്നി നജാതീ)

അൽ ജാമിഅ അസ്സ്വഹീഹ് മിമ്മാ ലൈസ ഫീ അസ്സ്വഹീഹൈൻഃ മുഖ്ബിൽ ബ്നു ഹാദി അൽ വാദിഈ

ബുലൂഗ് അൽ മറാം, ഫത്ഹുൽ ബാരീ ശർഹ്ഹ സ്വഹീഹിൽ ബുഖാരീഃ ഇബ്നു ഹജ്ർ അൽ അസ്ഖലാനീ (അഹ്മദ് ബ്നു അലീ ബ്നി ഹജ്ർ)

സുബുലുസ്സലാംഃ ഇബ്നുൽ അമീർ അസ്സ്വൻആനീ (മുഹമ്മദ് ബ്നു ഇസ്മാഈൽ അൽ അമീർ)

നൈൽ അൽ അവ്ത്വാർ, അദ്ദറാറീ അൽ മുദീഅഃ അശ്ശൗകാനീ (മുഹമ്മദ് ബ്നു അലീ)

റിയാദുസ്സ്വാലിഹീൻ: അന്നവവീ (യഹ്‌യ ബ്‌നു ശറഫ് ബ്‌നി മരീ) رحمهم الله.

١١٥٥. لمن كتاب الطب النبوي ؟

1155) അത്വിബ്ബുന്നബവീ ആരുടെ ഗ്രന്ഥമാണ്?

الجواب:

لابن القيم رحمه الله.

ഉത്തരം :

ഇബ്‌നുൽ ഖയ്യിം –ന്റെ رحمه الله.

١١٥٦. لمن كتاب الرسالة، والأم ؟

1156) അര്രിസാല – യും അൽ ഉമ്മും ആരുടെ ഗ്രന്ഥങ്ങളാണ്?

الجواب:

للشافعي رحمه الله.

ഉത്തരം :

അശ്ശാഫിഈ –യുടെ رحمه الله.



١١٥٧ .إذا قيل شيخ الإسلام من يراد به على الإطلاق ؟

1157) ശൈഖുൽ ഇസ്ലാം എന്ന് പറയപ്പെട്ടാൽ ആരെയാണ് അതുകൊണ്ട് നിരുപാധികം ഉദ്ദേശിക്കപ്പെടുക?

الجواب:

شيخ الإسلام ابن تيمية رحمه الله.

ഉത്തരം :

ശൈഖുൽ ഇസ്ലാം ഇബ്നു തയ്മിയ്യ رحمه الله.

١١٥٨ .من هم أصحاب المذاهب الأربعة ؟

1158) നാല് മദ്ഹബുകളുടെ ആളുകൾ ആരൊക്കെയാണ്?

الجواب:

أحمد بن حنبل، والشافعي، ومالك، وابو حنيفة رحمهم الله.

ഉത്തരം :

അഹ്മദ് ബ്നു ഹൻബൽ, അശ്ശാഫിഈ, മാലിക്, അബൂ ഹനീഫ رحمهم الله.

١١٥٩ .ما أحسن كتاب في تاريخ اليمن؟

1159) യമൻ്റെ ചരിത്രത്തെ സംബന്ധിച്ചുള്ള ഏറ്റവും മികച്ച ഗ്രന്ഥം ഏതാണ്?

الجواب:

{هجر العلم ومعاقله} للأكوع، وعليه بعض الانتقادات.

ഉത്തരം :

അൽ അക്വഅ് – യുടെ {ഹെജ്റുൽ ഇൽമി വ മആഖിലിഹി}, അതിന്മേൽ ചില വിമർശനങ്ങളുണ്ട്.

١١٦٠. ما أول حديث في صحيح البخاري ؟

1160) സ്വഹീഹുൽ ബുഖാരിയിലെ ഒന്നാമത്തെ ഹദീസ് ഏതാണ്?

الجواب:

حديث عمر بن الخطاب رضي الله عنه قَالَ: سَمِعْتُ رَسُولَ اللَّهِ ﷺ يَقُولُ: «إِنَّمَا الأَعْمَالُ بِالنِّيَّاتِ، وَإِنَّمَا لِكُلِّ امْرِئٍ مَا نَوَى، فَمَنْ كَانَتْ هِجْرَتُهُ إلى دُنْيَا يُصِيبُهَا، أَوْ إلى امْرَأَةٍ يَنْكِحُهَا، فَهِجْرَتُهُ إلى مَا هَاجَرَ إِلَيْهِ.»

ഉത്തരം :

ഉമർ ബ്നുൽ ഖത്വാബ് –ന്റെ رضي الله عنه ഹദീസ്, അദ്ദേഹം പറഞ്ഞു: നബി ﷺ പറയുന്നതായി ഞാൻ കേട്ടു:

<<തീർച്ചയായും കർമ്മങ്ങൾ (സ്വീകരിക്കപ്പെടുക) ഉദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാകുന്നു, ഏതൊരുവനും അവൻ ഉദ്ദേശിച്ചതേ കരസ്ഥമാക്കുകയുള്ളൂ, അതുകൊണ്ട് ആരുടെ ഹിജ്റയാണോ ഏതെങ്കിലും ഐഹിക വിഭവത്തിലേക്ക് അത് നേടാനോ അല്ലെങ്കിൽ ഒരു സ്ത്രീയെ വിവാഹം ചെയ്യാൻ വേണ്ടിയോ ആകുന്നത് അവന്റെ ഹിജ്റ അതിനുള്ളതാകുന്നു. >>.

١١٦١ .ما آخر حديث في صحيح البخاري ؟

1161) സ്വഹീഹുൽ ബുഖാരിയിലെ അവസാനത്തെ ഹദീസ് ഏതാണ്?

الجواب:

حديث أبي هريرة رضي اللّه عنه قَالَ: قَالَ النَّبِيُّ ﷺ: «كَلِمَتَانِ حَبِيبَتَانِ إلى الرَّحْمَنِ، خَفِيفَتَانِ عَلَى اللِّسَانِ، ثَقِيلَتَانِ فِي المِيزَانِ: سُبْحَانَ اللَّهِ وَبِحَمْدِهِ، سُبْحَانَ اللَّهِ العَظِيمِ.»

ഉത്തരം :

അബൂ ഹുറൈറ – رضي الله عنه യുടെ ഹദീസ്, അദ്ദേഹം പറഞ്ഞു : നബി ﷺ അരുളി: രണ്ടു വാക്കുകൾ പരമകാരുണികന് പ്രിയപ്പെട്ടതാകുന്നു, നാവിന് എളുപ്പവുമാകുന്നു, തുലാസിൽ കനം തൂങ്ങുന്നതും : അവയത്രേ "സുബ്ഹാനല്ലാഹി വബിഹമ്ദിഹി സുബ്ഹാനല്ലാഹിൽ അളീം".

## باب أقوال السلف

## (3) സലഫുകളുടെ ഉദ്ധാരണികളുടെ അദ്ധ്യായം

١١٦٢ .من القائل: (إن هذا العلم دين فانظروا عمن تأخذون دينكم) ؟

1162) (തീർച്ചയായും ഈ ഇൽമ് ദീനാകുന്നു അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ദീൻ ആരിൽ നിന്നെടുക്കുന്നു എന്ന് നോക്കുക): എന്ന് പറഞ്ഞത് ആരാണ്?

الجواب:

الإمام محمد بن سيرين رحمه الله.

ഉത്തരം:

അൽ ഇമാം മുഹമ്മദ് ബ്നു സീരീൻ رحمه الله.

١١٦٣ .من القائل: (لا يستطاع العلم براحة الجسم) ؟

1163) (ശരീരത്തിന്റെ വിശ്രമംകൊണ്ട് ഇൽമ് സാധ്യമാകപ്പെടുകയില്ല(നേടപ്പെടുകയില്ല): എന്ന് പറഞ്ഞത് ആരാണ്?

الجواب:

الإمام يحيى بن أبي كثير رحمه الله.

ഉത്തരം :

അൽ ഇമാം യഹ്‌യ ബ്നു അബീ കസീർ رحمه الله.

١١٦٤ .من القائل: (لا يتعلم العلم مستحي، ولا مستكبر) ؟

1164) (ലജ്ജിക്കുന്നവനും അഹംഭാവം നടിക്കുന്നവനും ഇൽമ് നേടുകയില്ല): എന്ന് പറഞ്ഞത് ആരാണ്?

الجواب:

الإمام مجاهد رحمه الله.

ഉത്തരം :

അൽ ഇമാം മുജാഹിദ് رحمه الله.

١١٦٥ .من القائل: (نحن قوم أعزنا الله بالإسلام فإن ابتغينا العزة بغيره أذلنا الله) ؟

1165) (അല്ലാഹു ഇസ്ലാംകൊണ്ട് പ്രതാപം നൽകിയ ഒരു സമൂഹമാകുന്നു നമ്മൾ, ആയതിനാൽ അതല്ലാത്ത വേറൊന്നുകൊണ്ട് നാം പ്രതാപം തേടിയാൽ അല്ലാഹു നമ്മെ നിന്ദ്യരാക്കും): എന്ന് പറഞ്ഞത് ആരാണ്?

الجواب:

عمر بن الخطاب رضي الله عنه.

ഉത്തരം :

ഉമർ ബ്നുൽ ഖത്വാബ് رضي الله عنه.



١١٦٦ .من القائل: (اعلموا أن السنة هي الإسلام، والإسلام هو السنة) ؟

1166) (നിങ്ങൾ അറിയുക നിശ്ചയമായും സുന്നത്ത് എന്നത് ഇസ്ലാം തന്നെയാകുന്നു, ഇസ്ലാം എന്നത് സുന്നത്തുതന്നെയും):എന്ന് പറഞ്ഞത് ആരാണ്?

الجواب:

الإمام البربهاري رحمه الله.

ഉത്തരം :

അൽ ഇമാം അൽ ബർബഹാരീ رحمه الله.

١١٦٧ .من القائل: (استوصوا بأهل السنة خيرًا فانهم غرباء) ؟

1167) (സുന്നത്തിന്റെ ആളുകളോട് നിങ്ങൾ നന്മ ഉപദേശിക്കുക അവരോട് നന്മയോടെ വർത്തിക്കുകയും ചെയ്യുക, തീർച്ചയായും അവർ അപരിചിതരാകുന്നു): എന്ന് പറഞ്ഞത് ആരാണ്?

الجواب:

الإمام سفيان الثوري رحمه الله.

ഉത്തരം :

അൽ ഇമാം സുഫ്യാൻ അസ്സൗരീ رحمه الله.

١١٦٨ .من القائل: (اتبعوا ولا تبتدعوا فقد كفيتم) ؟

1168) (നിങ്ങൾ പിൻപറ്റുകയും പുതുതായൊന്ന് കൊണ്ടുവരാതിരിക്കുകയും ചെയ്യുക, തീർച്ചയായും നിങ്ങൾക്ക് വേണ്ടതെന്തോ അത് നൽകപ്പെട്ടിരിക്കുന്നു): എന്ന് പറഞ്ഞത് ആരാണ്?

الجواب:

عبد الله بن مسعود رضي الله عنه.

ഉത്തരം :

അബ്ദുല്ല ബ്നു മസ്ഊദ് رضي الله عنه.

١١٦٩ .من القائل: (من ابتدع في الإسلام بدعة يراها حسنة فقد زعم أن محمدا خان الرسالة) ؟

1169) (നല്ലതായി കണ്ടുകൊണ്ട് ഏതൊരുവൻ ഇസ്ലാമിൽ ഒരു പുത്തനാചാരം കൊണ്ടുവന്നുവോ തീർച്ചയായും അവൻ മുഹമ്മദ് (തന്റെ) പ്രവാചകത്വത്തിൽ വഞ്ചന കാണിച്ചു എന്ന് വാദിച്ചിരിക്കുന്നു) : എന്ന് പറഞ്ഞത് ആരാണ്?

الجواب

الإمام مالك بن أنس رحمه الله.

ഉത്തരം :

അൽ ഇമാം മാലിക് ബ്നു അനസ് رحمه الله.

١١٧٠ .من القائل: (لا تجالس أهل الأهواء فإن مجالستهم ممرضة للقلوب) ؟

1170) (ദേഹേച്ഛയുടെ ആളുകളോടൊപ്പം ഇരിക്കരുത് തീർച്ചയായും അവരോടൊപ്പമുള്ള ഇരുത്തം ഹൃദയങ്ങൾക്ക് രോഗമുണ്ടാക്കുന്നതാകുന്നു) : എന്ന് പറഞ്ഞത് ആരാണ്?

الجواب:

عبدالله بن عباس رضي الله عنهما.

ഉത്തരം :

അബ്ദുല്ല ബ്നു അബ്ബാസ് رضي الله عنهما.

١١٧١ .من القائل: (أهل السنة نقاوة المسلمين، وهم خير الناس للناس) ؟

1171) (സുന്നത്തിന്റെ ആളുകൾ മുസ്ലീങ്ങളിൽ സംസ്കരിച്ചെടുക്കപ്പെട്ടവരാകുന്നു, അവർ ജനങ്ങളോട് ഏറ്റവും നന്മയുള്ളവരുമാകുന്നു): എന്ന് പറഞ്ഞത് ആരാണ്?

الجواب:

شيخ الإسلام ابن تيمية رحمه الله.

ഉത്തരം :

ശെയ്ഖുൽ ഇസ്ലാം ഇബ്നു തയ്മിയ്യ رحمه الله.

١١٧٢ .من القائل: (أصل العلم خشية الله)؟

1172) (ഇൽമിന്റെ അടിസ്ഥാനം എന്നത് അല്ലാഹുവെ ഭയക്കലാകുന്നു): എന്ന് പറഞ്ഞത് ആരാണ്?

الجواب

الإمام أحمد رحمه الله

ഉത്തരം :

അൽ ഇമാം അഹ്മദ് رحمه الله.

١١٧٣ .من القائل: ( المذهب الزيدي مبني على الهيام )؟

1173) (സൈദീ മദ്ഹബ് എന്നത് ആസക്തിയുടെ മുകളിൽ പടുത്തുയർത്തപ്പെട്ടതാകുന്നു): എന്ന് പറഞ്ഞത് ആരാണ്?

الجواب:

الشيخ مقبل بن هادي الوادعي رحمه الله.

ഉത്തരം :

അശ്ശൈയ്ഖ് മുഖ്ബിൽ ബ്നു ഹാദി അൽ വാദിഈ رحمه الله.



١١٧٤ .من القائل: ( الإخوان المسلمون لا يؤتمنون على الدين )؟

1174) (അൽ ഇഖ്‌വാനുൽ മുസ്ലിമൂൻ ദീനുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിശ്വാസയോഗ്യരല്ല ): എന്ന് പറഞ്ഞത് ആരാണ്?

الجواب:

الشيخ مقبل بن هادي الوادعي رحمه الله.

ഉത്തരം :

അശ്ശൈയ്ഖ് മുഖ്ബിൽ ബ്നു ഹാദി അൽ വാദിഈ رحمه الله.

# [7] كتاب الآداب

# നല്ല മര്യാദകളുടെ പുസ്തകം

## باب العلم

## (1) വിജ്ഞാനത്തിന്റെ അദ്ധ്യായം

١١٧٥. من هم ورثة الأنبياء ؟

1175) നബിമാരുടെ അനന്തരാവകാശികൾ ആരൊക്കെയാണ്?

الجواب:

هم العلماء.

ഉത്തരം :

അവരാകുന്നു പണ്ഡിതന്മാർ.

١١٧٦. من هم الذين شهدوا على وحدانية الله عز وجل ؟

1176) അല്ലാഹുവിന്റെ عز وجل ഏകത്വത്തിന് സാക്ഷ്യം വഹിച്ചവർ ആരൊക്കെയാണ്?

الجواب:

الملائكة، وأهل العلم.

ഉത്തരം :

മലക്കുകളും അറിവുള്ളവരും.

١١٧٧ .لمن تستغفر الحيتان في البحر ؟

1177) ആർക്കുവേണ്ടിയാണ് കടലിലെ മത്സ്യം പൊറുക്കൽ തേടുക ?

الجواب:

لمعلم الناس الخير.

ഉത്തരം :

മനുഷ്യർക്ക് നന്മ പഠിപ്പിക്കുന്നവർക്കുവേണ്ടി.

١١٧٨ .في أي سورة قوله تعالى ·{قُلْ هَٰذِهِۦ سَبِيلِىٓ أَدْعُوٓا۟ إِلَى ٱللَّهِ ۚ عَلَىٰ بَصِيرَةٍ أَنَا۠ وَمَنِ ٱتَّبَعَنِى ۖ وَسُبْحَٰنَ ٱللَّهِ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ}· ؟

1178) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം

{(നബിയേ) പറയുക: ഇതാണ് എൻ്റെ മാർഗം. ദൃഢബോധ്യത്തോട് കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ല തന്നെ}

الجواب :

في سورة يوسف.

ഉത്തരം :

സൂറത്തു യൂസഫ് – ൽ.



١١٧٩. ما حكم طلب العلم؟

1179) ഇസ്ലാമിക വിജ്ഞാനം തേടലിന്റെ വിധിയെന്താണ്?

الجواب:

فريضة على كل مسلم.

ഉത്തരം :

അത് ഓരോ മുസ്ലിമിനുമേലും നിർബന്ധമാകുന്നു.

١١٨٠. في أي سورة قوله تعالى: {وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ * مَآ أُرِيدُ مِنْهُم مِّن رِّزْقٍ وَمَآ أُرِيدُ أَن يُطْعِمُونِ * إِنَّ ٱللهَ هُوَ ٱلرَّزَّاقُ ذُو ٱلْقُوَّةِ ٱلْمَتِينُ}؟

1180) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം

{ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.ഞാൻ അവരിൽ നിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും.}

الجواب:

في سورة الذاريات.

ഉത്തരം :

സൂറത്തു അദ്ദാരിയാത്ത് – ൽ.

١١٨١ .في أي سورة قوله تعالى ﴿وَٱللَّهُ أَخۡرَجَكُم مِّنۢ بُطُونِ أُمَّهَٰتِكُمۡ لَا تَعۡلَمُونَ شَيۡـٔٗا وَجَعَلَ لَكُمُ ٱلسَّمۡعَ وَٱلۡأَبۡصَٰرَ وَٱلۡأَفۡـِٔدَةَ لَعَلَّكُمۡ تَشۡكُرُونَ﴾ ؟

1181) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം

{നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽ നിന്ന് നിങ്ങൾക്ക് യാതൊന്നും അറിഞ്ഞ് കൂടാത്ത അവസ്ഥയിൽ അല്ലാഹു നിങ്ങളെ പുറത്ത് കൊണ്ട് വന്നു. നിങ്ങൾക്ക് അവൻ കേൾവിയും കാഴ്ചകളും ഹൃദയങ്ങളും നൽകുകയും ചെയ്തു. നിങ്ങൾ നന്ദിയുള്ളവരായിരിക്കാൻ വേണ്ടി.}

الجواب:

في سورة النحل.

ഉത്തരം :

സൂറത്തു അന്നഹ്ൽ – ൽ.

١١٨٢ .بماذا مثل النبي من يعلم الناس الخير وينسى نفسه ؟

1182) ജനങ്ങളെ നന്മ പഠിപ്പിക്കുകയും (അത് പ്രാവർത്തികമാക്കുന്നതിനെ തൊട്ട്) സ്വയം മറക്കുകയും ചെയ്യുന്ന ഒരുവനെ നബി ﷺ ഉപമിച്ചത് എന്തിനോടാണ്?

الجواب:

كمثل السراج يضيء للناس ويحرق نفسه.

ഉത്തരം :

ജനങ്ങൾക്കായി പ്രകാശിച്ചുകൊണ്ട് സ്വയം കത്തിയെരിയുന്ന ഒരു വിളക്കിനോട്.

١١٨٣. من هما المنهومان اللذان لا يشبعان ؟

1183) മതിവരാത്ത തൃഷ്ണയുള്ള (ആഗ്രഹമുള്ള) രണ്ടുപേർ ആരെല്ലാം?

الجواب:

طالب العلم، وطالب الدنيا.

ഉത്തരം :

ഇസ്ലാമിക വിജ്ഞാനം തേടുന്നവനും, ഭൗതിക വിഭവങ്ങൾ തേടുന്നവനും.

١١٨٤. ما هو قيد العلم ؟

1184) എന്താണ് വിജ്ഞാനത്തിനുള്ള ബന്ധനം?

الجواب:

الكتابة.

ഉത്തരം :

അത് എഴുത്താകുന്നു.

١١٨٥. ما حكم من يكذب على النبي ﷺ؟

1185) നബിയുടെ മേൽ ﷺ കളവുപറയുന്ന ഒരുവന്റെ വിധിയെന്താണ്?

الجواب:

فليتبوأ مقعده من النار.

ഉത്തരം :

അവൻ നരകത്തിൽ തനിക്കുള്ള ഇരിപ്പിടം ഒരുക്കിക്കൊള്ളട്ടെ.

١١٨٦. ما جزاء من كتم العلم وهو قادر على تبليغه؟

1186) എത്തിച്ചുകൊടുക്കാൻ കഴിവുണ്ടായിരിക്കെ അറിവ് മറച്ചു വെച്ച ഒരുവനുള്ള പ്രതിഫലം എന്താണ്?

الجواب:

ألجم يوم القيامة بلجام من نار.

ഉത്തരം :

ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ അവൻ തീയിന്റെ കടിഞ്ഞാണുകൊണ്ട് കടിഞ്ഞാണിടപ്പെടും.

١١٨٧. كيف تكون توبة من كتم العلم، ولم يبلغه للناس ؟

1187) അറിവ് മറച്ചുവെച്ചതും അത് ആളുകൾക്ക് എത്തിക്കാത്തതുമായ ഒരുവന്റെ തൗബ എങ്ങനെയായിരിക്കണം?

الجواب:

عليه أن يتوب، ويصلح، ويبين العلم بحسب الاستطاعة.

ഉത്തരം :

അവൻ തൗബ ചെയ്യുക, നിലപാട് നന്നാക്കിത്തീർക്കുകയും, അറിവ് കഴിവിനനുസരിച്ച് (ജനങ്ങൾക്ക്) വിവരിച്ചുകൊടുക്കുകയും ചെയ്യുക.

١١٨٨ .كيف ينزع العلم في آخر الزمان؟

1188) എങ്ങനെയാണ് അവസാനകാലത്ത് അറിവ് ഉയർത്തപ്പെടുക?

الجواب:

بموت العلماء.

ഉത്തരം :

പണ്ഡിതന്മാരുടെ മരണം മുഖേന.

١١٨٩ .في أي سورة قوله تعالى {إنما يخشى الله من عباده العلماء} ؟

1189) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം {അല്ലാഹുവെ ഭയപ്പെടുന്നത് അവൻറെ ദാസൻമാരിൽ നിന്ന് അറിവുള്ളവർ മാത്രമാകുന്നു.}

الجواب:

في سورة فاطر.

ഉത്തരം :

സൂറത്തു ഫാത്വിർ – ൽ.

# باب عمل المسلم في اليوم والليلة

# (2) ഒരു മുസ്ലിമിന്റെ ദൈനംദിന കർമ്മങ്ങളുടെ അദ്ധ്യായം

١١٩٠ .ماذا يقول عند الاستيقاظ من النوم ؟

1190) ഉറക്കത്തിൽ നിന്നും ഉണരുമ്പോൾ എന്താണ് പറയുക?

الجواب:

الحمد لله الذي أحيانا بعد ما أماتنا، وإليه النشور.

ഉത്തരം :

"അൽഹംദു ലില്ലാഹില്ലദീ അഹ്‌യാനാ ബഅ്ദമാ അമാത്തനാ വ ഇലൈഹിന്നുശൂർ" (നമ്മെ മരിപ്പിച്ചതിനു ശേഷം ജീവിപ്പിച്ച അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും. അവനിലേക്കാകുന്നു  നമ്മുടെ ഉയിർത്തെഴുന്നേൽപ്പ്)



١١٩١ .ماذا يفعل بعد الاستيقاظ ؟

1191) ഉറക്കമുണർന്നതിനു ശേഷം എന്താണ് ചെയ്യുക?

الجواب:

يستعمل السواك, لا يغمس يده في الأناء حتى يغسلها ثلاثًا, يتوضأ ويستنشق بمنخريه من الماء, يصلي.

ഉത്തരം :

- ❖ സിവാക്ക് ഉപയോഗിക്കുക
- ❖ മൂന്നു പ്രാവശ്യം കഴുകുന്നതു വരേക്കും (വെള്ളമോ ഭക്ഷണമോ ഉള്ള) പാത്രത്തിൽ തന്റെ കൈ മുക്കരുത്
- ❖ വുദൂഅ് ചെയ്യുക, തന്റെ മൂക്കിലേക്ക് വെള്ളം കയറ്റുകയും ചീറ്റിക്കുകയും ചെയ്യുക
- ❖ (തുടർന്ന്) നിസ്കരിക്കുക.

١١٩٢ .هل للسواك فضل ؟

1192) സിവാക്കിന് എന്തെങ്കിലും മേന്മയുണ്ടോ?

الجواب:

مطهرة للفم، مرضاة للرب.

ഉത്തരം :

അത് വായയെ ശുദ്ധീകരിക്കുന്നതും, റബ്ബിന് തൃപ്തിയുണ്ടാക്കുന്നതുമാകുന്നു.

١١٩٣ .ماذا يقول عند بداية الوضوء ؟

1193) വുദൂഅ് ചെയ്യുന്നതിന്റെ തുടക്കത്തിൽ എന്താണ് പറയുക?

الجواب:

بسم الله.

ഉത്തരം :

ബിസ്മില്ലാഹ് (അല്ലാഹുവിൻറെ നാമത്തിൽ).

١١٩٤ .هل يقرأ شيئًا من الأذكار أثناء الوضوء ؟

1194) വുദൂഅ് ചെയ്യുമ്പോൾ അദ്കാറുകളിൽ നിന്നെന്തെങ്കിലും പറയുമോ?

الجواب:

لا؛ لأنه لم يثبت بذلك دليل.

ഉത്തരം :

ഇല്ല, കാരണം അതുമായി ബന്ധപ്പെട്ട് ഒരു തെളിവും തന്നെ സ്ഥിരപ്പെട്ടിട്ടില്ല.



١١٩٥. ماذا يقول عند الفراغ من الوضوء ؟

1195) വുദൂഅ് ചെയ്തതിനുശേഷം എന്താണ് പറയുക?

الجواب:

أشهد أن لا إله إلا الله وحده لا شريك له، وأشهد أن محمدًا عبده ورسوله.

ഉത്തരം :

"അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു" (യഥാർത്ഥത്തിൽ ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. തീർച്ചയായും മുഹമ്മദ് ﷺ അല്ലാഹുവിൻറെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു)

١١٩٦. ما هو أفضل وقت لصلاة الوتر ؟

1196) വിത്ർ നിസ്കാരത്തിന് ഏറ്റവും ഉത്തമമായ സമയം ഏതാണ്?

الجواب:

آخر الليل؛ فإنها مشهودة.

ഉത്തരം :

രാത്രിയുടെ അവസാനത്തെ മൂന്നിലൊന്ന്, കാരണം അത് സാക്ഷ്യം വഹിക്കപ്പെടുന്നതാകുന്നു.

١١٩٧ .لماذا كانت الصلاة آخر الليل أفضل ؟

1197) രാത്രിയുടെ അവസാനത്തെ മൂന്നിലൊന്നിലുള്ള നിസ്കാരം ശ്രേഷ്ഠമായത് എന്തുകൊണ്ട്?

الجواب

لأن الله ينزل إلى السماء الدنيا في ذلك الوقت، وينادي هل من سائل فأعطيه، هل من مستغفر فأغفر له، وكذلك تشهدها الملائكة.

ഉത്തരം :

കാരണം ആ സമയത്ത് അല്ലാഹു ഭൂമിയോട് അടുത്ത ആകാശത്തിലേക്ക് ഇറങ്ങുകയും,

ആരുണ്ട് എന്നോട് ചോദിക്കാൻ; ഞാനവന് നൽകാം. ആരുണ്ട് എന്നോട് പാപമോചനം തേടാൻ; ഞാനവന് പൊറുത്തു നൽകാം എന്ന് വിളിച്ചുപറയുകയും ചെയ്യുന്നതിനാലാകുന്നു, അപ്രകാരം തന്നെ മലക്കുകൾ അതിന് സാക്ഷ്യം വഹിക്കുന്നതിനാലും.

١١٩٨ .ماذا يقول في قنوت الوتر ؟

1198) വിത്റിലെ ഖുനൂത്തിൽ എന്താണ് പറയുക?

الجواب:

اللهم اهدني فيمن هديت، وعافني فيمن عافيت، وتولني فيمن توليت، وبارك لي فيما أعطيت، وقني شر ما قضيت فإنك تقضي ولا يقضى عليك، إنه لا يذل من واليت، ولا يعز من عاديت، تباركت ربنا وتعاليت.

ഉത്തരം :

"അല്ലാഹുമ്മഹ്ദിനീ ഫീമൻ ഹദയ്ത്ത, വ ആഫിനീ ഫീമൻ ആഫയ്ത്ത, വ തവല്ലനീ ഫീമൻ തവല്ലയ്ത്ത, വ ബാരിക് ലീ ഫീമാ അഅ്ത്വയ്ത്ത, വഖിനീ ശർറ മാ ഖദയ്ത്ത, ഫ ഇന്നക തഖ്ദ്വീ വലാ യുഖ്ദ്വാ അലയ്ക്ക, ഇന്നഹു ലാ യദില്ലു മൻ വാലയ്ത്ത, വ ലാ യഇസ്സു മൻ ആദയ്ത്ത, തബാറക്ത റബ്ബനാ വ തആലയ്ത്ത"

(അല്ലാഹുവേ നീ സന്മാർഗത്തിലാക്കിയവരുടെ കൂടെ നീ എന്നെയും സന്മാർഗത്തിലാക്കേണമേ. നീ ആഫിയത്ത് നൽകിയവരുടെ കൂടെ നീ എനിക്കും ആഫിയത്ത് നൽകേണമേ. നീ മിത്രം ചേർന്നവരുടെകൂടെ നീ എന്നെയും മിത്രമായി ചേർക്കേണമേ. നീ എനിക്ക് നൽകിയതിൽ അനുഗ്രഹം ചൊരിയേണമേ. നീ വിധിച്ചതിന്റെ തിന്മയിൽ നിന്ന് നീ എന്നെ കാക്കേണമേ, തീർച്ചയായും നീ വിധിക്കുന്നു നിന്റെ മേൽ വിധിക്കപ്പെടുകയില്ല, തീർച്ചയായും നിന്നോട് സ്നേഹം കാണിച്ചവർ നിന്ദ്യരാവുകയില്ല. നിന്നോട് ശത്രുത കാണിച്ചവർക്ക് പ്രതാപം ലഭിക്കുകയുമില്ല, ഞങ്ങളുടെ റബ്ബേ നീ എല്ലാ അനുഗ്രഹങ്ങളുടെയും റബ്ബും അത്യുന്നതനുമാകുന്നു)

١١٩٩. ماذا يقول بعد السلام من الوتر ؟

1199) വിത്ർ – ൽ നിന്നും സലാം വീട്ടിയതിനു ശേഷം എന്താണ് പറയുക?

الجواب:

سبحان الملك القدوس (ثلاثًا).

ഉത്തരം :

"സുബ്ഹാനൽ മലികിൽ ഖുദ്ദൂസ്". (പരമാധികാരവും, അതിവിശുദ്ധിയും ഉള്ളവനായ അല്ലാഹു എത്രയധികം പരിശുദ്ധൻ) (മൂന്നു പ്രാവശ്യം പറയുക ).

١٢٠٠ .ماذا يقول عند دخول الحمام ؟

1200) ശൗചാലയത്തിൽ (കുളിമുറിയിലോ കക്കൂസിലോ) പ്രവേശിക്കുമ്പോൾ എന്താണ് പറയുക?

الجواب:

اللهم إني أعوذ بك من الخبث والخبائث.

ഉത്തരം :

"അല്ലാഹുമ്മ ഇന്നീ അഊദു ബിക മിനൽ ഖുബുസി വൽ ഖബാഇസി"

(അല്ലാഹുവേ എല്ലാ ആൺ പെൺ ശൈത്വാനിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു).

١٢٠١ .أي الرِجلين يقدم عند دخول الحمام؟

1201) ശൗചാലയത്തിൽ പ്രവേശിക്കുമ്പോൾ ഇരുകാലുകളിൽ ഏതാണ് മുന്തിക്കുക?

الجواب:

الرجل اليسرى.

ഉത്തരം :

ഇടതുകാൽ.

١٢٠٢ .اذكر بعض آداب قضاء الحاجة ؟

1202) മലമൂത്ര വിസർജ്ജന സമയത്തെ (ശൗചാലയത്തിൽ ഇരിക്കുമ്പോഴുള്ള) മര്യാദകളിൽ ചിലത് പരാമർശിക്കുക?

الجواب:

لا يستقبل القبلة، ولا يستدبرها, لا يمسك ذكره بيمينه وهو يبول, لا يتمسح من الخلاء بيمينه, لا يستجمر بأقل من ثلاثة أحجار, لا يستنجي برجيع، أو عظم, لا يتغوط في طريق الناس، أو ظلهم, لا يقضي حاجته أمام الناس, يتنزه أن يصيب البول ثيابه، أو جسمه.

ഉത്തരം :

- ❖ ഖിബ്‌ലയെ അഭിമുഖീകരിക്കുകയോ ഖിബ്‌ലയുടെ എതിരെയാവുകയോ അരുത്
- ❖ മൂത്രമൊഴിക്കുമ്പോൾ വലതുകൈ കൊണ്ട് തന്റെ ലിംഗത്തെ പിടിക്കരുത്
- ❖ തന്റെ വലതുകൈകൊണ്ട് വൃത്തിയാക്കരുത്
- ❖ (കല്ലുകൊണ്ട് വൃത്തിയാക്കുമ്പോൾ) മൂന്നിൽ കുറവ് കല്ലുകൾകൊണ്ട് വൃത്തിയാക്കരുത്
- ❖ വിസർജ്ജ്യം കൊണ്ടോ എല്ലുകൊണ്ടോ വൃത്തിയാക്കരുത്
- ❖ ജനങ്ങളുടെ (അവർ പോകുന്ന) വഴിയിലോ തണലിലോ മലവിസർജനം അരുത്
- ❖ ആളുകളുടെ മുൻപിൽ വെച്ച് മലമൂത്ര വിസർജനം അരുത്
- ❖ തന്റെ വസ്ത്രത്തിലോ ദേഹത്തോ മൂത്രം തെറിക്കാതെ സ്വയം ശ്രദ്ധിക്കുക.

١٢٠٣ .إذا استعمل الحجارة في التنظف من قضاء الحاجة فكم يكون عددها ؟

1203) മലമൂത്ര വിസർജനത്തിന് ശേഷം വൃത്തിയാക്കാൻ കല്ലുകൾ ഉപയോഗിക്കുകയാണെങ്കിൽ എത്രയായിരിക്കണം അവയുടെ എണ്ണം?

الجواب:

لا بد أن تكون ثلاث أحجار، أو أكثر، وتكون وترًا.

ഉത്തരം :

നിർബന്ധമായും മൂന്നു കല്ലുകളോ അതിൽ കൂടുതലോ ആയിരിക്കണം, അവ ഒറ്റയായിരിക്കണം.

١٢٠٤ .هل يجوز أن يذكر الله أثناء قضاء الحاجة ؟

1204) മലമൂത്ര വിസജനത്തിനിടക്ക് അല്ലാഹുവെ സ്മരിക്കൽ അനുവദനീയമാണോ ?

الجواب:

لا يجوز له ذلك.

ഉത്തരം :

അത് അനുവദനീയമല്ല.

١٢٠٥ .ماذا يقدم عند الخروج من الحمام ؟

1205) ശൗചാലയത്തിൽ നിന്നും പുറത്ത് വരുമ്പോൾ എന്താണ് മുന്തിക്കുക?

الجواب:

الرجل اليمنى.

ഉത്തരം :

വലതുകാൽ.

١٢٠٦ .ماذا يقول عند الخروج ؟

1206) ശൗചാലയത്തിൽ നിന്നും പുറത്തു വരുമ്പോൾ എന്താണ് പറയുക?

الجواب:

غفرانك.

ഉത്തരം :

ഗുഫ്റാനക (അല്ലാഹുവേ, നിന്നോട് ഞാൻ പൊറുക്കലിനെ തേടുന്നു).



١٢٠٧. ماذا يقول إذا سمع المؤذن ؟

1207) ഒരു മുഅദ്ദിൻ അദാൻ കൊടുക്കുന്നത് കേട്ടാൽ എന്താണ് പറയുക?

الجواب:

يقول مثل ما يقول، إلا في حي على الصلاة حي على الفلاح فيقول: لا حول ولا قوة إلا بالله.

ഉത്തരം :

അയാൾ പറയുന്ന പോലെ പറയുക, "ഹയ്യ അലസ്സ്വലാഹ് ഹയ്യ അലൽ ഫലാഹ്" – എന്നിടത്ത് ഒഴികെ, അവിടെ "ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്" എന്ന് പറയുക.

١٢٠٨. ماذا يقول بعد الأذان؟

1208) അദാനിനു ശേഷം എന്താണ് പറയുക ?

الجواب:

يصلي على النبي ﷺ، ثم يقول اللهم رب هذه الدعوة التامة، والصلاة القائمة، آت محمدًا الوسيلة، والفضيلة، وابعثه مقامًا محمودًا الذي وعدته.

ഉത്തരം :

നബിക്ക് ﷺ മേൽ സ്വലാത്ത് ചൊല്ലുക, പിന്നീട് "അല്ലാഹുമ്മ റബ്ബ ഹാദിഹി അദ്ദഅ്വതിത്താമ്മ, വസ്സ്വലാതിൽ ഖാഇമ , ആതി മുഹമ്മദൻ അൽ വസീലത വൽഫദ്വീലത, വബ്അസ്ഹു മഖാമൻ മഹ്മൂദനില്ലദീ വഅദ്തഹു"

(ഈ പരിപൂർണമായ അദാനിന്റെയും ആസന്നമായ നിസ്കാരത്തിന്റേയും റബ്ബായ അല്ലാഹുവേ, മുഹമ്മദിന് ﷺ വസീല, ഫദീല എന്നീ പദവികൾ നൽകേണമേ, നീ വാഗ്ദാനം ചെയ്ത സ്തുത്യർമായ സ്ഥാനത്തേക്ക് അദ്ദേഹത്തെ നീ നിയോഗിക്കുകയും ചെയ്യേണമേ) എന്ന് പറയുക.

١٢٠٩ .ماذا يقول إذا سمع صياح الديكة ؟

1209) ഒരു പൂവൻകോഴിയുടെ കൂവൽ കേട്ടാൽ എന്താണ് പറയുക?

الجواب:

اللهم إني أسالك من فضلك.

ഉത്തരം :

അല്ലാഹുമ്മ ഇന്നീ അസ്അലുക മിൻ ഫള്ലിക (അല്ലാഹുവേ നിന്റെ അനുഗ്രഹത്തിൽ നിന്നും ഞാൻ നിന്നോട് ചോദിക്കുന്നു).

١٢١٠ .اذكر فضل صلاة ركعتين قبل صلاة الصبح ؟

1210) സുബ്ഹ് നിസ്കാരത്തിന് മുൻപുള്ള രണ്ട് റക്അത്തുകളുടെ ശ്രേഷ്ഠത പരാമർശിക്കുക?

الجواب:

خير من الدنيا وما فيها.

ഉത്തരം :

അവ ഇഹലോകവും അതിലുള്ള സർവ്വതിനേക്കാളും ശ്രേഷ്ഠമാകുന്നു.

١٢١١ .ماذا يقرأ في هاتين الركعتين ؟

1211) ഈ രണ്ട് റക്അത്തുകളിൽ എന്താണ് ഓതുക ?

الجواب:

الأولى: الفاتحة، وقل يا أيها الكافرون، والثانية: الفاتحة، وقل هو الله أحد.

ഉത്തരം :

ആദ്യ റക്അത്തിൽ : ഫാതിഹയും "ഖുൽ യാ അയ്യുഹൽ കാഫിറൂൻ" – ഉം,

രണ്ടാമത്തെ റക്അത്തിൽ : ഫാതിഹയും" ഖുൽ ഹുവല്ലാഹു അഹദ്" – ഉം.

١٢١٢ .ماذا يفعل بين الأذان والإقامة ؟

1212) അദാനിനും ഇഖാമത്തിനും ഇടയിൽ എന്താണ് ചെയ്യേണ്ടത്?

الجواب:

يدعو الله؛ فإن الدعاء مستجاب في ذلك الوقت.

ഉത്തരം :

അല്ലാഹുവോട് ദുആ ചെയ്യുക, എന്തെന്നാൽ തീർച്ചയായും ആ സമയത്തെ ദുആ ഉത്തരം നൽകപ്പെടുന്നതാകുന്നു.

١٢١٣ .اذكر آية فيها أن الله أمرنا بالدعاء ووعدنا بالإجابة ؟

1213) അല്ലാഹു നമ്മോട് ദുആ ചെയ്യാൻ കല്പിച്ചതും അവൻ അതിന് ഉത്തരം നൽകൽകൊണ്ട് നമുക്ക് വാഗ്ദാനം നൽകിയതും ഉൾക്കൊള്ളുന്ന ആയത്ത് പരാമർശിക്കുക?

الجواب:

﴿وَقَالَ رَبُّكُمُ ٱدۡعُونِيٓ أَسۡتَجِبۡ لَكُمۡۚ﴾ [غافر: ٦٠].

ഉത്തരം :

{നിങ്ങളുടെ റബ്ബ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം.}

[ഗാഫിർ:60]

١٢١٤ .ماذا يقول عند خروجه من البيت ؟

1214) വീട്ടിൽ നിന്നും പുറത്തിറങ്ങുമ്പോൾ  എന്താണ് പറയുക?

الجواب:

يقول: (اللَّهُمَّ! أَعُوذُ بِكَ أَنْ أَضِلَّ، أَوْ أُضَلَّ، أَوْ أَزِلَّ، أَوْ أُزَلَّ، أَوْ أَظْلِمَ، أَوْ أُظْلَمَ، أَوْ أَجْهَلَ، أَوْ يُجْهَلَ عَلَيَّ. )

ഉത്തരം :

«അല്ലാഹുമ്മ! അഊദു ബിക്ക അൻ അദില്ല, അവ് ഉദല്ല , അവ് അസില്ല, അവ് ഉസല്ല, അവ് അള്'ലിമ, അവ് ഉള്'ലമ, അവ് അജ്ഹല, അവ് യുജ്ഹല അലയ്യ» .

(അല്ലാഹുവേ ഞാൻ വഴിതെറ്റുകയോ വഴിതെറ്റിപ്പിക്കപ്പെടുകയോ ചെയ്യുന്നതിൽ നിന്നും, ഞാൻ

വ്യതിചലിക്കുകയോ വ്യതിചലിപ്പിക്കപ്പെടുകയോ ചെയ്യുന്നതിൽ നിന്നും, ഞാൻ ആക്രമിക്കുകയോ ആക്രമിക്കപ്പെടുകയോ ചെയ്യുന്നതിൽ നിന്നും, ഞാൻ വിഡ്ഢിത്തം പ്രവർത്തിക്കുകയോ വിഡ്ഢിയാക്കപ്പെടുകയോ ചെയ്യുന്നതിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു) എന്ന് പറയുക.

١٢١٥. ماذا يقول عند الذهاب إلى المسجد لصلاة الصبح ؟

1215) സുബ്ഹ് നിസ്കാരത്തിന് പള്ളിയിലേക്ക് പോകുമ്പോൾ എന്താണ് പറയുക?

الجواب:

اللهم اجعل في قلبي نورًا، وفي لساني نورا، واجعل في سمعي نورًا،

واجعل في بصري نورًا، واجعل من أمامي نورًا، ومن خلفي نورًا،

واجعل من فوقي نورًا، ومن تحتي نورًا، اللهم أعطني نورًا.

ഉത്തരം:

"അല്ലാഹുമ്മജ്അൽ ഫീ ഖൽബീ നൂറൻ, വഫീ ലിസാനീ നൂറൻ, വജ്അൽ ഫീ സമ്ഈ നൂറൻ, വജ്അൽ ഫീ ബസ്വരീ നൂറൻ, വജ്അൽ മിൻ അമാമീ നൂറൻ, വമിൻ ഖൽഫീ നൂറൻ, വജ്അൽ മിൻ ഫൗഖീ നൂറൻ, വ മിൻ തഹ്തീ നൂറൻ , അല്ലാഹുമ്മ അഅ്ത്വിനീ നൂറൻ"

("അല്ലാഹുവേ നീ എന്റെ ഹൃദയത്തിൽ വെളിച്ചം ഉണ്ടാക്കേണമേ. നീ എന്റെ നാവിലും കേൾവിയിലും കാഴ്ചയിലും വെളിച്ചമുണ്ടാക്കേണമേ. നീ എന്റെ മുൻഭാഗത്തും പിൻഭാഗത്തും മുകൾ ഭാഗത്തും താഴ്ഭാഗത്തും എനിക്ക് വെളിച്ചം നൽകേണമേ. അല്ലാഹുവേ നീ എനിക്ക് വെളിച്ചം നൽകേണമേ).

١٢١٦ .ما هو الفضل لمن خرج في الظلام للصلاة ؟

1216) നിസ്കാരത്തിനായി ഇരുട്ടിൽ പുറത്തിറങ്ങിയ ഒരുവനുള്ള ശ്രേഷ്ഠതയെന്താണ്?

الجواب:

يكون له النور التام يوم القيامة.

ഉത്തരം :

ഉയർത്തെഴുന്നേൽപ്പിന്റെ ദിവസം അവന് പൂർണ്ണമായ പ്രകാശം ഉണ്ടായിരിക്കുന്നതാണ്.

١٢١٧ .أيهما أكثر أجرًا في المشي إلى الصلاة البعيد من المسجد أم القريب منه ؟

1217) പള്ളിയിൽ നിന്ന് ദൂരെയുള്ളവനാണോ അതോ പള്ളിയിൽ നിന്ന് അടുത്തുള്ളവനാണോ നിസ്കാരത്തിലേക്കുള്ള നടത്തത്തിൽ കൂടുതൽ പ്രതിഫലം?

الجواب:

البعيد من المسجد.

ഉത്തരം :

പള്ളിയിൽ നിന്ന് ദൂരെയുള്ളവന്.

١٢١٨ .هل تسرع في المشي إلى الصلاة ؟

1218) നിസ്കാരത്തിലേക്കുള്ള നടത്തത്തിൽ ധൃതികാണിക്കപ്പെടാമോ?

الجواب:

لا، بل يمشي بسكينة ووقار.

ഉത്തരം :

ഇല്ല, മറിച്ച് അവൻ ശാന്തതയോടെയും ഗാംഭീര്യത്തോടെയും നടക്കണം.

١٢١٩ .ماذا يقول عند دخول المسجد وعند الخروج منه ؟

1219) പള്ളിയിൽ പ്രവേശിക്കുമ്പോഴും പള്ളിയിൽ നിന്ന് പുറത്തു വരുമ്പോഴും എന്താണ് പറയുക ?

الجواب:

عند الدخول يقول : {اللهم افتح لي أبواب رحمتك، أعوذ بالله العظيم، وبوجهه الكريم، وسلطانه القديم من الشيطان الرجيم}.

وعند الخروج يقول:{اللهم إني أسألك من فضلك}.

ഉത്തരം :

പ്രവേശിക്കുബോൾ : "അല്ലാഹുമ്മഫ്തഹ്ലീ അബ്‌വാബ റഹ്മത്തിക, ആഊദുബില്ലാഹിൽ അളീം വബിവജ്ഹിഹിൽ കരീം വ സുൽത്വാനിഹിൽ ഖദീം മിനശ്ശൈത്വാനിർറജീം"

(അല്ലാഹുവേ നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ നീ എനിക്ക് തുറന്നു തരേണമേ, മഹത്വപൂർണ്ണനായ അല്ലാഹുവോട് അവന്റെ മഹത്തായ മുഖം മുഖേനയും അവന്റെ അനശ്വരമായ ആധിപത്യം മുഖേനയും ശപിക്കപ്പെട്ട ശൈത്വാനിൽ നിന്ന് ഞാൻ രക്ഷ തേടുന്നു)

എന്ന് പറയുക. പള്ളിയിൽ നിന്ന് പുറത്തിറങ്ങുമ്പോൾ :

അല്ലാഹുമ്മ ഇന്നീ അസ്അലുക മിൻ ഫള്ലിക

(അല്ലാഹുവേ നിന്റെ അനുഗ്രഹത്തിൽ നിന്നും ഞാൻ ചോദിക്കുന്നു) എന്നും പറയുക.

١٢٢٠ .أي الرجلين يقدم عند الدخول إلى المسجد ؟

1220) പള്ളിയിലേക്ക് പ്രവേശിക്കുമ്പോൾ ഇരുകാലുകളിൽ ഏതാണ് മുന്തിക്കുക?

الجواب:

الرجل اليمنى.

ഉത്തരം :

വലതുകാൽ.



١٢٢١ .إذا دخل المسجد وأراد أن يجلس فماذا يفعل ؟

1221) ഒരുവൻ ഒരു പള്ളിയിൽ പ്രവേശിക്കുകയും (തുടർന്ന്) ഇരിക്കാൻ ഉദ്ദേശിക്കുകയുമാണെങ്കിൽ എന്താണ് ചെയ്യേണ്ടത്?

الجواب:

يصلي ركعتين تحية المسجد.

ഉത്തരം :

തഹിയ്യത്തുൽ മസ്ജിദ് രണ്ട് റക്അത്ത് നിസ്കരിക്കുക.

١٢٢٢ .إذا أراد أن يصلي في نعليه فماذا يعمل ؟

1222) ഒരുവൻ തന്റെ ഇരുചെരുപ്പുകളിൽ നിസ്കരിക്കാൻ ഉദ്ദേശിച്ചാൽ എന്താണ് ചെയ്യേണ്ടത്?

الجواب:

عند الدخول إلى المسجد يقلبهما، وينظر فيهما، فإن كان بها أذى أزاله، وصلى فيهما.

ഉത്തരം :

പള്ളിയിലേക്ക് കയറുമ്പോൾ അവൻ അവ രണ്ടും ഊരുകയും അവരണ്ടിലും നോക്കുകയും ചെയ്യുക, അവയിൽ അഴുക്കുണ്ടെങ്കിൻ അവനത് നീക്കം ചെയ്യുക, (പിന്നീട്) അവയിൽ നിസ്കരിക്കുക.

١٢٢٣ .اذكر بعض ما يحصل عليه من حافظ على صلاة الفجر من الثواب ؟

1223) ഫജ്ർ നിസ്കാരം സൂക്ഷ്മതയോടെ നിർവഹിച്ചു പോരുന്നവന് അതിന് ലഭിക്കുന്ന പ്രതിഫലത്തിൽ ചിലത് പരാമർശിക്കുക?

الجواب:

هو في ذمة الله، ومن أسباب دخول الجنة.

ഉത്തരം :

അവൻ അല്ലാഹുവിന്റെ സംരക്ഷണത്തിലാകുന്നു, അത് സ്വർഗ്ഗപ്രവേശനത്തിനുള്ള കാരണങ്ങളിൽ പെട്ടതുമാകുന്നു.

١٢٢٤ .ما أجر من جلس في مصلاه بعد الفجر يذكر الله حتى تطلع الشمس ثم صلى ركعتين ؟

1224) ഫജ്ർ നിസ്കാരത്തിനു ശേഷം തന്റെ മുസ്വല്ലയിൽ (നിസ്കാരസ്ഥലത്ത്) അല്ലാഹുവെ സ്മരിച്ചുകൊണ്ട് സൂര്യൻ ഉദിക്കുന്നവരെ ഇരിക്കുകയും പിന്നീട് രണ്ട് റക്അത്ത് നിസ്കരിക്കുകയും ചെയ്യുവനുള്ള പ്രതിഫലം എന്താണ്?

الجواب:

يكتب له أجر حجة وعمرة تامة تامة  تامة.

ഉത്തരം :

പൂർണ്ണമായ ഒരു ഹജ്ജിന്റെയും ഉംറയുടെയും പ്രതിഫലം അവന് എഴുതപ്പെടും.

١٢٢٥ .اذكر بعض أذكار الصباح والمساء ؟

1225) രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകളിൽ ചിലത് പരാമർശിക്കുക?

الجواب:

منها:

- الآيتان الأخيرتان من سورة البقرة .{من أذكار المساء}.
- بسم الله الذي لا يضر مع اسمه شيء في الأرض ولا في السماء وهو السميع العليم ثلاث مرات. {من أذكار الصباح والمساء}.
- اللهم بك أصبحنا، وبك أمسينا، وبك نحيا، وبك نموت، واليك النشور. {من أذكار الصباح}.
- اللهم بك أمسينا، وبك أصبحنا، وبك نحيا، وبك نموت، واليك المصير {من أذكار المساء}.
- سبحان الله وبحمده عدد خلقه، ورضا نفسه، وزنة عرشه، ومداد كلماته. {من أذكار الصباح }.
- وسيد الاستغفار.{من أذكار الصباح والمساء }.

ഉത്തരം :

അവയിൽ:

- സൂറത്തുൽ ബഖറയിലെ അവസാന രണ്ട് ആയത്തുകൾ {അവ വൈകുന്നേരത്തെ ദിക്റുകളിൽ പെട്ടതാകുന്നു}

- "ബിസ്മില്ലാഹി-ല്ലദീ ലാ യദുർറു മഅ്സമിഹി ശയ്ഉൻ ഫിൽ അർദ്വി വലാ ഫിസ്സമാഇ വഹുവ - സ്സമീഉൽ അലീം."

(അല്ലാഹുവിന്റെ നാമത്തിൽ, അവന്റെ നാമത്തോടൊപ്പം (അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് ആരംഭിച്ചാൽ) ഭൂമിയിലോ ആകാശത്തോ ഒരു വസ്തുവും ഉപദ്രവമേൽക്കപ്പെടുകയില്ല,

അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു)

{രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകളിൽ പെട്ടതാകുന്നു}.

- "അല്ലാഹുമ്മ ബിക അസ്ബഹ്നാ വ ബിക അമ്സയ്നാ വബിക നഹ്‌യാ വബിക നമൂത്തു വ ഇലയ്ക്ക ന്നുശൂർ"

(അല്ലാഹുവേ നിൻറെ സഹായം കൊണ്ട് ഞങ്ങൾ പ്രഭാതത്തിലേക്ക് പ്രവേശിച്ചു, നിൻറെ സഹായം കൊണ്ട് ഞങ്ങൾ വൈകുന്നേരത്തിലും പ്രവേശിക്കുന്നു. ഞങ്ങൾ ജീവിക്കുന്നതും മരിക്കുന്നതും നിന്നെ കൊണ്ടാണ്. നിൻറെ അടുത്തേക്കാണ് ഞങ്ങളുടെ ഒരുമിച്ചുകൂടലും) {രാവിലെയുള്ള ദിക്റുകളിൽ പെട്ടതാകുന്നു} .

- "അല്ലാഹുമ്മ ബിക അമ്സയ്നാ വ ബിക അസ്ബഹ്നാ വബിക നഹ്‌യാ വബിക നമൂത്തു വ ഇലയ്ക്കൽ മസ്വീർ"

(അല്ലാഹുവേ നിൻറെ സഹായം കൊണ്ട് ഞങ്ങൾ വൈകുന്നേരത്തിലേക്ക് പ്രവേശിച്ചു. നിൻറെ സഹായം കൊണ്ട് ഞങ്ങൾ പ്രഭാതത്തിലും പ്രവേശിക്കുന്നു. ഞങ്ങൾ ജീവിക്കുന്നതും മരിക്കുന്നതും നിന്നെക്കൊണ്ടാണ്. നിൻറെ അടുത്തേക്കാണ് ഞങ്ങളുടെ മരണശേഷമുള്ള മടക്കവും.) {വൈകുന്നേരത്തെ ദിക്റുകളിൽ പെട്ടതാകുന്നു} .

- "സുബ്ഹാനല്ലാഹി വബിഹംദിഹി : അദദ ഖൽകിഹി, വ രിദാ നഫ്സിഹി, വസിനത  അർശിഹി, വ മിദാദ കലിമാതിഹി"

(അല്ലാഹു എത്രയധികം പരിശുദ്ധൻ അവനാണ് എല്ലാ സ്തുതിയും നന്ദിയും. അവന്റെ സൃഷ്ടികളുടെ എണ്ണത്തോളവും അവന്റെ  തൃപ്തിയോളവും അവന്റെ അർശിന്റെ ഭാരത്തോളവും, അവന്റെ (എഴുതിത്തീരുകയില്ലാത്ത) വചനങ്ങളുടെ മഷിയുടെ അളവോളവുമുള്ള സ്തുതിയും നന്ദിയും) {രാവിലെയുള്ള ദിക്റുകളിൽ പെട്ടതാകുന്നു} .

- “സയ്യിദുൽ ഇസ്തിഗ്ഫാർ” {രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകളിൽ പെട്ടതാകുന്നു}.



١٢٢٦ .ما هو سيد الاستغفار ؟

1226) എന്താണ് സയ്യിദുൽ ഇസ്തിഗ്ഫാർ?

الجواب:

اللهم أنت ربي لا إله إلا أنت خلقتني وأنا عبدك، وأنا على عهدك، ووعدك ما استطعت، أعوذ بك من شر ما صنعت، أبوء لك بنعمتك علي، وأبوء بذنبي فاغفر لي فإنه لا يغفر الذنوب إلا أنت.

ഉത്തരം :

"അല്ലാഹുമ്മ അൻത റബ്ബീ ലാ ഇലാഹ ഇല്ലാ അൻത ഖലക്തനീ, വ അന അബ്ദുക, വ അന അലാ അഹ്ദിക വ വഅ്ദിക മസ്തത്വഅ്ത്തു, അഊദുബിക മിൻ ശർറി മാ സ്വനഅ്ത്തു, അബൂഉ ലക ബിനിഅ്മതിക അലയ്യ വ അബൂഉ ബി ദൻബീ  ഫഗ്ഫിർലീ ഫ ഇന്നഹൂ ലാ യഗ്ഫിറുദ്ദുനൂബ ഇല്ലാ അൻത."

(അല്ലാഹുവേ നീയാണ് എൻറെ റബ്ബ് , യഥാർത്ഥത്തിൽ നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. നീ എന്നെ സൃഷ്ടിച്ചു. ഞാൻ നിൻറെ അടിമയാണ്. നിന്നോടുള്ള കരാറും കടപ്പാടും എനിക്ക് കഴിയുന്നത്ര ഞാൻ പാലിക്കുന്നു. ഞാൻ പ്രവർത്തിച്ചിട്ടുള്ളതിലെ എല്ലാ തിന്മയിൽനിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു. നീ എനിക്ക് ചെയ്തുതന്ന അനുഗ്രഹങ്ങൾ ഞാൻ നിന്നോട് സമ്മതിക്കുന്നു. ഞാൻ ചെയ്ത പാപങ്ങളും ഞാൻ നിന്നോട് സമ്മതിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തു തരേണമേ, തീർച്ചയായും നീയല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല).

١٢٢٧ .ما هو الأجر المترتب على سيد الاستغفار ؟

1227) സയ്യിദുൽ ഇസ്തിഗ്ഫാർ – ന് നിർദ്ദേശിക്കപ്പെട്ട പ്രതിഫലം എന്താണ് ?

الجواب:

من قرأه من يومه فمات دخل الجنة، ومن قرأه من ليلته فمات دخل الجنة.

ഉത്തരം :

ആരാണോ തന്റെ ദിവസത്തിന്റെ ആരംഭത്തിൽ അത് പറയുന്നതും പിന്നീട് മരണപ്പെടുന്നതും അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതായിരിക്കും, ആരാണോ തന്റെ രാത്രിയുടെ ആരംഭത്തിൽ അത് പറയുന്നതും പിന്നീട് മരണപ്പെടുന്നതും അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതായിരിക്കും.

١٢٢٨ .ما فضل (لا حول ولا قوة إلا بالله) ؟

1228) "ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലായുടെ ശ്രേഷ്ഠതയെന്താണ്?

الجواب:

كنز من كنوز الجنة.

ഉത്തരം :

അത് സ്വർഗ്ഗത്തിലെ നിധികളിൽപ്പെട്ട ഒരു നിധിയാകുന്നു.

١٢٢٩ .اذكر بعض فضائل صلاة  الضحى ؟

1229) ദുഹാ നിസ്കാരത്തിന്റെ ശ്രേഷ്ഠതകളിൽ ചിലത് പരാമർശിക്കുക?

الجواب:

يجزئ  مكان الصدقة على كل مفاصل الجسم، ويكفيه الله شر ذلك اليوم.

ഉത്തരം :

ശരീരത്തിലെ ഓരോ സന്ധികൾക്കുമേലും ഒരു സ്വദഖയുടെ സ്ഥാനത്ത് അത്  പര്യാപ്തമാകപ്പെടും,

ആ ദിവസത്തെ കെടുതിയിൽ നിന്നും അവന് അല്ലാഹു മതിയായി (ആ ദിവസത്തെ കെടുതിയിൽ നിന്നും അല്ലാഹു അവനെ സംരക്ഷിക്കും).

١٢٣٠ .ما فضل من صلى على النبي ﷺ مرة ؟

1230) നബിയുടെ ﷺ മേൽ ഒരു തവണ സ്വലാത്ത് ചൊല്ലിയവനുള്ള പ്രതിഫലമെന്താണ്?

الجواب:

صلى الله عليه بها عشرًا.

ഉത്തരം :

അവന്മേൽ അല്ലാഹു അതുകൊണ്ട് പത്തു സ്വലാത്ത് പറയും (അല്ലാഹുവിന്റെ സ്വലാത്ത് എന്നത് മലക്കുകളുടെ അടുക്കലുള്ള തന്റെ അടിമയെ വാഴ്ത്തലാകുന്നു).

١٢٣١ .ماذا يقول في أول الطعام وفي آخره ؟

1231) ഭക്ഷണം കഴിക്കുന്നതിന്റെ തുടക്കത്തിലും അതിന്റെ അവസാനത്തിലും എന്താണ് പറയുക ?

الجواب:

يقول في أوله بسم الله، وفي آخره الحمد لله.

ഉത്തരം :

അതിന്റെ ആദ്യത്തിൽ "ബിസ്മില്ലാഹ് എന്ന് പറയുക, അതിന്റെ അവസാനത്തിൽ" അൽഹംദുലില്ലാഹ് " എന്നും പറയുക.

١٢٣٢ .ما هو الفضل المترتب على من حمد الله بعد الأكل والشرب ؟

1232) ഭക്ഷിക്കലിനും കുടിക്കലിനും ശേഷം അല്ലാഹുവിനെ സ്തുതിച്ച ഒരുവന് (അൽ ഹംദുലില്ലാഹ് എന്ന് പറഞ്ഞവന്) നിർദ്ദേശിക്കപ്പെട്ട പ്രതിഫലം എന്താണ്?

الجواب:

من أسباب رضوان الله، وحفظ النعمة، وزيادتها.

ഉത്തരം :

അത് അല്ലാഹുവിന്റെ തൃപ്തിയും (അവന്റെ) അനുഗ്രഹത്തിന്റെ കാത്തുസൂക്ഷിപ്പിനും അതിന്റെ വർധനവിനുമുള്ള കാരണങ്ങളിൽപെട്ടതാകുന്നു.

١٢٣٣ .اذكر بعض آداب الطعام ؟

1233) ഭക്ഷണം കഴിക്കുമ്പോഴുള്ള മര്യാദകളിൽ നിന്നും ചിലത് പരാമർശിക്കുക?

الجواب:

- ❖ الأكل باليمين.
- ❖ الأكل مما يليه.
- ❖ الأكل من جوانب الصحفة، لا من وسطها .
- ❖ لعق الأصابع.
- ❖ إماطة الأذى عن اللقمة إذا سقطت، وأكلها.
- ❖ أن لا يعيب طعامًا.
- ❖ الاجتماع على الطعام.

ഉത്തരം :

- ❖ വലതുകൈകൊണ്ട് ഭക്ഷിക്കൽ
- ❖ (പാത്രത്തിലെ) തന്റെ ഭാഗത്തുനിന്നും ഭക്ഷിക്കൽ
- ❖ പാത്രത്തിന്റെ നടുവിൽ നിന്നല്ലാതെ അതിന്റെ വശങ്ങളിൽ നിന്നും ഭക്ഷിക്കൽ
- ❖ വിരലുകൾ നക്കൽ
- ❖ ഉരുള നിലത്ത് വീണാൽ അതിൽ നിന്ന് അഴുക്ക് നീക്കം ചെയ്യലും  തുടർന്ന് അത് ഭക്ഷിക്കലും
- ❖ ഭക്ഷണത്തെ കുറിച്ച് മോശാഭിപ്രായം പറയാതിരിക്കൽ
- ❖ ഭക്ഷണത്തിനായി ഒരുമിച്ചുകൂടൽ (ഒരുമിച്ചിരിക്കൽ).

١٢٣٤ .اذكر دليلا على أن الطعام يبارك فيه إذا كثرت الأيدي عليه ؟

1234) ഒരു ഭക്ഷണത്തിന്മേൽ കൈകൾ (ആളുകളുടെ എണ്ണം) അധികരിച്ചാൽ അതിൽ അല്ലാഹു ബറക്കത്ത് ചൊരിയും എന്നതിനുള്ള തെളിവ് പരാമർശിക്കൂ?

الجواب:

عَنْ أَبِي هُرَيْرَةَ رضي الله عنه أَنَّهُ قَالَ: قَالَ رَسُولُ اللهِ ﷺ: «طَعَامُ الِاثْنَيْنِ كَافِي الثَّلَاثَةِ، وَطَعَامُ الثَّلَاثَةِ كَافِي الْأَرْبَعَةِ» متفق عليه.

ഉത്തരം :

അബൂ ഹുറൈറ -യിൽ നിന്നും رضي الله عنه നിവേദനം അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ അരുളി: «രണ്ടുപേരുടെ ഭക്ഷണം മൂന്നുപേർക്ക് മതിയാകുന്നതാകുന്നു, മൂന്നുപേരുടെ ഭക്ഷണം നാലുപേർക്കും മതിയായതാകുന്നു»

(അൽ ബുഖാരിയും മുസ്ലിമും നിവേദനം ചെയതത്)

١٢٣٥ .ماذا يفعل المسلم إذا تثاءب ؟

1235) കോട്ടുവായിട്ടാൽ ഒരു മുസ്ലിം എന്താണ് ചെയ്യേണ്ടത്?

الجواب:

يكظم ما استطاع ،ويضع يده على فيه.

ഉത്തരം :

കഴിയുന്നത്ര അവൻ അത് തടഞ്ഞുവെക്കുക, തന്റെ കൈ വായിന്മേൽ വെക്കുകയും ചെയ്യുക.

١٢٣٦ .ما هي المبشرات التي بقيت بعد النبوة ؟

1236) എന്താണ് നുബുവ്വത്തിനു ശേഷം അവശേഷിച്ച മുബശ്ശിറാത്ത് (സന്തോഷ വർത്തമാനങ്ങൾ) ?

الجواب:

الرؤيا الصالحة.

ഉത്തരം :

അവ നല്ല സ്വപ്നങ്ങളാകുന്നു.

١٢٣٧ .اذكر أنواع الرؤيا؟

1237) സ്വപ്നങ്ങളുടെ ഇനങ്ങൾ പരാമർശിക്കുക?

الجواب:

الرؤيا ثلاثة : بشرى من الله، وحديث نفس، وتخويف من الشيطان.

ഉത്തരം :

സ്വപ്നങ്ങൾ മൂന്ന് ഇനങ്ങളാകുന്നു: അല്ലാഹുവിൽ നിന്നുള്ള സന്തോഷ വർത്തമാനം, സ്വന്തത്തിൽ നിന്നുമുള്ളത്, പൈശാചികമായതും ശൈത്വാനിൽ നിന്നുമുള്ള പേടിപ്പിക്കൽ.

١٢٣٨ .ماذا يفعل المسلم إذا رأى رؤيا يكرهها ؟

1238) ഒരു മുസ്ലിം അവൻ വെറുക്കുന്ന എന്തെങ്കിലും സ്വപ്നം കണ്ടാൽ എന്താണ് ചെയ്യേണ്ടത്?

الجواب:

يتفل عن يساره ثلاثًا، ويتحول إلى الجنب الآخر، ويستعيذ بالله من الشيطان ومن شرها، ولا يخبر بها أحدًا، ويقوم يصلي إن أراد ذلك.

ഉത്തരം :

അവൻ തന്റെ ഇടതുഭാഗത്തേക്ക് മൂന്നു തവണ തുപ്പുക, (എന്നിട്ട്) തന്റെ മറ്റേ വശത്തേക്ക് തിരിയുക, പൈശാചികന്റെ ശർറിൽ നിന്നും അല്ലാഹുവിൽ അഭയം തേടുക, ഒരുവനെയും തന്നെ അത് അറിയിക്കാതിരിക്കുക, ഉദ്ദേശിക്കുകയാണെങ്കിൽ എഴുന്നേറ്റ് നിസ്കരിക്കുകയും ചെയ്യുക.

١٢٣٩ .ماذا يقول من سُئل عن شيء وهو لا يعلمه ؟

1239) ഒരുവൻ തനിക്കറിയാത്ത ഒരു കാര്യത്തെ കുറിച്ച് ചോദിക്കപ്പെട്ടാൽ എന്താണ് പറയുക ?

الجواب:

يقول: الله أعلم.

ഉത്തരം :

അവൻ പറയുക: അല്ലാഹു അഅ്ലം (അല്ലാഹുവിനാകുന്നു ഏറ്റവും അറിവുള്ളത്).

١٢٤٠ .في أي سورة قوله تعالى ·{وَلَا تَقْفُ مَا لَيْسَ لَكَ بِهِۦ عِلْمٌ ۚ إِنَّ ٱلسَّمْعَ وَٱلْبَصَرَ وَٱلْفُؤَادَ كُلُّ أُو۟لَٰٓئِكَ كَانَ عَنْهُ مَسْـُٔولًا}· ؟

1240) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം: {നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിൻറെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്.}

الجواب:

في سورة الاسراء.

ഉത്തരം :

സൂറത്തൽ ഇസ്റാഅ് – ൽ.

١٢٤١ .إذا أمره أبوه بمعصية ؟

1241) ഒരുവനെ അവന്റെ ഉപ്പാ ഏതെങ്കിലും ഒരു പാപം ചെയ്യാൻ കല്പിച്ചാലോ?

الجواب:

فلا تجب عليه طاعته؛ لقوله ﷺ (( لا طاعة لمخلوق في معصية الخالق )).

ഉത്തരം :

അക്കാര്യത്തിൽ ഉപ്പായെ അനുസരിക്കൽ അവന് നിർബന്ധമല്ല; ((അൽ ഖാലിഖ് – നെ (അല്ലാഹുവിനെ) ധിക്കരിക്കുന്ന കാര്യങ്ങളിൽ സൃഷ്ടികളോട് ഒരു അനുസരണയും ഇല്ല)) എന്ന നബിയുടെ ﷺ ഉദ്ധരണി പ്രകാരം.

١٢٤٢. هل المعصية تورث الذلة ؟

1242) പാപം (അത് ചെയ്യുന്ന ഒരുവന്) അപമാനം കൈവശപ്പെടുത്തിക്കൊടുക്കുമോ?

الجواب:

نعم.

ഉത്തരം :

അതെ.

١٢٤٣. ماذا يجب عليك تجاه والديك ؟

1243) നിന്റെ ഉപ്പയുടെയും ഉമ്മയുടെയും കാര്യത്തിൽ നിന്റെ മേൽ നിർബന്ധമായത് എന്താണ്?

الجواب:

طاعتهما، وبرهما، والدعاء لهما.

ഉത്തരം :

അവരിരുവരേയും അനുസരിക്കലും അവരിരുവർക്കും നന്മ ചെയ്യലും, അവരിരുവർക്കും വേണ്ടി ദുആ ചെയ്യലുമാകുന്നു അത്.

١٢٤٤ .هل يعتبر القيام على الوالدين جهادًا ؟

1244) ഉപ്പാക്കും ഉമ്മാക്കും അവരുടെ ആവശ്യങ്ങൾ നിറവേറ്റൽ മുഖേന നിലകൊള്ളൽ ജിഹാദായി പരിഗണിക്കപ്പെടുമോ?

الجواب:

نعم.

ഉത്തരം :

അതെ.

١٢٤٥ .أيهما أقوى حق الأم أم حق الأب ؟

1245) ഉപ്പയുടെ അവകാശമാണോ അതോ ഉമ്മയുടെ അവകാശമാണോ ഏറ്റവും പ്രബലമായത്?

الجواب:

حق الأم أعظم.

ഉത്തരം :

ഉമ്മയുടെ അവകാശമാകുന്നു ഏറ്റവും വലുത്.

١٢٤٦ .من هي التي بمنزلة الأم ؟

1246) ഉമ്മയുടെ സ്ഥാനത്ത് ഉള്ള സ്ത്രീ ആരാണ്?

الجواب

هي الخالة.

ഉത്തരം :
അവൾ ഉമ്മയുടെ സഹോദരിയാകുന്നു.

١٢٤٧ .إلى ماذا أرشد النبي ﷺ الشاب الغير قادر على الزواج؟

1247) നിക്കാഹ് കഴിക്കാൻ ശേഷിയില്ലാത്ത ഒരു യുവാവിനെ നബി ﷺ എന്തിലേക്കാണ് വഴിതെളിച്ചത് (എന്താണ് ഉപദേശിച്ചത്)?

الجواب:

أرشده إلى الصوم.

ഉത്തരം :

അവനെ നോമ്പ് അനുഷ്ഠിക്കുന്നതിലേക്ക് വഴിതെളിച്ചു (ഉപദേശിച്ചു).

١٢٤٨ .كيف تهنئ من تزوج ؟

1248) നിക്കാഹ് കഴിഞ്ഞ ഒരുവനെ ആശംസിക്കുന്നതെങ്ങനെ?

الجواب:

نقول له: بارك الله لك، وبارك عليك، وجميع بينكما في خير.

ഉത്തരം :

"ബാറക്കല്ലാഹു ലക്ക, വബാറക്ക അലൈക്ക, വ ജമഅ ബയ്നകുമാ ഫീ ഖൈർ."

(അല്ലാഹു താങ്കൾക്കുവേണ്ടി (താങ്കളുടെ ഇണയിൽ) അനുഗ്രഹം ചൊരിയട്ടെ. താങ്കളുടെ മേലും അല്ലാഹു അനുഗ്രഹം ചൊരിയട്ടെ. അല്ലാഹു എല്ലാ നന്മയിലും നിങ്ങളെ രണ്ടുപേരെയും ഇണക്കി ഒരുമിപ്പിക്കട്ടെ.)

١٢٤٩. ماذا يقول من نزل منزلًا ؟

1249) (യാത്രയിൽ വിശ്രമത്തിനായി) മനുഷ്യവാസമില്ലാത്ത ഏതെങ്കിലും ഒരിടത്ത് ഇറങ്ങിയവൻ എന്താണ് പറയുക?

الجواب:

يقول: أعوذ بكلمات الله التامات من شر ما خلق.

ഉത്തരം :

പറയുക: അഊദു ബി കലിമാത്തില്ലാഹി-ത്താമ്മാത്തി മിൻ ശർറി മാ ഖലക്.

(അല്ലാഹുവിൻറെ സമ്പൂർണ്ണമായ വചനങ്ങൾ കൊണ്ട് അവൻ സൃഷ്ടിച്ചവയുടെ തിന്മയിൽ നിന്ന് ഞാൻ അല്ലാഹുവിനോട് രക്ഷതേടുന്നു).

١٢٥٠. ماذا يقول إذا صنع له إنسان معروفًا ؟

1250) മുസ്ലിമായ ഒരു മനുഷ്യൻ തനിക്ക് വല്ല ഉപകാരവും ചെയ്താൽ എന്താണ് ഒരുവൻ അവനോട് പറയുക ?

الجواب:

يقول جزاك الله خيرًا.

ഉത്തരം :

പറയുക : "ജസാക്കല്ലാഹു ഖൈറൻ"

(അല്ലാഹു താങ്കൾക്ക് നല്ല പ്രതിഫലം നൽകട്ടെ).

١٢٥١ .ماذا يقول من عطس؟ وبماذا يُرَّدُ عليه ؟

1251) തുമ്മിയ ഒരുവൻ എന്താണ് പറയുക?, എന്താണ് അവന് മറുപടി നൽകപ്പെടുക?

الجواب:

العاطس يقول: الحمد لله، والسامع يقول له: يرحمك الله، والعاطس يقول: يهديكم الله ويصلح بالكم.

ഉത്തരം :

തുമ്മിയവൻ പറയുക: അൽഹംദു ലില്ലാഹ് (സർവ്വ സ്തുതിയും  അല്ലാഹുവിനാകുന്നു)

അത് കേട്ടവൻ തുമ്മിയവനോട് പറയുക : യർഹമുക്കല്ലാഹ് (അല്ലാഹു താങ്കൾക്ക് കരുണ ചെയ്യട്ടെ)

(അപ്പോൾ) തുമ്മിയവൻ പറയുക : യഹ്ദീക്കുമുല്ലാഹു വയുസ്‌ലിഹു ബാലകും

(അല്ലാഹു താങ്കളെ സന്മാർഗത്തിലാക്കുകയും, താങ്കളുടെ അവസ്ഥ നന്നാക്കുകയും ചെയ്യട്ടെ).

١٢٥٢ .ماذا يفعل من أتاه خبر يسره ؟

1252) തന്നെ സന്തോഷിപ്പിക്കുന്ന എന്തെങ്കിലും ഒരു വാർത്ത വന്നൊരുവൻ എന്താണ് ചെയ്യുക ?

الجواب:

يسجد لله شكرًا.

ഉത്തരം :

നന്ദിയായി അല്ലാഹുവിന് അവൻ സുജൂദ് ചെയ്യുക.

١٢٥٣. ماذا نقول عند نزول المطر ؟

1253) മഴ പെയ്യുമ്പോൾ ഒരുവൻ എന്താണ് പറയുക ?

الجواب:

اللهم صيبًا نافعًا.

ഉത്തരം :

അല്ലാഹുമ്മ സ്വയ്യിബൻ നാഫിഅൻ (അല്ലാഹുവേ ഇതൊരു ഉപകാരപ്രദമായ മഴയാക്കേണമേ).

١٢٥٤. اذكر آية تدل على أن المطر يطلق عليه رحمة ؟

1254) മഴയെ റഹ്മത്ത് എന്നും വിളിക്കപ്പെടും എന്നതിനെ കുറിക്കുന്ന ആയത്ത് പരാമർശിക്കുക?

الجواب:

{وَهُوَ ٱلَّذِى يُرْسِلُ ٱلرِّيَٰحَ بُشْرًا بَيْنَ يَدَىْ رَحْمَتِهِۦ ۖ} [الأعراف: ٥٧].

ഉത്തരം :

{അവനത്രെ തൻ്റെ അനുഗ്രഹത്തിന്ന് (മഴയ്ക്കു) മുമ്പായി സന്തോഷവാർത്ത അറിയിച്ചുകൊണ്ട് കാറ്റുകളെ അയക്കുന്നവൻ.} [അൽ അഅ്റാഫ്:57]

١٢٥٥. اذكر آية تدل على أن المطر يطلق عليه رزق ؟

1255) മഴയെ റിസ്ഖ് ( ഉപജീവനം) എന്നും വിളിക്കപ്പെടും എന്നതിനെ കുറിക്കുന്ന ആയത്ത് പരാമർശിക്കുക?

الجواب:

{وَٱخۡتِلَٰفِ ٱلَّيۡلِ وَٱلنَّهَارِ وَمَآ أَنزَلَ ٱللَّهُ مِنَ ٱلسَّمَآءِ مِن رِّزۡقٖ فَأَحۡيَا بِهِ ٱلۡأَرۡضَ بَعۡدَ مَوۡتِهَا وَتَصۡرِيفِ ٱلرِّيَٰحِ ءَايَٰتٞ لِّقَوۡمٖ يَعۡقِلُونَ} [الجاثية: ٥].

ഉത്തരം :

{രാവും പകലും മാറിമാറി വരുന്നതിലും, അല്ലാഹു ആകാശത്തു നിന്ന് ഉപജീവനം ഇറക്കി അതുമുഖേന ഭൂമിക്ക് അതിൻറെ നിർജീവാവസ്ഥയ്ക്ക് ശേഷം ജീവൻ നൽകിയതിലും, കാറ്റുകളുടെ ഗതി നിയന്ത്രണത്തിലും ചിന്തിച്ചു മനസ്സിലാക്കുന്ന ആളുകൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.} [അൽ ജാസിയഹ്:5]

١٢٥٦. ماذا يقول من غضب ؟

1256) ദേഷ്യം വന്നവൻ എന്താണ് പറയുക?

الجواب:

أعوذ بالله من الشيطان الرجيم.

ഉത്തരം :

ആഊദു ബില്ലാഹി മിനശ്ശൈത്വാനിർറജീം (ശപിക്കപ്പെട്ട പിശാചിൽ നിന്ന് ഞാൻ അല്ലാഹുവോട് രക്ഷ തേടുന്നു).

١٢٥٧ .في أي سورة قوله تعالى ﴿وَلَا تَسْتَوِى ٱلْحَسَنَةُ وَلَا ٱلسَّيِّئَةُ ۚ ٱدْفَعْ بِٱلَّتِى هِىَ أَحْسَنُ فَإِذَا ٱلَّذِى بَيْنَكَ وَبَيْنَهُۥ عَدَٰوَةٌ كَأَنَّهُۥ وَلِىٌّ حَمِيمٌ﴾ ؟

1257) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം

{നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിൻമയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിൻറെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു.}

الجواب:

في سورة فصلت.

ഉത്തരം :

സൂറത്തു ഫുസ്സിലത്ത് – ൽ.

١٢٥٨ .ماذا يفعل الأنسان إذا نزغه الشيطان ؟

1258) ശൈത്വാന്റെ ദുഷ്പ്രേരണ ഒരു മനുഷ്യനെ ബാധിച്ചാൽ അയാൾ എന്താണ് ചെയ്യേണ്ടത്?

الجواب:

يستعيذ بالله من الشيطان الرجيم.

ഉത്തരം :

അവൻ ശപിക്കപ്പെട്ട ശൈത്വാനിൽ നിന്ന് അല്ലാഹുവോട് രക്ഷ തേടുക.

١٢٥٩ .ماذا يفعل من رأى منكرًا ؟

1259) എന്തെങ്കിലും ഒരു തിന്മ കണ്ട ഒരുവൻ എന്താണ് ചെയ്യേണ്ടത്?

الجواب:

يغيره بيده، فإن لم يستطع فبلسانه، فإن لم يستطع فبقلبه وذلك أضعف الإيمان.

ഉത്തരം :

അവൻ തന്റെ കൈകൊണ്ടതിന് മാറ്റം വരുത്തുക, അതിനവന് സാധിച്ചില്ലെങ്കിൽ തന്റെ നാവുകൊണ്ട് അതിന് മാറ്റം വരുത്തുക, അതിനും അവന് സാധിച്ചില്ലെങ്കിൽ തന്റെ ഹൃദയംകൊണ്ട് അതിനെ വെറുക്കുക, അതാകുന്നു ഈമാനിൽ ഏറ്റവും ദുർബലമായത്.

١٢٦٠ .كيف يفعل في لبس النعال؟

1260) ചെരുപ്പ് ധരിക്കുന്ന കാര്യത്തിൽ ഒരുവൻ ചെയ്യേണ്ടതെങ്ങനെ?

الجواب:

في اللبس يبدأ باليمين، وفي الخلع يبدأ باليسرى.

ഉത്തരം :

ചെരുപ്പ് ധരിക്കുന്ന കാര്യത്തിൽ അവൻ തന്റെ വലതുകാൽകൊണ്ട് തുടങ്ങുക, ഊരുന്ന കാര്യത്തിൽ ഇടതുകാൽകൊണ്ടും.

١٢٦١ .ماذا يفعل إذا انقطعت إحدى نعليه ؟

1261) തന്റെ ചെരുപ്പുകളിലൊന്ന് മുറിഞ്ഞുപോയാൽ ഒരുവൻ എന്താണ് ചെയ്യേണ്ടത്?

الجواب:

يخلع الأخرى (لينعلهما جميعًا أو ليلبسهما جميعًا).

ഉത്തരം :

മറ്റേതും ഊരി ഒഴിവാക്കുക, (രണ്ടും ഒരുമിച്ച ധരിക്കുകയോ അല്ലെങ്കിൽ രണ്ടും ഒരുമിച്ച് ഊരുകയോ ചെയ്യുക).

١٢٦٢ .ماذا نقول عند دخول البيت ؟

1262) ഒരു വീട്ടിൽ പ്രവേശിക്കുമ്പോൾ നാം എന്താണ് പറയേണ്ടത് ?

الجواب:

بسم الله.

ഉത്തരം :

ബിസ്മില്ലാഹ്.



١٢٦٣ .ما أحسن صيغه للسلام ؟

1263) സലാം പറയുന്നതിനുള്ള രൂപങ്ങളിൽ ഏറ്റവും നല്ലതേതാണ്?

الجواب:

السلام عليكم ورحمة الله وبركاته.

ഉത്തരം :

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറകാത്തുഹു.

١٢٦٤ .ما هو الأجر المترتب على السلام ؟

1264) എന്താണ് സലാം പറയുന്നതിന് നിർദ്ദേശിക്കപ്പെട്ട പ്രതിഫലം?

الجواب:

إن قال: السلام عليكم كتب له عشر حسنات، وإن قال: السلام عليكم ورحمة الله كُتب له عشرون حسنة، وإن قال: السلام عليكم ورحمة الله وبركاته كتب له ثلاثون حسنة.

ഉത്തരം :

ഒരുവൻ "അസ്സലാമു അലൈക്കും"

എന്ന് പറയുകയാണെങ്കിൽ അവന് പത്തു നന്മകൾ രേഖപ്പെടുത്തപ്പെടും,

ഒരുവൻ "അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹ്"എന്ന് പറയുകയാണെങ്കിൽ അവന് ഇരുപതു നന്മകൾ രേഖപ്പെടുത്തപ്പെടും.

ഒരുവൻ

"അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബറകാത്തുഹു"

എന്ന് പറയുകയാണെങ്കിൽ അവന് മുപ്പതു നന്മകൾ രേഖപ്പെടുത്തപ്പെടും.

١٢٦٥. هل تسلم على من تعرفه فقط ؟

1265) നീ നിനക്കറിയുന്നവനോട് മാത്രമേ സലാം പറയുകയുള്ളോ?

الجواب:

لا، بل على من عرفت، ومن لم تعرف.

ഉത്തരം :

അല്ല, മറിച്ച് നീ അറിഞ്ഞവനോടും  അറിയാത്തവനോടും പറയേണ്ടതാകുന്നു സലാം.

١٢٦٦. هل تسلم على الصبيان الصغار ؟

1266) ചെറിയ കുട്ടികളോട് സലാം പറയപ്പെടാമോ?

الجواب:

نعم، فقد كان النبي ﷺ يسلم عليهم.

ഉത്തരം :

അതെ, നബി ﷺ അവരോട് സലാം പറയാറുണ്ടായിരുന്നു.

١٢٦٧ .ماذا تقول إذا زرت مريضًا ؟

1267) ഏതെങ്കിലും ഒരു രോഗിയെ സന്ദർശിച്ചാൽ നീ എന്താണ് പറയുക?

الجواب:

لا بأس طهور إن شاء الله.

ഉത്തരം :

ലാ ബഅ്സ ത്വഹൂറുൻ ഇൻശാഅല്ലാഹ് (സാരമില്ല. അല്ലാഹു ഉദ്ദേശിച്ചാൽ  സുഖംപ്രാപിക്കലുണ്ടാകും)

١٢٦٨ .هل يصلح إكراه المريض على الأكل والشرب؟

1268) ഒരു രോഗിയെ ഭക്ഷിക്കാനും കുടിക്കാനും വേണ്ടി നിർബന്ധിക്കുന്നത് ശരിയാണോ?

الجواب:

لا يصلح.

ഉത്തരം :

ശരിയല്ല.

١٢٦٩ .في أي سورة قوله تعالى: {فَإِنَّ مَعَ ٱلْعُسْرِ يُسْرًا * إِنَّ مَعَ ٱلْعُسْرِ يُسْرًا}: ؟

1269) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം {എന്നാൽ തീർച്ചയായും ഞെരുക്കത്തിൻറെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും * തീർച്ചയായും ഞെരുക്കത്തിൻറെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും.}

الجواب:

في سورة الشرح.

ഉത്തരം :

സൂറത്തുശ്ശർഹ് – ൽ.

١٢٧٠ .اذكر بعض آداب السلام ؟

1270) സലാം പറയുന്നതിലെ ചില മര്യാദകൾ പരാമർശിക്കുക?

الجواب:

يسلم الماشي على القاعد، ويسلم الراكب على الماشي، ويسلم القليل على الكثير، ويسلم الصغير على الكبير، ويسلم إذا جاء المجلس وإذا قام من المجلس.

ഉത്തരം :

നടക്കുന്നവൻ ഇരിക്കുന്നവനോട് സലാം പറയുക, വാഹനത്തിൽ സഞ്ചരിക്കുന്നവൻ നടക്കുന്നവനോടും, കുറച്ചുപേരടങ്ങുന്ന കൂട്ടം അധികംപേരടങ്ങുന്ന കൂട്ടത്തോടും,

ചെറിയവൻ വലിയവനോടും, ഒരു സദസ്സിൽ വന്നാലും ഒരു സദസ്സിൽ നിന്നും എഴുന്നേറ്റാലും സലാം പറയുക.

١٢٧١. ماذا يقول إذا هبت الريح ؟

1271) ഒരു കാറ്റ് വീശിയാൽ എന്താണ് പറയുക?

الجواب:

اللهم إنا نسألك خيرها وخير ما أمرت به، ونعوذ بك من شرها وشر ما أمرت به.

ഉത്തരം :

അല്ലാഹുമ്മ ഇന്നീ അസ്അലുക ഖൈറഹാ, വ ഖൈറ മാ ഉമിറത്ത് ബിഹി, വഅഊദുബിക മിൻ ശർരിഹാ, വശർരി മാ ഉമിറത്ത് ബിഹി

(അല്ലാഹുവേ ഇതിലെ (ഈ കാറ്റിലെ) നൻമയെയും, ഇത് കൽപ്പിക്കപ്പെട്ടതിലെ നന്മയെയും നിന്നോട് ഞാൻ ചോദിക്കുന്നു. ഇതിലെ (ഈ കാറ്റിലെ) തിന്മയിൽ നിന്നും, ഇത് കൽപ്പിക്കപ്പെട്ടതിലെ തിന്മയിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു.)

١٢٧٢. اذكر بعض آداب الاستئذان ؟

1272) (അന്യഗൃഹത്തിൽ പ്രവേശിക്കാൻ) അനുവാദം ചോദിക്കുന്നതിലെ ചില മര്യാദകൾ പരാമർശിക്കുക?

الجواب:

طرق الباب بلطف، أن لا يقف مقابل الباب بل ينحاز يمينًا أو شمالًا.

ഉത്തരം :

മയത്തോടെ വാതിൽ മുട്ടുക, വാതിലിനു നേരെമുമ്പിൽ നിൽക്കാതിരിക്കുക, മറിച്ച് വലത്തോട്ടോ ഇടത്തോട്ടോ മാറിനിൽക്കുക.

١٢٧٣. ما هي صيغة الاستئذان ؟

1273) എന്താണ് അനുവാദം ചോദിക്കുന്നതിന്റെ രൂപം?

الجواب:

أن يقول: السلام عليكم أأدخل.

ഉത്തരം :

"അസ്സലാമു അലൈക്കും അഅദ്ഖുൽ (ഞാൻ പ്രവേശിക്കട്ടെ)" എന്ന് ചോദിക്കലാകുന്നു അത്.

١٢٧٤. كم الاستئذان؟

1274) എത്ര പ്രാവശ്യമാണ് അനുവാദം ചോദിക്കൽ ?

الجواب:

ثلاث مرات فإن أُذِنَ لك، وإلا فارجع.

ഉത്തരം :

മൂന്നു തവണ, നിനക്ക് അനുവാദം ലഭിച്ചാൽ പ്രവേശിക്കുക, ഇല്ലെങ്കിൽ നീ മടങ്ങുക.

١٢٧٥ .ما جزاء من صام رمضان، أو قامه إيمانًا واحتسابًا ؟

1275) റമദാനിൽ നോമ്പ് അനുഷ്ഠിച്ചവനോ അല്ലെങ്കിൽ ഈമാനോടുകൂടിയും അല്ലാഹുവിൽ നിന്നുമാത്രം പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടും അതിലെ രാവുകളിൽ നിസ്കരിച്ചവനോ ഉള്ള പ്രതിഫലം എന്താണ്?

الجواب:

غفر له ما تقدم من ذنبه.

ഉത്തരം :

അവന്റെ മുൻകഴിഞ്ഞുപോയ പാപങ്ങൾ അവന് പൊറുത്തുനൽകപ്പെടും.

١٢٧٦ .ما جزاء من تصدق بصدقة فأخفاها ؟

1276) എന്തെങ്കിലും ഒരു സ്വദഖ (ആർക്കെങ്കിലും) കൊടുക്കുകയും തുടർന്നത് രഹസ്യമാക്കുകയും ചെയ്ത ഒരുവനുള്ള പ്രതിഫലം എന്താണ്?

الجواب:

يظله الله في ظله يوم لا ظل إلا ظله.

ഉത്തരം :

അല്ലാഹു നൽകുന്ന തണലല്ലാതെ മറ്റൊരുതണലും ലഭിക്കാത്ത ദിവസത്തിൽ അല്ലാഹു അവന് തണൽ നൽകുന്നതാണ്.

١٢٧٧ .اذكر بعض أصناف الذين يظلهم الله في ظله يوم لا ظل إلا ظله؟

1277) അല്ലാഹു നൽകുന്ന തണലല്ലാതെ മറ്റൊരുതണലും ലഭിക്കാത്ത ദിവസത്തിൽ അല്ലാഹു തണൽ നൽകുന്ന വിഭാഗക്കാരിൽ ചിലരെ പരാമർശിക്കുക?

الجواب:

الْإِمَامُ الْعَادِلُ، وَشَابٌّ نَشَأَ بِعِبَادَةِ اللهِ، وَرَجُلٌ قَلْبُهُ مُعَلَّقٌ فِي الْمَسَاجِدِ، ورجلان تَحَابَّا فِي اللهِ اجْتَمَعَا عَلَيْهِ وَتَفَرَّقَا عَلَيْهِ، وَرَجُلٌ دَعَتْهُ امْرَأَةٌ ذَاتُ مَنْصِبٍ وَجَمَالٍ، فَقَالَ: إِنِّي أَخَافُ اللهَ، وَرَجُلٌ تَصَدَّقَ بِصَدَقَةٍ فَأَخْفَاهَا حَتَّى لَا تَعْلَمَ شِمَالُهُ مَا تُنْفِقُ يَمِينُهُ، وَرَجُلٌ ذَكَرَ اللهَ خَالِيًا، فَفَاضَتْ عَيْنَاهُ.

ഉത്തരം :

നീതി നിഷ്ഠനായ നേതാവ്, അല്ലാഹുവിന്നായുള്ള ആരാധനയിൽ വളർന്നുവന്ന യുവാവ്, പള്ളികളിൽ മനസ്സ് ബന്ധിക്കപ്പെട്ട പുരുഷൻ, അല്ലാഹുവിനു വേണ്ടി പരസ്പരം സ്നേഹിക്കുകയും അവനുവേണ്ടി സംഗമിക്കുകയും അവനുവേണ്ടി തന്നെ പിരിയുകയും ചെയ്യുന്ന രണ്ടു പേർ, കുലീനയും സുന്ദരിയുമായ സ്ത്രീ അവിഹിത വേഴ്ചക്ക് ക്ഷണിച്ചപ്പോൾ "ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു" എന്ന് പറഞ്ഞവൻ, എന്തെങ്കിലും ദാനധർമ്മം ചെയ്യുകയും എന്നിട്ടത് തന്റെ വലതുകൈ ചെലവഴിക്കുന്നത് ഇടതുകൈ അറിയാത്ത വിധത്തിൽ രഹസ്യമാക്കി വെക്കുകയും ചെയ്തവൻ, ഏകനായിരുന്ന് അല്ലാഹുവിനെ ഓർത്ത് കണ്ണീർ വാർക്കുന്നവൻ.

١٢٧٨ .إذا تصدق المسلم فهل ينقص ماله ؟

1278) ഒരു മുസ്ലിം സ്വദഖ നൽകിയാൽ അവന്റെ സമ്പത്ത് കുറഞ്ഞു പോകുമോ?

الجواب:

لا.

ഉത്തരം :

ഇല്ല.

١٢٧٩ .ما هو الفضل المترتب على صيام يوم عرفة ؟

1279) എന്താണ് അറഫ ദിവസത്തെ നോമ്പിന് നിർദ്ദേശിക്കപ്പെട്ട പ്രതിഫലം?

الجواب:

يكفر السنة الماضية، والباقية.

ഉത്തരം :

മുൻകഴിഞ്ഞ വർഷത്തെയും വരാനിരിക്കുന്ന വർഷത്തെയും പാപങ്ങൾ പൊറുത്തു നൽകപ്പെടും.

١٢٨٠ .ما هو الفضل المترتب على صيام عاشوراء ؟

1280) എന്താണ് ആശൂറാ നോമ്പിന് നിർദ്ദേശിക്കപ്പെട്ട പ്രതിഫലം?

الجواب:

يكفر السنة الماضية.

ഉത്തരം :

മുൻകഴിഞ്ഞ വർഷത്തെ പാപങ്ങൾ പൊറുത്തു നൽകപ്പെടും.

١٢٨١ .ما هو الفضل المترتب على صيام رمضان ثم إتباعه بستٍ من شوال ؟

1281) റമദാൻ നോമ്പു നോൽക്കുകയും എന്നിട്ട് ശവ്വാലിൽ ആറുദിവസം നോമ്പ് നോറ്റുകൊണ്ടതിനെ പിൻതുടരുകയും ചെയ്യുന്നതിന് നിർദ്ദേശിക്കപ്പെട്ട പ്രതിഫലം എന്താണ്?

الجواب:

كان كصيام الدهر.

ഉത്തരം :

അതിനവനുള്ള പ്രതിഫലം വർഷം മുഴുവനും നോമ്പ് നോറ്റതിനുള്ളതു പോലെയാകും.

١٢٨٢ .ما هو البيت العتيق؟

1282) ബയ്തുൽ അതീഖ് എന്നാൽ എന്താണ്?

الجواب:

هو المسجد الحرام.

ഉത്തരം :

അത് മസ്ജിദുൽ ഹറാം ആകുന്നു.



١٢٨٣ .بكم تكون الصلاة في المسجد الحرام ؟

1283) മസ്ജിദുൽ ഹറാം –ലെ ഒരു നിസ്കാരത്തിനുള്ള പ്രതിഫലം എത്രയാണ്?

الجواب:

بمائة ألف صلاة.

ഉത്തരം :

ഒരു ലക്ഷം നിസ്കാരങ്ങളുടെ പ്രതിഫലം.

١٢٨٤ .بكم تكون الصلاة في المسجد النبوي ؟

1284) മസ്ജിദുന്നബവീ – യിലെ ഒരു നിസ്കാരത്തിനുള്ള പ്രതിഫലം എത്രയാണ്?

الجواب:

بألف صلاة.

ഉത്തരം :

ആയിരം നിസ്കാരങ്ങളുടെ പ്രതിഫലം.

١٢٨٥ .ما هو المسجد الذي الصلاة فيه كعمرة؟

1285) ഒരു ഉമ്റക്ക് തുല്യമായ നിസ്കാരം ഏത് പള്ളിയിൽ വെച്ചുള്ളതാണ്?

الجواب:

مسجد قباء.

ഉത്തരം :
മസ്ജിദ് ഖുബാ.

١٢٨٦ .ما أجر من دل على خير أو هُدى ؟

1286) ഒരു നന്മ നിർദ്ദേശിച്ചവനോ അല്ലെങ്കിൽ ഒരു സന്മാർഗം ചൂണ്ടിക്കാണിച്ചവനോ ഉള്ള പ്രതിഫലം എന്താണ്?

الجواب:

فله مثل أجر فاعله.

ഉത്തരം :

അത് പ്രവർത്തിക്കുന്നവന് (അല്ലെങ്കിൽ പിൻപറ്റുന്നവന്) ഉള്ളതുപോലുള്ള പ്രതിഫലമുണ്ടവന്ന്.

١٢٨٧ .ما هو الذكر الذي من قاله حطت خطاياه وإن كانت مثل زبد البحر ؟

1287) ഒരുവൻ ഏത് ദിക്ർ ചൊല്ലിയാലാണ് തന്റെ പാപങ്ങൾ കടലിലെ നുരപോലെയായിരുന്നാലും നീക്കം ചെയ്യപ്പെടുക?

الجواب:

سبحان الله وبحمده مائة مرة.

ഉത്തരം :

"സുബ്ഹാനല്ലാഹി വ ബിഹംദിഹി" നൂറു തവണ.

١٢٨٨. ما هو الذكر الذي من قاله كُتِبَ له ألف حسنة أو حط عنه ألف خطيئة ؟

1288) ഒരുവൻ ഏത് ദിക്ർ ചൊല്ലിയാലാണ് അവന് ആയിരം നന്മകൾ എഴുതപ്പെടുക അല്ലെങ്കിൽ അവനെതൊട്ട് ആയിരം തിന്മകൾ നീക്കം ചെയ്യപ്പെടുക ?

الجواب:

يقول: سبحان الله مائة مرة.

ഉത്തരം :

"സുബ്ഹാനല്ലാഹ്" എന്ന് നൂറ് തവണ ചൊല്ലിയാൽ.

١٢٨٩. ما هو أحب الكلام إلى الله ؟

1289) അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള വചനം എന്താണ്?

الجواب:

سبحان الله، والحمد لله، ولا إله إلا الله، والله أكبر.

ഉത്തരം :

സുബ്ഹാനല്ലാഹ് വൽ ഹംദുലില്ലാഹ് വലാ ഇലാഹ ഇല്ലല്ലാഹ് വല്ലാഹു അക്ബർ.

١٢٩٠ .هناك كلمتان خفيفتان على اللسان ثقيلتان في الميزان حبيبتان إلى الرحمن ما هما ؟

1290) നാവിന് എളുപ്പമായതും തുലാസിൽ കനം തൂങ്ങുന്നതും പരമകാരുണികന് പ്രിയപ്പെട്ടതുമായ രണ്ട് വാക്കുകളുണ്ട്, അവ ഏതൊക്കെയാണ്?

الجواب:

سبحان الله وبحمده، سبحان الله العظيم.

ഉത്തരം:

സുബ്ഹാനല്ലാഹി വബിഹംദിഹി, സുബ്ഹാനല്ലാഹിൽ അളീം.

١٢٩١ .إلى أين يكون إزار المسلم وثوبه ؟

1291) ഒരു മുസ്ലിമിന്റെ മുണ്ടും (നീളൻ)വസ്ത്രവും എവിടെവരെ ആയിരിക്കണം?

الجواب:

الأفضل إلى نصف الساق، ويجوز إلى فوق الكعب.

ഉത്തരം :

കണംകാലിന്റെ പകുതിവരെ ആകലാകുന്നു ഉത്തമം, ഞെരിയാണിയുടെ മുകൾ വരെ ആകുന്നതും അനുവദനീയമാകുന്നു.

١٢٩٢ .ما حكم من زاد على الكعب ؟

1292) (തന്റെ വസ്ത്രം) ഞെരിയാണിക്കപ്പുറത്തേക്ക് അധികരിപ്പിച്ച ഒരുവന്റെ വിധിയെന്താണ്?

الجواب:

حرام، ما أسفل الكعبين ففي النار.

ഉത്തരം :

ഹറാം ആകുന്നു, ഞെരിയാണികൾക്ക് താഴെയുള്ളതെന്തോ അത് നരകത്തിലാകുന്നു.

١٢٩٣ .هل يجوز لبس البنطال ؟

1293) പാന്റ്സ് ധരിക്കൽ അനുവദനീയമാണോ?

الجواب:

لا يجوز؛ لأنه تشبه بالكفار.

ഉത്തരം :

അനുവദനീയമല്ല, കാരണം അത് കാഫിറുകളെ അനുകരിക്കലാകുന്നു.

١٢٩٤ .هل يجوز للرجل أن يلبس لبس النساء أو العكس ؟

1294) ഒരു പുരുഷന് സ്ത്രീയുടെ വസ്ത്രം ധരിക്കലോ അല്ലെങ്കിൽ ഒരു സ്ത്രീക്ക് പുരുഷന്റെ വസ്ത്രം ധരിക്കലോ അനുവദനീയമാണോ?

الجواب:

لا يجوز ذلك.

ഉത്തരം :

അനുവദനീയമല്ല.

١٢٩٥ .ما حكم حلق اللحية، أو التقصير منها ؟

1295) താടി വടിക്കുന്നതിന്റേയോ അത് വെട്ടുന്നതിന്റേയോ വിധിയെന്താണ്?

الجواب:

حرام.

ഉത്തരം :

അത് ഹറാം ആകുന്നു.

١٢٩٦ .اذكر خمسًا من خصال الفطرة ؟

1296) ഫിത്വ്റത്ത് – ൽ(ശുദ്ധ പ്രകൃതിയിൽ) പെട്ട അഞ്ച് സദ്ഗുണങ്ങൾ പരാമർശിക്കുക?

الجواب:

1) الختان 2) الاستحداد 3) قص الشارب 4)نتف الإبط 5) تقليم الأظافر.

ഉത്തരം :

1) ചേലാകർമ്മം

2) ഗുഹ്യപ്രദേശത്തെ രോമം നീക്കൽ

3) മീശ വെട്ടൽ

4) കക്ഷരോമം പറിക്കൽ

5) (കൈകാലുകളിലെ) നഖം മുറിക്കൽ.

١٢٩٧. ما حكم سب الحمى ؟

1297) എന്താണ് പനിയെ കുറ്റപ്പെടുത്തുന്നതിന്റെ വിധി?

الجواب:

لا يجوز؛ لأنها تذهب الخطايا.

ഉത്തരം:

അത് അനുവദനീയമല്ല, കാരണം അത് പാപങ്ങൾ നീക്കം ചെയ്യുന്നതാകുന്നു (പാപങ്ങൾ നീക്കം ചെയ്യപ്പെടുന്നതിനുള്ള കാരണങ്ങളിൽപെട്ടതാകുന്നു).

١٢٩٨. كيف نبرد الحمى ؟

1298) പനിയെ തണുപ്പിക്കുന്നതെങ്ങനെ?

الجواب:

نبردها بالماء ؛لأنها من فيح جهنم.

ഉത്തരം :

നമുക്ക് വെള്ളംകൊണ്ടതിനെ തണുപ്പിക്കാം, കാരണം അത് നരകത്തിന്റെ ഫയ്ഹ്-ൽ (ആളുന്ന കൊടും ചൂടിൽ) നിന്നും ഉള്ളതാകുന്നു.

١٢٩٩ .هل يجوز الجلوس بين الظل والشمس؟

1299) സൂര്യവെളിച്ചത്തിനും തണലിനും ഇടയിലുള്ള ഇരുത്തം അനുവദനീയമാണോ?

الجواب:

لا يجوز.

ഉത്തരം :

അനുവദനീയമല്ല.

١٣٠٠ .عرف الآتي: التحفة، الوليمة، العذيرة، العقيقة، القِرى ؟

1300) താഴെ കൊടുത്തിരിക്കുന്നവയ്ക്ക് നിർവചനം നൽകുക: അത്തുഹ്ഫ, അൽ വലീമ, അൽ അദീറ, അൽ അഖീഖ, അൽ ഖിറാ?

الجواب:

- التحفة: الطعام الذي يقدم للزائر.
- الوليمة: طعام العرس.
- العذيرة: طعام الختان.
- العقيقة: الذبيحة عن المولود والأفضل أن تكون يوم سابعه
- القرى: طعام الضيف.

ഉത്തരം :

- ❖ അത്തുഹ്ഫ: സന്ദർശകർക്ക് നൽകപ്പെടുന്ന ഭക്ഷണം
- ❖ അൽ വലീമ: നിക്കാഹിന് നൽകപ്പെടുന്ന ഭക്ഷണം
- ❖ അൽ അദീറ: ചേലാകർമ്മത്തിന് നൽകപ്പെടുന്ന ഭക്ഷണം.
- ❖ അൽ അഖീഖ: ഒരു നവജാത ശിശുവിനെ തൊട്ടുള്ള അറവ്, അത് ഏഴാം ദിവസമാകലാകുന്നു ഉത്തമം
- ❖ അൽ ഖിറാ: അതിഥികൾക്ക് നൽകപ്പെടുന്ന ഭക്ഷണം.

١٣٠١. من هو الرويبضة ؟

1301) റുവൈബിദ എന്നാൽ ആരാണ്?

الجواب:

هو السفيه يتكلم في أمر العامة.

ഉത്തരം :

അവൻ പൊതുജനങ്ങളുടെ കാര്യത്തിൽ സംസാരിക്കുന്ന ഒരു വിഡ്ഢിയാകുന്നു.

١٣٠٢. ما هي الساعة التي يستجاب فيها الدعاء يوم الجمعة ؟

1302) ജുമുഅ ദിവസത്തിൽ ഏത് സമയത്താണ് പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെടുക ?

الجواب:

أرجح الأقوال: أنها الساعة الأخيرة بعد العصر.

ഉത്തരം :

അതുമായി ബന്ധപ്പെട്ട് വന്ന അഭിപ്രായങ്ങളിൽ ഏറ്റവും ശരിയായത്: അത് അസ്റിനു ശേഷമുള്ള അവസാന സമയമാകുന്നു എന്നാകുന്നു.

١٣٠٣. ما هو الحسد ؟

1303) അസൂയ എന്നാൽ എന്ത്?

الجواب:

هو تمني زوال النعمة عن الغير.

ഉത്തരം :

അത് മറ്റുള്ളവരെ തൊട്ട് (അല്ലാഹു അവർക്ക് നൽകിയ) ഒരു അനുഗ്രഹം നീങ്ങിപ്പോകൽ ആഗ്രഹിക്കലാകുന്നു.

١٣٠٤. ما حكم الحسد ؟

1304) അസൂയയുടെ വിധിയെന്താണ്?

الجواب:

حرام.

ഉത്തരം :

അത് ഹറാമാകുന്നു.



١٣٠٥. اذكر آية ورد فيها ذكر الغراب ؟

1305) കാക്കയെ കുറിച്ചുള്ള പരാമർശനം വന്ന ആയത്ത് പരാമർശിക്കുക?

الجواب:

﴿فَبَعَثَ ٱللهُ غُرَابًا يَبْحَثُ فِى ٱلْأَرْضِ لِيُرِيَهُۥ كَيْفَ يُوَٰرِى سَوْءَةَ أَخِيهِ ۚ قَالَ يَٰوَيْلَتَىٰٓ أَعَجَزْتُ أَنْ أَكُونَ مِثْلَ هَٰذَا ٱلْغُرَابِ فَأُوَٰرِىَ سَوْءَةَ أَخِى ۖ فَأَصْبَحَ مِنَ ٱلنَّٰدِمِينَ﴾ [المائدة: ٣١].

ഉത്തരം :

{അപ്പോൾ തൻറെ സഹോദരൻറെ മൃതദേഹം മറവു ചെയ്യേണ്ടത് എങ്ങനെയെന്ന് അവന്ന് കാണിച്ചുകൊടുക്കുവാനായി നിലത്ത് മാന്തികുഴിയുണ്ടാക്കുന്ന ഒരു കാക്കയെ അല്ലാഹു അയച്ചു. അവൻ പറഞ്ഞു: എന്തൊരു കഷ്ടം! എൻറെ സഹോദരൻറെ മൃതദേഹം മറവുചെയ്യുന്ന കാര്യത്തിൽ ഈ കാക്കയെപ്പോലെ ആകാൻ പോലും എനിക്ക് കഴിയാതെ പോയല്ലോ. അങ്ങനെ അവൻ ഖേദക്കാരുടെ കൂട്ടത്തിലായിത്തീർന്നു} [അൽ മാഇദ:31]

١٣٠٦. ما هي الغيبة ؟

1306) ഗീബത്ത് എന്നാൽ എന്ത്?

الجواب:

ذكرك أخاك بما يكره.

ഉത്തരം :

നിന്റെ സഹോദരന് അനിഷ്ടമായ വിധത്തിൽ നീ അവനെ (ആളുകൾക്കിടയിൽ) സ്മരിക്കലാകുന്നു.

١٣٠٧. ما حكم الغيبة ؟

1307) ഗീബത്തിന്റെ വിധിയെന്ത്?

الجواب:

محرمة.

ഉത്തരം :

അത് ഹറാമാകുന്നു.

١٣٠٨. ما هي النميمة ؟

1308) നമീമത്ത് എന്നാൽ എന്ത്?

الجواب:

هي نقل الكلام بين الناس للإفساد بينهم.

ഉത്തരം :

അത് ജനങ്ങൾക്കിടയിൽ കുഴപ്പമുണ്ടാക്കാൻ (അവരുടെ) സംഭാഷണം അവർക്കിടയിൽ അങ്ങോട്ടുമിങ്ങോട്ടും കൈമാറലാകുന്നു.

١٣٠٩. ما جزاء النمام ؟

1309) നമീമത്ത് കൊണ്ടുനടക്കുന്നവനുള്ള പ്രതിഫലം എന്താണ്?

الجواب:

قال رسول الله ﷺ :( لا يدخل الجنة قتات ) يعني: نمام.

ഉത്തരം :

അല്ലാഹ്ഹുവിന്റെ റസൂൽ ﷺ പറഞ്ഞു : (ഒരു ഖത്താത്ത് സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല), അതായത്: നമീമത്ത് കൊണ്ടുനടക്കുന്നവൻ.

١٣١٠ .ما عقوبة من كان له وجهان في الدنيا؟

1310) ഇഹലോകത്ത് ഇരട്ടമുഖമുള്ള ഒരുവന് ഉയിർത്തെഴുന്നേൽപ്പിന്റെ നാളിലുള്ള ശിക്ഷയെന്താണ്?

الجواب:

له يوم القيامة لسانان من نار.

ഉത്തരം :

അവന് ഉയിർത്തെഴുനേൽപ്പിന്റെ നാളിൽ തീകൊണ്ടുള്ള രണ്ടു നാവുകളുണ്ടാകും.

١٣١١ .ما جزاء من رد عن عرض أخيه المسلم؟

1311) ഒരു മുസ്ലിം സഹോദരന്റെ അഭിമാനത്തെ തൊട്ട് പ്രതിരോധിച്ചൊരുവനുള്ള പ്രതിഫലമെന്താണ്?

الجواب:

رد الله عن وجهه النار يوم القيامة.

ഉത്തരം :

ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ അല്ലാഹു അവന്റെ മുഖത്തെ നരകത്തെ തൊട്ട് തടയും.

١٣١٢. ما هو أحب العمل إلى الله ؟

1312) അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള കർമ്മം എങ്ങനെയുള്ളതാണ്?

الجواب:

هو ما داوم عليه صاحبه وإن قلَّ.

ഉത്തരം :

ഏതൊരു കർമ്മത്തിന്മേലാണോ അത് പ്രവർത്തിക്കുന്നയാൾ സ്ഥിരതകാണിക്കുന്നത് അതാകുന്നു അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള കർമ്മം, അതിന്റെയളവ് കുറവാണെങ്കിലും ശരി.

١٣١٣. ما حكم سب الدهر ؟

1313) കാലത്തെ പഴിക്കുന്നതിന്റെ വിധിയെന്ത്?

الجواب:

حرام.

ഉത്തരം :

അത് ഹറാം ആകുന്നു.

١٣١٤ .لماذا نهى رسول الله ﷺ عن الخذف ؟

1314) കവിണ കൊണ്ട് വേട്ടയാടുന്നത് നബി ﷺ വിലക്കിയത് എന്തുകൊണ്ട്?

الجواب:

لأنه لا يصيد الصيد، وإنما يفقأ العين ويكسر السن.

ഉത്തരം :

കാരണം അത് വേട്ടമൃഗത്തെ വേട്ടയാടിപ്പിടിക്കുന്നതല്ല, (മറിച്ച്) അത് വേട്ടമൃഗത്തിന്റെ കണ്ണ് കീറുകയോ പല്ല് പൊട്ടിക്കുകയോ മാത്രമേയുള്ളൂ.

١٣١٥ .هل يجوز أن نقتل النمل، أو غيرها من الحشرات حرقًا بالنار؟

1315) ഉറുമ്പിനെയോ മറ്റു പ്രാണികളെയോ തീയിലെരിച്ചുകൊല്ലൽ നമുക്ക് അനുവദനീയമാണോ?

الجواب:

لا يجوز ذلك.

ഉത്തരം :

അത് അനുവദനീയമല്ല.

١٣١٦ .هل في الخمر دواء ؟

1316) മദ്യത്തിൽ ഔഷധമുണ്ടോ?

الجواب:

لا؛ لأن الله إذا حرم شيئًا لم يجعل فيه شفاءً .

ഉത്തരം :

ഇല്ല, കാരണം അല്ലാഹു ഒരു കാര്യം ഹറാം ആക്കിയാൽ അതിൽ രോഗശമനമുണ്ടാക്കില്ല.

١٣١٧ .ما هما اللعانان؟

1317) ശപിക്കപ്പെട്ട രണ്ടു കാര്യങ്ങൾ ഏതൊക്കെയാണ്?

الجواب:

الذي يقضي حاجته في طريق الناس، أوفي ظلهم.

ഉത്തരം :

ജനങ്ങളുടെ പൊതുവഴിയിലോ അല്ലെങ്കിൽ അവരുടെ തണലിലോ മലമൂത്ര വിസർജനം നടത്തൽ.

١٣١٨ .ما حكم البول في الماء الراكد ؟

1318) കെട്ടികിടക്കുന്ന വെള്ളത്തിൽ മൂത്രിക്കുന്നതിന്റെ വിധിയെന്താണ്?

الجواب:

لا يجوز.

ഉത്തരം :
അനുവദനീയമല്ല.

١٣١٩ .ما حكم الإسراف في الماء ؟

1319) വെള്ളം പാഴാക്കികളയലിന്റെ വിധിയെന്താണ്?

الجواب:

لا يجوز، فإن المبذرين إخوان الشياطين.

ഉത്തരം :

അനുവദനീയമല്ല, എന്തെന്നാൽ തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പൈശാചികളുടെ സഹോദരങ്ങളാകുന്നു.

١٣٢٠ .هل يجوز إضاعة المال؟

1320) പണം ദുരുപയോഗം ചെയ്യൽ അനുവദനീയമാണോ?

الجواب:

لا يجوز.

ഉത്തരം :

അനുവദനീയമല്ല.



١٣٢١ .هل يجوز الجلوس على القبر، أو وطؤه، أو تخطي القبور بالنعال؟

1321) ഒരു ഖബ്റിന്റെ മുകളിൽ ഇരിക്കലോ അല്ലെങ്കിൽ അതിന്മേൽ ചവിട്ടലോ അതുമല്ലെങ്കിൽ ചെരുപ്പിട്ടുകൊണ്ട് ഖബ്റുകൾക്കിടയിൽ നടക്കലോ അനുവദനീയമാണോ?

الجواب:

لا يجوز.

ഉത്തരം :

അനുവദനീയമല്ല.

١٣٢٢ .هل يجوز زيارة القبور ؟

1322) ഖബ്ർ സന്ദർശനം അനുവദനീയമാണോ?

الجواب:

يجوز إذا كانت الزيارة على السنة لتذكر الآخرة ،والدعاء للموتى ،ولا تجوز إذا اشتملت على بدع أو شركيات.

ഉത്തരം :

സുന്നത്തെന്ന നിലക്ക് പരലോകസ്മരണക്കും മരിച്ചവർക്കുവേണ്ടി ദുആ ചെയ്യാനുമാണ് സന്ദർശനമെങ്കിൽ അനുവദനീയമാണ്, മറിച്ചത് പുത്തനാചാരങ്ങളോ ശിർക്കുകലർന്ന ദുരാചാരങ്ങളോ ഉൾകൊണ്ടതാണെങ്കിൽ അനുവദനീയമല്ല.

١٣٢٣. ماذا نقول عند زيارتهم ؟

1323) അവരെ സന്ദർശിക്കുമ്പോൾ നാം എന്താണ് പറയുക?

الجواب:

السلام عليكم أهل الديار من المؤمنين والمسلمين ، وإنا إن شاء الله للاحقون، نسأل الله لنا ولكم العافية.

ഉത്തരം :

അസ്സലാമു അലൈകും അഹ്ലദ്ദിയാരി മിനൽ മുഅ്മിനീന വൽ മുസ്‌ലിമീൻ, വ ഇന്നാ ഇൻശാഅല്ലാഹു ലലാഹിഖൂൻ, നസ്അലുല്ലാഹ ലനാ വലകുമുൽ ആഫിയ.

(ഈ (ഖബ്ർ) ഭവനങ്ങളിലെ മുഅ്മിനുകളേ, മുസ്‌ലിംകളേ നിങ്ങൾക്ക് സലാം ഉണ്ടാവട്ടെ. അല്ലാഹു കണക്കാക്കുമ്പോൾ തീർച്ചയായും ഞങ്ങളും നിങ്ങളോടോപ്പം വന്ന് ചേരുന്നതാണ്. ഞങ്ങൾക്കും നിങ്ങൾക്കും ആഫിയത്ത് നൽകുവാൻ ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു).

١٣٢٤. ماذا تعمل إذا مررت بقبر كافر؟

1324) ഏതെങ്കിലും ഒരു കാഫിറിന്റെ ഖബ്റിന് അരികിലൂടെ കടന്നുപോയാൽ നീ എന്താണ് ചെയ്യേണ്ടത്?

الجواب:

تبشره بالنار.

ഉത്തരം : നീ അവനെ നരകംകൊണ്ട് സന്തോഷവാർത്ത അറിയിക്കുക.

١٣٢٥ .ما هو جهاد النساء الذي لا قتال فيه ؟

1325) യാതൊരു കലഹവുമില്ലാത്ത സ്ത്രീകളുടെ ജിഹാദ് ഏതാണ്?

الجواب:

الحج والعمرة.

ഉത്തരം :

ഹജ്ജും ഉമ്റയും.

١٣٢٦ .هل يجوز مصافحة المرأة الأجنبية ؟

1326) ഒരു അന്യസ്ത്രീക്ക് കൈകൊടുക്കൽ അനുവദനീയമാണോ?

الجواب:

لا يجوز.

ഉത്തരം :

അനുവദനീയമല്ല.

١٣٢٧ .ما حكم الخلوة بامرأة أجنبية بدون محرم؟

1328) മഹ്റമായ ആരും തന്നെ കൂടെയില്ലാത്ത ഒരു അന്യസ്ത്രീയോടൊപ്പം ഒരു പുരുഷൻ തനിച്ചാകുന്നതിന്റെ വിധി എന്താണ്?

الجواب:

حرام.

ഉത്തരം :

അത് ഹറാമാകുന്നു.

١٣٢٨ .إذا أرادت المرأة أن تسافر فما يلزمها ؟

1328) ഒരു സ്ത്രീ യാത്ര ചെയ്യാൻ ഉദ്ദേശിച്ചാൽ അവളോടൊപ്പം വേണ്ടതെന്താണ്?

الجواب:

لا بد أن يكون معها محرم.

ഉത്തരം :

നിർബന്ധമായും അവളുടെ കൂടെ (ആ യാത്രയിൽ) മഹ്റം ഉണ്ടായിരിക്കണം.



١٣٢٩ .من هم النساء المحارم ؟

1329) (ഒരുവന്) വിവാഹം നിഷിദ്ധമായ സ്ത്രീകൾ ആരൊക്കെയാണ്?

الجواب:

مذكورة في قوله تعالى: ﴿حُرِّمَتْ عَلَيْكُمْ أُمَّهَٰتُكُمْ وَبَنَاتُكُمْ وَأَخَوَٰتُكُمْ وَعَمَّٰتُكُمْ وَخَٰلَٰتُكُمْ وَبَنَاتُ ٱلْأَخِ وَبَنَاتُ ٱلْأُخْتِ وَأُمَّهَٰتُكُمُ ٱلَّٰتِىٓ أَرْضَعْنَكُمْ وَأَخَوَٰتُكُم مِّنَ ٱلرَّضَٰعَةِ وَأُمَّهَٰتُ نِسَآئِكُمْ وَرَبَٰٓئِبُكُمُ ٱلَّٰتِى فِى حُجُورِكُم مِّن نِّسَآئِكُمُ ٱلَّٰتِى دَخَلْتُم بِهِنَّ فَإِن لَّمْ تَكُونُوا۟ دَخَلْتُم بِهِنَّ فَلَا جُنَاحَ عَلَيْكُمْ وَحَلَٰٓئِلُ أَبْنَآئِكُمُ ٱلَّذِينَ مِنْ أَصْلَٰبِكُمْ وَأَن تَجْمَعُوا۟ بَيْنَ ٱلْأُخْتَيْنِ إِلَّا مَا قَدْ سَلَفَ ۗ إِنَّ ٱللَّهَ كَانَ غَفُورًا رَّحِيمًا * ۞ وَٱلْمُحْصَنَٰتُ مِنَ ٱلنِّسَآءِ إِلَّا مَا مَلَكَتْ أَيْمَٰنُكُمْ ۖ كِتَٰبَ ٱللَّهِ عَلَيْكُمْ ۚ وَأُحِلَّ لَكُم مَّا وَرَآءَ ذَٰلِكُمْ أَن تَبْتَغُوا۟ بِأَمْوَٰلِكُم مُّحْصِنِينَ غَيْرَ مُسَٰفِحِينَ ۚ فَمَا ٱسْتَمْتَعْتُم بِهِۦ مِنْهُنَّ فَـَٔاتُوهُنَّ أُجُورَهُنَّ فَرِيضَةً ۚ وَلَا جُنَاحَ عَلَيْكُمْ فِيمَا تَرَٰضَيْتُم بِهِۦ مِنۢ بَعْدِ ٱلْفَرِيضَةِ ۚ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمًا﴾ [النساء: ٢٣ – ٢٤].

ഉത്തരം :

അല്ലാഹുവിന്റെ تعالى ഈ വചനത്തിൽ പരാമർശിക്കപ്പെട്ടവരാകുന്നു അവർ :

{നിങ്ങളുടെ മാതാക്കൾ, പുത്രിമാർ, സഹോദരിമാർ, പിതൃസഹോദരിമാർ, മാതൃസഹോദരിമാർ, സഹോദരപുത്രിമാർ, സഹോദരിപുത്രിമാർ നിങ്ങളെ മുലകുടിപ്പിച്ച പോറ്റമ്മമാർ, മുലകുടി മുഖേനയുള്ള നിങ്ങളുടെ സഹോദരിമാർ, നിങ്ങളുടെ ഭാര്യാമാതാക്കൾ എന്നിവർ

(അവരെ വിവാഹം ചെയ്യൽ) നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ലൈംഗികവേഴ്ചയിൽ ഏർപെട്ടിട്ടുള്ള നിങ്ങളുടെ ഭാര്യമാരുടെ സന്താനങ്ങളായി നിങ്ങളുടെ സംരക്ഷണത്തിലുള്ള വളർത്ത് പുത്രിമാരും (അവരെ വിവാഹം ചെയ്യുന്നതും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു). ഇനി നിങ്ങൾ അവരുമായി ലൈംഗികവേഴ്ചയിൽ ഏർപെട്ടിട്ടില്ലെങ്കിൽ (അവരുടെ മക്കളെ വേൾക്കുന്നതിൽ) നിങ്ങൾക്കു കുറ്റമില്ല. നിങ്ങളുടെ മുതുകിൽ നിന്ന് പിറന്ന പുത്രൻമാരുടെ ഭാര്യമാരും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.) രണ്ടുസഹോദരിമാരെ ഒന്നിച്ച് ഭാര്യമാരാക്കുന്നതും (നിഷിദ്ധമാകുന്നു.) മുമ്പ് ചെയ്ത് പോയതൊഴികെ. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും അങ്ങേയറ്റം കാരുണ്യം ചെയ്യുന്നവനുമാകുന്നു

* (മറ്റുള്ളവരുടെ) വിവാഹബന്ധത്തിലിരിക്കുന്ന സ്ത്രീകളും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.) നിങ്ങളുടെ കൈകൾ ഉടമപ്പെടുത്തിയവർ (അടിമസ്ത്രീകൾ) ഒഴികെ. നിങ്ങളുടെ മേൽ അല്ലാഹുവിൻറെ നിയമമത്രെ ഇത്. അതിന്നപ്പുറമുള്ള സ്ത്രീകളുമായി നിങ്ങളുടെ ധനം (മഹ്റായി) നൽകിക്കൊണ്ട് നിങ്ങൾ (വിവാഹബന്ധം) തേടുന്നത് നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ വൈവാഹിക ജീവിതം ലക്ഷ്യമാക്കുന്നവരായിരിക്കണം. നീചവൃത്തി ആഗ്രഹിക്കുന്നവരാകരുത്. അങ്ങനെ അവരിൽ നിന്ന് നിങ്ങൾ വല്ല സുഖവുമനുഭവിച്ചാൽ അവർക്കുള്ള വിവാഹമൂല്യം ഒരു ബാധ്യത എന്ന നിലയിൽ നിങ്ങൾ നൽകേണ്ടതാണ്. ബാധ്യത (വിവാഹമൂല്യം) നിശ്ചയിച്ചതിനു ശേഷം നിങ്ങൾ അന്യോന്യം തൃപ്തിപ്പെട്ട് വല്ല വിട്ടുവീഴ്ചയും ചെയ്യുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു} [അന്നിസാഅ്:23,24]

١٣٣٠ .هل يجوز بيع الكلب ؟

1330) നായയെ വിൽക്കൽ അനുവദനീയമാണോ?

الجواب:

لا يجوز، فثمنه حرام.

ഉത്തരം :

അനുവദനീയമല്ല, അതിന്റെ വില ഹറാം ആകുന്നു.

١٣٣١ .ما حكم اقتناء الكلاب ؟

1331) നായ്ക്കളെ കൈവശപ്പെടുത്തുന്നതിന്റെ (അഥവാ അതിനെ വളർത്തുന്നതിന്റെ) വിധിയെന്താണ്?

الجواب:

لا يجوز، إلا إذا كان كلب صيد أو ماشية.

ഉത്തരം :

അനുവദനീയമല്ല, വേട്ടക്കുള്ള നായയോ അല്ലെങ്കിൽ ഒരു അന്ധനെ നടത്തുന്നതോ ആണെങ്കിലൊഴികെ.

١٣٣٢ .ما عقوبة من اقتنى كلبًا غير كلب الصيد والماشية ؟

1332) വേട്ടക്കുള്ളതോ അല്ലെങ്കിൽ  ഒരു അന്ധനെ നടത്തുന്നതോ അല്ലാത്ത ഏതെങ്കിലും ഒരു നായയെ കൈവശപ്പെടുത്തിയവനുള്ള ശിക്ഷയെന്താണ്?

الجواب:

ينقص من أجره كل يوم قيراط . وفي رواية قيراطان.

ഉത്തരം :

ഓരോ ദിവസവും അവൻ്റെ പ്രതിഫലത്തിൽ നിന്നും ഒരോ ഖീറാത്ത് കുറഞ്ഞുപോകും, മറ്റൊരു നിവേദനത്തിൽ രണ്ട് ഖീറാത്ത് കുറഞ്ഞുപോകും എന്നാകുന്നു.

١٣٣٣. ما هي الرشوة ؟

1333) റിശ്‌വ (കൈക്കൂലിപ്പണം) എന്നാൽ എന്താണ്?

الجواب:

هي المال المدفوع لإحقاق باطل، أو إبطال حق.

ഉത്തരം :

അത് അനർഹമായ എന്തെങ്കിലും ഒന്നിനെ അർഹതപ്പെടുത്തിയെടുക്കുന്നതിനോ അല്ലെങ്കിൽ അർഹമായ എന്തെങ്കിലും ഒന്നിനെ അനർഹമാക്കുന്നതിനോ നൽക്കപ്പെടുന്ന പണമാകുന്നു.

١٣٣٤. ما حكم الرشوة ؟

1334) റിശ്‌വ - യുടെ വിധിയെന്താണ്?

الجواب:

حرام، لعن رسول الله ﷺ (الراشي والمرتشي).

ഉത്തരം :

അത് ഹാറാം ആകുന്നു, റിശ്‌വ കൊടുക്കുന്നവനെയും വാങ്ങുന്നവനെയും അല്ലാഹ്‌വിൻ്റെ റസൂൽ ﷺ ശപിച്ചിരിക്കുന്നു.

١٣٣٥. ماذا يسمى من خبأ البضاعة الرديئة تحت البضاعة الصالحة حتى لا يراها الناس؟

1335) ജനങ്ങൾ കാണാതിരിക്കാൻ മോശമായ ചരക്കിനെ നല്ല ചരക്കിനു കീഴിൽ ഒളിപ്പിച്ച ഒരുവന്റെ പ്രവർത്തിയെ എന്താണ് പറയപ്പെടുക?

الجواب:

يسمى غشًا.

ഉത്തരം :

അതിനെ ഗശ്ശ് (വഞ്ചന) എന്ന് പറയപ്പെടും.

١٣٣٦. ما حكم الغش؟

1336) ഗശ്ശ് – ന്റെ വിധിയെന്താണ്?

الجواب:

حرام، قال رسول الله ﷺ : ( من غشنا فليس منا).

ഉത്തരം :

അത് ഹാറാം ആകുന്നു, അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: (ആരാണോ നമ്മെ വഞ്ചിക്കുന്നത് അവൻ നമ്മിൽപെട്ടവനല്ല).

١٣٣٧. ما حكم من اقتطع شيئًا من الأرض ظلمًا ؟

1337) അന്യായമായി ആരുടെയെങ്കിലും ഭൂമിയിൽ നിന്നെന്തെങ്കിലും എടുത്ത ഒരുവനുള്ള വിധിയെന്താണ്?

الجواب:

يطوق في عنقه يوم القيامة من سبع أرضين.

ഉത്തരം :

ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ അവനെടുത്ത ഭൂമിയുടെ ഏഴു മടങ്ങ് അവന്റെ കഴുത്തിൽ ചുറ്റിയിടപ്പെടും.

١٣٣٨ .اذكر حديثًا يدل على عدم الإضرار بالمسلم ؟

1338) ഒരു മുസ്ലിമിനെ ഉപദ്രവിക്കരുത് എന്നതിനെ കുറിക്കുന്ന ഹദീസ് പരാമർശിക്കുക?

الجواب:

قال رسول الله ﷺ: ( لا ضرر ولا ضرار ).

ഉത്തരം :

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: (സ്വന്തത്തിന് പ്രയോജനമുദ്ദേശിച്ചുകൊണ്ടോ അല്ലാതെയോ മറ്റുള്ളവർക്ക് ഉപദ്രവമുണ്ടാക്കരുത്).

١٣٣٩ .إذا مات الأنسان انقطع عمله إلا من ثلاث اذكرها ؟

1339) ഒരു മനുഷ്യൻ മരണപ്പെട്ടാൽ അവന്റെ കർമ്മങ്ങൾ മുറിഞ്ഞുപോകും, മൂന്ന് കാര്യങ്ങൾ ഒഴികെ, ഏതൊക്കെയാണവയെന്ന് പരാമർശിക്കുക?

الجواب:

صدقة جاريه، علم ينتفع به، ولد صالح يدعو له.

ഉത്തരം :

ചരിക്കുന്ന സ്വദഖ, ഉപകാരപ്രദമായ അറിവ്, അവനു വേണ്ടി ദുആ ചെയ്യുന്ന സച്ചരിതനായ മകൻ.

١٣٤٠ .إذا اهدى لك أخوك المسلم هدية فماذا تفعل ؟

1340) മുസ്ലിമായ നിന്റെയൊരു സഹോദരൻ നിനക്കൊരു ഹദിയ (ഉപഹാരം) നൽകിയാൽ നീ എന്താണ് ചെയ്യുക?

الجواب:

أقبلها وأُثيبه عليها.

ഉത്തരം :

ഞാൻ അത് സ്വീകരിക്കും, അതിന് പകരമൊന്ന് ഞാനവന് തിരിച്ചു നൽകുകയും ചെയ്യും.

١٣٤١ .هل كان النبي ﷺ يقبل الهدية؟

1341) നബി ﷺ ഹദിയ സ്വീകരിക്കാറുണ്ടായിരുന്നോ?

الجواب:

نعم، يقبل الهدية، ولا يقبل الصدقة.

ഉത്തരം :

അതെ, അദ്ദേഹം ഹദിയ സ്വീകരിക്കാറുണ്ടായിരുന്നു, എന്നാൽ സ്വദഖ സ്വീകരിക്കാറുണ്ടായിരുന്നില്ല.

١٣٤٢ .لماذا حُرِّمَ الأكل والشرب بالشمال ؟

1342) ഇടതുകൈകൊണ്ട് ഭക്ഷിക്കലും കുടിക്കലും ഹറാം ആയതെന്തുകൊണ്ട്?

الجواب:

لأن الشيطان يأكل ويشرب بشماله.

ഉത്തരം :

കാരണം ശൈത്വാൻ തന്റെ ഇടതുകൈകൊണ്ടാകുന്നു ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നത്.

١٣٤٣ .ماحكم الشرب قائمًا ؟

1343) നിന്നു കൊണ്ട് കുടിക്കുന്നതിന്റെ വിധിയെന്താണ്?

الجواب:

مكروه.

ഉത്തരം:

അത് വെറുക്കപ്പെട്ടതാകുന്നു.

١٣٤٤ .ما حكم الشرب في آنية الذهب والفضة ؟

1344) സ്വർണ്ണത്തിന്റെയും വെള്ളിയുടെയും പാത്രത്തിൽ കുടിക്കുന്നതിന്റെ വിധിയെന്താണ്?

الجواب:

حرام.

ഉത്തരം :

അത് ഹറാമാകുന്നു.

١٣٤٥ .قال رسول الله ﷺ ((اليد العليا خير من اليد السفلى)) فما هي اليد العليا واليد السفلى ؟

1345) അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു ((ഉയർന്നകൈയ്യാകുന്നു താഴ്ന്നകൈയ്യിനേക്കാൾ ഉത്തമം)) ഉയർന്നകൈയ്യെന്നാലും താഴ്ന്നകൈയ്യെന്നാലും എന്താണ്?

الجواب:

اليد العليا هي: المعطية ،أو المنفقة، واليد السفلى هي: السائلة ،أو الآخذة.

ഉത്തരം :

ഉയർന്നകൈ: അത് കൊടുക്കുന്നതോ ചെലവഴിക്കുന്നതോ ആകുന്നു,

താഴ്ന്നകൈ : അത് ചോദിക്കുന്നതോ സ്വീകരിക്കുന്നതോ ആകുന്നു.

١٣٤٦ .إذا لقيت كافرًا فهل تسلم عليه ؟

1346) നീ ഒരു കാഫിറിനെ കണ്ടുമുട്ടിയാൽ അവനോട് സലാം പറയുമോ?

الجواب:

لا.

ഉത്തരം :

ഇല്ല.

١٣٤٧ .فإذا بدأك الكافر بالسلام فبماذا ترد ؟

1347) ഒരു കാഫിർ നിന്നോട് സലാംകൊണ്ട് ആരംഭിച്ചാൽ നീ എന്താണ് മറുപടി കൊടുക്കുക?

الجواب:

تقول: وعليكم.

ഉത്തരം :

"വ അലൈക്കും" എന്ന് നീ പറയുക.

١٣٤٨ .هل يجوز أن تكون المرأة رئيسة، أو وزيرة، أو قاضية ؟

1348) ഒരു സ്ത്രീ നേതാവോ മന്ത്രിയോ ന്യായാധിപയോ ആകൽ അനുവദനീയമാണോ?

الجواب:

لا يجوز؛ لقوله ﷺ (لن يفلح قوم ولوا أمرهم امرأة ).

ഉത്തരം :

അനുവദനീയമല്ല, (തങ്ങളുടെ നേതൃത്വം വല്ല സ്ത്രീക്കും ഏൽപിച്ചൊരു സമൂഹം വിജയിക്കുകയേയില്ല) എന്ന നബിയുടെ ﷺ വാക്കുകൾ പ്രകാരം.

١٣٤٩ .في أي سورة قوله تعالى ﴿ٱلرِّجَالُ قَوَّٰمُونَ عَلَى ٱلنِّسَآءِ بِمَا فَضَّلَ ٱللَّهُ بَعْضَهُمْ عَلَىٰ بَعْضٍ وَبِمَآ أَنفَقُواْ مِنْ أَمْوَٰلِهِمْۚ فَٱلصَّٰلِحَٰتُ قَٰنِتَٰتٌ حَٰفِظَٰتٌ لِّلْغَيْبِ بِمَا حَفِظَ ٱللَّهُۚ وَٱلَّٰتِى تَخَافُونَ نُشُوزَهُنَّ فَعِظُوهُنَّ وَٱهْجُرُوهُنَّ فِى ٱلْمَضَاجِعِ وَٱضْرِبُوهُنَّۖ فَإِنْ أَطَعْنَكُمْ فَلَا تَبْغُواْ عَلَيْهِنَّ سَبِيلًاۗ إِنَّ ٱللَّهَ كَانَ عَلِيًّا كَبِيرًا﴾ ؟

1349) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം

{പുരുഷൻമാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് മറു വിഭാഗത്തേക്കാൾ അല്ലാഹു കൂടുതൽ കഴിവ് നൽകിയത് കൊണ്ടും, (പുരുഷൻമാർ) അവരുടെ ധനം ചെലവഴിച്ചതുകൊണ്ടുമാണത്. അതിനാൽ നല്ലവരായ സ്ത്രീകൾ അനുസരണശീലമുള്ളവരും, അല്ലാഹു സംരക്ഷിച്ച പ്രകാരം (പുരുഷൻമാരുടെ) അഭാവത്തിൽ (സംരക്ഷിക്കേണ്ടതെല്ലാം) സംരക്ഷിക്കുന്നവരുമാണ്. എന്നാൽ അനുസരണക്കേട് കാണിക്കുമെന്ന് നിങ്ങൾ ആശങ്കിക്കുന്ന സ്ത്രീകളെ നിങ്ങൾ ഉപദേശിക്കുക. കിടപ്പറകളിൽ അവരുമായി അകന്നു നിൽക്കുക. അവരെ അടിക്കുകയും ചെയ്തു കൊള്ളുക. എന്നിട്ടവർ നിങ്ങളെ അനുസരിക്കുന്ന പക്ഷം പിന്നെ നിങ്ങൾ അവർക്കെതിരിൽ ഒരു മാർഗവും തേടരുത്. തീർച്ചയായും അല്ലാഹു ഉന്നതനും മഹാനുമാകുന്നു}

الجواب:

في سورة النساء.

ഉത്തരം :

സൂറത്തു അന്നിസാഅ് – ൽ.

١٣٥٠ .قال النبي ﷺ: (لا يدخل الجنة قاطع) ما هو القاطع؟

1350) നബി ﷺ പറഞ്ഞു :(മുറിക്കുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല), മുറിക്കുന്നവൻ എന്നാൽ ആരാണ്?

الجواب:

هو قاطع الرحم.

ഉത്തരം :

അവനാകുന്നു രക്തബന്ധം മുറിക്കുന്നവൻ.

١٣٥١ .ما هي المضغة التي إذا صلحت صلح الجسد كله وإذا فسدت فسد الجسد كله ؟

1351) ഒരു മാംസക്കഷ്ണം നന്നായാൽ ശരീരം മുഴുവനും നന്നായി, അത് ചീത്തയായാൽ ശരീരം മുഴുവനും ചീത്തയായി, ഏതാണത്?

الجواب:

هي القلب.

ഉത്തരം :

അതാകുന്നു ഹൃദയം.



١٣٥٢ .ما حكم التشبه باليهود، والنصارى، والمشركين؟ وما الدليل؟

1352) യഹൂദികളെയും നസ്റാണികളെയും മുശ്രികീങ്ങളെയും അനുകരിക്കുന്നതിന്റെ വിധിയെന്താണ്? അതിനുള്ള തെളിവെന്താണ്?

الجواب:

حرام .قال رسول الله ﷺ: (من تشبه بقوم فهو منهم.)

ഉത്തരം :

അത് ഹറാം ആകുന്നു. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു : (ആരാണോ ഒരു ജനവിഭാഗത്തെ അനുകരിക്കുന്നത് അവൻ അവരിൽപെട്ടവനാകുന്നു).

١٣٥٣ .اذكر بعض أنواع التشبه ؟

1353) കാഫിരീങ്ങളോടുള്ള അനുകരണങ്ങളുടെ ഇനങ്ങളിൽ ചിലത് പരാമർശിക്കുക?

الجواب:

- الأكل بالشمال .
- لبس البنطال.
- الاحتفال بالأعياد غير الشرعية.
- التصوير.
- الانتخابات.
- الديموقراطية.
- المظاهرات...

ഉത്തരം :

- ❖ ഇടതുകൈകൊണ്ട് ഭക്ഷിക്കൽ
- ❖ പാന്റ്സ് ധരിക്കൽ
- ❖ ദീനിൽ ഇല്ലാത്ത ആഘോഷങ്ങൾ കൊണ്ടാടൽ
- ❖ ഫോട്ടോ എടുക്കൽ
- ❖ വോട്ട് ചെയ്യൽ
- ❖ ഡെമോക്രസി
- ❖ പ്രതിഷേധ പ്രകടനം....

١٣٥٤ .من هم الذين يتخذون قبور أنبيائهم وصالحيهم مساجد؟

1354) തങ്ങളുടെ നബിമാരുടെയും സച്ചരിതരുടെയും ഖബറുകൾ പള്ളികളാക്കിയവർ ആരൊക്കെയാണ്?

الجواب:

اليهود، والنصارى.

ഉത്തരം :

അവരാകുന്നു യഹൂദികളും നസ്റാണികളും.

١٣٥٥ .من هو الشديد ؟

1355) ശക്തൻ എന്നാൽ ആരാണ്?

الجواب:

هو الذي يملك نفسه عند الغضب.

ഉത്തരം :

അവൻ ദേഷ്യമുള്ളപ്പോൾ സ്വന്തത്തെ നിയന്ത്രിക്കുന്നവനാകുന്നു.

١٣٥٦ .ما هو أكذب الحديث ؟

1356) സംസാരങ്ങളിൽ വച്ച് ഏറ്റവും നുണയെന്നത് എന്താകുന്നു ?

الجواب:

الظن.

ഉത്തരം :

അത് ഊഹമാകുന്നു.

١٣٥٧ .متى تكون التوبة غير مقبولة ؟

1357) എപ്പോഴാണ് തൗബ സ്വീകാര്യമല്ലാതാകുന്നത്?

الجواب:

إذا طلعت الشمس من مغربها، وإذا غرغرت النفس.

ഉത്തരം :

സൂര്യൻ പടിഞ്ഞാറ് ഉദിച്ചാൽ, പ്രാണൻ തൊണ്ടക്കുഴിയിലെത്തിയാലും.



١٣٥٨ .اكتب حديث النية؟

1358) നിയ്യത്തുമായി ബന്ധപ്പെട്ട ഹദീസ് എഴുതുക?

الجواب:

هو حديث عمر بن الخطاب رضي الله عنه قَالَ: سَمِعْتُ رَسُولَ اللَّهِ ﷺ يَقُولُ: «إِنَّمَا الأَعْمَالُ بِالنِّيَّةِ، وَإِنَّمَا لِامْرِئٍ مَا نَوَى، فَمَنْ كَانَتْ هِجْرَتُهُ إِلَى اللَّهِ وَرَسُولِهِ، فَهِجْرَتُهُ إِلَى اللَّهِ وَرَسُولِهِ، وَمَنْ كَانَتْ هِجْرَتُهُ إِلَى دُنْيَا يُصِيبُهَا أَوِ امْرَأَةٍ يَتَزَوَّجُهَا، فَهِجْرَتُهُ إِلَى مَا هَاجَرَ إِلَيْهِ» متفق عليه.

ഉത്തരം :

അത് ഉമർ ബ്നുൽ ഖത്വാബ്-ന്റെ رضي الله عنه ഹദീസാകുന്നു, അദ്ദേഹം പറഞ്ഞു:

നബി ﷺ പറയുന്നതായി ഞാൻ കേട്ടു : << തീർച്ചയായും കർമ്മങ്ങൾ (സ്വീകരിക്കപ്പെടുക) ഉദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാകുന്നു, ഏതൊരുവനും അവൻ ഉദ്ദേശിച്ചതേ കരസ്ഥമാക്കുകയുള്ളൂ, അതുകൊണ്ട് ആരുടെ ഹിജ്റയാണോ അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കുമാകുന്നത് അവന്റെ ഹിജ്റ അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കുമാകുന്നു, ഇനി ആരുടെ ഹിജ്റയാണോ ഏതെങ്കിലും ഐഹിക വിഭവത്തിലേക്ക് അത് നേടാനോ അല്ലെങ്കിൽ ഒരു സ്ത്രീയെ വിവാഹം ചെയ്യാൻ വേണ്ടിയോ ആകുന്നത് അവന്റെ ഹിജ്റ അതിനുള്ളതാകുന്നു.>>

[ബുഖാരിയും മുസ്ലിമും നിവേദനം ചെയതത്]

١٣٥٩ .ماذا قال إبراهيم عندما ألقي في النار ؟

1359) ഇബ്രാഹീം عليه السلام തീയിൽ എറിയപ്പെട്ടപ്പോൾ എന്താണ് പറഞ്ഞത്?

الجواب:

قال: حسبنا الله ،ونعم الوكيل.

ഉത്തരം :

അദ്ദേഹം പറഞ്ഞു: "ഹസ്ബുനല്ലാഹു വ നിഅ്മൽ വകീൽ" (ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ.)

١٣٦٠ .ماذا قال النبي ﷺ عندما قالوا له :( إن الناس قد جمعوا لكم فاخشوهم )؟

1360) (ആ ജനങ്ങൾ നിങ്ങളെ നേരിടാൻ (സൈന്യത്തെ) ശേഖരിച്ചിരിക്കുന്നു; അവരെ ഭയപ്പെടണം) എന്ന് ആളുകൾ നബിയോട് ﷺ പറഞ്ഞപ്പോൾ എന്താണ് അദ്ദേഹം പറഞ്ഞത്?

الجواب:

قال: حسبنا الله ،ونعم الوكيل.

ഉത്തരം :

അദ്ദേഹം പറഞ്ഞു : "ഹസ്ബുനല്ലാഹു വ നിഅ്മൽ വകീൽ".

١٣٦١ .ما هي النعمتان المغبون فيهما كثير من الناس؟

1361) അധികമാളുകളും വഞ്ചിതരായത് ഏത് രണ്ടനുഗ്രഹങ്ങളുടെ കാര്യത്തിലാണ്?

الجواب:

الصحة، والفراغ.

ഉത്തരം :

ആരോഗ്യവും, ഒഴിവു സമയവും.

١٣٦٢ .هل نستطيع أن نحصي نعم الله ؟

1362) അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എണ്ണിതിട്ടപ്പെടുത്തുന്നതിന് നമുക്ക് സാധിക്കുമോ?

الجواب:

لا نستطيع ذلك.

ഉത്തരം :

അതിന് നമുക്ക് സാധിക്കില്ല.

١٣٦٣ .بماذا حفت الجنة والنار ؟

1363) സ്വർഗ്ഗവും നരകവും വലയം ചെയ്യപ്പെട്ടിരിക്കുന്നതെന്തുകൊണ്ട്?

الجواب:

حفت الجنة بالمكاره، وحفت النار بالشهوات.

ഉത്തരം :

സ്വർഗ്ഗം ക്ലേശങ്ങളെ കൊണ്ടും, നരകം തന്നിഷ്ടങ്ങളെ കൊണ്ടും വലയം ചെയ്യപ്പെട്ടിരിക്കുന്നു.

١٣٦٤. من هو خير الناس؟

1364) ആരാകുന്നു ജനങ്ങളിൽ വച്ച് ഏറ്റവും നല്ലവൻ ?

الجواب:

من طال عمره، وحسن عمله.

ഉത്തരം :

തന്റെ പ്രായം ദീർഘിച്ചതും (അതോടൊപ്പം)തന്റെ പ്രവർത്തനം നന്നായതുമായ ഒരുവൻ.

١٣٦٥. من هو شر الناس ؟

1365) ആരാകുന്നു ജനങ്ങളിൽ വച്ച് ഏറ്റവും മോശപ്പെട്ടവൻ?

الجواب:

من طال عمره، وساء عمله.

ഉത്തരം :

തന്റെ പ്രായം ദീർഘിച്ചതും (അതോടൊപ്പം) തന്റെ പ്രവർത്തനം മോശമായതുമായ ഒരുവൻ.

١٣٦٦ .على ماذا يبعث العبد ؟

1366) ഏതവസ്ഥയിലാണ് ഒരടിമ ഉയിർത്തെഴുന്നേൽപിക്കപ്പെടുക?

الجواب:

يبعث كل عبد على ما مات عليه.

ഉത്തരം :

ഓരോ അടിമയും ഏതൊരവസ്ഥയിലാണോ മരണപ്പെട്ടത് ആ അവസ്ഥയിൽ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നതാണ്

١٣٦٧ .قال النبي «إِذَا أَرَادَ اللَّهُ بِعَبْدٍ خَيْرًا، عَسَلَهُ» فما معنى عسله؟

1367) നബി ﷺ പറഞ്ഞു << അല്ലാഹു ഒരു അടിമക്ക് നന്മ ഉദ്ദേശിച്ചാൽ അവനെ (ജനങ്ങൾക്ക്) പ്രിയങ്കരനാക്കും>> "അവനെ (ജനങ്ങൾക്ക്) പ്രിയങ്കരനാക്കും" എന്നതിന്റെ ഉദ്ദേശമെന്താണ്?

الجواب:

يفتح له عملا صالحا قبل موته، ثم يقبضه عليه.

ഉത്തരം :

അതിനുദ്ദേശം അവന്റെ മരണത്തിന് മുമ്പവന് സൽകർമ്മം ചെയ്യാൻ അല്ലാഹു തൗഫീഖ് നൽകുമാറാകുകയും, പിന്നീട് ആ അവസ്ഥയിൽ അവനെ മരിപ്പിക്കുകയും ചെയ്യും എന്നാകുന്നു.

١٣٦٨ .ما هو هاذم اللذات الذي أمرنا النبي ﷺ بالإكثار من ذكره ؟

1368) നബി ﷺ നമ്മോട് സ്മരണയധികരിപ്പിക്കാൻ കല്പിച്ച എല്ലാ ആസ്വാദനങ്ങളെയും മുറിച്ചുകളയുന്ന കാര്യമെന്താണ്?

الجواب:

هو الموت.

ഉത്തരം :

അതാകുന്നു മരണം.

١٣٦٩ .ما أول شيء ينتن من الإنسان بعد موته؟

1369) ഒരു മനുഷ്യൻ മരണപ്പെട്ട ശേഷം അവനിൽ നിന്നും ആദ്യം ജീർണ്ണിച്ചുപോകുന്ന കാര്യമെന്താണ്?

الجواب:

بطنه.

ഉത്തരം :

അവന്റെ വയർ.

١٣٧٠ .ما هو صيام داود؟

1370) എന്താണ് ദാവൂദ് – ന്റെ عليه السلام നോമ്പ്?

الجواب:

كان يصوم يومًا، ويفطر يومًا.

ഉത്തരം :

അദ്ദേഹം ഒരോ ദിവസം ഇടവിട്ട് നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നു.

١٣٧١. إذا رأيت إنسانًا لا يصلي أو يرتكب المعاصي فما واجبك ؟

1371) നിസ്കരിക്കാത്തതോ അല്ലെങ്കിൽ പാപങ്ങൾ ചെയ്യുന്നതോ ആയൊരു മനുഷ്യനെ നീ കണ്ടാൽ നിന്റെമേൽ നിർബന്ധമായതെന്താണ്?

الجواب:

واجبي النصح له ،ودعوته بالحكمة ،والموعظة الحسنة.

ഉത്തരം :

എന്റെമേൽ നിർബന്ധമായതെന്തെന്നാൽ അവനെ ഉപദേശിക്കലും, ഹിക്മത്തോടു കൂടിയും, സദുപദേശം കൊണ്ടും അവനെ (എൻറെ റബ്ബിൻറെ മാർഗത്തിലേക്ക്) ക്ഷണിക്കലുമാകുന്നു.

١٣٧٢. في أي سورة قوله تعالى: {ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ ۖ وَجَٰدِلْهُم بِٱلَّتِى هِىَ أَحْسَنُ ۚ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ ۖ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ} ؟

1372) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം {ഹിക്മത്തോടു കൂടിയും, സദുപദേശം മുഖേനയും നിൻറെ റബ്ബിൻറെ മാർഗത്തിലേക്ക് നീ ക്ഷണിച്ച് കൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിൻറെ റബ്ബ് തൻറെ മാർഗം വിട്ട് പിഴച്ച് പോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ.

സൻമാർഗം പ്രാപിച്ചവരെപ്പറ്റിയും നല്ലവണ്ണം അറിയുന്നവനത്രെ.}

الجواب:

في سورة النحل.

ഉത്തരം :

സൂറത്തു അന്നഹ്ൽ – ൽ.

١٣٧٣. اكتب حديث الدين النصيحة ؟

1373) "ദീൻ എന്നത് ഗുണകാംക്ഷയാകുന്നു" എന്ന ഹദീസ് എഴുതുക?

الجواب:

عَنْ أبي رقية تَمِيمٍ الدَّارِيِّ ا أَنَّ النَّبِيَّ ﷺ، قَالَ: «الدِّينُ النَّصِيحَةُ» قُلْنَا: لِمَنْ؟ قَالَ: «لِلَّهِ وَلِكِتَابِهِ وَلِرَسُولِهِ وَلِأَئِمَّةِ الْمُسْلِمِينَ وَعَامَّتِهِمْ» رواه مسلم.

ഉത്തരം :

عَنْ أبي رقية تَمِيمٍ الدَّارِيِّ ا أَنَّ النَّبِيَّ ﷺ، قَالَ: «الدِّينُ النَّصِيحَةُ» قُلْنَا: لِمَنْ؟ قَالَ: «لِلَّهِ وَلِكِتَابِهِ وَلِرَسُولِهِ وَلِأَئِمَّةِ الْمُسْلِمِينَ وَعَامَّتِهِمْ» رواه مسلم.

അബൂ റുഖയ്യഹ് തമീമിം അദ്ദാരീ – യിൽ നിന്നും നിവേദനം, നബി ﷺ പറഞ്ഞു : <<ദീൻ എന്നത് ഗുണകാംക്ഷയാകുന്നു>> ഞങ്ങൾ ചോദിച്ചു : ആരോടാണ്? അദ്ദേഹം പറഞ്ഞു : <<അല്ലാഹുവോടും, അവന്റെ കിതാബിനോടും, അവന്റെ

റസൂലിനോടും, മുസ്ലീങ്ങളുടെ നേതൃസ്ഥാനത്തുള്ളവരോടും, അവരിലെ സാധരണക്കാരോടും>> മുസ്ലിം നിവേദനം ചെയ്തത്.

١٣٧٤. قال النبي ( آية المنافق ثلاث ) اذكرها ؟

1374) നബി ﷺ അരുളി: (മുനാഫിഖുകളുടെ ലക്ഷണങ്ങൾ മൂന്നാകുന്നു). അവ ഏതൊക്കെയെന്ന് പരാമർശിക്കുക?

الجواب:

إذا حدث كذب، وإذا وعد أخلف، وإذا أؤتمن خان.

ഉത്തരം :

സംസാരിച്ചാൽ കളവുപറയും, വാഗ്ദാനം ചെയ്താൽ ലംഘിക്കും, വിശ്വസിച്ചാൽ വഞ്ചിക്കും.

١٣٧٥. هل الكفاروالمنافقون يصلحون في الأرض أم يفسدون ؟

1375) കാഫിറുകളും മുനാഫിഖുകളും ഭൂമിയിൽ സൽപ്രവർത്തനങ്ങൾ ചെയ്യുകയാണോ അതോ കുഴപ്പമുണ്ടാക്കുകയാണോ?

الجواب:

يفسدون.

ഉത്തരം :

അവർ കുഴപ്പമുണ്ടാക്കുകയാണ്.

١٣٧٦. ما هي أضر فتنة تركها النبي ﷺ على الرجال؟

1376) നബി ﷺ ആണുങ്ങൾക്കുമേൽ  വിട്ടേച്ചുപോയ ഏറ്റവും ദോഷകരമായ പരീക്ഷണം എന്താണ്?

الجواب:

هي النساء.

ഉത്തരം :

അത് സ്ത്രീകളാകുന്നു.

١٣٧٧. متى يؤمر الصبي بالصلاة ؟ ومتى يضرب عليها ؟

1377) ഒരു കുട്ടി നിസ്കരിക്കാൻ കല്പിക്കപ്പെടേണ്ടതെപ്പോൾ?, (അതിന് മുടക്കം വരുത്തിയാൽ) നിർവ്വഹണത്തിനായി അവൻ അടിക്കപ്പെടേണ്ടതെപ്പോൾ?

الجواب:

يؤمر بها وهو ابن سبع سنين، ويضرب عليها وهو ابن عشر سنين.

ഉത്തരം :

ഏഴ് വയസ്സുള്ളവനായിരിക്കെ അവൻ നിസ്കാരത്തിന് കല്പിക്കപ്പെടണം, പത്ത് വയസ്സുള്ളവനായിരിക്കെ (അതിന് മുടക്കം വരുത്തിയാൽ) നിർവ്വഹണത്തിനായി അവൻ അടിക്കപ്പെടുകയും വേണം.

١٣٧٨. لكل أمة فتنة فما هي فتنة هذه الأمة ؟

1378) ഓരോ ഉമ്മത്തിനും ഒരു പരീക്ഷണമുണ്ട്, എന്താണ് ഈ ഉമ്മത്തിനുള്ള പരീക്ഷണം?

الجواب:

هي المال.

ഉത്തരം :

അത് പണമാകുന്നു.

١٣٧٩. في أي سورة قوله تعالى: {يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تُلۡهِكُمۡ أَمۡوَٰلُكُمۡ وَلَآ أَوۡلَٰدُكُمۡ عَن ذِكۡرِ ٱللَّهِۚ وَمَن يَفۡعَلۡ ذَٰلِكَ فَأُوْلَٰٓئِكَ هُمُ ٱلۡخَٰسِرُونَ}؟

1379) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം {സത്യവിശ്വാസികളേ, നിങ്ങളുടെ സ്വത്തുക്കളും സന്താനങ്ങളും അല്ലാഹുവെപ്പറ്റിയുള്ള സ്മരണയിൽ നിന്ന് നിങ്ങളുടെ ശ്രദ്ധതിരിച്ചുവിടാതിരിക്കട്ടെ. ആർ അങ്ങനെ ചെയ്യുന്നുവോ അവർ തന്നെയാണ് നഷ്ടക്കാർ.}

الجواب:

في سورة المنافقون.

ഉത്തരം :

സൂറത്തുൽ മുനാഫിഖൂൻ – ൽ.

١٣٨٠ .في ماذا كانت فتنة بني إسرائيل ؟

1380) എന്തിലായിരുന്നു ഇസ്റാഈൽ സന്തതികൾക്കുള്ള പരീക്ഷണം?

الجواب:

في النساء.

ഉത്തരം :

സ്ത്രീകളിൽ.

١٣٨١ .هل خشي النبي ﷺ على أُمته الفقر؟

1381) നബി ﷺ തന്റെ ഉമ്മത്തിനുമേൽ ദാരിദ്ര്യത്തെ ഭയന്നിരുന്നോ ?

الجواب:

لا، ولكن خشي أن تبسط عليهم الدنيا.

ഉത്തരം :

ഇല്ല, മറിച്ച് അവർക്കുമേൽ ഐഹിക വിഭവങ്ങൾ വിശാലമാകപ്പെടുമോ എന്നദ്ദേഹം ഭയന്നിരുന്നു.



١٣٨٢ .اذكر بعض الشهوات في الدنيا ؟ وماذا سماها الله ؟

1382) ഐഹിക ജീവിതത്തിലെ അലങ്കാരങ്ങളിൽ ചിലത് പരാമർശിക്കുക?, അല്ലാഹു എന്താണവയെ വിളിച്ചത്?

الجواب:

النساء، والبنين، والذهب، والفضة، والخيل المسومة، والأنعام، والحرث، وسماها الله متاعا.

ഉത്തരം :

ഭാര്യമാർ, പുത്രൻമാർ, സ്വർണം, വെള്ളി, മേത്തരം കുതിരകൾ, നാൽകാലി വർഗങ്ങൾ, കൃഷിയിടം. ഇവയെ ഇഹലോകജീവിതത്തിലെ വിഭവങ്ങളെന്നാണ് അല്ലാഹു വിളിച്ചത്.

١٣٨٣ .ما هو الغِنى الحقيقي ؟

1383) യഥാർത്ഥമായ ധന്യത എന്നാൽ എന്താണ്?

الجواب:

هو غِنى النفس.

ഉത്തരം :

അതാകുന്നു മനസ്സിന്റെ ധന്യത.

١٣٨٤ .كيف حال الدنيا بالنسبة للمؤمن والكافر ؟

1384) ഒരു മുഅ്മിനെയും ഒരു കാഫിറിനെയും സംബന്ധിച്ചിടത്തോളം അവരുടെ ഇഹലോകത്തെ അവസ്ഥയെങ്ങനെയാണ്?

الجواب:

الدنيا سجن المؤمن، وجنة الكافر.

ഉത്തരം :

ഇഹലോകം ഒരു മുഅ്മിന് തടവറയും, ഒരു കാഫിറിന് സ്വർഗ്ഗവുമാകുന്നു.

١٣٨٥ .من هو الصحابي الجليل الراوي لحديث (دع ما يريبك إلى ما لا يريبك) ؟

1385) (സംശയമുണ്ടാക്കുന്ന കാര്യങ്ങൾ നീ ഉപേക്ഷിക്കുകയും, സംശയത്തിനിടയില്ലാത്തവ നീ പ്രവർത്തിക്കുകയും ചെയ്യുക) എന്ന ഹദീസ് നിവേദനം ചെയ്ത ആദരണീയനായ സ്വഹാബി ആരാണ്?

الجواب:

هو الحسن بن علي رضي الله عنهما.

ഉത്തരം :

അദ്ദേഹമാകുന്നു അൽ ഹസൻ ബ്നു അലി رضي الله عنهما.

١٣٨٦ .لأي شيءٍ كان النبي ﷺ يستعمل يده اليمنى ؟

1386) ഏതു കാര്യങ്ങൾക്കാണ് നബി ﷺ തന്റെ വലതു കൈ ഉപയോഗിച്ചിരുന്നത്?

الجواب:

لأكله، وشربه، وأخذه، وعطائه.

ഉത്തരം :

തന്റെ ഭക്ഷിക്കലിനും, കുടിക്കലിനും, എടുക്കലിനും, കൊടുക്കലിനും.

١٣٨٧. من هو أول من جاء بالمصافحة؟

1387) ആരാണ് പരസ്പരമുള്ള കൈകൊടുക്കൽ ആദ്യം കൊണ്ടു വന്നത്?

الجواب:

هم أهل اليمن.

ഉത്തരം : യമൻ നിവാസികൾ.

١٣٨٨. هل كانت المصافحة في أصحاب رسول الله ﷺ؟

1388) അല്ലാഹുവിന്റെ റസൂലിന്റെ സ്വഹാബിമാർക്കിടയിൽ പരസ്പരമുള്ള കൈകൊടുക്കൽ ഉണ്ടായിരുന്നോ?

الجواب:

نعم.

ഉത്തരം :
അതെ, ഉണ്ടായിരുന്നു.

١٣٨٩. ما هو فضل المصافحة ؟

1389) പരസ്പരം കൈകൊടുക്കുന്നതിനുള്ള പ്രതിഫലമെന്താണ്?

الجواب:

إذا تصافح المسلمان غفر لهما قبل أن يتفرقا.

ഉത്തരം :

രണ്ടു മുസ്ലീങ്ങൾ പരസ്പരം കൈകൊടുത്താൽ അവർ പിരിയുന്നതിനു മുൻപായി അവർക്കിരുവർക്കും അവരുടെ പാപങ്ങൾ പൊറുത്തു നൽകപ്പെടുന്നതാണ്.

١٣٩٠ .كم الشهر؟

1390) ഒരു മാസം എത്ര ദിവസമാണ്?

الجواب:

الشهر ثلاثون يومًا، أو تسع وعشرون يومًا.

ഉത്തരം :

ഒരു മാസം മുപ്പത് ദിവസമോ അല്ലെങ്കിൽ ഇരുപത്തിയൊൻപത് ദിവസമോ ആകുന്നു.

١٣٩١ .من هو الذي يأكل في معي واحد؟

1391) ഒരു കുടൽ (അഥവാ കുറഞ്ഞ അളവ്) ഭക്ഷിക്കുന്നത് ആരാണ്?

الجواب:

هو المؤمن.

ഉത്തരം :

അവനാകുന്നു മുഅ്മിൻ.

١٣٩٢ .من هو الذي يأكل في سبعة أمعاء ؟

1392) ഏഴ് കുടൽ (അഥവാ വലിയ അളവ്) ഭക്ഷിക്കുന്നത് ആരാണ്?

الجواب:

هو الكافر.

ഉത്തരം :

അവനാകുന്നു കാഫിർ.

١٣٩٣ .ما أحب الأسماء إلى الله ؟

1393) അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള പേരുകൾ ഏതൊക്കെയാണ്?

الجواب:

عبد الله، وعبد الرحمن.

ഉത്തരം :
അബ്ദുല്ല, അബ്ദുർറഹ്മാൻ.

١٣٩٤ .ما هي الحبة التي هي شفاء من كل داء إلا الموت؟

1394) മരണത്തിനൊഴികെ മറ്റെല്ലാ അസുഖങ്ങൾക്കും ശമനമായ വിത്ത് ഏതാണ്?

الجواب:

هي : الحبة السوداء.

ഉത്തരം :

അത് : കരിംജീരകമാകുന്നു.

١٣٩٥ .الشفاء في ثلاثة ما هي؟

1395) ശമനം മൂന്നു കാര്യങ്ങളിലാകുന്നു, അവ ഏതൊക്കെയാണ്?

الجواب :

شربة عسل، الحجامة، الكي بالنار.

ഉത്തരം :

തേൻ കുടിക്കുന്നതിലും, ഹിജാമ ചെയ്യുന്നതിലും, തീകൊണ്ട് കയ്- ചെയ്യുന്നതിലും.

١٣٩٦ .كم أعمار هذه الأمة ؟

1396) ഈ ഉമ്മത്തിലുള്ളവരുടെ  ഏകദേശ ആയുസ്സ് എത്രയാണ്?

الجواب:

ما بين الستين إلى السبعين، وقليل من يتجاوز ذلك.

ഉത്തരം :

അറുപതിനും എഴുപതിനും ഇടയിൽ, അതിനപ്പുറത്തേക്ക് മറികടക്കുന്നവർ കുറവാകുന്നു.

١٣٩٧ .ما هي الفويسقة ؟

1397) ഫുവൈസിഖ (ചെറിയ ഉപദ്രവകാരി) എന്നറിയപ്പെടുന്നത് ഏതാണ്?

الجواب:

هي الفأرة.

ഉത്തരം :

അത് എലിയാകുന്നു.

١٣٩٨. ماذا نلقن المحتضر ؟

1398) മരണാസന്നനായി കിടക്കുന്നവനോട് എന്താണ് നാം ആവർത്തിച്ചു പറയുക?

الجواب:

نلقنه لا إله إلا الله.

ഉത്തരം :

"ലാ ഇലാഹ ഇല്ലല്ലാഹ് " എന്ന് നാം അവനോട് ആവർത്തിച്ചു പറയണം.

١٣٩٩. قَسَّمَ الله الناس في سورة الواقعة إلى ثلاثة أقسام اذكرها ؟

1399) സൂറത്തുൽ വാഖിഅ – യിൽ അല്ലാഹു ജനങ്ങളെ മൂന്നായി തരം തിരിച്ചിരിക്കുന്നു, ആ മൂന്ന് ഇനങ്ങൾ പരാമർശിക്കുക?

الجواب:

المقربون، أصحاب اليمين، أصحاب الشمال.

ഉത്തരം :

സാമീപ്യം നൽകപ്പെട്ടവർ, വലതുപക്ഷക്കാർ, ഇടതുപക്ഷക്കാർ.

١٤٠٠. ما هي الكلمات التي علمها النبي ﷺ ابن عباس رضي الله عنه ؟

1400) നബി ﷺ ഇബ്‌നു അബ്ബാസ് – നെ رضي الله عنه പഠിപ്പിച്ച വചനങ്ങൾ ഏതൊക്കെയാണ്?

الجواب:

احْفَظِ اللهَ يَحْفَظْكَ، احْفَظِ اللهَ تَجِدْهُ تُجَاهَكَ، إِذَا سَأَلْتَ فَاسْأَلِ اللهَ، وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللهِ، وَاعْلَمْ أَنَّ الأُمَّةَ لَوْ اجْتَمَعَتْ عَلَى أَنْ يَنْفَعُوكَ بِشَيْءٍ لَمْ يَنْفَعُوكَ إِلاَّ بِشَيْءٍ قَدْ كَتَبَهُ اللهُ لَكَ، وَلَوْ اجْتَمَعُوا عَلَى أَنْ يَضُرُّوكَ بِشَيْءٍ لَمْ يَضُرُّوكَ إِلاَّ بِشَيْءٍ قَدْ كَتَبَهُ اللهُ عَلَيْكَ، رُفِعَتِ الأَقْلاَمُ وَجَفَّتْ الصُّحُفُ.

ഉത്തരം :

നീ അല്ലാഹുവെ സൂക്ഷിക്കുക എന്നാൽ അവൻ നിന്നെ സംരക്ഷിക്കുന്നതാണ്, നീ അല്ലാഹുവെ സൂക്ഷിച്ചാൽ നിനക്കവനെ നിന്റെ മുമ്പിൽ കാണാവുന്നതാണ്, നീ വല്ലതും ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക, നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക, നീ അറിയുക ലോകത്തുള്ള മുഴുവനാളുകളും ഒരുമിച്ചുകൊണ്ട് നിനക്കൊരു ഒരുപകാരം ചെയ്യാൻ ഉദ്ദേശിച്ചാലും അല്ലാഹു നിനക്ക് വിധിച്ചതല്ലാതെ മറ്റൊന്നും തന്നെ അവർ നിനക്ക് ഉപകാരമായി ചെയ്യില്ല, ഇനി അവർ ഒരുമിച്ചുകൊണ്ട് നിനക്കൊരു ഉപദ്രവം ചെയ്യാൻ ഉദ്ദേശിച്ചാലും അല്ലാഹു നിനക്ക് വിധിച്ചതല്ലാതെ ഒന്നും തന്നെ അവർ നിനക്ക് ഉപദ്രവമായി ചെയ്യില്ല. പേനകൾ ഉയർത്തപ്പെട്ടുകയും പേജുകൾ ഉണങ്ങുകയും ചെയ്തിരിക്കുന്നു.

١٤٠١ .أكمل الحديث قال رسول الله ﷺ (إنما بعثت ..... ؟

1401) ഹദീസ് പൂർത്തിയാക്കുക അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: (നിശ്ചയമായും ഞാൻ നിയോഗിക്കപ്പെട്ടത്....?

الجواب:

........لأتمم مكارم الأخلاق) عن أبي هريرة. رواه أحمد، وغيره

ഉത്തരം :

.....ആദരണീയമായ സ്വഭാവസവിശേഷതകളുടെ പൂർത്തീകരണത്തിന് വേണ്ടിയാകുന്നു).
അബൂ ഹുറൈറ-യിൽ നിന്നുമുള്ള നിവേദനം, ഇമാം അഹ്മദും മറ്റുള്ള പണ്ഡിതന്മാരും നിവേദനം ചെയ്തത്.

١٤٠٢ .ما أحسن وصف للجنة ؟

1402) സ്വർഗ്ഗത്തിനുള്ള ഏറ്റവും നല്ല വിവരണമെന്താണ്?

الجواب:

فيها مالا عين رأت ،ولا أذن سمعت، ولا خطر على قلب بشر.

ഉത്തരം :

അതിലാകുന്നു ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു കാതും കേട്ടിട്ടില്ലാത്തതും ഒരു മനുഷ്യ ഹൃദയത്തിനും ഭാവനാത്മകമായി തോന്നിയിട്ടില്ലാത്തതും ഒരുക്കിവെക്കപ്പെട്ടിട്ടുള്ളത്.

١٤٠٣ .ما أكثر ما يُدْخِل الناس الجنة ؟

1403) ജനങ്ങളെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതിന് കാരണമാകുന്ന കാര്യങ്ങളിൽ ഏറ്റവും മുൻപന്തിയിലുള്ളവ ഏതൊക്കെയാണ്?

الجواب:

تقوى الله، وحسن الخلق.

ഉത്തരം :

അല്ലാഹുവിന് തഖ്‌വ കാണിക്കലും, സൽസ്വഭാവവും.

١٤٠٤ .ما هو خير ما يتزود منه الإنسان ؟

1404) ഒരു മനുഷ്യൻ അവനുവേണ്ടി ഒരുക്കിവെക്കുന്നതിൽ വച്ച് ഏറ്റവും ഉത്തമമായ കാര്യമെന്താണ്?

الجواب:

التقوى.

ഉത്തരം :

അതാകുന്നു തഖ്‌വാ.

١٤٠٥ .ما هي الأشياء التي قال عنها النبي ﷺ (تعمر الديار، وتزيد في الأعمار) ؟

1405) സ്വർഗ്ഗത്തിൽ ഭവനങ്ങൾ ഉറപ്പാകുന്നതിനും ഒരുവന്റെ ആയുസ്സ് വർധിക്കുന്നതിനുമുള്ള കാരണങ്ങളാകുന്നു അവ എന്ന് നബി ﷺ പറഞ്ഞ കാര്യങ്ങൾ ഏതൊക്കെയാണ്?

الجواب:

صلة الرحم، وحسن الجوار، وحسن الخلق.

ഉത്തരം :

രക്തബന്ധം പുലർത്തലും, അയൽവാസിയോടുള്ള നല്ല സഹവാസവും, സൽസ്വഭാവവും.

١٤٠٦ .ذكر النبي ﷺ لأشج عبد القيس أن فيه خصلتان يحبهما الله فما هما ؟

1406) അശജ്ജ് അബ്ദുൽ ഖൈസ് – ന് അല്ലാഹു ഇഷ്ടപ്പെടുന്ന രണ്ട് സദ്ഗുണങ്ങളുണ്ടെന്ന് നബി ﷺ പരാമർശിക്കുകയുണ്ടായി, അവ ഏതൊക്കെയാണ്?

الجواب:

الحلم، والأناة.

ഉത്തരം :

ക്ഷമയും, അക്ഷീണപരിശ്രമവും.

١٤٠٧ .اذكر بعض الصفات التي يحبها الله ؟

1407) അല്ലാഹു ഇഷ്ട്ടപ്പെടുന്ന സൽസ്വഭാവങ്ങളിൽ ചിലത് പരാമർശിക്കുക?

الجواب:

الإحسان، والتوبة، والطهارة، والتقوى، والصبر، والجهاد، والتوكل، والعدل والقسط، واتباع الرسول.

ഉത്തരം :
നന്മ ചെയ്യൽ, തൗബ, ശുദ്ധികൈവരിക്കൽ, തഖ്‌വ കാണിക്കൽ, ക്ഷമ കൈക്കൊള്ളൽ, അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യൽ, തവക്കുൽ ചെയ്യൽ, നീതിയും ന്യായവും പാലിക്കൽ, റസൂലിനെ ﷺ പിൻപറ്റൽ.

١٤٠٨ .اذكر بعض الصفات التي لا يحبها الله ؟

1408) അല്ലാഹു ഇഷ്ടപ്പെടാത്ത സ്വഭാവങ്ങളിൽ ചിലത് പരാമർശിക്കുക?

الجواب:

الاعتداء، والفساد، والكفر، والإثم، والظلم، والخيانة، والخيلاء، والفخر، والكبر.

ഉത്തരം :
അതിക്രമം പ്രവർത്തിക്കൽ, കുഴപ്പമുണ്ടാക്കൽ, കുഫ്ർ, പാപം ചെയ്യൽ, അക്രമം, ചതി, ഗർവ് നടിക്കൽ, പൊങ്ങച്ചം കാട്ടൽ, അഹങ്കരിക്കൽ.

١٤٠٩ .اذكر كبيرتين توعد الله فاعلهما بالحرب ؟

1409) അല്ലാഹു അവ പ്രവർത്തിക്കുന്നവനോട് യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു എന്ന് മുന്നറിയിപ്പ് നൽകിയ രണ്ട് വൻപാപങ്ങൾ ഏതൊക്കെയെന്ന് പരാമർശിക്കുക?

الجواب:

الربا، ومعاداة أولياء الله.

ഉത്തരം :
പലിശ ഇടപാടുകളിൽ ഏർപ്പെടൽ, അല്ലാഹുവിന്റെ ഔലിയാക്കളോട് ശത്രുത പുലർത്തൽ.

١٤١٠. لماذا كان النساء أكثر أهل النار ؟

1410) എന്തുകൊണ്ടാണ് നരകക്കാരിൽ ഏറ്റവും അധികം സ്ത്രീകളായത്?

الجواب:

يكثرن اللعن، ويكفرن العشير.

ഉത്തരം :

അവർ ശാപവചനം അധികരിപ്പിക്കുന്നതിനാലും, ഭർത്താക്കന്മാരോട് നന്ദികേട് കാണിക്കുന്നതിനാലും.

١٤١١. هل خضوع المرأة بصوتها فتنة ؟

1411) (അന്യപുരുഷനോട്) ഒരു സ്ത്രീയുടെ ശബ്ദം മൃദുവാകുക എന്നത് പ്രലോഭനപരമായൊരു പരീക്ഷണമാണോ?

الجواب:

نعم.

ഉത്തരം :

അതെ.



١٤١٢ .اذكر فضل من قال بسم الله الذي لا يضر مع اسمه شيء في الأرض ولا في السماء وهو السميع العليم ثلاث مرات ؟

1412) "ബിസ്മില്ലാഹി-ല്ലദീ ലാ യദുർറു മഅസ്മിഹി ശയ്ഉൻ ഫിൽ അർദ്വി വലാ ഫിസ്സമാഇ വഹുവ സ്സമീഉൽ അലീം"

[അല്ലാഹുവിന്റെ നാമത്തിൽ, അവന്റെ നാമത്തോടൊപ്പം (അല്ലാഹുവിന്റെ നാമം ഉച്ചരിച്ചു കൊണ്ട് ആരംഭിച്ചാൽ) ഭൂമിയിലോ ആകാശത്തോ ഒരു വസ്തുവും ഉപദ്രവമേൽക്കപ്പെടുകയില്ല, അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു]

എന്ന് മൂന്നു പ്രാവശ്യം പറഞ്ഞ ഒരുവനുള്ള പ്രയോജനമെന്തെന്ന് പരാമർശിക്കുക?

الجواب:

من قاله لم يضره شيء ولم تصبه فجأة.

ഉത്തരം :

ഏതൊരുവൻ അത് പറയുന്നുവോ അവന് ഒരു വസ്തുവും ഉപദ്രവമുണ്ടാക്കുകയില്ല, (ഹൃദയാഘാതം പോലുള്ള) പെട്ടെന്നുള്ള മരണം അവനെ ബാധിക്കുകയുമില്ല.

١٤١٣ .ما أجر من كظم غيظه وهو قادر على أن ينفذه ؟

1413) കോപം പുറപ്പെടുവിക്കാൻ ശേഷിയുള്ളവനായിരിക്കെ അത് ഒതുക്കിവെച്ചൊരുവനുള്ള പ്രതിഫലം എന്താണ്?

الجواب:

يدعوه الله على رؤوس الخلائق يوم القيامة حتى يخيره من الحور العين ما شاء.

ഉത്തരം :

ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ അല്ലാഹു അവനെ പടപ്പുകൾക്കിടയിൽ നിന്നും വിളിക്കുകയുണ്ടാകും, അങ്ങനെ അവൻ ഇച്ഛിക്കുന്ന "അൽഹൂർ അൽഈൻ" - കളിൽ നിന്നും അവനെ തിരഞ്ഞെടുപ്പിക്കും.

١٤١٤. ما هو أجر من بنى لله مسجدًا ؟

1414) അല്ലാഹുവിനുവേണ്ടി ഒരു പള്ളി പണിതവനുള്ള പ്രതിഫലം എന്താണ്?

الجواب:

بنى الله له بيتًا في الجنة.

ഉത്തരം :

അല്ലാഹു അവന് ഒരു വീട് സ്വർഗ്ഗത്തിൽ പണിയും.

١٤١٥. ما أجر من قرأ آية الكرسي بعد الفريضة ؟

1415) നിർബന്ധനിസ്കാരങ്ങൾക്ക് ശേഷം ആയത്തുൽ കുർസി ഓതിയവനുള്ള പ്രതിഫലം എന്താണ്?

الجواب:

لا يمنعه من دخول الجنة إلا الموت.

ഉത്തരം :

അവനെ മരണമല്ലാതെ വേറൊന്നും തന്നെ സ്വർഗ്ഗപ്രവേശനത്തിൽ നിന്ന് തടയുന്നതല്ല.

١٤١٦. ما فضل قراءة آية الكرسي عند النوم ؟

1416) ഉറങ്ങുന്നതിനു മുൻപ് ആയത്തുൽ കുർസി ഓതിയവനുള്ള ശ്രേഷ്ഠതയെന്താണ്?

الجواب:

لا يقربه شيطان، ولا يزال عليه من الله حافظ حتى يصبح.

ഉത്തരം :

ഓതിയവനെ ശൈത്വാൻ അടുക്കുകയില്ല, അല്ലാഹുവിന്റെ ഒരു സംരക്ഷണം അവനുമേൽ അവൻ പ്രഭാതത്തിൽ പ്രവേശിക്കും വരേക്കും തുടരുന്നതുമാണ്.

١٤١٧. ما هو الدعاء الذي من قرأه قبل النوم فمات مات على الفطرة ؟

1417) ഒരുവൻ ഉറങ്ങുന്നതിനു മുമ്പ് അത് പറയുകയും തുടർന്ന് മരണപ്പെടുകയുമുണ്ടായാൽ അവൻ ഫിത്വ്റത്തിൽ മരണപ്പെടാൻ കാരണമാകുന്ന ദുആ ഏതാണ്?

الجواب:

اللَّهُمَّ أَسْلَمْتُ نَفْسِي إِلَيْكَ، وَفَوَّضْتُ أَمْرِي إِلَيْكَ، وَأَلْجَأْتُ ظَهْرِي إِلَيْكَ، رَهْبَةً وَرَغْبَةً إِلَيْكَ، لاَ مَلْجَأَ وَلاَ مَنْجَا مِنْكَ إِلَّا إِلَيْكَ، آمَنْتُ بِكِتَابِكَ الَّذِي أَنْزَلْتَ، وَبِنَبِيِّكَ الَّذِي أَرْسَلْتَ.

ഉത്തരം :

അല്ലാഹുമ്മ അസ്'ലമ്തു നഫ്സീ ഇലയ്ക, വ ഫവ്വദ്തു അംരീ ഇലയ്ക, വ അൽജഅ്തു ദ്വഹ്'രീ ഇലയ്ക, റഗ്ബതൻ വ റഹ്ബതൻ ഇലയ്ക, ലാ മൽജഅ വലാ മൻജാ മിൻക ഇല്ലാ ഇലയ്ക, ആമൻതു ബികിതാബികല്ലദീ അൻസൽത വ നബിയ്യികല്ലദീ അർസൽത

[അല്ലാഹുവേ എന്നെ ഞാൻ നിന്നിൽ കീഴ്പ്പെടുത്തിവെക്കുകയും എൻറെ കാര്യങ്ങളെ ഞാൻ നിന്നിൽ ഏൽപ്പിക്കുകയും എൻറെ മുതുകിനെ ഞാൻ നിന്നിലേക്ക് തിരിക്കുകയും ചെയ്തിരിക്കുന്നു. നിന്നിൽ (നിന്നുള്ള പ്രതിഫലം) പ്രതീക്ഷിച്ച് കൊണ്ടും നിൻറെ (ശിക്ഷ) ഭയന്നു കൊണ്ടുമാകുന്നു അത്. നിൻറെ മാർഗത്തിലേക്ക് (പശ്ചാത്തപിച്ച്) മടങ്ങുകയല്ലാതെ (നിൻറെ ശിക്ഷയിൽ നിന്ന്) യാതൊരു രക്ഷയോ അഭയമോ ഇല്ലതന്നെ. നീ ഇറക്കിയ നിന്റെ ഗ്രന്ഥത്തിലും നീ അയച്ച നിന്റെ നബിയിലും ഞാൻ വിശ്വസിച്ചിരിക്കുന്നു]

١٤١٨. ما أجر من قال (سبحان الله العظيم وبحمده ) ؟

1418) "സുബ്ഹാനല്ലാഹി അൽഅളീം വ ബിഹമ്ദിഹി" (മഹത്വപൂർണ്ണനായ അല്ലാഹു എത്രയധികം പരിശുദ്ധാൻ, അവനാണ് എല്ലാ സ്തുതിയും നന്ദിയും) എന്ന് പറഞ്ഞവനുള്ള പ്രതിഫലം എന്താണ്?

الجواب:

غرست له نخلة في الجنة.

ഉത്തരം :

അവന് സ്വർഗ്ഗത്തിൽ ഒരു ഈന്തപ്പന നടപ്പെടും.

١٤١٩. ما أجر من فقد عينيه فصبر على ذلك ؟

1419) തന്റെ കണ്ണുകൾ നഷ്ടപ്പെട്ടതിനെ തുടർന്ന് ആ അവസ്ഥയ്ക്കുമേൽ ക്ഷമിച്ച ഒരുവനുള്ള പ്രതിഫലമെന്താണ്?

الجواب:

يعوضه الله عنهما الجنة.

ഉത്തരം :

സ്വർഗ്ഗത്തിൽ അല്ലാഹു അവനവയ്ക്ക് പകരം നൽകുന്നതാണ്.

١٤٢٠. ما جزاء الإحسان إلى البنات ؟

1420) പെൺകുട്ടികളോട് അനുകമ്പയോടെ വർത്തിക്കുന്നതിനുള്ള പ്രതിഫലമെന്താണ്?

الجواب:

يكن له سترًا من النار.

ഉത്തരം :

അവർ അവന് നരകത്തിൽ നിന്ന് മറയാകുന്നതാണ്.

١٤٢١. ما أجر من صلى العشاء والفجر في جماعة ؟

1421) ഇശാഅ് – ഉം ഫജ്റും ജമാഅത്തിനോടൊപ്പം നിസ്കരിച്ചവനുള്ള പ്രതിഫലമെന്താണ് ?

الجواب:

كأنما قام الليل كله، وهو في ذمة الله.

ഉത്തരം :

അവൻ രാത്രി മുഴുവനും നിസ്കരിച്ചപോലെയാകുന്നു, അവൻ അല്ലാഹുവിന്റെ സംരക്ഷണത്തിലുമാകുന്നു.

١٤٢٢ .ما هو أجر من أكثر السجود لله ؟

1422) അല്ലാഹുവിന് സുജൂദ് അധികരിപ്പിച്ചവനുള്ള പ്രതിഫലമെന്താണ്?

الجواب:

لم يسجد لله سجده إلا رفعه الله بها درجة، وحط عنه بها خطيئة.

ഉത്തരം :

അല്ലാഹുവിന് സുജൂദ് ചെയ്യുന്നൊരുവൻ അതുമുഖേന അല്ലാഹു അവന്റെ സ്ഥാനം ഒരു പടി ഉയർത്തിയിട്ടും അവനെ തൊട്ട് ഒരു പാപം നീക്കം ചെയ്തിട്ടുമല്ലാതെ ഒരു സുജൂദും തന്നെയവന്ന് ചെയ്യുന്നില്ല.

١٤٢٣ .ماذا يفعل المسلم إذا هَمَّ بالأمر ؟

1423) ഒരു മുസ്ലിം ഒരു കാര്യത്തിൽ തീരുമാനമെടുക്കുമ്പോൾ എന്താണ് ചെയ്യേണ്ടത് ?

الجواب:

يصلى صلاة الاستخارة.

ഉത്തരം :

അവൻ ഇസ്തിഖാറഹ് – യുടെ നിസ്കാരം നിസ്കരിക്കുക.

١٤٢٤ .اذكر كيفية صلاة الاستخارة ؟

1424) ഇസ്തിഖാറത്തിന്റെ നിസ്കാരരൂപം പരാമർശിക്കുക?

الجواب:

يصلى ركعتين من غير الفريضة، ثم يدعو بهذا الدعاء:

(اَللهُمَّ إِنِّي أَسْتَخِيرُكَ بِعِلْمِكَ، وَأَسْتَقْدِرُكَ بِقُدْرَتِكَ، وَأَسْأَلُكَ مِنْ فَضْلِكَ الْعَظِيمِ، فَإِنَّكَ تَقْدِرُ وَلاَ أَقْدِرُ، وَتَعْلَمُ وَلاَ أَعْلَمُ، وَأَنْتَ عَلاَّمُ الْغُيُوبُ، اَللهُمَّ إِنْ كُنْتَ تَعْلَمُ أَنَّ هَذَا الأَمْرَ – وَ يُسَمَّى الأمر – خَيْرٌ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي أَوْ قَالَ عَاجِلِهِ وَآجِلِهِ – فَاقْدُرْهُ لِي وَيَسِّرْهُ لِي ثُمَّ بَارِكْ لِي فِيهِ، وَإِنْ كُنْتَ تَعْلَمُ أَنَّ هَذَا الأَمْرَ شَرٌّ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي أَوْ قَالَ عَاجِلِهِ وَآجِلِهِ – فَاصْرِفْهُ عَنِّي وَاصْرِفْنِي عَنْهُ وَاقْدُرْ لِيَ الْخَيْرَ حَيْثُ كَانَ ثُمَّ أَرْضِنِي بِهِ)

ഉത്തരം :

നിർബന്ധ നിസ്കാരമല്ലാത്ത രണ്ട് റക്അത്ത് നിസ്കരിക്കുക, എന്നിട്ട് ഈ ദുആ കൊണ്ട് ദുആ ചെയ്യുക :

"അല്ലാഹുമ്മ ഇന്നീ അസ്തഖീറുക ബി ഇൽമിക, വ അസ്തഖ്ദിറുക ബിഖുദ്റതിക, വ അസ്അലുക മിൻ ഫള്ലികൽ അളീം, ഫ ഇന്നക തഖ്ദിറു വലാ അഖ്ദിറു, വ തഅ്ലമു വലാ അഅ്ലമു, വ അൻത അല്ലാമുൽ ഗുയൂബ്. അല്ലാഹുമ്മ ഇൻ കുൻത തഅ്ലമു അന്ന ഹാദൽ അംറ ഖൈറുൻ ലീ ഫീ ദീനീ വാ മആശീ വ ആഖിബത്തി അംരീ [ആ'ജിലിഹീ വ ആജിലിഹീ] , ഫഖ്ദുർഹു ലീ വയസ്സിർഹു ലീ സുമ്മ ബാരിക് ലീ ഫീഹി,വ ഇൻ കുൻത തഅ്ലമു അന്ന ഹാദൽ അംറ

ശർറുൻ ലീ ഫീ ദീനീ വാ മആശീ വ ആഖിബത്തി അംരീ [ആ'ജിലിഹീ വ ആജിലിഹീ], ഫസ്റിഫ്ഹു അന്നീ വസ്റിഫ്നീ അൻഹു, വഖ്ദുർ ലിൽ ഖൈറ ഹയ്സു കാന സുമ്മ അർദിനീ ബിഹി"

[അല്ലാഹുവേ നിൻറെ അറിവ് കൊണ്ട് (ഈ കാര്യത്തിൽ) ഉത്തമം ഏതെന്ന് നിന്നോട് ഞാൻ ഉപദേശം തേടുന്നു, നിന്റെ ഖുദ്റത്ത് കോണ്ട് ഞാൻ (ഈ കാര്യത്തിന്) പ്രാപ്തി തേടുന്നു, നിൻറെ മഹത്തായ ഔദാര്യം കൊണ്ട് ഞാൻ (ഉപദേശം) തേടുന്നു. എന്തെന്നാൽ, തീർച്ചയായും, നീ സർവ്വതിനും കഴിവുള്ളവനും,ഞാൻ കഴിവില്ലാത്തവനുമാണ്. നീ സർവ്വവും അറിയുന്നു; ഞാൻ അറിയുന്നുമില്ല. നീ സർവ്വ മറഞ്ഞ കാര്യങ്ങളും നല്ലതു പോലെ അറിയുന്നവനുമാണ്,

അല്ലാഹുവേ ഈ കാര്യം (ഇവിടെ കാര്യമെന്തെന്ന് പറയുക) എനിക്ക് എൻറെ മതത്തിലും ഐഹിക ജീവിതത്തിലും എൻറെ കാര്യത്തിൻറെ പര്യവസാനത്തിലും (പരലോകത്തേക്കും) ഉത്തമമാണെന്ന് നീ അറിയുന്നുവെങ്കിൽ എനിക്കത് വിധിക്കുകയും, എനിക്കത് എളുപ്പമാക്കി തരികയും, ശേഷം എനിക്ക് ആ കാര്യത്തിൽ അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ.

എന്നാൽ അല്ലാഹുവേ ഈ കാര്യം എൻറെ മതത്തിലും ഐഹിക ജീവിതത്തിലും എൻറെ കാര്യത്തിൻറെ പര്യവസാനത്തിലും (പരലോകത്തേക്കും) ദോഷകരമാണെന്ന് നീ അറിയുന്നുവെങ്കിൽ എന്നെ ആ കാര്യത്തിൽ നിന്നും, ആ കാര്യത്തെ എന്നിൽ നിന്നും നീ മാറ്റി തിരിച്ചുകളയേണമേ. ശേഷം നന്മ എവിടെയാണോ അത് എനിക്ക് വിധിക്കുകയും അതിൽ എനിക്ക് തൃപ്തി ഉണ്ടാക്കുകയും ചെയ്യേണമേ"]

١٤٢٥ .ماذا يفعل المسلم إذا قرأ آية فيها سجدة ؟

1425) പാരായണത്തിന്റെ സുജൂദുള്ള ഒരു ആയത്ത് ഒരു മുസ്ലിം ഓതിയാൽ അവൻ എന്താണ് ചെയ്യേണ്ടത്?

الجواب:

يسجد سجدة التلاوة.

ഉത്തരം :

പാരായണത്തിന്റെ സുജൂദ് ചെയ്യുക.

١٤٢٦ .ماذا يحدث للشيطان إذا سجد المسلم للتلاوة ؟

1426) ഒരു മുസ്ലിം പാരായണത്തിന്റെ സുജൂദ് ചെയ്താൽ ശൈത്വാന് എന്താണുണ്ടാവുക ?

الجواب:

يعتزل يبكي.

ഉത്തരം :

അവൻ കരഞ്ഞുകൊണ്ട് പിൻവാങ്ങും (ഒഴിഞ്ഞുമാറും).

١٤٢٧ .لماذا يبكي الشيطان ؟

1427) എന്തിനാണ് ശൈത്വാൻ കരയുന്നത്?

الجواب:

لأن الله أمره بالسجود لآدم فلم يسجد، وأمر المسلم بالسجود فسجد.

ഉത്തരം :

അല്ലാഹു അവനോട് ആദമിന് സുജൂദ് ചെയ്യാൻ കല്പിച്ചപ്പോൾ അവൻ സുജൂദ് ചെയ്തില്ല, എന്നാൽ ഒരു മുസ്ലിം സുജൂദ് ചെയ്യാൻ കല്പിക്കപ്പെട്ടപ്പോൾ അവൻ സുജൂദ് ചെയ്യുകയും ചെയ്തു എന്നതിനാലാകുന്നു.

١٤٢٨ .الذي مات وهو يقاتل لإعلاء كلمة الله ما يسمى ؟

1428) അല്ലാഹുവിന്റെ വചനം ഉയർത്താനായി പോരാടിമരണപ്പെട്ട ഒരുവനെ എന്താണ് വിളിക്കപ്പെടുക?

الجواب:

يسمى شهيدًا.

ഉത്തരം :

അവനെ ശഹീദ് എന്ന് വിളിക്കപ്പെടും.

١٤٢٩ .اذكر بعض أنواع الشهادة ؟

1429) ശുഹദാക്കളുടെ വിഭാഗങ്ങളിൽ ചിലത് പരാമർശിക്കുക?

الجواب:

- ❖ المطعون: الذي مات بالطاعون .
- ❖ المبطون : الذي مات بسبب بطنه .
- ❖ الغريق.
- ❖ صاحب الهدم .
- ❖ المرأة التي ماتت في نفاسها.

ഉത്തരം :

- ❖ അൽ  മത്വ്ഊൻ: പ്ലേഗ് ബാധിച്ച് മരണപ്പെട്ടവൻ
- ❖ അൽ മബ്ത്വൂൻ: ഉദര സംബന്ധമായ അസുഖത്താൽ മണപ്പെട്ടവൻ
- ❖ മുങ്ങിമരിച്ചവൻ
- ❖ കെട്ടിടത്തിനടിയിൽപെട്ട് മരണപ്പെട്ടവൻ
- ❖ പ്രസവത്തെ തുടർന്ന് മരണപ്പെട്ട സ്ത്രീ.

١٤٣٠ .هل يغفر للشهيد في سبيل الله كل شيء ؟

1430) അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദായ ഒരുവന് അവന്റെ എല്ലാം കാര്യങ്ങളും (പാപങ്ങളും) പൊറുത്തു നൽകപ്പെടുമോ?

الجواب

نعم، الا الدَين.

ഉത്തരം :

അതെ, കടമൊഴികെ.

١٤٣١ .ما هو الدليل على أن المسلم لا يكثر الحلف ؟

1431) ഒരു മുസ്ലിം ശപഥം ചെയ്യൽ അധികരിപ്പിക്കരുത് എന്നതിനുള്ള തെളിവെന്താണ്?

الجواب:

قال الله تعالى : (واحفظوا أيمانكم ).

ഉത്തരം :

അല്ലാഹു تعالى പറഞ്ഞു : (നിങ്ങളുടെ ശപഥങ്ങളെ നിങ്ങൾ സൂക്ഷിച്ച് കൊള്ളുക).

١٤٣٢ .من حلف على يمين فرأى غيرها خيرًا منها ماذا يعمل ؟

1432) ശപഥം ചെയ്തൊരുവൻ അതല്ലാത്ത മറ്റൊന്ന് ഉത്തമമമായി കണ്ടാൽ എന്താണ് ചെയ്യേണ്ടത്?

الجواب:

يُكَفِّر عن يمينه، ويأتي الذي هو خير.

ഉത്തരം :

അവന്റെ ശപഥത്തിന് പ്രായശ്ചിത്തം ചെയ്യുക, എന്നിട്ട് ഏറ്റവും ഉത്തമമമായത് പ്രവർത്തിക്കുക.

١٤٣٣. ما هي كفارة اليمين ؟

1433) എന്താണ് ശപഥം ലംഘിക്കുന്നതിനുള്ള പ്രായശ്ചിത്തം?

الجواب:

إطعام عشرة مساكين، أو كسوتهم، أو تحرير رقبة، فمن لم يجد فصيام ثلاثة ايام.

ഉത്തരം :

പത്തു സാധുക്കൾക്ക് ഭക്ഷിക്കാൻ കൊടുക്കലോ, അല്ലെങ്കിൽ അവർക്ക് വസ്ത്രം നൽകലോ, അല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കലോ ആകുന്നു. ഇനി വല്ലവനും (അതൊന്നും) കിട്ടിയില്ലെങ്കിൽ മൂന്നു ദിവസം നോമ്പെടുക്കുകയാണ് വേണ്ടത്.

١٤٣٤. من هو أول من أقسم بيمين كاذبة ؟

1434) ആദ്യമായി (അല്ലാഹ്ഹുവിന്റെ പേരിൽ) കള്ളസത്യം ചെയ്തത് ആരാണ്?

الجواب:

هو إبليس لعنه الله، قال الله تعالى:(وقاسمهما اني لكما لمن الناصحين).

ഉത്തരം :

അവനാകുന്നു ഇബ്'ലീസ് لعنه الله, അല്ലാഹു പറഞ്ഞു : (തീർച്ചയായും ഞാൻ നിങ്ങളിരുവരുടെയും ഗുണകാംക്ഷികളിൽപ്പെട്ടവനാണ് എന്ന് അവരോട് അവൻ സത്യം ചെയ്ത് പറയുകയും ചെയ്തു).

١٤٣٥ .ماهي اليمين الغموس؟

1435) അൽയമീനുൽ ഗമൂസ് എന്നാൽ എന്താണ്?

الجواب:

هي اليمين الكاذبة التي يقتطع بها مال أخيه المسلم.

ഉത്തരം :

തന്റെ മുസ്ലിം സഹോദരന്റെ സമ്പത്ത് (അന്യായമായി) എടുക്കാൻ ഉപയോഗിക്കുന്ന കള്ളസത്യമാകുന്നു അത്.

١٤٣٦ .ما أجر من صام يومًا في سبيل الله ؟

1436) അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഒരു ദിവസം നോമ്പനുഷ്ഠിച്ചവനുള്ള പ്രതിഫലമെന്താണ്?

الجواب:

باعد الله بينه وبين النار سبعين خريفًا.

ഉത്തരം :

അല്ലാഹു അവനും നരകത്തിനും ഇടയിൽ എഴുപതിനായിരം വർഷത്തെ വഴിദൂരം അകൽച്ചയിടും.

١٤٣٧ .ما هما العينان اللتان لا تمسهما النار ؟

1437) നരകം സ്പർശിക്കാത്ത രണ്ടു കണ്ണുകൾ ഏതൊക്കെയാണ്?

الجواب:

عين بكت من خشية الله، وعين باتت تحرس في سبيل الله.

ഉത്തരം :

അല്ലാഹ്ഹുവിലുള്ള ഭയത്താൽ കരഞ്ഞ കണ്ണും,
അല്ലാഹ്ഹുവിന്റെ മാർഗത്തിൽ കാവൽ നിൽക്കുമ്പോൾ
രാത്രി ഉണർന്നിരുന്ന കണ്ണും.

١٤٣٨. إذا أعطى الأنسان هبة هل يجوز له الرجوع فيها ؟

1438) ഒരു മനുഷ്യൻ ആർക്കെങ്കിലും വല്ല ഉപഹാരവും
കൊടുത്താൽ അത് തിരിച്ചു വാങ്ങലവന്
അനുവദനീയമാണോ?

الجواب:

لا يجوز.

ഉത്തരം :

അനുവദനീയമല്ല.

١٤٣٩. ما حكم الذي يعود في هبته ؟

1439) താൻ കൊടുത്ത ഉപഹാരം തിരിച്ചു വാങ്ങുന്നതിലേക്ക്
മടങ്ങുന്ന ഒരുവന്റെ വിധിയെന്താണ്?

الجواب:

كالكلب يقئ ثم يعود في قيئه.

ഉത്തരം :

ഒരു പട്ടി ഛർദ്ദിക്കുകയും പിന്നീട് അത് ഛർദ്ദിച്ചതിലേക്ക്
തിരിച്ചുവരുന്നതും പോലെയാകുന്നു അത്.

١٤٤٠ .اذكر بعض الأوقات التي يكون الدعاء فيها مستجابًا؟

1440) പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെടുന്ന സന്ദർഭങ്ങളിൽ ചിലത് പരാമർശിക്കുക?

الجواب:

- ❖ الثلث الأخير من الليل .
- ❖ بين الأذان والإقامة.
- ❖ الساعة الأخيرة من الجمعة .
- ❖ في السجود.
- ❖ اثنا نزول المطر.
- ❖ الصائم.
- ❖ المسافر.

ഉത്തരം :

- ❖ രാത്രിയുടെ അവസാന മൂന്നിലൊന്ന്
- ❖ അദാനിനും ഇഖാമത്തിനും ഇടയിൽ
- ❖ ജുമുഅ ദിവസത്തിലെ അവസാന സമയം
- ❖ സുജൂദിൽ
- ❖ മഴപെയ്യുന്നതിനിടയിൽ
- ❖ നോമ്പുകാരനായിരിക്കെ
- ❖ യാത്രക്കാരനായിരിക്കെ.



١٤٤١ .كيف يكتب للمسلم أجر صيام سنة كاملة ؟

1441) ഒരു മുസ്ലിമിന് ഒരുവർഷത്തെ നോമ്പിന്റെ പ്രതിഫലം മുഴുവനായി എഴുതപ്പെടുന്നതെങ്ങനെ?

الجواب:

يصوم رمضان، وثلاثة أيام من كل شهر.

ഉത്തരം :

റമദാനിൽ നോമ്പനുഷ്ഠിക്കുകയും, (അതോടൊപ്പം മറ്റ്) എല്ലാ മാസങ്ങളിൽ നിന്നും മൂന്നു ദിവസം നോമ്പനുഷ്ഠിക്കുകയും ചെയ്യുമ്പോൾ.

١٤٤٢ .ما هو العمل الصالح الذي يكثر الرزق، ويطيل في العمر؟

1442) ഉപജീവനം അധികരിക്കാനും ആയുസ്സ് നീളാനും കാരണമാകുന്ന സൽകർമ്മമേതാണ്?

الجواب:

صلة الرحم.

ഉത്തരം :

രക്തബന്ധം പുലർത്തൽ.

١٤٤٣ .هل تريد أن يضمن لك النبي ﷺ الجنة؟

1443) നബി ﷺ നിനക്ക് സ്വർഗ്ഗം ഉറപ്പു നൽകണമെന്ന് നീ ആഗ്രഹിക്കുന്നുണ്ടോ?

الجواب:

اضمن ما بين لحييك، وما بين فخذيك ،يعنى :اللسان والفرج.

ഉത്തരം :

(എങ്കിൽ) നീ നിന്റെ താടികൾക്കിടയിലുള്ളതും തുടകൾക്കിടയിലുള്ളതും സൂക്ഷിക്കുക, അതായത്: നാവും, ഗുഹ്യാവയവവും.

١٤٤٤ .ما هي الخلة ؟

1444) ഖുല്ലത്ത് (സൗഹൃദം) എന്നാൽ എന്താണ്?

الجواب:

هي أعلى أنواع المحبة.

ഉത്തരം :

അത് സ്നേഹത്തിന്റെ ഇനങ്ങളിലെ ഏറ്റവും ഉയർന്ന തലമാകുന്നു.

١٤٤٥ .من هو الذي اختصه الله بأنه خليل الله ؟

1445) അല്ലാഹുവിന്റെ ഖലീലായി അല്ലാഹു പ്രത്യേകം സ്വീകരിച്ചതാരെയാണ്?

الجواب:

إبراهيم عليه السلام، ومحمد ﷺ.

ഉത്തരം :

ഇബ്രാഹീം عليه السلام , മുഹമ്മദ് ﷺ .

١٤٤٦. ما حكم استماع الأغاني ؟

1446) സംഗീതം ശ്രവിക്കുന്നതിന്റെ വിധിയെന്താണ്?

الجواب:

محرم.

ഉത്തരം :

അത് ഹറാം ആകുന്നു.

١٤٤٧. هل يجوز النظر إلى الصور الخليعة ؟

1447) മോശമായ വസ്ത്രധാരണമുള്ള ചിത്രത്തിലേക്ക് നോക്കൽ അനുവദനീയമാണോ?

الجواب:

لا يجوز.

ഉത്തരം :

അനുവദനീയമല്ല.



١٤٤٨. هل يجزي الولد والده ؟

1448) ഒരു സന്താനം അവന്റെ ഉപ്പാക്ക് പ്രയോജനകാരിയാകുമോ?

الجواب:

لا، إلا أن يجده مملوكًا فيشتريه فيعتقه.

ഉത്തരം :

ഇല്ല, ഒരുവൻ അവന്റെ ഉപ്പയെ അടിമയായി കണ്ടെത്തുകയും എന്നിട്ട് അദ്ദേഹത്തെ വാങ്ങുകയും തുടർന്ന് സ്വതന്ത്രനാക്കുകയും ചെയ്താലൊഴികെ.

١٤٤٩. ما حكم من لعن والديه ؟

1449) തന്റെ മാതാപിതാക്കളെ ശപിക്കുന്നൊരുവന്റെ വിധിയെന്താണ്?

الجواب:

حرام، لعن الله من لعن والديه.

ഉത്തരം :

അത് ഹറാം ആകുന്നു, തന്റെ മാതാപിതാക്കളെ ശപിക്കുന്നൊരുവനെ അല്ലാഹു ശപിച്ചിരിക്കുന്നു.

١٤٥٠. ثلاثة رغمت أنوفهم فمن هم ؟

1450) മൂന്നുപേർ നിന്ദ്യരാകുന്നു, അവർ ആരൊക്കെയാണ്?

الجواب:

- ❖ من أدرك والديه عند الكبر فلم يدخل الجنة
- ❖ من ذكر عنده النبي ﷺ فلم يصلِ عليه.
- ❖ من أدرك رمضان فلم يغفر له.

ഉത്തരം :

- ❖ തന്റെ മാതാപിതാക്കളോട് അവരുടെ വാർദ്ധാക്യത്തിൽ സഹവസിക്കുകയും എന്നിട്ട് സ്വർഗ്ഗത്തിൽ പ്രവേശിക്കാതിരിക്കുകയും ചെയ്തൊരുവൻ.
- ❖ തന്റെയടുക്കൽ നബിയെ ﷺ സ്മരിക്കപ്പെട്ടിട്ട് അദ്ദേഹത്തിനുമേൽ സ്വലാത്ത് ചൊല്ലാത്തൊരുവൻ.
- ❖ റമദാനിൽ പ്രവേശിച്ചിട്ട് തന്റെ പാപങ്ങൾ പൊറുത്തു നൽകപ്പെടാത്തൊരുവൻ.

١٤٥١. هل ينفع استغفار الولد لوالده؟

1451) തന്റെ ഉപ്പാക്കുവേണ്ടിയുള്ള ഒരു സന്താനത്തിന്റെ പൊറുക്കൽ തേടൽ പ്രയോജനപ്പെടുമോ?

الجواب:

نعم ترفع درجته في الجنة.

ഉത്തരം :
അതെ, അതുമുഖേന അവന്റെ ഉപ്പയുടെ സ്വർഗ്ഗത്തിലെ പദവി  ഉയർത്തപ്പെടും.

١٤٥٢. هل يجوز أن يستغفر لوالده أو قريبه إذا كان مشركًا ؟

1452) തന്റെ ഉപ്പയോ അല്ലെങ്കിൽ അടുത്ത ബന്ധുവോ മുശ്‌രിക്കാണെങ്കിൽ അയാൾക്കുവേണ്ടി പൊറുക്കൽ തേടൽ അവന് അനുവദനീയമാണോ?

الجواب:

لا يجوز ذلك، ولكن يحسن إليه إذا كان حيًا.

ഉത്തരം :
അത് അനുവദനീയമല്ല, പക്ഷെ അയാൾ ജീവിച്ചിരിക്കുന്നവനാണെങ്കിൽ അയാളോട് നല്ലനിലയിൽ വർത്തിക്കുക.

١٤٥٣. كيف يشتم الرجل والديه ؟

1453) ഒരാൾ തന്റെ മാതാപിതാക്കളെ ചീത്തവിളിക്കുന്നതെങ്ങനെ?

الجواب:

يسب أبا الرجل فيسب أباه، ويسب أمه فيسب أمه.

ഉത്തരം :

അവൻ മറ്റൊരാളുടെ ഉപ്പയെ ചീത്ത വിളിക്കുമ്പോൾ അയാൾ അവന്റെ ഉപ്പയെ ചീത്തവിളിക്കും, (അതുപോലെതന്നെ) അവൻ മറ്റൊരാളുടെ ഉമ്മയെ ചീത്ത വിളിക്കുമ്പോൾ അയാൾ അവന്റെ ഉമ്മയെയും ചീത്തവിളിക്കും.

١٤٥٤ .اذكر بعض الآداب التي ينبغي التحلي بها مع الأب ؟

1454) ഉപ്പയോടുണ്ടായിരിക്കേണ്ട നല്ല മര്യാദകളിൽ ചിലത് പരാമർശിക്കുക?

الجواب:

لا يناده باسمه، ولا يمشي أمامه، ولا يجلس قبله، ولا يرفع صوته عليه ،

ولا يمن عليه ، ولا يقطب في وجهه.

ഉത്തരം :

ഉപ്പയെ അദ്ദേഹത്തിന്റെ പേരുകൊണ്ട് വിളിക്കരുത്, അദ്ദേഹത്തിന്റെ മുന്നിൽ നടക്കാതിരിക്കുക, അദ്ദേഹത്തിന് മുമ്പേ ഇരിക്കരുത്, അദ്ദേഹത്തിനു മേൽ തന്റെ ശബ്ദം ഉയർത്തരുത്, അദ്ദേഹത്തോട് കാണിച്ച ദാക്ഷിണ്യം(നന്മ) എടുത്തുപറയരുത്, അദ്ദേഹത്തിന്റെ മുഖത്തേക്ക് തുറിച്ചുനോക്കരുത് (മുഖം ചുളിക്കരുത്).

١٤٥٥ .إذا كان لديك أرحام يقطعونك فماذا تفعل ؟

1455) നിന്നോട് ബന്ധം പുലർത്താത്ത രക്തബന്ധമുള്ളവർ നിനക്കുണ്ടെങ്കിൽ നീ എന്താണ് ചെയ്യുക?

الجواب:

أصلهم ولو قطعوني.

ഉത്തരം :

അവർ എന്നോട് ബന്ധം മുറിച്ചാലും, ഞാൻ അവരോട് ബന്ധം പുലർത്തും.

١٤٥٦ .ما هي وصية الله في حق الجار ؟

1456) അയൽക്കാരനുള്ള അവകാശത്തെ സംബന്ധിച്ച് അല്ലാഹുവിന്റെ ഉപദേശമെന്താണ്?

الجواب:

الإحسان إليه، وإكرامه، وعدم أذيته.

ഉത്തരം :

അവന് നന്മ ചെയ്യുക, അവനെ സൽക്കരിക്കുക , അവന് ഉപദ്രവമുണ്ടാക്കാതെ ശ്രദ്ധിക്കുക.

١٤٥٧ .بمن تبدأ من الجيران بالهدية ؟

1457) ഉപഹാരം നൽകുമ്പോൾ അയൽക്കാരിൽ ആരിൽ നിന്നാണ് ഉപഹാരം നൽകിക്കൊണ്ട് ആരംഭിക്കേണ്ടത്?

الجواب:

بأقربهم بابًا.

ഉത്തരം :

അവരിൽ തന്റെ വാതിലിനോട് ഏറ്റവും അടുത്തവനിൽ നിന്നും.



١٤٥٨ .من هو خير الجيران عند الله ؟

1458) അല്ലാഹുവിന്റെ അടുക്കൽ അയൽക്കാരിൽ വച്ച് ഏറ്റവും ഉത്തമനാരാണ്?

الجواب:

خيرهم لجاره.

ഉത്തരം :

തന്റെ അയൽക്കാരന് ഏറ്റവും നല്ലവനാരോ അവൻ.

١٤٥٩ .أربع من السعادة وأربع من الشقاوة اذكرها ؟

1459) നാലു കാര്യങ്ങൾ  സൗഭാഗ്യത്തിന്റെ അടയാളങ്ങളാകുന്നു നാലു കാര്യങ്ങൾ ദൗർഭാഗ്യത്തിന്റെ അടയാളങ്ങളും, അവ ഏതൊക്കെയെന്ന് പരാമർശിക്കുക?

الجواب:

من السعادة: المسكن الواسع، والمرأة الصالحة،  والمركب الهني ، والجار الصالح. ومن الشقاوة: المسكن الضيق، والمرأة السوء، والمركب السوء، والجار السوء.

ഉത്തരം :

സൗഭാഗ്യത്തിന്റെ അടയാളങ്ങൾ:

വിശാലമായ വാസസ്ഥലം, സച്ചരിതയായ ഭാര്യ, സുഖപ്രദമായ വാഹനം, സച്ചരിതനായ അയൽക്കാരൻ.

ദൗർഭാഗ്യത്തിന്റെ അടയാളങ്ങൾ:

കുടുസ്സായ വാസസ്ഥലം, മോശപ്പെട്ട ഭാര്യ, മോശപ്പെട്ട വാഹനം, മോശപ്പെട്ട അയൽക്കാരൻ.

١٤٦٠. ما أجر من كفل أرملةً أو مسكينًا ؟

1460) വല്ല വിധവയേയോ പാവപ്പെട്ടവനേയോ ഏറ്റെടുത്തൊരുവനുള്ള പ്രതിഫലമെന്താണ്?

الجواب:

هو كالمجاهد في سبيل الله، وكالذي يصوم النهار ويقوم الليل.

ഉത്തരം :

അവൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നവനെപോലെയും, പകൽ നോമ്പനുഷ്ഠിക്കുകയും രാത്രി നിസ്കരിക്കുയും ചെയ്യുന്ന ഒരുവനെ പോലെയുമാകുന്നു.

١٤٦١. ما فضل من مات له أولاد فاحتسبهم ؟

1461) തന്റെ സന്താനങ്ങൾ മരണപ്പെട്ടതിനെ തുടർന്ന് അവരുടെ വേർപാടിന് അല്ലാഹുവിൽ നിന്നുമാത്രം പ്രതിഫലം പ്രതീക്ഷിച്ച ഒരുവനുള്ള പ്രതിഫലമെന്താണ്?

الجواب:

من مات له ثلاثة من الولد فاحتسبهم دخل الجنة، وكذلك الاثنان.

ഉത്തരം :

ഏതൊരുവനാണോ തന്റെ മൂന്നു സന്താനങ്ങൾ മരണപ്പെട്ടതും തുടർന്ന് അവരുടെ വേർപാടിന് അല്ലാഹുവിൽ നിന്നുമാത്രം പ്രതിഫലം പ്രതീക്ഷിച്ചതും അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്, അപ്രകാരം തന്നെ രണ്ടു സന്താനങ്ങളുള്ളവനും.

١٤٦٢ .ما حق الطريق ؟

1462) വഴിനടക്കാരുടെ വഴിക്ക് നൽകപ്പെടേണ്ട അവകാശങ്ങൾ എന്തെല്ലാമാണ്?

الجواب:

غض البصر، وكف الأذى، ورد السلام، والأمر بالمعروف والنهي عن المنكر.

ഉത്തരം :

നേത്രങ്ങൾ താഴ്ത്തൽ, ഉപദ്രവത്തെ തടുക്കൽ, സലാം മടക്കൽ, സദാചാരം കൽപിക്കലും, ദുരാചാരത്തിൽ നിന്ന് വിലക്കലും.

١٤٦٣ .ماذا تفعل إذا رأيت شوكًا أو حجًرا في الطريق ؟

1463) നീ ഒരു വഴിയിൽ വല്ല മുള്ളോ കല്ലോ കണ്ടാൽ എന്താണ് ചെയ്യുക?

الجواب:

نبعده عن الطريق.

ഉത്തരം :

നാം അതിനെ വഴിയിൽനിന്നകറ്റും.

١٤٦٤. ما هو الأجر المترتب على إماطة الأذى عن الطريق ؟

1464) ഒരു വഴിയിൽ നിന്നൊരു ഉപദ്രവം നീക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട പ്രതിഫലമെന്താണ്?

الجواب:

سبب في دخول الجنة، وهي من الإيمان.

ഉത്തരം :

അത് സ്വർഗ്ഗപ്രവേശനത്തിനുള്ള കാരണങ്ങളിൽപ്പെട്ടതാകുന്നു, അത് ഈമാനിൽപ്പെട്ടതുമാകുന്നു.

١٤٦٥. اذكر دليلًا على أن أنواع الصدقات كثيرة ؟

1465) സ്വദഖകളുടെ ഇനങ്ങൾ ഒരുപാടാണെന്നതിന് ഒരു തെളിവ് പരാമർശിക്കുക?

الجواب:

عن جابر رضي الله عنه قال : قال رسول الله ﷺ (كل معروف صدقه).

رواه البخاري، ورواه مسلم عن حذيفة .

ഉത്തരം :

ജാബിർ -ൽ رضي الله عنه നിന്നും നിവേദനം : അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു : (ഓരോ സദാചാരവും സ്വദഖയാകുന്നു).

അൽ ബുഖാരി നിവേദനം ചെയ്തത്, ഹുദൈഫ- യിൽ നിന്നും (മുസ്ലിം നിവേദനം ചെയ്തത്).

١٤٦٦ .ماذا تفعل إذا رأيت في أخيك المسلم عيبًا ؟

1466) നീ നിന്റെ മുസ്ലിം സഹോദരനിലൊരു പോരായ്മ കണ്ടാൽ എന്താണ് ചെയ്യേണ്ടത്?

الجواب:

أصلحه فان المؤمن مرآة أخيه.

ഉത്തരം :

നീയത് ശരിയാക്കികൊടുക്കണം, എന്തെന്നാൽ തീർച്ചയായും ഒരു സത്യവിശ്വാസി തന്റെ സഹോദരന്റെ കണ്ണാടിയാകുന്നു.

١٤٦٧ .بماذا شبه النبي ﷺ الجليس الصالح والجليس السيئ ؟

1467) ഒരു സച്ചരിതനായ കൂട്ടുകാരനെയും ഒരു മോശം കൂട്ടുകാരെനെയും നബി ﷺ ഉപമിച്ചതെന്തിനോടാണ്?

الجواب:

بحامل المسك، ونافخ الكير.

ഉത്തരം :

സച്ചരിതനായ കൂട്ടുകാരനെ കസ്തൂരി വഹിക്കുന്നവനോടും, മോശം കൂട്ടുകാരെനെ തീയിലേക്ക് കുഴലിൽ ഊതുന്നവനോടും.

١٤٦٨ .كيف كان ضحك النبي ﷺ ؟

1468) നബിയുടെ ﷺ ചിരി എങ്ങനെയായിരുന്നു?

الجواب:

كان ضحكه التبسم.

ഉത്തരം :

അദ്ദേഹത്തിന്റേത് ﷺ പുഞ്ചിരിയായിരുന്നു.

١٤٦٩ .هل يكثر المسلم من الضحك ؟

1469) ഒരു മുസ്ലിം ചിരി അധികരിപ്പിക്കാമോ?

الجواب:

لا ، فإن كثرة الضحك تميت القلب.

ഉത്തരം :

പാടില്ല, കാരണം തീർച്ചയായും അമിതമായുള്ള ചിരി ഹൃദയത്തെ മരിപ്പിക്കും.

١٤٧٠ .هل كان النبي ﷺ يمزح ؟

1470) നബി ﷺ തമാശ പറയാറുണ്ടായിരുന്നോ?

الجواب:

نعم، وكان مزاحه حقًا.

ഉത്തരം :

അതെ, അദ്ദേഹത്തിന്റെ ﷺ തമാശ സത്യസന്ധമായതായിരുന്നു (കളവില്ലാത്തതായിരുന്നു).

١٤٧١ .هل المؤمن يكون كريمًا أم بخيلًا ؟

1471) ഒരു മുഅ്മിൻ ഉദാരനായിരിക്കുമോ അതോ പിശുക്കനായിരിക്കുമോ?

الجواب:

يكون كريمًا، والبخل داء عظيم.

ഉത്തരം :

അവൻ ഉദാരനായിരിക്കും, പിശുക്ക് മഹാമാരിയാകുന്നു.

١٤٧٢ .ما عقوبة الذي يلعن الناس ؟

1472) ജനങ്ങളെ ശപിക്കുന്നവന്റെ വിധിയെന്താണ്?

الجواب:

اللعانون لا يكونون شفعاء ولا شهداء يوم القيامة.

ഉത്തരം :

ജനങ്ങളെ ശപിക്കുന്നവർ ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ ശുപാർശക്കാരോ സാക്ഷികളോ ആകില്ല.

١٤٧٣ .ما هو أجر من زار أخاه المسلم ؟

1473) എന്താണ് തന്റെ മുസ്ലിം സഹോദരനെ സന്ദർശിച്ചൊരുവനുള്ള പ്രതിഫലം?

الجواب:

يقال له : طبت وطاب ممشاك، وتبوأت من الجنة منزلًا.

ഉത്തരം :

അവനോട് പറയപ്പെടും : നീ സംശുദ്ധനായിരിക്കുന്നു, നിന്റെ കാലടികൾ സംശുദ്ധമായിരിക്കുന്നു, സ്വർഗ്ഗത്തിൽ നിനക്കൊരു ഭവനം ഒരുക്കപ്പെട്ടിരിക്കുന്നു.

١٤٧٤. هل التبسم والبشاشة في وجه المسلم من الأعمال الصالحة ؟

1474) ഒരു മുസ്ലിമിന്റെ മുഖത്ത് നോക്കി പുഞ്ചിരിക്കുന്നതും പ്രസന്നത കാണിക്കുന്നതും സൽകർമ്മങ്ങളിൽ പെട്ടതാണോ?

الجواب:

نعم.

ഉത്തരം :

അതെ.

١٤٧٥. ما فضل الحب في الله؟

1475) അല്ലാഹുവിനുവേണ്ടിയുള്ള സ്നേഹത്തിന്റെ പ്രതിഫലമെന്താണ്?

الجواب:

يحبه الله كما أحب صاحبه في الله، ويبعث المرء مع من أحب.

ഉത്തരം :

അവനവന്റെ കൂട്ടുകാരനെ അല്ലാഹുവിനുവേണ്ടി ഇഷ്ട്ടപെട്ട പ്രകാരം അല്ലാഹു അവനെ ഇഷ്ട്ടപ്പെടുന്നതായിരിക്കും, ഒരു വ്യക്തി അവൻ ഇഷ്ട്ടപ്പെട്ടവരോടൊപ്പം ഉയർത്തെഴുന്നേൽപ്പിക്കപ്പെടുന്നതായിരിക്കും.

١٤٧٦ .اذكر حديثًا في الأدب مع الكبير والصغير ؟

1476) മുതിർന്നവനോടും ചെറിയവനോടും ഉള്ള മര്യാദയെ സംബന്ധിച്ചൊരു ഹദീസ് പരാമർശിക്കുക?

الجواب:

عَنْ عَبْدِ اللَّهِ بْنِ عَمْرٍو عَنِ النَّبِيِّ ﷺ، قَالَ: «مَنْ لَمْ يَرْحَمْ صَغِيرَنَا، وَيَعْرِفْ حَقَّ كَبِيرِنَا فَلَيْسَ مِنَّا» رواه أحمد، والحاكم.

ഉത്തരം :

അബ്ദുല്ല ബ്നു അമ്ർ – ൽ നിന്നും നിവേദനം, നബി ﷺ പറഞ്ഞു : << ആരാണോ നമ്മിലെ ചെറിയവനോട് കാരുണ്യം കാണിക്കാത്തതും, നമ്മിലെ മുതിർന്നവന്റെ അവകാശം മനസ്സിലാക്കാത്തതും അവൻ നമ്മിൽ പെട്ടവനല്ല>>

അഹ്മദും അൽ ഹാകിം – മും നിവേദനം ചെയ്തത്.

١٤٧٧ .إذا كان المجلس فيه كبار وصغار فمن يبدأ بالكلام ؟

1477) മുതിർന്നവരും ചെറിയവരും ഉള്ള സദസാണെങ്കിൽ (അവിടെ) സംസാരംകൊണ്ടാരംഭിക്കേണ്ടത് ആരാണ്?

الجواب:

الكبير.

ഉത്തരം :

മുതിർന്നവൻ.

١٤٧٨. ما هو أجر من أحسن إلى الحيوان ؟

1478) മൃഗങ്ങളോട് അനുകമ്പയോടെ വർത്തിച്ചൊരുവനുള്ള പ്രതിഫലമെന്താണ്?

الجواب:

يرحمه الله ويدخله الجنة.

ഉത്തരം :

അവനോട് അല്ലാഹു കാരുണ്യം കാണിക്കുകയും അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും..

١٤٧٩. هل يجوز قتل الدابة عبثا؟

1479) ഒരു ജീവിയെ അനാവശ്യമായി കൊല്ലൽ അനുവദനീയമാണോ?

الجواب:

لا يجوز.

ഉത്തരം :

അനുവദനീയമല്ല.

١٤٨٠. هل يجوز أن تأخذ أولاد الطيور من عشها ؟

1480) പക്ഷികളുടെ കുഞ്ഞുങ്ങളെ അവയുടെ കൂട്ടിൽ നിന്നെടുക്കൽ നിനക്കനുവദനീയമാണോ?

الجواب:

لا يجوز ذلك.

ഉത്തരം : അത് അനുവദനീയമല്ല.

١٤٨١ .ماذا تفعل إذا رأيت كلبًا أو حيوانًا عطشانًا ؟

1481) നീ വല്ല പട്ടിയെയോ  അല്ലെങ്കിൽ ഏതെങ്കിലും ഒരു ജീവിയെയോ ദാഹിച്ചുവലഞ്ഞതായി കണ്ടാൽ എന്താണ് ചെയ്യുക?

الجواب:

أسقيه من الماء.

ഉത്തരം :

ഞാൻ അതിന് വെള്ളം കുടിക്കാൻ കൊടുക്കും.

١٤٨٢ .ما خطورة الكذب ؟

1482) എന്താണ് നുണയുടെ അപകടം ?

الجواب:

الكذب يهدي إلى الفجور، والفجور يهدي إلى النار.

ഉത്തരം :

നുണ ദുർമാർഗ്ഗത്തിലേക്ക് നയിക്കും, ദുർമാർഗ്ഗം നരകത്തിലേക്കും നയിക്കും.



١٤٨٣ .ما أجر الصدق؟

1483) എന്താണ് സത്യസന്ധയ്ക്കുള്ള പ്രതിഫലം?

الجواب:

الصدق يهدي إلى البر، والبر يهدي إلى الجنة.

ഉത്തരം :

സത്യസന്ധത പുണ്യത്തിലേക്ക് നയിക്കും, പുണ്യം സ്വർഗ്ഗത്തിലേക്കും നയിക്കും.

١٤٨٤ .اذكر فضل الصدق في البيع والشراء ؟

1484) വിൽക്കലിലെയും വാങ്ങലിലെയും (കച്ചവടത്തിലെ) സത്യസന്ധയുടെ ശ്രേഷ്ഠതയെന്താണ്?

الجواب:

إذا صدق المتبايعان بورك لهما في بيعهما، وإذا كذبا محقت بركة بيعهما .

ഉത്തരം :

വിൽക്കുന്നവനും വാങ്ങുന്നവനും സത്യസന്ധത കാണിക്കുകയാണെങ്കിൽ അവരുടെ കച്ചവടത്തിൽ ബറക്കത്താക്കപ്പെടും, ഇനി അവർ കളവു പറയുകയാണെങ്കിൽ അവരുടെ കച്ചവടത്തിലെ ബറക്കത്ത് ഇല്ലാതാകപ്പെടും

١٤٨٥ .إذا حرم الله شيئا فهل يجوز بيعه؟

1485) അല്ലാഹു ഒരു കാര്യം ഹറാമാക്കിയാൽ അത് വിൽക്കൽ അനുവദനീയമാണോ?

الجواب:

لا يجوز.

ഉത്തരം :

അനുവദനീയമല്ല.

١٤٨٦ .ماذا تفعل إذا رأيت اثنين يتخاصمان ؟

1486) രണ്ടുപേർ കലഹിക്കുന്നത് കണ്ടാൽ നീ എന്താണ് ചെയ്യേണ്ടത്?

الجواب:

أصلح بينهم قال الله تعالى: (( إنما المؤمنون إخوة فأصلحوا بين أخويكم )).

ഉത്തരം :

നീ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക അല്ലാഹു تعالى പറഞ്ഞു : ((സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാകുന്നു. അതിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുക.))

١٤٨٧ .ما حكم سب المسلم ؟

1487) ഒരു മുസ്ലിമിനെ ചീത്തവിളിക്കുന്നതിന്റെ വിധിയെന്താണ്?

الجواب:

سباب المسلم فسوق، لا يجوز.

ഉത്തരം :

ഒരു മുസ്ലിമിനെ ചീത്തപറയൽ ദുർവൃത്തിയാകുന്നു (പാപമാകുന്നു), അത് അനുവദനീയമല്ല.

١٤٨٨. في أي سورة قولة تعالى: {يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا يَسْخَرْ قَوْمٌ مِّن قَوْمٍ عَسَىٰٓ أَن يَكُونُواْ خَيْرًا مِّنْهُمْ وَلَا نِسَآءٌ مِّن نِّسَآءٍ عَسَىٰٓ أَن يَكُنَّ خَيْرًا مِّنْهُنَّ ۖ وَلَا تَلْمِزُوٓاْ أَنفُسَكُمْ وَلَا تَنَابَزُواْ بِٱلْأَلْقَٰبِ ۖ بِئْسَ ٱلِٱسْمُ ٱلْفُسُوقُ بَعْدَ ٱلْإِيمَٰنِ ۚ وَمَن لَّمْ يَتُبْ فَأُوْلَٰٓئِكَ هُمُ ٱلظَّٰلِمُونَ} ؟

1488) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം

{സത്യവിശ്വാസികളേ, ഒരു ജനവിഭാഗം മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരെക്കാൾ നല്ലവരായിരുന്നേക്കാം. ഒരു വിഭാഗം സ്ത്രീകൾ മറ്റൊരു വിഭാഗം സ്ത്രീകളെയും പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) മറ്റവരെക്കാൾ നല്ലവരായിരുന്നേക്കാം. നിങ്ങൾ അന്യോന്യം കുത്തുവാക്ക് പറയരുത്. നിങ്ങൾ പരിഹാസപേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും ചെയ്യരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനു ശേഷം അധാർമ്മികമായ പേര് (വിളിക്കുന്നത്) എത്ര ചീത്ത! വല്ലവനും പശ്ചാത്തപിക്കാത്ത പക്ഷം അത്തരക്കാർ തന്നെയാകുന്നു അക്രമികൾ.}

الجواب:

في سورة الحجرات.

ഉത്തരം :

സൂറത്തുൽ ഹുജുറാത്ത് – ൽ.

١٤٨٩ .ما خطورة الظلم ؟

1489) ളുൽമ് -ന്റെ (അക്രമത്തിന്റെ) അപകടമെന്താണ്?

الجواب:

الظلم ظلمات يوم القيامة، ودعوة المظلوم ليس بينها وبين الله حجاب.

ഉത്തരം :

ഉയിർത്തെഴുന്നേൽപ്പിന്റെ ദിവസം ളുൽമ് ഇരുട്ടുകളാകുന്നു, അക്രമിക്കപ്പെട്ടവന്റെ പ്രാർത്ഥനക്കും അല്ലാഹുവിനും ഇടയിൽ യാതൊരു മറയുമില്ല.

١٤٩٠ .من هو المفلس الحقيقي ؟

1490) ശരിയായ പാപ്പരായവൻ ആരാണ്?

الجواب:

هو الذي يأتي يوم القيامة بحسنات كثيرة، لكن عليه حقوق للمخلوقين من الأذية والسب والضرب، وغيرها فيأخذون من حسناته حتى تفنى ثم يؤخذ من سيئاتهم فتطرح عليه فيرمى به في النار.

ഉത്തരം :

അവനാകുന്നു ഉയിർത്തെഴുന്നേൽപ്പിന്റെ ദിവസം ഒരുപാട് നൻമകളുമായി വരുന്നവൻ, എങ്കിൽപോലും അവനെതിരിൽ ഉപദ്രവമേൽപ്പിക്കൽ, ചീത്തവിളി, അടി പോലുള്ളതും അവയല്ലാത്തതുമായ പടപ്പുകളുടെ അവകാശങ്ങൾ അവർക്കവനോട് പ്രതിക്രിയയായി ചെയ്യാനുണ്ടാകും, അങ്ങനെ അവന്റെ നന്മകൾ തീരുന്നതുവരെ അവരവന്റെ നന്മകളിൽനിന്നെടുക്കും,

പിന്നീട് അവരുടെ തിന്മകളിൽ നിന്നെടുക്കപ്പെടുകയും എന്നിട്ട് അവനിൽ വെക്കപ്പെടുകയും തൻനിമിത്തം അവൻ നരകത്തിൽ എറിയപ്പെടുകയുമുണ്ടാകും!

١٤٩١. ماذا يعمل من مر في المسجد أو السوق ومعه سلاح ؟

1491) പള്ളിയിലൂടെയോ അങ്ങാടിയിലൂടെയോ ആയുധവുമായി കടന്നുപോകുന്നവൻ എന്താണ് ചെയ്യേണ്ടത്?

الجواب:

يمسك على نصاله، ولا يؤذي به أحدًا.

ഉത്തരം :

അവനതിന്റെ പരിക്കേൽപ്പിക്കുന്ന ഭാഗത്ത് പിടിക്കുക, അതുകൊണ്ട് ആർക്കും ഉപദ്രവമുണ്ടാക്കാതിരിക്കുകയും ചെയ്യുക.

١٤٩٢. ما أجر من فرج عن مسلم كربة، أو ستر عليه عيبًا ؟

1492) ഏതെങ്കിലും ഒരു മുസ്ലിമിനെ തൊട്ട് അവന്റെ വല്ല പ്രയാസവും ദൂരീകരിച്ചവനോ അല്ലെങ്കിൽ അവന്റെ വല്ല ന്യൂനതയും മറച്ചുവെച്ചവനോ ഉള്ള പ്രതിഫലമെന്താണ്?

الجواب:

من ستر مسلمًا ستره الله، ومن فرج عنه كربة في الدنيا فرج الله عنه كربة من كرب يوم القيامة.

ഉത്തരം :

ഏതൊരുവൻ ഒരു മുസ്ലിമിനെ തൊട്ട് അവന്റെ ന്യൂനത മറയ്ക്കുന്നുവോ അല്ലാഹു അവനെ തൊട്ട് അവന്റെ ന്യൂനത മറയ്ക്കുന്നതാണ്,

ഏതൊരുവൻ ഇഹലോകത്ത് ഒരു മുസ്ലിമിനെ തൊട്ട് അവന്റെ വല്ല പ്രയാസവും ദൂരീകരിക്കുന്നുവോ അല്ലാഹു അവനെ തൊട്ട് ഉയിർത്തെഴുന്നേൽപ്പിന്റെ നാളിലെ പ്രയാസങ്ങളിലൊരു പ്രയാസത്തെ ദൂരീകരിക്കുന്നതാണ്.

١٤٩٣. ما حق المسلم على المسلم ؟

1493) എന്തൊക്കെയാണ് ഒരു മുസ്ലിമിനുമേലുള്ള ഒരു മുസ്ലിമിന്റെ അവകാശങ്ങൾ?

الجواب:

السلام عليه إذا لقيه، تشميته إذا عطس، النصح له، إجابة دعوته،

عيادته إذا مرض، إتباع جنازته.

ഉത്തരം :

അവനെ കണ്ടുമുട്ടിയാൽ സലാം പറയൽ, അവൻ തുമ്മിയാൽ "യർഹമുക്കല്ലാഹ്" (അല്ലാഹു താങ്കൾക്ക് കരുണ ചെയ്യട്ടെ) എന്ന് പറയൽ, അവനെ ഉപദേശിക്കൽ, അവന്റെ ക്ഷണത്തിന് ഉത്തരം നൽകൽ, അവൻ രോഗിയായാൽ അവനെ സന്ദർശിക്കൽ, അവന്റെ ജനാസയെ പിൻതുടരൽ.

١٤٩٤ .ماذا يفعل من دعي إلى وليمة وهو صائم؟

1494) നോമ്പുകാരനായിരിക്കെ വലീമക്ക് ക്ഷണിക്കപ്പെട്ട ഒരുവൻ എന്താണ് ചെയ്യേണ്ടത്?

الجواب:

يدعو لصاحب الوليمة، وإن ترجحت مصلحة الإفطار فليفطر.

ഉത്തരം :

അവൻ വലീമയുടെ ആൾക്ക് (വരന്) വേണ്ടി ദുആ ചെയ്യുക, ഇനി നോമ്പ് മുറിക്കലാണ് ഉചിതമായി അവൻ കാണുന്നതെങ്കിൽ അവൻ നോമ്പ് മുറിക്കട്ടെ.

١٤٩٥ .ما فضل الاجتماع في بيوت الله لقراءة القرآن وتدارسه ؟

1495) ഖുർആൻ പാരായണത്തിനായും അത് ഒത്തൊരുമിച്ചു പഠിക്കുന്നതിനായും അല്ലാഹുവിന്റെ ഭവനങ്ങളിൽ ഒരുമിച്ചുകൂടുന്നതിനുള്ള ശ്രേഷ്ഠതയെന്താണ്?

الجواب:

نزول السكينة عليهم، وغشيانهم الرحمة، وتحفهم الملائكة، ويذكرهم الله في من عنده.

ഉത്തരം :

അവരിൽ സമാധാനം ഇറങ്ങുകയും, കാരുണ്യം അവരെ പൊതിയപ്പെടുകയും, മലക്കുകൾ അവരെ ആവരണം ചെയ്യുകയും, അല്ലാഹു അവനടുത്തുള്ളവരിൽ അവരെ സ്മരിക്കുകയും ചെയ്യും.

١٤٩٦ .إذا كان المسلم محافظًا على الأعمال الصالحة ثم مرض فكم يكتب له ؟

1496) ഒരു മുസ്ലിം സൽകർമ്മങ്ങൾ സൂക്ഷമതയോടെ നിർവ്വഹിച്ച് പോരുന്നവനായിരുന്നുവെങ്കിൽ പിന്നീട് അവൻ രോഗിയായാൽ എത്രയാണവന് പ്രതിഫലമായി എഴുതപ്പെടുക?

الجواب:

يكتب له ما كان يعمله وهو صحيح.

ഉത്തരം :

അവൻ ആരോഗ്യവാനായിരിക്കെ ചെയ്യുന്നതെന്തോ അതവന് (പ്രതിഫലമായി) എഴുതപ്പെടും.

١٤٩٧ .بكم يتصدق الأنسان من ماله قبل موته ؟

1497) തന്റെ മരണത്തിന് മുൻപ് ഒരു മനുഷ്യൻ അയാളുടെ സമ്പത്തിൽ നിന്നും എത്രത്തോളമേ ദാനം നൽകാവൂ?

الجواب:

بالثلث فما دون.

ഉത്തരം :

മൂന്നിലൊന്നോ അതിൽ താഴെയോ.



١٤٩٨ .هل تجوز الوصية لوارث؟

1498) അനന്തരാവകാശിക്ക് വസ്വിയ്യത്ത് ചെയ്യൽ അനുവദനീയമാണോ?

الجواب:

لا تجوز.

ഉത്തരം :

അനുവദനീയമല്ല.

١٤٩٩ .أربع خصال إذا اجتمعت في رجل في يوم دخل الجنة؟

1499) നാല് സദ്ഗുണങ്ങൾ ഒരു ദിവസം ഒരാളിൽ ഒരുമിച്ചു വന്നാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്, അവ ഏതൊക്കയാണ്?

الجواب:

الصيام, عيادة مريض, إتباع جنازة, الصدقة.

ഉത്തരം :

- ❖ നോമ്പ്
- ❖ രോഗിയെ സന്ദർശിക്കൽ
- ❖ ജനാസയെ പിൻതുടരൽ
- ❖ സ്വദഖ (ദാനദർമ്മം).

١٥٠٠ .ما هو الأجر فيمن أصيب بالحمى فاحتسب؟

1500) പനി ബാധിക്കപ്പെടുകയും എന്നിട്ടതിന് അല്ലാഹുവിൽ നിന്നുമാത്രം പ്രതിഫലം പ്രതീക്ഷിക്കുകയും ചെയ്യൊരുവനെ സംബന്ധിച്ച് അവനുള്ള പ്രതിഫലമെന്താണ് ?

الجواب:

الحمى تذهب الخطايا، كما يذهب الكير خبث الحديد.

ഉത്തരം :

ഇരുമ്പിലെ കലർപ്പ് (ആവശ്യമില്ലാത്ത ധാതുക്കൾ) തീയിലൂതുന്ന ഒരു കുഴൽ കളയുംപോലെ പനി അവന്റെ പാപങ്ങളെ മായ്ച്ചുകളയുന്നതാണ്.

١٥٠١ .ما فضل من عاد مريضًا ؟

1501) രോഗിയെ സന്ദർശിച്ച ഒരുവനുള്ള പ്രതിഫലമെന്താണ്?

الجواب:

لا يزال في خرفة الجنة - أي جناها - حتى يرجع.

ഉത്തരം :

അവൻ രോഗിയുടെ അടുക്കൽ നിന്ന് തിരികെ വരുന്നതുവരേക്കും സ്വർഗ്ഗത്തിലെ ഫലവൃക്ഷത്തോട്ടത്തിൽ തുടരുന്നതാണ്.

١٥٠٢ .ماذا تفعل إذا عدت مريضًا ؟

1502) ഒരു രോഗിയെ സന്ദർശിച്ചാൽ നീ എന്താണ് ചെയ്യുക?

الجواب:

أجلسُ عند رأسه وأقول: سبع مرات (أسأل الله العظيم رب العرش العظيم أن يشفيك) وأقول له: (لا بأس طهور إن شاء الله).

ഉത്തരം :

ഞാൻ അവന്റെ തലയുടെ അടുക്കലിരുന്നിട്ട് അവനോട്: (അസ്അലുല്ലാഹൽ അളീമ, റബ്ബൽ അർശിൽ അദ്വീം, അൻ യശ്ഫിയക [മഹത്തായ അർശ് – ൻറെ റബ്ബും, മഹത്വപൂർണ്ണനുമായ അല്ലാഹുവിനോട് താങ്കൾക്ക് രോഗശമനം വരുത്തുവാൻ ഞാൻ തേടുന്നു]) എന്ന് ഏഴു പ്രാവശ്യം പറയും,

(എന്നിട്ട്) ഞാൻ അവനോട്:

(ലാ ബഅ്സ ത്വഹൂറുൻ ഇൻശാഅല്ലാഹ് [സാരമില്ല. അല്ലാഹു ഉദ്ദേശിച്ചാൽ സുഖംപ്രാപിക്കലുണ്ടാകും]) എന്ന് പറയും.



١٥٠٣ .ما هو الكبر ؟

1503) അഹങ്കാരം എന്നാൽ എന്താണ്?

الجواب:

هو بطر الحق، وغمط الناس.

ഉത്തരം :

അത് സത്യത്തെ അവമതിക്കലും ജനങ്ങളെ നിന്ദിക്കലുമാകുന്നു.

١٥٠٤ .كيف يحشر المتكبرون يوم القيامة ؟

1504) അഹങ്കാരികൾ ഉയിർത്തെഴുന്നേൽപ്പിന്റെ ദിവസം ഒരുമിച്ചുകൂട്ടപ്പെടുന്നതെങ്ങനെ?

الجواب:

أمثال الذر في صورة الرجال يساقون إلى جهنم.

ഉത്തരം :

അവർ മനുഷ്യരുടെ രൂപത്തിൽ ചെറിയ ഉറുമ്പുകളെപോലെ (ഒരുമിച്ചുകൂട്ടപ്പെട്ട്) നരകത്തിലേക്ക് നയിക്കപ്പെടും.

١٥٠٥ .ما فائدة الهدية ؟

1505) ഉപഹാരം നൽകുന്നതിന്റെ പ്രയോജനമെന്താണ്?

الجواب

تجلب المحبة، قال النبي ﷺ (( تهادوا تحابوا)).

ഉത്തരം :

അത് സ്നേഹിക്കാൻ ഇടയാക്കും, നബി ﷺ പറഞ്ഞു : ((നിങ്ങൾ പരസ്പരം ഉപഹാരങ്ങൾ നൽക്കുക, അത് നിങ്ങൾ പരസ്പരം സ്നേഹിക്കാൻ ഇടയാക്കുന്നതാണ്))

١٥٠٦. اذكر سببين من الأسباب التي تجلب المحبة بين المسلمين ؟

1506) രണ്ടു മുസ്ലീങ്ങൾ (പരസ്പരം) സ്നേഹിക്കാൻ ഇടയാകുന്ന കാരണങ്ങളിൽ രണ്ടെണ്ണം പരാമർശിക്കുക?

الجواب:

إفشاء السلام، الهدية.

ഉത്തരം :

(പരസ്പരം) സലാം പറയലും , ഉപഹാരം നൽകലും.

١٥٠٧. إذا أحببت شخصًا في الله فهل تخبره ؟

1507) നീ ഒരു വ്യക്തിയെ അല്ലാഹുവിനുവേണ്ടി ഇഷ്ട്ടപ്പെട്ടാൽ അതവനെ അറിയിക്കുമോ?

الجواب:

نعم.

ഉത്തരം :

അതെ.

١٥٠٨. ما فائدة رفع اليدين في الدعاء ؟

1508) ദുആ ചെയ്യുമ്പോൾ ഇരുകൈകൾ ഉയർത്തുന്നതിലെ പ്രയോജനമെന്താണ്?

الجواب:

من أسباب إجابة الدعاء ،لأن الله يستحي أن يردهما صفرًا.

ഉത്തരം :

അത് ദുആഇന് ഉത്തരം കിട്ടാനുള്ള കാരണങ്ങളിൽപെട്ടതാകുന്നു, എന്തെന്നാൽ അവരണ്ടും (ഉയർത്തിയകൈകൾ) ശൂന്യമാക്കി മടക്കുന്നതിനെ അല്ലാഹു ലജ്ജിക്കുന്നു.

١٥٠٩ .اذكر دعاء من جوامع الدعاء كان النبي ﷺ يكثر منه؟

1509) നബി ﷺ അധികരിപ്പിക്കാറുണ്ടായിരുന്ന സമഗ്രമായ അർത്ഥമുള്ള ഒരു സംക്ഷിപ്തമായ ദുആ പരാമർശിക്കുക?

الجواب:

اللهم آتنا في الدنيا حسنة، وفي الآخرة حسنة، وقنا عذاب النار.

ഉത്തരം :

അല്ലാഹുമ്മ ആതിനാ ഫിദ്ദുൻയാ ഹസനതൻ വ ഫിൽ ആഖിറതി ഹസനതൻ വ ഖിനാ അദാബന്നാർ

(അല്ലാഹുവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ).



١٥١٠. اذكر دعاءً للثبات ؟

1510) ദീനിലെ സ്ഥിരതക്കുവേണ്ടിയുള്ള ഒരു ദുആ പരാമർശിക്കുക?

الجواب:

اللهم يا مقلب القلوب ثبت قلبي على دينك.

ഉത്തരം :

അല്ലാഹുമ്മ യാ മുഖല്ലിബുൽ ഖുലൂബ് സബ്ബിത്ത് ഖൽബീ അലാ ദീനിക

(ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനെ അല്ലാഹുവെ എന്റെ ഹൃദയത്തെ നിന്റെ ദീനിൽ ഉറപ്പിച്ചു നിർത്തേണമേ).

١٥١١. اذكر بعض أدعية الكرب؟

1511) ദുരിതങ്ങൾ നേരിടുമ്പോഴുള്ള ദുആകളിൽ ചിലത് പരാമർശിക്കുക?

الجواب:

• لاَ إِلَهَ إِلَّا اللَّهُ العَلِيمُ الحَلِيمُ، لاَ إِلَهَ إِلَّا اللَّهُ رَبُّ العَرْشِ العَظِيمِ، لاَ إِلَهَ إِلَّا اللَّهُ رَبُّ السَّمَوَاتِ وَرَبُّ الأَرْضِ رَبُّ العَرْشِ الكَرِيمِ .

• اللَّهُ اللَّهُ رَبِّي لَا أُشْرِكُ بِهِ شَيْئًا.

ഉത്തരം :

• ലാ ഇലാഹ ഇല്ലല്ലാഹുൽ അദ്വീമുൽ ഹലീം, ലാ ഇലാഹ ഇല്ലല്ലാഹു റബ്ബു-സ്സമാവാത്തി വ റബ്ബുൽ അർദി വ റബ്ബുൽ അർശിൽ കരീം.

(സർവ്വജ്ഞനും  അത്യധികം സഹനശീലനുമായ അല്ലാഹു അല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ല. മഹത്വപൂർണ്ണനും അർശിൻറെ റബ്ബുമായ അല്ലാഹു അല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ല. ആകാശങ്ങളുടെയും ഭൂമിയുടെയും റബ്ബും അർശിൻറെ റബ്ബും, അത്യുദാരയുടെ റബ്ബുമായ അല്ലാഹു അല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ല)

- അല്ലാഹു, അല്ലാഹു റബ്ബീ ലാ ഉശ്‌രികു ബിഹി ശയ്അൻ.

(അല്ലാഹുവേ അല്ലാഹുവാണ് എൻറെ റബ്ബ്, അവനിൽ ഒന്നും തന്നെ ഞാൻ പങ്കു ചേർക്കുന്നില്ല)

١٥١٢. ماذا يفعل من كان اسمه قبيحًا ؟ واذكر أمثلةً ؟

1512)  മോശമായ അർത്ഥമുള്ള പേരുള്ളവൻ എന്താണ് ചെയ്യേണ്ടത്?, ഒരു ഉദാഹരണം പരാമർശിക്കുക?

الجواب:

يغيره إلى اسم حسن. كما غير النبي ﷺ عاصية إلى جميلة، وأصرم إلى زرعة.

ഉത്തരം :

അവൻ നല്ലപേരിലേക്കത് മാറ്റുക, നബി ﷺ ആസിയ (പാപംചെയ്യുന്നവൾ) എന്ന പേര് ജമീല (ഭംഗിയുള്ളവൾ) എന്നതിലേക്കും അസ്വ്റം (പരുഷമായവൻ) എന്ന പേര് സുർഅ എന്നതിലേക്കും മാറ്റിയപോലെ.

١٥١٣ .ما حكم الشِعْر ؟

1513) കവിതയുടെ വിധിയെന്താണ്?

الجواب:

حسنه حسن، وقبيحه قبيح.

ഉത്തരം :

അതിലെ നല്ലത് നല്ലതാകുന്നു, മോശമായത് മോശമാകുന്നു.

١٥١٤ .ما هو الأجر لمن أهدى ضالًا عن الطريق إلى الطريق الصحيح؟

1514) വഴിതെറ്റിയവനെ ശരിയായ വഴിയിലേക്ക് എത്തിച്ചവനുള്ള പ്രതിഫലമെന്താണ്?

الجواب:

كان كمن أعتق رقبة.

ഉത്തരം :
ഒരടിമയെ മോചിപ്പിച്ചവനുള്ളപോലുള്ള പ്രതിഫലമുണ്ടവന്ന്.

١٥١٥ .ماذا تقول عند التعجب من الشيء ؟

1515) ഒരു കാര്യത്തിൽ അതിശയപ്പെടുമ്പോൾ നീ എന്താണ് പറയുക?

الجواب:

أقول سبحان الله.

ഉത്തരം :

ഞാൻ "സുബ്ഹാനല്ലാഹ്" എന്ന് പറയും.

١٥١٦. متى يستأذن الصغير والمملوك على صاحب البيت ؟

1516) ചെറിയ കുട്ടിയും അടിമയും വീട്ടുകാരനിൽ നിന്നും പ്രവേശനത്തിന് അനുവാദം വാങ്ങേണ്ടത് എപ്പോഴെല്ലാമാണ്?

الجواب:

- ❖ حين وضع الثياب من الظهيرة.
- ❖ من بعد صلاة العشاء.
- ❖ قبل صلاة الفجر.

ഉത്തരം :

- ❖ ഉച്ചസമയത്ത് (ഉറങ്ങുവാൻ) നിങ്ങളുടെ വസ്ത്രങ്ങൾ മാറ്റിവെക്കുന്ന സമയത്തും.
- ❖ ഇശാ നിസ്കാരത്തിനു ശേഷവും.
- ❖ ഫജ്ർ നിസ്കാരത്തിനു മുമ്പും.

١٥١٧. ما عقوبة من تسمع حديث قوم وهم له كارهون ؟

1517) ഒരു ജനക്കൂട്ടത്തിന്റെ സംസാരം താൻ ശ്രവിക്കുന്നതവർ വെറുക്കവേ അത് ഒളിഞ്ഞുകേൾക്കുന്നൊരുവനുള്ള ശിക്ഷയെന്താണ്?

الجواب:

يصب في أذنيه الأنك (الرصاص المذاب) يوم القيامة.

ഉത്തരം :

ഉയിർത്തെഴുന്നേൽപ്പിന്റെ ദിവസം ഉരുക്കപ്പെട്ട ലോഹം അവന്റെ ഇരുചെവികളിലും ഒഴിക്കപ്പെടും.

١٥١٨ .اذكر خمسة آداب يعملها المسلم في  الليل ؟

1518) ഒരു മുസ്ലിം രാത്രിയിൽ പ്രവർത്തിക്കുന്ന അഞ്ചു മര്യാദകൾ പരാമർശിക്കുക?

الجواب:

إغلاق الباب, إيكاء  الاسقية, تخمير الأنية, إطفاء النار, كف الصبيان مع المغرب .

ഉത്തരം :

- ❖ വാതിൽ അടയ്ക്കൽ
- ❖ വെള്ളം നിറക്കുന്ന തുകൽപാത്രങ്ങൾ കെട്ടൽ
- ❖ വെള്ളപ്പാത്രങ്ങൾ മൂടൽ
- ❖ തീയണക്കൽ
- ❖ മഗ്‌രിബിനോട് ചേർന്ന് കുട്ടികളെ തടഞ്ഞുവെക്കൽ.

١٥١٩ .لماذا أمرنا الله بإطفاء النار قبل النوم ؟

1519) അല്ലാഹു നമ്മോട് ഉറങ്ങുന്നതിനു മുൻപ് തീയണക്കാൻ കല്പിച്ചതെന്തിന്?

الجواب:

لأن النار عدو لنا، ولأن الشيطان يدل الفويسقة (الفأرة) فتحرق على أهل البيت بيتهم.

ഉത്തരം :
കാരണം തീ നമ്മുടെ ശത്രുവാണ് എന്നതിനാലും, കൂടാതെ വീട്ടിലെ താമസക്കാർക്കുമേൽ അവരുടെ വീടിനെ എരിച്ചുകളയാൻ ചെറിയ ഉപദ്രവകാരിയെ (എലിയെ) ശൈത്വാൻ പ്രേരിപ്പിക്കും എന്നതിനാലും.

١٥٢٠ .لماذا أُمِرْنا بكف الصبيان مع المغرب ؟

1520) മഗ്രിബിനോട് ചേർന്ന് ചെറിയ കുട്ടികളെ തടഞ്ഞുവെക്കാൻ നാം കല്പിക്കപ്പെട്ടതെന്തുകൊണ്ട്?

الجواب:

لأن الشياطين تنتشر حينئذ.

ഉത്തരം :

ആ സമയത്ത് പൈശാചിക ശക്തികൾ വ്യാപിക്കുന്നു എന്നതുകൊണ്ടാകുന്നു.

١٥٢١ .اكمل الحديث ( إذا أراد الله قبض عبد بأرض ...... ؟

1521) ഹദീസ് പൂർത്തിയാക്കുക (അല്ലാഹു ഏതെങ്കിലും ഒരു ഭൂമിയിൽവെച്ച് ഒരടിമയെ മരിപ്പിക്കാൻ ഉദ്ദേശിച്ചാൽ......?

الجواب:

.....جعل له إليها حاجه). من حديث أبي عزة يسار رضي الله عنه رواه الترمذي.

ഉത്തരം :

......അവൻ ആ അടിമക്ക് അവിടേക്ക് പോകുന്നതിനൊരു ആവശ്യമുണ്ടാക്കും).

അബൂ ഇസ്സ യസാർ –ൽ رضي الله عنه നിന്നും അത്തിർമിദി നിവേദനം ചെയ്തത്.

١٥٢٢ .اكمل الحديث (من يرد الله به خيرًا ...... ؟

1522) ഹദീസ് പൂർത്തിയാക്കുക (ആർക്കാണോ അല്ലാഹു നന്മ ഉദ്ദേശിക്കുന്നത്....?

الجواب:

.....يفقهه في الدين) من حديث معاوية رضي اللّه عنه متفق عليه.

......يصب منه) عن أبي هريرة رضي اللّه عنه في البخاري.

ഉത്തരം :

....അവന് ദീനിൽ അവഗാഹം നൽകും)

മുആവിയ– യുടെ رضي الله عنه ഹദീസിൽ നിന്നും, അൽ ബുഖാരിയും മുസ്ലിമും നിവേദനം ചെയതത്.

....അവനെയവൻ പരീക്ഷിക്കും)

അബൂ ഹുറൈറ –യെ رضي الله عنه തൊട്ടുള്ള നിവേദനം, അൽ ബുഖാരി –യിൽ ഉള്ളത്.

١٥٢٣ .هل تخرج من البيت بغير إذن والديك ؟

1523) നിന്റെ മാതാപിതാക്കളുടെ അനുവാദമില്ലാതെ നീ വീട്ടിൽ നിന്നും പുറത്തിറങ്ങുമോ?

الجواب:

لا يصلح ذلك.

ഉത്തരം :

അങ്ങനെ പുറത്തിറങ്ങൽ ശരിയല്ല.

١٥٢٤ .إلى ماذا ينظر الله من العبد ؟

1524) അല്ലാഹ്വ ഒരടിമയിലെ എന്തിലേക്കാണ് നോക്കുക?

الجواب:

إلى القلوب، والأعمال.

ഉത്തരം :

അവന്റെ ഹൃദയത്തിലേക്കും പ്രവർത്തനങ്ങളിലേക്കും.

١٥٢٥ .إلى كم يضاعف الله الحسنة ؟

1525) അല്ലാഹ്വ ഒരു നന്മ എത്ര മടങ്ങിലേക്ക് വരെ എത്തിക്കും?

الجواب:

إلى عشر حسنات، إلى سبعمائة ضعف، إلى أضعاف كثيرة.

ഉത്തരം :

പത്ത് നന്മകളിലേക്കും, എഴുനൂറ് ഇരിട്ടിയിലേക്കും തുടങ്ങി അനേകം ഇരട്ടികളിലേക്ക് അവനത് വർദ്ധിപ്പിക്കും.

١٥٢٦ .بماذا وعد الله أهل القرى إن هم آمنوا واتقوا ؟

1526) വിശ്വസിക്കുകയും അവനോട് തഖ്‌വ കാണിക്കുകയും ചെയ്താൽ ആ നാട്ടുകളിലുള്ളവർക്ക് അല്ലാഹു വാഗ്ദാനം ചെയ്തതെന്താണ്?

الجواب:

بفتح البركات من السماء والأرض.

ഉത്തരം :

ആകാശത്തുനിന്നും ഭൂമിയിൽ നിന്നും അവനവർക്ക് അനുഗ്രഹങ്ങൾ തുറന്നുകൊടുക്കുമെന്ന്.

١٥٢٧. إذا عمل الأنسان معاصيَ وأراد أن يتوب فهل يقبل الله منه ؟

1527) ഒരു മനുഷ്യൻ പാപങ്ങൾ ചെയ്യുകയും എന്നിട്ട് തൗബ ചെയ്യാൻ ഉദ്ദേശിക്കുകയും ചെയ്താൽ അല്ലാഹു അവനിൽ നിന്നത് സ്വീകരിക്കുമോ?

الجواب:

نعم، قال الله تعالى ( إن الله يغفر الذنوب جميعًا ).

ഉത്തരം :

അതെ, അല്ലാഹു പറഞ്ഞു: (തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്).

١٥٢٨. في أي سورة قوله تعالى ·{وَأَقِمِ ٱلصَّلَوٰةَ طَرَفَيِ ٱلنَّهَارِ وَزُلَفًا مِّنَ ٱلَّيْلِ ۚ إِنَّ ٱلْحَسَنَٰتِ يُذْهِبْنَ ٱلسَّيِّـَٔاتِ ۚ ذَٰلِكَ ذِكْرَىٰ لِلذَّٰكِرِينَ}· ؟

1528) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം

{പകലിൻറെ രണ്ടറ്റങ്ങളിലും, രാത്രിയിലെ ആദ്യയാമങ്ങളിലും നീ നിസ്കാരം മുറപോലെ നിർവഹിക്കുക. തീർച്ചയായും സൽകർമ്മങ്ങൾ ദുഷ്കർമ്മങ്ങളെ നീക്കികളയുന്നതാണ്. ചിന്തിച്ചു ഗ്രഹിക്കുന്നവർക്ക് ഒരു ഉൽബോധനമാണത്}

الجواب:

في سورة هود.

ഉത്തരം :

സൂറത്തു ഹൂദ് – ൽ.

١٥٢٩. في أي سورة قوله تعالى: {قُلْ يَٰعِبَادِىَ ٱلَّذِينَ أَسْرَفُوا۟ عَلَىٰٓ أَنفُسِهِمْ لَا تَقْنَطُوا۟ مِن رَّحْمَةِ ٱللَّهِ ۚ إِنَّ ٱللَّهَ يَغْفِرُ ٱلذُّنُوبَ جَمِيعًا ۚ إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ}؟

1529) ഏതു സൂറത്തിലാണ് അല്ലാഹുവിന്റെ (ഈ) വചനം

{പറയുക: സ്വന്തം നഫ്സുകളോട് അതിക്രമം പ്രവർത്തിച്ച് പോയ എൻറെ അടിമകളേ, അല്ലാഹുവിൻറെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും അങ്ങേയറ്റം കാരുണ്യം ചെയ്യുന്നവനും}.

الجواب:

في سورة الزمر.

ഉത്തരം :

സൂറത്തു അസ്സുമുർ – ൽ.

١٥٣٠. هل يفرح الله بتوبة العبد ؟

1530) ഒരടിമയുടെ തൗബയിൽ അല്ലാഹു സന്തോഷിക്കുമോ?

الجواب:

نعم.

ഉത്തരം :

അതെ.

١٥٣١. كيف يعمل المؤمن إذا أصابته سراء أو ضراء ؟

1531) സന്തോഷാവസ്ഥയോ  വിഷമാവസ്ഥയോ തന്നിൽ ഭവിച്ചാൽ ഒരു മുഅ്മിൻ  പ്രവർത്തിക്കേണ്ടതെങ്ങനെ?

الجواب:

يشكر عند السراء، ويصبر عند الضراء.

ഉത്തരം :

സന്തോഷാവസ്ഥയിൽ അവൻ നന്ദികാണിക്കണം, വിഷമാവസ്ഥയിൽ അവൻ ക്ഷമ കൈക്കൊള്ളണം.

١٥٣٢. ماذا قال النبي ﷺ حينما ضربه قومه حتى سال الدم منه ؟

1532) നബിയുടെ ﷺ ജനത അദ്ദേഹത്തിൽ നിന്ന് രക്തം ഒഴുകുംവരേക്കും അദ്ദേഹത്തെ മർദ്ദിച്ച സമയത്ത് എന്താണദ്ദേഹം പറഞ്ഞത്?

الجواب:

قال اللهم اغفر لقومي فإنهم لا يعلمون.

ഉത്തരം :

അല്ലാഹുവേ എന്റെ സമൂഹത്തിന് നീ പൊറുത്തു കൊടുക്കണമേ തീർച്ചയായും അവർ അറിയുന്നില്ല.

١٥٣٣. اذكر دليلا على أن المسلم يلتزم بجميع أوامر الإسلام من جميع جوانبه ؟

1533) ഇസ്ലാമിന്റെ എല്ലാ വശങ്ങളിൽ നിന്നും അതിന്റെ എല്ലാ കല്പനകളും ഒരു മുസ്ലിമിന് നിർബന്ധമാകും എന്നതിനുള്ള തെളിവ് പരാമർശിക്കുക?

الجواب:

{يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱدۡخُلُواْ فِى ٱلسِّلۡمِ كَآفَّةً وَلَا تَتَّبِعُواْ خُطُوَٰتِ ٱلشَّيۡطَٰنِۚ إِنَّهُۥ لَكُمۡ عَدُوٌّ مُّبِينٌ} [البقرة: ٢٠٨]

ഉത്തരം :

{സത്യവിശ്വാസികളേ, നിങ്ങൾ പരിപൂർണ്ണമായി കീഴ്വണക്കത്തിൽ പ്രവേശിക്കുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. തീർച്ചയായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു.} [അൽ ബഖറ:208]

١٥٣٤. ما حال المجلس الذي لا يُذكر الله فيه ؟

1534) അല്ലാഹുവെ സ്മരിക്കപ്പെടാത്ത ഒരു സദസിന്റെ അവസ്ഥയെന്താണ്?

الجواب:

يكون على أصحابه حسرة يوم القيامة، وإذا قاموا منه قاموا عن مثل جيفة حمار.

ഉത്തരം :

ഉയർത്തെഴുന്നേൽപ്പിന്റെ ദിവസം ആ സദസിന്റെ ആളുകൾക്ക് ഖേദമുണ്ടായിരിക്കുന്നതാണ്, അവർ ആ സദസിൽ നിന്ന് എഴുന്നേൽക്കുകയാണെങ്കിൽ ചത്ത കഴുതയുടെ ശവത്തിനടുക്കൽ നിന്നെന്നപോലെ(അതിന്റെ ദുർഗന്ധത്തോടെയാകുന്നു) എഴുന്നേൽക്കുക.

١٥٣٥. ما هي كفارة المجلس ؟

1535) എന്താണ് കഫ്ഫാറത്തുൽ മജ്ലിസ് ?

الجواب:

سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ، أَشْهَدُ أَنْ لاَ إِلَهَ إِلاَّ أَنْتَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ.

ഉത്തരം :

സുബ്ഹാനക്കല്ലാഹുമ്മ വബിഹംദിക്ക, അശ്ഹദു അൻ ലാ ഇലാഹ ഇല്ല അൻത അസ്തഗ്ഫിറുക വഅതൂബു ഇലൈക്ക്.

(അല്ലാഹുവേ നീ എത്രയധികം പരിശുദ്ധാൻ നിന്നെ ഞാൻ അത്യധികം സ്തുതിക്കുകയും നിനക്ക് ഞാൻ നന്ദികാണിക്കുകയും ചെയ്യുന്നു, യഥാർത്ഥത്തിൽ നീ അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എനിക്ക് പൊറുത്തു തരുവാൻ നിന്നോട് ഞാൻ തേടുകയും, നിന്നിലേക്ക് ഞാൻ പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുന്നു).

الحمد لله الذي بنعمته تتم الصالحات

الدكتور فيصل بن مسفر بن معوض الزنامي الوادعي حفظه الله